# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

2018 നവംബർ 29, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 174 - നമ്പർ 3

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

2018 നവംബർ 29, വ്യാഴം

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി . ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

6/2021

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗപിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ..1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ..10

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..10

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..76

**II. മേശപ്പുറത്തുവച്ച കടലാസ്സുകൾ** ..520

**III. റിപ്പോർട്ട് സമർപ്പണം** ..549

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനാലാമത് റിപ്പോർട്ട് ..549

**IV. ചട്ടം 300 അനുസരിച്ചുളള പ്രസ്താവന**

പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ ..549

**V. നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ ..549

(ii) 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം)ബിൽ ..550

**അനുബന്ധം I - IV** ..551

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

*2018 നവംബർ 29, വ്യാഴം*


വാല്യം 174] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 3


നിയമസഭ 2018 നവംബർ മാസം 29-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ.........ഓർഡർ ചോദ്യം നമ്പർ *31

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽ അടിയന്തര പ്രാധാന്യമുള്ളൊരു വിഷയം കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. ഇന്ന് കേരളത്തിലെ കോടിക്കണക്കിന് ഭക്തജനങ്ങൾക്ക് ശബരിമലയിൽ പോയാൽ യാതൊരു സൗകര്യവുമില്ലെന്ന പ്രശ്നമുന്നയിച്ചുകൊണ്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അടിയന്തര പ്രമേയാവതരണത്തിന് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. ചോദ്യോത്തരവേള റദ്ദ് ചെയ്ത് ആ വിഷയം ചർച്ചയ്ക്കെടുക്കണമെന്നുള്ള പ്രതിപക്ഷത്തിന്റെ ആവശ്യം ബഹുമാനപൂർവ്വം ഞാൻ സ്പീക്കറുടെ മുമ്പാകെ വയ്ക്കുകയാണ്. ഇന്ന് കേരളത്തിലെ എല്ലാ മാധ്യമങ്ങളും ചർച്ച ചെയ്യുന്നത് ഈ വിഷയമാണ്. ഇതിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് ചോദ്യോത്തരവേള റദ്ദ് ചെയ്ത് ശബരിമല പ്രശ്നം പരിഗണനയ്ക്കെടുക്കണമെന്ന് ഞാനങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഈ വിഷയമടക്കമുള്ള കാര്യങ്ങൾ ഇന്നലെ നമ്മൾ വിശദമായി ചർച്ച ചെയ്തതാണ്. ഇന്നലെ ബഹുമാനപ്പെട്ട വി. എസ്. ശിവകുമാർ ഈ വിഷയം ഉന്നയിക്കുമ്പോൾ അവിടത്തെ അടിസ്ഥാന സൗകര്യങ്ങളുടെ പ്രശ്നവും പറഞ്ഞിരുന്നു. ഞാൻ ആ ഭാഗവുംകൂടി ഉൾപ്പെടുത്തിയാണ് മറുപടി പറഞ്ഞത്. അത് വിശദമായി ഈ സഭയിൽ വന്ന കാര്യമാണ്. അതുകൊണ്ട് അതിന് അടിയന്തരപ്രമേയം അനുവദിക്കേണ്ട ആവശ്യമേ വരുന്നില്ല; ഇപ്പോൾ ചോദ്യോത്തരവേള റദ്ദ് ചെയ്ത് അത്തരമൊരു വിഷയത്തിലേയ്ക്ക് കടക്കേണ്ടതുമില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ,......

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ചോദ്യോത്തരവേളയിൽ ഡിബേറ്റില്ല. അടിയന്തരപ്രമേയത്തിന് അനുമതി തേടിക്കൊണ്ട് അങ്ങ് നോട്ടീസ് നൽകിയിട്ടുണ്ട്. ചേദ്യോത്തരവേള ജനങ്ങളുടെ പലതരത്തിലുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യാനുള്ള അവസരമാണ്. അത് റദ്ദ് ചെയ്തുകൊണ്ട് മറ്റ് നടപടികളുമായി മുന്നോട്ടുപോകുന്നത് പ്രായോഗികമല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ദയവായി അക്കാര്യം മനസ്സിലാക്കണം. ചോദ്യോത്തരവേള റദ്ദ് ചെയ്യുന്നത് പ്രായോഗികമല്ല. ഈ വിഷയം ഇന്നലെ മണിക്കൂറുകളോളം സംസാരിച്ചതാണ്. അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട വാക്കൗട്ട് പ്രസംഗത്തിൽ ഇന്നലെ ഏതാണ്ട് ഒരു മണിക്കൂറോളമാണ് പ്രതിപക്ഷനേതാവ് പ്രസംഗിച്ചത്. ....(ബഹളം).... മാത്രവുമല്ല അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട വിഷയം റൂൾ 50 എടുക്കുന്ന സമയത്താണ് ഉന്നയിക്കേണ്ടത്. ചോദ്യോത്തരവേള റദ്ദ് ചെയ്ത് അടിയന്തര പ്രമേയമെടുക്കുന്നത് പ്രായോഗികമല്ല. ജനങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനുള്ള അവസരമാണ് ചോദ്യോത്തരവേള. ചോദ്യോത്തരവേള തടസ്സപ്പെടുത്തിക്കൊണ്ട് ഇത് പരിഗണിക്കാൻ സാദ്ധ്യമല്ല. ദയവായി നിർബന്ധിക്കരുത്. അത് ശരിയല്ല. ചോദ്യോത്തരവേള പലതരം പ്രശ്നങ്ങൾ ഉന്നയിക്കാനുള്ള അവസരമാണ്. ദയവായി അങ്ങ് ആവശ്യപ്പെടരുത്. ചോദ്യോത്തരവേള റദ്ദ് ചെയ്യാൻ കഴിയില്ല. ...... (ബഹളം)....

ചോദ്യം നം.*31, ശ്രീ. പി. ജെ. ജോസഫ്, ശ്രീ. റോഷി അഗസ്റ്റിൻ, ശ്രീ. സി. എഫ്. തോമസ്, ഡോ. എൻ. ജയരാജ് എന്നിവർ ചോദ്യം ചോദിക്കുന്നുണ്ടോ? സീറ്റിലുണ്ടെങ്കിൽ ചോദ്യം ചോദിക്കണം. ഇല്ലെങ്കിൽ ഇല്ലെന്ന് മറുപടി പറയണം.

(അംഗങ്ങൾ ചോദ്യം ഉന്നയിച്ചില്ല)

മി. സ്പീക്കർ: ചോദ്യം നമ്പർ *32 ശ്രീ. മഞ്ഞളാംകുഴി അലി,

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ചോദ്യം ചോദിക്കുന്നില്ല, അടിയന്തരപ്രമേയ നോട്ടീസ് ചർച്ചയ്ക്കെടുക്കണം.

മി. സ്പീക്കർ: ഡോ. എം. കെ. മുനീർ, ശ്രീ. കെ. എം. ഷാജി, ശ്രീ. പാറക്കൽ അബ്ദുല്ല.

(അംഗങ്ങൾ ചോദ്യം ഉന്നയിച്ചില്ല)

(ശബരിമലയിൽ ഏർപ്പെടുത്തിയിരിക്കുന്ന നിരോധനാജ്ഞ പിൻവലിക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ പ്ലക്കാർഡുകളും ബാനറും ഉയർത്തിപ്പിടിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിന് മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## ശബരിമല യുവതീ പ്രവേശനം

1T(*33) ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ആർ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല യുവതീപ്രവേശനം സംബന്ധിച്ച സുപ്രീംകോടതി വിധിയുടെ പ്രസക്തഭാഗങ്ങൾ അറിയിക്കുമോ;

(ബി) ശബരിമല അയ്യപ്പനുമായി ബന്ധപ്പെട്ട ഐതിഹ്യങ്ങൾ, അചാരാനുഷ്ഠാനങ്ങൾ, വിശ്വാസങ്ങൾ തുടങ്ങിയ വസ്തുതകൾ സുപ്രീംകോടതി വിശദമായി പരിശോധിച്ചതായി അറിവുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) കേരള ഹിന്ദു പൊതു ആരാധനാ പ്രവേശന നിയമത്തിലെ ഏത് വകുപ്പാണ് സുപ്രീംകോടതി റദ്ദുചെയ്തതെന്ന് വിശദമാക്കുമോ;

(ഡി) ശബരിമല കേസിൽ കേരളത്തിൽനിന്ന് ആരൊക്കെയാണ് കക്ഷി ചേർന്നിരുന്നതെന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : സർ, (എ) ശബരിമലയിലെ യുവതീപ്രവേശനം സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ അഞ്ചംഗ ഭരണഘടനാ ബഞ്ച് ആകെ നാല് വിധി ന്യായങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത്. വിധിന്യായത്തിൽ 10-നും 50-നും ഇടയിൽ പ്രായമുള്ള യുവതികളെ ശബരിമല ദർശനത്തിന് വിലക്കേർപ്പെടുത്തിയ നടപടി ഭരണഘടനയുടെ ആർട്ടിക്കിൾ 15, 26 എന്നിവയുടെ ലംഘനമാകയാൽ ആയത് റദ്ദ് ചെയ്ത് പ്രായഭേദമെന്യേ എല്ലാ സ്ത്രീകൾക്കും ശബരിമല പ്രവേശനം അനുവദിക്കുകയുണ്ടായി. കൂടാതെ കേരള ഗവൺമെന്റ് 1965-ൽ പാസ്സാക്കിയ കേരള ഹിന്ദു പൊതു ആരാധനാ സ്ഥലങ്ങൾ (പ്രവേശനാനുമതി) നിയമത്തിലെ ചട്ടം 3 (ബി) ഭരണഘടനയുടെ ആർട്ടിക്കിൾ 25(1), ആർട്ടിക്കിൾ 15(1) എന്നിവയ്ക്കെതിരാണെന്ന് കണ്ടെത്തുകയും പ്രസ്തുത ചട്ടം റദ്ദാക്കുകയും ചെയ്തു. വിധിയുടെ പ്രസക്ത ഭാഗങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഉണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡ്, ശബരിമല ക്ഷേത്ര തന്ത്രി കുടുംബം, അയ്യപ്പസേവാസംഘം, പന്തളം കൊട്ടാരം തുടങ്ങിയ പത്തോളം സംഘടനകൾ ശബരിമല അയ്യപ്പനുമായി ബന്ധപ്പെട്ട ഐതിഹ്യങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, വിശ്വാസങ്ങൾ തുടങ്ങിയ വസ്തുതകൾ സംബന്ധിച്ച് വെവ്വേറെ സത്യവാങ്മൂലം നൽകി കോടതിയെ വിവരങ്ങൾ ധരിപ്പിച്ചിട്ടുണ്ട്. ഈ കാര്യങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിരീക്ഷണങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) 1965-ൽ പാസ്സാക്കിയ കേരള ഹിന്ദു പൊതുആരാധനാ സ്ഥലങ്ങൾ (പ്രവേശനാനുമതി) നിയമത്തിലെ ചട്ടം 3 (ബി) ആണ് റദ്ദാക്കിയിട്ടുള്ളത്.

(ഡി) ഇന്ത്യൻ യംഗ് ലോയേഴ്സ് അസോസിയേഷനാണ് കേസ് ഫയൽ ചെയ്തത്. കേരള സർക്കാരിനെ കക്ഷി ചേർക്കുകയാണുണ്ടായത്. തിരുവിതാംകൂർ ദേവസ്വം ബോർഡ്, തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ, ശബരിമല ക്ഷേത്രത്തിലെ ചുമതലയുള്ള തന്ത്രി, പത്തനംതിട്ട ജില്ലാ മജിസ്ട്രേട്ട്, അയ്യപ്പ സേവാസമിതി, ശബരിമല അയ്യപ്പസേവാ സമാജം, കേരള ക്ഷേത്രസംരക്ഷണ സമിതി-കോഴിക്കോട്, പന്തളം കൊട്ടാരം, ശ്രീ. കണ്ഠരര് രാജീവര്, നായർ സർവ്വീസ് സൊസൈറ്റി, അയ്യപ്പ സേവാസംഘം, ശ്രീമതി രേഖാ സതീരത്നം-തിരുവനന്തപുരം, ശ്രീ. രാഹുൽ ഈശ്വർ, ശബരിമല ആചാര സംരക്ഷണ സമിതി എന്നിവരാണ് കേരളത്തിൽനിന്ന് കക്ഷി ചേർന്നവർ.

ശബരിമല അയ്യപ്പനുമായി ബന്ധപ്പെട്ട ഐതിഹ്യങ്ങൾ ആചാരാനുഷ്ഠാനങ്ങൾ വിശ്വാസങ്ങൾ തുടങ്ങിയ വസ്തുതകൾ വിശദമായി പരിശോധിച്ചശേഷമാണ് ശബരിമലയിലെ യുവതീ പ്രവേശനം സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ അഞ്ചംഗ ഭരണഘടനാ ബഞ്ച് നാല് വിധിന്യായങ്ങൾ പുറപ്പെടുവിച്ചത്. തിരുവിതാംകൂർ ദേവസ്വം ബോർഡ്, ശബരിമല ക്ഷേത്രതന്ത്രി കുടുംബം, അയ്യപ്പസേവാസംഘം, പന്തളം കൊട്ടാരം തുടങ്ങിയ പത്തോളം സംഘടനകൾ ശബരിമല അയ്യപ്പനുമായി ബന്ധപ്പെട്ട ഐതിഹ്യങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, വിശ്വാസങ്ങൾ തുടങ്ങിയ വസ്തുതകൾ സംബന്ധിച്ച് വെവ്വേറെ സത്യവാങ്മൂലം നൽകി കോടതിയെ വിവരങ്ങൾ ധരിപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഇവയെല്ലാം വിശദമായി പരിശോധിച്ചതിനു ശേഷമാണ് 411 പേജുള്ള വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളതെന്ന് കാണുന്നു. വിധിന്യായത്തിൽ 10-നും 50-നും ഇടയിൽ പ്രായമുള്ള യുവതികളെ ശബരിമല ദർശനത്തിൽനിന്ന് വിലക്കേർപ്പെടുത്തിക്കൊണ്ട് ദേവസ്വം ബോർഡ്

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുള്ളത് ഭരണഘടനയുടെ ആർട്ടിക്കിൾ 15, 26 എന്നിവയുടെ ലംഘനമാകയാൽ ആയത് റദ്ദാക്കുകയുണ്ടായി. കൂടാതെ കേരള ഗവൺമെന്റ് 1965-ൽ പാസ്സാക്കിയ Kerala Hindu Places of Public Worship (Authorisation of Entry) ആക്ടിലെ Rule 3(b) ഭരണഘടനയുടെ ആർട്ടിക്കിൾ 25, 15 എന്നിവയ്ക്കെതിരാണെന്ന് കണ്ടെത്തുകയും പ്രസ്തുത ചട്ടം റദ്ദാക്കുകയും ചെയ്തു. Indian Young Lawyers Association- ആണ് കേസ് ഫയൽ ചെയ്തത്. ഈ കേസിൽ കേരള സർക്കാരിനെ കക്ഷി ചേർക്കുകയാണുണ്ടായത്. ..... (ബഹളം).....

മി. സ്പീക്കർ: തുടർച്ചയായി ചോദ്യോത്തരവേള തടസ്സപ്പെടുത്തുന്നത് ശരിയല്ല. ഇന്നലെത്തന്നെ ചെയർ മുന്നറിയിപ്പ് നൽകിയിരുന്നു. ഈ സ്ഥിതി തുടർന്നാൽ ചെയറിന് മറ്റ് നടപടികളിലേയ്ക്ക് പോകേണ്ടി വരും. ഇത് ശരിയായ നടപടിയല്ല.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ചോദ്യം എ-യുടെ അനുബന്ധമായി വച്ചിരിക്കുന്ന ഭാഗംകൂടി ഞാൻ വായിക്കാം.

ചീഫ് ജസ്റ്റിസ് ദീപക് മിശ്രയും ജസ്റ്റിസ് എ. എം. ഖാൻവിൽകറും ചേർന്ന് പുറപ്പെടുവിച്ച വിധിയിൽ പ്രധാനമായും ചൂണ്ടിക്കാണിച്ച വസ്തുതകൾ ഇവയാണ്.

1965-ലെ കേരള ഹിന്ദു പൊതു ആരാധനാ സ്ഥലങ്ങൾ (പ്രവേശനാനുമതി) ആക്ടിലെ 3 (ബി) ചട്ടപ്രകാരം ശബരിമല ക്ഷേത്രത്തിൽ അനുവർത്തിച്ചുവരുന്ന സ്ത്രീകളെ വിവേചനപരമായി ഒഴിവാക്കുന്ന ആചാരം ഹിന്ദു സ്ത്രീകളുടെ ആരാധനയുടെയും മതവിശ്വാസങ്ങളുടേയും ലംഘനമാണ്. ഇങ്ങനെ നിഷേധിക്കുന്നത് അവരുടെ ആരാധനാവകാശത്തെ ഇല്ലായ്മ ചെയ്യുന്നു. ഭരണഘടനയുടെ 25 (1) അനുച്ഛേദപ്രകാരമുള്ള മതാചരണത്തിനുള്ള അവകാശം എല്ലാ പ്രായത്തിലുള്ള പുരുഷന്മാർക്കും സ്ത്രീകൾക്കും തുല്യമായി ലഭ്യമാണ്.

1965-ലെ നിയമത്തിനുകീഴിൽ രൂപവൽക്കരിക്കപ്പെട്ട ചട്ടങ്ങളിലെ വിവാദമായ ചട്ടം 3 (ബി)യുടെ അടിസ്ഥാനത്തിൽ 10-നും 50-നും ഇടയിൽ പ്രായമുള്ള സ്ത്രീ വിഭാഗങ്ങളുടെ ക്ഷേത്രപ്രവേശനം ഒഴിവാക്കാൻ വ്യവസ്ഥ ചെയ്യുന്നത്, ഹിന്ദു സ്ത്രീകൾക്ക് അവരുടെ മതവിശ്വാസങ്ങൾ ആചരിക്കാനുള്ള അവകാശത്തെ പ്രകടമായി ലംഘിക്കുന്നതും 25(1) അനുച്ഛേദത്തിൽ വിവക്ഷിക്കുന്ന മൗലികമായ മതാവകാശം ഇല്ലാതാക്കുന്നതുമാണ്.

ശബരിമല ക്ഷേത്രത്തിൽ 10-നും 50-നും ഇടയിൽ പ്രായമുള്ള സ്ത്രീകൾക്ക് പ്രവേശനം നിഷേധിക്കുന്ന തരത്തിലുള്ള ആചാരം മതാചാരത്തിന്റെ അവിഭാജ്യ ഘടകമാണെന്ന ദേവസ്വം ബോർഡിന്റെ അവകാശവാദം സ്വീകരിക്കാൻ കഴിയില്ല.

1965-ലെ നിയമത്തിലെ 3, 4 വകുപ്പുകൾ വ്യക്തമാക്കുന്നത് ആചാരങ്ങളും കീഴ്വഴക്കവും പൊതു ആരാധനാസ്ഥലങ്ങളിൽ ആരാധന നടത്താനുള്ള എല്ലാ വിഭാഗം ഹിന്ദുക്കളുടെയും അവകാശങ്ങൾ കണക്കിലെടുത്താകണമെന്നാണ്. അതിന് വിരുദ്ധമായ എല്ലാ വ്യാഖ്യാനങ്ങളും 1965-ലെ നിയമത്തിലെ ഉദ്ദേശ്യത്തെ ഇല്ലാതാക്കുന്നതും 25 (1) അനുച്ഛേദത്തിൽ ഉറപ്പുനൽകുന്ന മതം ആചരിക്കുന്നതിനുള്ള മൗലികാവകാശത്തിന് ഭംഗംവരുത്തുന്നതുമാണ്. അതിനാൽ ചട്ടം 3 (ബി) മൂലനിയമത്തിന്റെ പരിധി ലംഘിക്കുന്നതാണ്.

ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ ശബരിമലയിൽ എല്ലാ പ്രായത്തിലുമുള്ള സ്ത്രീകൾക്ക് പ്രവേശനം അനുവദിച്ചുകൊണ്ട് വിധി പുറപ്പെടുവിച്ചു.

<u>ജസ്റ്റിസ് നരിമാന്റെ വിധിയിലെ പ്രസക്തഭാഗം ഇപ്രകാരമാണ്</u>

പൊതുസ്വഭാവമുള്ള എല്ലാ ഹിന്ദുമത സ്ഥാപനങ്ങളിലും ഹിന്ദുമത വിശ്വാസങ്ങൾ ആചരിക്കുന്ന എല്ലാ വ്യക്തികൾക്കും എല്ലാ വിഭാഗത്തിലുംപെട്ട ഹിന്ദുക്കൾക്കും പ്രവേശം അനുവദിക്കേണ്ടതാണ്.

ഭരണഘടനയുടെ അനുച്ഛേദം 25 (1) പ്രകാരമുള്ള, മൗലികാവകാശത്തിന് മതസമുദായങ്ങൾക്കും അതിലെ വിഭാഗങ്ങൾക്കും അർഹതയുണ്ട്. ഒരു മതസമുദായത്തെ പ്രത്യേക വിഭാഗമായോ ഗണമായോ നിർണ്ണയിക്കുന്നത് വ്യക്തികളുടെ പൊതുവിശ്വാസത്തിന്റേയോ പൊതുസംഘടനയുടെയോ പ്രത്യേക പേരിന്റെയോ അടിസ്ഥാനത്തിലാണ്. അങ്ങനെയുള്ളവരെ ആ മതവിഭാഗത്തിലെ മറ്റാളുകളിൽനിന്ന് വേർതിരിക്കാവുന്നതുമാണ്.

ശബരിമല ക്ഷേത്രത്തെയും വിശ്വാസികളെയും ഒരു പ്രത്യേക മതവിഭാഗമായി കാണാനാവില്ല. ഹിന്ദുക്കളും ക്രിസ്ത്യാനികളും മുസ്ലീങ്ങളും തുടങ്ങിയ എല്ലാ മതങ്ങളിലുമുള്ളവരും വ്യക്തികളും മതത്തിന്റെ വ്യത്യാസമില്ലാതെ എല്ലാവരും തങ്ങളുടെ മതങ്ങളിൽനിന്നും മാറാതെ തീർത്ഥാടകരായി അവിടെ സന്ദർശിക്കുന്നു എന്നത് വ്യക്തമാണ്. ഇതുസംബന്ധിച്ച് സമാനമായ മുൻസുപ്രീംകോടതി വിധികളെ അടിസ്ഥാനപ്പെടുത്തി വിശകലനം ചെയ്താൽ ശബരിമലയിൽ മാത്രമല്ല, ആയിരത്തിലധികം വിവിധ അയ്യപ്പ ക്ഷേത്രങ്ങളിലായി അയ്യപ്പനെ ആരാധിച്ചു പോരുന്ന ഒരുപാട് വിഭാഗങ്ങളുണ്ട്. ആയതിനാൽ ഇവർ ഒരു വ്യത്യസ്ത മതവിഭാഗമായി പരിഗണിക്കപ്പെടുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ 10-നും 50-നും ഇടയിൽ പ്രായമുള്ള സ്ത്രീകൾ പ്രവേശിക്കുന്നത് തടയുന്നത് ആചാരങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും അനുസൃതമാണെന്ന് പറയുന്നത് 1965-ലെ നിയമത്തിലെ 3-ാം വകുപ്പ് പ്രകാരം നിയമവിരുദ്ധമാണ്.

എല്ലാ സ്ത്രീകളെയും ക്ഷേത്രത്തിൽ പ്രവേശിക്കുന്നത് തടഞ്ഞിട്ടില്ലെന്ന വാദം നിരർത്ഥകമാണ്. 10-നും 50-നും മദ്ധ്യേ പ്രായമുള്ള സ്ത്രീകളെ പൂർണ്ണമായും ഒഴിവാക്കിയിരിക്കുകയാണ്. ഈ വിഭാഗം സ്ത്രീകൾക്ക് ശബരിമല ഒഴിച്ചുള്ള മറ്റ് അയ്യപ്പ ക്ഷേത്രങ്ങളിൽ ആരാധന നടത്താവുന്നതാണെന്ന വാദം അവർക്കിഷ്ടമുള്ള ക്ഷേത്രത്തിൽ ആരാധന നടത്തുവാനുള്ള അവകാശം പ്രദാനം ചെയ്യുന്ന മൗലിക അവകാശം നിഷേധിക്കുന്നതിന് തുല്യമാണ്. ഇക്കാരണത്തിന്റെ അടിസ്ഥാനത്തിലും തന്ത്രിമാരും മറ്റ് ചിലരും പറയുന്ന മതാചാരപ്രകാരമുള്ള നിരോധനത്തിനുള്ള അവകാശം ശരിയല്ലാത്തതും സ്ത്രീകളുടെ ജീവശാസ്ത്രപരമായ ഘടകമായ ആർത്തവത്തിന്റെ പേരിൽ അവരെ പൂർണ്ണമായും വിലക്കുന്നതും മൗലികാവകാശത്തിന് വിരുദ്ധമാണ്. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിന്റെ വിധിന്യായത്തോട് അനുകൂലിച്ച് 10-നും 50-നും ഇടയിൽ പ്രായമുള്ള സ്ത്രീകളെ വിലക്കുന്ന ആചാരവും കീഴ്വഴക്കവും ഭരണഘടനയുടേയും 1965-ലെ നിയമത്തിന്റെയും ലംഘനമാണെന്ന് വിധി പുറപ്പെടുവിച്ചു.

<u>ജസ്റ്റിസ് ഡി. വൈ. ചന്ദ്രചൂഡിന്റെ വിധിന്യായത്തിന്റെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു.</u>

ശബരിമല അയ്യപ്പക്ഷേത്രവും ഭക്തരും ഒരു പ്രത്യേക മതവിഭാഗമായി കണക്കാക്കപ്പെടണമെന്ന ആവശ്യം സുപ്രീംകോടതി പല വിധികളിലും നിഷ്കർഷിച്ച മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്നില്ല.

സ്ത്രീകളെ മതാരാധനയിൽനിന്ന് ഒഴിവാക്കണമെന്നുള്ളത് മതഗ്രന്ഥങ്ങളിൽ ഉണ്ടെങ്കിൽപ്പോലും അത് ഭരണഘടനാമൂല്യങ്ങളായ വ്യക്തികളുടെ സ്വാതന്ത്ര്യത്തിനും അന്തസ്സിനും സമത്വത്തിനും വിധേയമാണ്. അത്തരം ആചാരങ്ങൾ ഭരണ ഘടനാധാർമ്മികതയ്ക്കെതിരാണ്.

ശബരിമല ക്ഷേത്രത്തിൽനിന്ന് സ്ത്രീകളെ ഒഴിവാക്കുന്ന ആചാരം മതപരമായ ആചാരാനുഷ്ഠാനത്തിന് അവശ്യമായ ഒന്നല്ല. അത് സ്ത്രീകളുടെ അന്തസ്സിനെയും പൗരാവകാശതുല്യതയ്ക്കുള്ള അവരുടെ അവകാശത്തെയും നിന്ദിക്കുന്നതിനാൽ അത്തരം ആചാരങ്ങൾക്ക് ഭരണഘടനാപരമായ സാധുത നൽകുന്ന കാര്യത്തോട് കോടതി വിയോജിക്കുന്നു.

ആർത്തവാവസ്ഥയെ അടിസ്ഥാനമാക്കി സാമൂഹികമായ ബഹിഷ്കരണം ഏർപ്പെടുത്തുന്നത് ഭരണഘടനാപരമായ മൂല്യങ്ങൾക്ക് ഭ്രഷ്ട് കൽപ്പിക്കുന്നത് പോലുള്ള ഒരുതരം തൊട്ടുകൂടായ്മയാണ്. വ്യക്തികൾക്ക് ഭ്രഷ്ട് കൽപ്പിക്കുന്ന ശുദ്ധിയുടേയും അശുദ്ധിയുടേയും അടിസ്ഥാനത്തിലുള്ള ആശയങ്ങൾക്ക് ഭരണഘടനാക്രമത്തിൽ ഒരു സ്ഥാനവുമില്ല.

10-നും 50-നും ഇടയിൽ പ്രായമുള്ള സ്ത്രീകളുടെ ക്ഷേത്രപ്രവേശനം തടഞ്ഞുകൊണ്ട് 1955 ഒക്ടോബർ 21-നും 1956 നവംബർ 27-നും ദേവസ്വം ബോർഡ് പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ 1965-ലെ കേരള ഹിന്ദു പൊതുആരാധനാ സ്ഥലങ്ങൾ (പ്രവേശനാനുമതി) നിയമത്തിന്റെ 3-ാം വകുപ്പിനും ഭരണഘടനയ്ക്കും വിരുദ്ധമാണ്.

1965-ലെ നിയമത്തിന്റെ 3-ാം വകുപ്പിന് വിരുദ്ധമായ ഒരാചാരം നടപ്പാക്കുന്ന ഒന്നാണ് 1965-ലെ ചട്ടം 3 (ബി). അത് 3-ാം വകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള ക്ഷേത്രപ്രവേശനത്തിനുള്ള അവകാശത്തിന് പ്രത്യക്ഷത്തിൽ വിരുദ്ധമാണെന്നും വിധിച്ചു.

<u>ജസ്റ്റിസ് ഇന്ദുമൽഹോത്ര മേൽ വിധിയോട് വിയോജിക്കുകയുണ്ടായി. വിയോജനവിധിയിലെ പ്രസക്തഭാഗങ്ങൾ ഇവയാണ്.</u>

ശബരിമല ക്ഷേത്രം പിന്തുടർന്നുവരുന്ന ആചാരങ്ങൾക്കും കീഴ്വഴക്കങ്ങൾക്കുമുള്ള ഒരു നിയമപരമായ അംഗീകാരമാണ് 1965-ലെ ചട്ടം 3 (ബി) നൽകുന്നത്. ക്ഷേത്രത്തിൽ അനാദികാലം മുതൽ നിലനിന്നിരുന്നതും ആചരിച്ചുവരുന്നതുമായ ആചാരങ്ങളും കീഴ്വഴക്കങ്ങളും അംഗീകരിക്കപ്പെടുന്നു എന്നതുകൊണ്ട് പ്രസ്തുത ചട്ടം 3 (ബി) 1965-ലെ ആക്ടിന്റെ 3-ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമാണ്. ക്ഷേത്രത്തിന്റെ പവിത്രതയ്ക്ക് അവശ്യംവേണ്ട ഒരാചാരവും ആചരണവും ആയതിനാലാണ് ദേവസ്വം ബോർഡ് 1956-ൽ വിജ്ഞാപനംമൂലം പ്രസ്തുത സ്ത്രീ പ്രവേശനം നിയന്ത്രിച്ചിട്ടുള്ളത്. ചട്ടം 3 (ബി) 1965-ലെ നിയമത്തിന്റെ മൂന്നാം വകുപ്പിന് വിരുദ്ധമാണെന്ന പരാതിക്കാരുടെ വാദം നിയമത്തിലെ 3-ാം വകുപ്പിലെ നിബന്ധനവ്യവസ്ഥകൾ പരിഗണിക്കാതെയുള്ളതാണ്.

<u>മി. സ്പീക്കർ:</u> തുടർച്ചയായി ചോദ്യോത്തരവേള തടസ്സപ്പെടുത്തുന്ന രീതി ഒരു കാരണവശാലും അംഗീകരിക്കാൻ സാധിക്കില്ല. നിയമസഭ ഒരു ദിവസം സമ്പൂർണ്ണമായി, ശബരിമലയുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളും ചർച്ച ചെയ്തു. സമയക്രമം ലംഘിച്ചും ആവശ്യത്തിലധികം സമയം നൽകിയും എല്ലാവരുടെയും വികാരങ്ങൾ പ്രതിഫലിപ്പിക്കാൻ ഇന്നലെ അവസരം ലഭിച്ചു. ... (ബഹളം).... ശബരിമല യുവതീപ്രവേശനം ഒരു പ്രശ്നമാണെന്ന് കരുതി എല്ലാ ദിവസവും സഭ സ്തംഭിപ്പിക്കുന്നത് ഒട്ടും ശരിയല്ല; അതംഗീകരിക്കാനും സാധിക്കില്ല. ജനജീവിതവുമായി ബന്ധപ്പെട്ട നിരവധി കാര്യങ്ങൾ ഈ സഭയിൽ ചർച്ച ചെയ്യാനുണ്ട്. അതിനുള്ള അവസരമാണ് ചോദ്യോത്തരവേള.... (ബഹളം) .... ചോദ്യോത്തരവേള തടസ്സപ്പെടുത്തുന്ന ഒരു സാഹചര്യം വന്നാൽ സഭാനടപടികൾ റദ്ദുചെയ്ത് മറ്റ് നടപടികളിലേയ്ക്ക് കടക്കേണ്ടിവരുമെന്ന് ഇന്നലെത്തന്നെ ചെയർ

മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ദയവായി നിങ്ങൾ സീറ്റുകളിൽ പോയിരിക്കണം. ചോദ്യോത്തരവേള റദ്ദുചെയ്യുന്നത് ജനങ്ങളോടുള്ള നിരുത്തരവാദിത്വമാണ്. അത് ശരിയല്ല. ... (ബഹളം) .... ഒരേ വിഷയം ഉന്നയിച്ച് ആവർത്തിച്ചാവർത്തിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തുന്നത് ശരിയല്ല. ചെയറിന് തുടർനടപടികളിലേയ്ക്ക് കടക്കേണ്ടിവരും. ദയവായി സീറ്റുകളിൽ പോയിരിക്കണം... പ്ലീസ്.. സഭ നടത്തിക്കൊണ്ടുപോകാൻ സാധിക്കാത്ത സ്ഥിതിയാണ്. ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് മറുപടി മേശപ്പുറത്തുവച്ചാൽ മതി. .....(ബഹളം).... ബഹുമാനപ്പെട്ട ഗവർണർ ഇന്നലെ പറഞ്ഞത് നിങ്ങൾ കേട്ടില്ലേ; പ്ലീസ്... സഭാനടപടികൾ നടത്തിക്കൊണ്ടുപോകാൻ സാധിക്കാത്ത സാഹചര്യമാണ്. അനുബന്ധം അങ്ങ് മേശപ്പുറത്തുവച്ചാൽ മതി.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അവർക്ക് വിഷയദാരിദ്ര്യമാണ്. വേറൊന്നും പറയാനില്ലാത്തതുകൊണ്ടാണ് ബഹളമുണ്ടാക്കുന്നത്. എല്ലാ വിശദാംശങ്ങളും എന്റെ കയ്യിലുണ്ട്.

മി. സ്പീക്കർ: ഈ ചോദ്യത്തിന്റെ ഉപചോദ്യമായി ശബരിമല പ്രശ്നം നിങ്ങൾക്ക് ചോദിക്കാം. ..... (ബഹളം)... അതിനും നിങ്ങൾ തയ്യാറല്ലേ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, മേശപ്പുറത്തുവയ്ക്കുകയല്ല, ഇതുമുഴുവൻ ഇവിടെ വായിക്കുകയാണ് വേണ്ടത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച കാര്യങ്ങൾ ഈ ചോദ്യത്തിന്റെ ഉപചോദ്യമായി ചോദിക്കാവുന്നതാണ്. അതിന് നിങ്ങൾ തയ്യാറല്ല. ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് അവസാനിപ്പിക്കു ......(ബഹളം).....

(ശബരിമല വിഷയവുമായി ബന്ധപ്പെട്ട അടിയന്തരപ്രമേയ നോട്ടീസ് ചോദ്യോത്തരവേള റദ്ദുചെയ്ത് പരിഗണനയ്ക്കെടുക്കണമെന്ന പ്രതിപക്ഷാവശ്യം അനുവദിക്കാത്തതിനെത്തുടർന്ന് പ്രതിപക്ഷാംഗങ്ങൾ ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ സാധിക്കാത്ത സാഹചര്യം തുടർച്ചയായി അംഗീകരിക്കാൻ കഴിയില്ല. അതുകൊണ്ട് ചോദ്യോത്തരവേള റദ്ദുചെയ്തുകൊണ്ട് മറ്റ് നടപടികളിലേയ്ക്ക് കടക്കുകയാണ്. ശ്രദ്ധ ക്ഷണിക്കൽ, സബ്മിഷൻ എന്നിവ റദ്ദുചെയ്യുന്നു. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിമാർ ഉത്തരങ്ങൾ മേശപ്പുറത്തുവച്ചാൽ മതി.*

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കാരുണ്യ ബെനവലന്റ് സ്കീമിന്റെ പ്രവർത്തനം

2 (*31) ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാരുണ്യ ബെനവലന്റ് സ്കീമിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സ ലഭിച്ചവരുടെ എണ്ണത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് വർദ്ധനവ് വന്നിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) നിലവിൽ കാരുണ്യ ബെനവലന്റ് സ്കീം പ്രകാരം അനുവദിക്കുന്ന പരമാവധി തുകയിൽ വർദ്ധനവ് വരുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) കാര്യക്ഷമമായി നടക്കുന്നുണ്ട്.

വാർഷിക കുടുംബ വരുമാനം 3 ലക്ഷം രൂപയിൽ താഴെ വരുന്ന കുടുംബങ്ങളിലെ രോഗികൾക്ക് നിശ്ചിത രോഗങ്ങൾക്ക് സർജറി ഉൾപ്പെടെയുള്ള ചികിത്സകൾക്ക് സഹായം നൽകുന്നതിനാണ് കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നടത്തുന്ന കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ലോട്ടറികളിൽനിന്നുള്ള അറ്റാദായമാണ് ഇതിനായി വിനിയോഗിക്കുന്നത്. ക്യാൻസർ, ഹൃദ്രോഗം (ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി, ഓപ്പൺ ഹാർട്ട് ശസ്ത്രക്രിയ എന്നിവയ്ക്ക്), എന്നിവയുടെ ചികിത്സയ്ക്കും തലച്ചോർ, കരൾ എന്നിവയുടെ ശസ്ത്രക്രിയകൾ, വൃക്ക, ഹൃദയം, കരൾ എന്നിവയുടെ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ, ഡയാലിസിസ്, പെരിറ്റോണിയൽ ഡയാലിസിസ്, വൃക്കമാറ്റിവയ്ക്കലിന് ശേഷമുള്ള തുടർ ചികിത്സ, ഹീമോഫീലിയ, ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാ നാഡി എന്നിവയുടെ ഗുരുതര ക്ഷതങ്ങൾ, സാന്ത്വന ചികിത്സ എന്നിവയ്ക്കാണ് ചികിത്സാ ധനസഹായം അനുവദിക്കുന്നത്. വൃക്ക രോഗങ്ങൾക്ക് 3 ലക്ഷം രൂപ വരെയും ഹീമോഫീലിയയ്ക്ക്

പരിധിയില്ലാതെയും മറ്റ് നിശ്ചിത രോഗങ്ങൾക്ക് 2 ലക്ഷം രൂപവരെയും എ.പി.എൽ/ബി.പി.എൽ. ഭേദമെന്യേ ചികിത്സാ ധനസഹായം നൽകുന്നു. കൂടാതെ അവയവ ദാതാവിന് 1 ലക്ഷം രൂപയും ധനസഹായം നൽകുന്നുണ്ട്.

(ബി) കാരുണ്യ ബെനവലന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സ ലഭിച്ചവരുടെ എണ്ണത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് വർദ്ധനവ് വന്നിട്ടുണ്ട്. 2016-17 കാലയളവിൽ 38675 രോഗികൾക്കാണ് ധനസഹായം അനുവദിച്ചത്. എന്നാൽ 2017-18 ആയപ്പോൾ രോഗികളുടെ എണ്ണം 40388-ഉം 2018-19-ൽ 21-11-2018 വരെ രോഗികളുടെ എണ്ണം 26656 ആയി കഴിഞ്ഞിട്ടുമുണ്ട്.

(സി) വൃക്ക രോഗികൾക്ക് ലഭിക്കുന്ന സഹായത്തിന്റെ പരിധി 2 ലക്ഷം രൂപയിൽനിന്നും ഈ സർക്കാർ 3 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധനവിനുള്ള പുതിയ നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

**അനാവശ്യ ചെലവുകളുടെ നിയന്ത്രണം**

3 (*32) ശ്രീ. മഞ്ഞളാംകുഴി അലി :
ഡോ. എം. കെ. മുനീർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ ദുരന്തത്തെ തുടർന്ന് സംസ്ഥാനത്തിന്റെ പുനഃസൃഷ്ടിക്ക് ശ്രമിക്കുന്ന അവസരത്തിൽ അനാവശ്യ ചെലവ് നിയന്ത്രിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം മേഖലകളിലെ ചെലവുകളാണ് നിയന്ത്രിക്കുവാൻ തീരുമാനിച്ചതെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കമ്മീഷനുകളും ബോർഡുകളും കോർപ്പറേഷനുകളും സംയോജിപ്പിക്കുകയോ ആവശ്യമില്ലാത്തവ ഒഴിവാക്കുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ&ബി) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി പരമാവധി പണം സമ്പദ്ഘടനയിലേക്ക് ഒഴുക്കുന്നതിന് ആവശ്യമായ നടപടികളാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്. നടപ്പ് വർഷത്തെ പദ്ധതിയിൽ 20% പൊതുമരാമത്ത്, ജലവിഭവം എന്നീ വകുപ്പുകൾക്കും വിവിധ

വകുപ്പുകൾ നടപ്പിലാക്കുന്ന സ്കോളർഷിപ്പ് സ്കീമുകൾക്ക് ഒഴികെയുള്ള സ്കീമുകളിൽനിന്നും കുറവ് വരുത്തുന്നതിനും, ഈ തുക റോഡുകളുടെയും കുടിവെള്ള പദ്ധതികളുടെയും പുനഃസൃഷ്ടിക്ക് വിനിയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പദ്ധതികളുടെ മുൻഗണനാക്രമത്തിൽ ഭേദഗതി വരുത്തുവാനും നിശ്ചയിച്ചിരുന്നു. സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുന്നതിന്റെയും ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിന്റെയും ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും, പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും, വിദേശ യാത്രയ്ക്കും വിമാന യാത്രയ്ക്കും മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2014 ഏപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് നിലവിൽ പ്രാബല്യത്തിലുമാണ്.

(സി) തൊഴിൽ വകുപ്പിന് കീഴിൽ വരുന്ന ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഭരണ ചെലവ് കുറയ്ക്കുന്നതിനുമായി ബോർഡുകളുടെ സാമ്പത്തികഭദ്രത, തൊഴിൽ സ്വഭാവം, അംഗബലം, പ്രവർത്തന സ്വഭാവം എന്നിവ പരിഗണിച്ച് 16 ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിച്ച് എണ്ണം ചുരുക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ സജീവമായി പരിശോധിച്ചുവരുന്നു.

## നിർദ്ദിഷ്ട കേന്ദ്ര വൈദ്യുതി നിയമ ഭേദഗതി

4 (*34) ശ്രീ. ആന്റണി ജോൺ :

ശ്രീ. സി. കൃഷ്ണൻ :

ശ്രീ. മുരളി പെരുനെല്ലി :

ശ്രീ. എസ്. ശർമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട കേന്ദ്ര വൈദ്യുതി നിയമ ഭേദഗതി വൈദ്യുതി മേഖലയുടെ സമ്പൂർണ്ണ സ്വകാര്യവൽക്കരണത്തിനും വൈദ്യുതിയെ ഊഹക്കച്ചവടത്തിനുള്ള ഉപാധിയാക്കാനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്നതും ദീർഘകാലാടിസ്ഥാനത്തിൽ ഉപഭോക്താക്കളുടെ താല്പര്യം ഹനിക്കുന്നതുമാണെന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ബില്ലിലെ വ്യവസ്ഥകൾ പരിശോധിച്ചിരുന്നോ; മുഖ്യ ഭേദഗതി നിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

(ബി) നിർദ്ദിഷ്ട ഭേദഗതികൾ നിയമമായാൽ സംസ്ഥാനത്തെ വൈദ്യുതി ഉല്പാദന-വിതരണത്തെയും കെ.എസ്.ഇ.ബി.എൽ.-നെയും എങ്ങനെ ബാധിക്കുമെന്ന് പഠനവിധേയമാക്കിയിട്ടുണ്ടോ;

(സി) സംസ്ഥാന സർക്കാരിന്റെ അധികാരങ്ങൾ ഏതാണ്ട് പൂർണ്ണമായും ഇല്ലാതാക്കാനിടയുള്ളതും വൈദ്യുതിക്ക് വൻനിരക്കുവർദ്ധനവിന് ഇടയാക്കുന്നതുമായ ഭേദഗതികളെക്കുറിച്ചുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സംസ്ഥാനത്തെ വൈദ്യുതി ഉല്പാദന-വിതരണ രംഗം കൂടുതൽ കാര്യക്ഷമമാക്കാൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) : (എ-സി) വൈദ്യുതി നിയമം 2003 ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ട് കേന്ദ്ര സർക്കാർ വൈദ്യുതി (ഭേദഗതി) ബിൽ 2018 പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വൈദ്യുതി വിതരണ മേഖലയെ വിതരണം, സപ്ലൈ, ഇൻർമീഡിയറി കമ്പനി എന്നിങ്ങനെ വിഭജിക്കാനും കണ്ടന്റും കാര്യേജും വേർതിരിക്കുന്നതിനും ഭേദഗതി നിർദ്ദേശിക്കുന്നു. നിയമ ഭേദഗതിക്ക് പാർലമെന്റിൽ അവതരിപ്പിച്ചിട്ടുള്ള വൈദ്യുതി (ഭേദഗതി) ബിൽ 2014-ലേതിൽനിന്ന് വ്യത്യസ്തമായി കണ്ടന്റും കാര്യേജും വേർതിരിച്ചുകൊണ്ടുള്ള വിഭജനം നടപ്പാക്കുന്നതിനുള്ള കൈമാറ്റ പദ്ധതി അംഗീകരിക്കുന്നതിന് പ്രത്യേക സമയക്രമം നിർദ്ദേശിച്ചിട്ടില്ല. വൈദ്യുതി വിതരണ മേഖലയെ വിഭജിക്കുന്നതിനുള്ള കൈമാറ്റ പദ്ധതി തയ്യാറാക്കി അംഗീകരിക്കുന്നതിന് സംസ്ഥാനങ്ങൾക്ക് അധികാരം നൽകിയിട്ടുണ്ട്.

വൻകിട ഉപഭോക്താക്കൾക്ക് ഉയർന്ന വൈദ്യുതി നിരക്ക് ഏർപ്പെടുത്തി സാധാരണ ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകുന്ന ക്രോസ് സബ്സിഡി സമ്പ്രദായം മൂന്നുവർഷംകൊണ്ട് പൂർണ്ണമായും ഇല്ലാതാക്കണമെന്നതാണ് ഭേദഗതി ബിൽ 2018-ലെ മറ്റൊരു പ്രധാന നിർദ്ദേശം. ഓപ്പൺ ആക്സസിനുള്ള ക്രോസ് സബ്സിഡി രണ്ടുവർഷംകൊണ്ട് ഒഴിവാക്കണമെന്നും ഭേദഗതി നിർദ്ദേശിക്കുന്നു. താരതമ്യേന കുറഞ്ഞ വൈദ്യുതി നിരക്ക് നൽകിവരുന്ന ഗാർഹിക, കാർഷിക മേഖലകളടക്കമുള്ള ഉപഭോക്താക്കൾക്ക് ക്രോസ് സബ്സിഡി ഇല്ലാതാക്കുന്നതുമൂലം വൈദ്യുതി നിരക്കിൽ വലിയ വർദ്ധനയ്ക്ക് കാരണമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സാധാരണക്കാർക്ക് നിരക്ക് ഇളവ് നൽകുന്ന നിലയിൽ സർക്കാർ എന്തെങ്കിലും സബ്സിഡി അനുവദിക്കുകയാണെങ്കിൽ അത് നിരക്കിൽ കുറയ്ക്കരുതെന്നും നേരിട്ട് ഉപഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നൽകുന്ന ഡയറക്ട് ബെനഫിറ്റ് സ്കീം ആവിഷ്കരിക്കണമെന്നും ഭേദഗതി നിർദ്ദേശിച്ചിട്ടുണ്ട്.

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗങ്ങളേയും ചെയർമാനേയും നിശ്ചയിക്കുന്നതിനുള്ള തെരെഞ്ഞെടുപ്പിന് അഞ്ചോ ആറോ അംഗങ്ങളുള്ള സെലക്ഷൻ കമ്മിറ്റിയായിരിക്കുമെന്ന് ഭേദഗതി നിർദ്ദേശിക്കുന്നു. ഇതിൽ സംസ്ഥാനത്തിന്റെ ചീഫ് സെക്രട്ടറിയോ പവർ സെക്രട്ടറിയോ അംഗമായി ഉണ്ടായിരിക്കും. ശേഷിക്കുന്ന അംഗങ്ങൾ കേന്ദ്ര സ്ഥാപനങ്ങളുടെ പ്രതിനിധികളും കേന്ദ്ര സർക്കാർ നോമിനിയുമായിരിക്കും. ഈ കമ്മിറ്റി നിർദ്ദേശിക്കുന്നവരെ നിയമിക്കുക എന്നതിനപ്പുറം തെരഞ്ഞെടുപ്പിനുള്ള യാതൊരു അധികാരവും സംസ്ഥാന സർക്കാരുകൾക്ക് ഉണ്ടാകില്ല എന്നതാണ് ഭേദഗതിയുടെ ഭാഗമായി സംഭവിക്കുക. നിലവിലുള്ള നിയമത്തിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി താരിഫ് നിർണ്ണയിക്കുന്നതിൽ കേന്ദ്ര താരിഫ് നയം മാർഗ്ഗനിർദ്ദേശമായി കണക്കാക്കണമെന്നാണുള്ളത്. ഭേദഗതിയിൽ കേന്ദ്ര താരിഫ് നയം അനുസരിച്ച് താരിഫ് പരിഷ്കരണം നടത്തണമെന്നാണ് നിർദ്ദേശിക്കുന്നത്. രാജ്യത്തെവിടെയും ഏത് കമ്പനിയേയും ഡീംഡ് ലൈസൻസിയായി നിശ്ചയിക്കാൻ കേന്ദ്ര സർക്കാരിന് അധികാരമുണ്ടായിരിക്കും. ഇന്റർമീഡിയറി കമ്പനികൾ എങ്ങനെ പ്രവർത്തിക്കണമെന്നത് കേന്ദ്ര സർക്കാർ തീരുമാനിക്കുന്നതാണ്. വകുപ്പ് II പ്രകാരം സ്വകാര്യ വൈദ്യുതി ഉൽപ്പാദകരെ നിയന്ത്രിക്കുന്നതിനുള്ള അവകാശം കേന്ദ്ര സർക്കാരിനായിരിക്കും തുടങ്ങിയ നിർദ്ദേശങ്ങളും ഭേദഗതിയിലുണ്ട്. ഇത്തരം നിർദ്ദേശങ്ങൾ, അധികാരങ്ങൾ കേന്ദ്ര സർക്കാരിൽ കേന്ദ്രീകരിപ്പിക്കുന്നതും സംസ്ഥാനങ്ങൾക്കുള്ള അധികാരങ്ങൾ കുറയ്ക്കുന്നതുമാണെന്നും ഫെഡറൽ ഭരണ വ്യവസ്ഥയുടെ അന്തഃസത്തയ്ക്ക് നിരക്കാത്തതുമാണെന്ന വിമർശനം ഉയർന്നുവന്നിട്ടുണ്ട്.

വൈദ്യുതി ഉൽപ്പാദന സംരംഭങ്ങൾ തുടങ്ങുന്നതിന് കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടെ അംഗീകാരം നേടണം, ഇടത്തരവും വലിയതുമായ ജലവൈദ്യുതി പദ്ധതികൾ റിന്യൂവബിൾ പദ്ധതികളായി കണക്കാക്കും, വൈദ്യുതി ഉൽപാദനത്തിൽ നിശ്ചിത സ്പിന്നിംഗ് റിസർവ് ഉണ്ടായിരിക്കണം എന്നീ വ്യവസ്ഥകളും നിയമ ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യങ്ങൾ പൊതുവേ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് അനുഗുണമാണെന്ന് വിലയിരുത്തപ്പെടുന്നു.

നിയമ ഭേദഗതി സംബന്ധിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ പവർ വകുപ്പിലെ വിവിധ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, വൈദ്യുതി രംഗത്തെ വിദഗ്ദ്ധർ, വ്യവസായ, വാണിജ്യ, ഗാർഹിക ഉപഭോക്താക്കളുടെ പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു സംസ്ഥാനതല ശിൽപശാല സംഘടിപ്പിക്കുകയും ഭേദഗതി നിർദ്ദേശം വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. ഈ പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ ഉൾപ്പെടുത്തി ഭേദഗതി സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ അഭിപ്രായം 5-11-2018-ലെ PWR-A1/227/2018-Power മുഖാന്തരം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ഡി) (1) വൈദ്യുതി ഉല്പാദന മേഖല കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ. 193.5 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന വിവിധങ്ങളായ 10 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(2) അടുത്ത 4 വർഷത്തിനുള്ളിൽ, ഏകദേശം 1000 മെഗാവാട്ടോളം സൗരോർജ്ജം വിവിധ മാർഗ്ഗങ്ങളിലൂടെ ഉല്പാദിപ്പിക്കാൻ നടപടികളെടുത്തു വരുന്നു.

| | |
|---|---|
| 1. Roof Top | 500 MW |
| 2. Reverse bidding | 200 MW |
| 3. Solar Park, Kasaragode | 150 MW |
| 4. Floating Solar | 100 MW |
| 5. Canal Top | 50 MW |
| Total | 1000 MW |

(3) പീക്ക് ലോഡ് സമയത്തെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനുവേണ്ടി ഇടുക്കിയിൽ ഒരു പവർ ഹൗസുകൂടി നിർമ്മിക്കാനുള്ള സാദ്ധ്യതാ പഠനം കെ.എസ്.ഇ.ബി.എൽ-ൽ നടത്തി വരുന്നു.

2021-ഓടുകൂടി എല്ലാ ഉപഭോക്താക്കൾക്കും ഗുണനിലവാരമുള്ള വൈദ്യുതി തടസ്സരഹിതമായി, അപകടസാധ്യത ഇല്ലാതാക്കി വിതരണം ചെയ്യുക എന്ന ലക്ഷ്യവുമായി കെ.എസ്.ഇ.ബി.എൽ. മുന്നോട്ടുപോവുകയാണ്. ഇതിനായി സമ്പൂർണ്ണ വൈദ്യുതീകരണം എന്ന സ്ഥിതി നിലനിർത്തുന്നതിനോടൊപ്പം ഇടതടവില്ലാതെ വൈദ്യുതി വിതരണം ചെയ്യുന്നതിനും വിതരണ ശൃംഖലയുടെ കാര്യക്ഷമത വളരെ പ്രധാനമാണ്. ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്തുനടപ്പിലാക്കാൻ സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം നടന്നു വരുന്നു. ഇതിന്റെ ആദ്യപടിയായി വിതരണ ശൃംഖലയുടെ GIS അധിഷ്ഠിത രേഖാചിത്രം കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ തയ്യാറാക്കുകയും തുടർന്ന് 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ D.P.R. തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. " ദ്യുതി 2021" എന്നുപേരിട്ടിട്ടുള്ള ഈ പദ്ധതിയിൽ വിതരണ മേഖലയിൽ 4035.57 കോടി രൂപയുടെ 7626 പ്രവൃത്തികളാണ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) മുഖേന വിഭാവന ചെയ്തിട്ടുള്ളത്. ഇതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

വിതരണ ശൃംഖലയുടെ നവീകരണം മുന്നിൽക്കണ്ട് നടപ്പാക്കപ്പെടുന്ന മദ്ധ്യകാല പദ്ധതിയിൽ ഇനിപറയുന്ന പ്രവൃത്തികൾക്ക് പ്രാമുഖ്യമുണ്ടാകും -

- എച്ച്.റ്റി. ശൃംഖലയുടെ എല്ലാ ഭാഗത്തും കുറഞ്ഞത് രണ്ട് സ്രോതസ്സിൽ (സാധ്യമാകുമെങ്കിൽ രണ്ട് സബ്സ്റ്റേഷനിൽനിന്ന്)നിന്നുള്ള വൈദ്യുതി എത്തിക്കാൻ ശ്രമിക്കും. ഒരു സ്രോതസ്സിൽനിന്നുള്ള വൈദ്യുതി തടസ്സപ്പെട്ടാൽ പൂർണ്ണമായ ബാക്ക് ഫീഡിംഗ് വഴി മറ്റ് സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതി ഉറപ്പുവരുത്തുക എന്നതാണ് ലക്ഷ്യം.

- എ.ബി.സി., ഭൂഗർഭ കേബിൾ തുടങ്ങിയ കവചിത ചാലകങ്ങൾ, ആർ.എം.യു. തുടങ്ങിയവ ആവശ്യമായ സ്ഥലങ്ങളിൽ ഉപയോഗിച്ച് വൈദ്യുതി തടസ്സം കുറയ്ക്കുക.

- നിലവിലുള്ള ലൈനുകളുടെ പുനഃക്രമീകരണം (ആവശ്യമില്ലാത്ത ലൈനുകൾ അഴിച്ച് മാറ്റുന്നതുൾപ്പെടെ) ഏറ്റെടുക്കുക

- പുരയിടങ്ങൾക്ക് കുറുകെ കടന്നുപോകുന്ന ലൈനുകൾ വൈദ്യുതിതടസ്സത്തിനോ അപകടങ്ങൾക്കോ കാരണമാകുന്നു എങ്കിൽ ആയവ മാറ്റി സ്ഥാപിക്കുക.

- ഫാൾട്ട് പാസ് ഇൻഡിക്കേറ്ററുകൾ, സെക്ഷനൈസറുകൾ തുടങ്ങിയ സാങ്കേതികവിദ്യകളുടെ ഉപയോഗം ഉറപ്പുവരുത്തി വൈദ്യുതി പുനസ്ഥാപനം ത്വരിതമാക്കുക.

- വൈദ്യുതി പുനഃസ്ഥാപനം വേഗത്തിലാക്കാൻ നിലവിലുള്ള സ്വിച്ചിംഗ് സ്ഥാനങ്ങൾ മാറ്റി സ്ഥാപിക്കേണ്ടതായിക്കണ്ടാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുക.

- ട്രാൻസ്ഫോർമർ സ്റ്റേഷനുകളുടെയും ലൈനുകളുടെയും സ്ട്രക്ചറുകളുടെയും നവീകരണം ഉറപ്പാക്കുക.

എൽ.റ്റി. വൈദ്യുതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക, വിതരണ നഷ്ടം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, വിതരണ ട്രാൻസ്ഫോർമറുകളുടെ പരിപാലനം, അവയുടെ ഓവർലോഡിംഗ് ഒഴിവാക്കുക, ന്യൂട്രൽ വോൾട്ടേജ് നിശ്ചിത പരിധിക്ക് പുറത്ത് പോകുന്നില്ല എന്ന് ഉറപ്പാക്കുക തുടങ്ങിയവയും പതിമൂന്നാം പദ്ധതിയുടെ ഭാഗമായി നടപ്പാക്കിക്കൊണ്ടാകും സംസ്ഥാനത്ത് തടസ്സരഹിതമായി വൈദ്യുതി വിതരണം ഉറപ്പുവരുത്തുന്നത്.

## നിക്ഷേപ സൗഹൃദ സംസ്ഥാനം

5 (*35) ശ്രീ. കെ. ജെ. മാക്സി :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. പി. കെ. ശശി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കിത്തീർക്കുന്നതിന് ഈ സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽനിന്ന് ഉല്പാദക സംസ്ഥാനമാക്കി കേരളത്തെ മാറ്റാനായി വ്യവസായ വികസനത്തിന് അനിവാര്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും വാണിജ്യ സൗഹൃദ സാഹചര്യം സൃഷ്ടിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണുള്ളത്;

(സി) വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി ഈ സർക്കാർ പ്രഖ്യാപിച്ച കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ വിശദാംശവും പദ്ധതിയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ;

(ഡി) നിയമം പാലിച്ചുകൊണ്ട് വ്യവസായം തുടങ്ങുന്നതിന് വേണ്ടിവരുന്ന കാലതാമസം കുറയ്ക്കുന്നതിനായി നടത്തിയ ഇടപെടൽ കാര്യക്ഷമമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): (എ&ബി) സംസ്ഥാനത്ത് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ അനുമതികളും സൗകര്യങ്ങളും അതിവേഗത്തിലും അനായാസമായും ലഭ്യമാക്കുന്നതിനുവേണ്ടി വിവിധ വകുപ്പുകളിലായി നിലനിന്നിരുന്ന ഏഴ് നിയമങ്ങൾ (ആക്ട്) ഭേദഗതി വരുത്തിക്കൊണ്ട് ഒരു ഏകീകൃത ആക്ട് "കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് 2018" നിലവിൽ വന്നു. കൂടാതെ വിവിധ വകുപ്പുകളിലെ 10 ചട്ടങ്ങൾ ഭേദഗതി വരുത്തിയിട്ടുമുണ്ട്. വ്യവസായം ആരംഭിക്കുന്നതിന് വിവിധ വകുപ്പുകളിൽനിന്നും അനുമതികൾ ലഭിക്കുന്നതിന് ഏകജാലക ഓൺലൈൻ സംവിധാനം, സെൽഫ് സർട്ടിഫിക്കേഷൻ, Deemed Approval എന്നിവയും നിലവിൽവന്നിട്ടുണ്ട്.

വിവിധ വകുപ്പുകളുടെ അപേക്ഷാ ഫോറം ഏകീകരിച്ചുകൊണ്ട് ഒരു ഏകീകൃത അപേക്ഷാ ഫോറം (Common Application Form – CAF) മുഖേന അനുമതികൾ കാലതാമസമില്ലാതെ ഓൺലൈൻ സംവിധാനം (K-SWIFT) വഴി ലഭ്യമാക്കുന്നതാണ്. പ്രസ്തുത അപേക്ഷയിന്മേലുള്ള പരിശോധന സമയബന്ധിതമായി നടപ്പാക്കുന്നതിനായി Investment Promotion and Facilitation Cell (IPFC) സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും രൂപീകരിച്ചിട്ടുണ്ട്. അനുമതികൾ ആവശ്യമായ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഉൾപ്പെട്ടതാണ് പ്രസ്തുത സെൽ.

ഭൂമി ദൗർലഭ്യം നേരിടുന്ന സംസ്ഥാനമാണ് കേരളം. സംസ്ഥാനത്ത് നിക്ഷേപം നടത്തുവാൻ മുന്നോട്ടുവരുന്ന സംരംഭകർക്ക് ആവശ്യമായ സ്ഥലം, കെട്ടിടം, ജലം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഡി.ഐ.സി.-യുടേയും, കെ.എസ്.ഐ.ഡി.സി.-യുടേയും കിൻഫ്രയുടേയും വ്യവസായ പാർക്ക്/ഏരിയകളിൽ വേഗത്തിൽ ലഭ്യമാക്കുന്നതാണ്. കൂടാതെ വ്യവസായ യൂണിറ്റുകളെ അധിവസിപ്പിക്കുന്നതിനായി ബഹുനില വ്യവസായ സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതികളുണ്ട്. ചെറുകിട വ്യവസായികളെ ആകർഷിക്കുന്ന തിലേക്കായി എല്ലാ ജില്ലകളിലും 'Investor's meet', സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡെവലപ്മെന്റ് തുടങ്ങിയവ നടത്തിവരുന്നുണ്ട്. നിക്ഷേപകരുടെ മേളകളിൽ MSME ഉൽപ്പന്ന വിപണന മേളകൾ മെഷിനറി എക്സിബിഷൻ തുടങ്ങിയവയും ബ്ലോക്ക്/താലൂക്ക്/ മുനിസിപ്പാലിറ്റി/ജില്ലാ തലങ്ങളിൽ നടത്തിവരുന്നുണ്ട്.

(സി) കൊച്ചി മുതൽ ബാംഗ്ലൂർ വരെ ഒരു വ്യവസായ ഇടനാഴി രൂപീകരിക്കുന്നതിനും ഇതിൽ കൊച്ചി മുതൽ പാലക്കാട് വരെയുള്ള പ്രദേശം ഒരു ഹൈടെക് വ്യവസായ ഇടനാഴിയായി വികസിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ ഒരു അപേക്ഷ കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. തുടർന്ന്, വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള National Industrial Corridor Development and Implementation Trust (NICDIT)-ന് പ്രസ്തുത പദ്ധതിയുടെ വിവരങ്ങൾ സമർപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചു. ഇതുസംബന്ധിച്ച് വിദഗ്ദ്ധ ഏജൻസി തയ്യാറാക്കിയ പദ്ധതിയുടെ പ്രാഥമിക രൂപരേഖയും ഒരു കാലഘട്ടത്തിലേയ്ക്കുള്ള പദ്ധതി കാഴ്ചപ്പാടും അടങ്ങിയ റിപ്പോർട്ട് (NICDIT-ക്ക്) സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ വിശദപഠനത്തിനും അനുമതികൾക്കും ശേഷം പദ്ധതി പൂർത്തീകരണവും ഇതിലേക്കാവശ്യമായ കർമ്മപദ്ധതിയും സംബന്ധിച്ച വിവരങ്ങൾ കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്നതാണ്.

(ഡി) ഏകജാലക ഓൺലൈൻ സംവിധാനം (KSWIFT) സംബന്ധിച്ചുള്ള ട്രയൽ നടത്തിയതിൽനിന്നും സമയപരിധിക്കുള്ളിൽ തന്നെ ആവശ്യമായ ലൈസൻസുകളും അനുമതികളും ലഭ്യമാകുമെന്ന് വിലയിരുത്തുകയുണ്ടായി. ഏകജാലക ഓൺലൈൻ സംവിധാനമായ KSWIFT-ന്റെ ഔദ്യോഗിക ലോഞ്ചിംഗ് 08-1-2019-ൽ നടത്താൻ നിശ്ചയിച്ചിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് അസന്റ്-2019 (ASCEND-2019) എന്ന പേരിൽ വ്യവസായികളും നിക്ഷേപകരും വ്യവസായ വാണിജ്യ മേഖലയിലെ പ്രതിനിധികളും പ്രമുഖ ഉദ്യോഗസ്ഥരും മാധ്യമരംഗത്തെ പ്രമുഖരും പങ്കെടുക്കുന്ന ഒരു ആശയവിനിമയ സെഷനും നടത്തുന്നതിന് ഉദ്ദേശിക്കുന്നു.

### ശബരിമല തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ

6 (*36) ശ്രീ. പി. സി. ജോർജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മണ്ഡലകാലവുമായി ബന്ധപ്പെട്ട് അയ്യപ്പഭക്തർക്ക് എരുമേലി, നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നീ സ്ഥലങ്ങളിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രളയംമൂലം തകർന്ന പമ്പാതീരവും പരിസരപ്രദേശവും മാലിന്യ വിമുക്തമാക്കുന്നതിനും ശൗചാലയങ്ങൾ നിർമ്മിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(സി) 2018 ഒക്ടോബർ മാസം നട തുറന്നപ്പോൾ പ്രസ്തുത സ്ഥലങ്ങളിലെ പൈപ്പുകളിലും ടോയ്‌ലെറ്റുകളിലും വെള്ളം ഇല്ലാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവിടെ വെള്ളം ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ;

(ഡി) മണ്ഡലകാലത്ത് ശബരിമല നട തുറന്നപ്പോൾ പമ്പയിലും സന്നിധാനത്തുമുള്ള ശൗചാലയങ്ങളിൽ വെള്ളം ഇല്ലാതിരുന്നതും ശൗചാലയങ്ങൾ തുറന്നിടാതെ വൃത്തിഹീനമായ സാഹചര്യങ്ങളുണ്ടായി എന്നതും വാർത്താമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) ഇതര സംസ്ഥാനങ്ങളിൽനിന്നും വിദേശ രാജ്യങ്ങളിൽനിന്നുമെത്തിയ അയ്യപ്പഭക്തർക്ക് ശബരിമല സന്നിധാനത്ത് ഗസ്റ്റ്ഹൗസിൽ റൂം അനുവദിക്കാത്തതെന്തുകൊണ്ടാണ്; ആയതുമൂലം ദേവസ്വം ബോർഡിന് എത്രമാത്രം സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട് എന്ന് വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രളയത്തിനുശേഷം റ്റാറ്റാ പ്രോജക്ട്സ് ലിമിറ്റഡിനെയാണ് പമ്പയിലെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ചുമതലപ്പെടുത്തിയത്. പ്രളയത്തിൽ നശിച്ച പമ്പയിലെ ശൗചാലയങ്ങൾക്ക് പകരം പുതിയ ശൗചാലയങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ക്ലോക്ക് റൂം, അന്നദാന മണ്ഡപം, ഹോട്ടൽ, മെസ് എന്നിവ പുനരുദ്ധരിച്ച് ഉപയോഗപ്രദമാക്കി. പ്രളയത്തിൽ തകർന്ന ടോയ്‌ലെറ്റുകൾക്കുപകരം ബയോ ടോയ്‌ലെറ്റുകളും ബയോ യൂറിനലുകളുമായി 380 ടോയ്‌ലെറ്റുകൾ പുനഃസ്ഥാപിച്ചു. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാൻഡ്, സ്വീവേജ് ലൈൻ എന്നിവ പുനർനിർമ്മിച്ച് ഉപയോഗപ്രദമാക്കി. പാലങ്ങൾ ഗതാഗതയോഗ്യമാക്കി അയ്യപ്പ ഭക്തർക്കു സൗകര്യമൊരുക്കി. പമ്പാനദിയിൽ അടിഞ്ഞുകൂടിയ മണലും വൃക്ഷങ്ങളും നീക്കം ചെയ്തു. പ്രളയത്തിൽ തകർന്ന പമ്പാതീരത്തെ 300 മീറ്ററോളം സംരക്ഷണഭിത്തിക്കു പകരം മണൽ ചാക്കുകൾ അടുക്കി സംരക്ഷണഭിത്തി തീർക്കുകയുണ്ടായി. കൂടാതെ മണൽ സംഭരണ സ്ഥലത്തും മണൽ ചാക്കുകൾ അടുക്കി വീണ്ടും മണൽ നദിയിലേക്കൊഴുകിയെത്തുന്നത് തടഞ്ഞിട്ടുമുണ്ട്.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ ടോയ്‌ലെറ്റുകളിലും, പൈപ്പുകളിലും വെള്ളം ലഭ്യമാക്കി പ്രശ്നം പരിഹരിച്ചിട്ടുണ്ട്.

(ഇ) സുരക്ഷയുടെ ഭാഗമായി ദേവസ്വം ഗസ്റ്റ് ഹൗസുകളിൽ തിരിച്ചറിയൽ കാർഡിന്റെയും മറ്റും പരിശോധനയിലൂടെ ആവശ്യക്കാർക്ക് മുറികൾ അനുവദിക്കുന്നുണ്ട്. എല്ലാ ദിവസവും ഒരുപോലെ താമസക്കാർ ഉണ്ടാകാറില്ല. ആയതിനാൽ ഇത്തരത്തിലുള്ള താമസക്കാരുടെ കുറവ് കാരണം വരുമാനനഷ്ടം ഉണ്ടായിട്ടില്ല.

**കേരള ബാങ്ക് രൂപീകരണം**

7 (*37) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള ബാങ്ക് രൂപീകരണം സംബന്ധിച്ച നടപടിക്രമങ്ങൾ ഏതുഘട്ടം വരെയായെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ ബാങ്കിന് റിസർവ് ബാങ്ക് അനുമതി നൽകിയിട്ടുണ്ടോ;

(സി) കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് റിസർവ് ബാങ്ക് നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾ പാലിക്കുവാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽനിന്നും ദ്വിതല സമ്പ്രദായത്തിലേക്ക് പുനഃക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് 19 വ്യവസ്ഥകളോടെ റിസർവ് ബാങ്ക് തത്വത്തിലുള്ള അംഗീകാരം നല്കിയിട്ടുണ്ട്. ടി വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നബാർഡ് മുഖേന അന്തിമ അനുമതിക്ക് സമീപിക്കാനാണ് ആർ.ബി.ഐ. നിർദ്ദേശിച്ചിട്ടുള്ളത്. ആയതിനുവേണ്ടി 15 സബ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രവർത്തനം പുരോഗമിച്ചു വരുന്നു.

(ബി) റിസർവ് ബാങ്ക് ചീഫ് ജനറൽ മാനേജരുടെ 3-10-2018-ലെ DCBR.CO.RCBD.NO.1007/19.51.007/2018-19 നമ്പർ കത്ത് പ്രകാരം തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്.

(സി) സബ് കമ്മിറ്റികൾ പ്രവർത്തനം നടത്തുന്നത് റിസർവ് ബാങ്ക് മുന്നോട്ടുവച്ച നിബന്ധനകൾ പാലിക്കുന്നതിനുവേണ്ടിയാണ്. നിബന്ധനകൾ പാലിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നിർമ്മാണ അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റം

8 (*38) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീമതി സി. കെ. ആശ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംസ്കൃതവസ്തുക്കളുടെ വിലക്കയറ്റവും ലഭ്യതക്കുറവും കാരണം സംസ്ഥാനത്തെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഉണ്ടായിട്ടുള്ള മന്ദഗതി വിലയിരുത്തിയിട്ടുണ്ടോ; വിശമാക്കുമോ;

(ബി) കരിങ്കല്ലിനും മെറ്റലിനും ഉണ്ടായിട്ടുള്ള വിലക്കയറ്റം തടയുന്നതിന് സ്വീകരിച്ച മാർഗ്ഗങ്ങൾ വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽ നീക്കം ചെയ്ത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) പാറയുടെ ക്ഷാമം പരിഹരിക്കുന്നതിന് പാറ വിദേശ രാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) :(എ&ബി) അസംസ്കൃതവസ്തുക്കളുടെ വിലക്കയറ്റവും ലഭ്യതക്കുറവും കാരണം സംസ്ഥാനത്തെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഉണ്ടായിട്ടുള്ള മന്ദഗതി വിലയിരുത്തിയിട്ടുണ്ട്. 2-12-2016-ലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുള്ളതിനാൽ കരിങ്കല്ലടക്കമുള്ള ധാതുക്കളുടെ ഖനനത്തിന് അനുമതി ലഭിക്കുന്നതിന് കാലതാമസമുണ്ടാവുകയും അതുവഴി കരിങ്കല്ലിനും കരിങ്കല്ല് ഉൽപ്പന്നങ്ങൾക്കും ക്ഷാമം നേരിടുകയും നേരിയ വില വർദ്ധന ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ആറ്റുമണലിന്റെ ക്ഷാമംമൂലം കേരളത്തിലെ നിർമ്മാണ മേഖലയിൽ ഒരു പരിധിവരെ നിർമ്മാണത്തിനായി കരിങ്കല്ല് പൊടിച്ചു നിർമ്മിക്കുന്ന എം.സാന്റാണ് ഉപയോഗിച്ചുപോന്നിരുന്നത്. എന്നാൽ പാറമണൽ നിർമ്മിക്കുന്ന ക്രഷറുകളിൽ കരിങ്കല്ലിന്റെ ലഭ്യത കുറയുകയും തന്മൂലം എം.സാന്റിന്റെ നിർമ്മാണം കുറയുകയും ചെയ്തു. കൂടാതെ, നദികളിൽനിന്നും മണൽ വാരുന്നതിനും പാരിസ്ഥിതികാനുമതി നിർബന്ധക്കിയതിനാൽ നദികളിൽനിന്നും മണൽ വാരുവാൻ കഴിയാത്ത സാഹചര്യമുണ്ടായി. 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നതോടെ ഈ ആക്ടിന്റെ പരിധിൽപ്പെടുന്ന ഭൂമികളിൽനിന്നും കളിമണ്ണ് ഖനനം അസാധ്യമായി. ഇതോടെ നിലവിൽ വന്ന ഡാറ്റ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിയിൽനിന്നു മാത്രമെ കളിമൺ ഖനനം അനുവദിക്കാൻ സാധിക്കുകയുള്ളൂ. കളിമണ്ണിന്റെ ലഭ്യതക്കുറവ് സംസ്ഥാനത്തെ ഓട്/ഇഷ്ടിക നിർമ്മാണ മേഖലയെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. മേൽസാഹചര്യത്തിൽ, സംസ്ഥാനത്തുണ്ടായ കെട്ടിട, റോഡ്, നിർമ്മാണമേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായും കരിങ്കല്ലിന്റെയും മെറ്റലിന്റെയും ലഭ്യത വർദ്ധിപ്പിച്ച് വില വർദ്ധനവ് തടയുന്നതിനായും ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

1. 5-ഹെക്ടറിനുതാഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാ തലത്തിൽ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി (DEIAA)-യുടേയും ജില്ലാതല അപഗ്രഥന സമിതി (DEAC)യുടേയും പ്രവർത്തനം കാര്യക്ഷമമാക്കി.

2. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

3. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്ക് 22-6-2017-ലെ സ.ഉ.(പി) 25/2017/ഐ.ഡി. നമ്പർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമേയുള്ള അതിർത്തിയിൽനിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുനഃസ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാംഗ്ച്വറി എന്നിവയുടെ അതിർത്തിയിൽനിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും നിജപ്പെടുത്തുകയും ചെയ്തു.

4. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും ചീഫ് സെക്രട്ടറി, സെക്രട്ടറി തലത്തിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി.

5. പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയ സാഹചര്യത്തിൽ കളിമണ്ണ് ഖനനത്തിന് ജില്ലാ കളക്ടറിൽനിന്നുള്ള നിരാക്ഷേപ പത്രം ആവശ്യമാണെന്ന ചട്ടം ഒഴിവാക്കി.

6. 6 മീറ്റർ വരെ ആഴത്തിൽ ലാറ്ററൈറ്റ് (ബിൽഡിംഗ് സ്റ്റോൺ) ഖനനം ചെയ്യുന്നതിന് മൈനിംഗ് പ്ലാൻ തയ്യാറാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

7. തെരഞ്ഞെടുത്ത ഡാമുകളിൽനിന്നും മണൽ/ചെളി എന്നിവ ശേഖരിച്ച് വിപണനം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

8. അന്യ സംസ്ഥാനത്തുനിന്നും/വിദേശത്തുനിന്നും കരിങ്കല്ല്/മണൽ ഇറക്കുമതി ചെയ്യുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

9. കേരളത്തിൽ സിമന്റിന്റെ വില മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതലാണെന്ന പരാതിയെത്തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, വ്യവസായ വകുപ്പുമന്ത്രി എന്നിവരുടെ അദ്ധ്യക്ഷതയിൽ സിമന്റ് ഉൽപ്പാദകരുടെ യോഗം വിളിക്കുകയും സിമന്റ് വില കുറയ്ക്കണമെന്ന നിർദ്ദേശം നൽകുകയും ചെയ്തു.

10. ക്വാറി ഉൽപ്പന്നങ്ങളുടെ വില വർദ്ധിച്ചിട്ടുണ്ടെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർക്ക് ക്വാറി/ക്രഷർ ഉടമകളുടെ യോഗം വിളിച്ച് ഉചിത നടപടികളെടുക്കുവാൻ നിർദ്ദേശം നൽകി.

11. 9-3-2018, 21-11-2018 തീയതികളിൽ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ ജിയോളജിസ്റ്റുമാരുടെ യോഗം വിളിക്കുകയും ഖനനാനുമതി അനുവദിക്കുന്നതിലെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും നിയമപരമായി അനുമതി നൽകാൻ കഴിയുന്ന എല്ലാ കേസുകളിലും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തു.

12. 2008-ന് മുമ്പ് (നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിന് മുമ്പ്) നികത്തപ്പെട്ട ഭൂമിയിൽനിന്ന് പരിസ്ഥിതിക്ക് കോട്ടം തട്ടാതെ കളിമണ്ണ് ശേഖരിക്കുന്നതിന്റെ സാധ്യതകൾ പഠിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് റിമോർട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ.ഇ.സി.)-നെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. ഈ സ്ഥാപനം തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ പഠനം പൂർത്തിയാക്കി റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കെ.എസ്.ആർ.ഇ.സി.-യുടെ റിപ്പോർട്ട് പ്രകാരം കളിമൺ നിക്ഷേപമുള്ള പ്രദേശങ്ങളിൽ ഖനനാനുമതി നൽകുന്നതിന് തുടർ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

13. റോഡ് ടാറിംഗ് പ്രവൃത്തികളിൽ പെട്രോളിയം അനുബന്ധ ഉൽപ്പന്നമായ ബിറ്റുമിന്റെ വിലവർദ്ധനവുമൂലം പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് കരാറുകാർ വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനാൽ സർക്കാരിന്റെ 13-11-2018-ലെ G.O.(Rt)No.9386/2018/Fin ഉത്തരവ് പ്രകാരം കരാർ ഏർപ്പെട്ട പ്രവൃത്തികൾക്ക് ബിറ്റുമിന്റെ വില വ്യത്യാസം അനുവദിക്കുന്നതിന് തീരുമാനിച്ചു. ഇതുമൂലം പ്രവൃത്തികൾ തടസ്സമില്ലാതെ നടപ്പാക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്.

(സി) സംസ്ഥാനത്തെ ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽ നീക്കംചെയ്ത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഒരു സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്വർ (SOP) 26-9-2017-ലെ G.O.(Ms.)79/2017/WRD ഉത്തരവുപ്രകാരം അംഗീകരിച്ചിട്ടുണ്ട്. സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്വറിൽ പ്രതിപാദിച്ചിരിക്കുന്ന സാങ്കേതികവിദ്യകളുപയോഗിച്ച് പൈലറ്റ് പദ്ധതികളായി മംഗലം, ചുള്ളിയാർ എന്നീ ഡാമുകളിൽ ഡീസിൽറ്റിംഗ് നടത്തുവാൻ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ലോവർ പെരിയാർ ഡാമിൽനിന്നും മണലും ചെളിയും നീക്കം ചെയ്യുന്നതിന് 21-2-2011-ലെ സ.ഉ.(കൈ) നമ്പർ 46/2011/വ്യവ.

ഉത്തരവ് പ്രകാരം മെ. ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന് അനുമതി നൽകിയിരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് 4-6-2018-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം വിളിച്ചുചേർക്കുകയും പ്രസ്തുത യോഗത്തിൽ ലോവർ പെരിയാർ റിസർവോയറിൽനിന്നും ശേഖരിക്കുന്ന മണൽ വിൽപന നടത്തുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല സമിതിയുടെ അനുമതി തേടേണ്ട ആവശ്യമില്ലെന്ന് തീരുമാനിക്കുകയും ടി പ്രവൃത്തി 'TURNKEY' പ്രോജക്ടായി കാലവിളംബം കൂടാതെ നടപ്പാക്കുന്നതിന് മെ. ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന് നിർദ്ദേശം നൽകുകയും ചെയ്തു. ഇപ്രകാരമുള്ള നടപടികൾ ഈ വിഷയത്തിൽ സർക്കാർ സ്വീകരിച്ചുവരികയാണ്.

(ഡി) വിദേശത്തുനിന്നും ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് പാറ ഉൾപ്പെടെയുള്ള ചെറുകിട ധാതുക്കൾ ഇറക്കുമതി ചെയ്യുന്നതിന് നിയമ തടസ്സമില്ല. 2015-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങളിലെ ചട്ടം 107 പ്രകാരം ഒരു വ്യക്തി വിദേശത്തുനിന്നും പാറ ഇറക്കുമതി ചെയ്തു കഴിഞ്ഞാൽ ടിയാനെ ഉൽപ്പാദകനായാണ് കണക്കാക്കുന്നത്. ആവശ്യമായ രേഖകൾ സഹിതം ഇറക്കുമതി ചെയ്യുന്ന ധാതുക്കൾക്ക് മൂവ്മെന്റ് പെർമിറ്റ് അനുവദിക്കുന്നതിനും സ്റ്റോക്ക് ചെയ്ത് വില്പന നടത്തുന്നതിന് ലൈസൻസ് നൽകുന്നതിനുമുള്ള വ്യവസ്ഥകൾ 2015-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങളിലും, 2015-ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് ആൻഡ് ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങളിലും ഉണ്ട്. 6-3-2018-ലെ 57/ എ 3/2018/ വ്യവ നമ്പർ സർക്കുലറിൽ മറ്റു സംസ്ഥാനങ്ങളിൽനിന്നും കരിങ്കല്ലും കരിങ്കൽ ഉല്പന്നങ്ങളും കേരളത്തിൽ കൊണ്ടുവന്ന് വില്പന നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ക്ഷാമം പരിഹരിക്കുന്നതിനായി സർക്കാർ നേരിട്ട് പാറ ഇറക്കുമതി ചെയ്യുന്നതിനുള്ള പദ്ധതി നിലവിലില്ല.

## സബ് ട്രഷറികളിലെ തട്ടിപ്പ്

9 (*39) ശ്രീ. ടി. വി. ഇബ്രാഹിം :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. സി. മമ്മൂട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിൽ ജീവനക്കാരുടെ സഹായത്തോടെ തട്ടിപ്പുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലപ്പുറം ജില്ലയിലെ ചങ്ങരംകുളം, പൊന്നാനി എന്നീ സബ് ട്രഷറികളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് അടച്ച തുക ഏതെങ്കിലും വ്യക്തിയുടെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ ദുരുപയോഗം ചെയ്തതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ;

(ഡി) തട്ടിപ്പ് നടത്തുകയും അതിനു കൂട്ടുനിൽക്കുകയും ചെയ്തവർക്കെതിരെ എന്തെല്ലാം നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :(എ) ഒറ്റപ്പെട്ട ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) CMDRF തുക മാറ്റിയ പ്രശ്നം പ്രാഥമിക അന്വേഷണത്തിൽ വ്യക്തമായിട്ടില്ല. ഇതുസംബന്ധിച്ചുള്ള വിശദമായ വകുപ്പുതല അന്വേഷണം നടന്നുവരികയാണ്. അന്വേഷണം പൂർത്തിയാകുമ്പോൾ മാത്രമെ ഇതു സംബന്ധിച്ച് വ്യക്തത വരികയുള്ളൂ.

(സി) ഉണ്ട്. വിശദമായ അന്വേഷണം ഇതിന്മേൽ നടന്നുവരുന്നു.

(ഡി) മലപ്പുറം ജില്ലയിലെ ചങ്ങരംകുളം, പൊന്നാനി എന്നീ സബ്ട്രഷറികളിൽ നടന്ന ക്രമക്കേട് സംബന്ധിച്ച് മലപ്പുറം ജില്ലാ ട്രഷറി ഓഫീസർ, ചങ്ങരംകുളം, പൊന്നാനി എന്നീ ട്രഷറികളിലെ സബ് ട്രഷറി ഓഫീസർമാർ എന്നിവർ ഉൾപ്പെടെ 7 ട്രഷറി ഉദ്യോഗസ്ഥരെ ഇതിനോടകം അന്വേഷണ വിധേയമായി സർവ്വീസിൽനിന്ന് സസ്പെന്റ് ചെയ്തിട്ടുള്ളതും ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുള്ളതുമാണ്. തുടർന്ന് വിശദമായ വകുപ്പുതല അന്വേഷണത്തിനായി ട്രഷറി വകുപ്പ് ജോയിന്റ് ഡയറക്ടറേയും ഉത്തരമേഖല ഡെപ്യൂട്ടി ഡയറക്ടറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണം പുരോഗതിയിലുമാണ്.

**ശബരിമലയിൽ നടത്തിയ സമരം സംബന്ധിച്ച അന്വേഷണം**

10 (*40) ശ്രീ. കെ. ബാബു :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ഐ. ബി. സതീഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ യുവതീപ്രവേശനവുമായി ബന്ധപ്പെട്ടുള്ള ഭരണഘടനാ ബെഞ്ചിന്റെ വിധി, സംസ്ഥാനത്ത് വർഗ്ഗീയ ചേരിതിരിവിനുള്ള സുവർണ്ണാവസരമായി പ്രഖ്യാപിച്ച രാഷ്ട്രീയ പാർട്ടിയുടെ നേതാവ് ശബരിമല ക്ഷേത്രം അടച്ചിടാൻ തന്ത്രിയോട് ആവശ്യപ്പെട്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇക്കാര്യത്തിൽ ശബരിമല തന്ത്രി നൽകിയ വിശദീകരണം അറിയിക്കാമോ;

(ബി) പരികർമ്മികളിൽ ചിലർ ശബരിമല സന്നിധാനത്ത് ധർണ്ണ നടത്തിയത് സംബന്ധിച്ചും തീവ്രവർഗീയവാദ സംഘത്തിൽപ്പെട്ടവർ പതിനെട്ടാം പടിയിൽ ആചാരലംഘനം നടത്തി കുത്തിയിരിപ്പ് സമരം നടത്തിയതു് സംബന്ധിച്ചും അന്വേഷണം നടത്തിയിരുന്നോ;

(സി) ശബരിമലയിലെ ആചാരാനുഷ്ഠാനങ്ങളിൽ ഇതിനുമുൻപ് കാലികമായ മാറ്റം ഉണ്ടായിട്ടുണ്ടോ; ഗൂഢതാല്പര്യത്തോടെ വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കുന്നവരെ തുറന്നുകാട്ടാൻ വേണ്ട ഇടപെടൽ നടത്തുമോയെന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തന്ത്രിയോട് വിശദീകരണം തേടിയിട്ടുള്ളത് തിരുവിതാംകൂർ ദേവസ്വം ബോർഡാണ്. തന്ത്രി നല്കിയ വിശദീകരണം ബോർഡ് പരിശോധിച്ചുവരുന്നുവെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) തന്ത്രിയുടെയും മേൽശാന്തിയുടെയും സഹായികളായ പരികർമ്മികൾ പതിനെട്ടാം പടിക്ക് മുമ്പിൽ പ്രതിഷേധത്തിന്റെ ഭാഗമായി ഇരുന്ന് ശരണം വിളിച്ചത് തെറ്റായ നടപടിയായതിനാൽ അതിനെതിരെ ദേവസ്വം ബോർഡ് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തീവ്രവർഗ്ഗീയവാദ സംഘത്തിൽപ്പെട്ടവർ പതിനെട്ടാം പടിയിൽ ആചാര ലംഘനം നടത്തി ക്രമസമാധാനത്തിന് ഭംഗം വരത്തക്കരീതിയിൽ കുത്തിയിരിപ്പ് സമരം നടത്തിയത് സംബന്ധിച്ചും സർക്കാർ നിയമ നടപടി എടുത്തിട്ടുണ്ട്.

(സി) ശബരിമലയിലെ ദർശനസമയം ഉൾപ്പെടെയുള്ള ആചാരാനുഷ്ഠാനങ്ങൾ പാലിക്കുന്നത് സംബന്ധിച്ച് ക്ഷേത്രം തന്ത്രിയുടെ അഭിപ്രായത്തോടുകൂടി ദേവസ്വം ബോർഡ് ഉചിതമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ തെറ്റിദ്ധാരണ പരത്താൻ ശ്രമിക്കുന്നവർക്കെതിരെ ദേവസ്വം ബോർഡ് ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്. ഏതെങ്കിലും തരത്തിൽ ക്രമസമാധാന പ്രശ്നമുണ്ടാകുന്ന പക്ഷം കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. വിശ്വാസികളെ തെറ്റിദ്ധാരിപ്പിക്കുന്നവരെ തുറന്നുകാട്ടാൻ വേണ്ട ഇടപെടൽ നടത്തിയിട്ടുള്ളതിന്റെ ഭാഗമായി തീർത്ഥാടനം സമാധാനപരമായി നടന്നുവരുന്നുണ്ട്.

## വിനോദസഞ്ചാരമേഖലയിൽ ഉണർവ്വുണ്ടാക്കാൻ നടപടി

11 (*41) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര കേരളത്തിൽ വിനോദസഞ്ചാര മേഖലയിൽ ഉണർവുണ്ടാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വിനോദസഞ്ചാര മേഖലകളിൽ പ്രവർത്തിക്കുന്ന ഹോട്ടലുകളടക്കമുള്ള സ്ഥാപനങ്ങൾക്ക് പ്രളയംമൂലം ഉണ്ടായിട്ടുള്ള നഷ്ടം നികത്തുന്നതിന് ഉതകുന്ന തരത്തിൽ സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) വിനോദസഞ്ചാര മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പര്യാപ്തമായ വിധത്തിൽ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) പ്രളയാനന്തര കേരളത്തിൽ വിനോദ സഞ്ചാരമേഖലയിൽ ഉണർവുണ്ടാക്കുന്നതിനായി "Post Flood Campaign" എന്ന വിപണന തന്ത്രം ആവിഷ്കരിക്കുകയുണ്ടായി. മുഖ്യമായും ദേശീയതലത്തിലുള്ള വിപണന തന്ത്രമാണ് നടത്തിയത്.

(1) ക്യാമ്പയിനുകൾ

a) ടെലിവിഷൻ ക്യാമ്പയിൻ

b) പ്രിന്റ് ക്യാമ്പയിൻ

c) റേഡിയോ ക്യാമ്പയിൻ

d) സിനിമാ ക്യാമ്പയിൻ

e) എയർപോർട്ട് ക്യാമ്പയിൻ

f) സോഷ്യൽ മീഡിയ ക്യാമ്പയിൻ.

(2) ടൂറിസം പാർട്ണർഷിപ്പ് മീറ്റ്

a) മുംബൈ

b) പൂനെ

c) നാഗ്പൂർ.

(3) ട്രേഡ് ഫെയറുകൾ

a) റ്റി.റ്റി.എഫ്. അഹമ്മദാബാദ്

b) റ്റി.റ്റി.എഫ്. മുംബൈ

c) ഐ.റ്റി.എം. ഡൽഹി

d) എ.ഒ.റ്റി.ഒ. വിശാഖപട്ടണം.

പുനരുജ്ജീവനത്തിന്റെ ഭാഗമായി ടൂറിസം ഡെസ്റ്റിനേഷനുകളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, പരിസ്ഥിതി സൗഹൃദപരമായി വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലായി ട്രേഡ് മീറ്റ്, മീഡിയാ മീറ്റ് എന്നിവ സംഘടിപ്പിച്ച് പ്രളയക്കെടുതിക്കുശേഷം കേരളം ടൂറിസം രംഗത്ത് ശക്തമായ തിരിച്ചുവരവ് നടത്തി എന്ന പ്രചരണം നടത്തി.

(ബി) സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ, ഊർജ്ജിതമായ വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് കൂടുതൽ ടൂറിസ്റ്റുകളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതുവഴി ടൂറിസം സംരംഭകർക്ക് വ്യാപാരമെച്ചം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ടൂറിസം വകുപ്പിന് കീഴിലുള്ള കിറ്റ്സ്, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ മുഖാന്തരം വിവിധ ടൂറിസം കോഴ്സുകളും പരിശീലനവും കഴിയുന്നവർക്ക് ഗവൺമെന്റ് തലത്തിലും സ്വകാര്യ ടൂറിസം സംരഭങ്ങളിലും തൊഴിലവസരം ലഭിക്കുന്നുണ്ട്. കൂടാതെ ടൂറിസം വകുപ്പിന്റെ ഉത്തരവാദിത്ത ടൂറിസം വഴി ട്രാൻസ്ജെൻഡേഴ്സ് ഉൾപ്പെടെയുള്ളവർക്ക് പരിശീലനം നൽകി ടൂറിസം മേഖലയിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചുവരുന്നു. ആർ.ടി. മിഷന്റെ വിവിധ യൂണിറ്റുകളിലൂടെ പ്രത്യക്ഷമായി 27470 ആളുകളും പരോക്ഷമായി 43952 ആളുകളും ഗുണഭോക്താക്കളായി മാറിയിട്ടുണ്ട്.

കിറ്റ്സ് (KITTS) വഴി ട്രെയിനിംഗ് ലഭിച്ച നാല്പതോളം പേരെ കേരളത്തിനകത്തും പുറത്തുമുള്ള ടൂറിസം ഇൻഫർമേഷൻ കൗണ്ടറുകളിൽ ട്രെയിനികളായി നിയമിച്ചിട്ടുണ്ട്.

കിറ്റ്സ് വഴി സംസ്ഥാനാടിസ്ഥാനത്തിലും ജില്ല തിരിച്ചും ഇരുന്നൂറോളം ഗൈഡുകൾക്ക് പരിശീലനം നൽകി തൊഴിലവസരം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് - മുടങ്ങിക്കിടന്നിരുന്ന കാനിംഗ് &ഫുഡ് പ്രിസർവേഷൻ കോഴ്സ് പുനരാരംഭിക്കുകയും 2018-19-ൽ 30 വിദ്യാർത്ഥികൾ പ്രവേശനം നേടുകയും ചെയ്തു. പത്തനംതിട്ട, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ ശാഖ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഉത്തരവാദിത്ത ടൂറിസം മിഷൻ നിലവിൽവന്നതിനുശേഷം ഒരു വർഷക്കാലംകൊണ്ട് പേപ്പർബാഗ് നിർമ്മാണം, തുണിസഞ്ചി നിർമ്മാണം, വിവിധ കരകൗശല വസ്തുക്കൾ ഉണ്ടാക്കൽ, പപ്പട നിർമ്മാണം, മെഴുകുതിരി നിർമ്മാണം, സാമ്പിൾ സോപ്പ് നിർമ്മാണം എന്നിങ്ങനെയുള്ള ട്രെയിനിംഗുകൾ, പ്രാദേശിക ടൂർ ലീഡേഴ്സിനുള്ള ട്രെയിനിംഗ്, സ്റ്റോറി ടെല്ലിംഗ് ട്രെയിനിംഗ്, ശാസ്ത്രീയ മാലിന്യ സംസ്കരണത്തിനുള്ള ട്രെയിനിംഗ് എന്നിങ്ങനെ വിവിധ ഇനങ്ങളിലായി 2339 ആളുകൾക്ക് പരിശീലനം നൽകി. ഇതിനു പുറമെ തദ്ദേശവാസികൾക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭ്യമാക്കുന്നതിലേക്കായി ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം മിഷൻ കൾച്ചറൽ യൂണിറ്റുകൾ, കരകൗശല നിർമ്മാണ യൂണിറ്റുകൾ, പേപ്പർ ബാഗ് യൂണിറ്റുകൾ, തുണിസഞ്ചി നിർമ്മാണ യൂണിറ്റുകൾ, നെയ്ത്തു യൂണിറ്റുകൾ, ജൈവപച്ചക്കറി ഉൽപ്പാദന യൂണിറ്റുകൾ, മൂല്യവർദ്ധിത ഭക്ഷ്യോൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ, ഇളനീർ യൂണിറ്റുകൾ, പ്രാദേശിക ടൂർ ലീഡേഴ്സ്, ടൂറിസം അനുബന്ധ സർവീസ് യൂണിറ്റുകൾ എന്നിങ്ങനെ ടൂറിസം മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ടു കിടക്കുന്ന വ്യത്യസ്തങ്ങളായ 11523 യൂണിറ്റുകൾ രൂപീകരിച്ചു. കൂടാതെ കോഴിക്കോട് ജില്ലയിലെ നടത്തുരുത്തെന്ന ഗ്രാമത്തിലെ എല്ലാ കുടുംബങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷനിൽ വിവിധ ഗ്രൂപ്പുകളായി രജിസ്റ്റർ ചെയ്തുകഴിഞ്ഞു. അതിലൂടെ അംഗങ്ങൾക്ക് തൊഴിൽ സാധ്യതയും ജീവിതനിലവാരവും മെച്ചപ്പെടുത്താനാകുന്നതാണ്.

## കേരള ബാങ്ക് രൂപീകരണ വ്യവസ്ഥകൾ

12 (*42) ശ്രീ. കെ. എം. ഷാജി :

ഡോ. എം. കെ. മുനീർ :

ശ്രീ. എം. ഉമ്മർ :

ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും ലയിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നത്തേക്ക് ലയന നടപടികൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) കേരള ബാങ്ക് രൂപീകരിക്കുന്നതിന് എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്നാണ് ആർ.ബി.ഐ. നിർദ്ദേശിച്ചതെന്ന് വിശദമാക്കുമോ;

(ഡി) കേരള ബാങ്ക് എന്നത്തേക്ക് നിലവിൽവരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) ഉണ്ട്.

(ബി) 31-3-2019 -ന് മുൻപ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

(സി) 1. കേരള സഹകരണ നിയമവും ചട്ടങ്ങളും സമ്പൂർണ്ണമായും പാലിച്ചുവേണം ലയനം നടത്തേണ്ടത്.

2. ലയനത്തെ സ്റ്റേ ചെയ്തുകൊണ്ടോ നിരോധിച്ചുകൊണ്ടോ കോടതി വിധികളൊന്നും ഇല്ലെന്ന് സർക്കാർ ഉറപ്പുവരുത്തണം.

3. സംസ്ഥാന സഹകരണ ബാങ്കും ജില്ലാ ബാങ്കുകളും ഒരു ലയന പദ്ധതി തയ്യാറാക്കി അംഗങ്ങളുടെ മുന്നിൽ അവതരിപ്പിക്കണം.

4. ജനറൽ ബോഡി മുമ്പാകെ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെ ലയനത്തിനായുള്ള പ്രമേയം അവതരിപ്പിച്ച് പാസാക്കണം.

5. ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും സർക്കാരും തമ്മിൽ MOU ഒപ്പു വയ്ക്കണം. ഭരണസമിതി, മാനേജ്മെന്റ് ഘടന, മനുഷ്യ വിഭവ ശേഷിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ, ആസ്തി ബാധ്യതകളുടെ കൈമാറ്റം എന്നിവയാണ് MOU-ൽ വരേണ്ടത്.

6. ലയന ശേഷം സംസ്ഥാന സഹകരണ ബാങ്കിന്റെ മൂലധനപര്യാപ്തതയും നെറ്റ്‌വർത്തും ആർ.ബി.ഐ. മാനദണ്ഡങ്ങൾക്ക് അനുസരിച്ചായിരിക്കണം. ഏതെങ്കിലും തരത്തിലുള്ള കുറവ് വരികയാണെങ്കിൽ അത് സർക്കാർ നികത്തണം.

7. ലയിപ്പിച്ച് രൂപീകരിക്കുന്ന ബാങ്കിന്റെ ബാലൻസ്ഷീറ്റ് എല്ലാവിധ നിയമപരമായ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുമുള്ള ശേഷിയുള്ളതും ജനങ്ങൾക്ക് എല്ലാവിധ സേവനങ്ങൾ നൽകുന്നതിന് അനുമതി തേടാൻ പര്യാപ്തവുമായിരിക്കണം.

8. ക്രമരഹിത ഇടപാടുകളിലൂടെ ആസ്തികൾ നിഷ്ക്രിയമായിട്ടുണ്ടെങ്കിൽ മുഴുവൻ തുകയ്ക്കും കരുതൽ സൂക്ഷിക്കണം.

9. ആസ്തി ബാധ്യതകളുടെ വാല്യുവേഷൻ നടത്തുകയും നഷ്ട ആസ്തികൾക്ക് പൂർണ്ണമായും കരുതൽ സൂക്ഷിക്കുകയും വേണം.

10. സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ ബാങ്കുകളുടെയും പലിശ നിരക്കിൽ വ്യത്യാസമുണ്ടെങ്കിൽ ആയത് കസ്റ്റമേഴ്സിനെ അറിയിച്ചിരിക്കണം.

11. ലയനശേഷം എല്ലാ ജില്ലാ ബാങ്കിലേയും ഉപഭോക്താക്കൾക്കും സേവനം നല്കാൻ കഴിയും വിധമുള്ള മികച്ച് സോഫ്റ്റ്‌വെയർ സംസ്ഥാന സഹകരണ ബാങ്കിന് ഉണ്ടായിരിക്കണം.

12. നിശ്ചിത സമയത്തിനകം മൈഗ്രേഷൻ ആഡിറ്റ് പൂർത്തികരിച്ചിരിക്കണം.

13. സംസ്ഥാന സഹകരണ ബാങ്കിന്റെ CEO നിയമനം റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ഫിറ്റ്&പ്രോപ്പർ മാനദണ്ഡങ്ങൾ പാലിച്ചാവണം. ഭരണ സമിതിയിൽ ചുരുങ്ങിയത് 2 പ്രൊഫഷണൽ ഡയറക്ടർമാർ ഉണ്ടാകണം.

14. ലയനശേഷം സംസ്ഥാന സഹകരണ ബാങ്ക്, അർബൻ സഹകരണ ബാങ്കുകൾക്ക് നിർദ്ദേശിച്ച രീതിയിൽ ബോർഡ് ഓഫ് മാനേജ്മെന്റ് റിസർവ് ബാങ്കുമായി ചർച്ച ചെയ്ത് രൂപീകരിക്കണം. അതിനായി, ഉചിതമായ ഭേദഗതികൾ കേരള സഹകരണ നിയമത്തിൽ വരുത്തണം.

15. ലയനശേഷം സംസ്ഥാന സഹകരണ ബാങ്കിന്റെ ലൈസൻസ് തുടരും. ജില്ലാ ബാങ്കുകളുടെ നിലവിലുള്ള ശാഖകൾ സംസ്ഥാന സഹകരണ ബാങ്കിന്റെ ശാഖകളായി മാറും. തുടർന്ന് സംസ്ഥാന സഹകരണ ബാങ്ക് ഈ ശാഖകളുടെ ലൈസൻസിനായി

ആർ.ബി.ഐ.-ക്ക് അപേക്ഷ നല്കണം. ആർ.ബി.ഐ.-യുടെ മുൻകൂർ അനുമതിയോടെ മാത്രമെ ബ്രാഞ്ചുകൾ മാറ്റി സ്ഥാപിക്കാനാകുകയുള്ളൂ. ജില്ലാ ബാങ്കുകൾ അവരുടെ ലൈസൻസ് ആർ.ബി.ഐ.-ക്ക് സറണ്ടർ ചെയ്യണം.

16. ലയന പദ്ധതിക്കായി സംസ്ഥാന സഹകരണ ബാങ്കിന് ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ക്രെഡിറ്റ് ഗ്യാരണ്ടി കോർപ്പറേഷന്റെ (DICGC) ക്ലിയറൻസ് കിട്ടണം.

17. സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കും ട്രഷറിയിൽ നിക്ഷേപം നടത്തിയിട്ടുണ്ടെങ്കിൽ അത് ഘട്ടം ഘട്ടമായി പിൻവലിച്ചിരിക്കണം.

18. ബാങ്ക് എന്ന പദം ഉപയോഗിച്ചുകൊണ്ട് കേരളത്തിൽ പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യാൻ പാടുള്ളതല്ല.

19. മേൽ വ്യവസ്ഥകൾ പാലിച്ചതിനു ശേഷം സംസ്ഥാന സഹകരണ ബാങ്ക് അന്തിമ അനുമതിക്കായി നബാർഡ് മുഖാന്തരം റിസർവ് ബാങ്കിനെ സമീപിക്കണം.

(ഡി) റിസർവ് ബാങ്കിന്റെ അന്തിമ അനുവാദം ലഭ്യമാകുന്ന മുറയ്ക്ക് നിലവിൽ വരുമെന്ന് പ്രതീക്ഷിക്കുന്നു.

## ശബരിമല യുവതീ പ്രവേശനം സംബന്ധിച്ച സുപ്രീംകോടതി വിധി

13 (*43) <u>ശ്രീ. കെ. ആൻസലൻ</u> :
<u>ശ്രീ. എം. സ്വരാജ്</u> :
<u>ശ്രീ. പി. ഉണ്ണി :</u>
<u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല യുവതീപ്രവേശ വിഷയത്തിൽ കേരള ഹൈക്കോടതിയുടെ 1991-ലെ വിധി പ്രകാരം നിയമപ്രാബല്യം നേടിയ ആചാരം സുപ്രീം കോടതി വിധിയോടെ തിരുത്തേണ്ടി വരുന്നത് മതവിശ്വാസത്തിലുള്ള കടന്നുകയറ്റമായി തെറ്റിദ്ധരിപ്പിച്ച് വർഗീയ ലഹളയ്ക്ക് ശ്രമിക്കുന്നവരെയും സാമൂഹ്യനീതി അട്ടിമറിക്കാൻ പരിശ്രമിക്കുന്നവരെയും തുറന്നുകാട്ടുന്നതിനും അത്തരക്കാർക്കെതിരെ ജാഗ്രത പുലർത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഭരണഘടന നൽകുന്ന മതസ്വാതന്ത്ര്യം സ്ത്രീപുരുഷന്മാർക്ക് ഒരുപോലെ ബാധകമാണെന്നിരിക്കെ സുപ്രീം കോടതി വിധിക്കെതിരെ കലാപം സംഘടിപ്പിക്കുകയും വിശ്വാസികളുടെ വീട് തകർക്കുകയും ചെയ്യുന്നവരുടെ ഇത്തരം രാജ്യദ്രോഹ നടപടികൾ തുറന്നു കാട്ടാൻ നടപടി സ്വീകരിക്കുമോ;

(സി) സുപ്രീം കോടതി വിധി നടപ്പാക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാർ സ്വീകരിച്ച നിലപാട് വിശദമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) 1991-ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധി പ്രകാരം ശബരിമലയിൽ യുവതികളായ തീർത്ഥാടകർക്ക് ദർശനം നടത്തുന്നതിന് ഏർപ്പെടുത്തിയിരുന്ന വിലക്ക് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 2018 സെപ്റ്റംബർ 28-ന് പുറപ്പെടുവിച്ച വിധിയോടെ റദ്ദായിരിക്കുകയാണ്. ഇക്കാര്യത്തിൽ സർക്കാരിന് കോടതി വിധി നടപ്പിലാക്കാൻ മാത്രമെ കഴിയുകയുള്ളൂവെന്ന വസ്തുത മറച്ചുവച്ചുകൊണ്ട് ശബരിമലയിലും സംസ്ഥാനത്താകമാനവും ആചാര സംരക്ഷണമെന്ന വ്യാജേന പ്രശ്നങ്ങൾ സൃഷ്ടിക്കാൻ ശ്രമിച്ചവർക്കെതിരെ സർക്കാർ നിയമപരമായ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. യഥാർത്ഥ ഭക്തർക്ക് ഭയാശങ്കകൾ കൂടാതെ തീർത്ഥാടനം സുഗമമാക്കുന്നതിന് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും പോലീസ് സുരക്ഷയും ഏർപ്പെടുത്തിയിട്ടുണ്ട്. ബഹു. സുപ്രീം കോടതിയുടെ വിധി അംഗീകരിക്കുന്ന സർക്കാർ നിലപാട് മതവിശ്വാസത്തിലുള്ള കടന്നുകയറ്റമായി തെറ്റിദ്ധരിപ്പിച്ച് വർഗ്ഗീയ ലഹളയ്ക്ക് ശ്രമിക്കുന്നവരെയും സാമൂഹ്യനീതി അട്ടിമറിക്കാൻ പരിശ്രമിക്കുന്നവരെയും തുറന്നുകാട്ടുന്നതിനും അത്തരക്കാർ ക്കെതിരെ ജാഗ്രത പുലർത്തുന്നതിനും ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും മറ്റും വേണ്ടത്ര പ്രചരണം നൽകിയിട്ടുണ്ട്.

(ബി) ഭരണഘടന പൗരന് നൽകുന്ന മൗലിക അവകാശങ്ങൾ യഥാവിധി മനസ്സിലാക്കാതെയും സുപ്രീംകോടതി വിധിയുടെ അന്തഃസത്ത മനസ്സിലാക്കാതെയും കലാപം നടത്തിയവരെയും വിശ്വാസികളുടെ വീടുകൾ തകർത്തവർക്കെതിരെയും മാതൃകാപരമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(സി) സുപ്രീംകോടതി വിധി നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്.

## കാലാവസ്ഥാ മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ ജലസംഭരണികൾ തുറന്നുവിട്ട നടപടി

14 (*44) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അറബിക്കടലിൽ രൂപംകൊണ്ട ന്യൂനമർദ്ദം രണ്ട് ദിവസം സംസ്ഥാനത്ത് ശക്തമായ മഴയ്ക്കുള്ള സാഹചര്യം ഒരുക്കുമെന്ന കാലാവസ്ഥാ മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ 2018 ഒക്ടോബർ ആദ്യവാരം നടത്തിയ മുന്നൊരുക്കങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ ഒക്ടോബർ 5-ാം തീയതി കക്കി, ആനത്തോട് സംഭരണികൾ തുറന്നുവിട്ടിരുന്നോ; പ്രസ്തുത അണക്കെട്ടുകൾ തുറക്കുന്ന വേളയിൽ അവയിൽ ഓരോന്നിലും ഉണ്ടായിരുന്ന ജലത്തിന്റെ ശതമാനം വ്യക്തമാക്കുമോ;

(സി) അണക്കെട്ട് തുറന്നതുമൂലം ഒരു സെക്കന്റിൽ എത്ര ഘനയടി ജലം വീതമാണ് പ്രസ്തുത ഡാമുകളിൽനിന്നും ഒക്ടോബറിൽ ഒഴുക്കിക്കളഞ്ഞതെന്ന് വ്യക്തമാക്കുമോ;

(ഡി) ആഗസ്റ്റ് മാസത്തിൽ മേല്പറഞ്ഞ അണക്കെട്ടുകൾ നിറഞ്ഞതിനുശേഷം പൊടുന്നനെ തുറന്ന് വിട്ട് റാന്നിയിലും ആറന്മുളയിലും ചെങ്ങന്നൂരിലും മഹാ പ്രളയമുണ്ടാക്കിയെന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണോ ഡാമുകളിൽ പൂർണ്ണശേഷിക്കും താഴെ ജലനിരപ്പ് ഉണ്ടായിരുന്നപ്പോൾ ഒക്ടോബർ മാസത്തിൽ ഡാം തുറക്കുന്നതിന് തീരുമാനം എടുത്തത്;

(ഇ) ആഗസ്റ്റിൽ പ്രസ്തുത ഡാമുകൾ തുറക്കുന്നതിന് മുമ്പ് ദുരന്തനിവാരണ അതോറിറ്റിയുമായി ചർച്ച നടത്തിയിരുന്നോയെന്ന് അറിയിക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): (എ) കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം പ്രവചിച്ചിരുന്ന ശക്തമായ മഴയെ തുടർന്നുള്ള അടിയന്തര സാഹചര്യം നേരിടുന്നതിനായി ആവശ്യമായ നടപടികൾ കൃത്യമായി പരിപാലിച്ചിരിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 3-10-2018-ൽ നിർദ്ദേശം നല്കിയിരുന്നു. അതിനനുസരിച്ച് കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിലുള്ള ജലസംഭരണി പ്രദേശത്തെ മഴയുടെ തോതും ജലാശയത്തിലേക്കുള്ള

നീരൊഴുക്കും സൂക്ഷ്മമായി നിരീക്ഷിച്ച് ജലാശയ നിയന്ത്രണം ഫലവത്തായി നടപ്പാക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ചീഫ് എഞ്ചിനീയർ (സിവിൽ-ഡാം സേഫ്റ്റി & ഡ്രിപ്പ്), ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, റിസർച്ച് & ഡാം സേഫ്റ്റി ഓർഗനൈസേഷൻ, പള്ളം ഓഫീസുകളിലും, മേജർ ഡാം സൈറ്റുകളിലും തുറന്നിരുന്നു.

(ബി) കക്കി റിസർവോയറിലെ രണ്ടുഡാമുകളാണ് കക്കിയും ആനത്തോടും. ആനത്തോട് ഡാമിലാണ് അധികജലം പുറത്തേയ്ക്ക് ഒഴുക്കിക്കളയുന്നതിനുള്ള സ്പിൽവേ ഗേറ്റുകൾ സ്ഥാപിച്ചിട്ടുള്ളത്. മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ 5-10-2018-ൽ ആനത്തോട് ഡാമിന്റെ ഷട്ടറുകൾ ഉയർത്തിയിരുന്നെങ്കിലും ആഗസ്റ്റ് മാസത്തിൽ ഡാമിലേക്കെത്തിയ വെള്ളത്തിൽ ഉയർന്ന ജലനിരപ്പ് വൈദ്യുതി ഉൽപാദനത്തിൽക്കൂടി ക്രമീകരിച്ചതിനെതുടർന്നും കാലാവസ്ഥാ പ്രവചനമനുസരിച്ചുള്ള തോതിലുള്ള മഴ വൃഷ്ടിപ്രദേശത്ത് ലഭിക്കാത്തതിനെ തുടർന്നും ജലനിരപ്പ് സ്പിൽവേ ലെവലിനേക്കാൾ താഴെയായതിനാൽ ജലം പുറത്തേയ്ക്ക് ഒഴുകി പോയിരുന്നില്ല.

5-10-2018-ൽ 77.32% ജലം റിസർവോയറിൽ ഉണ്ടായിരുന്നു.

(സി) അണക്കെട്ട് തുറന്നിരുന്നെങ്കിലും ജലവിതാനം സ്പിൽവേ ക്രസ്റ്റ് ലെവലിനും താഴെയായതിനാൽ ജലം പുറത്തേയ്ക്ക് ഒഴുകിയിരുന്നില്ല.

(ഡി) അല്ല. ആഗസ്റ്റ് മാസത്തിൽ വലിയ മഴയുണ്ടായതിനെ തുടർന്ന് ജലനിരപ്പ് ടി ഡാമുകളിൽ ഉയരുകയും കൃത്യമായ മുന്നറിയിപ്പ് ജില്ലാ ഭരണകൂടങ്ങൾക്ക് നൽകിയതിനുശേഷം ആഗസ്റ്റ് 9 മുതൽ തുറന്നുവിടുകയുമാണ് ചെയ്തിട്ടുള്ളത്. ആഗസ്റ്റ് മാസം മുതൽ വൈദ്യുത ഉല്പാദനം നടത്തി തുലാവർഷ മഴയുടെ വരവുംകൂടി പരിഗണിച്ച് ജലനിരപ്പ് ക്രമീകരിക്കുകയാണുണ്ടായിട്ടുള്ളത്. കേന്ദ്ര കാലാവസ്ഥാ വകുപ്പ് പുറപ്പെടുവിച്ചിരിക്കുന്ന ന്യൂനമർദ്ദ മുന്നറിയിപ്പ് പരിഗണിച്ച് ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദ്ദേശമനുസരിച്ചാണ് ഡാമിന്റെ ഷട്ടറുകൾ തുറക്കാൻ തീരുമാനിച്ചത്.

(ഇ) കേരളത്തിലെ എല്ലാ ഡാമുകളും തുറന്നതും ജലം ഒഴുക്കിവിട്ടതും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സമ്മതത്തോടെയാണ്. കൂടാതെ ആഗസ്റ്റ് 2018-ൽ കക്കി റിസർവോയറിന്റെ ഭാഗമായ ആനത്തോട് ഡാം തുറക്കുന്നതിനുമുമ്പ് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർമാൻകൂടിയായ പത്തനംതിട്ട ജില്ലാ കളക്ടറെ അറിയിക്കുകയും അദ്ദേഹത്തിന്റെ അനുമതിയോടുകൂടിയുമാണ് ഡാം തുറന്നത്.

## പ്രളയത്തിൽ വൈദ്യുത നിലയങ്ങൾക്കുണ്ടായ നഷ്ടം

15 (*45) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ സംസ്ഥാനത്തെ വൈദ്യുത നിലയങ്ങൾക്കുണ്ടായ നഷ്ടം എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഏതെല്ലാം വൈദ്യുത പദ്ധതികളാണ് പ്രവർത്തനരഹിതമായത്;

(സി) ഇവ പ്രവർത്തനക്ഷമമാക്കുന്നതിന് എന്ത് തുക വേണ്ടിവരുമെന്നാണ് കണക്കാക്കുന്നതെന്ന് അറിയിക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) :(എ) ഏകദേശം 81 കോടിയോളം രൂപയുടെ നഷ്ടം ജനറേറ്റിംഗ് സ്റ്റേഷനുകൾക്ക് ഉണ്ടായിട്ടുണ്ട്. കൂടാതെ ഇവ പ്രവർത്തനരഹിതമായതുമൂലം 400 മെഗാവാട്ട് കുറവ് വരികയും അതിൻപ്രകാരം ഏകദേശം 472 കോടി രൂപയുടെ നഷ്ടമുണ്ടാവുകയും ചെയ്തിട്ടുണ്ട്.

(ബി) കെ.എസ്.ഇ.ബി.-യുടെ നിയന്ത്രണത്തിലുള്ള ലോവർ പെരിയാർ, ഇടമലയാർ, പെരിങ്ങൽക്കുത്ത്, പെരിങ്ങൽക്കുത്ത് ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷൻ, പന്നിയാർ തുടങ്ങി അഞ്ച് പ്രധാന ജലവൈദ്യുത പദ്ധതികൾക്കും, വെള്ളത്തൂവൽ, റാന്നി-പെരുനാട്, ആഢ്യൻപാറ ബാരാപോൾ, ചെമ്പുകടവ് II, മാട്ടുപെട്ടി, പെരുന്തേനരുവി, ലോവർ മീൻമുട്ടി, പീച്ചി, ചിമ്മിനി, ഉറുമി II, വിലങ്ങാട്, പൂഴിത്തോട്, മലമ്പുഴ തുടങ്ങിയ 14 ചെറുകിട ജലവൈദ്യുത പദ്ധതികൾക്കും പ്രസ്തുത പ്രളയത്തിനും തുടർന്നുണ്ടായ ഉരുൾപൊട്ടലിലും കാര്യമായ നാശനഷ്ടം സംഭവിച്ചിരുന്നു. കൂടാതെ പള്ളിവാസൽ, മൂലമറ്റം, കക്കയം മുതലായ പദ്ധതി പ്രദേശങ്ങളിൽ മണ്ണിടിച്ചിലും മലവെള്ളപ്പാച്ചിലുംമൂലമുണ്ടായ നാശനഷ്ടങ്ങളും ഉണ്ടായിട്ടുണ്ട്. കൂടാതെ നിർമ്മാണത്തിലിരിക്കുന്ന തോട്ടിയാർ പദ്ധതിക്കുവേണ്ടി ഇറക്കുമതി ചെയ്ത് സൂക്ഷിച്ചിരുന്ന ഉപകരണങ്ങളും മറ്റും വെള്ളത്തിൽ മുങ്ങിയ അവസ്ഥയുമുണ്ടായി.

എനർജി മാനേജ്മെന്റ് സെന്ററിന്റെ നിയന്ത്രണത്തിലുള്ളതും സ്വകാര്യ മേഖലയിൽ ബൂട്ട് അടിസ്ഥാനത്തിൽ നടപ്പിലാക്കിയതും തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കിയതുമായ ചെറുകിട ജലവൈദ്യുത പദ്ധതികളായ ഇരുട്ടുകാനം, ആനക്കാംപോയിൽ, അരിപ്പാറ, ദേവിയാർ മൈക്രോ ഹൈഡ്രോ, കല്ലാർ, മണിയാർ ടെയിൽ റേസ്, അള്ളുങ്കൽ, കാരിക്കയം, കുത്തുങ്കൽ എന്നീ പദ്ധതികൾക്കും നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.

(സി) കെ.എസ്.ഇ.ബി.-യുടെ പദ്ധതികൾ പ്രവർത്തനക്ഷമമാക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 80.85 കോടി രൂപ ആവശ്യമായി വരുമെന്ന് കണക്കാക്കിയിട്ടുണ്ട്.

എനർജി മാനേജ്മെന്റ് സെന്റർ സ്വകാര്യ മേഖലയിലൂടെ അനുവദിച്ച പവർ ഹൗസുകളിൽ ഏകദേശം 20/25 അടി പൊക്കത്തിൽ ടർബയിൻ നിലത്തിൽ കല്ലും മണ്ണും വന്ന് നിറഞ്ഞത് മാറ്റിക്കൊണ്ടിരിക്കുന്നതേയുള്ളൂ. ഈ പദ്ധതികളെല്ലാം ഇൻഷ്വർ ചെയ്യുന്നതും സ്വകാര്യ മേഖലയിലുള്ള കമ്പനിക്കാർ നേരിട്ട് നടത്തുന്നതുമാണ്. സിവിൽ വർക്കുകൾ കൂടാതെ കേടായ കൺട്രോൾ പാനലുകളും കേബിളുകളും മാറ്റേണ്ടതാണ്. ടർബയിനുകളുടെ കേടുപാടുകൾ തീർക്കുകയും ജനറേറ്ററിന്റെ ക്ലീനിംഗ്, വൈന്റിംഗ് മാറ്റുക മുതലായ ജോലികളുമുണ്ട്. ഏകദേശം ഒരു MW-ന് രണ്ടുകോടി രൂപ എന്ന നിരക്കിൽ ചെലവ് വരുമെന്ന് കണക്കാക്കാവുന്നതാണ്. ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 50KW-ന്റെ കല്ലാർ മൈക്രോ ജലവൈദ്യുത പദ്ധതി ഏതാണ്ട് പൂർണ്ണമായും നശിച്ച നിലയിലാണ്. പവർ ഹൗസ് ഇരുന്ന സ്ഥലം തന്നെ ഉരുൾപൊട്ടലിൽ ഒലിച്ചുപോയി. ഈ പദ്ധതി പുതുക്കി പണിയുന്നതിന് ഏകദേശം 75 ലക്ഷം രൂപയാണ് പഞ്ചായത്ത് വകയിരുത്തിയിരിക്കുന്നത്.

**പ്രളയംമൂലം ഊർജ്ജ മേഖലയിലുണ്ടായിട്ടുള്ള പ്രതിസന്ധി**

16 (*46) ശ്രീ. എം. സ്വരാജ് :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. വി. ജോയി :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ ദുരന്തത്തിന്റെ ഫലമായി സംസ്ഥാനത്തെ ഊർജ്ജ മേഖലയിലുണ്ടായിട്ടുള്ള പ്രതിസന്ധികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) വൈദ്യുതോല്പാദന രംഗത്തും വിതരണ രംഗത്തും പ്രളയംമൂലമുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്രളയ പ്രതിസന്ധി മറികടക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ എന്തെല്ലാം പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കിയത്;

(ഡി) വൈദ്യുതി മേഖലയിലെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും സമയബന്ധിതമായി പൂർത്തീകരിക്കാനും പ്രത്യേക ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ചിരുന്നോ; വിശദാംശം നൽകുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) : (എ) പ്രളയദുരന്തത്തിന്റെ ഫലമായി സംസ്ഥാനത്ത് ഉല്പാദനം, പ്രസരണം വിതരണം എന്നീ മേഖലകളിലെ നാശനഷ്ടങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

ഉല്പാദനരംഗം:

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിലുള്ള ലോവർ പെരിയാർ, ഇടമലയാർ, പെരിങ്ങൽക്കുത്ത്, പെരിങ്ങൽക്കുത്ത് ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷൻ, പന്നിയാർ തുടങ്ങി 5 പ്രധാന ജലവൈദ്യുത പദ്ധതികൾക്കും, വെള്ളത്തൂവൽ, റാന്നി പെരുനാട്, ആഢ്യൻപാറ, ബാരാപോൾ, ചെമ്പുക്കടവ്-II, മാട്ടുപ്പെട്ടി, പെരുന്തേനരുവി, ലോവർ മീൻമുട്ടി, പീച്ചി, ചിമ്മിനി, ഉറുമി-II, വിലങ്ങാട്, പൂഴിത്തോട്, മലമ്പുഴ തുടങ്ങി 14 ചെറുകിട ജലവൈദ്യുത പദ്ധതികൾക്കും കാര്യമായ നാശനഷ്ടം സംഭവിച്ചിരിക്കുന്നു.

തന്മൂലം കേരളത്തിന് വൈദ്യുതി ലഭ്യത ആ കാലയളവിൽ 400 മെഗാവാട്ട് കുറവ് വരികയുണ്ടായി. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു *.

പ്രളയക്കെടുതിയെത്തുടർന്ന് പ്രസരണ രംഗത്ത് 50 സബ്സ്റ്റേഷനുകളുടെ പ്രവർത്തനം പൂർണ്ണമായോ ഭാഗികമായോ തടസ്സപ്പെട്ടിരുന്നു. ഇവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. വൈദ്യുതിയുടെ ലഭ്യതയിൽ ഏകദേശം 684.9 MW കുറവുണ്ടായിരുന്നു. കൂടാതെ പ്രസരണ ശൃംഖലയിലെ വിവിധ സബ്സ്റ്റേഷനുകളും പ്രസരണലൈനുകളും "സ്വിച്ച് ഓഫ്" ചെയ്യേണ്ടി വന്നിട്ടുണ്ട്.

പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, ഇടുക്കി, തൃശ്ശൂർ, വയനാട് എന്നീ ജില്ലകളെയാണ് പ്രളയം കൂടുതലായി ബാധിച്ചത്. പ്രളയത്തെ നേരിടുമ്പോൾ പ്രധാന വെല്ലുവിളി മനുഷ്യർക്കും മറ്റു മൃഗങ്ങൾക്കും ഉണ്ടാകാൻ സാധ്യതയുള്ള അപകടങ്ങൾ ഒഴിവാക്കുക എന്നതായിരുന്നു. കെ.എസ്.ഇ.ബി.-യിലെ വിവിധ ഇലക്ട്രിക്കൽ സെക്ഷനുകളിലായി 1700 വിതരണ ട്രാൻസ്ഫോർമറുകൾ പ്രളയജലത്തിൽ മുങ്ങുകയും കേടുപാടുകൾ സംഭവിക്കുകയും ചെയ്തിരുന്നു. പതിനായിരത്തിൽപ്പരം ട്രാൻസ്ഫോർമറുകൾ അപകട സാധ്യത

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മുന്നിൽക്കണ്ടുകൊണ്ട് താൽക്കാലികമായി സ്വിച്ച് ഓഫ് ചെയ്തു. 16158 ട്രാൻസ്ഫോർമറുകളുടെ കീഴിൽ വൈദ്യുതി വിതരണം തടസ്സപ്പെട്ടിരുന്നു. ആകെ 25.60 ലക്ഷം ഉപഭോക്താക്കൾക്ക് വൈദ്യുതി തടസ്സം നേരിട്ടു. വൈദ്യുതി പുനഃസ്ഥാപിക്കുന്നതിനായി 1735 വിതരണ ട്രാൻസ്ഫോർമറുകളും 5275.80 km വിതരണ ലൈനുകളും മാറ്റി സ്ഥാപിക്കേണ്ടി വന്നു. പ്രളയജലത്തിന്റെ കുത്തൊഴുക്കിൽ ഒരു ലക്ഷത്തിൽപ്പരം പോസ്റ്റുകൾക്ക് കാര്യമായ കേടുപാടുകൾ സംഭവിച്ചു. ഉദ്ദേശം മൂന്നുലക്ഷം സിംഗിൾ ഫേസ് വൈദ്യുതി മീറ്ററുകൾക്കും അമ്പതിനായിരത്തിൽപ്പരം ത്രീഫേസ് വൈദ്യുത മീറ്ററുകൾക്കും പ്രളയത്തെ തുടർന്ന് കേടുപാട് സംഭവിച്ചു. ഏകദേശം മൂന്നുലക്ഷം വീടുകളുടെ വയറിംഗിന് പൂർണ്ണമായോ ഭാഗികമായോ നാശം സംഭവിച്ചു. വിതരണ വിഭാഗത്തിൽ പ്രളയംമൂലമുള്ള പ്രാഥമിക നാശനഷ്ടങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

പ്രളയത്തെത്തുടർന്ന് വൈദ്യുതി ഉൽപ്പാദനത്തിൽ 400 മെഗാവാട്ട് കുറവു വന്നിരുന്നു. ഇതേ കാലയളവിൽ മറ്റ് സംസ്ഥാനങ്ങളിൽ കൽക്കരിയുടെ ലഭ്യതയിൽ വന്ന കുറവ് പ്രശ്നം കൂടുതൽ രൂക്ഷമാക്കി. വൈദ്യുതി ഉൽപ്പാദനത്തിലും ലഭ്യതയിലും വന്ന കുറവ് സംസ്ഥാനത്ത് ഭാഗികമായി വൈദ്യുത നിയന്ത്രണം ഏർപ്പെടുത്താൻ ഇടയാക്കി. പ്രശ്നങ്ങൾ താൽക്കാലികമായെങ്കിലും പരിഹരിക്കുന്നതിനായി വൈദ്യുത കമ്പോളത്തിൽനിന്ന് വളരെ ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങാൻ കെ.എസ്.ഇ.ബി. നിർബന്ധിതരായി. പ്രളയത്തെത്തുടർന്ന് വൈദ്യുത ഉത്പാദന-പ്രസരണ-വിതരണ രംഗങ്ങളിൽ സംഭവിച്ച കേടുപാടുകളെ തുടർന്ന് ഉപഭോക്താക്കൾക്ക് ആവശ്യാനുസരണം വൈദ്യുതി എത്തിക്കാൻ ആകാത്തതുകാരണം വൈദ്യുതച്ചാർജ്ജിനത്തിൽ കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് 472.10 കോടി രൂപയുടെ വരുമാന നഷ്ടമുണ്ടായതായി കണക്കാക്കുന്നു. ഇതിനു പുറമേ പ്രളയത്തെത്തുടർന്ന് കെ.എസ്.ഇ.ബി.-യുടെ വിവിധ കെട്ടിടങ്ങൾക്കും കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

ഇ.എം.സി.-യുടെ നിയന്ത്രണത്തിൽ സ്വകാര്യ മേഖലയിലും തദ്ദേശഭരണ മേഖലയിലുമുള്ള ഇരുട്ടുകാനം, ആനക്കാംപോയിൽ, അരിപ്പാറ, ദേവിയാർ മൈക്രോ ഹൈഡ്രോ, കല്ലാർ, മണിയാർ ടെയിൽ റേസ്, അള്ളുങ്കൽ, കാരിക്കയം, കുത്തുങ്കൽ എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികൾക്കും വലിയ കേടുപാടുകൾ പറ്റുകയുണ്ടായി. മണ്ണും കല്ലും മാറ്റി അറ്റകുറ്റപ്പണികൾ, നവീകരണം എന്നിവ നടത്തി പുനരുജ്ജീവിപ്പിക്കുന്നതിന് ഏകദേശം 6 മാസം മുതൽ ഒരു വർഷം വരെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സമയമെടുക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഈ മേഖലയിൽ ഏകദേശം 67.5 MW സ്ഥാപിതശേഷിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾക്കാണ് നാശനഷ്ടം സംഭവിച്ചിരിക്കുന്നത്. ഏകദേശം ഒരു വർഷക്കാലത്തേയ്ക്ക് ഈ പദ്ധതികളിൽനിന്ന് കിട്ടുമായിരുന്ന ഏകദേശം 200 Mu (35% PLF കണക്കാക്കി) വൈദ്യുതി ഉല്പാദനമാണ് നഷ്ടപ്പെടുന്നത്.

(ബി) വൈദ്യുതോൽപ്പാദന രംഗത്തും വിതരണ രംഗത്തും നാശനഷ്ടങ്ങൾ വിലയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു *.

പ്രസരണ രംഗത്ത് 29.7713 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

പ്രളയംമൂലം 16-8-2018-ൽ എറണാകുളം ജില്ലയിലെ ഇടയാർ 1.25 മെഗാവാട്ട് സൗരോർജ്ജ നിലയത്തിൽ വെള്ളം കയറി ഏകദേശം 25 ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായതായി വിലയിരുത്തുന്നു.

എനർജി മാനേജ്മെന്റ് സെന്ററിന്റെ നിയന്ത്രണത്തിൽ സ്വകാര്യ മേഖലയിൽ ബൂട്ട് അടിസ്ഥാനത്തിൽ നടപ്പിലാക്കിയതും തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കിയതുമായ ഇരുട്ടുകാനം, ആനക്കാംപോയിൽ, അരിപ്പാറ, ദേവിയാർ മൈക്രോ ഹൈഡ്രോ, കല്ലാർ, മണിയാർ ടെയിൽ റേസ്, അള്ളുങ്കൽ, കാരിക്കയം, കുത്തുങ്കൽ എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികൾക്കും നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.

(സി&ഡി) പ്രളയക്കെടുതിയിൽ പ്രതിഷ്ഠാപനങ്ങൾക്ക് ഉണ്ടായ കേടുപാടുകൾ തീർത്ത് പ്രളയ പൂർവ്വസ്ഥിതി കൈവരിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ വൈദ്യുതി പുനഃസ്ഥാപിക്കാനായി മിഷൻ റീകണക്ട് എന്ന പേരിൽ പ്രത്യേക ദൗത്യ പദ്ധതി രൂപീകരിച്ചു. തുടർന്ന് വൈദ്യുതി പുനഃസ്ഥാപനം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനായി സംസ്ഥാനതലത്തിലും സർക്കിൾ, സെക്ഷൻ തലങ്ങളിലും കർമ്മസേനകളെ നിയോഗിച്ചു. ആഗസ്റ്റ് മാസം അവസാനത്തോടുകൂടി തന്നെ പ്രളയജലം പിൻവാങ്ങിയ എല്ലാ പ്രദേശങ്ങളിലുമുള്ള വാസയോഗ്യമായ കെട്ടിടങ്ങളിൽ താൽക്കാലിക മാർഗ്ഗങ്ങളിലൂടെയെങ്കിലും വൈദ്യുതി പുനഃസ്ഥാപിക്കുക എന്നതായിരുന്നു കർമ്മ സേനകളുടെ ലക്ഷ്യം. 20 ലക്ഷം വരെയുള്ള സാധനങ്ങൾ വാങ്ങുവാനുള്ള അധികാരം ചീഫ് എഞ്ചിനീയർമാർക്കും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും നൽകിയും ഇ-ടെണ്ടർ നടപടികൾ ഒഴിവാക്കിയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭാഗമായി വാങ്ങിയ സാധന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സാമഗ്രികൾ പ്രളയവുമായി ബന്ധപ്പെട്ടുണ്ടായ വൈദ്യുതി തടസ്സം പരിഹരിക്കുന്നതിനായി ഉപയോഗിക്കുന്നതിനുള്ള ഉത്തരവുകൾ നൽകിയും സാധന സാമഗ്രികളുടെയും വാഹനങ്ങളുടെയും ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തു. വൈദ്യുതി മേഖലയിലെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും സമയബന്ധിതമായി പൂർത്തീകരിക്കാനും പ്രത്യേക ടാസ്ക്ഫോഴ്സുകൾ രൂപീകരിച്ചു. പ്രളയബാധിത പ്രദേശങ്ങളിലെ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ഓരോ ജില്ലയുടെയും ഉത്തരവാദിത്വം ഓരോ ചീഫ് എഞ്ചിനീയർമാരെ ഏൽപ്പിക്കുകയുണ്ടായി. പ്രളയം കൂടുതലായി ബാധിച്ച ജില്ലകളിലെ ഇലക്ട്രിക്കൽ സർക്കിളുകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ സർക്കിൾ തലത്തിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ സെക്ഷൻ തലത്തിലും കർമ്മ സേന രൂപീകരിക്കുകയും, ഇവരുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന സംസ്ഥാനതല കർമ്മസേന ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ രൂപീകരിക്കുകയും ചെയ്തിരുന്നു. ഉപഭോക്താക്കളെയും കോൺട്രാക്ടർമാരെയും വയർമാൻമാരെയും മറ്റ് സന്നദ്ധ സംഘടനകളെയും ഉൾക്കൊള്ളിച്ചാണ് സെക്ഷൻ തലത്തിൽ കർമ്മസേന രൂപീകരിച്ചത്. പരമാവധി ജലവൈദ്യുത പദ്ധതികൾ പ്രവർത്തനക്ഷമമാക്കുക, പ്രസരണ രംഗത്തെ സബ്സ്റ്റേഷനുകളിലും പ്രസരണ ഇടനാഴികളിലും അവശ്യ അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനക്ഷമമാക്കുക എന്നതുമായിരുന്നു ഉത്പാദന-പ്രസരണ-വിതരണ മേഖലകളിലെ സേനകളുടെ ദൗത്യം. ചുരുങ്ങിയ സമയത്തിനുള്ളിൽ ഇവ പൂർത്തീകരിക്കാൻ കഴിഞ്ഞു. ദുരന്തകാലയളവിൽ ദുരിതാശ്വാസ ക്യാമ്പുകളിലും കെ.എസ്.ഇ.ബി. ഓഫീസുകളിലും മറ്റ് പൊതുസ്ഥലങ്ങളിലും മൊബൈൽ റീ ചാർജ്ജിംഗ് സംവിധാനം ഏർപ്പെടുത്തി. പ്രളയജലംമൂലം പല കെട്ടിടങ്ങളിലെയും നിലവിലെ വൈദ്യുതി പ്രതിഷ്ഠാപനങ്ങൾ ഉപയോഗശൂന്യമായ സാഹചര്യത്തിൽ അവശ്യ വൈദ്യുത ഉപകരണങ്ങൾ പ്രവർത്തിക്കാനാകുംവിധം താൽക്കാലിക സംവിധാനം ഏർപ്പെടുത്തിയിരുന്നു.

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് മുഖേന പ്രളയബാധിത പ്രദേശങ്ങളിലേയ്ക്ക് മടങ്ങിയ ജനങ്ങളുടെ അറിവിലേയ്ക്കായി വേണ്ട വൈദ്യുത സുരക്ഷാ നിർദ്ദേശങ്ങൾ പത്ര-ശ്രവ്യ മാധ്യമങ്ങൾ, Pamphlet-കൾ എന്നിവ വഴി നൽകുകയും ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ സന്ദേശം ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുകയും ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റുകൾ വഴി അതത് ജില്ലകളിലെ വൈദ്യുത ഉപഭോക്താക്കളുടെ പ്രതിഷ്ഠാപനങ്ങൾ സുരക്ഷിതമാണോയെന്ന് പരിശോധിച്ച് വൈദ്യുതബന്ധം പുനഃസ്ഥാപിക്കാൻ

നടപടികൾ സ്വീകരിക്കുകയും ചെയ്തു. സംസ്ഥാന ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ ശ്രമഫലമായി All India Electrical Inspectorate Federation-ഉം ഗുജറാത്ത് Electrical Inspectorate Department-ഉം ചേർന്ന് 16 ലക്ഷം രൂപയുള്ള ELCB-കൾ ലഭ്യമാക്കി. ജില്ലകളിലെ കർമ്മ പദ്ധതികൾ ദ്രുതഗതിയിൽ പൂർത്തീകരിക്കുന്നതിനായി എല്ലാ ജില്ലകൾക്കും ഒരു ലക്ഷം രൂപ നൽകുകയും കർമ്മ പദ്ധതി ത്വരിതപ്പെടുത്തുകയും ചെയ്തു. ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, വയനാട്, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിലെ പ്രളയ ബാധിത പ്രദേശങ്ങളിലെ പൂർണ്ണ/ഭാഗികമായി മുങ്ങിയ വീടുകളിൽ ELCB ഉൾപ്പെടെ സ്ഥാപിച്ച് വൈദ്യുതബന്ധം പുനഃസ്ഥാപിച്ചു.

സുരക്ഷിതമായി വൈദ്യുതബന്ധം പുനഃസ്ഥാപിക്കുന്നതിനായി 'ഓപ്പറേഷൻ സുരക്ഷ' എന്ന കർമ്മ പദ്ധതി ആരംഭിച്ചു. KELCON വയർമാൻ അസോസിയേഷൻ, ഗവൺമെന്റ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ, പോളിടെക്നിക് & എഞ്ചിനീയറിംഗ് കോളേജുകൾ എന്നിവരുടെ സഹകരണത്തോടെ ദ്രുതകർമ്മ സേന രൂപീകരിച്ച് പൂർണ്ണമായ വൈദ്യുത ബന്ധം വിച്ഛേദിക്കപ്പെട്ട 10000-ത്തോളം വീടുകളിൽ വൈദ്യുത ബന്ധം പുനഃസ്ഥാപിച്ചു.

### ശബരിമല വനഭൂമിയുടെ ലഭ്യത

17 (*47) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. എം. വിൻസെന്റ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ യുവതീപ്രവേശനത്തിന് ഉണ്ടായിരുന്ന നിയന്ത്രണം സുപ്രീംകോടതി എടുത്തുകളഞ്ഞ സാഹചര്യത്തിൽ കൂടുതൽ വനഭൂമി വിട്ടുനൽകണമെന്ന് വനം വകുപ്പിനോട് ദേവസ്വം ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വനം വകുപ്പിന്റെ ഇതുസംബന്ധിച്ചുള്ള പ്രതികരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പെരിയാർ കടുവ സങ്കേതത്തിന്റെ ഭാഗമായ ശബരിമലയിൽനിന്ന് വനഭൂമി വിട്ട് നൽകുന്നതിന് ദേശീയ വന്യജീവി സംരക്ഷണ ബോർഡ്, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം, ദേശീയ കടുവാ സംരക്ഷണ അതോറിറ്റി എന്നിവയുടെ അനുമതി ആവശ്യമാണോ;

(ഡി) സംരക്ഷിത വനമേഖലയായിട്ടുള്ള ശബരിമലയിലെ ജൈവ സമ്പത്തിന്റെ ആരോഗ്യപരമായ നിലനില്പിന് തീർത്ഥാടക നിയന്ത്രണം ആവശ്യമാണെന്ന് വനം വകുപ്പ് അറിയിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം കൊണ്ടുവരുവാൻ സർക്കാരോ ദേവസ്വം ബോർഡോ ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :(എ) ശബരിമലയിൽ യുവതീപ്രവേശനം അനുവദിച്ചുകൊണ്ടുള്ള 28-10-2018-ലെ ബഹു. സുപ്രീംകോടതി വിധി വരുന്നതിന് മുമ്പായി ശബരിമലയുടെ സമഗ്ര വികസനത്തിനായി ദേവസ്വം ബോർഡിന് 500 ഏക്കർ വനഭൂമി അനുവദിക്കണമെന്ന് 24-10-2018-ൽ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) ഭൂമി അനുവദിക്കുന്നതിനുള്ള അനുകൂലമായ പ്രതികരണം നാളിതുവരെ ഉണ്ടായിട്ടില്ല.

(സി) വനഭൂമി വിട്ടുനൽകുന്നതിന് ദേശീയ വന്യജീവി സംരക്ഷണ ബോർഡ്, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം, ദേശീയ കടുവാ സംരക്ഷണ അതോറിറ്റി എന്നിവയുടെ അനുമതി ആവശ്യമാണ്.

(ഡി) തീർത്ഥാടക നിയന്ത്രണം ആവശ്യമാണെന്ന് വനം വകുപ്പ് അറിയിച്ചിട്ടില്ല.

(ഇ) തീർത്ഥാടക നിയന്ത്രണം കൊണ്ടുവരാൻ ആലോചിക്കുന്നില്ല. ശബരിമലയിൽ എത്തുന്ന എല്ലാ തീർത്ഥാടകർക്കും ദർശനം സാധ്യമാക്കുന്നതിനുള്ള നടപടികളാണ് സർക്കാരും ദേവസ്വം ബോർഡും കൈക്കൊള്ളുന്നത്.

**കിഫ്ബിയുടെ ധനസമാഹരണം**

18 (*48) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനിൽ അക്കര : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിന് പുറമെനിന്ന് വിവിധ മാർഗ്ഗങ്ങളിലൂടെ ധനസമാഹരണം നടത്തി, സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയിൽ അഞ്ച് വർഷം കൊണ്ട് 50000 കോടി രൂപയുടെ വികസനം ലക്ഷ്യമാക്കിയുള്ള പദ്ധതി സർക്കാർ തലത്തിൽ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇതിനകം എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളത്;

(സി) കിഫ്ബി ധനസമാഹരണത്തിനായി ജനറൽ ഒബ്ലിഗേഷൻ ബോണ്ട്, ലാൻഡ് ബോണ്ട്, മസാല ബോണ്ട് എന്നിവ പുറപ്പെടുവിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; അതിന് റിസർവ് ബാങ്കിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ;

(ഡി) കിഫ്ബിക്ക് ദീർഘകാല വായ്പ ലഭ്യമാക്കുന്നതിന് ഏതൊക്കെ ബാങ്കുകളാണ് മുന്നോട്ട് വന്നിട്ടുള്ളത്; വിശദാംശം നൽകുമോ;

(ഇ) നബാർഡിൽനിന്നും കിഫ്ബിക്ക് ഇതിനകം എന്ത് തുകയാണ് അനുവദിച്ചത്; പ്രസ്തുത തുക ഏതൊക്കെ പദ്ധതികളിലാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :(എ) ബഡ്ജറ്റിനുപുറമെനിന്നും വിവിധ മാർഗ്ഗങ്ങളിലൂടെയുള്ള ധനസമാഹരണം വഴി സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ മേഖലയിൽ 5 വർഷംകൊണ്ട് 50,000 കോടി രൂപയുടെ വികസനമാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട പദ്ധതികൾ കിഫ്ബി വഴിയാണ് നടപ്പിലാക്കി വരുന്നത്. ഇതിൽ 39,707.73 കോടി രൂപയുടെ അടങ്കൽ വരുന്ന പദ്ധതികൾക്ക് കിഫ്ബി ഇതിനോടകം നിർവ്വഹണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികളുടെ പുരോഗതി നിരന്തരമായി വിലയിരുത്തി വരുന്നു. പ്രസ്തുത വികസന ലക്ഷ്യത്തിന്റെ ഭാഗമായ പദ്ധതികളുടെ അംഗീകാരം, നിർവ്വഹണം മുതലായവ കിഫ്ബിയും ബന്ധപ്പെട്ട വകുപ്പു സെക്രട്ടറിമാരുമായി നടത്തിവരുന്ന പ്രതിമാസ അവലോകന യോഗങ്ങൾ വഴി വിലയിരുത്തുന്നു. ഇതിന്റെ ഫലമായി കിഫ്ബി ഏർപ്പെടുത്തിയിട്ടുള്ള നൂതന സാങ്കേതിക സംവിധാനങ്ങൾ പ്രയോജന പ്പെടുത്തുന്നതിനുള്ള പരിശീലനങ്ങളും പദ്ധതി നിർവ്വഹണം തടസ്സരഹിതമായി നടത്തുന്നതിനുള്ള നിർദ്ദേശങ്ങളും നിർവ്വഹണ ഏജൻസികൾക്ക് കിഫ്ബി വഴി നൽകുന്നു. പദ്ധതി നിർവ്വഹണ പുരോഗതി സംബന്ധിച്ച വിവരങ്ങളും കിഫ്ബിയുടെ വെബ്സൈറ്റ് വഴി ലഭ്യമാണ്. പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് ത്വരിതപ്പെടുത്താൻ പ്രത്യേക താത്കാലിക സ്ഥലമെടുപ്പ് യൂണിറ്റുകൾ ആരംഭിക്കാനുള്ള നടപടികളും പുരോഗമിക്കുന്നു. ആവശ്യമായ ഘട്ടങ്ങളിൽ കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട നിയോജകമണ്ഡലങ്ങളിലെ ബഹുമാനപ്പെട്ട എം.എൽ.എ.-മാരുമായും കൂടിയാലോചനകൾ നടത്തിവരുന്നു. ടി പ്രക്രിയകളുടെ ഫലമായി കിഫ്ബി

നാളിതുവരെ അംഗീകാരം നൽകിയ പദ്ധതികളുടെ നിർവ്വഹണ കാര്യത്തിൽ ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതികളുടെ കൃത്യമായ ആസൂത്രണം, സമയബന്ധിതമായ നിർവ്വഹണക്രമം, SPV സംവിധാനം വഴിയുള്ള ചിട്ടയായ നിർവ്വഹണം, തടസ്സരഹിതമായ ധനലഭ്യത, ആസൂത്രിതമായ തിരിച്ചടവ് സംവിധാനം എന്നിവയിലൂടെ കിഫ്ബി വഴിയുള്ള പ്രഖ്യാപിത അടിസ്ഥാന സൗകര്യവികസന ലക്ഷ്യം സാക്ഷാത്കരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) നാളിതുവരെ 39,707.73 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്.

(സി) വിദേശ നിക്ഷേപത്തിലൂടെയുള്ള ധനസമാഹരണത്തിന്റെ ആദ്യഘട്ടമായി സിംഗപ്പൂർ, യു. കെ. എന്നീ വിദേശ രാജ്യങ്ങളിൽ മസാല ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിനായി കിഫ്ബിയുടെ മുപ്പത്തിയൊന്നാമത് ബോർഡ് യോഗം തീരുമാനിക്കുകയും ആക്സിസ് ബാങ്കിനെ അഡ്വൈസറായി നിയമിക്കുകയും ചെയ്തു. മസാല ബോണ്ട് പുറപ്പെടുവിക്കുന്നതിന്റെ തുടർ നടപടികൾക്കായി DLA Piper, Cyril Amarchand Mangal Das, HSBC എന്നിവരെ യഥാക്രമം International Legal Counsel, Domestic Legal Counsel, Trustee എന്നീ സ്ഥാനങ്ങളിലും Fitch, S&P എന്നീ ഏജൻസികളെ റേറ്റിംഗ് ഏജൻസികളായും നിയമിച്ചു. മസാല ബോണ്ടുകൾവഴി മൂന്ന് വർഷക്കാലയളവിൽ 5,000 കോടി രൂപ സമാഹരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിൽ 2,672.80 കോടി രൂപ സമാഹരിക്കുന്നതിനുള്ള പ്രാഥമികാനുമതി റിസർവ് ബാങ്കിൽനിന്ന് ലഭിച്ചിട്ടുണ്ട്. ഇതിനുപുറമെ കിഫ്ബിയുടെ ആഭിമുഖ്യത്തിൽ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡ് എന്ന പേരിൽ ഒരു അസറ്റ് മാനേജ്മെന്റ് കമ്പനി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്പനിയിലൂടെ സെബി/റിസർവ് ബാങ്ക് അംഗീകാരമുള്ള നൂതന ധനസമാഹരണ മാർഗ്ഗങ്ങളായ AIF, InVIT, IDF എന്നിവ പ്രയോജനപ്പെടുത്താനുമുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. കിഫ്ബി കെ.എസ്.എഫ്.ഇ.-യുടെ ആഭിമുഖ്യത്തിൽ പ്രവാസി ചിട്ടി പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. കൂടാതെ വിവിധ ബാങ്കുകളും കിഫ്ബിക്ക് ആവശ്യമായ ദീർഘകാല വായ്പകൾ ലഭ്യമാക്കാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. നിശ്ചിതമായ നിർവ്വഹണ സമയക്രമത്തോടെ കിഫ്ബി പദ്ധതികൾ അംഗീകരിക്കപ്പെടുന്നതിനാൽ നിർവ്വഹണ പുരോഗതി പ്രകാരമാണ് കിഫ്ബി ആവശ്യമായ ധനസമാഹരണം നടത്തുന്നത്. കിഫ്ബിയുടെ പദ്ധതിശ്രേണി, നിർവ്വഹണക്രമം, റേറ്റിംഗ് മുതലായവ മികച്ചതായതിനാൽ ആവശ്യാനുസരണമുള്ള ധനസമാഹരണം അനായാസം സാധ്യമാണ്.

(ഡി) 25-4-2017-ൽ കൂടിയ കിഫ്ബിയുടെ 7-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ബാങ്കുകളിൽനിന്നും 1000 കോടിരൂപയുടെ ദീർഘകാല വായ്പ സ്വീകരിക്കാൻ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ദേശസാൽകൃത ബാങ്കുകളിൽനിന്നും ദർഘാസുകൾ സ്വീകരിക്കുകയും ചെയ്തു. തുടർന്ന് വിവിധ ബാങ്കുകളിൽനിന്നും ലഭ്യമായ ദർഘാസുകൾ കിഫ്ബിയുടെ 9-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗവും 33-ാമത് ബോർഡ് യോഗവും വിലയിരുത്തുകയും നിലവിൽ അനുമതി നൽകിയ 1000 കോടി രൂപയ്ക്കു പകരം 3000 കോടി രൂപ വായ്പയായി സ്വീകരിക്കുന്നതിന് ബോർഡ് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ കിഫ്ബിക്ക് ദീർഘകാല വായ്പ ലഭ്യമാക്കുവാൻ മുന്നോട്ടുവന്ന ബാങ്കുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(ഇ) നബാർഡിൽനിന്നും NIDA പദ്ധതിയിലൂടെ ഇതുവരെ 565 കോടി രൂപയുടെ പദ്ധതികൾക്കുള്ള വായ്പാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ ആദ്യഗഡുവായി 100.8 കോടി രൂപ കിഫ്ബിക്ക് ലഭിച്ചിട്ടുണ്ട്. NIDA സ്കീമിൽ ഉൾപ്പെട്ട പദ്ധതികളുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു*.

## നികുതി വരുമാനത്തിൽ ജി.എസ്.ടി.-യുടെ പ്രതിഫലനം

19 (*49) ശ്രീ. കെ. സുരേഷ് കുറുപ്പ് :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീമതി പി. അയിഷാ പോറ്റി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ജി.എസ്.ടി. നടപ്പിലാക്കിയതിലെ അനവധാനതയും അശാസ്ത്രീയതയും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ ഉണ്ടാക്കിയിട്ടുള്ള പ്രത്യാഘാതം വിശദമാക്കാമോ;

(ബി) അഞ്ചുവർഷത്തേയ്ക്ക് മാത്രം ബാധകമായ കോമ്പൻസേഷൻ ഒഴിവാക്കിയാൽ ജി.എസ്.ടി.-യുടെ വളർച്ച എത്ര ശതമാനമാണ്;

(സി) ആഡംബര ഉപഭോക്തൃ ചരക്കുകളുടെ നികുതി പത്ത് ശതമാനം കുറവ് ചെയ്തത് സംസ്ഥാന വരുമാനത്തെ സാരമായി ബാധിക്കുമെന്നതിനാൽ പ്രസ്തുത നടപടി പുനപരിശോധിക്കാൻ ആവശ്യപ്പെടുമോ;

(ഡി) നികുതി നിരക്കിലുണ്ടായ കുറവിന്റെ പ്രയോജനം ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കാൻ കേന്ദ്ര സർക്കാർ ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടുള്ളതായി വിലയിരുത്തുന്നുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) ആന്റി പ്രൊഫിറ്റിയറിംഗ് അതോറിറ്റിയുടെ പ്രവർത്തനം അവസാനിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമായി ചൂണ്ടിക്കാണിച്ചിട്ടുള്ളതെന്താണ്;

(എഫ്) വൻകിട വ്യവസായികളും വ്യാപാരികളും ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്നത് പരോക്ഷമായി അനുവദിക്കുന്ന നിലപാടിൽനിന്ന് പിൻമാറാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോയെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :(എ) പരോക്ഷ നികുതി ഘടനയിൽ ഉണ്ടായിരുന്ന അശാസ്ത്രീയത പരിഹരിക്കുന്നതിനുവേണ്ടിയാണ് നിലവിലുണ്ടായിരുന്ന പല നികുതി നിയമങ്ങളും ലയിപ്പിച്ച് ജി.എസ്.ടി. എന്ന ഏകീകൃത നികുതി നിയമം രാജ്യമൊട്ടാകെ 01-7-2017 മുതൽ നടപ്പിലാക്കിയത്. ഇതുമൂലം നികുതി ഏകീകരണം സാദ്ധ്യമാകുകയും നികുതിക്ക് മേലുള്ള നികുതി പൂർണ്ണമായും ഒഴിവാക്കപ്പെടുകയും അതുമൂലം ബിസിനസ്സ് സുഗമമായി നടത്താനുള്ള അവസ്ഥ സംജാതമാകുകയുമുണ്ടായി. ചരക്കുസേവന നികുതി നിയമപ്രകാരം അന്തർസംസ്ഥാന കൈമാറ്റങ്ങൾക്കും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാകുന്നതാണ്. ജി.എസ്.ടി. നിയമം നടപ്പിലായതിനുശേഷം സോഫ്റ്റ്‌വെയർ സംവിധാനം സജ്ജീകരിക്കുന്നതിന് കാലതാമസമുണ്ടായിട്ടുണ്ട്. കൂടാതെ ആഡംബര വസ്തുക്കൾക്ക് ജി.എസ്.ടി.-ക്ക് മുമ്പ് നിലവിലുണ്ടായിരുന്ന നികുതിയേക്കാൾ കുറഞ്ഞ നികുതി നിരക്ക് നിശ്ചയിച്ചതും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ബാധിച്ച ഘടകമാണ്. ജി.എസ്.ടി. നിലവിൽ വന്നതിനാൽ ചെക്ക്പോസ്റ്റ് സംവിധാനം പൂർണ്ണമായും ഇല്ലാതായി. എന്നാൽ ഇതിനുപകരമായുള്ള ഇ-വേ ബിൽ സംവിധാനത്തിന്റെ സാങ്കേതിക തയ്യാറെടുപ്പുകൾ നടപ്പാക്കുന്നതിന് കാലതാമസമുണ്ടായി. ജി.എസ്.ടി. കോമ്പൻസേഷൻ നിയമപ്രകാരം 2015-16 സാമ്പത്തിക വർഷത്തെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വാർഷിക വർദ്ധനവ് കണക്കാക്കി നഷ്ടപരിഹാരം ലഭ്യമാകുന്നതിനാൽ കേരളത്തിന്റെ നികുതി വരുമാനത്തെ സാരമായി ബാധിച്ചിട്ടില്ല.

(ബി) ജി.എസ്.ടി. നികുതി നിരക്ക് നിശ്ചയിച്ചിരുന്നത് വിവിധ സംസ്ഥാനങ്ങളിൽ വാറ്റ് കാലയളവിൽ നിലവിലുണ്ടായിരുന്ന നികുതി നിരക്കിന്റെയടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ റവന്യൂ ന്യൂട്രൽ റേറ്റ് പ്രകാരമാണ്. എന്നാൽ, ജി.എസ്.ടി. കൗൺസിലിന് മുമ്പാകെ വന്ന ആവശ്യങ്ങൾ പരിഗണിച്ച് നികുതി നിരക്കിൽ ഗണ്യമായ കുറവ് പിന്നീട് വരുത്തുകയുണ്ടായി. കേരളത്തിന്റെ വാറ്റ് പിരിവിന്റെ സിംഹഭാഗവും 14.5%-മോ അതിനുമുകളിലോ നികുതി

വിധേയമായ സാധനങ്ങളിൽനിന്നുമാണ് ലഭ്യമായിരുന്നത്. ഇതിൽ ഭൂരിഭാഗത്തിന്റെയും നികുതി നിരക്ക് സംസ്ഥാന ജി.എസ്.ടി.-യിൽ 14 ശതമാനമായി നിശ്ചയിച്ചിരുന്നത് ജി.എസ്.ടി. കൗൺസിൽ 9%, 6% എന്നീ നികുതി നിരക്കുകളിലേക്ക് കുറവ് ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതി പിരിവ് സാധ്യമാകാത്തതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്. കൂടാതെ, അന്യ സംസ്ഥാനങ്ങളിൽനിന്നും വാങ്ങുന്ന സാധനങ്ങളിൽ നൽകിയ ഐ.ജി.എസ്.ടി., എസ്.ജി.എസ്.ടി. അടയ്ക്കുന്നതിലേക്ക് തട്ടിക്കിഴിക്കുന്നതിലെ കൃത്യമായ വിവരങ്ങൾ ജി.എസ്.ടി. റിട്ടേൺ പൂർണ്ണമാകാത്തതിനാൽ യഥാസമയം ലഭ്യമാകുന്നില്ല. ഇതും നികുതിപിരിവിനെ ഒരു പരിധിവരെ ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് വാറ്റ് നികുതിപിരിവുമായി താരതമ്യം ചെയ്യുമ്പോൾ 2017-18 സാമ്പത്തിക വർഷം 7.86% വർദ്ധനവുണ്ടായിട്ടുണ്ട്. 2017-18-ലെ നികുതിപിരിവുമായി താരതമ്യം ചെയ്യുമ്പോൾ 2018-19-ൽ 18.43% വർദ്ധനവുണ്ടായിട്ടുണ്ട്.

(സി) ഭൂരിഭാഗം ആഡംബര ഉപഭോക്തൃ ചരക്കുകളുടെയും നികുതി നിരക്ക് 23-ാം ജി.എസ്.ടി കൗൺസിലിന്റെ തീരുമാനപ്രകാരം 28%-ൽനിന്ന് 18%-ഉം, 12%-ഉം ആയി കുറച്ചിട്ടുണ്ട്. ഇത് സംസ്ഥാനങ്ങളുടെ നികുതി പിരിവിനെ ദോഷകരമായി ബാധിക്കുമെന്ന് കേരളം അന്നുതന്നെ ചൂണ്ടിക്കാണിച്ചിരുന്നു. നികുതിനിരക്കിലെ വ്യതിയാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ ചർച്ച ചെയ്ത് ഭൂരിപക്ഷ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നതായതിനാൽ ഇത് പുനഃപരിശോധിക്കാനുള്ള സാധ്യത വിരളമാണ്.

(ഡി) ജി.എസ്.ടി. നിയമപ്രകാരം ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ പ്രയോജനം ഉപഭോക്താക്കൾക്ക് ലഭ്യമാക്കേണ്ടതുണ്ട്. ഇത്തരം ആനുകൂല്യം ലഭ്യമാകാത്ത സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ജി.എസ്.ടി. നിയമം 171-ാം വകുപ്പ് പ്രകാരം (ആന്റി പ്രോഫിറ്റിയറിംഗ്) സംസ്ഥാനതലതലത്തിൽ രൂപീകരിച്ചിട്ടുള്ള സ്ക്രീനിംഗ് കമ്മിറ്റി മുമ്പാകെ പരാതി നൽകാവുന്നതാണ്. എന്നാൽ ഉപഭോക്താക്കളിൽനിന്നും ഇത്തരം പരാതികൾ ലഭിക്കാത്തതിനാൽ വകുപ്പ് തലത്തിൽ ഇക്കാര്യം പരിശോധിച്ച് സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് ജി.എസ്.ടി.-ക്ക് മുമ്പും അതിനുശേഷവുമുള്ള വിലവിവരപട്ടിക, നികുതി നിരക്കിന്റെയും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യതയുടെയും അടിസ്ഥാനത്തിൽ പ്രാഥമിക പരിശോധന നടത്തി സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റിയുടെ ശിപാർശയോടുകൂടി തുടർനടപടിക്കായി കേന്ദ്ര ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഇതിന്മേലുള്ള പരിശോധന കേന്ദ്ര ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റി നടത്തിവരുന്നു.

(ഇ) ആയതുമായി ബന്ധപ്പെട്ട ഔദ്യോഗിക അറിയിപ്പുകളൊന്നും ലഭ്യമായിട്ടില്ല.

(എഫ്) ജി.എസ്.ടി. നിയമപ്രകാരം രൂപീകരിക്കപ്പെട്ട ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണമെന്നും നിയമപ്രകാരം ഉപഭോക്താക്കൾക്ക് ലഭ്യമാകേണ്ട ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ പ്രയോജനം ഉറപ്പുവരുത്തണമെന്നും കേരളം പല തവണ ജി.എസ്.ടി. കൗൺസിൽ ഉൾപ്പെടെ വിവിധ ഫോറങ്ങളിൽ ശക്തമായി ഉന്നയിച്ചിട്ടുണ്ട്. ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റിയുടെ നിയമനത്തിൽ കാലതാമസമുണ്ടായപ്പോൾ കേരളം ശക്തമായി പ്രതികരിച്ചിട്ടുണ്ട്. ഉപഭോക്താക്കളിൽനിന്നുള്ള പ്രതികരണം കുറവായതിനാൽ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പുതന്നെ മുൻകയ്യെടുത്ത് ഇത്തരം കേസുകൾ സംസ്ഥാനതല സ്ക്രീനിംഗ് കമ്മിറ്റി വഴി ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ ഇപ്പോഴും തുടർന്നുവരുന്നു.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

20 (*50) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ .എ. നെല്ലിക്കുന്ന് :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കുന്നത് പുനഃപരിശോധിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഈ സമിതിയുടെ റിപ്പോർട്ട് എന്നത്തേക്ക് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ&ബി) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി റിട്ട. ജില്ലാ ജഡ്ജി ശ്രീ. സതീഷ് ചന്ദ്രബാബു ചെയർമാനും ശ്രീ. പി. മാരപാണ്ഡ്യൻ (റിട്ട. ഐ.എ.എസ്.), പ്രൊഫ.ഡി.നാരായണ (ജി.ഐ.എഫ്.റ്റി. ഡയറക്ടർ) അംഗങ്ങളുമായി ഒരു സമിതി രൂപീകരിച്ച് സർക്കാർ 7-11-2018-ലെ സ.ഉ. (പി) നമ്പർ 172/2018/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) 6 മാസത്തിനകം സമിതി ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

## വിനോദസഞ്ചാര മേഖലയിലെ പ്രളയാനന്തര സാഹചര്യം

21 (*51) ശ്രീ. എം. നൗഷാദ് :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന സേവനാധിഷ്ഠിത വ്യവസായമായ വിനോദസഞ്ചാര മേഖലയ്ക്ക് പ്രളയക്കെടുതിയിൽ ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വ്യവസായത്തിന്റെ പുനരുജ്ജീവനത്തിനായി നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) റോഡുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായും പുനഃസ്ഥാപിക്കുന്നതിന് സാധ്യമായിട്ടുണ്ടോ; ഇതിനായി ചെയ്ത കാര്യങ്ങൾ അറിയിക്കാമോ;

(സി) പ്രളയ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ വിനോദസഞ്ചാര വികസനം പരിസ്ഥിതി സൗഹാർദ്ദപരമാക്കി മാറ്റുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ;

(ഡി) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിനും അവയെ സുരക്ഷിത മേഖലകളാക്കി മാറ്റുന്നതിനുമുള്ള പദ്ധതികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) ഉണ്ട്. പ്രളയക്കെടുതിയിൽ ടൂറിസം വ്യവസായത്തിന് 1017 കോടി രൂപയുടെയും ഇൻഫ്രാസ്ട്രക്ചർ മേഖലയിൽ 55 കോടി രൂപയുടെയും നഷ്ടം കണക്കാക്കിയിട്ടുണ്ട്. കൂടാതെ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2018 ആഗസ്റ്റ്, സെപ്റ്റംബർ എന്നീ മാസങ്ങളിൽ യഥാക്രമം 18.46, 18.16 ശതമാനത്തിന്റെ കുറവ് സംഭവിച്ചിട്ടുണ്ട്. ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിലും ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ കുറവുണ്ടായിട്ടുണ്ട് (12.56%,5.85%). പ്രസ്തുത കുറവിന് ആനുപാതികമായി വിനോദസഞ്ചാര മേഖലയിൽനിന്നുള്ള വരുമാനത്തിന് ഇടിവ് സംഭവിച്ചിട്ടുണ്ട്.

പുനരുജ്ജീവനത്തിന്റെ ഭാഗമായി ടൂറിസം ഡെസ്റ്റിനേഷനുകളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, പരിസ്ഥിതി സൗഹൃദപരമായി വകുപ്പിന്റെ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. പ്രളയാനന്തര കേരളത്തിൽ വിനോദ സഞ്ചാര മേഖലയിൽ ഉണർവുണ്ടാക്കുന്നതിനായി "Post Flood Campaign" എന്ന പ്രത്യേക ക്യാമ്പയിൻ ആവിഷ്കരിക്കുകയുണ്ടായി. ആലപ്പുഴ പുന്നമടക്കായലിൽ 66-ാമത് നെഹ്റു ട്രോഫി ബോട്ട് റേസ് 10-11-2018-ൽ നടത്തുകയുണ്ടായി. ഇതിനുപരിയായി ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലായി ട്രേഡ് മീറ്റ്, മീഡിയാ മീറ്റ് എന്നിവ സംഘടിപ്പിച്ച് പ്രളയക്കെടുതിക്കുശേഷം കേരളം ടൂറിസം രംഗത്ത് ശക്തമായ തിരിച്ചുവരവ് നടത്തി എന്ന പ്രചാരണം നടത്തുകയും ചെയ്തു.

(ബി) പ്രളയത്തിൽ തകർന്ന, ടൂറിസം കേന്ദ്രങ്ങളിലേക്കുള്ള റോഡുകൾ പുനഃസ്ഥാപിക്കുന്ന പ്രവൃത്തികൾ ടൂറിസം വകുപ്പ് നേരിട്ട് നടത്തുന്നില്ല. എന്നാൽ ടൂറിസം ഡെസ്റ്റിനേഷനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായി പുനഃസ്ഥാപിക്കാനുള്ള നടപടികൾ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

1. പ്രളയക്കെടുതിമൂലം തകരാറിലായ വയനാട് ജില്ലയിലെ വിവിധ ടൂറിസം കേന്ദ്രങ്ങളുടെ പുനർനിർമ്മാണത്തിന് 2,09,20,000 രൂപയുടെ ഭരണാനുമതി.
2. പുനലൂർ ബാത്തിംഗ് ഗാട്ട് - 77,00,000
3. മൺട്രോത്തുരുത്ത് അഡ്വഞ്ചർ പാർക്ക്, കണ്ണേറ്റി ബോട്ട് ടെർമിനൽ & ബോട്ട് ടെർമിനൽ അറ്റ് കൊല്ലം - 9,94,446
4. വെള്ളിയാങ്കൽ ഹെറിറ്റേജ് പാർക്ക് - 43,22,030.

(സി) ഉദ്ദേശിക്കുന്നുണ്ട്. വിനോദസഞ്ചാര വികസനം പരിസ്ഥിതി സൗഹാർദ്ദമാക്കി നടപ്പിലാക്കാനുള്ള പദ്ധതിയാണ് ആവിഷ്കരിച്ചുവരുന്നത്. 78 ഡെസ്റ്റിനേഷനുകളെ ഗ്രീൻ കാർപ്പറ്റ് സ്കീമിൽ ഉൾപ്പെടുത്തി പരിസ്ഥിതി സൗഹാർദ്ദമാക്കി മാറ്റുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇതിന്റെ ഫലപ്രദമായ നടത്തിപ്പിലേയ്ക്കായി ഈ ഓരോ ഡെസ്റ്റിനേഷനുകളിലും ഡെസ്റ്റിനേഷൻ മാനേജർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ ഇരുപത്തിയൊന്ന് കേന്ദ്രങ്ങളെ കേരളത്തിൽ ഗ്രീൻ സർട്ടിഫിക്കേഷൻ ലഭ്യമാക്കേണ്ട സ്ഥലങ്ങളായി തീരുമാനിച്ചിട്ടുണ്ട്. അവ താഴെ പറയുന്നു. കുമരകം, ആലപ്പുഴ ഫിനിഷിംഗ് പോയിന്റ്, മുഹമ്മ, വൈക്കം, പള്ളാത്തുരുത്തി, മാരാരി ബീച്ച്, പൂവാർ, കോവളം, ഫോർട്ട് കൊച്ചി, വർക്കല, മൂന്നാർ, ധർമ്മടം, ബേക്കൽ, വലിയപറമ്പ, തേക്കടി, ഒളവണ്ണ, അതിരപ്പിള്ളി, മുഴപ്പിലങ്ങാട്, വെള്ളിനേഴി, വൈത്തിരി, അമ്പലവയൽ.

(ഡി) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സമഗ്ര ശുചീകരണവും മാലിന്യ സംസ്കരണവും ലക്ഷ്യമാക്കിക്കൊണ്ടുള്ള ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ പദ്ധതി സംസ്ഥാനത്തെ 86 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടപ്പിലാക്കിവരുന്നു. 14 ജില്ലകളിലെയും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ നേതൃത്വത്തിൽ കുടുംബശ്രീ മിഷനുമായി സഹകരിച്ചുകൊണ്ടാണ് ഈ പദ്ധതി നടത്തിവരുന്നത്. മാലിന്യ സംസ്കരണവും ശുചീകരണവും മുഖ്യഘടകമായുള്ള ഗ്രീൻ കാർപ്പറ്റ് സ്കീം കേരളത്തിലെ തെരഞ്ഞെടുത്ത 78 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടപ്പിലാക്കിവരുന്നു. ഓരോ കേന്ദ്രങ്ങളിലും ജനപ്രതിനിധികൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വമിഷൻ, എൻ.ജി.ഒ.-കൾ, പ്രദേശവാസികൾ തുടങ്ങിയവരെ ഏകോപിപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.

സംസ്ഥാനത്തെ കാര്യക്ഷമമായ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വിനോദസഞ്ചാരം, പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുസെക്രട്ടറിമാർ അംഗങ്ങളായി ഒരു ടാസ്ക് ഫോഴ്സ് സർക്കാർ രൂപീകരിച്ചിട്ടുണ്ട്. എല്ലാ മാസവും ടാസ്ക് ഫോഴ്സിന്റെയും കൂടാതെ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും ഇതിന്റെ അവലോകന യോഗങ്ങൾ നടന്നുവരുന്നു. കൂടാതെ മാലിന്യപ്രശ്നം സംബന്ധിച്ചുള്ള വിഷയം പരിഹരിക്കുന്നതിനുള്ള നടപടികൾ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. ഇടുക്കി ജില്ലയിലെ മൂന്നാർ മേഖലയിലും ഇതിന്റെ പ്രവർത്തനം ഇതിനകംതന്നെ ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്.

വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് ഖരമാലിന്യ സംസ്കരണ പദ്ധതിക്ക് ധനസഹായവും നൽകിവരുന്നു. കോവളം ടൂറിസം ഡെസ്റ്റിനേഷനിൽ എൻ.ജി.ഒ.-യെ ഉപയോഗപ്പെടുത്തി ചെയ്യുന്ന തുടർമാലിന്യ നിർമ്മാർജ്ജന പദ്ധതിയും ഇടുക്കി ജില്ലയിലെ എക്സ്-സർവീസ് മെൻ ട്രസ്റ്റിനെ ഉപയോഗപ്പെടുത്തി ചെയ്യുന്ന സമഗ്രമായ മാലിന്യ നിർമ്മാർജ്ജന പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്. കായൽ ജലാശയങ്ങളിലെ മാലിന്യം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ കുമരകം, ആലപ്പുഴ എന്നിവിടങ്ങളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാൻഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമെ ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണ പ്രക്രിയയിൽ ടൂറിസം സ്റ്റേക് ഹോൾഡർമാരുമായി ചേർന്ന് ക്ലീൻ വേമ്പനാട് ഇനിഷ്യേറ്റീവ്, വേസ്റ്റ് ഫ്രീ അഷ്ടമുടി പോലുള്ള പ്രവർത്തനങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷനിലൂടെ നടപ്പിലാക്കിവരുന്നു.

വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സി.സി.ടി.വി. ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. കോവളം ടൂറിസം മേഖലയിൽ ആധുനിക നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് നടപടിയായിട്ടുണ്ട്. കോവളത്ത് പോലീസ് വകുപ്പിന്റെ സഹകരണത്തോടെ ബീച്ചുകൾ, ഇടവഴികൾ, നടപ്പാതകൾ, റോഡുൾപ്പെടെയുള്ള പ്രദേശങ്ങൾ എന്നിവിടങ്ങളെ സി.സി.ടി.വി. ക്യാമറകളുടെ നിരീക്ഷണത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വേളി ടൂറിസ്റ്റ് വില്ലേജിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്ന കാര്യം അതത് പഞ്ചായത്തുകൾ/ കോർപ്പറേഷനുകൾ/പോലീസ് വകുപ്പ്/വനം വകുപ്പ് അധികാരികളുമായി ചേർന്ന് പരിശോധിച്ചു നടപടികൾ സ്വീകരിക്കുന്നതാണ്.

### സഹകരണ ബാങ്കുകളിലെ വായ്പാ കുടിശ്ശിക

22 (*52) ശ്രീ. സി. കൃഷ്ണൻ :

ശ്രീ. ജോർജ് എം. തോമസ് :

ശ്രീ. സി. കെ. ഹരീന്ദ്രൻ :

ശ്രീ. മുരളി പെരുനെല്ലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകളിൽനിന്ന് വായ്പയെടുത്ത് കുടിശ്ശിക വരുത്തിയവർക്ക് ഒറ്റത്തവണ തീർപ്പാക്കലിലൂടെ വായ്പ തിരിച്ചടയ്ക്കുന്നതിന് 'സാന്ത്വനം 2018 'എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം തരത്തിലുള്ള വായ്പകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി പ്രത്യേക അദാലത്തുകൾ എവിടെയെല്ലാമാണ് സംഘടിപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) ഈ പദ്ധതിക്കായി എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : (എ) കേരള സംസ്ഥാന സഹകരണ ബാങ്കിൽനിന്ന് വായ്പയെടുത്ത് കുടിശ്ശിക വരുത്തിയവർക്ക് ഒറ്റത്തവണ തീർപ്പാക്കലിലൂടെ വായ്പ തിരിച്ചടയ്ക്കുന്നതിന് 'കോ-ബാങ്ക് സാന്ത്വനം 2018' എന്ന പദ്ധതി സഹകരണ സംഘം രജിസ്ട്രാറുടെ അനുമതിയോടെ ബാങ്ക് ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) നിഷ്ക്രിയ ആസ്തിയായതും കാലാവധി കഴിഞ്ഞതും വസ്തു ജാമ്യം സ്വീകരിക്കാതെ അനുവദിച്ചുനൽകിയതുമായ രണ്ട് ലക്ഷം രൂപ വരെയുള്ള വ്യാപാർ വായ്പ, കോ-ബാങ്ക് അഭയ വായ്പ, സമൃദ്ധി കാർഡ് വായ്പ, വാഹന വായ്പ, DCA വായ്പ, suit filed വിഭാഗത്തിലേക്ക് മാറ്റിയ വായ്പ, കാലാവധി കഴിഞ്ഞ് 5 വർഷവും 5 വർഷത്തിനുമുകളിലുമുള്ള സമൃദ്ധി വായ്പകൾ, വ്യക്തിഗത ഓവർഡ്രാഫ്റ്റ് വായ്പ എന്നീ വായ്പകൾക്ക് ഈ പദ്ധതി ബാധകമായിരിക്കും. 31-3-2017-ലോ, അതിനുമുമ്പോ നിഷ്ക്രിയ ആസ്തിയായ വ്യക്തിഗത ജാമ്യത്തിന്മേൽ നൽകിയിട്ടുള്ള 4 ലക്ഷം രൂപവരെയുള്ള വിദ്യാഭ്യാസ വായ്പകൾക്ക് ഈ പദ്ധതി ബാധകമായിരിക്കും. കൂടാതെ 2018 മാർച്ച് 31-വരെ നിഷ്ക്രിയ ആസ്തിയായി തുടരുന്ന വായ്പയുമായി ബന്ധപ്പെട്ട എല്ലാ ആർബിട്രേഷൻ/ എക്സിക്യൂഷൻ കേസുകളും ബന്ധപ്പെട്ട ആർബിട്രേറ്റർ/ സെയിൽ ഓഫീസറെ അദാലത്തിൽ പങ്കെടുപ്പിച്ച് തീർപ്പുകൽപ്പിക്കാവുന്നതാണ്.

(സി) ഈ പദ്ധതി തുടങ്ങിയ 2018 ജൂൺ മാസം 15-ാം തീയതി മുതൽ എല്ലാ മാസവും സംസ്ഥാന സഹകരണ ബാങ്കിന്റെ 20 ശാഖകളിലും അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ട്.

(ഡി) ഈ പദ്ധതിക്കായി തുക വകയിരുത്തിയിട്ടില്ല. പ്രസ്തുത പദ്ധതിയുടെ പരിധിയിൽ വരുന്നതും അദാലത്തിൽ പങ്കെടുക്കുന്നതുമായ വായ്പക്കാർക്ക് ഇളവുകളോടെ വായ്പ തീർപ്പാക്കുന്നതിനാണ് ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

## കായിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം

23 (*53) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ആർ. രാജേഷ്:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. സജി ചെറിയാൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികവിനോദ രംഗത്ത് സംസ്ഥാനത്തിന്റെ പെരുമ ഉയർത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(ബി) കായിക രംഗത്ത് അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി സഹായത്തോടെ എഴുന്നൂറ് കോടി രൂപ ചെലവിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വിവിധോദ്ദേശ്യ ഇൻഡോർ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(സി) കായികതാരങ്ങളുടെ ജീവിതസുരക്ഷ ഉറപ്പാക്കി കഴിവുള്ളവരെ ഈ രംഗത്തേക്ക് ആകർഷിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; മികവു തെളിയിക്കുന്ന കായികതാരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം ലഭ്യമാക്കാൻ പരിപാടിയുണ്ടോയെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) : (എ) കായിക വിനോദരംഗത്ത് സംസ്ഥാനത്തിന്റെ പെരുമ ഉയർത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്നു:

1) ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)

നഗര-ഗ്രാമീണ മേഖലയിലെ ഫുട്ബോളിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ താരങ്ങളായി വളർത്തിയെടുക്കുന്നതിനും അതുവഴി സംസ്ഥാനത്ത് ഫുട്ബോൾ കളിനിലവാരം ഉയർത്തുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിക്കായി സംസ്ഥാനത്തെ 18 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ആദ്യഘട്ടത്തിൽ 8 സ്കൂളുകളിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്.

2) ട്രിവാൻഡ്രം മാരത്തോൺ പദ്ധതി

കായിക കേരളത്തിലെ ഒരു സുപ്രധാന കായിക ഇനമായി മാറുന്ന തരത്തിൽ വിപുലമായ ക്രമീകരണങ്ങളോടെ കായിക യുവജനകാര്യ വകുപ്പ് തുടക്കംകുറിക്കുന്ന സ്പോർട്സ് കേരള മാരത്തോണിന്റെ ആദ്യത്തെ പതിപ്പ് 2018 ഡിസംബർ 1-ാം തീയതി തിരുവനന്തപുരത്ത് നടത്താൻ നിശ്ചയിച്ചിട്ടുണ്ട്. ഇതിനോടകം അന്തർദ്ദേശീയ കായിക കലണ്ടറിൽ ഇടംനേടിയ ഈ കായിക ഇനത്തിൽ ദേശീയ, അന്തർദ്ദേശീയ കായികതാരങ്ങൾ ഉൾപ്പെടെ പങ്കെടുക്കുന്നതാണ്. പ്രളയാനന്തര ദുരിതാശ്വാസ/പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി ധനസമാഹരണം ലക്ഷ്യമാക്കിയുള്ള ഈ വർഷത്തെ മത്സരത്തിന്റെ എൻട്രി ഫീ തുക ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് മുതൽക്കൂട്ടുന്നതാണ്. സാലറി ചലഞ്ചിൽ പങ്കെടുക്കുന്ന മുഴുവൻ പേർക്കും പ്രവേശന ഫീസില്ലാതെ ഇതിൽ പങ്കെടുക്കാവുന്നതാണ്. വിവര പൊതുജനസമ്പർക്ക വകുപ്പ് വഴിയുള്ള പ്രചരണത്തിന് മാത്രമായി സർക്കാർ ധനവിനിയോഗമുള്ള ഈ പരിപാടിയുടെ നടത്തിപ്പ് ചെലവുകൾ, സമ്മാനത്തുകകൾ തുടങ്ങിയവയെല്ലാം സ്പോൺസർഷിപ്പ് വഴി സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്.

യുവജനങ്ങളടക്കമുള്ള വിവിധ വിഭാഗം ജനങ്ങളെ സജീവ ജീവിത ശൈലിയിലേയ്ക്കും കായിക വിനോദങ്ങളിലേക്കും ആകർഷിക്കുകവഴി ആരോഗ്യകരമായ ജീവിതനിലവാരം പ്രദാനം ചെയ്യുക എന്ന സർക്കാർ നയത്തിന് അനുയോജ്യമായ പരിപാടികളും മാരത്തോണിനോടൊപ്പം നടത്തുന്നതാണ്. 2 കി.മീ. ദൂരം പിന്നിടേണ്ട ഫാമിലി ഫൺ റൺ, 10 കി.മി. ദൂരം പിന്നിടേണ്ട റോഡ് റേസ്, 21.09 കി. മി. ദൂരം പിന്നിടേണ്ട ഹാഫ് മാരത്തോൺ 42.19 കി.മീ. ദൂരം പിന്നിടേണ്ട ഫുൾ മാരത്തോൺ എന്നിവയാണ് ഡിസംബർ 1-ന് അരങ്ങേറുന്ന വർണ്ണശബളമായ പരിപാടിയിൽ ഉൾപ്പെടുന്നത്.

3) <u>പ്ലേ ഫോർ ഹെൽത്ത്</u>

1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കായികക്ഷമത ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. പ്രൈമറി തലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിൽ ഏർപ്പെടുത്തുവാൻ അതത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുകയും ഭാവിയിൽ ഓരോ കുട്ടിക്കും അനുയോജ്യമായ കായികയിനം തെരഞ്ഞെടുക്കുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്യുന്നു.

4) <u>എലൈറ്റ് സ്കീം</u>

മികച്ച കായികതാരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന്, കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അത്‌ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 30 ജില്ലാ സ്പോർട്സ് അക്കാദമികൾ, 54 കോളേജ് സ്പോർട്സ് അക്കാദമികൾ, 2 സ്കൂൾ സ്പോർട്സ് അക്കാദമികൾ, 13 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും 14 ജില്ലകളിലായി ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചു വരുന്നു. ഈ സെന്ററുകളിലെ കായികതാരങ്ങൾക്ക് പ്രതിമാസ അലവൻസ്, സ്പോർട്സ് കിറ്റ്, കായിക ഉപകരണങ്ങൾ, ചികിത്സാ ധനസഹായം എന്നിവ അനുവദിക്കുന്നുണ്ട്.

സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന സ്പ്ലാഷ് പദ്ധതി, ടെന്നീസ് കളിയിൽ തൽപ്പരരായ 4 മുതൽ 9 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്ന ഗ്രാസ്റൂട്ട് ലെവൽ ടെന്നീസ് പരിശീലന പരിപാടി (ACE) എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

കായിക മേഖലയിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 57 സ്റ്റേഡിയങ്ങളാണ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതികൾ പൂർത്തിയാകുന്നതോടെ കേരളത്തിലെ കായിക മേഖലയിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്നതാണ്. എല്ലാ ജില്ലകളിലും സിന്തറ്റിക് ട്രാക്ക് യാഥാർത്ഥ്യമാവുകയും കൂടുതൽ ദേശീയ അന്തർദ്ദേശീയ മത്സരങ്ങൾക്ക് കേരളം വേദിയാവുകയും ചെയ്യുന്നതാണ്.

35-ാമത് ദേശീയ ഗെയിംസിനുവേണ്ടി നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി നടപ്പ് സാമ്പത്തിക വർഷം 14.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നവീകരണ പ്രവൃത്തികൾ നടന്നുവരുന്നു.

കൊച്ചിയിൽ നടന്ന ഫിഫ അണ്ടർ 17 ലോകകപ്പ് ഫുഡ്ബോൾ ചാമ്പ്യൻഷിപ്പിനോടനുബന്ധിച്ച് കൊച്ചി ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം, പനമ്പിള്ളി നഗർ സ്പോർട്സ് കോംപ്ലക്സ്, കൊച്ചി പരേഡ് ഗ്രൗണ്ട് എന്നിവയുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

കായിക വകുപ്പിന് കൈമാറിക്കിട്ടിയ ജി.വി. രാജ സ്പോർട്സ് സ്കൂൾ മൈലം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി ആകെ 51.18 കോടി രൂപ അനുവദിക്കുകയും ജി.വി. രാജാ സ്പോർട്സ് സ്കൂളിൽ സിന്തറ്റിക് ട്രാക്ക്, ഹോക്കി ടർഫ്, സിന്തറ്റിക് ഫുട്ബോൾ കോർട്ട്, വോളീബോൾ കോർട്ട്, ഇൻഡോർ സ്റ്റേഡിയം എന്നിവയുടെ നിർമ്മാണത്തിനുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

ദേശീയ-അന്തർദ്ദേശീയ കായിക മത്സരങ്ങളിൽ മികച്ച വിജയം കൈവരിച്ച കായികതാരങ്ങൾക്ക് ക്യാഷ് അവാർഡും സർക്കാർ ജോലിയും നൽകുന്നുണ്ട്.

(ബി) കായിക രംഗത്ത് അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി സഹായത്തോടെ 700 കോടി രൂപ ചെലവിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വിവിധോദ്ദേശ്യ ഇൻഡോർ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി അനുബന്ധമായി ചേർത്തിട്ടുണ്ട് +.

(സി) ദേശീയ/അന്തർദ്ദേശീയ മത്സരങ്ങളിൽ വിജയികളായ കായിക താരങ്ങൾക്ക് അർഹമായ ക്യാഷ് അവാർഡ് നൽകുന്നുണ്ട്. കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമംഗങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിയിട്ടുണ്ട്. ജോലിയില്ലാത്ത 11 പേർക്ക് സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഒഡീഷ്യയിലെ ഭുവനേശ്വരിൽവച്ച് നടന്ന 22-ാമത് ഏഷ്യൻ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ 1500 മീറ്ററിൽ സ്വർണ്ണ മെഡൽ കരസ്ഥമാക്കിയ മലയാളി കായിക താരം കുമാരി പി. യു. ചിത്രയ്ക്ക് തുടർ പരിശീലന ചെലവിലേയ്ക്കായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ എലൈറ്റ് സ്കീമിൽ ഉൾപ്പെടുത്തി പ്രതിദിനം 500 രൂപയും മികച്ച കായിക താരങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ഡോ. എ. പി. ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രതിമാസം 10,000 രൂപയും അനുവദിച്ചിട്ടുണ്ട്.

ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽവച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്കുവേണ്ടി മെഡൽ നേടിയ കേരളീയ കായിക താരങ്ങൾക്കും ക്യാഷ് അവാർഡ് നൽകിയിട്ടുണ്ട്. കൂടാതെ ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്കുവേണ്ടി മെഡൽ നേടിയ കേരളീയ കായിക താരങ്ങൾക്ക് സർക്കാർ ജോലി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ദേശീയ സിവിൽ സർവ്വീസസ് മത്സരങ്ങളിൽ പങ്കെടുത്ത് 1, 2, 3 സ്ഥാനങ്ങൾ നേടുന്ന കായിക താരങ്ങൾക്ക് യഥാക്രമം 5,000, 3,000, 1,500 രൂപ ക്രമത്തിൽ ക്യാഷ് അവാർഡ് നൽകി വരുന്നുണ്ട്.

35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ദേശീയ ഗെയിംസിൽ മികച്ച പ്രകടനം കാഴ്ചവച്ച 4 കായിക താരങ്ങൾക്ക് ഗസറ്റഡ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളിബോൾ കിരീടം നേടിയ കേരള ടീമംഗം ശ്രീ. സി. കെ. രതീഷിന് കിൻഫ്രയിൽ ജോലി നൽകിയിട്ടുണ്ട്.

വർഷന്തോറും 50 മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി നിലവിലുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള സ്പോർട്സ് ഹോസ്റ്റലിലെ കായിക താരങ്ങൾ, കേരളത്തെ പ്രതിനിധാനം ചെയ്തു ദേശീയ ചാമ്പ്യൻഷിപ്പുകളിൽ പങ്കെടുക്കുന്ന കായിക താരങ്ങൾ, കൗൺസിൽ ജീവനക്കാർ, പരിശീലകർ, ജില്ലാ-സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗങ്ങൾ, കായിക മേഖലയുമായി ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളിലുമുൾപ്പെടുന്ന കായിക താരങ്ങൾ എന്നിവർക്ക് മെഡിക്കൽ ഇൻഷ്വറൻസ് (Accident Insurance ഉൾപ്പെടെ) സ്കീം

നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും ഇതുസംബന്ധിച്ച് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ Expression of Interest ക്ഷണിക്കുകയുമുണ്ടായി. പ്രസ്തുത സ്കീം നടപ്പാക്കുന്നത് സംബന്ധിച്ച് തുടർനടപടികൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ സ്വീകരിച്ചുവരുന്നു.

2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായികതാരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള സജ്ജീകരണങ്ങളോടുകൂടിയ വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കിക്കൊണ്ട് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". ഇന്ത്യയിലെയും വിദേശത്തെയും പ്രഗത്ഭരായ പരിശീലകരുടെ സേവനം ലഭ്യമാക്കുന്ന പരിശീലന പദ്ധതികൂടിയാണിത്.

പദ്ധതിയുടെ പ്രാരംഭഘട്ടമായി റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങളുടെ പരിശീലനം തിരുവനന്തപുരം ജില്ലയിലും, കനോയിംഗ് & കയാക്കിംഗ് കൊല്ലത്തും ബാഡ്മിന്റൺ എറണാകുളത്തും ഫെൻസിംഗ് കണ്ണൂരിലും, റോവിംഗ് ആലപ്പുഴയിലും നടന്നു വരുന്നു. കൂടാതെ ആസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി ചേർന്ന് തെരഞ്ഞെടുക്കപ്പെട്ട ഇനങ്ങളിൽ അന്തർദ്ദേശീയ പരിശീലനം നൽകുന്ന ഒരു പദ്ധതിയും സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.

## ശബരിമലയിൽ യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട പ്രത്യേക സാഹചര്യം

24 (*54) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ യുവതീ പ്രവേശനത്തിന് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണം സുപ്രീംകോടതി വിധിയിലൂടെ എടുത്തുകളഞ്ഞ നടപടി മൂലം ഉളവായിട്ടുള്ള പ്രത്യേക സാഹചര്യം സർക്കാരും ദേവസ്വം ബോർഡും വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച സുപ്രീംകോടതിയിലെ കേസിൽ ദേവസ്വം ബോർഡ് എന്ത് നിലപാടായിരുന്നു സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) നേരത്തെയുള്ള കോടതിവിധികൾ നടപ്പിലാക്കുന്ന കാര്യത്തിൽ കാണിക്കാത്ത താല്പര്യമാണ് ശബരിമല കോടതിവിധി നടപ്പിലാക്കുന്ന കാര്യത്തിൽ സർക്കാരും ബോർഡും കാണിച്ചതെന്നും ഇതുസംബന്ധിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡണ്ടും മന്ത്രിമാരും നടത്തിയ പ്രസ്താവനകളാണ് പ്രശ്നം കൂടുതൽ സങ്കീർണ്ണമാക്കിയതെന്നുമുള്ള ആക്ഷേപങ്ങളുടെ നിജസ്ഥിതി വ്യക്തമാക്കുമോ;

(ഡി) ചർച്ചകളിലൂടെ പ്രസ്തുത വിഷയം രമ്യമായി പരിഹരിക്കുന്നതിനും ശബരിമലയിൽ നിലനിൽക്കുന്ന സംഘർഷാവസ്ഥ ലഘൂകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):(എ) ഉണ്ട്.

(ബി) ശബരിമലയിൽ യുവതീ പ്രവേശനം അനുവദിക്കരുതെന്ന നിലപാടാണ് ദേവസ്വം ബോർഡ് സ്വീകരിച്ചിട്ടുള്ളത്.

(സി) ബഹുമാനപ്പെട്ട സുപ്രീം കോടതി വിധി രാജ്യത്തെ നിയമമായതിനാൽ ഭരണഘടനാ സ്ഥാപനങ്ങളെന്ന നിലയ്ക്ക് സർക്കാരിനും ദേവസ്വം ബോർഡിനും അത് അംഗീകരിക്കാതിരിക്കാൻ കഴിയില്ലെന്നും കോടതിവിധി നടപ്പാക്കാനേ കഴിയൂ എന്നുമുള്ള വസ്തുത മാത്രമേ സർക്കാരും ദേവസ്വം ബോർഡും വ്യക്തമാക്കിയിട്ടുള്ളൂ. പ്രശ്നം സങ്കീർണ്ണമാക്കുന്ന തരത്തിലുള്ള യാതൊരു നടപടികളും സർക്കാരിന്റെയോ ദേവസ്വം ബോർഡിന്റെയോ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല.

(ഡി) വിഷയം രമ്യമായി പരിഹരിക്കുന്നതിനും ശബരിമലയിൽ നിലനിൽക്കുന്ന സംഘർഷാവസ്ഥ ലഘൂകരിക്കുന്നതിനും സുപ്രീം കോടതി വിധി സർക്കാർ നിലപാട് മൂലമുണ്ടായതാണെന്ന തെറ്റിദ്ധാരണ മാറ്റുന്നതിനും സർവ്വകക്ഷിയോഗം ഉൾപ്പെടെ വിവിധ തലങ്ങളിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

## വൈദ്യുതി മേഖല കാര്യക്ഷമമാക്കാനുള്ള പ്രവർത്തനങ്ങൾ

25 (*55) ശ്രീ. ഒ. ആർ. കേളു:
ശ്രീ. ബി. സത്യൻ:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. എം. മുകേഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രളയക്കെടുതി വൈദ്യുതി ബോർഡിനുണ്ടാക്കിയ നഷ്ടം എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; വൈദ്യുതി വിതരണം പുനഃസ്ഥാപിക്കാൻ നടത്തിയ തീവ്രശ്രമങ്ങൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ വൈദ്യുതി ഉല്പാദന-പ്രസരണ-വിതരണ മേഖലകൾ കാര്യക്ഷമമാക്കാൻ നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) അത്യന്തം പ്രതികൂല സാഹചര്യമായിരുന്നിട്ടുപോലും മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി പവർകട്ട്, ലോഡ് ഷെഡിംഗ് എന്നിവ ഒഴിവാക്കാനും തടസ്സരഹിതമായി വൈദ്യുതി ലഭ്യമാക്കാനും നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): (എ) സംസ്ഥാനത്തെ പ്രളയക്കെടുതി വൈദ്യുതി ബോർഡിനുണ്ടാക്കിയ നഷ്ടം പ്രാഥമിക കണക്കുകൾ പ്രകാരം താഴെ പറയും വിധമാണ്.

ഉൽപ്പാദനമേഖലയിൽ 80.85 കോടി രൂപയുടെ നഷ്ടവും പ്രസരണ മേഖലയിൽ 29.77 കോടി രൂപയുടെ നഷ്ടവും വിതരണ മേഖലയിൽ 242.45 കോടിരൂപയുടെ നഷ്ടവുമാണ്. ഇതുകൂടാതെ ഇക്കാലയളവിൽ വൈദ്യുതി വിതരണം നടത്താൻ സാധിക്കാത്തതിനാൽ 472.10 കോടി രൂപയുടെ വരുമാന നഷ്ടവും കണക്കാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+. വിതരണ വിഭാഗത്തിൽ പ്രളയം മൂലമുള്ള പ്രാഥമിക നാശനഷ്ടങ്ങൾ വിലയിരുത്തിയിട്ടുണ്ട്. പ്രളയക്കെടുതിയിൽ പ്രതിഷ്ഠാപനങ്ങൾക്കുണ്ടായ കേടുപാടുകൾ തീർത്ത് പൂർവ്വസ്ഥിതി കൈവരിക്കുന്നതിന് യുദ്ധകാലാടി സ്ഥാനത്തിൽ വൈദ്യുതി പുനഃസ്ഥാപിക്കാനായി മിഷൻ റീകണക്ട് എന്ന പേരിൽ പ്രത്യേക ദൗത്യ പദ്ധതി രൂപീകരിച്ചു. തുടർന്ന് വൈദ്യുതി പുനഃസ്ഥാപനം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനായി സംസ്ഥാനതലത്തിലും സർക്കിൾ, സെക്ഷൻ തലങ്ങളിലും കർമ്മ സേനകളെ നിയോഗിച്ചു. ആഗസ്റ്റ് മാസം അവസാനത്തോടുകൂടി തന്നെ പ്രളയജലം പിൻവാങ്ങിയ എല്ലാ പ്രദേശങ്ങളിലുമുള്ള

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വാസയോഗ്യമായ കെട്ടിടങ്ങളിൽ താൽക്കാലിക മാർഗ്ഗങ്ങളിലൂടെയെങ്കിലും വൈദ്യുതി പുനഃസ്ഥാപിക്കുക എന്നതായിരുന്നു കർമ്മസേനകളുടെ ലക്ഷ്യം. 20 ലക്ഷം രൂപ വരെയുള്ള സാധനങ്ങൾ വാങ്ങുവാനുള്ള അധികാരം ചീഫ് എഞ്ചിനീയർമാർക്കും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും നൽകിയും, ഇ-ടെണ്ടർ നടപടികൾ ഒഴിവാക്കിയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭാഗമായി വാങ്ങിയ സാധന സാമഗ്രികൾ പ്രളയവുമായി ബന്ധപ്പെട്ടുണ്ടായ വൈദ്യുതി തടസ്സം പരിഹരിക്കുന്നതിനായി ഉപയോഗിക്കുന്നതിനുള്ള ഉത്തരവുകൾ നൽകിയും സാധന സാമഗ്രികളുടെയും വാഹനങ്ങളുടെയും ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തു. വൈദ്യുതി മേഖലയിലെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും സമയബന്ധിതമായി പൂർത്തീകരിക്കാനും പ്രത്യേക ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ചിരുന്നു. പ്രളയ ബാധിത പ്രദേശങ്ങളിലെ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ഓരോ ജില്ലയുടെയും ഉത്തരവാദിത്വം ഓരോ ചീഫ് എഞ്ചിനീയർമാരെ ഏൽപ്പിക്കുകയുണ്ടായി. പ്രളയം കൂടുതലായി ബാധിച്ച ജില്ലകളിലെ ഇലക്ട്രിക്കൽ സർക്കിളുകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ സർക്കിൾ തലത്തിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ സെക്ഷൻ തലത്തിലും കർമ്മ സേന രൂപീകരിക്കുകയും, ഇവരുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന സംസ്ഥാനതല കർമ്മസേന ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ രൂപീകരിക്കുകയും ചെയ്തിരുന്നു. ഉപഭോക്താക്കളെയും കോൺട്രാക്ടർമാരെയും വയർമാൻമാരെയും മറ്റ് സന്നദ്ധ സംഘടനകളെയും ഉൾക്കൊള്ളിച്ചാണ് സെക്ഷൻ തലത്തിൽ കർമ്മ സേന രൂപീകരിച്ചത്. പ്രസരണ മേഖലയിൽ, പ്രളയക്കെടുതികളെത്തുടർന്ന് കേരളത്തിലങ്ങോളമിങ്ങോളം 50 സബ്സ്റ്റേഷനുകളുടെ പ്രവർത്തനം പൂർണ്ണമായോ ഭാഗികമായോ തടസ്സപ്പെട്ടിരുന്നു. പുന്നപ്ര-പള്ളം, കുത്തുങ്കൽ-നേര്യമംഗലം, പള്ളിവാസൽ-ആലുവ, ചാലക്കുടി-പുല്ലാഴി, മാടക്കത്തറ-കുന്നമംഗലം, ഇടമലയാർ-അയ്യംപുഴ, ഇടമലയാർ-മലയാറ്റൂർ, ആലുവ-ചാലക്കുടി, ചാലക്കുടി ട്രാക്ടർ സബ്സ്റ്റേഷൻ എന്നിങ്ങനെ 10 പ്രധാന പ്രസരണ ഇടനാഴികളുടെ പ്രവർത്തനം തടസ്സപ്പെട്ടു. പ്രാഥമിക കണക്കുകൾ പ്രകാരം പ്രസരണരംഗത്തുണ്ടായ കേടുപാടുകൾ താൽക്കാലികമായെങ്കിലും മറികടക്കാൻ 50 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കുന്നു.

ജീവനക്കാരുടെയും കരാറുകാരുടെയും സഹകരണത്തോടെ പ്രസരണ ശൃംഖലയിലെ തകരാർ സംഭവിച്ച ഉപകരണങ്ങളും ലൈനുകളും ബോർഡിലെ ഓഫീസർമാരുടെ മേൽനോട്ടത്തിൽ അറ്റകുറ്റപ്പണി നടത്തി എത്രയും വേഗം പ്രവർത്തനക്ഷമമാക്കുന്ന ജോലികൾ യുദ്ധകാലാടിസ്ഥാനത്തിൽത്തന്നെ ഏറ്റെടുത്ത് പൂർത്തിയാക്കി.

ജനറേഷൻ മേഖലയിൽ, കെ.എസ്.ഇ.ബി.-യുടെ കീഴിലുള്ള അഞ്ച് പ്രധാന ജലവൈദ്യുത പദ്ധതികൾക്കും 14 ചെറുകിട ജലവൈദ്യുത പദ്ധതികൾക്കും പ്രസ്തുത പ്രളയത്തിലും തുടർന്നുണ്ടായ ഉരുൾപൊട്ടലിലും കാര്യമായ നാശനഷ്ടം സംഭവിച്ചിരുന്നു. ഇവയുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി 80.85 കോടി രൂപ ആവശ്യമായി വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ജനറേഷൻ മേഖലയിൽ പ്രവർത്തനരഹിതമായ വൈദ്യുത പദ്ധതികളുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ചുകൊണ്ട്, യുദ്ധകാലാടിസ്ഥാനത്തിൽ നടത്തുകയും പന്നിയാർ ഒഴികെയുള്ള പ്രധാന ജലവൈദ്യുത പദ്ധതികൾ പ്രവർത്തനക്ഷമമാക്കുകയും, വെള്ളത്തൂവൽ, റാന്നി-പെരുനാട്, ആഢ്യൻപാറ, ബാരാപോൾ, ചെമ്പുകടവ്-II തുടങ്ങിയ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. പ്രളയംമൂലം എറണാകുളം ജില്ലയിലെ ഇടയാർ 1.25 മെഗാവാട്ട് സൗരോർജ്ജ നിലയത്തിൽ വെള്ളം കയറി ഏകദേശം 25 ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായതായി വിലയിരുത്തുന്നു.

(ബി) (1) വൈദ്യുതി ഉൽപ്പാദന മേഖല കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 193.5 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന വിവിധങ്ങളായ 10 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(2) അടുത്ത 4 വർഷത്തിനുള്ളിൽ, ഏകദേശം 1000 മെഗാവാട്ടോളം സൗരോർജ്ജം താഴെ പറയുന്ന വിവിധ മാർഗ്ഗങ്ങളിലൂടെ ഉല്പാദിപ്പിക്കാൻ നടപടികൾ എടുത്തുവരുന്നു.

| | |
|---|---|
| 1. Roof Top | 500 MW |
| 2. Reverse bidding | 200 MW |
| 3. Solar Park, Kasaragod | 150 MW |
| 4. Floating Solar | 100 MW |
| 5. Canal Top | 50 MW |
| **Total** | **1000 MW** |

(3) പീക്ക് ലോഡ് സമയത്തെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനുവേണ്ടി ഇടുക്കിയിൽ ഒരു പവർ ഹൗസുകൂടി നിർമ്മിക്കാനുള്ള സാദ്ധ്യതാ പഠനം കെ.എസ്.ഇ.ബി.എൽ.-ൽ നടത്തി വരുന്നു.

(4) നിലവിൽ വിവിധ സൗരോർജ്ജ പദ്ധതികളിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് നടത്തി വരുന്നു. നിർമ്മാണം പൂർത്തീകരിച്ചതും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതുമായ സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ഉൾനാടൻ ഗ്രാമങ്ങളിൽ പോലും തടസ്സമില്ലാതെ, കൃത്യമായ വോൾട്ടേജിലുള്ള വൈദ്യുതി എത്തിക്കുന്നതിനായി പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും വോൾട്ടത ഉയർത്തൽ, കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി വൈദ്യുതി ശൃംഖല ശക്തിപ്പെടുത്താനുതകുന്ന നടപടികൾ എന്നിവ കൈക്കൊണ്ടുവരുന്നു. കൂടാതെ വൈദ്യുതി പ്രസരണ നഷ്ടം കുറച്ച് പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 2016-2024 കാലഘട്ടത്തിൽ നടപ്പിലാക്കുന്നതിനായി ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

2021-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു. ഇതിന്റെ ആദ്യപടിയായി വിതരണ ശൃംഖലയുടെ GIS അധിഷ്ഠിത രേഖാചിത്രം കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ തയ്യാറാക്കുകയും തുടർന്ന് 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ D.P.R. തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. " ദ്യുതി 2021" എന്ന പേരിട്ടിട്ടുള്ള ഈ പദ്ധതിയിൽ വിതരണ മേഖലയിൽ 4035.57 കോടി രൂപയുടെ 7626 പ്രവൃത്തികളാണ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) മുഖേന വിഭാവന ചെയ്തിട്ടുള്ളത്. ഇതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ഇ.എം.സി. മുഖേന ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായുള്ള പോളിസി പ്രകാരം വൈദ്യുതി ഉല്പാദന മേഖലയിൽ മത്സര ദർഘാസിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ മേഖലയുടെ സഹകരണത്തോടെ ബൂട്ട് അടിസ്ഥാനത്തിൽ അനുവാദം കൊടുത്ത് 30 വർഷത്തിനുശേഷം സർക്കാരിലേയ്ക്ക് തിരിച്ചുവരുന്ന പ്രകാരം ചെറുകിട ജലവൈദ്യുത പദ്ധതികൾ അനുവദിച്ച് പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ചെറിയ ഉയര വ്യത്യാസം കിട്ടാവുന്ന ചെറുതോടുകൾ, പുഴകൾ, കനാലുകൾ ഇവയിൽ നവീന രീതിയിലുള്ള വോർട്ടെക്സ് ടർബയിനുകൾ (കൃത്രിമ ചുഴി സൃഷ്ടിച്ച് ടർബയിൻ കറക്കുന്ന രീതി), വെള്ളത്തിന്റെ ഒഴുക്ക് (velocity) ഉപയോഗപ്പെടുത്തി കറക്കുന്ന കൈനറ്റിക്ക് ടർബയിൻ സാങ്കേതികവിദ്യ എന്നിവ പ്രയോജനപ്പെടുത്തുന്നുണ്ട്.

ഇത്തരത്തിലുള്ള 10KW-ന്റെ രണ്ട് വോർട്ടെക്സ് ടർബയിനുകൾ തിരുവനന്തപുരം കോർപ്പറേഷന്റെ കാഞ്ഞിരംപാറ വാർഡിൽ കിള്ളിയാറിൽ പണി പൂർത്തിയായിക്കഴിഞ്ഞു. 5KW-ന്റെ 5 കൈനറ്റിക് ടർബയിനുകൾ കക്കാട് ജലവൈദ്യുത പദ്ധതിയിലെ ടെയിൽറേസിൽ പരീക്ഷിക്കുന്നതിനുള്ള നടപടികളും തുടങ്ങിക്കഴിഞ്ഞു.

കേന്ദ്ര സാമ്പത്തിക സഹായത്തോടെ (CFA) ഉണഭോക്താക്കൾ വഴി 1KW മുതൽ 5KW-ൽ താഴെയുള്ള പീക്കോ ടർബയിനുകൾ ഏകദേശം 114 -ഓളം എണ്ണം നടപ്പിലാക്കി കഴിഞ്ഞു. ഇതിനോടുകൂടിതന്നെ ചിന്നാർ വന്യമൃഗ സങ്കേതത്തിനകത്തെ തായന്നൻകുടി കോളനിയിലും മറയൂരിനടുത്ത് വനം വകുപ്പിന്റെ ഈച്ചാംപെട്ടി കോളനിയിലും ഇത്തരം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് കഴിഞ്ഞ വേനൽക്കാലത്തെ വർദ്ധിച്ച വൈദ്യുതി ഉപഭോഗം നേരിടുന്നതിന് ആവശ്യമായ വൈദ്യുതി പുറമേനിന്നും കുറഞ്ഞ നിരക്കിൽ ലഭ്യമായ സമയങ്ങളിൽ വാങ്ങി വൈദ്യുതിയുടെ ഉൽപ്പാദനം ക്രമീകരിച്ച് ജലസംഭരണം കൂട്ടുവാനുള്ള നടപടികൾ നേരത്തെതന്നെ ആരംഭിച്ചിരുന്നു. കൂടാതെ ദീർഘകാല കരാറടിസ്ഥാനത്തിലും കേന്ദ്ര വിഹിതമായും പവർ എക്സ്ചേഞ്ച് വഴിയും കൂടുതൽ വൈദ്യുതി ലഭ്യമാക്കിയാണ് തടസ്സരഹിതമായ വൈദ്യുതി വിതരണം സാധ്യമാക്കിയത്.

## ഡാമുകളുടെ ബ്രേക്ക് അനാലിസിസ് പഠനം

26 (*56) <u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u>
<u>ശ്രീ. വി. ഡി. സതീശൻ:</u>
<u>ശ്രീ. പി. ടി. തോമസ്:</u>
<u>ശ്രീ. എം. വിൻസെന്റ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലയാർ, ഷോളയാർ, പെരിങ്ങൽക്കുത്ത് അണക്കെട്ടുകളുടെ ബ്രേക്ക് അനാലിസിസ് പഠനം നടത്തുവാൻ വൈദ്യുതി ബോർഡ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് ഏജൻസിയെയാണ് പ്രസ്തുത പഠനം നടത്തുവാൻ ഏൽപ്പിച്ചിട്ടുള്ളത്; കരാർ തുക എത്ര കോടി രൂപയാണ്;

(സി) ഇടുക്കി ഡാം അടക്കം മറ്റ് പ്രധാന 13 അണക്കെട്ടുകൾ തുറക്കേണ്ടി വരുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളും ഡാം പൊട്ടുന്ന സാഹചര്യം ഉണ്ടായാൽ നേരിടുന്നതിനെ സംബന്ധിച്ചും പഠിച്ച് രൂപരേഖ ഉണ്ടാക്കുവാൻ ഡ്രിപ്പിന്റെ (ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രൊജക്റ്റ് )ഭാഗമായി പഠനം നടത്തുന്നുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പഠനം ബോർഡിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന സാഹചര്യത്തിൽ ഇടമലയാർ ഉൾപ്പെടെയുള്ള മൂന്ന് ഡാമുകളുടെ ബ്രേക്ക് അനാലിസിസ് പഠനം മറ്റൊരു ഏജൻസിയെ ഏല്പിക്കാനുള്ള സാഹചര്യമെന്താണ് എന്ന് വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) : (എ) ഉണ്ട്.

(ബി) Entura Hydro Tasmania India Private Limited എന്ന ഏജൻസിയെയാണ് പ്രസ്തുത പഠനം ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നടത്തുവാൻ ഏൽപ്പിച്ചിട്ടുള്ളത്.

ഇടമലയാർ, ഷോളയാർ മെയിൻ, ഷോളയാർ ഫ്ലാങ്കിംഗ്, പെരിങ്ങൽക്കുത്ത് എന്നീ ഡാമുകളുടെ ഡാം ബ്രേക്ക് അനാലിസിസ് ഇനൻഡേഷൻ മാപ്പുകൾ തയ്യാറാക്കൽ, എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കൽ എന്നീ പ്രവൃത്തികൾക്കായി 1.75 കോടി രൂപയുടെ കരാർ, കേന്ദ്ര ജല കമ്മീഷന്റെ അനുമതിയോടെ നൽകിയിട്ടുണ്ട്.

(സി) അണക്കെട്ടുകൾ തുറക്കേണ്ടി വരുമ്പോൾ എടുക്കേണ്ട മുൻകരുതലുകളെ സംബന്ധിച്ച് കെ.എസ്.ഇ.ബി.എൽ. വ്യക്തമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഡാം പൊട്ടുന്ന സാഹചര്യമുണ്ടായാൽ നേരിടുന്നതിനെ സംബന്ധിച്ച് ഉൾപ്പെടെ പഠിച്ച് എമർജൻസി ആക്ഷൻ പ്ലാൻ ഉണ്ടാക്കാൻ ഡ്രിപ്പിന്റെ (ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്) ഭാഗമായി Central Water Commission (CWC) പ്രാഥമികതല (First level Screening) പഠനം നടത്തി നൽകിയിട്ടുണ്ട്. ഇതിന്റെ തുടർനടപടികൾ കെ.എസ്.ഇ.ബി. സ്വീകരിച്ചുവരുന്നു. പ്രസ്തുത പ്രാഥമികതല (First level Screening) (Tier-1) പഠനത്തിൽ ഇടമലയാർ, ഷോളയാർ, പൊരിങ്ങൽക്കുത്ത് ഡാമുകൾ ഉൾപ്പെട്ടിട്ടില്ല.

(ഡി) കേന്ദ്ര ജലകമ്മീഷൻ ഗൈഡ്‌ലൈൻസ് പ്രകാരം, ഡാം ബ്രേക്ക് അനാലിസിസ് മൂന്ന് ലെവലുകളായി തരംതിരിച്ചിരിക്കുന്നു. (Tier-1, Tier-2 and Tier-3 levels) ഇതിലെ പ്രാഥമികഘട്ടമായ Tier-1 പഠനം (First level screening), ഇടമലയാർ, ഷോളയാർ, പൊരിങ്ങൽക്കുത്ത് എന്നിവ ഒഴികെയുള്ള ഇടുക്കി, ലോവർ പെരിയാർ, മാട്ടുപ്പെട്ടി, കുണ്ടള, കല്ലാർകുട്ടി, ആനയിറങ്കൽ, പൊൻമുടി, വേലുത്തോട് തുടങ്ങിയ ഡാമുകൾക്കായി Dam Break Analysis (DBA) Central Water Commission (CWC) നടത്തിയിട്ടുണ്ട്. ഈ ഡാമുകളുടെ Tier-1-ന്റെ ഭാഗമായ എമർജൻസി ആക്ഷൻ പ്ലാൻ (EAP) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ചെയ്തുവരുന്നു.

കേന്ദ്ര ജല കമ്മീഷൻ, വേൾഡ് ബാങ്ക് തുടങ്ങിയവയുടെ അനുമതിയോടുകൂടി ഇടമലയാർ, ഷോളയാർ, പെരിങ്ങൽക്കുത്ത് എന്നീ ഡാമുകളുടെ ഹസാർഡ് പൊട്ടൻഷ്യൽ പരിഗണിച്ച് Tier-3 (Advanced level) പഠനം നടത്തുന്നതിനായാണ് മറ്റൊരു ഏജൻസിയെ ഏല്പിച്ചിട്ടുള്ളത്. ഇതിനുള്ള സാങ്കേതികവിദ്യ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ലഭ്യമല്ല. ഈ സാഹചര്യത്തിലാണ് കേന്ദ്ര ജല കമ്മീഷന്റെ അംഗീകാരത്തോടാകൂടി മറ്റൊരു ഏജൻസിയെ ഏർപ്പെടുത്തിയത്.

## പ്രളയം വ്യവസായ മേഖലയ്ക്ക് ഏല്പിച്ച പ്രഹരം

27 (*57) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. വി.ആർ. സുനിൽ കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റ് മാസത്തിലുണ്ടായ മഹാപ്രളയം സംസ്ഥാനത്തെ വ്യവസായ മേഖലയ്ക്ക് ഏല്പിച്ച പ്രഹരം സംബന്ധിച്ച് വിശദമാക്കുമോ;

(ബി) വൻകിട-ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് ഏതൊക്കെ തരത്തിലുള്ള നഷ്ടം ഉണ്ടായെന്ന് വ്യക്തമാക്കുമോ;

(സി) വ്യവസായ മേഖലയിൽ ഉണ്ടായ തൊഴിൽ നഷ്ടത്തിന്റെ വ്യാപ്തി വ്യക്തമാക്കുമോ;

(ഡി) പ്രളയക്കെടുതിയിൽനിന്ന് സംസ്ഥാനത്തെ വ്യവസായ മേഖലയെ കൈപിടിച്ചുയർത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) : (എ&ബി) 2018 ആഗസ്റ്റ് മാസത്തിലുണ്ടായ മഹാപ്രളയത്തിൽ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന 3590-ൽപ്പരം സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾക്ക് 632 കോടി രൂപയുടെയും ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലായി 12 വൻകിട വ്യവസായ യൂണിറ്റുകൾക്ക് 289.40 കോടി രൂപയുടെയും നാശനഷ്ടമുണ്ടായിട്ടുണ്ട്.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രളയം സാരമായി ബാധിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്റ്റോക്ക്, മെഷീനുകൾ, ഇലക്ട്രിക് സാധനങ്ങൾ കെട്ടിടങ്ങൾ എന്നിവയ്ക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ അധീനതയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് 16 കോടി രൂപയുടെ വസ്തു നഷ്ടവും 4.50 കോടി രൂപയുടെ വരുമാന നഷ്ടവും ഉണ്ടായിട്ടുണ്ട്.

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ഖാദി ഉൽപ്പാദന കേന്ദ്രങ്ങളും അതിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾ, തറികൾ, മറ്റ് ഉപകരണങ്ങൾ എന്നിവയ്ക്കും നാശനഷ്ടം സംഭവിച്ചു. 540 ഖാദി തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമായി. ഖാദി വ്യവസായ മേഖലയിൽ മാത്രം 293.23 ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കുന്നു. ഖാദി ബോർഡിന്റെ ഷോറൂമുകൾ പലതും വെള്ളം കയറി നശിച്ചു. ഇതു കൂടാതെ ഖാദി ബോർഡിന്റെ ഓണം വിൽപ്പനയിലും നഷ്ടം സംഭവിച്ചു. 4000 ലക്ഷം രൂപയുടെ നഷ്ടം വിപണനത്തിൽ മാത്രമായി ഉണ്ടായിട്ടുണ്ട്.

കൂടാതെ എന്റെ ഗ്രാമം, പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി എന്നിവ പ്രകാരം വായ്പയെടുത്ത് വ്യവസായ സംരംഭങ്ങൾ ആരംഭിച്ചവരുടെ യൂണിറ്റുകൾക്കും പ്രളയക്കെടുതിമൂലം നഷ്ടം സംഭവിച്ചിട്ടുണ്ട്. ഖാദി ബോർഡിന് കീഴിലുള്ള സഹകരണ സ്ഥാപനങ്ങൾക്കും നാശനഷ്ടമുണ്ടായിട്ടുണ്ട്. 359.42 ലക്ഷം രൂപയുടെ നഷ്ടം ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകൾക്കും സംഭവിച്ചു. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് ആകെ 4760.76 ലക്ഷം രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

കൈത്തറി വ്യവസായ മേഖലയിൽ 8 ജില്ലകളിലായി 650 ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്. ഇതിൽ ഏറ്റവുമധികം നാശം സംഭവിച്ചിട്ടുള്ളത് എറണാകുളം ജില്ലയിലെ നോർത്ത് പറവൂരിലുള്ള ചേന്ദമംഗലം പ്രദേശത്തെ 8 കൈത്തറി സഹകരണ സംഘങ്ങൾക്കാണ്. 2.84 കോടി രൂപയുടെ നാശനഷ്ടമാണ് കൈത്തറി സംഘങ്ങൾക്കുണ്ടായത്. പ്രസ്തുത കൈത്തറി സംഘങ്ങളിലെ 255 തറികൾ, തുണിത്തരങ്ങൾ, നൂലടക്കമുള്ള അസംസ്കൃത വസ്തുക്കൾ, ഫർണിച്ചർ, ഡൈഹൗസ്, വർക്ക് ഷെഡ് തുടങ്ങിയവയെല്ലാം നശിച്ചുപോയി. 53 തറികൾ പൂർണ്ണമായും 202 തറികൾ ഭാഗികമായും നശിച്ചു. ചേന്ദമംഗലം യാൺ ബാങ്കിനും വൻ നഷ്ടമുണ്ടായി. എറണാകുളം, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിലെ കൈത്തറി സംഘങ്ങൾക്കാവശ്യമായ നൂൽ വിതരണം ചെയ്യുന്ന ചേന്ദമംഗലം യാൺ ബാങ്കിൽ സൂക്ഷിച്ചിരുന്ന 31.21 ലക്ഷം രൂപയുടെ നൂൽ നശിച്ചുപോയി.

(സി) സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ ഏകദേശം 17400-ൽപ്പരം തൊഴിലാളികൾക്ക് നേരിട്ട് തൊഴിൽ നഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്. പ്രളയ ദിനങ്ങളിലും തുടർന്നും പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഉൽപ്പാദന സേവന പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ കഴിയാതിരുന്നതിനാൽ നല്ല രീതിയിൽ തൊഴിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇതുമൂലം 5.09 കോടി രൂപയുടെ നഷ്ടവും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഉണ്ടായിട്ടുണ്ട്.

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് ഖാദി വ്യവസായ മേഖലയിൽ 540 പേർക്കും ഗ്രാമ വ്യവസായ മേഖലയിൽ 290 പേർക്കും തൊഴിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

കൈത്തറി മേഖലയിൽ 300-ഓളം നെയ്ത്ത് തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും മൂന്നു മാസത്തിലേറെയായി തൊഴിൽ നഷ്ടമുണ്ടായിട്ടുണ്ട്.

(ഡി) പ്രളയക്കെടുതിയിൽ തകർന്നുപോയ സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകളെ പുനരുദ്ധരിക്കുന്നതിനായി 2019-20 പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാന പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുള്ള പദ്ധതികൾ താഴെപ്പറയുന്നു:

(i) പ്രളയക്കെടുതിയിൽ തകർന്നുപോയ സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകളുടെ പുനർനിർമ്മാണത്തിനായി സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. സ്റ്റാർട്ടപ്പ് സഹായം, നിക്ഷേപ സഹായം എന്നിങ്ങനെ രണ്ടു ഘട്ടമായാണ് സഹായം നൽകുന്നത്. സ്ഥിര ആസ്തികൾ സ്ഥാപിക്കുന്നതിന് നിക്ഷേപം നടത്തുന്നവർക്ക് 15% മുതൽ 30% വരെ പരമാവധി 20/30 ലക്ഷം എന്ന നിരക്കിൽ സഹായം നൽകുന്നതാണ്. കെട്ടിടം, മറ്റ് നിർമ്മാണ പ്രവൃത്തികൾ, യന്ത്ര സാമഗ്രികൾ, മറ്റ് അവശ്യ സ്ഥിര ആസ്തികൾ എന്നിവയാണ് സ്ഥിര നിക്ഷേപത്തിൽ ഉൾപ്പെടുക. അർഹതപ്പെട്ട തുകയുടെ 50% ആദ്യം നൽകുകയും സ്ഥാപനം പുനർ നിർമ്മിച്ച ശേഷം ബാക്കി തുക നൽകുകയും ചെയ്യുന്നതിനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.

(ii) ദുരന്തബാധിത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർ സംരംഭം വീണ്ടെടുക്കുന്നതിനായി പുതുതായി ബാങ്കുകൾവഴി നേടുന്ന വായ്പകളിൽ 6% മുതൽ 8% വരെ പലിശയിളവ് 3 വർഷത്തേക്ക് ലഭിക്കുന്ന രീതിയിൽ സർക്കാർ സബ്സിഡി ലഭ്യമാക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നു.

കൂടാതെ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ചുവടെ ചേർക്കുന്ന പ്രത്യേക ധനസഹായ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്:

ഹ്രസ്വകാല വായ്പ പദ്ധതികൾ :

9% പലിശയ്ക്ക് മൂന്ന് കോടി രൂപ ഹ്രസ്വകാല വായ്പ നൽകും. ഹ്രസ്വകാല വായ്പയുടെ തിരിച്ചടവ് കാലാവധി 3 വർഷമായി ഉയർത്തിയിട്ടുമുണ്ട്. പ്രളയബാധിത സ്ഥലങ്ങളിൽ പുതിയ സംരംഭങ്ങൾക്കും പദ്ധതികൾക്കും നടപടികൾക്കുമുള്ള ഫീസ് ഒഴിവാക്കിയിട്ടുമുണ്ട്.

നിശ്ചിതകാല വായ്പ :

പ്രളയബാധിത സ്ഥലങ്ങളിൽ നിശ്ചിതകാല വായ്പ പദ്ധതികളുടെ പലിശ നിരക്കിൽ 1% വരെ ഇളവ് നൽകുകയും നിലവിലെ ഏറ്റവും കുറഞ്ഞ പലിശയായ 9.75 ശതമാനത്തിൽ കുറയാത്ത വിധവുമാണ് ഇത് നടപ്പിലാക്കുക.

നിലവിലെ സംരംഭകർക്ക്

നിലവിൽ സാമ്പത്തിക സഹായം സ്വീകരിച്ച സംരംഭകർക്ക് ഒരു വർഷത്തെ പിഴപ്പലിശ ഒഴിവാക്കുകയും ആവശ്യകത പരിശോധിച്ച് ഒരു വർഷം വരെ മൊറട്ടോറിയവും വായ്പ തിരിച്ചടവ് കാലാവധി പുതുക്കി നിശ്ചയിക്കാനും തീരുമാനമായിട്ടുണ്ട്.

കൈത്തറി മേഖലയിൽ കേടുപറ്റിയ 255 തറികളിൽ 219 എണ്ണം അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. പുനരുദ്ധാരണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി രൂപീകരിച്ച മോണിറ്ററിംഗ് കമ്മിറ്റി 25-10-2018-ൽ യോഗം ചേർന്ന് തുടർപ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. ഡിസംബർ 30-നകം എല്ലാ തറികളും പ്രവർത്തനക്ഷമമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

**സമ്പദ്ഘടന നേരിടുന്ന പ്രതിസന്ധി തരണംചെയ്യാൻ മൂലധന നിക്ഷേപം**

28 (*58) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. ഡി. കെ. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനം, പൊതുമേഖല ബാങ്കുകളെ ദുർബ്ബലപ്പെടുത്തൽ, ചരക്കുസേവന നികുതിയുടെ വികലമായ നടപ്പിലാക്കൽ,പ്രകൃതിക്ഷോഭം എന്നിവമൂലം സംസ്ഥാന സമ്പദ്ഘടന നേരിടുന്ന പ്രതിസന്ധികൾ തരണം ചെയ്യാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(ബി) മൂലധന നിക്ഷേപം വർദ്ധിപ്പിക്കാനായി കിഫ്ബി വഴി നടപ്പാക്കുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(സി) പ്രവാസി കേരളീയരുടെ നിശ്ചല സമ്പാദ്യം കേരള വികസനത്തിനുള്ള ചാലക ശക്തിയാക്കി മാറ്റാൻ കെ.എസ്.എഫ്.ഇ. -യുടെ പ്രവാസി ചിട്ടിയിലൂടെ എത്രമാത്രം സാധ്യമാകുമെന്നാണ് വിലയിരുത്തിയിരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) നോട്ട് നിരോധനം, പൊതുമേഖല ബാങ്കുകളെ ദുർബ്ബലപ്പെടുത്തൽ തുടങ്ങിയ കേന്ദ്ര സർക്കാരിന്റെ നടപടികളും വേണ്ടത്ര അവധാനതയില്ലാതെ ചരക്കുസേവന നികുതി നടപ്പിലാക്കിയതും സംസ്ഥാനം അഭിമുഖീകരിച്ച ഏറ്റവും ഭീകരമായ പ്രളയത്തിന് അർഹമായ സാമ്പത്തിക സഹായം നൽകുന്നതിന് കേന്ദ്ര സർക്കാർ തുടരുന്ന വിമുഖതയും സംസ്ഥാനത്തിന്റെ സാമ്പത്തിക വ്യവസ്ഥയിൽ ഗുരുതരമായ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. ടി പരിതസ്ഥിതിയിലും സാമൂഹ്യനീതിയുടെ ഘടകങ്ങളെ സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനും, പ്രളയത്തിന് ഇരയായവരുടെ ജീവനോപാധി വികസിപ്പിക്കുന്നതിനും, ദുർബ്ബല വിഭാഗങ്ങൾക്ക് സമഗ്ര സാമൂഹ്യ സുരക്ഷാ കവചമൊരുക്കുന്നതിനും ലോക നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യ സൃഷ്ടിക്കും, പുതിയ തൊഴിൽത്തുറകൾ ഉറപ്പു വരുത്തുന്നതിനുമുതകുന്ന ഒരു സർവ്വതല സ്പർശിയായ വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇത് സാധ്യമാക്കുന്നതിന് സർക്കാർ വിഭാവന ചെയ്ത് നടപ്പിലാക്കുന്ന പദ്ധതികളിൽ പ്രധാനപ്പെട്ടവ ഇവയാണ്.

1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. കിഫ്ബിയുടെ ഭാഗമായി 54,000 കോടി രൂപയുടെ നിക്ഷേപം നടത്താൻ ഉദ്ദേശിക്കുന്നു. ഇതിൽ കിഫ്ബി അംഗീകരിച്ച 39,707.73 കോടി രൂപയുടെ വികസന പ്രവർത്തന നടപടികൾ പുരോഗമിക്കുന്നു.

സമ്പൂർണ്ണ പാർപ്പിടം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ലൈഫ് പാർപ്പിട പദ്ധതിക്കായി 2018-19-ൽ 2500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

പരമ്പരാഗത തൊഴിൽ മേഖലകളായ കൈത്തറി, കയർ, കശുവണ്ടി വ്യവസായം തുടങ്ങിയവയ്ക്ക് ആവശ്യമായ വിഹിതം നടപ്പു വർഷം ബഡ്ജറ്റിൽ വകയിരുത്തി.

നെല്ല് സംഭരണം, തരിശുഭൂമിയിൽ കൃഷിയിറക്കൽ, നാളികേര വികസനം, വിളകളുടെ ആരോഗ്യ പരിപാലനം, ഗുണമേന്മയുള്ള വിത്തും നടീൽ വസ്തുക്കളും ലഭ്യമാക്കൽ, വ്യാവസായിക അടിസ്ഥാനത്തിൽ, കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിന് നൂതന സാങ്കേതിക വിദ്യകളെ പ്രോത്സാഹിപ്പിക്കുക എന്നിവയ്ക്ക് 2018-19-ലെ ബഡ്ജറ്റിൽ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്.

സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിന് കുതിപ്പ് നൽകുന്നതിനായി വ്യവസായ വാണിജ്യ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് നിയമങ്ങളിലും നടപടിക്രമങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തുകയും കിഫ്ബിയുടെ ഭാഗമായി നടപ്പാക്കുന്ന പദ്ധതികളുടെ ഗണ്യമായ വിഹിതം മാറ്റി വയ്ക്കുകയും ചെയ്തു.

2018-19-ൽ 37,247.99 കോടി രൂപയുടെ വാർഷിക പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാന പദ്ധതി അടങ്കൽ 29,150 കോടി രൂപ വരും. ഗ്രാമവികസനത്തിന് 226.04 കോടി രൂപയുടെയും കാർഷിക മേഖലയ്ക്ക് 155.12 കോടി രൂപയുടെയും വർദ്ധനവ് മുൻ വർഷത്തെ അപേക്ഷിച്ച് അനുവദിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം 7,000 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്.

പ്രളയത്തിന്റെ പശ്ചാത്തലത്തിൽ നടപ്പ് പദ്ധതികളുടെ മുൻഗണനാ ക്രമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പ്രളയ ദുരിതത്തിന് ഇരയായവരുടെ ജീവനോപാധി വികസന പാക്കേജിന് സംസ്ഥാന ആസൂത്രണ ബോർഡ് അന്തിമരൂപം നൽകിവരുന്നു.

ഇതിനെല്ലാമുപരിയായി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ചുവടെ ചേർത്തിരിക്കുന്ന നടപടികളും കൈക്കൊണ്ടിട്ടുണ്ട്:

1. വിവിധ നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.

2. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.

3. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി ഇന്റേണൽ ആഡിറ്റ് വിഭാഗം ശക്തമാക്കി.

4. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.

5. വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.

(ബി) കിഫ്ബി വഴി നടപ്പാക്കുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതി താഴെ വിശദീകരിച്ചിരിക്കുന്നു.

| ക്രമ നമ്പർ | കിഫ്ബി പദ്ധതികളുടെ നിലവിലെ സ്ഥിതി | |
|---|---|---|
| 1 | സമർപ്പിക്കപ്പെട്ട പദ്ധതികൾ | 577 |
| 2 | സമർപ്പിക്കപ്പെട്ട പദ്ധതികളുടെ അടങ്കൽ | 45,213 കോടി രൂപ |
| 3 | അംഗീകരിച്ച പദ്ധതികൾ | 466 |
| 4 | അംഗീകരിച്ച പദ്ധതി തുക | 39,707.73 കോടി രൂപ |
| 5 | ടെണ്ടർ ചെയ്ത പദ്ധതികൾ | 215 |
| 6 | ടെണ്ടർ ചെയ്ത തുക | 7,735 കോടി രൂപ |
| 7 | അവാർഡ് ചെയ്ത പദ്ധതികൾ | 144 |
| 8 | അവാർഡ് ചെയ്ത തുക | 5,106 കോടി രൂപ |
| 9 | പദ്ധതികൾക്കായി ചെലവഴിച്ച തുക | 848 കോടി രൂപ |

(സി) 2016-17 ബഡ്ജറ്റിൽ പ്രവാസി കേരളീയരുടെ നിശ്ചല നിക്ഷേപം നാടിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം മുന്നോട്ട് വച്ചിരുന്നു. ഇതിൻ പ്രകാരം കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ സഹകരണത്തോടെ കേരള ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് മുഖേന പ്രവാസി ചിട്ടികൾ ആരംഭിക്കുവാൻ തീരുമാനിച്ചു. പ്രവാസി ചിട്ടി വഴി ലഭ്യമാകുന്ന ഫ്ലോട്ട് ഫണ്ട്, സെക്യൂരിറ്റി തുക എന്നിവ കെ.എസ്.എഫ്.ഇ.-ക്കുവേണ്ടി പ്രത്യേകമായി രൂപകൽപ്പന ചെയ്ത കിഫ്ബി ബോണ്ടുകളിൽ നിക്ഷേപിക്കാനും, ഇത് കിഫ്ബി പദ്ധതി നിർവ്വഹണത്തിനായി ഉപയോഗിക്കുകയും ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഇതിനകം നിലവിൽ വന്ന പ്രവാസി ചിട്ടിയിൽ 21-11-2018-ലെ കണക്ക് പ്രകാരം ആകെ പ്രഖ്യാപിച്ച 79 ചിട്ടികളിൽ 52 ചിട്ടികളിൽ ചിറ്റാളന്മാർ തികഞ്ഞിട്ടുണ്ട്. ഇതുവഴി സെക്യൂരിറ്റി തുകയായി ലഭിച്ച തുകയിൽനിന്നും 77,20,000 രൂപ കിഫ്ബിയുടെ ചിട്ടി ബോണ്ടിൽ കെ.എസ്.എഫ്.ഇ. നിക്ഷേപിച്ചിട്ടുണ്ട്. പ്രവാസി ചിട്ടിയുടെ ആദ്യ ലേലം 23-11-2018-ൽ നടന്നിട്ടുണ്ട്.

(നക്ഷത്രചിഹ്നമിട്ട 59-ാം നമ്പർ ചോദ്യം ഒഴിവാക്കി)

## സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വർദ്ധിപ്പിക്കൽ

29(*60) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. ടി. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വർദ്ധിപ്പിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ശതമാനം വർദ്ധനവാണ് ആവശ്യപ്പെട്ടിട്ടുള്ളത്; ഇതിലൂടെ എത്ര കോടി രൂപ അധികമായി വായ്പ എടുക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ;

(സി) പ്രളയം സംബന്ധിച്ച ലോകബാങ്ക് പഠനസംഘത്തിന്റെ പ്രാഥമിക വിലയിരുത്തലിന് മുമ്പുതന്നെ ലോകബാങ്ക് വായ്പ സന്നദ്ധത അറിയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപ വായ്പയായി അനുവദിക്കാം എന്നാണ് ലോകബാങ്ക് അറിയിച്ചിട്ടുള്ളത്; എത്ര ശതമാനമാണ് പലിശ നിരക്ക്;

(ഡി) കടമെടുപ്പ് പരിധി വർദ്ധിപ്പിക്കണമെന്ന ആവശ്യത്തിനോടുള്ള കേന്ദ്ര പ്രതികരണം വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : (എ&ബി) ഉണ്ട്. പ്രളയക്കെടുതി മുഖാന്തരം സംസ്ഥാനത്തിനുണ്ടായ ആഘാതത്തെ അതിജീവിക്കുന്നതിനായും നവകേരള സൃഷ്ടിക്കായും വിഭാവന ചെയ്തുവരുന്ന ബൃഹത്തായ പദ്ധതികൾക്കായുള്ള വിഭവ സമാഹരണത്തിനായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19-ൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനത്തിൽനിന്നും 4.5 ശതമാനമായും 2019-20-ൽ 3.5 ശതമാനമായും ഉയർത്തണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇത് കേന്ദ്രസർക്കാർ അംഗീകരിക്കുകയാണെങ്കിൽ നിലവിലെ വായ്പാ പരിധിയായ 22353 കോടി രൂപയ്ക്കുപുറമേ 2018-19-ൽ ഏകദേശം 11100 കോടി രൂപയും 2019-20-ൽ ഏകദേശം 4000 കോടി രൂപയും അധിക വായ്പയായി സമാഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിന് ആവശ്യമായ വായ്പ സമാഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ ലോകബാങ്ക് പ്രതിനിധികളുമായി ചർച്ച നടത്തി വരികയാണ്. വായ്പ തുക, പലിശ നിരക്ക് എന്നിവ സംബന്ധിച്ച് തീരുമാനങ്ങളൊന്നുമായിട്ടില്ല.

(ഡി) ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്നുള്ള പ്രതികരണം ലഭ്യമായിട്ടില്ല.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സാമ്പത്തിക പരിധി

1 (394) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത്, തദ്ദേശ സ്വയംഭരണം, ജല വിഭവം, എന്നീ വകുപ്പുകളിലെ ചീഫ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് വിവിധ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾക്ക് ഭരണാനുമതിയും സാങ്കേതിക അനുമതിയും നൽകുന്നതിന് നിലവിലുള്ള സാമ്പത്തിക പരിധി വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) സാങ്കേതികാനുമതി നൽകുന്നതിന് സമയപരിധി നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകുന്നതിനും സാങ്കേതികാനുമതി നൽകുന്നതിനും ഒരു നിശ്ചിത സമയ പരിധി ഏർപ്പെടുത്തുന്നതിന് വ്യവസ്ഥകൾ ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ധനകാര്യ വകുപ്പിന്റെ 22-3-2000-ത്തിലെ സ.ഉ. (കൈ)നമ്പർ 667/2000/ധന, 10-12-2003-ലെ സ.ഉ.(കൈ) നമ്പർ 656/2003/ധന, 7-8-2017-ലെ സ.ഉ. (കൈ) നമ്പർ 102/2017/ധന എന്നീ ഉത്തരവുകൾ പ്രകാരമാണ് പൊതുമരാമത്ത്, ജലവിഭവം മറ്റ് എഞ്ചിനീയറിംഗ് വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കുള്ള സാമ്പത്തികവും സാങ്കേതികവുമായ പ്രത്യോജനകൾ (Delegation) നിശ്ചയിക്കുന്നത്. സ.ഉ.(കൈ) നമ്പർ 102/2017/ധന ഉത്തരവിലെ അനുബന്ധത്തിലെ ഇനം 14.a പ്രകാരം 2 കോടി രൂപവരെയുള്ള പദ്ധതികൾക്ക് അനുമതി നൽകാൻ ചീഫ് എഞ്ചിനീയർക്ക് (പി.ഡബ്ല്യു.ഡി. & ജലസേചനം) അധികാരമുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പും ടി ഉത്തരവുകൾ പ്രകാരം വിവിധ എഞ്ചിനീയറിംഗ് വകുപ്പുകൾക്കുള്ള നിലവിലെ പൊതുസാമ്പത്താധികാര പരിധിയും അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) സമയപരിധി നിലവിലില്ല.

(സി) വ്യവസ്ഥകൾ ഉണ്ടാക്കുന്നതിനുള്ള നടപടി പരിഗണിക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സാലറി ചലഞ്ച്

2 (395) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജീവനക്കാരിൽ എത്ര ശതമാനം പേർ സാലറി ചലഞ്ചിൽ പങ്കെടുത്തുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത്തരത്തിൽ എത്ര തുക ദുരിതാശ്വാസ നിധിയിലേക്ക് സമാഹരിക്കാനായെന്ന് വെളിപ്പെടുത്തുമോ;

(സി) സാലറി ചലഞ്ചിൽ പങ്കെടുക്കാത്തവർ വിസമ്മതപത്രം നൽകണമെന്ന നിബന്ധന ആയത് സംബന്ധിച്ചിറക്കിയ ഉത്തരവിൽ ഉണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത നിബന്ധന കോടതി റദ്ദ് ചെയ്തിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 24-11-2018-ലെ സ്പാർക്കിലെ വിവരമനുസരിച്ച് 2018 ഒക്ടോബറിൽ ശമ്പളം മാറിയ സംസ്ഥാനത്തെ മൊത്തം സർക്കാർ ജീവനക്കാരിൽ (483733) 277338 പേർ സാലറി ചലഞ്ചിൽ പങ്കെടുത്തു (57.33%). സെപ്റ്റംബർ മാസം സ്പാർക്ക് മുഖാന്തരം ശമ്പളം വാങ്ങിയത് 487602 പേരാണ്. അതിനെയപേക്ഷിച്ച് 3869 പേർ കുറച്ചാണ് 24-11-2018 വരെ ശമ്പളം വാങ്ങിയിട്ടുള്ളത്.

(ബി) പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ജീവനക്കാരിൽനിന്നുള്ള സംഭാവന സി.എം.ഡി.ആർ.എഫ്.-നുവേണ്ടി ആരംഭിച്ച ഒരു പ്രത്യേക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് വരവു വയ്ക്കുന്നത്. പ്രസ്തുത അക്കൗണ്ടിൽ 28-11-2018 രാവിലെ 10 മണി വരെയുള്ള കണക്കുകൾ പ്രകാരം 488,60,01,029 രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്.

(സി&ഡി) 11-9-2018-ലെ സർക്കാർ ഉത്തരവ് (പി) 144/2018/ധന. പ്രകാരം സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവിൽ വിസമ്മത പത്രം നൽകണമെന്ന നിബന്ധനയുണ്ടായിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും ഉത്തരവിന്റെ വെളിച്ചത്തിൽ പുറപ്പെടുവിച്ച 30-10-2018-ലെ സർക്കുലർ നമ്പർ 99/2018/ധന. പ്രകാരം സമ്മതപത്രം വാങ്ങി മാത്രമാണ് ഇതിലേയ്ക്കുള്ള തുക ഈടാക്കുന്നത്.

## സാലറി ചലഞ്ച് ഉത്തരവിലെ വിസമ്മതപത്രം നൽകണമെന്ന വ്യവസ്ഥ

3 (396) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എം. വിൻസെന്റ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യുന്ന സാലറി ചലഞ്ച് ഉത്തരവിലെ വിസമ്മതപത്രം നൽകണമെന്ന വ്യവസ്ഥ കേരള ഹൈക്കോടതി റദ്ദാക്കിയിരുന്നോ ;

(ബി) എന്ത് അടിസ്ഥാനത്തിലാണ് കേരള ഹൈക്കോടതി ഇത് റദ്ദാക്കിയത് ;

(സി) ഈ വിധിക്കെതിരെ സർക്കാർ സുപ്രീംകോടതിയെ സമീപിച്ചിരുന്നുവോ; ആരുടെ നിയമോപദേശ പ്രകാരമായിരുന്നു അപ്പീൽ നൽകിയത്; സുപ്രീംകോടതിയിൽ സർക്കാരിനുവേണ്ടി ആരാണ് കേസ് വാദിച്ചത്;

(ഡി) പുറത്തുനിന്നുള്ള അഭിഭാഷകരുടെ സേവനം ഇക്കാര്യത്തിനായി ഉപയോഗിച്ചിരുന്നോ; ഉണ്ടെങ്കിൽ ആരുടെ സേവനമാണ് ഉപയോഗിച്ചത്; സുപ്രീം കോടതി ഈ അപ്പീലിൽ എന്ത് തീർപ്പാണ് കൽപ്പിച്ചത്?

<u>ഉത്തരം</u>

(എ&ബി) സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് 11-9-2018-ൽ പുറപ്പെടുവിച്ച സ.ഉ.(അച്ചടി)144/2018/ധന ഉത്തരവിലെ Clause (10) ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്യുകയും ബഹുമാനപ്പെട്ട സുപ്രീംകോടതി സ്റ്റേ ശരിവയ്ക്കുകയും ചെയ്തു. നിർബന്ധത്തിന്റെ ധ്വനി സൃഷ്ടിക്കുന്നതാണ് ഇതെന്ന് ചൂണ്ടിക്കാട്ടിയാണ് പ്രസ്തുത Clause ഹൈക്കോടതി സ്റ്റേ ചെയ്തത്. ബഹുമാനപ്പെട്ട സുപ്രീംകോടതി അനുവദിച്ചുപ്രകാരം പ്രസ്തുത Clause-ലെ വ്യവസ്ഥയിൽ മാറ്റംവരുത്തിക്കൊണ്ട് 30-10-2018-ലെ 99/2018/ധന പ്രകാരം സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തു.

(സി&ഡി) അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ സാലറി ചലഞ്ചുമായി ബന്ധപ്പെട്ട വിധിക്കെതിരെ ബഹു. സുപ്രീംകോടതിയിൽ അപ്പീൽ നൽകിയിരുന്നു. ബഹു. സുപ്രീം കോടതിയിൽ സർക്കാരിനുവേണ്ടി താഴെപ്പറയുന്ന അഡ്വക്കേറ്റുമാർ ഹാജരായി.

ശ്രീ. ജയ്ദീപ് ഗുപ്ത , സീനിയർ അഡ്വക്കേറ്റ്

ശ്രീ. ജി. പ്രകാശ് , എ.ഒ.ആർ.

ശ്രീ. ജിഷ്ണു എം. എൽ., അഡ്വക്കേറ്റ്

ശ്രീമതി പ്രിയങ്ക പ്രകാശ്, അഡ്വക്കേറ്റ്

ശ്രീമതി ബീന പ്രകാശ്, അഡ്വക്കേറ്റ്.

സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് ബഹു. സുപ്രീംകോടതി ശരിവയ്ക്കുകയും സർക്കാരിന്റെ ആവശ്യപ്രകാരം പ്രസ്തുത Clause-ൽ മാറ്റം വരുത്തുന്നതിനുള്ള അവകാശം സർക്കാരിന് നൽകുകയും ചെയ്തു.

**മങ്കട നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ**

4 (397) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സംസ്ഥാന ബഡ്ജറ്റിലേക്ക് മങ്കട നിയോജകമണ്ഡലത്തിന്റെ വികസനത്തിന്റെ ഭാഗമായി നൽകിയ 50 പ്രവൃത്തികളിൽ എത്ര എണ്ണത്തിന് ഭരണാനുമതി നൽകിയെന്ന് വിശദമാക്കാമോ;

(ബി) 2018-19 സാമ്പത്തിക വർഷം മലപ്പുറം ജില്ലയിൽനിന്നും നൽകിയ മുഴുവൻ (നിയോജകമണ്ഡലാടിസ്ഥാനത്തിൽ) പ്രവൃത്തികളിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) മങ്കട നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകുന്നതിന് പരിഗണനയിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ വകുപ്പ് തിരിച്ച് നൽകാമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൻകീഴിലും പൊതുമരാമത്ത് വകുപ്പ് കെട്ടിടം വിഭാഗത്തിൻകീഴിലും മങ്കട നിയോജക മണ്ഡലത്തിലെ 2018-19 സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടില്ല.

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ മലപ്പുറം ജില്ലയിൽ മഞ്ചേരി ഡിവിഷന് കീഴിൽ മഞ്ചേരി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ഉൾപ്പെട്ട ഒരു പ്രവൃത്തിക്ക് 194.79 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ആയതിന്റെ വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | തുക | ജി.ഒ. നമ്പർ | നിയോജക മണ്ഡലം |
|---|---|---|---|
| ബഡ്ജറ്റ് വർക്ക് 2018-19 മഞ്ചേരി നിയോജക മണ്ഡലത്തിലെ ഓലപ്പാറ – കൊമ്പൻകല്ല് റോഡ് കി.മീ. 0/000 മുതൽ 1/500 വരെ 50 എം.എം.ബി.എം. & 30 എം.എം.ബി.സി. ചെയ്ത് അഭിവൃദ്ധിപ്പെടുത്തൽ | 1,94,78,591 | ജി.ഒ. (ആർ.ടി.)നമ്പർ 1729/2018/ പൊ.മ.വ. തീയതി 5-11-2018 | മഞ്ചേരി |

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് കീഴിൽ ഭരണാനുമതി ലഭ്യമായ പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) മങ്കട നിയോജകമണ്ഡലത്തിൽ 2018-19-ൽ ഭരണാനുമതിക്കായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽനിന്നുള്ള പ്രൊപ്പോസൽ ഒന്നുംതന്നെയില്ല.

പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൻകീഴിൽ താഴെപ്പറയുന്ന 2 പ്രവൃത്തികൾ പണിഗണനയ്ക്കായി നൽകിയിട്ടുണ്ട്.

1. കാച്ചിനിക്കാട്-വെള്ളില റോഡ് കി.മീ. 0/000 മുതൽ 2/000 വരെ ബി.എം.&ബി.സി. ചെയ്ത് അഭിവൃദ്ധിപ്പെടുത്തൽ -170 ലക്ഷം രൂപ.

2. പെരുമ്പിലാവ്-നിലമ്പൂർ റോഡ് കി.മീ. 44/000-നും 45/000-നും ഇടയിൽ ബി.എം.&ബി.സി. ചെയ്ത് അഭിവൃദ്ധിപ്പെടുത്തൽ (125 മീറ്റർ ഇന്റർ ലോക്കിംഗ് ടൈൽ ചെയ്യുന്ന ഭാഗം ഇല്ലാതെ)- 130 ലക്ഷം രൂപ.

## സാലറി ചലഞ്ച്

5 (398) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാലറി ചലഞ്ചിൽ സംസ്ഥാനത്തെ എത്ര ഉദ്യോഗസ്ഥർ പങ്കെടുത്തുവെന്നും ഇതുവഴി ഖജനാവിലേക്ക് എന്തു തുക ലഭിച്ചു എന്നും വകുപ്പ് തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സാലറി ചലഞ്ചിൽ വിസമ്മതപത്രം നൽകിയ ഉദ്യോഗസ്ഥരുടെ കണക്കുകൾ വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(സി) വിസമ്മതപത്രം നൽകിയ ജീവനക്കാരുടെ സർവ്വീസ് ബുക്കിൽ, രേഖപ്പെടുത്തലുകൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) 24-11-2018-ലെ സ്പാർക്കിലെ വിവരമനുസരിച്ച് 2018 ഒക്ടോബറിൽ ശമ്പളം മാറിയ സംസ്ഥാനത്തെ മൊത്തം സർക്കാർ ജീവനക്കാരിൽ (483733) 277338 പേർ സാലറി ചലഞ്ചിൽ പങ്കെടുത്തു (57.33%).

സെപ്റ്റംബർ മാസം സ്പാർക്ക് മുഖാന്തരം ശമ്പളം വാങ്ങിയത് 4,87,602 പേരാണ്. അതിനെ അപേക്ഷിച്ച് 3869 പേർ കുറച്ചാണ് 24-11-2018 വരെ ശമ്പളം വാങ്ങിയിട്ടുള്ളത്.

പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ജീവനക്കാരിൽ നിന്നുള്ള സംഭാവന സി.എം.ഡി.ആർ.എഫ്.-നുവേണ്ടി ആരംഭിച്ച ഒരു പ്രത്യേക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് വരവു വയ്ക്കുന്നത്. പ്രസ്തുത അക്കൗണ്ടിൽ 28-11-2018 രാവിലെ 10 മണി വരെയുള്ള കണക്കുകൾ പ്രകാരം 488,60,01,029 രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്.

പൊതുമേഖലാ ജീവനക്കാർ, വിവിധ ഗ്രാന്റ്-ഇൻ-എയ്ഡ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ സംഭാവന ബാങ്ക് അക്കൗണ്ടിലാണ് വരവ് വയ്ക്കുന്നത്. ആയത് ഇതിന് പുറമേയാണ്.

(ബി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും വിധിയുടെ അടിസ്ഥാനത്തിൽ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിലാണ് സാലറി ചലഞ്ചിലെ പങ്കാളിത്തം നിർണ്ണയിക്കുന്നത്.

(സി) ഇല്ല.

**സാലറി ചലഞ്ചിൽനിന്നും ലഭിച്ച തുക**

6 (399) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാലറി ചലഞ്ചിൽ ഓരോ വകുപ്പിലേയും എത്ര ജീവനക്കാർ പങ്കെടുത്തു; ആകെ ജീവനക്കാർ എത്ര, പങ്കെടുത്തവർ എത്ര;

(ബി) എല്ലാ ജീവനക്കാരും ഒരു മാസത്തെ ശമ്പളം സാലറി ചലഞ്ചിൽ നൽകിയാൽ എത്ര രൂപ ദുരിതാശ്വാസ നിധിയിൽ ലഭിക്കും;

(സി) സാലറി ചലഞ്ചിൽ പങ്കെടുത്ത ജീവനക്കാരിൽനിന്ന് എത്ര രൂപ ലഭിച്ചിട്ടുണ്ട്; ഇനി എത്ര രൂപ ലഭിക്കാനുണ്ട്; വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 24-11-2018-ലെ സ്പാർക്കിലെ വിവരമനുസരിച്ച് 2018 ഒക്ടോബറിൽ ശമ്പളം മാറിയ സംസ്ഥാനത്തെ മൊത്തം സർക്കാർ ജീവനക്കാരിൽ (483733) 277338 പേർ സാലറി ചലഞ്ചിൽ പങ്കെടുത്തു. ഇതിന്റെ വകുപ്പ് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) 2018 സെപ്റ്റംബർ മാസത്തെ ശമ്പള കണക്കനുസരിച്ച് സ്പാർക്ക് വഴി ശമ്പളം മാറിയ 483733 ജീവനക്കാരിൽ നിന്നായി 2211.48 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിക്കുമായിരുന്നു.

(സി) പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ജീവനക്കാരിൽനിന്നുള്ള സംഭാവന സി.എം.ഡി.ആർ.എഫ്.-നുവേണ്ടി ആരംഭിച്ച ഒരു പ്രത്യേക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് വരവു വയ്ക്കുന്നത്. പ്രസ്തുത അക്കൗണ്ടിൽ 28-11-2018 രാവിലെ 10 മണി വരെയുള്ള കണക്കുകൾ പ്രകാരം 488,60,01,029 രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്.

പൊതുമേഖലാ ജീവനക്കാർ, വിവിധ ഗ്രാന്റ്-ഇൻ-എയ്ഡ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ സംഭാവന ബാങ്ക് അക്കൗണ്ടിലാണ് വരവുവയ്ക്കുന്നത്. ആയത് ഇതിന് പുറമേയാണ്. ഇനി ലഭിക്കാനുള്ള തുകയും വിവിധ വകുപ്പുതിരിച്ചുള്ള വിവരങ്ങളും ഇപ്പോൾ ക്രോഡീകരിക്കാൻ കഴിയില്ല. അതേസമയം നിലവിലെ സാഹചര്യത്തിൽ സാലറി ചലഞ്ച് മുഖേന 1400-1500 കോടി രൂപ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## റവന്യൂ വരുമാനത്തിൽ ഉണ്ടായ കുറവ്

7 (400) <u>ശ്രീ. യു. ആർ. പ്രദീപ് </u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനംമൂലമുണ്ടായ വ്യാവസായിക മാന്ദ്യവും സാമ്പത്തിക മാന്ദ്യവുംമൂലം സംസ്ഥാനത്തെ റവന്യൂ വരുമാനത്തിൽ ഇതേവരെ എത്ര കോടി രൂപയുടെ കുറവുവന്നിട്ടുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്; അറിയിക്കുമോ;

(ബി) ഈ കുറവ് നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) നോട്ട് നിരോധനം രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് അപ്രതീക്ഷിത തിരിച്ചടിയാണ് പൊതുവിൽ ഏൽപ്പിച്ചത്. അതിന്റെ പ്രതിഫലനങ്ങൾ സംസ്ഥാന സമ്പദ്‌വ്യവസ്ഥയെയും ഗുരുതരമായി ബാധിച്ചു. സംസ്ഥാന ആഭ്യന്തരോൽപ്പാദനത്തിൽ ഇടിവുണ്ടാവുകയും തൽഫലമായി സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിനെ സാരമായി ബാധിക്കുകയും ചെയ്തു. സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിൽ നോട്ട് നിരോധനം ഏറ്റവും കൂടുതൽ ബാധിച്ചത് പരമ്പരാഗത മേഖലയെയും അസംഘടിത മേഖലയിൽനിന്നുള്ള വരുമാനത്തെയുമാണ്. കയർ, കൈത്തറി, കൃഷി തുടങ്ങിയ മേഖലകളിലെ സാമ്പത്തിക പ്രവർത്തനങ്ങൾ നോട്ട് ക്ഷാമംമൂലം ഏതാണ്ട് നിശ്ചലമായി. കേരളത്തിന്റെ ഗ്രാമീണ, നഗര സമ്പദ് വ്യവസ്ഥ ഉയർത്തിപ്പിടിക്കുന്നതിൽ ദീർഘകാല പാരമ്പര്യമുള്ള സഹകരണ മേഖല നോട്ട് റദ്ദാക്കൽമൂലം അടച്ചുപൂട്ടലിന്റെ വക്കിലെത്തി. നോട്ട് നിരോധനത്തെത്തുടർന്ന് ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ട് അനുഭവിക്കേണ്ടി വന്നു. ഉപഭോഗ ആവശ്യങ്ങൾ നിശ്ചലമായി. നോട്ട് നിരോധനത്തിന്റെ അനിവാര്യഫലമായി സാമ്പത്തിക വളർച്ചാ നിരക്ക് ഇടിയുകയും നിക്ഷേപത്തെ ബാധിക്കുകയും ചെയ്തു. നോട്ട് നിരോധിക്കാനുള്ള അപ്രതീക്ഷിത തീരുമാനം, വരുമാന വർദ്ധനവിലൂടെ നമ്മുടെ സമ്പദ്ഘടനയെ ശക്തിപ്പെടുത്താനുള്ള സർക്കാർ നയങ്ങളെ പ്രതികൂലമായി ബാധിച്ചു. ഉപഭോഗചെലവിൽ പ്രതിഫലിച്ചിരുന്ന ജനങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങളും അതിനനുസരിച്ചുള്ള ഉപഭോഗചെലവും സംസ്ഥാന വരുമാനത്തിന്റെ നെടുംതൂണായിരുന്നു. ഉപഭോഗചെലവിലുണ്ടായ കുറവ് സംസ്ഥാന ഖജനാവിനെ ബാധിച്ചു. 2016-17-ൽ നികുതി വരുമാനം ഉയർത്താനുള്ള സർക്കാരിന്റെ ശ്രമം നോട്ട് നിരോധനം പരാജയപ്പെടുത്തുകയും തന്മൂലം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ പ്രതീക്ഷിത വളർച്ചാ നിരക്കായ 14.24 ശതമാനത്തിന്റെ സ്ഥാനത്ത് 8.16 ശതമാനം മാത്രമെ കൈവരിക്കാൻ കഴിഞ്ഞുള്ളൂ. ഇത് സംസ്ഥാന ബഡ്ജറ്റിൽ വിഭാവന ചെയ്തിരുന്ന സാമ്പത്തിക സൂചകങ്ങളെ പാടെതകിടംമറിച്ചു.

നോട്ട് നിരോധനത്തെത്തുടർന്ന് മാന്ദ്യം നേരിട്ട പരമ്പരാഗത മേഖലകൾക്ക് ഉണർവേകുവാൻ സർക്കാർ ഊർജ്ജിതമായി ഇടപെടുകയും ബന്ധപ്പെട്ട മേഖലകളിലെ പദ്ധതികൾക്ക് മതിയായ വിഹിതം വകയിരുത്തുകയും ചെയ്തു. തൽഫലമായി പരമ്പരാഗത മേഖലയിലെ പ്രവർത്തനങ്ങളെ ചലനാത്മക മാക്കുന്നതിന് കഴിഞ്ഞു. സർക്കാരിന്റെ ക്രിയാത്മകമായ ഇടപെടലിന്റെ ഭാഗമായി ഈ മേഖലകൾ ഇപ്പോൾ തിരിച്ചുവരവിന്റെ പാതയിലാണ്.

**വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ**

8 (401) ശ്രീ. പി. ഉണ്ണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ബി) 2018-19 സാമ്പത്തിക വർഷം ലഭിക്കുമെന്ന് പ്രതീക്ഷിച്ച വരുമാനം എത്രയാണ്; അതിൽ നാളിതുവരെ ലഭ്യമായതെത്ര; വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ; എങ്കിൽ എത്രയെന്നും കുറവ് വരാനിടയായ സാഹചര്യമെന്തെന്നും വിശദീകരിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും നികുതി ചോർച്ച തടയുന്നതിനും ചുവടെ ചേർക്കുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്:

1. വിവിധ നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.
2. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.
3. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി ഇന്റേണൽ ആഡിറ്റ് വിഭാഗം ശക്തമാക്കി.
4. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.
5. വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.

നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽനിന്നും വ്യതിചലിക്കാതെയുമുള്ള ധനമാനേജ്മെന്റാണ് സർക്കാർ അനുവർത്തിച്ചുപോരുന്നത്.

(ബി) 2018-19 സാമ്പത്തിക വർഷം ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 102801.24 കോടി രൂപ റവന്യൂ വരുമാനമായി പ്രതീക്ഷിക്കുന്നു. അക്കൗണ്ടന്റ് ജനറലിന്റെ 2018 സെപ്റ്റംബർ 30 വരെയുള്ള പ്രാരംഭ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 40,009.48 കോടി രൂപയാണ്. ഈ ഇനത്തിൽ 2017 സെപ്റ്റംബർ മാസത്തെ റവന്യൂ വരുമാനമായ 34017.25 കോടി രൂപയെ അപേക്ഷിച്ച് 17.62 % വർദ്ധനവുണ്ടായിട്ടുണ്ട്.

## വാർഷിക പദ്ധതിത്തുകയുടെ വിനിയോഗം

9(402) ശ്രീ. കെ. ജെ. മാക്സി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുസാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിക്കായി എത്ര കോടി രൂപയാണ് നീക്കിവച്ചിരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) വാർഷിക പദ്ധതിയിൽ നാളിതുവരെ എത്ര കോടി രൂപ ഓരോ വകുപ്പുകളും ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) വാർഷിക പദ്ധതിയിൽ ഒക്ടോബർ 31-നകം എത്ര തുക ഓരോ വകുപ്പും ചെലവിടണമെന്നാണ് നിഷ്കർഷിച്ചിരുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നടപ്പുസാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിക്കായി 29,150 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന രണ്ടാം പദ്ധതി ചെലവ് അവലോകന കമ്മിറ്റിയുടെ നടപടിക്കുറിപ്പ് പ്രകാരം മുൻ വർഷങ്ങളിലെ സാമ്പത്തിക പുരോഗതി ഇതേ കാലയളവിലെ പുരോഗതിയുമായി താരതമ്യം ചെയ്യുമ്പോൾ എല്ലാ പദ്ധതി കാറ്റഗറികളിലും (2018 ജൂലൈ) ഭേദപ്പെട്ട പുരോഗതി നേടാൻ കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും 30-3-2017-ലെ 20/2017/ഫിൻ. നമ്പർ സർക്കുലർ പ്രകാരം 2017-18 സാമ്പത്തിക വർഷം മുതൽ 85% പ്ലാൻ ഫണ്ട് മാർച്ചിന് മുമ്പും ശേഷിക്കുന്ന 15% മാർച്ചിലും ചെലവഴിക്കേണ്ടതാണ്.

## പങ്കാളിത്ത പെൻഷൻ പദ്ധതി

10 (403) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 ഏപ്രിൽ ഒന്നിന് നിലവിൽ വന്ന പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ എന്നിവർക്ക് പുറമേ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് പദ്ധതിയിൽ ഉൾപ്പെട്ടിരുന്നത്;

(ബി) നിലവിൽ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം 33 ആയി ഉയർന്നിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ശേഷിക്കുന്ന 68 പൊതുമേഖലാ സ്ഥാപനങ്ങളെക്കൂടി പദ്ധതിയുടെ ഭാഗമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി ഒരു സമിതിയെ സർക്കാർ നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ എന്നിവർക്ക് പുറമേ നിലവിൽ 34 പൊതുമേഖലാ സ്ഥാപനങ്ങളാണ് പങ്കാളിത്ത പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്.

(സി) കെ.എസ്.ആർ. ഭാഗം III പെൻഷൻ ബാധകമല്ലാത്ത സ്ഥാപനങ്ങളിലേയ്ക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി വ്യാപിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

(ഡി) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി റിട്ട. ജില്ലാ ജഡ്ജി ശ്രീ. സതീഷ് ചന്ദ്രബാബു ചെയർമാനും ശ്രീ. പി. മാരപാണ്ഡ്യൻ (റിട്ട. ഐ.എ.എസ്.) പ്രൊഫ. ഡി. നാരായണ (ജി.ഐ.എഫ്.റ്റി. ഡയറക്ടർ) അംഗങ്ങളുമായി ഒരു സമിതി രൂപീകരിച്ച് സർക്കാർ 7-11-2018-ലെ സ.ഉ.(പി)നമ്പർ 172/2018/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

11 (404) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്ക് ഏർപ്പെടുത്തിയ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിന് സമിതിയെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത സമിതിയുടെ പരിഗണനാവിഷയങ്ങൾ എന്തൊക്കെ യാണെന്നും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുള്ള കാലാവധി എന്നുവരെയാണെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി റിട്ട. ജില്ലാ ജഡ്ജി ശ്രീ. സതീഷ് ചന്ദ്രബാബു ചെയർമാനും ശ്രീ. പി. മാരപാണ്ഡ്യൻ (റിട്ട. ഐ.എ.എസ്.), പ്രൊഫ. ഡി. നാരായണ (ജി.ഐ.എഫ്.റ്റി. ഡയറക്ടർ) അംഗങ്ങളുമായി ഒരു സമിതി രൂപീകരിച്ച് സർക്കാർ 7-11-2018-ൽ സ.ഉ.(പി)നമ്പർ 172/2018/ധന നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സമിതിയുടെ പരിഗണനാ വിഷയങ്ങൾ ഉൾപ്പെടെ അനുബന്ധമായി ചേർത്തുകൊണ്ടാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*. സമിതിക്ക് മുൻപാകെ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുള്ള കാലാവധി സംബന്ധിച്ച് സമിതി യോഗം ചേർന്ന് തീരുമാനിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലക്കയറ്റം

12 (405) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിയം ഉത്പന്നങ്ങൾക്ക് തുടർച്ചയായുണ്ടാകുന്ന വിലക്കയറ്റം ജനജീവിതത്തെ ദുസ്സഹമാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി ടി ഉത്പന്നങ്ങളുടെ വിലയിന്മേലുള്ള ആനുപാതിക നികുതി വർദ്ധനവ് രീതി ഒഴിവാക്കി സ്ഥിര നികുതി രീതി ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) പെട്രോളിയം ഉത്പന്നങ്ങളെ ജി.എസ്.ടി.- യിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ എതിർക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി ടി ഉൽപ്പന്നങ്ങളുടെ വിലയിന്മേലുള്ള ആനുപാതിക നികുതി വർദ്ധനവ് രീതി ഒഴിവാക്കി സ്ഥിര നികുതി രീതി ഏർപ്പെടുത്തുന്നതിനുള്ള തീരുമാനം നിലവിൽ പരിഗണനയിലില്ല. പെട്രോളിയം ഉൽപ്പന്നങ്ങൾ കേരള പൊതുവിൽപ്പന നികുതി നിയമത്തിന്റെ പരിധിയിൽ വരുന്നതിനാൽ സംസ്ഥാനത്തിനുള്ളിലെ ആദ്യ വിൽപ്പന ഘട്ടത്തിലാണ് നികുതി ചുമത്തുന്നത്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ ഇടയ്ക്കിടെയുള്ള വിലവർദ്ധനവിലെ ആഘാതം കുറയ്ക്കുന്നതിനായി 31-5-2018-ൽ സർക്കാർ വിജ്ഞാപനം SRO No. 345/2018 പ്രകാരം നികുതി നിരക്കിൽ കുറവ് വരുത്തുകയുണ്ടായി.

(സി) കേരള സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ ഒരു ഗണ്യമായ പങ്ക് പെട്രോളിയം ഉൽപ്പന്നങ്ങളായ പെട്രോൾ, ഡീസൽ എന്നിവയിൽനിന്നും ലഭിക്കുന്നതാണ്. നിലവിൽ പെട്രോളിന് 30.08 ശതമാനവും ഡീസലിന് 22.76 ശതമാനവും നികുതിയാണുള്ളത്. ഈ ഉൽപ്പന്നങ്ങളുടെ നികുതി നിരക്കിലോ നികുതി ഘടനയിലോ ഉണ്ടാകുന്ന ഏത് വ്യതിയാനവും സർക്കാരിന്റെ നികുതി വരുമാനത്തിൽ സാരമായ വ്യത്യാസം വരുത്തുന്നതാണ്. ജി.എസ്.ടി. നിയമത്തിൽ ചുമത്താവുന്ന ഏറ്റവും ഉയർന്ന നികുതിനിരക്ക് 28% ആണ്. ഇവ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തിയാൽ സംസ്ഥാന വിഹിതമായ 14% മാത്രമെ സംസ്ഥാന സർക്കാരിന് ലഭിക്കുകയുള്ളൂ. പെട്രോളിയം ഉൽപ്പന്നങ്ങളെ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തിയാലുണ്ടാകുന്ന നികുതി നഷ്ടത്തിന് ഉചിതമായ നഷ്ടപരിഹാരം ജി.എസ്.ടി. കോമ്പൻസേഷൻ നിയമത്തിൽ ഉൾപ്പെടുത്തിയാൽ ഈ വിഷയം ചർച്ച ചെയ്യാമെന്നാണ് സർക്കാർ നിലപാട്.

## ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

13 (406) ശ്രീ. പി. ഉണ്ണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി എത്ര തുക ചെലവഴിച്ചു എന്ന് വിശദമാക്കാമോ;

(ബി) 2016-17, 2017-18, 2018-19 എന്നീ വാർഷിക ബഡ്ജറ്റുകളിൽനിന്നും അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശവും അനുവദിക്കപ്പെട്ടിട്ടുള്ള തുക എത്രയെന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 2016-17 മുതൽ 2018-19-ലെ ഇതുവരെയുള്ള കാലയളവിൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയിൽ (MLA SDF)നിന്നും 2.03 കോടി രൂപയും നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽനിന്നും 7.16 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*. മറ്റ് പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്*. ഇതുകൂടാതെ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒറ്റപ്പാലം മണ്ഡലത്തിലെ വിവിധ പദ്ധതികൾക്കായി കിഫ്ബി വഴി 205.14 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്*.

## ധനക്കമ്മിയും റവന്യൂ കമ്മിയും

14 (407) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16, 2016-17, 2017-18 എന്നീ വർഷങ്ങളിലെ ധനക്കമ്മി എത്രയാണ്; മേല്പറഞ്ഞ കാലയളവിലെ റവന്യൂ കമ്മി എത്രയാണ്;

(ബി) ധനക്കമ്മിയിലും റവന്യൂ കമ്മിയിലും ഉണ്ടായിട്ടുള്ള വർദ്ധനവ് സംസ്ഥാനത്തിന്റെ സാമ്പത്തിക നിലവാരം സംബന്ധിച്ച് എന്ത് സൂചനയാണ് നൽകുന്നത്;വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 2015-16 മുതൽ 2017-18 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാനത്തിന്റെ ധനക്കമ്മി, റവന്യൂ കമ്മി എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| വർഷം | റവന്യൂ കമ്മി | ധനക്കമ്മി |
|---|---|---|
| 2015-16 | 9656.81 | 17818.39 |
| 2016-17 | 15484.59 | 26448.35 |
| 2017-18 (പ്രാഥമിക കണക്ക്) | 16928.21 | 26837.42 |

(ബി) കേന്ദ്ര സർക്കാരിന്റെ നോട്ട് പിൻവലിക്കൽ നടപടി കാരണം സംസ്ഥാന സമ്പദ്‌വ്യവസ്ഥയിലുണ്ടായ പ്രതിസന്ധി, കുറഞ്ഞുവരുന്ന സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ വളർച്ചാനിരക്കിനെ കൂടുതൽ മോശാവസ്ഥയിലാക്കുവാൻ ഇടയാക്കി. ഇതുകാരണം ബഡ്ജറ്റിൽ ലക്ഷ്യമിട്ടിരുന്നതുപോലെ നികുതി പിരിച്ചെടുക്കാൻ കഴിയാതിരുന്നതും തന്മൂലം നികുതി പിരിവിലുണ്ടായ കുറവും ശമ്പളം, പെൻഷൻ, പലിശ എന്നീ ഇനങ്ങളിലെ ചെലവിലുണ്ടായ വർദ്ധനവ്, 10-ാം ശമ്പള പരിഷ്കരണംമൂലമുണ്ടായ അധിക സാമ്പത്തിക ബാദ്ധ്യത എന്നിവമൂലം റവന്യൂ ചെലവ് വർദ്ധിക്കാൻ ഇടയാക്കിയതുമാണ് പ്രധാനമായും റവന്യൂ കമ്മിയും ധനക്കമ്മിയും വർദ്ധിക്കാൻ കാരണമായത്. കൂടാതെ ക്ഷേമ പെൻഷൻ കുടിശ്ശിക, കരാറുകാർക്കുള്ള കുടിശ്ശിക, കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയ അധിക ധനസഹായം എന്നീ ഇനത്തിലുള്ള ചെലവുകൾ കൊടുത്തുതീർക്കേണ്ടിവന്നതും റവന്യൂ കമ്മിയും ധനക്കമ്മിയും വർദ്ധിക്കാൻ ഇടയാക്കിയിട്ടുണ്ട്. എന്നാൽ 2017-18-ൽ റവന്യൂ കമ്മി/ ജി.എസ്.ഡി.പി. അനുപാതം 2016-17-ലെ 2.51 ശതമാനത്തെ അപേക്ഷിച്ച് 2.49 ശതമാനമായും ധനക്കമ്മി 4.28 ശതമാനത്തിൽനിന്നും 3.95 ശതമാനമായും മെച്ചപ്പെട്ടിട്ടുണ്ട്.

**പ്രളയാനന്തരം സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി**

15 (408) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തരമുള്ള സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനം ഇപ്പോൾ കടക്കെണിയിലാണോ ; പ്രളയാനന്തരം നവകേരള നിർമ്മിതിക്കായി ഏതെല്ലാം ഏജൻസികളിൽനിന്നും സർക്കാർ കടമെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ദൈനംദിന ചെലവുകൾ നിർവ്വഹിക്കുന്നതിനും മറ്റ് വികസന കാര്യങ്ങൾക്ക് ഫണ്ട് ഉപയോഗിക്കുന്നതിനും നിയന്ത്രണമുണ്ടോ;

(ഡി) ഇല്ലെങ്കിൽ ആവശ്യമായ ഫണ്ടുകൾ എല്ലാ വകുപ്പിനും നൽകുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം (2018-19) സെപ്റ്റംബർ 30 വരെയുള്ള കാലയളവിലെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 23,057.13 കോടി രൂപയും ആകെ റവന്യൂ വരുമാനം 40,009.47 കോടി രൂപയുമാണ്. ഈ ഇനങ്ങളിൽ മുൻ വർഷത്തെ അപേക്ഷിച്ച് യഥാക്രമം 11.03%, 17.62% വർദ്ധനവ് കൈവരിച്ചിട്ടുണ്ട്. ആകെ ചെലവിൽ 9.05 ശതമാനത്തിന്റെ വളർച്ചയുണ്ടായിട്ടുണ്ട്. അതേസമയം റവന്യൂ കമ്മിയിലും ധനക്കമ്മിയിലും യഥാക്രമം 9.97%, 6.07% കുറവ് വരുത്താൻ സാധിച്ചിട്ടുണ്ട്. എന്നാൽ, പ്രളയം സമ്പദ്ഘടനയിലുണ്ടാക്കിയ ആഘാതം വരും മാസങ്ങളിലെ കണക്കുകളിൽ മാത്രമെ പ്രതിഫലിക്കുകയുള്ളൂ.

(ബി) അല്ല. പ്രളയാനന്തരം സംസ്ഥാനത്തിന്റെ പുനർ നിർമ്മാണത്തിന് ആവശ്യമായ വിഭവസമാഹരണം സംബന്ധിച്ച ചർച്ചകൾ അവസാന ഘട്ടത്തിലാണ്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടതിനുശേഷമേ ഏതെല്ലാം ഏജൻസികളിൽനിന്നാണ് കടമെടുക്കുന്നതെന്ന കാര്യത്തിൽ വ്യക്തത വരികയുള്ളൂ.

(സി&ഡി) ശമ്പളം, പെൻഷൻ തുടങ്ങിയ ദൈനംദിന ചെലവുകൾക്ക് നിയന്ത്രണങ്ങളൊന്നുമില്ല. ഒരു കോടി രൂപ വരെയുള്ള പദ്ധതി-പദ്ധതിയേതര ചെലവുകളുടെ ബില്ലുകൾക്കും നിയന്ത്രണങ്ങൾ ബാധകമല്ല.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി സബ് ട്രഷറി

16 (409) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സബ്ട്രഷറിക്ക് സാങ്കേതികാനുമതി ലഭ്യമാക്കി കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പഴയങ്ങാടി സബ് ട്രഷറിക്കുവേണ്ടി പുതിയ കെട്ടിടം നിർമ്മിക്കാനുള്ള പ്രോജക്റ്റ്, ട്രഷറി അടിസ്ഥാന വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 16-7-2017-ലെ G.O.(Rt)No.5721/2017/Fin നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ നിർവഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് ട്രഷറിയുടെ വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. സാങ്കേതികാനുമതികൂടി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ കഴിയും.

(ബി) ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിന് 16-10-2018-ലെ ജി.ഒ.(ആർ.റ്റി.)നമ്പർ 8565/2018/ധന നമ്പർ ഉത്തരവ് പ്രകാരം പുതിയ സാങ്കേതിക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പുതുതായി രൂപീകരിക്കപ്പെട്ട പ്രസ്തുത സാങ്കേതിക കമ്മിറ്റിയുടെ യോഗം 28-11-2018-ന് കൂടാൻ തീരുമാനിച്ചിട്ടുണ്ട്. ഈ യോഗത്തിൽ പഴയങ്ങാടി സബ് ട്രഷറിയുടെ പ്ലാനും എസ്റ്റിമേറ്റും സാങ്കേതികാനുമതിക്കായി സമർപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഇൻകെൽ ലിമിറ്റഡുമായി കരാറിലേർപ്പെടുന്നതും കെട്ടിട നിർമ്മാണം ആരംഭിക്കുന്നതുമാണ്.

## സംസ്ഥാനത്തിന്റെ ധനസ്ഥിതി

17 (410) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി വെളിപ്പെടുത്താമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ ഇനങ്ങളിലായി ഉണ്ടായ വരവ്,ചെലവ് എന്നിവ എത്രയെന്ന് അറിയിക്കുമോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ സമാഹൃത വിഭവങ്ങളിൽ വികസനത്തിനു വേണ്ടി ചെലവഴിച്ചതെത്ര കോടി വീതമാണെന്ന് വ്യക്തമാക്കുമോ;

(ഡി) 2018-19 സാമ്പത്തിക വർഷത്തെ മൂലധനച്ചെലവ് പ്രതീക്ഷിച്ചതെത്രയാണെന്നും യഥാർത്ഥത്തിൽ ഇതുവരെ ഉണ്ടായ മൂലധനച്ചെലവ് എത്രയാണെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം (2018-19) സെപ്റ്റംബർ 30 വരെയുള്ള കാലയളവിലെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 23,057.13 കോടി രൂപയും ആകെ റവന്യൂ വരുമാനം 40,009.47 കോടി രൂപയുമാണ്. ഈ ഇനങ്ങളിൽ മുൻ വർഷത്തെ അപേക്ഷിച്ച് യഥാക്രമം 11.03%, 17.62% വർദ്ധനവ് കൈവരിച്ചിട്ടുണ്ട്. ആകെ ചെലവിൽ 9.05% ന്റെ വളർച്ചയുണ്ടായിട്ടുണ്ട്. അതേസമയം റവന്യൂ കമ്മിയിലും ധനക്കമ്മിയിലും യഥാക്രമം 9.97%, 6.07% കുറവ് വരുത്താൻ സാധിച്ചിട്ടുണ്ട്.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 2017-18 സാമ്പത്തിക വർഷത്തെ റവന്യൂ വരവ് 83,020.14 കോടി രൂപയും വിവിധ ഇനങ്ങളിലായുള്ള ചെലവ് 1,08,697.22 കോടി രൂപയുമാണ്.

(സി) അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 2017-18 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ സമാഹൃത വിഭവങ്ങളിൽ വികസനത്തിനുവേണ്ടി സോഷ്യൽ സർവ്വീസ് ഇനത്തിൽ 35,876.27 കോടി രൂപയും ഇക്കണോമിക് സർവ്വീസ് ഇനത്തിൽ 11,351.08 കോടി രൂപയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന ചെലവുകൾക്കായി 5,752.18 കോടി രൂപയും മൂലധന ചെലവിനത്തിൽ 8,748.87 കോടി രൂപയും ചെലവഴിക്കുകയുണ്ടായി.

(ഡി) 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിച്ച മൂലധന ചെലവ് 10,330.31 കോടി രൂപയും അക്കൗണ്ടന്റ് ജനറലിന്റെ 2018 സെപ്റ്റംബർ 30 വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം ഇത് 3,132.12 കോടി രൂപയുമാണ്.

**പ്രളയാനന്തരമുള്ള പുനർനിർമ്മാണ പ്രക്രിയ**

18 (412) <u>ശ്രീ. എ. പ്രദീപ്കുമാർ</u>:
<u>ശ്രീ. സജി ചെറിയാൻ</u>:
<u>ശ്രീ. കെ. ബാബു</u>:
<u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തരമുള്ള പുനർനിർമ്മാണ പ്രക്രിയ സുഗമമാക്കുന്നതിന് ഏതെല്ലാം തരത്തിലുള്ള വിഭവ സമാഹരണം നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വിഭവ സമാഹരണത്തിനായി പൊതു-സ്വകാര്യ പങ്കാളിത്ത പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ ;

(സി) ഇതിനായി സംസ്ഥാനത്ത് നികുതി ഘടനയിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) പുനർനിർമ്മാണത്തിനുള്ള മൂലധന ചെലവുകൾക്ക് പണം കണ്ടെത്താൻ അഖിലേന്ത്യാ അടിസ്ഥാനത്തിൽ ജി.എസ്.ടി.യിൽ സെസ് ചുമത്തുന്ന കാര്യം പരിഗണിക്കുമെന്ന് കേന്ദ്ര സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഇ) ഇപ്രകാരം പ്രത്യേക സെസ് ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതിനായി മന്ത്രിതല സമിതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) പ്രളയക്കെടുതി മുഖാന്തരം സംസ്ഥാനത്തിനുണ്ടായ ആഘാതത്തെ അതിജീവിക്കുന്നതിനായും നവകേരള സൃഷ്ടിക്കായും വിഭാവന ചെയ്തുവരുന്ന ബൃഹത്തായ പദ്ധതികൾക്കായുള്ള വിഭവ സമാഹരണത്തിനായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19-ൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനത്തിൽനിന്നും 4.5 ശതമാനമായും 2019-20-ൽ 3.5 ശതമാനമായും ഉയർത്തണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനാവശ്യമായ വായ്പ സമഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ ലോകബാങ്ക് പ്രതിനിധികളുമായി ചർച്ച നടത്തിവരികയാണ്. നിലവിൽ ലോകബാങ്ക് സഹായ പദ്ധതികളായ KSTP, NCRMP എന്നീ പദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെ വരുന്ന 400 കോടിയോളം രൂപ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് അനുവദിക്കണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്മേൽ തുടർ നടപടികൾ കൈക്കൊള്ളുവാൻ കേന്ദ്ര സർക്കാർ ലോകബാങ്കിനോട് ശിപാർശ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്കുമേൽ ചുമത്തുന്ന ജി.എസ്.ടി.-ക്കുമേൽ 10% സെസ് ഏർപ്പെടുത്താൻ അനുവദിക്കണമെന്നും കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ RIDF, NIDA, HUDCO എന്നിവിടങ്ങളിൽനിന്ന് വായ്പ ലഭ്യമാക്കുന്നതിനും LSGI വികസന ഫണ്ടിൽനിന്നുള്ള തുകയും പദ്ധതി വെട്ടിച്ചുരുക്കുന്നതിലൂടെ ലഭിക്കുന്ന തുകയും വിനിയോഗിക്കുന്നതിനും ഉദ്ദേശിക്കുന്നു.

(ബി) സംസ്ഥാനത്തുണ്ടായ വെള്ളപ്പൊക്ക ദുരിതത്തിന്റെ പശ്ചാത്തലത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും സ്പോൺസർ ചെയ്യുന്നതിനും കേട്ടുപാടുകൾ പറ്റിയ വീടുകൾ, പൊതു അടിസ്ഥാന സൗകര്യങ്ങൾ, ടൗൺഷിപ്പുകൾ തുടങ്ങിയവ പുനർ നിർമ്മിക്കുന്നതിനും വിവിധ കമ്പനികൾ, ഗ്രൂപ്പുകൾ, വ്യക്തികൾ തുടങ്ങിയവരിൽനിന്നും ശിപാർശകൾ ലഭിച്ചുവരുന്നുണ്ട്. ഈ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് വ്യക്തികൾ, വ്യക്തിഗ്രൂപ്പുകൾ, സ്ഥാപനങ്ങൾ കോർപ്പറേറ്റുകൾ, വിദേശികൾ, എൻ.ആർ.ഐ.-കൾ തുടങ്ങിയവരിലൂടെ പുനർനിർമ്മാണ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരു ക്രൗഡ്ഫണ്ടിംഗ് മോഡൽ ചട്ടക്കൂട് സർക്കാർ തയ്യാറാക്കിയിട്ടുണ്ട്.

(സി-ഇ) പ്രളയ ദുരന്തവുമായി ബന്ധപ്പെട്ട അധിക വിഭവ സമാഹരണത്തിനായി എസ്.ജി.എസ്.ടി.-ക്ക് പുറത്ത് 10% സെസ് ഏർപ്പെടുത്തുന്നതിന് അനുമതി ആവശ്യപ്പെട്ട് സംസ്ഥാനം കേന്ദ്രത്തെ സമീപിച്ചിരുന്നു. ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി ജി.എസ്.ടി. കോമ്പൻസേഷൻ നിയമപ്രകാരം നോട്ടിഫൈ ചെയ്യുന്ന ചരക്കുകളിന്മേലും സേവനത്തിന്മേലും സെസ് പിരിക്കാൻ കേന്ദ്രത്തിന് അധികാരമുണ്ട്. ജി.എസ്.ടി കൗൺസിലിന്റെ അനുമതി ലഭ്യമാകുകയാണെങ്കിൽ ജി.എസ്.ടി. നിയമത്തിൽ ഭേദഗതി വരുത്തി ജി.എസ്.ടി.-ക്ക് പുറത്ത് സെസ് ഏർപ്പെടുത്തുന്നതിനുള്ള നിയമ ഭേദഗതി കൊണ്ടുവരാവുന്നതാണ്. സംസ്ഥാനത്തിന്റെ ആവശ്യപ്രകാരം എസ്.ജി.എസ്.ടി.-ക്ക് പുറത്ത് സെസ് ഏർപ്പെടുത്തുന്ന കാര്യം മുപ്പതാം ജി.എസ്.ടി. കൗൺസിൽ ചർച്ച ചെയ്യുകയും ഇതിനെപ്പറ്റി പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി ബീഹാർ ഉപമുഖ്യമന്ത്രി ശ്രീ. സുശീൽകുമാർ മോഡി അദ്ധ്യക്ഷനായ ഒരു മന്ത്രിതല സമിതി രൂപീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. ഈ കമ്മിറ്റിയിൽ കേരള ധനകാര്യ വകുപ്പുമന്ത്രിയും അംഗമാണ്. ഈ മന്ത്രിതല സമിതി അതിന്റെ ആദ്യയോഗം 15-10-2018-ൽ ചേരുകയുണ്ടായി. ഇതിനെത്തുടർന്ന് കേരളത്തിന്റെ ആവശ്യത്തോട് എല്ലാ സംസ്ഥാനങ്ങളുടേയും അഭിപ്രായം കേന്ദ്രം ആരാഞ്ഞിട്ടുണ്ട്.

## ഇ.ആർ.എൽ.എസ്. നടപടികൾ

19 (413) ശ്രീ. ജോർജ് എം. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഡ്യൂക്കേഷണൽ ലോൺ റീപെയ്മെന്റ് സപ്പോർട്ട് സ്കീം പ്രകാരം എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ഇതിൽ അർഹരായ എത്ര പേർക്ക് ആനുകൂല്യം നൽകിയെന്നുമുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്കീം പുനഃപരിഗണിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ഉത്തരം

(എ) വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടലിലെ വിവരങ്ങളനുസരിച്ച് പ്രസ്തുത പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകളുടെയും ഇതുവരെ നൽകിയ ആനുകൂല്യം സംബന്ധിച്ച വിവരങ്ങളുടെയും ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി പുനഃപരിഗണിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതി**

20 (414) ശ്രീ. പി. കെ. ശശി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിൻെറ ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി പ്രവൃത്തികൾ നടത്തുന്നതിന് ധനകാര്യവകുപ്പിന്റെ അനുമതി ആവശ്യമായതിനാൽ പ്രസ്തുത അനുമതി നൽകുന്നതിന് ധനകാര്യവകുപ്പ് പ്രത്യേക മാനദണ്ഡങ്ങൾ എന്തെങ്കിലും പാലിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത മാനദണ്ഡങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 23-2-2018-ലെ സ.ഉ.(അ)നമ്പർ26/2018/ധന പ്രകാരം ആർ.ഐ.ഡി.എഫ്. പദ്ധതികൾക്കുള്ള മാനദണ്ഡങ്ങൾ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**വരുമാനവും ചെലവും**

21 (415) ശ്രീ. പി. ഉണ്ണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-19 വർഷങ്ങളിൽ വിവിധ സ്രോതസ്സുകളിൽനിന്നുമുള്ള വരുമാനം എത്രയായിരുന്നു ;

(ബി) പ്രസ്തുത വർഷങ്ങളിൽ സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും സർക്കാർ സ്ഥാപനങ്ങളിലെ കോൺട്രാക്ട്, താൽക്കാലിക

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജീവനക്കാരുടെയും ശമ്പളവും മറ്റു ആനുകൂല്യങ്ങളും നൽകിയ വകയിൽ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വർഷങ്ങളിൽ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി എത്ര തുക ചെലവഴിച്ചു ; ആകെ വരുമാനത്തിന്റെ എത്ര ശതമാനമാണ് വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2016-17, 2017-18, 2018-19 വർഷങ്ങളിൽ സംസ്ഥാനത്തിന്റെ വരുമാനം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| ക്രമ നമ്പർ | ഇനം | 2016-17 (യഥാർത്ഥ കണക്ക്) | 2017-18 (പ്രാഥമിക കണക്ക്) | 2018-19 (BE) |
|---|---|---|---|---|
| 1. | സംസ്ഥാന തനത് നികുതി വരുമാനം | 42176.38 | 46459.61 | 58588.44 |
| 2. | സംസ്ഥാന നികുതിയേതര വരുമാനം | 9699.98 | 11199.61 | 14271.14 |
| 3. | കേന്ദ്ര നികുതി വിഹിതം | 15225.02 | 16833.08 | 19932.27 |
| 4. | ഗ്രാന്റ്-ഇൻ-എയ്ഡ് | 8510.35 | 8527.84 | 10009.39 |
| | **റവന്യൂ വരുമാനം** | **75611.72** | **83020.14** | **102801.24** |

(ബി) 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും സർക്കാർ സ്ഥാപനങ്ങളിലെ കോൺട്രാക്ട്, താൽക്കാലിക ജീവനക്കാരുടെയും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകിയ വകയിൽ ചെലവഴിച്ച തുകയെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| ഇനം | 2016-17 | 2017-18 (അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്ക്) | 2018-19 (ബഡ്ജറ്റ് എസ്റ്റിമേറ്റ്) |
|---|---|---|---|
| ശമ്പളം | 28,044.75 | 31,903.92 | 32996.38 |
| വേതനം | 420.88 | 443.15 | 594.53 |

(സി) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2016-17, 2017-18, 2018-19 വർഷങ്ങളിലെ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായുള്ള ചെലവ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| | 2016-17 (യഥാർത്ഥ കണക്ക്) | 2017-18 (പ്രാഥമിക കണക്ക്) | 2018-19 (ബഡ്ജറ്റ് എസ്റ്റിമേറ്റ്) |
|---|---|---|---|
| വികസന ചെലവ് | 23993.55 | 26311.43 | 30259.04 |
| വികസന ചെലവ്/ റവന്യൂ വരുമാന അനുപാതം | 31.74% | 31.70% | 29.44% |

## സാലറി ചലഞ്ചിലൂടെ സമാഹരിച്ച തുക

22 (T*416) <u>ശ്രീ. റോജി എം. ജോൺ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ സാലറി ചലഞ്ചിലൂടെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എത്ര കോടി രൂപ ലഭിച്ചു;

(ബി) സർക്കാർ ജീവനക്കാരിൽ എത്ര ശതമാനം പേരാണ് സാലറി ചലഞ്ചിൽ പങ്കാളികളായത്;

(സി) സാലറി ചലഞ്ചിന്റെ ഭാഗമായി സർക്കാർ പ്രതീക്ഷിച്ച വരുമാനം എത്ര കോടി രൂപയായിരുന്നു;

(ഡി) സമ്മതപത്രം നൽകുന്നവരിൽനിന്ന് മാത്രമെ ശമ്പളം പിടിക്കാവൂ എന്ന സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സമ്മതപത്രം വാങ്ങി തുക ഈടാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

---

* "T" മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ഇ) സാലറി ചലഞ്ചിന്റെ ഭാഗമായി പുറപ്പെടുവിച്ച ഉത്തരവുകൾ ജീവനക്കാരെ പല തട്ടിലാക്കുകയും അവർക്കിടയിൽ കടുത്ത വിഭാഗീയത സൃഷ്ടിക്കുകയും ചെയ്തതായുള്ള ആക്ഷേപത്തിന്റെ നിജസ്ഥിതി വിലയിരുത്തിയിട്ടുണ്ടോ;

(എഫ്) ഭാവിയിൽ ജീവനക്കാരെ വിശ്വാസത്തിലെടുത്തുകൊണ്ടും അവരുമായി ചർച്ചനടത്തിയും ഇത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ജീവനക്കാരിൽനിന്നുള്ള സംഭാവന സി.എം.ഡി.ആർ.എഫ്.-നുവേണ്ടി ആരംഭിച്ച ഒരു പ്രത്യേക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് വരവുവയ്ക്കുന്നത്. പ്രസ്തുത അക്കൗണ്ടിൽ 28-11-2018 വരെ രാവിലെ 10 മണി വരെയുള്ള കണക്കുകൾ പ്രകാരം 488,60,01,029 രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്.

പൊതുമേഖലാ ജീവനക്കാർ, വിവിധ ഗ്രാന്റ്-ഇൻ-എയ്ഡ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ സംഭാവന ബാങ്ക് അക്കൗണ്ടിലാണ് വരവുവയ്ക്കുന്നത്. ആയത് ഇതിന് പുറമേയാണ്.

(ബി) 24-11-2018-ലെ സ്പാർക്കിലെ വിവരമനുസരിച്ച് 2018 ഒക്ടോബറിൽ ശമ്പളം മാറിയ സംസ്ഥാനത്തെ മൊത്തം സർക്കാർ ജീവനക്കാരിൽ (483733) 277338 പേർ സാലറി ചലഞ്ചിൽ പങ്കെടുത്തു (57.33%).

സെപ്റ്റംബർ മാസം സ്പാർക്ക് മുഖാന്തരം ശമ്പളം വാങ്ങിയത് 487602 പേരാണ്. അതിനെ അപേക്ഷിച്ച് 3869 പേർ കുറച്ചാണ് 24-11-2018 വരെ ശമ്പളം വാങ്ങിയിട്ടുള്ളത്.

(സി) സാലറി ചലഞ്ചിന്റെ ഭാഗമായി 2200 കോടിയോളം രൂപ ലഭ്യമാകുമെന്നാണ് സർക്കാർ പ്രതീക്ഷിച്ചത്.

(ഡി) സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെയും ഹൈക്കോടതിയുടെയും ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കുലർ നമ്പർ 99/2018/ധന തീയതി 31-10-2018 പ്രകാരമുള്ള പുതുക്കിയ മാനദണ്ഡങ്ങൾ പ്രകാരം ജീവനക്കാരിൽനിന്നും സമ്മതപത്രം വാങ്ങിയാണ് തുക ഈടാക്കുന്നത്.

(ഇ) സർക്കാരിന്റെ ഭാഗത്തുനിന്നും സാലറി ചലഞ്ചിൽ പങ്കാളികളാകുന്നതിന് യാതൊരു വിധത്തിലുള്ള നിർബന്ധവും ഉണ്ടായിട്ടില്ല.

(എഫ്) ഇത്തരം കാര്യങ്ങളിൽ ജീവനക്കാരുമായി ചർച്ച നടത്തിയാണ് സർക്കാർ തീരുമാനങ്ങളെടുത്തുകൊണ്ടിരിക്കുന്നത്.

## സംസ്ഥാനത്തിന്റെ പ്രതിമാസ വരവ് ചെലവ് കണക്കുകൾ

23(417) ശ്രീ. അൻവർ സാദത്ത് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ പ്രതിമാസ വരവും ചെലവും എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(ബി) 2018-19 വർഷം വാർഷിക പദ്ധതിക്കുവേണ്ടി വാങ്ങിയ വായ്പകൾ ആവർത്തന ചെലവുകൾ നേരിടാൻ വേണ്ടി വകമാറ്റിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) 2018 സെപ്റ്റംബർ 30 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ ശരാശരി പ്രതിമാസ റവന്യൂ വരവ് 6668.25 കോടി രൂപയും ശരാശരി പ്രതിമാസ ചെലവ് 9707.28 കോടി രൂപയുമാണ്.

(ബി) വാർഷിക പദ്ധതികൾക്കുവേണ്ടി എടുക്കുന്ന വായ്പകൾ ആവർത്തന ചെലവുകൾ നേരിടാൻവേണ്ടി വകമാറ്റാറില്ല.

## സർക്കാർ എടുത്ത വായ്പ

24 (418) ശ്രീ. അനിൽ അക്കര : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടപത്രങ്ങൾ വഴിയും മറ്റും എന്തുതുക വായ്പയെടുത്തിട്ടുണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ വായ്പ എടുത്ത തുക കടബാധ്യതകൾ തീർക്കുന്നതിനുവേണ്ടി ചെലവഴിക്കുകയുണ്ടായോ; എങ്കിൽ മറ്റാവശ്യങ്ങൾക്കായി എത്ര തുക ചെലവഴിക്കുകയുണ്ടായി;

(സി) ഈ സർക്കാർ പുറപ്പെടുവിച്ച ധവളപത്രത്തിൽ കടം എടുത്ത തുക നിത്യനിദാന ചെലവുകൾക്ക് ഉപയോഗിക്കുന്നതിനെ വിമർശിച്ചിട്ടുണ്ടായിരുന്നുവോ;

(ഡി) എങ്കിൽ ധവളപത്രത്തിലൂടെ മുൻസർക്കാരിനെതിരെ നടത്തിയ വിമർശനങ്ങൾ പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 29,083.55 കോടി രൂപയും 24,429.28 കോടി രൂപയും വായ്പയായി സർക്കാർ സമാഹരിച്ചിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ 2018 സെപ്റ്റംബർ 30 വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തിൽ പൊതുകടം (തനി) മുഖേന 10,455.44 കോടി രൂപയും സ്മാൾ സേവിംഗ്സ്, പ്രോവിഡന്റ് ഫണ്ട്, മറ്റ് സേവിംഗ്സ് സ്കീം (തനി) മുതലായ ഇനങ്ങളിലായി 8509.76 കോടി രൂപയും സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ബി) വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിത നിധിയിൽ മറ്റ് വരുമാനങ്ങൾകൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്രവീതം വിനിയോഗിക്കപ്പെട്ടെന്ന് കൃത്യമായി വേർതിരിക്കാനാവില്ല. വായ്പയെടുക്കുന്ന തുകയിൽ നോൺ പ്ലാൻ റവന്യൂ അക്കൗണ്ടിലുള്ള കമ്മി നികത്തിയതിനുശേഷം ബാക്കിയുള്ളത് പദ്ധതി ചെലവുകൾക്കായാണ് ഉപയോഗിക്കുന്നത്. റവന്യൂ കമ്മി ഇല്ലാതാകുന്ന സാഹചര്യത്തിലേ ഈ സ്ഥിതി പൂർണ്ണമായും ഒഴിവാകു.

(സി&ഡി) ധവളപത്രം ഇത്തരം സാഹചര്യങ്ങളുടെ വിലയിരുത്തലാണ്.

**സംസ്ഥാനത്തിന്റെ പൊതുകടം**

25(419) <u>ശ്രീ. അനിൽ അക്കര</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മാർച്ച് 31-ലെ സംസ്ഥാനത്തിന്റെ പൊതുകടം (തനി) എത്രയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) 2018 ഒക്ടോബർ 31-ലെ സംസ്ഥാനത്തിന്റെ പൊതുകടം (തനി) എത്രയാണ്;

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാൻ ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയായിരുന്നു; അവ വിജയപ്രദമാണോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) അക്കൗണ്ടന്റ് ജനറലിന്റെ യഥാർത്ഥ കണക്കുകൾ പ്രകാരം 2016 മാർച്ച് 31-ലെ സംസ്ഥാനത്തിന്റെ പൊതുകടം (തനി) 109730.97 കോടി രൂപയാണ്.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ പ്രാഥമിക കണക്കുകൾ പ്രകാരം 2018 സെപ്റ്റംബർ 30-ലെ സംസ്ഥാനത്തിന്റെ പൊതുകടം (തനി) 153439.96 കോടി രൂപയാണ്.

(സി) അധിക വിഭവ സമാഹരണത്തിലൂടെയും അനാവശ്യ ചെലവ് നിയന്ത്രണത്തിലൂടെയും നികുതി പിരിവ് ഊർജ്ജിതമാക്കിയും വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. നിലവിലുള്ള നികുതി സമാഹരണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാരിലേയ്ക്കുള്ള പണമൊടുക്കലും സർക്കാരിൽനിന്നുള്ള പണവിതരണവും ഓൺലൈനായി നിർവ്വഹിക്കുന്നതിനുള്ള ഇ-ട്രഷറി സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു. ധനകാര്യ വകുപ്പ്, മറ്റ് വകുപ്പുകൾ, ബഡ്ജറ്റ്, ഭാരതീയ റിസർവ് ബാങ്ക്, അക്കൗണ്ടന്റ് ജനറൽ, വിവിധ ബാങ്കുകൾ, വിവിധ ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർ തുടങ്ങിയ എല്ലാവരെയും ഒരു കുടക്കീഴിൽ സംയോജിപ്പിച്ച് ഇടപാടുകൾ പരസ്പരം ഓൺലൈനായി നടത്തുന്നതിനായി ഒരു ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (IFMS) നടപ്പിലാക്കിയിട്ടുണ്ട്. സർക്കാരിന്റെ റവന്യൂ വരുമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടുവരികയാണ്. ഇതിന്റെ ഭാഗമായി സർക്കാർ വകുപ്പുകൾ പൊതുമേഖല/ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ എന്നിവ മുഖേനയുള്ള എല്ലാ സേവനങ്ങൾക്കുമുള്ള ഫീസുകൾ/ചാർജ്ജുകൾ അഞ്ച് ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. എക്സൈസ്, രജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി, മോട്ടോർ വാഹന നികുതി തുടങ്ങിയ ഇനങ്ങളിൽ പരിഷ്കാരങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു. ജി.എസ്.ടി.-യുടെ ഭാഗമായി ഇ-വേ ബിൽ സമ്പ്രദായം ആവിഷ്കരിച്ചിട്ടുണ്ട്. ഇത് ഫലപ്രദമായി നടപ്പാക്കുന്നതുവഴി ജി.എസ്.ടി.-യിൽനിന്നുള്ള വരുമാനം വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇത്തരത്തിൽ നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിച്ചു കൊണ്ടും അധികവിഭവ സമാഹരണത്തിലൂടെയും കർശനമായ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ടും റവന്യൂ കമ്മി കുറച്ചുകൊണ്ടുവരുന്നതിനും ധനകമ്മി അനുവദനീയമായ മൂന്ന് ശതമാനത്തിനുള്ളിൽ പരിമിതപ്പെടുത്തുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. 2017-18-ൽ റവന്യൂ കമ്മി/ജി.എസ്.ഡി.പി. അനുപാതം 2016-17-ലെ 2.51 ശതമാനത്തെ അപേക്ഷിച്ച് 2.49 ശതമാനമായും ധനകമ്മി 4.28 ശതമാനത്തിൽനിന്നും 3.95 ശതമാനമായും മെച്ചപ്പെട്ടിട്ടുണ്ട്.

**ജി.എസ്.ടി.**

26 (420) ശ്രീ. കെ. വി. വിജയദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം കേരളത്തിന് ലഭിച്ച ആകെ തുക എത്ര; ഇക്കാര്യത്തിൽ കുറവു വന്നിട്ടുണ്ടോ ; കോമ്പൻസേഷൻ ടാക്സ് ഇനത്തിൽ ലഭിക്കേണ്ടുന്ന തുക മുഴുവനും സമയബന്ധിതമായി ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ബി) ജി.എസ്.ടി.-യിന്മേലുള്ള പരിശോധന പൂർത്തീകരിക്കുവാൻ കഴിയുന്നുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും പരിമിതികൾ നിലവിലുണ്ടോ ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം കേരളത്തിന് എസ്.ജി.എസ്.ടി.-യും ഐ.ജി.എസ്.ടി.-യും ഉൾപ്പെടെ 21,788 കോടി രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട്. ജി.എസ്.ടി. കോമ്പൻസേഷൻ നിയമപ്രകാരം 2015-16 സാമ്പത്തിക വർഷത്തെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വാർഷിക വർദ്ധനവ് കണക്കാക്കിയാണ് നഷ്ടപരിഹാരം നൽകുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ അക്കൗണ്ടിലുള്ള ഐ.ജി.എസ്.ടി. ക്രെഡിറ്റിന്റെ എസ്.ജി.എസ്.ടി. അടയ്ക്കുന്നതിനായി ഉപയോഗിക്കുന്ന തുക സംസ്ഥാനങ്ങൾക്ക് അതത് മാസം കൈമാറ്റം ചെയ്ത് കൊടുക്കേണ്ടതുണ്ട്. എന്നാൽ കേന്ദ്രഗവൺമെന്റിന്റെ അക്കൗണ്ടിലുള്ള ഐ.ജി.എസ്.ടി. തുക ഒരു ലക്ഷം കോടി രൂപയിൽ അധികരിച്ചതിനെത്തുടർന്ന് നിശ്ചിത കാലയളവിൽ ഇന്ററിം അഡ്ഹോക്ക് അഡ്വാൻസ് സെറ്റിൽമെന്റായി ഈ തുകയുടെ പകുതി സംസ്ഥാനങ്ങൾക്ക് കേന്ദ്രം വികരണം ചെയ്തുവരുന്നു. ഇത് കോമ്പൻസേഷൻ തുകയിൽ തട്ടിക്കിഴിക്കുകയാണ് ചെയ്യുന്നത്. കോമ്പൻസേഷൻ ഇനത്തിൽ ലഭിക്കേണ്ട തുക സമയബന്ധിതമായിത്തന്നെ ലഭിക്കുന്നുണ്ട്.

(ബി) ജി.എസ്.ടി.-യിലെ റിട്ടേൺ പൂർണ്ണമായും പ്രവർത്തന ക്ഷമമായിട്ടില്ലാത്തതിനാൽ വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേണിന്റെ കൃത്യത ഉറപ്പുവരുത്താൻ നിലവിൽ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. നിലവിൽ വിശദാംശങ്ങൾ ക്രോഡീകരിച്ച ലളിതമായ 3 ബി റിട്ടേണും ഔട്ട്വേർഡ് സപ്ലൈ

വിശദാംശങ്ങൾ ഉൾപ്പെടുത്തിയ ജി.എസ്.ടി.ആർ.-1-ഉം ആണ് വ്യാപാരികൾ ഫയൽ ചെയ്യുന്നത്. ഇതിൽ എല്ലാ വിശദാംശങ്ങളും ലഭ്യമല്ലാത്തതിനാൽ ഫയൽ ചെയ്യുന്ന റിട്ടേണിന്റെ ആധികാരികത പൂർണ്ണമായും ഉറപ്പുവരുത്തുന്നതിന് വകുപ്പിന് പരിമിതികളുണ്ട്. കൂടാതെ എസ്.ജി.എസ്.ടി. അടയ്ക്കുന്നതിനുപയോഗിക്കുന്ന ഐ.ജി.എസ്.ടി. ക്രെഡിറ്റിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിനും സംസ്ഥാനങ്ങൾക്ക് പരിമിതികളുണ്ട്. ജി.എസ്.ടി. നടപ്പിലായപ്പോൾ വിവക്ഷിച്ചിരുന്ന റിട്ടേണുകളായ ജി.എസ്.ടി.ആർ. 1, 2, 3 എന്നിവയിൽ 1 മാത്രമെ ഇതുവരെ നടപ്പിലാക്കിയിട്ടുള്ളൂ. ഇതുപ്രകാരം വ്യാപാരികളുടെ ചരക്കുകൈമാറ്റങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ സംസ്ഥാനത്തിന് പൂർണ്ണമായ തോതിൽ ലഭ്യമാകുന്നില്ല. എന്നാൽ 2018 ഡിസംബർ 31-നുശേഷം വാർഷിക റിട്ടേണുകളും ആഡിറ്റഡ് സ്റ്റേറ്റ്മെന്റും ലഭ്യമാകുന്നതോടുകൂടി റിട്ടേണിന്റെ കൃത്യത ഉറപ്പുവരുത്താൻ കഴിയും.

## ജി.എസ്.ടി.മൂലം നികുതി വരുമാനത്തിലുണ്ടായ കുറവ്

27 (421) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നിയമം സംസ്ഥാനത്ത് നടപ്പിലാക്കിയത് മൂലം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ എന്തെങ്കിലും കുറവുണ്ടായിട്ടുണ്ടോ;

(ബി) ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് അനുസരിച്ച് നികുതി വരുമാനത്തിൽ ഉണ്ടാകുന്ന നഷ്ടം കേന്ദ്ര സർക്കാർ നികത്തുന്ന സാഹചര്യത്തിൽ ഇതിനകം എത്ര കോടി രൂപ കോമ്പൻസേഷൻ ഇനത്തിൽ സർക്കാരിന് ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ജി.എസ്.ടി. കൗൺസിലിൽ സംസ്ഥാന സർക്കാർ സമർപ്പിച്ച നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; അതിൽ ഏതൊക്കെ നിർദ്ദേശങ്ങൾ കൗൺസിൽ അംഗീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) ബാങ്കിംഗ്, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ മേഖലകളിൽ നികുതി ഈടാക്കുവാനുള്ള അധികാരം സംസ്ഥാന സർക്കാരിന് ലഭിച്ച സാഹചര്യത്തിൽ ഇതിൽനിന്നും സംസ്ഥാനത്തിന് ഭാവിയിൽ എന്തൊക്കെ നേട്ടങ്ങൾ ഉണ്ടാകുമെന്ന് വിശദീകരിക്കുമോ;

(ഇ) ഇ-കൊമേഴ്സ് വ്യാപാരം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇതിൽനിന്നുള്ള നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ജി.എസ്.ടി. നികുതി നിരക്ക് നിശ്ചയിച്ചിരുന്നത് വിവിധ സംസ്ഥാനങ്ങളിൽ വാറ്റ് കാലയളവിൽ നിലവിലുണ്ടായിരുന്ന നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ റവന്യൂ ന്യൂട്രൽ റേറ്റ് പ്രകാരമാണ്. എന്നാൽ, ജി.എസ്.ടി. കൗൺസിലിന് മുമ്പാകെ വന്ന ആവശ്യങ്ങൾ പരിഗണിച്ച് നികുതി നിരക്കിൽ ഗണ്യമായ കുറവ് പിന്നീട് വരുത്തുകയുണ്ടായി. കേരളത്തിന്റെ വാറ്റ് പിരിവിന്റെ സിംഹഭാഗവും 14.5 ശതമാനമോ അതിന് മുകളിലോ നികുതി വിധേയമായ ചരക്കുകളിൽനിന്നുമാണ് ലഭ്യമായിരുന്നത്. ഇതിൽ സംസ്ഥാന നികുതി വിഹിതം ജി.എസ്.ടി. കൗൺസിൽ 9%, 6% എന്നീ നികുതി നിരക്കുകളിലേയ്ക്ക് കുറവ് ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതി വർദ്ധനവ് സാധ്യമാകാത്തതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്. കൂടാതെ, അന്യസംസ്ഥാനങ്ങളിൽനിന്നും വാങ്ങുന്ന സാധനങ്ങളിൽ നൽകിയ ഐ.ജി.എസ്.ടി., എസ്.ജി.എസ്.ടി. അടയ്ക്കുന്നതിലേയ്ക്ക് തട്ടിക്കിഴിക്കുന്നതിലെ കൃത്യമായ വിവരങ്ങൾ ജി.എസ്.ടി. റിട്ടേണുകളിൽ ലഭ്യമാകുന്നില്ല. ഇതും നികുതി പിരിവിനെ ഒരു പരിധിവരെ ബാധിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിലുണ്ടായ കുറവ് നികത്തുന്നതിനായി ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് അനുസരിച്ച് കേന്ദ്രം ഇതിനകം 3,982 കോടി രൂപ കോമ്പൻസേഷനായി നൽകിയിട്ടുണ്ട്. ഇതിനുപുറമേ ഇന്ററിം അഡ്ഹോക് അഡ്വാൻസ് സെറ്റിൽമെന്റായി 2671 കോടി രൂപയും ലഭിച്ചിട്ടുണ്ട്. ഈ അഡ്ഹോക് അഡ്വാൻസ് സെറ്റിൽമെന്റ് കോമ്പൻസേഷൻ തുകയിൽ തട്ടിക്കിഴിക്കുകയാണ് ചെയ്യുന്നത്.

(സി) ചെറുകിട വ്യാപാര മേഖലയ്ക്ക് സഹായകരമാകത്തക്ക രീതിയിൽ കോമ്പോസിഷൻ പരിധി ഒരു കോടിരൂപയായി ഉയർത്തുന്നതിൽ കേരളം പ്രധാന പങ്ക് വഹിച്ചു. പ്രാപ്യസ്ഥാന നികുതി നിയമത്തിൽ വ്യക്തത വരുത്തുന്നതിന് കഴിഞ്ഞു. സംസ്ഥാന ലോട്ടറിക്കും അന്യസംസ്ഥാന ലോട്ടറിക്കും വ്യത്യസ്ത നിരക്ക് കൊണ്ടുവരാൻ കഴിഞ്ഞു. ഇതിലൂടെ അന്യസംസ്ഥാന ലോട്ടറി ഒരു പരിധിവരെ അനാകർഷകമാക്കാൻ കഴിഞ്ഞു. ആന്റിപ്രോഫിറ്റീറിംഗ് നിയമം പ്രാബല്യത്തിൽ വരുത്തി. ചരക്കുനീക്കം സംബന്ധിച്ച വിവരം യഥാസമയം ലഭ്യമാകുന്ന ഇ-വേ ബിൽ സമ്പ്രദായം വേഗത്തിൽ പ്രാബല്യത്തിൽ കൊണ്ടുവരാൻ കഴിഞ്ഞു. ഇത് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് പ്രാപ്യാധിഷ്ഠിത നികുതി കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സഹായിക്കും. ഇ-കോമേഴ്സ് മേഖലകളിലെ നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത തത്വമനുസരിച്ച് നികുതി പിരിവ്

ഉറപ്പാക്കുന്നതിനായി ജി.എസ്.ടി. നിയമത്തിൽ ടി.സി.എസ്. (Tax Collection at Source) കൊണ്ടുവരാൻ കഴിഞ്ഞു. ഗവൺമെന്റ് വർക്സ് കോൺട്രാക്ടുകൾക്ക് നികുതി 18%-ൽനിന്ന് 12 ശതമാനമായി കുറച്ചു. 70 ശതമാനത്തിന് മുകളിൽ ലേബർ മാത്രമുള്ള വർക്കുകളുടെ നികുതി 5 ശതമാനമായി കുറച്ചു. അൺബ്രാന്റഡായ ആയുർവ്വേദ, യുനാനി, സിദ്ധ, ഹോമിയോപ്പതി മെഡിസിനുകൾക്ക് നികുതി 12 ശതമാനത്തിൽനിന്ന് 6 ശതമാനമാക്കി. പ്ലാസ്റ്റിക് വേസ്റ്റ്, സ്ക്രാപ്പ്, ഇ-വേസ്റ്റ്, ഗ്ലാസ് സ്ക്രാപ്പ് എന്നിവയ്ക്ക് 18 ശതമാനത്തിൽനിന്ന് 5 ശതമാനവും പേപ്പർ വേസ്റ്റിന് 12 ശതമാനത്തിൽനിന്ന് 5 ശതമാനമായും കുറച്ചു. റബ്ബർ മേഖലയിൽ റബ്ബർബാന്റിന് 28 ശതമാനത്തിൽനിന്ന് 12 ശതമാനമായും റബ്ബർ വേസ്റ്റ്, സ്ക്രാപ്പ് എന്നിവയ്ക്ക് 18 ശതമാനത്തിൽനിന്ന് 5 ശതമാനമായും ഹാർഡ് റബ്ബർ വേസ്റ്റിന് 28 ശതമാനത്തിൽനിന്ന് 5 ശതമാനമായും റബ്ബർ റോളറിന്റെ നികുതി നിരക്ക് 18 ശതമാനത്തിൽനിന്ന് 12 ശതമാനമായും കുറച്ചു. പ്രവാസികൾ ഗിഫ്റ്റായി അയയ്ക്കുന്ന 5,000 രൂപ വരെയുള്ള സാധനങ്ങൾക്ക് ഐ.ജി.എസ്.ടി. ഒഴിവാക്കി. ഖാദി മേഖലയിൽ ഖാദി കമ്മീഷൻ സ്റ്റോറുകൾവഴി വിൽക്കുന്ന വസ്തുങ്ങൾക്ക് ജി.എസ്.ടി. ഒഴിവാക്കി. റസ്റ്റോറന്റ് മേഖലയിൽ കോമ്പൗണ്ടിംഗ് വ്യവസ്ഥ കൊണ്ടുവരുകയും നികുതി നിരക്ക് 5 ശതമാനമായി കുറയ്ക്കുകയും ചെയ്തു. ചെറുകിട മേഖലയിൽ കവറുകളിൽ വിൽക്കുന്ന സെമി കുക്ക്ഡ് ചപ്പാത്തി തുടങ്ങിയവയുടെ നികുതി നിരക്ക് 5 ശതമാനമായി കുറച്ചു. ടൂറിസം മേഖലയിൽ ഹൗസ് ബോട്ടുകളെ ടൂർ ഓപ്പറേറ്റർ പാക്കേജിൽ ഉൾപ്പെടുത്തി നികുതി നിരക്ക് 28 ശതമാനത്തിൽനിന്ന് 5 ശതമാനമായി കുറച്ചു.

(ഡി) ജി.എസ്.ടി. നടപ്പിലാകുന്നതിന് മുമ്പ് ബാങ്കിംഗ്, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സർവ്വീസ് മേഖലകളിൽ സർവ്വീസ് ടാക്സ് ലഭ്യമായിരുന്നത് അവർ രജിസ്ട്രേഷനെടുത്ത സംസ്ഥാനത്തായിരുന്നു. സേവന നികുതി തുക കേന്ദ്രസർക്കാർ വസൂലാക്കിയിരുന്നതിനാൽ ആ സമയത്ത് സംസ്ഥാനങ്ങൾക്ക് ഇതൊരു വിഷയമായിരുന്നില്ല. എന്നാൽ, ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് നികുതി പിരിവ് പ്രാപ്യാധിഷ്ഠിതമായതിനാൽ പിരിക്കുന്ന നികുതിയുടെ 50% അത്തരം സംസ്ഥാനങ്ങൾക്ക് ലഭ്യമാകുന്നു. സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം ഇത്തരം സേവന മേഖലകൾ ഒരു പ്രധാന വരുമാനസ്രോതസ്സാണ്. ഏറ്റവുമധികം വളർച്ച കാണിക്കുന്ന ഇത്തരം സേവനമേഖലകളിൽനിന്നുള്ള നികുതി വരുമാനം ഭാവിയിൽ സംസ്ഥാനത്തിന് ഗണ്യമായ നേട്ടമുണ്ടാക്കുമെന്നാണ് കരുതുന്നത്.

(ഇ) ജി.എസ്.ടി. പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സമ്പ്രദായമായതിനാൽ ഇ-കോമേഴ്സ് വ്യാപാരം, സ്വന്തം ആവശ്യത്തിനുള്ള അന്തർ സംസ്ഥാന വാങ്ങൽ

എന്നിവയിൽനിന്നുള്ള നികുതി വരുമാനവും സംസ്ഥാനത്തിന് ലഭിക്കുന്നുണ്ട്. 2018 ഒക്ടോബർ 1 മുതൽ ടി.സി.എസ്. നടപ്പിൽ വന്നതിനാൽ കേരളം പോലുള്ള ഉപഭോക്തൃ സംസ്ഥാനങ്ങൾക്ക് ഇത്തരം വ്യാപാരങ്ങളുടെ നികുതി യഥാസമയം ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുവാൻ കഴിയുന്ന സാഹചര്യമുണ്ട്. റിട്ടേണുകൾ വിശദാംശങ്ങളോടുകൂടി ഇതുവരെയും ഫയൽ ചെയ്യപ്പെട്ടു തുടങ്ങിയിട്ടില്ലാത്തതിനാൽ ഈ മേഖലകളിൽനിന്നുമുള്ള നികുതി വരുമാനത്തിന്റെ കൃത്യമായ കണക്ക് ഇപ്പോൾ ലഭ്യമല്ല.

## നികുതി വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ

28 (422) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. പി. ഉണ്ണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി വളർച്ച വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഇതിന്റെ ഭാഗമായി കേരളത്തിലേയ്ക്ക് കടന്നുവരുന്ന അന്തർ സംസ്ഥാന ചരക്കുവാഹനങ്ങളിലെ ഇ-വേ ബിൽ പരിശോധന കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതിനായി രൂപീകരിച്ച വാഹന പരിശോധനാ സ്ക്വാഡുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സംസ്ഥാന അതിർത്തികളിലെ ചെക്ക്പോസ്റ്റുകളിൽ പ്രസ്തുത സ്ക്വാഡുകളുടെ പ്രവർത്തനം എല്ലാ സമയവും ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) സ്റ്റാമ്പ് ഡ്യൂട്ടി നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് രജിസ്ട്രേഷൻ വകുപ്പ് സ്വീകരിച്ച നടപടികൾ താഴെ കൊടുക്കുന്നു.

1. ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന എല്ലാ പരസ്യ കരാറുകൾക്കും പ്രക്ഷേപണ സംപ്രേക്ഷണ അവകാശങ്ങൾക്കും 500 രൂപ നിരക്കിൽ സ്റ്റാമ്പ് ഡ്യൂട്ടി ഏർപ്പെടുത്തി.

2. പൊതുമരാമത്ത് പ്രവൃത്തികൾക്കും മറ്റ് സേവന കരാറുകൾക്കും കരാർ തുകയുടെ 0.1 ശതമാനം (പരമാവധി ഒരു ലക്ഷം രൂപ) നിരക്കിൽ സ്റ്റാമ്പ് ഡ്യൂട്ടി ഏർപ്പെടുത്തി.

3. പണയാധാരങ്ങളുടെ ഒഴികുറികൾ റദ്ദ് ആധാരമായി രജിസ്റ്റർ ചെയ്യുന്നത് കാരണമുള്ള വരുമാന ചോർച്ച ഒഴിവാക്കാൻ നിയമനിർമ്മാണം നടത്തി.

4. കുടുംബാംഗങ്ങൾ തമ്മിലുള്ള ദാനം, ധനനിശ്ചയം, ഒഴിവുകുറി എന്നിവയുടെ മുദ്രവില പരമാവധി 1000 രൂപയായിരുന്നത് ഏറ്റവും കുറഞ്ഞത് 1000 രൂപ അല്ലെങ്കിൽ ആധാരത്തിന്റെ വിലയുടെ ഓരോ 1,000 രൂപയ്ക്കും രണ്ട് രൂപയായി നിശ്ചയിച്ചു. ഭാഗപത്രത്തിന് ഓരോ 10,000 രൂപയ്ക്കും 15 രൂപയാണ്.

5. ചിട്ടി നിയമപ്രകാരമുള്ള ആർബിട്രേഷൻ നടപടികൾക്ക് ആർബിട്രേഷൻ തുകയുടെ 2 ശതമാനം കോർട്ട് ഫീസ് ഏർപ്പെടുത്തി.

സംസ്ഥാനത്ത് നികുതിവരുമാനം വർദ്ധിപ്പിക്കുന്നതിന് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

2018-19 സാമ്പത്തിക വർഷത്തിൽ ലാൻഡ് റവന്യൂ, റവന്യൂ റിക്കവറി ഇനങ്ങളിൽ പിരിവ് ഊർജ്ജിതമാക്കുന്നതിനായി ജില്ലകൾക്ക് പ്രതിമാസ ടാർജറ്റ് നിശ്ചയിച്ച് നൽകിയിരുന്നു. ഓരോ മാസവും ടാർജറ്റിനനുസൃതമായി പിരിവ് പുരോഗതി അവലോകനം ചെയ്ത് പിരിവ് കൈവരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്ക് നൽകിവരുന്നു. അടിസ്ഥാന ഭൂനികുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ നികുതിയേതര ഫീസുകളും ചാർജ്ജുകളും 1-4-2018 മുതൽ പ്രാബല്യത്തോടെ 5 ശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ചരക്ക് സേവന നികുതി വളർച്ച വർദ്ധിപ്പിക്കുന്നതിനായി നികുതി വകുപ്പ് സംസ്ഥാനത്തിനകത്തേക്ക് കടന്നുവരുന്ന വാഹനങ്ങളുടെ ഇ-വേ ബിൽ പരിശോധിക്കുന്നതിനുവേണ്ടി ഇന്റലിജൻസ് സ്ക്വാഡുകളുടെ എണ്ണം 91-ൽനിന്ന് 178 ആയി വർദ്ധിപ്പിക്കുകയും ഇതിൽ 126 സ്ക്വാഡുകളെ സംസ്ഥാന അതിർത്തികളിൽ ഇടതടവില്ലാതെ ചരക്കുവാഹന പരിശോധന നടത്തുന്നതിനും ഇ-വേ ബിൽ ഓൺലൈൻ പരിശോധിക്കുന്നതിനുമായി വിന്യസിച്ചിട്ടുണ്ട്.

**പെട്രോൾ, ഡീസൽ വിലവർദ്ധനവ്**

29 (423) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെട്രോൾ, ഡീസൽ വിലയിൽ ദിനംപ്രതി ഉണ്ടാകുന്ന വർദ്ധനവ് സാധാരണ ജനങ്ങളുടെ ജീവിതം ദുരിതപൂർണ്ണമാക്കിയെന്നത് വസ്തുതയാണോ;

(ബി) പെട്രോളിന്റെയും ഡീസലിന്റെയും എക്സൈസ് തീരുവ കേന്ദ്ര സർക്കാർ ലിറ്ററിന് 1.50 രൂപ വീതം കുറയ്ക്കുകയും,എണ്ണകമ്പനികളോട് ലിറ്ററിന് ഒരു രൂപ വീതം കുറയ്ക്കാൻ ഒക്ടോബറിൽ നിർദ്ദേശിക്കുകയും സംസ്ഥാന സർക്കാരുകളോട് നികുതി കുറയ്ക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നോ;

(സി) കേന്ദ്ര സർക്കാരിന്റെ അഭ്യർത്ഥന മാനിച്ച് പത്തോളം സംസ്ഥാന സർക്കാരുകൾ പെട്രോളിന്റെയും ഡീസലിന്റെയും നികുതി കുറച്ച് ജനങ്ങൾക്ക് ആശ്വാസം നൽകിയപ്പോൾ കേരള സർക്കാർ അപ്രകാരം നികുതി കുറയ്ക്കില്ലായെന്ന് പ്രഖ്യാപിച്ചതെന്ത് അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കുമോ ;

(ഡി) പെട്രോളിന്റെയും ഡീസലിന്റെയും വിലയിലുണ്ടായ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ 2018-ൽ വില്പന നികുതിയിനത്തിൽ സർക്കാരിന് എത്ര കോടി രൂപ അധികമായി ലഭിച്ചു എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പെട്രോൾ, ഡിസൽ വിലവർദ്ധനവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിലവർദ്ധനവ് നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവിന് കാരണമായിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുടെ 4-10-2018-ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്ത് പെട്രോൾ, ഡീസൽ വിലയിൽ ദിനംപ്രതി വർദ്ധനവുണ്ടായ സാഹചര്യത്തിൽ സാധാരണ ജനങ്ങളെ സഹായിക്കുന്നതിനു വേണ്ടി സർക്കാർ 1-6-2018 മുതൽ വിലയിൽ ഒരു രൂപ കുറയുന്ന രീതിയിൽ നികുതിനിരക്ക് കുറച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു (SRO No. 345/18 തീയതി 31-5-2018).

(ഡി) 2018-ൽ പെട്രോളിന്റെ വിൽപ്പന നികുതിയിനത്തിൽ ഏറ്റവും പുതിയ കണക്ക് പ്രകാരം 114.57 കോടി രൂപയും ഡീസലിന്റെ വിൽപ്പന നികുതിയിനത്തിൽ 128.45 കോടി രൂപയും അധികമായി ലഭിച്ചു.

**പെട്രോളിനും ഡീസലിനും ഈടാക്കുന്ന സെസ്**

30 (424) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിനും ഡീസലിനും സംസ്ഥാനത്തെത്ര ശതമാനം സെസ് ആണ് ഈടാക്കിവരുന്നത്; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ സെസ് ഇനത്തിലുള്ള വരുമാനത്തിൽ എത്ര ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെട്രോൾ, ഡീസൽ വിലവർദ്ധനവുണ്ടായ സാഹചര്യങ്ങളിലോ മറ്റേതെങ്കിലും സാഹചര്യങ്ങളിലോ ഈ ഉത്പന്നങ്ങളിൽനിന്നുള്ള സെസ് വിഹിതം വിലവർദ്ധനവിന് ആനുപാതികമായി വർദ്ധിപ്പിക്കാതിരിക്കുകയോ വേണ്ടെന്നുവയ്ക്കുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) അടിക്കടിയുണ്ടാകുന്ന പെട്രോൾ, ഡീസൽ വിലവർദ്ധനവ് തടയുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പെട്രോളിനും ഡീസലിനും സംസ്ഥാനത്ത് ഒരു ശതമാനം സെസ്സാണ് ഈടാക്കിവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ സെസ് ഇനത്തിലുള്ള വരുമാനത്തിൽ 12.8 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സെസ് ഈടാക്കുന്നതിൽ മാറ്റം വരുത്തിയിട്ടില്ല.

(സി) അടിക്കടിയുണ്ടാകുന്ന പെട്രോൾ, ഡീസൽ വിലവർദ്ധനവ് തടയുന്നതിന് സംസ്ഥാന സർക്കാർ 1-6-2018 മുതൽ വിലയിൽ ഒരു രൂപ കുറയുന്ന രീതിയിൽ നികുതി നിരക്ക് കുറച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (SRO No. 345/18 തീയതി 31-5-2018).

## 2017-18 സാമ്പത്തിക വർഷത്തെ നികുതി നികുതിയേതര വരുമാനം

31 (425) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ നികുതി - നികുതിയേതര വരുമാനം വ്യക്തമാക്കുമോ; മുൻവർഷത്തെ അപേക്ഷിച്ച് ഉണ്ടായിട്ടുള്ള വർദ്ധനവ് വിശദമാക്കുമോ;

(ബി) 2018-19-ൽ നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത നടപടിയിലൂടെ വരുമാന വർദ്ധനവ് ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്തിന്റെ നിലവിലെ ധനസ്ഥിതി ആശാവഹമാണോ; വിശദീകരിക്കുമോ;

(ഡി) പ്രളയം സമ്പദ്ഘടനയിൽ ഏൽപ്പിച്ച ആഘാതം വ്യക്തമാക്കുമോ; പ്രസ്തുത ആഘാതം മറികടക്കുന്നതിന് നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 2017-18 സാമ്പത്തിക വർഷത്തെ എക്സൈസ് വകുപ്പിലെ വരുമാനം 2192.56 കോടി രൂപയാണ്. മുൻവർഷത്തെ അപേക്ഷിച്ച് 9.2 ശതമാനത്തിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷത്തെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ നികുതി വരുമാനം 38403.69 കോടി രൂപയായിരുന്നു. മുൻ വർഷത്തെ അപേക്ഷിച്ച് 4365.33 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷത്തിൽ ലാൻഡ് റവന്യൂ നികുതി -നികുതിയേതര ഇനങ്ങളിൽനിന്നായി ആകെ 367.29 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ 297.86 കോടി രൂപ നികുതിയിനത്തിലും 69.43 കോടി രൂപ നികുതിയേതര ഇനത്തിലുമാണ് ലഭിച്ചത്. മുൻ വർഷമായ 2016-17-നെ അപേക്ഷിച്ച് നികുതിയിനത്തിൽ 42.93 കോടി രൂപയും നികുതിയേതര ഇനത്തിൽ 22.28 കോടി രൂപയും അധിക വരുമാനം വന്നിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷത്തിൽ മോട്ടോർ വാഹന വകുപ്പ് നികുതിയിനങ്ങളിൽ 2977.23 കോടി രൂപ ലഭിച്ചിട്ടുണ്ട്. നികുതിയേതര വരുമാനമായി 674.58 കോടി രൂപ ലഭിച്ചിട്ടുണ്ട്. മുൻ വർഷത്തെ അപേക്ഷിച്ച് നികുതിയിനത്തിൽ 15.73 ശതമാനവും നികുതിയേതര വരുമാനത്തിൽ 48.65 ശതമാനവും വർദ്ധനവുണ്ടായിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷത്തെ രജിസ്ട്രേഷൻ വകുപ്പിന്റെ വരുമാനം 3159.89 കോടി രൂപയാണ്. 2016-17 സാമ്പത്തിക വർഷത്തെ വരുമാനം 2653.71 കോടി രൂപയായിരുന്നു. നികുതി പിരിവിൽ മുൻ വർഷത്തെ അപേക്ഷിച്ച് 506.18 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായി എക്സൈസ് വകുപ്പ് ഇംപോർട്ട്/എക്സ്പോർട്ട് പെർമിറ്റുകൾക്ക് നൽകുന്ന നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റിന്റെ ഫീസ് 1,000 രൂപയിൽനിന്നും 2,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ ENA പെർമിറ്റ് ഫീസ് 1,000 രൂപയിൽനിന്നും 2,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

2018-19-ൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് ചരക്ക് സേവന നികുതി വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സെർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിണി സാധ്യമാകുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുമുണ്ടായി.

2. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

3. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിനുവേണ്ടി 4 ഡെപ്യൂട്ടി കമ്മീഷണർ അപ്പീൽ പോസ്റ്റും 12 അസിസ്റ്റന്റ് കമ്മീഷണർ (അപ്പീൽ) പോസ്റ്റും കൂടുതലായി അനുവദിച്ചു.

4. റിട്ടേൺ സ്ക്രൂട്ടിണി, കുടിശ്ശിക അസ്സസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കി.

5. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി.

6. ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തി.

7. മെറ്റൽ ക്രഷർ യൂണിറ്റുകൾ മറ്റ് നിർമ്മാണ യൂണിറ്റുകൾ എന്നിവ രജിസ്ട്രേഷനെടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ്, ഇൻകം ടാക്സ് വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽനിന്നും വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

8. ദീർഘകാലമായുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിലേയ്ക്കായി ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽവരുത്തി.

9. നികുതി വെട്ടിപ്പിനുള്ള ഒരു പ്രധാന മാർഗ്ഗമാണ് റെയിൽവേ വഴിയുള്ള കള്ളക്കടത്ത്. ഇത്തരം ചരക്ക് കടത്ത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചിട്ടുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധന ശക്തമാക്കിയിട്ടുണ്ട്.

10. സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്ന് ചെക്ക്പോസ്റ്റുകൾ ഇല്ലാതായി. അതുകൊണ്ട് അതിർത്തി കടന്നുവരുന്ന വാഹനങ്ങളിൽ ഇ-വേ ബിൽ പരിശോധന കർശനമാക്കുന്നതിനു വേണ്ടി ഇന്റലിജൻസ് സ്ക്വാഡുകളുടെ എണ്ണം വർദ്ധിപ്പിച്ച് അതിർത്തികളിൽ വിന്യസിച്ചിട്ടുണ്ട്.

31-10-2018-ലെ കണക്കനുസരിച്ച് സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ 2361 കോടി രൂപയുടെ വരുമാന വർദ്ധനവുണ്ടായിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷത്തിൽ ലാൻഡ് റവന്യൂ, റവന്യൂ റിക്കവറി ഇനങ്ങളിൽ പിരിവ് ഊർജ്ജിതമാക്കുന്നതിനായി ജില്ലകൾക്ക് പ്രതിമാസ ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ഇപ്രകാരം ലാൻഡ് റവന്യൂ, റവന്യൂ റിക്കവറി ഇനങ്ങൾക്ക് യഥാക്രമം 482.61 കോടി രൂപ, 1384.95 കോടി രൂപ എന്നിങ്ങനെയാണ് ടാർജറ്റ് നിശ്ചയിച്ചിട്ടുള്ളത്. ഓരോ മാസവും ടാർജറ്റിന് അനുസൃതമായി പിരിവ് പുരോഗതി അവലോകനം ചെയ്ത് പിരിവ് കൈവരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്ക് നൽകിവരുന്നു. കൂടാതെ അടിസ്ഥാന ഭൂനികുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതുമൂലം അടിസ്ഥാന ഭൂനികുതി ഇനത്തിൽ 2018-19 വർഷത്തിൽ അധിക പിരിവ് കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അടിസ്ഥാന ഭൂനികുതി ഇനത്തിൽ മാത്രം മുൻ വർഷമായ 2016-17-നെ അപേക്ഷിച്ച് നടപ്പുസാമ്പത്തിക വർഷത്തിൽ 2018 ഒക്ടോബർ മാസംവരെ 33.57 കോടി രൂപയുടെ അധികവരുമാനം വന്നിട്ടുണ്ട്.

നികുതിയേതര വരുമാനത്തിൽ വർദ്ധന വരുത്തുന്നതിന്റെ ഭാഗമായി എല്ലാ നികുതിയേതര ഫീസുകളും ചാർജ്ജുകളും 1-4-2018 മുതൽ പ്രാബല്യത്തോടെ 5% വർദ്ധനവ് വരുത്തി 2018-19 സാമ്പത്തിക വർഷം നികുതിയേതര വരുമാനത്തിൽ വർദ്ധനവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. നികുതിയേതര ഇനത്തിൽ മാത്രം മുൻ വർഷമായ 2016-17-നെ അപേക്ഷിച്ച് നടപ്പുസാമ്പത്തിക വർഷത്തിൽ 2018 ഒക്ടോബർ മാസംവരെ 4.50 കോടി രൂപയുടെ അധിക വരുമാനം വന്നിട്ടുണ്ട്. 2018 ഒക്ടോബർ മാസം വരെയുള്ള ലാൻഡ് റവന്യൂ ഇനത്തിൽപ്പെട്ട നികുതി-നികുതിയേതര പിരിവ് പരിശോധിച്ചതിൽ ഒട്ടാകെ 208.79 കോടി രൂപ പിരിവ് വന്നിട്ടുണ്ട്. മുൻ വർഷം ഇതേസമയം (2017 ഒക്ടോബറിൽ) 165.02 കോടി രൂപയാണ് പിരിവ് വന്നിട്ടുള്ളത്. മേൽ സൂചിപ്പിച്ച പ്രകാരമുള്ള നടപടികൾമൂലം ലാൻഡ് റവന്യൂ ഇനത്തിൽപ്പെട്ട നികുതി-നികുതിയേതര വരുമാന വർദ്ധനവിന് ഇടയാക്കിയിട്ടുണ്ട്.

മോട്ടോർ വാഹന വകുപ്പ്, നികുതി കുടിശ്ശിക വരുത്തിയിട്ടുള്ള മുഴുവൻ വാഹനങ്ങൾക്കെതിരെയും ഡിമാന്റ് നോട്ടീസ് അയയ്ക്കുകയും പരമാവധി വാഹനങ്ങൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. മാത്രമല്ല വകുപ്പിന്റെ എല്ലാ ഓഫീസുകളിലും ബുധനാഴ്ച ദിവസം നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട ജോലികൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതിനായി നീക്കിവച്ചിട്ടുണ്ട്. നികുതി അടയ്ക്കാതെ നിരത്തിലൂടെ ഓടുന്ന വാഹനങ്ങൾ കണ്ടെത്തുന്നതിന് എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തിയിട്ടുണ്ട്. നികുതി അടയ്ക്കാതെ നിരത്തിലുപയോഗിച്ച് മോട്ടോർ വാഹന വകുപ്പ് പിടിച്ചെടുത്ത് വിവിധ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചിട്ടുള്ള വാഹനങ്ങൾ ലേലം ചെയ്ത് സർക്കാരിന് കിട്ടേണ്ട നികുതി കുടിശ്ശിക വസൂലാക്കാറുണ്ട്. പ്രസ്തുത നടപടിയിലൂടെ വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട്:

1. കെട്ടിടങ്ങൾക്ക് വില കുറച്ച് രജിസ്റ്റർ ചെയ്യുന്നതുമൂലമുള്ള റവന്യൂ നഷ്ടം ഒഴിവാക്കുന്നതിനായി നിയമ നിർമ്മാണം നടത്തി ആയതിന്റെ ചട്ടരൂപീകരണം നടത്തിവരുന്നു.

2. ചിട്ടി നിയമപ്രകാരമുള്ള ആർബിട്രേഷൻ നടപടികൾക്ക് ആർബിട്രേഷൻ തുകയുടെ 2% കോർട്ട് ഫീസ് ഏർപ്പെടുത്തി.

3. ഭൂമിയുടെ ന്യായവില 1-4-2018 മുതൽ 10% കൂട്ടി.

4. അണ്ടർ വാല്യുവേഷൻ കുടിശ്ശിക തീർപ്പാക്കുന്നതിനായി കോമ്പൗണ്ടിംഗ് പദ്ധതി നടപ്പിലാക്കി.

(സി) വരവും ചെലവും തമ്മിലുള്ള അന്തരം കാലങ്ങളായി നിലനിൽക്കുന്നുവെന്നതാണ് സംസ്ഥാന ധനസ്ഥിതിയുടെ പരിമിതി. റവന്യൂ കമ്മി കുറച്ചുകൊണ്ടുവന്ന് ക്രമാനുഗതമായി ഇല്ലാതാക്കാനായാൽ വായ്പ തുക പൂർണ്ണമായും നിക്ഷേപത്തിനായി ചെലവിടാനാകും. സാമൂഹ്യക്ഷേമ ചെലവുകളോ ആരോഗ്യ വിദ്യാഭ്യാസ മേഖലകളുടെ ചെലവുകളോ വെട്ടിച്ചുരുക്കി ഈ നില കൈവരിക്കുകയെന്നത് ഈ സർക്കാരിന്റെ ലക്ഷ്യമല്ല. വരുമാനം വർദ്ധിപ്പിച്ചും ഈ സ്ഥിതി കൈവരിക്കുകയെന്നതാണ് സമീപനം. ഈ നില കൈവരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ദൈനംദിന ഭരണ ചെലവുകൾക്കോ പദ്ധതി ചെലവുകൾ നിർവ്വഹിക്കുന്നതിനോ നിലവിൽ കടുത്ത ബുദ്ധിമുട്ടുകളില്ല.

(ഡി) കഴിഞ്ഞ വർഷം ആഗസ്റ്റ് മാസത്തെ വരുമാനത്തേക്കാൾ ഈ വർഷം ആഗസ്റ്റ് മാസത്തിലെ നികുതി വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് മുകളിൽ പറഞ്ഞ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെറിഫെഡ് തൊഴിലാളികൾക്ക് വേതന കുടിശ്ശിക**

32 (426) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല മണ്ഡലത്തിലെ പട്ടണക്കാട്ടും കാസർഗോഡ് ഉദുമയിലും പ്രവർത്തനം നിലച്ച സെറിഫെഡ് സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ലഭിച്ചിരുന്ന വളരെ തുച്ഛമായ വേതനത്തിന്റെ 2 വർഷത്തിലധികമുള്ള കുടിശ്ശിക നൽകുന്നതിനായി ഖാദിബോർഡ് സമർപ്പിച്ച സാമ്പത്തിക അനുമതിക്കായുള്ള പ്രൊപ്പോസലിന്മേൽ ധനകാര്യ വകുപ്പ് എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളത്;

(ബി) ഇക്കാര്യത്തിൽ ഗൗരവപൂർണ്ണമായ പരിഗണന നൽകുന്നതിന് തയ്യാറാകുമോ;

(സി) പട്ടണക്കാടുള്ള റീലിംഗ് യൂണിറ്റിന്റെ പുനരുദ്ധാരണത്തിന് സാമ്പത്തികാനുമതി തേടി എന്തെല്ലാം പ്രൊപ്പോസലുകളാണ് ഖാദിബോർഡ് സമർപ്പിച്ചിട്ടുള്ളത്; ആയതിന് സാമ്പത്തികാനുമതി നൽകി നടപ്പാക്കുമോ?

ഉത്തരം

(എ) ചേർത്തല മണ്ഡലത്തിലെ പട്ടണക്കാടും കാസർഗോഡ് ഉദുമയിലും പ്രവർത്തനം നിലച്ച സെറിഫെഡ് സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ലഭിച്ചിരുന്ന വളരെ തുച്ഛമായ വേതനത്തിന്റെ 2 വർഷത്തിലധികമുള്ള കുടിശ്ശിക നൽകുന്നതിനായി ഖാദി ബോർഡ് സമർപ്പിച്ച സാമ്പത്തിക അനുമതിക്കായുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ ലഭിച്ചിട്ടില്ല.

(ബി) പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) പട്ടണക്കാടുള്ള റീലിംഗ് യൂണിറ്റിന്റെ പുനരുദ്ധാരണത്തിനായി 50 ലക്ഷം രൂപയുടെ അധിക ധനാനുമതിക്കായി ധനകാര്യ വകുപ്പിൽ പ്രൊപ്പോസൽ ലഭിക്കുകയും ആയത് പി.യു.-ഡി1/49/2016-ധന നമ്പർ ഫയലിൽ പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. സെറിഫെഡിന്റെ പ്രവർത്തനം ലാഭകരമല്ലാതെ വന്നതിനെത്തുടർന്ന് 2010-ൽ സർക്കാർ ടി സ്ഥാപനത്തെ liquidate ചെയ്യുന്നതിനും ആസ്തികൾ ഖാദിബോർഡിന് കൈമാറുന്നതിനും ജീവനക്കാരെ LSGD/CRD/KKVIB എന്നിവിടങ്ങളിലേയ്ക്ക് പുനർവിന്യസിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. തുടർന്ന് 5-8-2015-ലെ സ.ഉ.(കൈ) 109/2015/വ്യവ നമ്പർ പ്രകാരം സെറിഫെഡിനെ പുനരുജ്ജീവിപ്പിക്കുന്നതിന് ഉത്തരവായിട്ടുണ്ടെങ്കിലും സംസ്ഥാനത്ത് പട്ടുനൂൽകൃഷി മേഖലയിലെ തൊഴിലാളിക്ഷാമം, ശുഷ്കമായ വിപണന സാധ്യത, സാങ്കേതിക പരിജ്ഞാനത്തിന്റെ അപര്യാപ്തത ഇവ പരിഗണിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുമുമ്പ് വിശദമായ പഠനം ആവശ്യമായതിനാൽ ടി പ്രൊപ്പോസൽ തൽക്കാലം പരിഗണിക്കേണ്ടതില്ലെന്ന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

**സാമ്പത്തിക പ്രതിസന്ധി**

33 (427) ശ്രീ. ഹൈബി ഈഡൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ ധനസമാഹരണം സാധ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാരിന്റെ ഏതെങ്കിലും വകുപ്പുകളിലോ ബോർഡുകളിലോ ഇതിന്റെ ഭാഗമായി നിയമന നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സർക്കാർ സാമ്പത്തിക പ്രതിസന്ധിയിൽ ഉഴലുമ്പോഴും ആഘോഷങ്ങളുടെ ഭാഗമായി കോടിക്കണക്കിന് രൂപ ധൂർത്തടിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർക്കാരിന്റെ രണ്ടാം വാർഷികാഘോഷങ്ങളുടെ ഭാഗമായി എത്ര തുകയാണ് ചെലവാക്കിയതെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനം നേരിട്ട പ്രളയക്കെടുതിയുടെ അടിസ്ഥാനത്തിൽ സാമ്പത്തിക അച്ചടക്കം എല്ലാ തലത്തിലും കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) വരവുംചെലവും തമ്മിലുള്ള അന്തരമാണ് നമ്മുടെ സംസ്ഥാന സാമ്പത്തികനിലയുടെ സൂചകം. ഈ അന്തരം സംസ്ഥാനത്ത് കാലങ്ങളായി നിലനിൽക്കുന്നുണ്ട്. റവന്യൂ കമ്മി നിയന്ത്രിച്ച് ക്രമേണ ഇല്ലാതാക്കാൻ കഴിഞ്ഞാൽ വായ്പയെടുക്കുന്ന തുക മുഴുവൻ നിക്ഷേപത്തിനായി വിനിയോഗിക്കാൻ കഴിയും. സാമൂഹ്യക്ഷേമ ചെലവുകൾക്കും മറ്റും വെട്ടിക്കുറവ് വരുത്തിക്കൊണ്ടോ ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളെ ദുർബലപ്പെടുത്തിക്കൊണ്ടോ ഈ ലക്ഷ്യം നേടുകയെന്ന സമീപനം സർക്കാരിനില്ല. വരുമാനം വർദ്ധിപ്പിച്ച് ചെലവ് ചെയ്യൽ കാര്യക്ഷമമാക്കുക എന്ന നയമാണ് സ്വീകരിക്കുന്നത്. ഇത് വിജയത്തിലെത്തുമെന്നു തന്നെയാണ് പ്രതീക്ഷിക്കുന്നത്. ദൈനംദിന ചെലവുകളും പദ്ധതി പ്രവർത്തനങ്ങളും നിർവ്വഹിക്കുന്നതിന് യാതൊരു തരത്തിലുള്ള പ്രതിസന്ധിയും നിലവിലില്ല.

(ബി) ഇല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തിന്റെ ഭാഗമായുള്ള ആഘോഷ പരിപാടികൾക്കായി ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന് 3,59,60,000 രൂപ അനുവദിച്ചുനൽകിയിരുന്നു.

(ഇ) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി പരമാവധി പണം സമ്പദ്ഘടനയിലേയ്ക്ക് ഒഴുക്കുന്നതിന് ആവശ്യമായ നടപടികളാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്.

നടപ്പ് വർഷത്തെ പദ്ധതിയിൽ 20% പൊതുമരാമത്ത്, ജലവിഭവം എന്നീ വകുപ്പുകൾക്കും വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന സ്കോളർഷിപ്പ് സ്കീമുകൾക്ക് ഒഴികെയുള്ള സ്കീമുകളിൽനിന്നും കുറവ് വരുത്തുന്നതിനും ഈ തുക റോഡുകളുടെയും കുടിവെള്ള പദ്ധതികളുടെയും പുനഃസൃഷ്ടിക്ക് വിനിയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പദ്ധതികളുടെ മുൻഗണനാ ക്രമത്തിൽ ഭേദഗതി വരുത്താനും നിശ്ചയിച്ചിരുന്നു. സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുന്നതിന്റെയും ധനദൃഢീകരണം സാധ്യമാക്കുന്നതിന്റെയും ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും വിദേശയാത്രയ്ക്കും വിമാനയാത്രയ്ക്കും മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2014 ഏപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് നിലവിൽ പ്രാബല്യത്തിലുമാണ്.

**പ്രളയദുരന്തം സംസ്ഥാന സമ്പദ്ഘടനയിലുണ്ടാക്കിയ ആഘാതം**

34 (428) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എ. എം. ആരിഫ്:
ശ്രീ. പി. വി. അൻവർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയദുരന്തത്തിന്റെ ഫലമായുണ്ടായ ആസ്തിനാശം, ഉപജീവന മാർഗ്ഗങ്ങളുടെ നാശം, വരുമാന നഷ്ടം തുടങ്ങിയവ സംസ്ഥാന സമ്പദ്ഘടനയിൽ ഉണ്ടാക്കിയ ആഘാതത്തിന്റെ വ്യാപ്തി കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പുനർനിർമ്മാണത്തിന് ആവശ്യമായിവരുന്ന ഭീമമായ തുക കേന്ദ്ര സഹായത്തിന്റെ അഭാവത്തിൽ എങ്ങനെ സമാഹരിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രളയാനന്തര പുനർനിർമ്മാണത്തിന് പണം കണ്ടെത്തുന്നതിന് ജി.എസ്.ടി.-യുടെ മേൽ സെസ് ചുമത്തുന്നതിനും വായ്പാ പരിധി ഉയർത്തുന്നതിനുമുള്ള ആവശ്യത്തിൻമേൽ കേന്ദ്രസർക്കാർ തീരുമാനം അറിയിച്ചിട്ടുണ്ടോ;

(ഡി) കേന്ദ്രസർക്കാർ നയങ്ങളുടെയും നടപടികളുടെയും ഫലമായി ഉണ്ടായ സാമ്പത്തികഞെരുക്കം മറികടക്കുന്നതിനുള്ള ധനദൃഢീകരണ നടപടികളെ പ്രളയ നഷ്ടം എപ്രകാരം ബാധിക്കാനിടയുണ്ടെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2018 ആഗസ്റ്റിൽ കേരളത്തിലുണ്ടായ മുമ്പില്ലാത്ത വിധമുള്ള മഴക്കെടുതിയും വെള്ളപ്പൊക്കവും വീടുകൾക്കും പൊതു അടിസ്ഥാന സൗകര്യങ്ങൾക്കും കാർഷിക വിളകൾ, കന്നുകാലികൾ, ഉപജീവനമാർഗ്ഗങ്ങൾ, കച്ചവടം, ആവാസ വ്യവസ്ഥ, ജൈവ വൈവിദ്ധ്യം മുതലായവയ്ക്കും ഭീകരമായ നാശനഷ്ടങ്ങളുണ്ടാക്കി. കേന്ദ്ര ധനകാര്യ മന്ത്രാലയം, ലോകബാങ്ക്, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് എന്നിവയിൽനിന്നുള്ള ഉദ്യോഗസ്ഥരുടെ സംയുക്ത സംഘവും ഐക്യരാഷ്ട്രസഭാ ഏജൻസികളുടെ സഹകരണത്തോടുകൂടിയുള്ള സംഘവും സംസ്ഥാനത്ത് റാപ്പിഡ് ഡാമേജ് ആൻഡ് നീഡ്സ് അസസ്മെന്റ് (ആർ.ഡി.എൻ.എ.)-ഉം പോസ്റ്റ് ഡിസാസ്റ്റർ നീഡ്സ് അസ്സസ്മെന്റ് (പി.ഡി.എൻ.എ.)-ഉം നടത്തുകയുണ്ടായി. തുടർന്ന് ആർ.ഡി.എൻ.എ. റിപ്പോർട്ടും പി.ഡി.എൻ.എ. റിപ്പോർട്ടും പ്രകാരമുള്ള കണ്ടെത്തലുകൾ ലോകബാങ്കും ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കും സംസ്ഥാന സർക്കാരിന് മുമ്പാകെ സമർപ്പിക്കുകയുണ്ടായി. ആർ.ഡി.എൻ.എ. റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തുണ്ടായ നഷ്ടം ഉദ്ദേശം 25050 കോടി രൂപയും പി.ഡി.എൻ.എ. റിപ്പോർട്ട് പ്രകാരമുള്ള നഷ്ടം ഉദ്ദേശം 26996 കോടി രൂപയുമാണ്.

(ബി) കേന്ദ്രസർക്കാർ/വിദേശ സഹായ ഏജൻസികളിൽനിന്ന് പ്രതീക്ഷിക്കുന്ന വായ്പകൾക്ക് പുറമെ സംസ്ഥാനത്തിന്റെ പുനർ നിർമ്മാണത്തിനായി RIDF, NIDA, HUDCO എന്നിവിടങ്ങളിൽനിന്ന് ലഭിക്കുന്ന വായ്പയും LSGI വികസന ഫണ്ടിൽനിന്നുള്ള തുകയും പദ്ധതി വെട്ടിച്ചുരുക്കുന്നതിലൂടെ ലഭിക്കുന്ന തുകയും വിനിയോഗിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(സി) കേന്ദ്ര സർക്കാരിൽനിന്ന് ഇതുസംബന്ധിച്ച തീരുമാനം ഇതുവരെ ലഭിച്ചിട്ടില്ല.

(ഡി) പ്രളയ ദുരന്തം സംസ്ഥാന സമ്പദ്ഘടനയിലുണ്ടാക്കിയ ആഘാതം നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കാൻ സർക്കാർ കൈക്കൊണ്ട നടപടികളെ പ്രതികൂലമായി ബാധിക്കാനിടയുണ്ട്. കൂടാതെ പ്രളയദുരന്തം കാരണം വിവിധ മേഖലകളിലുണ്ടായ അധിക ബാധ്യത ചെലവ് ചുരുക്കലിനായി സർക്കാർ കൈക്കൊണ്ടുവരുന്ന നടപടികളെ പ്രതികൂലമായി ബാധിക്കാനും ഇടയുണ്ട്.

**നെന്മാറ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

35 (429) ശ്രീ. കെ. ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇവയിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഭരണാനുമതി ലഭിച്ച ഏതെല്ലാം പദ്ധതികളുടെ പ്രവർത്തികളാണ് തുടങ്ങിയിട്ടുള്ളതെന്നും മറ്റ് പദ്ധതികൾ എന്ന് തുടങ്ങാൻ കഴിയുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി സർക്കാർ പ്രഖ്യാപിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി&സി) കിഫ്ബി പദ്ധതികൾക്കായി ബന്ധപ്പെട്ട ഭരണ വകുപ്പാണ് ഭരണാനുമതി പുറപ്പെടുവിക്കേണ്ടത്. കൂടാതെ ഭരണ വകുപ്പ് ചുമതലപ്പെടുത്തുന്ന പ്രത്യേക ഉദ്ദേശ്യ കമ്പനികളാണ് കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതുവരെ കിഫ്ബിയിൽ ലഭിച്ചതും കിഫ്ബി അംഗീകരിച്ചതുമായ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**കിഫ്ബി**

36 (430) ശ്രീ. കെ. മുരളീധരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി രൂപീകരിച്ചശേഷം നാളിതുവരെ എത്ര രൂപ സമാഹരിച്ചിട്ടുണ്ട്; വർഷം തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(ബി) കിഫ്ബി മുഖാന്തരം ഏതെല്ലാം പദ്ധതികൾക്ക് തുക അനുവദിച്ചിട്ടുണ്ടെന്നും ഇതിൽ ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കിഫ്ബി പുനഃസംഘടിപ്പിച്ചശേഷം നാളിതുവരെ (2018 നവംബർ 22 വരെ) 5258.384 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. വർഷം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) കിഫ്ബി മുഖാന്തരം തുക അനുവദിച്ച പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു*. ആരോഗ്യ വിദ്യാഭ്യാസ ശുദ്ധജല വിതരണ മേഖലകളിലെ വൻ കിഫ്ബി പദ്ധതികൾ നിരവധി ഉപപദ്ധതികൾ ചേർന്നതാണ്. ഇതിൽ താഴെ പറയുന്നവ പൂർത്തിയായിട്ടുണ്ട്.

<u>ഡയാലിസിസ് സെന്ററുകൾ</u>: 44 സെന്ററുകളിൽ 31 എണ്ണം പൂർത്തിയായിട്ടുണ്ട്.

<u>കാത്ത് ലാബുകൾ</u>: ഒരെണ്ണം പൂർത്തിയായിട്ടുണ്ട്.

<u>കുടിവെള്ള പദ്ധതികൾ</u>: 2 കുടിവെള്ള പദ്ധതികൾ പൂർത്തിയായിട്ടുണ്ട്.

പൂർത്തീകരിച്ച പദ്ധതികൾക്കായി ആകെ 31,47,74,284 രൂപ നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

## കിഫ്ബി വഴി സമാഹരിച്ച തുക

37 (431) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പുനഃസംഘടിപ്പിച്ചശേഷം നാളിതുവരെ ഓരോ ഇനത്തിലും എത്ര തുക സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രവാസി നിക്ഷേപമായും ചിട്ടി വഴിയും എത്ര തുക സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്; ഇത് ഈയിനത്തിൽ പ്രതീക്ഷിച്ച തുകയുടെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(സി) പെട്രോൾ, ഡീസൽ സെസ് ഒഴികെ കിഫ്ബിയിൽ സമാഹരിച്ച തുക ആകെ സമാഹരിച്ച തുകയുടെ എത്രശതമാനമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കിഫ്ബി പുനഃസംഘടിപ്പിച്ചശേഷം നാളിതുവരെ (2018 നവംബർ 22 വരെ) 5258.384 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 23-11-2018-ൽ ആരംഭിച്ച കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി വഴിയല്ലാതെ പ്രവാസി നിക്ഷേപമായി കിഫ്ബി നേരിട്ട് നാളിതുവരെ തുകയൊന്നും സമാഹരിച്ചിട്ടില്ല. പ്രവാസി ചിട്ടിവഴി കിഫ്ബിയിൽ ലഭ്യമായ തുക 77,20,000 രൂപയാണ്. പ്രവാസി ചിട്ടിക്ക് പ്രവാസികളിൽനിന്നും നല്ല പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. പ്രവാസി ചിട്ടിവഴി ഏകദേശം 5000 കോടി രൂപയാണ് സമാഹരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇതുവരെ പ്രഖ്യാപിച്ച 79 ചിട്ടികളിൽ 52 എണ്ണത്തിൽ ചിറ്റാളന്മാർ തികഞ്ഞുകഴിഞ്ഞു. പൂർണ്ണതോതിൽ ചിട്ടികൾ ആരംഭിക്കുന്നതോടെ പ്രഖ്യാപിത ലക്ഷ്യത്തിലേയ്ക്ക് എത്തിച്ചേരാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പെട്രോൾ, ഡീസൽ സെസ് ഒഴികെ കിഫ്ബിയിൽ സമാഹരിച്ച തുക ആകെ സമാഹരിച്ച തുകയുടെ 77.9% വരും.

## കിഫ്ബി ബോർഡ്

38 (432) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബി ബോർഡ് മുഖേന 2018 ഒക്ടോബർ 31 വരെ എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയത്; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് കിഫ്ബി വഴി എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കിഫ്ബി ബോർഡ് മുഖേന 2018 ഒക്ടോബർ 31 വരെ 39707.73 കോടി രൂപയുടെ 466 പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. വകുപ്പുതിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) നാളിതുവരെ 10 ട്രാഞ്ചേകളിലായി 39707.73 കോടി രൂപയുടെ 466 പദ്ധതികൾക്കാണ് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളത്. പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിച്ച 5596.81 കോടി രൂപയുടെ 117 പദ്ധതികളുടെ പദ്ധതി റിപ്പോർട്ട് വിശദമായ പരിശോധനയ്ക്കായി കിഫ്ബിയിൽ ലഭ്യമാക്കിയിട്ടുണ്ട്. 2016-17, 2017-18, 2018-19 ബഡ്ജറ്റ് പ്രസംഗങ്ങളിലൂടെ പ്രഖ്യാപിച്ച പദ്ധതികളിൽ ബാക്കിയുള്ളവയുടെ വിശദമായ പദ്ധതി റിപ്പോർട്ടുകൾ ഇനിയും ലഭ്യമാകാനുണ്ട്. ഇവയെല്ലാം ഈ സർക്കാരിന്റെ കാലത്തുതന്നെ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കിഫ്ബി വഴിയുള്ള പ്രവൃത്തികൾ

39 (433) ശ്രീ. റ്റി. വി. രാജേഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് നാളിതുവരെ അംഗീകാരം നൽകിയിട്ടുള്ളത്; വകുപ്പുതിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതുവരെയായി എത്രകോടി രൂപയുടെ എത്ര പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്; എത്രകോടി രൂപയുടെ എത്ര പ്രവൃത്തികളുടെ കരാറാണ് ഇതുവരെയായി ഒപ്പുവച്ചിട്ടുള്ളത്;

(സി) ഇതുവരെയായി എത്രകോടി രൂപയുടെ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

ഉത്തരം

(എ) കിഫ്ബി വഴി നാളിതുവരെ 39707.73 കോടി രൂപയുടെ 466 പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. വകുപ്പുതിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) നാളിതുവരെ 7791.05 കോടി രൂപയുടെ 225 പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. അവയിൽ 5522.60 കോടി രൂപയുടെ 176 പ്രവൃത്തികളുടെ കരാറുകൾ ഇതുവരെ ഒപ്പുവച്ചിട്ടുണ്ട്.

(സി) ആരോഗ്യ വിദ്യാഭ്യാസ ശുദ്ധജല വിതരണ മേഖലകളിലെ വൻ കിഫ്ബി പദ്ധതികൾ നിരവധി ഉപപദ്ധതികൾ ചേർന്നതാണ്. ഇതിൽ താഴെപ്പറയുന്നവ പൂർത്തിയായിട്ടുണ്ട്.

ഡയാലിസിസ് സെന്ററുകൾ: 44 സെന്ററുകളിൽ 31 എണ്ണം പൂർത്തിയായിട്ടുണ്ട്.

കാത്ത് ലാബുകൾ: ഒരെണ്ണം പൂർത്തിയായിട്ടുണ്ട്.

കുടിവെള്ള പദ്ധതികൾ: 2 കുടിവെള്ള പദ്ധതികൾ പൂർത്തിയായിട്ടുണ്ട്.

പൂർത്തീകരിച്ച പദ്ധതികൾക്കായി ആകെ 31,47,74,284 രൂപ നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കിഫ്ബി പദ്ധതികൾ

40 (434) ശ്രീ. കെ. വി. വിജയദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിലൂടെ എത്ര പദ്ധതികൾക്ക് എത്ര കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) കിഫ്ബി വർക്ക് നൽകുന്ന പല എസ്.പി.വി.-കളും വർക്കുകൾ ഏറ്റെടുക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം എസ്.പി.വി.-കളെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കിഫ്ബി വഴി 466 പദ്ധതികൾക്കായി 39707.73 കോടി രൂപയുടെ സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) അത്തരമൊരു വിഷയം കിഫ്ബിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി

41 (435) ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി നാളിതുവരെ എത്ര യോഗങ്ങൾ ചേർന്നുവെന്നും എത്ര പ്രവൃത്തികൾക്ക് അനുമതി നൽകിയെന്നും വെളിപ്പെടുത്തുമോ;

(ബി) എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് നാളിതുവരെ അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ;

(സി) അനുമതി നൽകിയ എത്ര പ്രവൃത്തികൾ ടെൻഡർ നടപടി പൂർത്തിയാക്കി; അവയിൽ എത്ര പ്രവൃത്തികളുടെ നിർമ്മാണം പൂർത്തിയായി ;

(ഡി) കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി നാളിതുവരെ യോഗങ്ങൾകൂടിയ ഇനത്തിൽ എന്ത് തുക ചെലവായെന്ന് ഇനം തിരിച്ച് വിശദമാക്കുമോ?

ഉത്തരം

(എ&ബി) കിഫ്ബിയിൽ നാളിതുവരെ 9 എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങളിലും 7 ബോർഡ് യോഗങ്ങളിലുമായി 39707.73 കോടി രൂപയുടെ 466 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നാളിതുവരെ 7791.05 കോടി രൂപയുടെ 225 പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. അവയിൽ 5522.60 കോടി രൂപയുടെ 176 പ്രവൃത്തികളുടെ കരാർ ഇതുവരെയായി ഒപ്പുവച്ചിട്ടുണ്ട്. ആരോഗ്യ വിദ്യാഭ്യാസ ശുദ്ധജല വിതരണ മേഖലകളിലെ വൻ കിഫ്ബി പദ്ധതികൾ നിരവധി ഉപപദ്ധതികൾ ചേർന്നതാണ്. ഇതിൽ താഴെപ്പറയുന്നവ പൂർത്തിയായിട്ടുണ്ട്.

ഡയാലിസിസ് സെന്ററുകൾ: 44 സെന്ററുകളിൽ 31 എണ്ണം പൂർത്തിയായിട്ടുണ്ട്.

കാത്ത് ലാബുകൾ: ഒരെണ്ണം പൂർത്തിയായിട്ടുണ്ട്.

കുടിവെള്ള പദ്ധതികൾ: 2 കുടിവെള്ള പദ്ധതികൾ പൂർത്തിയായിട്ടുണ്ട്. മേൽ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ഡി) എക്സിക്യൂട്ടീവ് കമ്മിറ്റിക്കായി ചെലവായ തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

## സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് പരിശോധിക്കുന്ന കിഫ്ബി പ്രോജക്ടുകൾ

42 (437) ശ്രീ. എ. പി. അനിൽ കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ഏതൊക്കെ പ്രോജക്ടുകളാണ് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് പരിശോധിക്കുന്നത്;

(ബി) പ്രസ്തുത സ്ഥാപനത്തിന് സ്വന്തമായി പ്രോജക്ടുകൾ പരിശോധിക്കുവാനുള്ള സംവിധാനമുണ്ടോ ; വിശദമാക്കുമോ;

(സി) കിഫ്ബിയിൽനിന്നും പ്രോജക്ടുകൾ അപ്രൈസൽ നടത്തിയ വകയിൽ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിന് എന്തെങ്കിലും തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പ്രോജക്ടുകൾ അപ്രൈസൽ നടത്തിയതിനാണ് തുക നൽകിയതെന്നും ഓരോ പ്രോജക്ടിനും എന്ത് തുക വീതം നൽകിയതെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് ഇപ്പോൾ പരിശോധിച്ചു കൊണ്ടിരിക്കുന്ന കിഫ്ബി പ്രോജക്ടുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കേരള സർക്കാരിന്റെ വ്യവസായ വകുപ്പിന് കീഴിൽ 1979-ൽ രൂപീകൃതമായ സ്വയംഭരണ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.), വിവിധ ഡിപ്പാർട്ടുമെന്റുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റ് ഗവൺമെന്റ് ഏജൻസികൾ എന്നിവയ്ക്കാവശ്യമായ വിവിധ മേഖലകളിലെ കൺസൾട്ടൻസി, ട്രെയിനിംഗ് തുടങ്ങിയ സർവ്വീസുകൾ നൽകിവരുന്നു. ഈ ആവശ്യത്തിനായി വിദഗ്ദ്ധരുടെ ഒരു ശൃംഖല സി.എം.ഡി.-ക്കുണ്ട്. കിഫ്ബി പ്രോജക്ടുകൾ പരിശോധിക്കുന്നതിനായി, വിവിധ മേഖലകളിലെ വിദഗ്ദ്ധർ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിലുണ്ട്.

(സി) ഉണ്ട്. കിഫ്ബി പ്രോജക്ടുകൾ അപ്രൈസൽ നടത്തിയ വകയിൽ ഇതുവരെ 10.22 കോടി രൂപയാണ് സി.എം.ഡി.-ക്ക് അനുവദിച്ചിട്ടുള്ളത്. പ്രോജക്ടുകൾ അപ്രൈസൽ നടത്തിയതിന് നൽകിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

## കായംകുളം താലൂക്കാശുപത്രി

43 (438) ശ്രീമതി യു. പ്രതിഭ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്കാശുപത്രിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി കേരള ഹൗസിംഗ് ബോർഡ് കോർപ്പറേഷൻ കിഫ്ബിയുടെ അംഗീകാരത്തിനായി വിശദമായ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിലവിൽ ഇതിന്മേലുള്ള നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ&ബി) കായംകുളം താലൂക്കാശുപത്രിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി കേരള ഹൗസിംഗ് ബോർഡ് കോർപ്പറേഷൻ നാളിതുവരെ പദ്ധതി റിപ്പോർട്ടുകളൊന്നും കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല.

## കിഫ്ബിയുടെ ബാങ്ക് നിക്ഷേപം

44 (439) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കിഫ്ബി'ക്ക്, കോട്ടക് മഹേന്ദ്ര ബാങ്കിൽ നിക്ഷേപം ഉണ്ടോ; ഉണ്ടെങ്കിൽ തുക നിക്ഷേപിച്ച തീയതി ഉൾപ്പെടെയുള്ള വിശദാംശം നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സ്ഥിരനിക്ഷേപയിനത്തിൽ എത്ര രൂപയാണ് നിക്ഷേപിച്ചിട്ടുള്ളത്; അതിന്റെ പലിശ നിരക്ക് എത്രയാണ്; പ്രസ്തുതയിനത്തിൽ എന്ത് തുക ലഭ്യമായി എന്ന് വ്യക്തമാക്കുമോ;

(സി) സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ എന്ത് തുകയാണ് നിക്ഷേപിച്ചിട്ടുള്ളത്; അതിന്റെ പലിശ നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. നിക്ഷേപങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) സ്ഥിര നിക്ഷേപമായി തുക നിക്ഷേപിച്ചിട്ടില്ല. സ്വീപ് ടേം ഡെപ്പോസിറ്റ് സംവിധാനം പ്രയോജനപ്പെടുത്തുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ 50,00,479 രൂപ നീക്കിയിരുപ്പുണ്ട്. പ്രസ്തുത അക്കൗണ്ടിന്റെ പലിശ നിരക്ക് 5.7 ശതമാനമാണ്.

**കിഫ്ബിയുടെ വികസന പദ്ധതി**

45 (440) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ വികസന പദ്ധതികൾക്കായി കടപ്പത്രത്തിലൂടെ തുക സമാഹരിക്കുന്നതിനുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) രാജ്യാന്തര വിപണിയിൽനിന്നും മസാല ബോണ്ട് വഴി എത്ര കോടി രൂപ സമാഹരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(സി) നിലവിലെ കടപ്പത്രങ്ങൾക്ക് എത്ര ശതമാനം പലിശയാണ് നൽകേണ്ടത്;

(ഡി) രൂപയുടെ മൂല്യം ഇടിയുന്ന സാഹചര്യത്തിൽ പലിശ ഉയരുവാൻ സാധ്യതയുണ്ടോ; എങ്കിൽ ആഭ്യന്തര വിപണിയിൽനിന്നും കടമെടുക്കുന്നതിനെക്കാൾ കൂടുതൽ ബാധ്യത പലിശയിനത്തിൽ ഉണ്ടാകുവാനുള്ള സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കടപ്പത്രങ്ങൾവഴി ഫണ്ട് സമാഹരിക്കുന്നതിന്റെ ഭാഗമായി മസാല ബോണ്ടുകളും കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിക്കുവേണ്ടി പ്രത്യേകമായി രൂപകൽപ്പന ചെയ്ത ബോണ്ടുകളും പുറപ്പെടുവിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽ മസാല ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിന്റെ ഭാഗമായി അവ ലണ്ടൻ, സിംഗപ്പൂർ എന്നീ സ്റ്റോക് എക്സ്ചേഞ്ചുകളിൽ ലിസ്റ്റ് ചെയ്തിട്ടുണ്ട്. കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടികളിൽനിന്നും ലഭിച്ച തുകയിൽ 77,20,000 രൂപ മൂല്യമുള്ള കിഫ്ബി ബോണ്ടുകൾ കെ.എസ്.എഫ്.ഇ.-ക്ക് ഇതിനകം കൈമാറിയിട്ടുണ്ട്.

(ബി) ആഗോള വിപണി അനുകൂലമായി വരുന്നപക്ഷം പല ട്രാഞ്ചുകളിലായി 5000 കോടിയോളം രൂപ മസാല ബോണ്ടുവഴി സമാഹരിക്കുന്നതിന് ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്.

(സി) നിലവിൽ കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിക്കായി പുറപ്പെടുവിച്ച 77,20,000 രൂപ മൂല്യമുള്ള കിഫ്ബി ബോണ്ടുകൾക്ക് വാർഷികാടിസ്ഥാനത്തിൽ 8% കൂപ്പൺ റേറ്റാണ് നിശ്ചയിച്ചിരിക്കുന്നത്.

(ഡി) റിസർവ് ബാങ്കിന്റെ വായ്പാ നയത്തിന്റെ അടിസ്ഥാനത്തിലാണ് പലിശ നിരക്ക് നിശ്ചയിക്കുന്നത്. അതുകൊണ്ടുതന്നെ രൂപയുടെ വിലയിടിവും പലിശനിരക്കും തമ്മിൽ നേരിട്ട് ബന്ധമില്ല. കിഫ്ബി വിദേശ വിപണിയിൽനിന്നും പ്രത്യേക കാലയളവിലേയ്ക്കുള്ള ബോണ്ടുവഴി കടമെടുക്കാനുള്ള നടപടിയാണ് ഇപ്പോൾ പൂർത്തീകരിച്ചിരിക്കുന്നത്. ഈ കാലയളവിൽ പലിശനിരക്ക് സ്ഥിരമായിരിക്കും. ബോണ്ട് കാലയളവിൽ വിപണിയിലുണ്ടാകുന്ന വ്യതിയാനം ബോണ്ടിന്റെ പലിശനിരക്കിനെ ബാധിക്കില്ല. ഇന്ത്യൻ രൂപയിൽ മാത്രമുള്ള വിനിമയ സാധ്യതയോടെ ധനസമാഹരണത്തിനായി വിദേശത്ത് പുറപ്പെടുവിക്കുന്ന കടപ്പത്രങ്ങളാണ് മസാല ബോണ്ടുകൾ. അതിനാൽ രൂപയുടെ മൂല്യം ഇടിഞ്ഞാലും വിദേശനാണ്യമൂല്യം ഉയർന്നാലും മസാല ബോണ്ടുകളുടെ വിനിമയ നിരക്കുകളിൽ മാറ്റം സംഭവിക്കുന്നില്ല. ആയതിനാൽ കിഫ്ബി ഇതിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നു. ഇക്കാരണത്താൽ ആഭ്യന്തര വിപണിയുടേതിലും കുറഞ്ഞ പലിശനിരക്കിൽ അന്താരാഷ്ട്ര വിപണിയിൽനിന്നും ഫണ്ട് സമാഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കിഫ്ബിയുടെ നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ

46 (441) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ അക്കൗണ്ടിൽ 2018 ഒക്ടോബർ 31 വരെയുള്ള നീക്കിയിരിപ്പ് എത്ര കോടി രൂപയാണ് ;

(ബി) അതിൽ വിവിധ ബാങ്കുകളിലേക്കുള്ള നിക്ഷേപം എത്രയാണ്; അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഓരോ നിക്ഷേപത്തിനും ലഭിക്കുന്ന പലിശ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കിഫ്ബിയുടെ അക്കൗണ്ടിൽ 2018 ഒക്ടോബർ 31-ന് നീക്കിയിരിപ്പുള്ള തുക 38,97,14,07,226 രൂപയാണ്.

(ബി&സി) വിവിധ ബാങ്കുകളിലേയ്ക്കുള്ള നിക്ഷേപത്തിന്റേയും അവയുടെ പലിശയേയും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

## കിഫ്ബിയുടെ പ്രവർത്തന ചെലവ്

47 (442) ശ്രീ. ഷാഫി പറമ്പിൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ നിലവിൽ എത്ര ജീവനക്കാരുണ്ട്; തസ്തിക തിരിച്ചുള്ള വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ജീവനക്കാരെ എപ്രകാരമാണ് നിയമിച്ചിട്ടുള്ളത്;

(സി) അതിൽ എത്ര പേരെ വീതമാണ് താല്ക്കാലികാടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും നിയമിച്ചത്;

(ഡി) കിഫ്ബിയിലെ ജീവനക്കാർക്ക് ശമ്പളം, അലവൻസ് മറ്റ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിന് പ്രതിമാസം എന്ത് തുകയാണ് ചെലവ് വരുന്നത്;

(ഇ) കിഫ്ബിയുടെ ഓഫീസ് പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണോ; എങ്കിൽ പ്രതിമാസ വാടക ചെലവ് എത്രയാണ് എന്ന് അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കിഫ്ബിയിൽ നിലവിൽ 42 ജീവനക്കാരുണ്ട്. തസ്തിക തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്*. ഇതിനുപുറമെ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) വഴി വിവിധ സാങ്കേതിക വിദഗ്ദ്ധരുടെ അനുബന്ധ സേവനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ധനകാര്യ വകുപ്പിൽനിന്ന് നേരിട്ടും ധനകാര്യ വകുപ്പ്, പൊതുഭരണ വകുപ്പ് എന്നിവിടങ്ങളിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും ഇതിനുപുറമെ കോൺട്രാക്ട് വ്യവസ്ഥയിലും ദിവസവേതനാടിസ്ഥാനത്തിലും ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

(സി) ആകെ ജീവനക്കാരിൽ കോൺട്രാക്ട് വ്യവസ്ഥയിൽ 12 പേരും ദിവസവേതനാടിസ്ഥാനത്തിൽ 6 പേരും ജോലിചെയ്യുന്നുണ്ട്.

(ഡി) കിഫ്ബിയിലെ ജീവനക്കാർക്ക് ശമ്പളം, അലവൻസ്, മറ്റ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിന് 2018 ഒക്ടോബർ മാസം 23,56,553 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഇ) അതെ. പ്രതിമാസ വാടക 5,48,796 രൂപ.

**നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ നാലുവരിപ്പാത**

48 (443) <u>ശ്രീ. സി. ദിവാകരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബഡ്ജറ്റിൽ നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ പ്രഖ്യാപിച്ച വഴയില-പഴകുറ്റി-കച്ചേരിനട - 11-ാം കല്ല് നാലുവരി പാതയുടെ നടപടികൾ പൂർത്തീകരിച്ച് സ്ഥലം ഏറ്റെടുക്കുന്നതിനായി ഫണ്ട് അനുവദിച്ച ശേഷം പ്രസ്തുത പ്രവൃത്തി നിർത്തിവയ്ക്കാൻ കിഫ്ബി തീരുമാനിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം - ചെങ്കോട്ട റോഡ് നാഷണൽ ഹൈവേ ആയി ഏറ്റെടുത്തുകൊണ്ടുള്ള അറിയിപ്പ് (നോട്ടിഫിക്കേഷൻ) കിഫ്ബിക്ക് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്. 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ സർക്കാർ പ്രഖ്യാപിച്ച നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വഴയില-പഴകുറ്റി- കച്ചേരിനട- 11-ാം കല്ല് നാലുവരിപ്പാതയുടെ നിർമ്മാണം നാഷണൽ ഹൈവേയുടെ തിരുവനന്തപുരം-തെന്മല റോഡ് വികസനത്തിന്റെ ഭാഗമായതിനാലാണ് കിഫ്ബി പദ്ധതിയായി പരിഗണിക്കേണ്ടതില്ലെന്ന് കിഫ്ബിയുടെ 32-ാം ബോർഡ് യോഗത്തിൽ തീരുമാനിച്ചിട്ടുള്ളത്.

(ബി) തിരുവനന്തപുരം-തെന്മല റോഡ് നാഷണൽ ഹൈവേയായി ഏറ്റെടുത്തുകൊണ്ട് കേരള സർക്കാരിന് ലഭിച്ച അറിയിപ്പിന്റെ (24-3-2017-ലെ NH-14014/80/2015-P&M നമ്പർ കത്ത്) പകർപ്പ് കിഫ്ബിക്ക് ലഭ്യമായിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

## കിഫ്ബിയിൽ ഉൾപ്പെടുത്തി ചെയ്ത പ്രവൃത്തികൾ

49 (444) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബിയിൽ ഉൾപ്പെടുത്തി എത്ര പ്രവൃത്തികൾക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾ ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കിഫ്ബിവഴി നാളിതുവരെ 39,707.73 കോടി രൂപയുടെ 466 പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. വകുപ്പുതിരിച്ചുള്ള വിശദാംശം അനുബന്ധമായി നൽകിയിരിക്കുന്നു*.

(ബി) മേൽപ്പറഞ്ഞ പ്രവൃത്തികളിൽ 159 എണ്ണം ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി നൽകിയിരിക്കുന്നു*.

## കിഫ്ബിക്ക് അനുവദിച്ച വാഹനങ്ങൾ

50 (445) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ വാഹനങ്ങളുടെ വാടകയിനത്തിലും ഇന്ധന ചെലവിനത്തിലും 2016-17, 2017-18 കാലയളവിൽ എന്ത് തുക ചെലവായെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കിഫ്ബിക്ക് സ്വന്തമായി വാഹനങ്ങൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വാഹനങ്ങൾക്ക് ഇന്ധനചെലവ് ഉൾപ്പെടെ 2016-17, 2017-18 കാലയളവിൽ ചെലവാക്കിയ തുകയെത്രയാണ്;

(സി) കിഫ്ബി എത്ര വാഹനങ്ങൾ വാടകയ്ക്ക് എടുത്തിട്ടുണ്ട്;

(ഡി) ഈ സാമ്പത്തിക വർഷം ഒക്ടോബർ 31-വരെ ഈയിനത്തിൽ എന്ത് തുക ചെലവായെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കിഫ്ബിയിൽ വാഹനങ്ങളുടെ വാടകയിനത്തിൽ 2016-17, 2017-18 കാലയളവിൽ യഥാക്രമം 3,65,400 രൂപയും 12,43,943 രൂപയും ചെലവായിട്ടുണ്ട്.

(ബി) കിഫ്ബിക്ക് സ്വന്തമായി വാഹനങ്ങളില്ല.

(സി) കിഫ്ബി 7 വാഹനങ്ങൾ വാടകയ്ക്കെടുത്തിട്ടുണ്ട്.

(ഡി) ഈ സാമ്പത്തിക വർഷം ഒക്ടോബർ 31 വരെ 14,25,201 രൂപ ചെലവഴിച്ചിട്ടുണ്ട്.

**കിഫ്ബി വഴി അനുവദിച്ച പ്രവൃത്തികൾ**

51 (446) <u>ശ്രീ. കെ. ആൻസലൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ കിഫ്ബി വഴി അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക പ്രത്യേകം വ്യക്തമാക്കുമോ ;

(ബി) അപ്രകാരം അനുവദിച്ച പ്രവൃത്തികളിൽ എത്രയെണ്ണം ആരംഭിച്ചു;

(സി) കിഫ്ബിയുടെ പരിഗണനയിൽ ഭരണാനുമതി നൽകാൻ നെയ്യാറ്റിൻകരയിൽ എത്ര പ്രവൃത്തികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ കിഫ്ബിയുടെ പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ടിട്ടുള്ള പത്ത് പദ്ധതികളിൽ ഏഴ് പദ്ധതികൾക്ക് കിഫ്ബി സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്. ഇവയിൽ രണ്ട് പദ്ധതികളുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. മൂന്ന് പദ്ധതികൾ കിഫ്ബിയുടെ വിശദ പരിശോധനയിലാണ്. കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെ തുകയും നിലവിലെ സ്ഥിതിയുമുൾപ്പെടെയുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കിഫ്ബി മുഖേനയുള്ള നിർമ്മാണ പ്രവൃത്തികൾ

52 (447) ശ്രീ. പി. ജെ. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഇടുക്കി ജില്ലയിൽ എത്ര റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്;

(ബി) തൊടുപുഴ നിയോജകമണ്ഡലത്തിലെ ഏതെങ്കിലും പ്രവൃത്തികൾ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;ഏതെങ്കിലും പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടോ;വ്യക്തമാക്കാമോ?

ഉത്തരം

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി ഇടുക്കി ജില്ലയിൽ മൂന്ന് റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്.

(ബി) തൊടുപുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുവാനായി ബഡ്ജറ്റിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പദ്ധതികളുടെയും അതിൽ കിഫ്ബിയുടെ പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ടിട്ടുള്ള പദ്ധതികളുടെയും വിശവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

## ഒല്ലൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേനയുള്ള പ്രവൃത്തികൾ

53 (448) ശ്രീ. കെ. രാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾക്ക് നിലവിൽ കിഫ്ബി അംഗീകാരം ലഭ്യമായി എന്ന് വ്യക്തമാക്കാമോ;

(സി) കിഫ്ബി അംഗീകാരം ലഭ്യമായ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഡി) ഓരോ പ്രവൃത്തിയും എന്ന് മുതൽ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ-സി) ഒല്ലൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ഡി) ബന്ധപ്പെട്ട ഭരണ വകുപ്പ് ചുമതലപ്പെടുത്തുന്ന പ്രത്യേകോദ്ദേശ്യ സ്ഥാപനങ്ങളാണ് (SPV) കിഫ്ബി പദ്ധതികളുടെ നിർവ്വഹണം നടത്തുന്നത്. ടി പദ്ധതികളെ സംബന്ധിച്ച് ലഭ്യമായ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**വർക്കല മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

54 (449) ശ്രീ. വി. ജോയി : താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളിൽ 31-10-2018 വരെ ഭരണാനുമതി നൽകിയിട്ടുള്ളവയിൽ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി പൂർത്തിയാക്കിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

വർക്കല മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളിൽ 31-10-2018 വരെ ഭരണാനുമതി നൽകിയിട്ടുള്ളവയിൽ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**വൈപ്പിൻ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

55 (450) ശ്രീ. എസ്. ശർമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ സാങ്കേതികാനുമതി നൽകിയവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത മണ്ഡലത്തിൽ എത്ര പദ്ധതികളാണ് കിഫ്ബി വഴി നാളിതുവരെ പൂർത്തിയാക്കിയിട്ടുള്ളത്; വിശദവിവരങ്ങൾ പട്ടിക തിരിച്ച് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ-ഡി) വൈപ്പിൻ മണ്ഡലത്തിലേയ്ക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തി സർക്കാർ പ്രഖ്യാപിച്ച പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർത്തിട്ടുണ്ട്*. സർക്കാർ പ്രഖ്യാപിക്കുന്ന കിഫ്ബി പദ്ധതികൾക്കായി ഭരണാനുമതി പുറപ്പെടുവിക്കുന്നത് ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ്. പ്രസ്തുത മണ്ഡലത്തിൽ കിഫ്ബി വഴിയുള്ള പദ്ധതികളൊന്നുംതന്നെ നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല.

**കിഫ്ബിയിൽ അനുവദിച്ച മേജർ റോഡുകൾ**

56 (451) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ അനുവദിച്ച മേജർ റോഡ് പദ്ധതിയിൽ, ഇലക്ട്രിക് പോസ്റ്റ്, വാട്ടർപൈപ്പ് ലൈൻ എന്നിവ മാറ്റിസ്ഥാപിക്കേണ്ടി വരുമ്പോൾ അതത് വകുപ്പുകൾ തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയിൽനിന്ന് ഫണ്ട് ലഭ്യമാക്കുകയും അതത് വകുപ്പുകൾ വീണ്ടും ടെണ്ടർ ചെയ്ത് ആയത് മാറ്റി സ്ഥാപിക്കുകയും ചെയ്തതിനുശേഷം റോഡ് പ്രവൃത്തി ആരംഭിക്കുന്നത് കാലതാമസം വരുത്തുമെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) എങ്കിൽ ഈ കാലതാമസം ഒഴിവാക്കുന്നതിലേക്ക് വകുപ്പുകൾക്ക് സെന്റേജ് ചാർജ്ജ് മാത്രം നൽകി റോഡ് നിർമ്മാണത്തിന്റെ കരാർ ഏറ്റെടുത്ത വ്യക്തിക്കുതന്നെ ആയത് മാറ്റി സ്ഥാപിക്കുന്നതിനുള്ള തുക നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) കിഫ്ബിയിൽ അനുവദിച്ച മേജർ റോഡ് പദ്ധതിയിൽ ഇലക്ട്രിക് പോസ്റ്റ്, വാട്ടർ പൈപ്പ്ലൈൻ തുടങ്ങിയവ മാറ്റി സ്ഥാപിക്കേണ്ടിവരുമ്പോൾ നിലവിലുള്ള നടപടിക്രമങ്ങൾ പ്രകാരം പദ്ധതി നടത്തിപ്പിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെടുകയും ആയത് പരിഹരിക്കുന്നതിലേയ്ക്കായി ഇതുസംബന്ധിച്ച് നിലവിലെ നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് 26-11-2018– ലെ സ.ഉ.(എം.എസ്.) നമ്പർ 444/2018/ധന, പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവ് പ്രകാരം ഇലക്ട്രിക് പോസ്റ്റ്, വാട്ടർ പൈപ്പ്ലൈൻ തുടങ്ങിയവ മാറ്റി സ്ഥാപിക്കുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്വം പദ്ധതി നിർവ്വഹണ ഏജൻസി (SPV)കൾക്കായിരിക്കുമെന്നും ഇത്തരംപ്രവൃത്തികൾക്കായി പ്രത്യേക സെന്റേജ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചാർജ് നൽകുകയില്ലെന്നും പദ്ധതി ടെണ്ടർ ചെയ്യുമ്പോൾ അത്തരം ജോലികൾകൂടി ഉൾപ്പെടുത്തി ദർഘാസുകൾ ക്ഷണിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**പണ്ടാരപറമ്പ ഉണ്ടോടിക്കടവ് ബൈപ്പാസ് റോഡ്**

57 (452) ശ്രീ. പി. ടി. എ. റഹീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബഡ്ജറ്റിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്നതിന് പ്രഖ്യാപിച്ച പണ്ടാരപറമ്പ ഉണ്ടോടിക്കടവ് ബൈപാസ് ഉപയോഗപ്രദമാവുന്നതിന്, ആയതിന്റെ പേര് പണ്ടാരപറമ്പ പടനിലം ബൈപാസ് എന്നാക്കുന്നത് സംബന്ധിച്ച് റോഡ് ഫണ്ട് ബോർഡ് സമർപ്പിച്ച പ്രൊപ്പോസലിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് ധനകാര്യ ഇൻഫ്ര 3/47/2017 ഫയലിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ കിഫ്ബി പദ്ധതിയിൽ പ്രഖ്യാപിച്ച പണ്ടാരപറമ്പ ഉണ്ടോടിക്കടവ് ബൈപ്പാസ് ഉപയോഗപ്രദമാകുന്നതിന് ആയതിന്റെ പേര് പണ്ടാരപറമ്പ പടനിലം ബൈപ്പാസ് എന്നാക്കുന്നത് സംബന്ധിച്ച് റോഡ് ഫണ്ട് ബോർഡ് സമർപ്പിച്ച ശിപാർശ കിഫ്ബിയും ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പും വിശദമായി പരിശോധിക്കുകയും പ്രസ്തുത ശിപാർശ പ്രാവർത്തികമാക്കിയാൽ പ്രഖ്യാപിത പദ്ധതിയുടെ വ്യാപ്തി മാറുന്നതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട വിശദമായ പദ്ധതിരേഖ (ഡി.പി.ആർ.) ഇതുവരെ കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല. വിശദമായ പദ്ധതി രേഖ അവലോകനം ചെയ്യാതെ നിർദ്ദിഷ്ട പദ്ധതി ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ പുതിയതായി നിർദ്ദേശിച്ച ഭേദഗതി ഗുണകരമാണോയെന്ന് അനുമാനിക്കാൻ കഴിയുകയില്ലെന്നും ഈ സാഹചര്യത്തിൽ പ്രസ്തുത ഭേദഗതി ആവശ്യമാണെന്ന് ബന്ധപ്പെട്ട ഭരണ വകുപ്പ് കരുതുന്നപക്ഷം 24-2-2018-ലെ G.O.(Ms)No.69/2018/Fin dated എന്ന ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി പുതുക്കിയ ഭരണാനുമതി ബഹുമാനപ്പെട്ട മന്ത്രിസഭയുടെ അംഗീകാരത്തോടെ പുറപ്പെടുവിക്കാവുന്നതാണെന്നും ധനകാര്യ ഇൻഫ്ര-3/47/2017 എന്ന ഫയലിലൂടെ ഭരണവകുപ്പിനെ അറിയിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തിരുവനന്തപുരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

58 (453) ശ്രീ. വി. എസ്. ശിവകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം മണ്ഡലത്തിൽ ഏറ്റെടുക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) അതിൽ നിർവ്വഹണം നടന്നുവരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) പ്രഖ്യാപിച്ച പദ്ധതികൾ എത്രയും വേഗം ആരംഭിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന അടിയന്തിര നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുടെയും അവയിൽ കിഫ്ബി അംഗീകാരം നൽകി പ്രവർത്തനം ആരംഭിച്ചിട്ടുള്ള പദ്ധതികളുടെയും നിലവിലെ സ്ഥിതി അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) കിഫ്ബി അംഗീകാരം നൽകിയ പദ്ധതികൾ നടപ്പിലാക്കേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പ് ചുമതലപ്പെടുത്തുന്ന പ്രത്യേകോദ്ദേശ്യ സ്ഥാപനങ്ങളാണ് (SPV). പദ്ധതികൾ കാലതാമസം കൂടാതെ നടപ്പിലാക്കാൻ ബന്ധപ്പെട്ട വകുപ്പുകളുമായും പ്രത്യേകോദ്ദേശ്യ സ്ഥാപനങ്ങളുമായും നിശ്ചിത ഇടവേളകളിൽ പദ്ധതി അവലോകന യോഗങ്ങൾ കിഫ്ബി നടത്തിവരുന്നു.

## കരുനാഗപ്പള്ളി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

59 (454) ശ്രീ. ആർ. രാമചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ധനസഹായത്തോടെ കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പുതിയകാവ് ചക്കുവള്ളി റോഡിലെ ചിറ്റുമൂല ഓവർബ്രിഡ്ജിന്റെ നിർമ്മാണത്തിന് കിഫ്ബി അനുമതി നൽകിയിട്ടുണ്ടോ; ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ;

(സി) കരുനാഗപ്പള്ളി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ വികസനപ്രവർത്തനം സംബന്ധിച്ച് തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ കിഫ്ബിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) കിഫ്ബിയുടെ ധനസഹായത്തോടെ കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പുതിയകാവ് ചക്കുവള്ളി ഓവർബ്രിഡ്ജിന് 24-10-2018-ന് നടന്ന കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ ധനാനുമതി നൽകിയിട്ടുണ്ട്. തുടർനടപടികൾ പദ്ധതി നിർവ്വഹണ ഏജൻസിയുടെ ചുമതലയിൽ സ്വീകരിക്കുന്നതാണ്.

(സി) കരുനാഗപ്പള്ളി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ വികസന പ്രവർത്തനം സംബന്ധിച്ച് തയ്യാറാക്കിയ മാസ്റ്റർപ്ലാൻ കിഫ്ബിയുടെ പരിഗണനയ്ക്ക് നാളിതുവരെ ലഭിച്ചിട്ടില്ല.

**ആസ്തി വികസന ഫണ്ട്**

60 (455) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ മണ്ഡലം ആസ്തി വികസന ഫണ്ടായി ഓരോ മണ്ഡലത്തിലും എത്ര തുക വീതം അനുവദിക്കുമെന്നാണ് പ്രഖ്യാപിച്ചിരിക്കുന്നത്;

(ബി) ഈ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് ;

(സി) ഇതിൽ വാട്ടർ അതോറിറ്റി, വിദ്യാഭ്യാസം, പൊതുമരാമത്ത്, ആരോഗ്യം എന്നീ മേഖലകളിൽ ഭരണാനുമതി നൽകിയതിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആസ്തി വികസന ഫണ്ടായി ഓരോ നിയോജകമണ്ഡലത്തിനും 5 കോടി രൂപയാണ് അനുവദിച്ചിരുന്നത്.

(ബി&സി) 2017-18 സാമ്പത്തിക വർഷത്തെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ 54075.06 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയിൽ വിദ്യാഭ്യാസ മേഖലയിൽ 9188.73 ലക്ഷം രൂപയും ആരോഗ്യ മേഖലയിൽ 3617.71 ലക്ഷം രൂപയും പൊതുമരാമത്ത് മേഖലയിൽ 32458.99 ലക്ഷം രൂപയും വാട്ടർ അതോറിറ്റിക്ക് 2149.91 ലക്ഷം രൂപയുമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സർക്കുലർ നമ്പർ 61/2019/ധന. തീയതി 13-6-2019 പ്രകാരം നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2017-18-നുകീഴിൽ പ്രവൃത്തികൾ ശിപാർശ ചെയ്ത് ഭരണാനുമതി വാങ്ങുന്നതിനുള്ള കാലയളവ് 31-12-2019 വരെ നീട്ടിയിട്ടുണ്ട്.

**എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ട്**

61 (456) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കൃഷി വിജ്ഞാനകേന്ദ്രത്തിന് വാഹനം നൽകുന്നതിന് സാധിക്കുമോ?

ഉത്തരം

എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖ പ്രകാരം സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബസ്/ വാഹനം വാങ്ങി നൽകുന്നതിന് മാത്രമെ അനുമതിയുള്ളൂ. ആയതിനാൽ കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കൃഷി വിജ്ഞാന കേന്ദ്രത്തിന് വാഹനം വാങ്ങുന്നതിന് പ്രത്യേക വികസന നിധി വിനിയോഗിക്കാൻ സാധിക്കില്ല.

**എൽ.എ.സി. എ.ഡി.എസ്.**

62 (457) ശ്രീ. ജോർജ് എം. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയായ എൽ.എ.സി.എ.ഡി.എസ്- ൽ ഒരു പദ്ധതിക്ക് പണം അനുവദിച്ച്

ഭരണാനുമതിക്കു ശേഷം അവശേഷിക്കുന്ന തുകയ്ക്ക് വീണ്ടും നിർദ്ദേശം നൽകാൻ കഴിയാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിനായി ഭരണാനുമതിക്കും അന്തിമ ബില്ലിനും ശേഷം അവശേഷിക്കുന്ന തുകയ്ക്ക് എം.എൽ.എ.-മാർക്ക് പ്രൊപ്പോസൽ നൽകാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) നിയോജകമണ്ഡല ആസ്തി വികസന പദ്ധതി (LAC ADS)യിൻ കീഴിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ അന്തിമ ബിൽ പ്രകാരം അനുവദിച്ച തുകയ്ക്കുശേഷം ഭരണാനുമതി തുകയിൽ അവശേഷിക്കുന്ന തുകയ്ക്ക് പുതിയ ശിപാർശകൾ സമർപ്പിക്കാൻ വ്യവസ്ഥയില്ല. എന്നാൽ 4-8-2018-ലെ സ.ഉ.(അച്ചടി) നമ്പർ 119/2018/ധന-യുടെ ഖണ്ഡിക 2.8 പ്രകാരം ഒരു സാമ്പത്തിക വർഷം നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻകീഴിൽ അനുമതി നൽകിയ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് അടുത്ത സാമ്പത്തിക വർഷത്തിൽ ശിപാർശ ചെയ്യുന്ന പ്രവൃത്തികൾക്കായി വിനിയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ഒരു സാമ്പത്തിക വർഷം അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടെയും ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി പരിഗണിക്കുന്നതാണ്. ഇതിന് 2017-18 സാമ്പത്തിക വർഷം മുതൽ പ്രാബല്യമുണ്ട്. ആതായത് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2017-18-ന് കീഴിൽ അനുമതി നൽകിയ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2018-19-നുകീഴിൽ പ്രവൃത്തികൾ ശിപാർശ ചെയ്യുമ്പോൾ പ്രയോജനപ്പെടുത്താവുന്നതാണ്.

**ആസ്തി വികസന ഫണ്ട്**

63 (458) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങൾക്കായി എം.എൽ.എ. മാർക്ക് അനുവദിക്കുന്ന ആസ്തി വികസന ഫണ്ടിലെ ടെണ്ടർ ബാലൻസ് തുക, മണ്ഡലത്തിലെ മറ്റ് വികസന പ്രവർത്തനങ്ങൾക്കോ, അതേ പ്രവൃത്തികൾക്കോ വിനിയോഗിക്കുന്നതിന് തടസ്സമുണ്ടോ;

(ബി) ആസ്തി വികസന ഫണ്ടിലെ ടെണ്ടർ ബാലൻസ് തുക മണ്ഡലത്തിലെ മറ്റ് വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാനുള്ള പ്രത്യേക ഉത്തരവ് ലഭിക്കാനുള്ള നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ&ബി) 4-8-2018-ലെ സ.ഉ.(അച്ചടി) നം. 119/2018/ധന-യുടെ ഖണ്ഡിക 2.8 പ്രകാരം ഒരു സാമ്പത്തിക വർഷം നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻകീഴിൽ അനുമതി നൽകിയ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് അടുത്ത സാമ്പത്തിക വർഷത്തിൽ ശിപാർശ ചെയ്യുന്ന പ്രവൃത്തികൾക്കായി വിനിയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ഒരു സാമ്പത്തിക വർഷം അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടെയും ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി പരിഗണിക്കുന്നതാണ്. ഇതിന് 2017-18 സാമ്പത്തിക വർഷം മുതൽ പ്രാബല്യമുണ്ട്. അതായത് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2017-18-ന് കീഴിൽ അനുമതി നൽകിയ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2018-19-നു കീഴിൽ പ്രവൃത്തികൾ ശിപാർശ ചെയ്യുമ്പോൾ പ്രയോജനപ്പെടുത്താവുന്നതാണ്.

**ആസ്തി വികസന ഫണ്ട്**

64 (459) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ഭരണാനുമതി നൽകിയതും എന്നാൽ തുക വിനിയോഗിക്കാൻ സാധിക്കാത്തതുമായ എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; മണ്ഡലാടിസ്ഥാനത്തിലുള്ള കണക്കുകൾകൂടി നൽകുമോ;

(ബി) ഇത്തരത്തിൽ ഭരണാനുമതി ലഭിച്ച് വിനിയോഗിക്കാൻ സാധിക്കാതെ പോയ എം.എൽ.എ-എ.ഡി.എസ്. പ്രകാരമുള്ള ഫണ്ട് മറ്റ് പദ്ധതികൾക്കായി ചെലവഴിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇത് സംബന്ധിച്ച് നിലവിലുള്ള ഉത്തരവ് പുനഃപരിശോധിച്ച് ഇത്തരത്തിൽ ചെലവഴിക്കാൻ സാധിക്കാതെ കിടക്കുന്ന ഫണ്ട് ഫലപ്രദമായി ഉപയോഗിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് ഭരണാനുമതി നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മുൻസർക്കാരിന്റെ കാലത്ത് ഓരോ സാമ്പത്തിക വർഷവും (2012-13) മുതൽ 2015-16 വരെ) വിവിധ നിയോജകമണ്ഡലങ്ങളിൽ ധനകാര്യ വകുപ്പ് അനുമതി നൽകിയ ആസ്തി വികസന ഫണ്ടിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി&സി) ഓരോ സാമ്പത്തിക വർഷവും ബഹു. എം.എൽ.എ.-മാർ ശിപാർശ ചെയ്യുന്ന പ്രവൃത്തികൾ അതത് സാമ്പത്തിക വർഷംതന്നെ പൂർത്തിയാക്കുന്ന രീതിയിലാണ് നിയോജക മണ്ഡല ആസ്തി വികസന പദ്ധതിക്കായുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. എന്നിരുന്നാലും ശിപാർശകൾ സമർപ്പിക്കുന്നതിനും അവയ്ക്ക് ഭരണാനുമതി നൽകുന്നതിനും വിവിധ കാലയളവുകളിൽ ഇളവുകൾ അനുവദിച്ചിട്ടുണ്ട്. 2012-13 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിലേയ്ക്കായി നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻകീഴിൽ മാർഗ്ഗരേഖയിലെ എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് എം.എൽ.എ.-മാർ ശിപാർശ ചെയ്തതും എന്നാൽ സമയപരിധി കഴിഞ്ഞുവെന്ന കാരണത്താൽ നിരസിച്ചിട്ടുള്ളതുമായ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയപരിധി 31-10-2017 വരെ നീട്ടിനൽകിയിരുന്നു. എന്നാൽ ഭരണാനുമതി നൽകിയിട്ടും നടപ്പിലാക്കാനാവാതെപോയ പ്രവൃത്തികളുടെ ഫണ്ട് മറ്റ് പദ്ധതികൾക്കായി ചെലവഴിക്കുന്നതിന് അനുമതിയില്ല. ഇക്കാര്യം പുനഃപരിശോധിക്കുന്നത് പരിഗണനയിലില്ല.

### അങ്കമാലി നിയോജകമണ്ഡലത്തിൽ എംഎൽ.എ.യുടെ പ്രാദേശിക വികസന ഫണ്ട്

65 (460) ശ്രീ. റോജി എം. ജോൺ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്കമാലി നിയോജക മണ്ഡലത്തിൽ എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും നാളിതുവരെ ഭരണാനുമതി നൽകിയ പദ്ധതികളുടെ പേരും തുകയും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധികളിൽ ഭരണാനുമതി നൽകാൻ ഇനി ബാക്കിയുള്ളത് ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

### തലശ്ശേരി മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്

66 (461) ശ്രീ. എ. എൻ. ഷംസീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടത്തിയ തലശ്ശേരി മണ്ഡലത്തിലെ മുഴുവൻ പ്രവൃത്തികളുടെയും നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പൂർത്തിയാകാത്ത പ്രവൃത്തികൾ, പൂർത്തീകരിക്കാത്തതിന്റെ കാരണം , ആയതെന്ന് പൂർത്തീകരിക്കാനാകും എന്നിവ വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ & ബി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**വാമനപുരം നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ**

67 (462) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ആസ്തിവികസന പദ്ധതി പ്രകാരം വാമനപുരം നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിക്കാനുള്ളവ ഉണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) മുൻസർക്കാരിന്റെ കാലത്ത് വാമനപുരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളെ സംബന്ധിച്ച വിശദ വിവരം വിവിധ വകുപ്പുകളിൽനിന്നും ശേഖരിച്ചുനൽകുന്നതാണ്.

**പ്രാദേശിക വികസന ഫണ്ട്**

68(463) <u>ശ്രീ. എം. സ്വരാജ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമസഭാ സാമാജികർക്ക് അനുവദിച്ചിട്ടുള്ള പ്രാദേശിക വികസന ഫണ്ടിൽ ഓരോവർഷവും ബാക്കി വരുന്ന തുക അടുത്ത വർഷത്തേക്ക് അധികമായി ചേർക്കുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് റദ്ദാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത്തരത്തിൽ തുക അനുവദിക്കാൻ പാടില്ല എന്ന് ഫോൺമുഖേനയോ മറ്റോ എന്തെങ്കിലും നിർദ്ദേശമോ എറണാകുളം ജില്ലയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആരാണ് ഇത്തരം നിർദ്ദേശം നൽകിയതെന്ന് അറിയിക്കുമോ;

(ഡി) അടിയന്തരമായി ഈ തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ഇ) ജനപ്രതിനിധികളെ അറിയിക്കാതെ ഇത്തരം നിർദ്ദേശങ്ങൾ നൽകുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) റദ്ദാക്കിയിട്ടില്ല.

(ബി & സി) ജില്ലാകളക്ടർ അത്തരത്തിലൊരു കത്ത് അയച്ചതിന്റെ പശ്ചാത്തലത്തിൽ ആയത് പരിശോധിച്ച് വരുന്നു.

(ഡി) അതത് വർഷം വിനിയോഗിക്കാതെ സറണ്ടർ ചെയ്യുന്ന തുക അടുത്ത വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും വിനിയോഗിക്കാവുന്നതാണ്.

(ഇ & എഫ്) പ്രസ്തുത പ്രശ്നം പരിശോധനയിലാണ്.

**ആസ്തി വികസന ഫണ്ട്**

69 (464) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തിവികസന ഫണ്ടിൽനിന്നും സ്കൂൾ ബസ് വാങ്ങുന്നതിനുള്ള നടപടിക്രമം സങ്കീർണ്ണമായതിനാൽ സമയബന്ധിതമായി ആയത് വാങ്ങാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നടപടിക്രമങ്ങൾ ലഘൂകരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്കൂൾ ബസ് വാങ്ങുന്നതിനുള്ള അനുമതി നൽകിയിരിക്കുന്നത് 9-12-2016-ലെ സ.ഉ.(പി) നമ്പർ 178/2016/ധന പ്രകാരമാണ്. ബന്ധപ്പെട്ട പൊതു വിദ്യാഭ്യാസ ഉപഡയറക്ടർ (DDE) സാക്ഷ്യപ്പെടുത്തുന്ന ആവശ്യകതാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വാഹനം വാങ്ങുന്നതിനായി നിലവിലെ മാനദണ്ഡങ്ങൾ പാലിക്കണമെന്നും വാങ്ങുന്ന വാഹനത്തിന്റെ ആവർത്തന/പരിപാലന ചെലവുകൾ സർക്കാർ വഹിക്കുന്നതല്ല എന്നുമുള്ള നിബന്ധനകളോടുകൂടിയാണ് പ്രസ്തുത ഉത്തരവിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ബസ് വാങ്ങുന്നതിനുള്ള അനുമതി നൽകിയിരിക്കുന്നത്. '4202-01-800-88-Projects under LAC ADS (NP)'

എന്ന ശീർഷകത്തിൽ നിന്നാണ് ഇതിനായുള്ള ചെലവ് വഹിച്ചിരുന്നത്. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സർക്കാർ സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ തുക വിനിയോഗിക്കാൻ അനുവദിച്ച ശീർഷകമാണിത്. സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികൾ പ്രധാനമായും ഏറ്റെടുത്ത് നടത്തുന്ന പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറാണ് പ്രസ്തുത ശീർഷകത്തിന്റെ നിയന്ത്രണാധികാരി. മേൽ ശീർഷകത്തിൽനിന്നും ഫണ്ടുകൾ മാറി നൽകുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഈ ആവശ്യത്തിലേയ്ക്ക് മാത്രമായി '4202-01-800-84-Projects under LAC ADS - Other Projects' എന്ന ഒരു പുതിയ ശീർഷകം 2018-19 സാമ്പത്തിക വർഷത്തെ ആദ്യത്തെ ഉപധനാഭ്യർത്ഥനയിലൂടെ ആരംഭിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയെയാണ് ഈ ശീർഷകത്തിന്റെ നിയന്ത്രണാധികാരിയായി നിശ്ചയിച്ചിട്ടുള്ളത്. ബസ് വാങ്ങുന്നതിനുള്ള ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുന്നത് സംബന്ധിച്ച പരാതിയും ശ്രദ്ധയിൽപ്പെടുകയുണ്ടായി. ബസ്സുകൾ വാങ്ങുന്നത് സംബന്ധിച്ച് നിലവിലുള്ള സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിക്കണമെന്നാണ് ഈ വകുപ്പ് നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സാധാരണ ആവശ്യമുള്ള സാധനങ്ങളും സേവനങ്ങളും കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലുള്ള Government e Marketplace (GeM) വഴി ലഭ്യമാക്കുന്നതിന് 27-3-2018-ലെ G.O. (Ms)No.02/2018/SPD പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉപയോഗത്തിനായുള്ള വിവിധതരം ബസുകളുടെ സ്പെസിഫിക്കേഷൻ GeM പോർട്ടലിൽ ഉൾപ്പെടുത്തുന്നതിനും വാഹനങ്ങൾ GeM പോർട്ടൽ ഉപയോഗിച്ച് വാങ്ങുന്നതിനും പൊതുവിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽവിവരങ്ങൾ എല്ലാ ജില്ലാ കളക്ടർമാരെയും അറിയിച്ചിട്ടുണ്ട്.

## തലശ്ശേരി മണ്ഡലത്തിലെ 2017-18 വർഷത്തെ ആസ്തി വികസന ഫണ്ട്

70 (465) ശ്രീ. എ. എൻ. ഷംസീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച തലശ്ശേരി മണ്ഡലത്തിലുള്ള മുഴുവൻ പ്രവൃത്തിയും ആയതിന്റെ നിലവിലുള്ള അവസ്ഥയും എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഇനി എന്തെല്ലാം നടപടി ക്രമങ്ങൾ ആണ് ഉള്ളത്, ആയതെന്ന് പൂർത്തീകരിക്കാൻ സാധിക്കും എന്നിവ വ്യക്തമാക്കാമോ?

ഉത്തരം

(എ) 2017-18 വർഷത്തെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച തലശ്ശേരി മണ്ഡലത്തിലെ 9 പ്രവൃത്തികളും അവയുടെ നിലവിലെ അവസ്ഥയും അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്*.

(ബി) മേൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ, ആയതെന്ന് പൂർത്തീകരിക്കാൻ സാധിക്കും എന്നീ വിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.*

## തമ്പാനൂർ പ്രാഥമികാരോഗ്യ കേന്ദ്രം കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി

71 (466) ശ്രീ. വി. എസ്. ശിവകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം തമ്പാനൂരുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ഇരുനില കെട്ടിടം നിർമ്മിക്കുന്നതിനായി തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ 2016-17 വർഷത്തെ ആസ്തി വികസന സ്കീമിൽനിന്നും 60 ലക്ഷം രൂപ അനുവദിക്കുന്നതിന് നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ;

(ബി) പ്രസ്തുത നിർമ്മാണത്തിന് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനും പ്രവൃത്തി എത്രയും വേഗം ആരംഭിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ പൊതുമരാമത്ത് (കെട്ടിട വിഭാഗം) വകുപ്പിന് നിർദ്ദേശം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 2016-17-ലെ നിയോജകമണ്ഡലം ആസ്തി വികസന നിധിയിൽനിന്നും എം.എൽ.എ. ശിപാർശ ചെയ്ത 'Construction of new building for Primary Health Centre at Rajaji Nagar, Thampanoor Ward, Thiruvananthapuram (Phase I)' എന്ന പ്രവൃത്തിക്ക് 30-12-2017-ലെ സ.ഉ.(സാധാ)നം.3687/2017/ആ.കു.വ. ഉത്തരവ് പ്രകാരം 59.99 ലക്ഷം രൂപയുടെ ഭരണാനുമതി പുറപ്പെടുവിക്കുകയും ഇതുസംബന്ധിച്ച ചെലവ് 4210-02-800-95 (NPV) എന്ന ശീർഷകത്തിൽനിന്ന് വഹിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്രത്യേക വികസന നിധി (എസ്.ഡി.എഫ്.)

72 (467) ശ്രീ. മുരളി പെരുനെല്ലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ അടുക്കള നിർമ്മാണത്തിനായി പ്രത്യേക വികസന നിധി (എസ്.ഡി.എഫ്.)-ൽനിന്നും തുക വിനിയോഗിക്കുന്നതിന് അനുമതിയുണ്ടോ ;

(ബി) മണലൂർ എം.എൽ.എ.-യുടെ 2018-19 വർഷത്തെ എസ്.ഡി.എഫ്.-ൽ നിന്നുള്ള തുക വിനിയോഗിച്ച് എയ്ഡഡ് സ്കൂളുകൾക്ക് അടുക്കള നിർമ്മിക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലുകൾക്ക് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുമതിയുണ്ട്.

(ബി) എം.എൽ.എ.-യുടെ 2018-19 വർഷത്തെ എസ്.ഡി.എഫ്.-ൽ നിന്നുള്ള തുക വിനിയോഗിച്ച് എയ്ഡഡ് സ്കൂളുകൾക്ക് അടുക്കള നിർമ്മിക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിച്ചുകൊണ്ട് എസ്റ്റിമേറ്റ് നൽകുവാൻ ആവശ്യപ്പെട്ട് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കളക്ടറേറ്റിൽനിന്നും കത്ത് നൽകിയിട്ടുണ്ട്.

## എം.എൽ.എ.-മാരുടെ എസ്.ഡി.എഫ്. ഫണ്ട്

73 (468) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ എസ്.ഡി.എഫ് ഫണ്ടിൽ നിർദ്ദേശിച്ച പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എസ്.ഡി.എഫ് ഫണ്ട് പ്രവൃത്തികൾക്ക് എം.എൽ.എ.-മാർ ശിപാർശ സമർപ്പിച്ചാൽ മൂന്ന് മാസത്തിനുള്ളിൽ പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കണം എന്ന നിർദ്ദേശം ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ & ബി) നിയോജകമണ്ഡല ആസ്തി വികസന പദ്ധതി (LAC ADS) യുടെ നടപടിക്രമങ്ങൾ കൂടുതൽ വേഗത്തിൽ പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി പദ്ധതി ഇപ്പോൾ കളക്ട്രേറ്റുകളിലൂടെയാണ് നടപ്പിലാക്കി വരുന്നത്. 2018-19 സാമ്പത്തിക വർഷം മുതൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി നടപ്പാക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ 4-8-2018-ലെ സ.ഉ.(അച്ചടി) നമ്പർ 119/2018/ധന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അനുബന്ധം 3 പ്രകാരം ബഹു. എം.എൽ.എ.-മാർ സമർപ്പിക്കുന്ന ശിപാർശകളിൽ പരമാവധി 7 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽതന്നെ ജില്ലാ കളക്ടർമാർ നടപടി സ്വീകരിക്കേണ്ടതും ആവശ്യമായ പദ്ധതി രേഖകൾ (DPR) തയ്യാറാക്കുന്നതിനായി ആയത് അധികാരപ്പെട്ട ഉദ്യോഗസ്ഥന് അയയ്ക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ, മാനദണ്ഡങ്ങൾക്ക് വിധേയമായി, എല്ലാ അനുബന്ധരേഖകളും സഹിതം കളക്ടർമാർക്ക് ലഭ്യമാകുന്ന ശിപാർശകൾക്ക് ഒരാഴ്ചയ്ക്കകംതന്നെ ഭരണാനുമതി നൽകേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

**എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട്**

74 (469) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും സി.എച്ച്.സി.-കളിലും പി.എച്ച്.സി.-കളിലും കൊതുക് നശീകരണത്തിന് ഫോഗിംഗ് മെഷീനുകൾ വാങ്ങുന്നതിന് നിയന്ത്രണമുണ്ടോ;

(ബി) കൊതുകുജന്യ രോഗങ്ങളിൽനിന്ന് മുക്തമാകുന്നതിന് ഉപകാരപ്പെടുന്ന പ്രസ്തുത ഉപകരണം വാങ്ങാൻ അനുമതി നൽകുമോ?

<u>ഉത്തരം</u>

(എ&ബി) പ്രാദേശിക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖ പ്രകാരം എക്സ്റേ മെഷീൻ, ഡയാലിസിസ് യൂണിറ്റ് പോലുള്ള ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിനു മാത്രമെ അനുമതിയുള്ളൂ. ആയതിനാൽ ആശുപത്രികൾക്ക് കൊതുക് നശീകരണത്തിന് ഫോഗിംഗ് മെഷീനുകൾ വാങ്ങുവാൻ പ്രത്യേക വികസന നിധി വിനിയോഗിക്കുവാനാകില്ല.

## കോൾ കർഷകർക്ക് പമ്പ് സെറ്റുകൾ വാങ്ങുന്നതിന് എസ്.ഡി.എഫ്.-ൽ പണം

75(470) ശ്രീ. മുരളി പെരുനെല്ലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പ്രളയത്തിൽ കോൾപാടങ്ങളിലെ കാർഷികോപകരണങ്ങൾ, മോട്ടോർ പമ്പ്സെറ്റുകൾ, മോട്ടോർ ഷെഡുകൾ, ട്രാൻസ്ഫോർമറുകൾ, കനാൽ ബണ്ടുകൾ തുടങ്ങിയവയ്ക്ക് വ്യാപക നാശനഷ്ടം ഉണ്ടാകുകയും കൃഷി നശിക്കുകയും ചെയ്തിട്ടുള്ളതിനാൽ കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കോൾ പാടങ്ങൾക്കും രജിസ്റ്റർ ചെയ്ത കർഷക സംഘങ്ങൾക്കും കൃഷിക്കാവശ്യമായ പമ്പ്സെറ്റുകൾ വാങ്ങുന്നതിന് എസ്. ഡി. എഫിൽനിന്നും തുക വിനിയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രത്യേക അനുമതി നൽകുന്നകാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) നൽകിയിട്ടില്ല.

(ബി) ശിപാർശകൾ ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

## ആലത്തൂർ മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ട്

76 (471) ശ്രീ. കെ. ഡി. പ്രസേനൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തെ ആലത്തൂർ മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) 2018-19 സാമ്പത്തിക വർഷത്തെ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള 15 പ്രവൃത്തികളിൽ എസ്റ്റിമേറ്റ് ലഭിച്ചിട്ടുള്ള 5 പ്രവൃത്തികൾക്ക് നാളിതുവരെയായി ഭരണാനുമതി നൽകിയിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷത്തെ എം.എൽ.എ.-യുടെ പ്രത്യേക വികസന നിധി പ്രകാരം നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള 10 പ്രവൃത്തികളിൽ എസ്റ്റിമേറ്റ് ലഭിച്ചിട്ടുള്ള 3 പ്രവൃത്തികൾക്ക് നാളിതുവരെയായി ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

## സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ

77 (472) ശ്രീ. കെ. ആൻസലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് മാസങ്ങൾ കഴിഞ്ഞതിനു ശേഷമാണ് പേമെന്റ് കൊടുക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) കോൺട്രാക്ടർമാർ പ്രവൃത്തി പൂർത്തീകരിച്ചുകഴിഞ്ഞാൽ സാധാരണ എത്ര കാലയളവിനുള്ളിൽ പേമെന്റ് നൽകാറുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പേമെന്റ് വൈകുന്നതുകാരണം കോൺട്രാക്ടർമാർ വർക്കുകൾ എടുക്കുന്നതിൽനിന്നും പിന്തിരിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പേമെന്റ് കാലതാമസം കൂടാതെ നൽകാൻ എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയിൻ കീഴിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച ശേഷം പേമെന്റ് നൽകുന്നതിലുണ്ടാകുന്ന കാലതാമസം സംബന്ധിച്ച് പൊതുവായ പരാതികളൊന്നും ഈ വകുപ്പിൽ ലഭിച്ചിട്ടില്ല. അല്ലാതെ ലഭിച്ച പരാതികളിൽ അടിയന്തര നടപടികൾ സ്വീകരിക്കുവാൻ ഈ വകുപ്പിൽനിന്നും ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖ പ്രകാരം പൂർത്തീകരിച്ച പ്രവൃത്തികളുടെ കൃത്യതയും സ്വീകാര്യതയും മേലധികാരികൾ സാക്ഷ്യപ്പെടുത്തുന്നപക്ഷം ബിൽ തുകകൾ സമയബന്ധിതമായി അനുവദിക്കാറുണ്ട്. ആയതിനുള്ള നിർദ്ദേശങ്ങൾ മാർഗ്ഗരേഖയിൽ നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബിൽ തുകകൾ സമയബന്ധിതമായി അനുവദിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയിൽ നൽകിയിട്ടുണ്ട്.

**കേന്ദ്രാവിഷ്കൃത പദ്ധതികൾ**

78 (473) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്ര വിഹിതമായി നേരിട്ടും സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ട് വഴിയും 2016-17, 2017-18 സാമ്പത്തിക വർഷം എന്ത് തുക ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) 2018-19 സാമ്പത്തിക വർഷം സെപ്റ്റംബർ 30 വരെ എത്ര തുക ഈയിനത്തിൽ കേന്ദ്രവിഹിതമായി ലഭിച്ചിട്ടുണ്ട്;

(സി) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കാത്തതുകൊണ്ട് കേന്ദ്രത്തിൽനിന്നും കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ലഭിക്കേണ്ട തുക നഷ്ടമായിട്ടുണ്ടോ;വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ കണക്കുകൾ പ്രകാരം, വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്ര വിഹിതമായി 2016-17-ൽ നിർവ്വഹണ ഏജൻസികൾ വഴി നേരിട്ട് 2861.44 കോടി രൂപയും സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ട് വഴി 2856.48 കോടി രൂപയും ഉൾപ്പെടെ ആകെ 5717.92 കോടി രൂപ ലഭിച്ചിട്ടുണ്ട്. പി.എഫ്.എം.എസ്. വെബ് പോർട്ടലിലെ കണക്കുകൾ പ്രകാരം വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്ര വിഹിതമായി 2017-18-ൽ നിർവ്വഹണ ഏജൻസികൾ വഴി നേരിട്ട് 2551.47 കോടി രൂപയും സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ട് വഴി 3717.62 കോടി രൂപയും ഉൾപ്പെടെ ആകെ 6269.09 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ബി) പി.എഫ്.എം.എസ്. വെബ് പോർട്ടലിലെ കണക്കുകൾ പ്രകാരം 2018-19 സാമ്പത്തിക വർഷം നവംബർ 26 വരെ, വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്ര വിഹിതമായി നിർവ്വഹണ ഏജൻസികൾ വഴി നേരിട്ട് 1916.96 കോടി രൂപയും സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ട് വഴി 3005.06 കോടി രൂപയും ഉൾപ്പെടെ ആകെ 4922.02 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനായുള്ള ഫണ്ട് സംസ്ഥാനത്തിന് ലഭിക്കുന്നത് റീ-ഇംബേഴ്സ്മെന്റായോ അഡ്വാൻസായോ ആണ്. റീ-ഇംബേഴ്സ്മെന്റായി ഫണ്ട് ലഭിക്കുന്ന പദ്ധതികളിൽ സംസ്ഥാനം പദ്ധതികൾ നടപ്പിലാക്കിയതിനുശേഷം വിനിയോഗ സർട്ടിഫിക്കറ്റ് കേന്ദ്രസർക്കാരിൽ ഹാജരാക്കുന്ന മുറയ്ക്കാണ് കേന്ദ്ര സർക്കാരിൽനിന്ന് ഫണ്ട് ലഭ്യമാകുന്നത്. ഇക്കാരണത്താൽ ബാക്കിയുള്ള ഫണ്ട് റിലീസുകൾ തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലും നൽകാറുണ്ട്. കേന്ദ്ര ഫണ്ട് അഡ്വാൻസായി ലഭിക്കുന്ന പദ്ധതികളിൽ ടി തുക പൂർണ്ണമായും വിനിയോഗിച്ചതിനുശേഷം വിനിയോഗ സർട്ടിഫിക്കറ്റ് നൽകുന്ന മുറയ്ക്കേ അടുത്ത റിലീസ് ലഭിക്കുകയുള്ളൂ. ഈ ഇനത്തിലും ഫണ്ട് റിലീസ് തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലാകാൻ സാധ്യത കൂടുതലാണ്. വിവിധ കാരണങ്ങളാൽ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിൽ കാലതാമസം നേരിടുന്ന പദ്ധതികളിൽ ആയത് അയച്ചു കൊടുക്കുന്ന മുറയ്ക്ക് ഫണ്ട് കേന്ദ്രസർക്കാർ റിലീസ് ചെയ്ത് നൽകാറുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഏതെങ്കിലും ഒരു സാമ്പത്തിക വർഷം അനുവദിച്ച ഫണ്ട് പ്രസ്തുത സാമ്പത്തിക വർഷം അവസാനിക്കുമ്പോഴും പൂർണ്ണമായും ഉപയോഗിച്ചുതീരാത്ത സാഹചര്യം ഉണ്ടായാൽ, തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത ഫണ്ട് കേന്ദ്രസർക്കാരിന്റെ അനുമതിയോടുകൂടി റീവാലിഡേറ്റ് ചെയ്ത് ഉപയോഗിക്കാൻ സാധിക്കുന്നതാണ്. പദ്ധതികളുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കെതിരായി ചെലവഴിച്ചാൽ മാത്രമേ തുക നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുകയുള്ളൂ.

## ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ്

79 (474) <u>ശ്രീ. പി. ടി. തോമസ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 15-ാം ധനകാര്യകമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ സംസ്ഥാനത്തിന് ദോഷകരമായ നിർദ്ദേശങ്ങളുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത അപാകതകൾ ധനകാര്യ കമ്മീഷന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ധനകാര്യ കമ്മീഷൻ സംസ്ഥാനം സന്ദർശിച്ചപ്പോൾ സമർപ്പിച്ച മെമ്മോറാണ്ടത്തിലെ പ്രധാന ആവശ്യങ്ങൾ വിശദമാക്കുമോ; ഇതിന്മേലുള്ള കമ്മീഷന്റെ പ്രതികരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) തൊഴിൽ നികുതി ഈടാക്കുന്നതിന് ഭരണഘടനയിൽ നിഷ്കർഷിച്ചിട്ടുള്ള പരിധി ഉയർത്തുന്നതിന് ഭരണഘടനാ ഭേദഗതി ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിലെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സംസ്ഥാനത്തിന് ദോഷകരമാണ്.

(1) സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതം നിശ്ചയിക്കുന്നതിന് മാനദണ്ഡമായി 2011-ലെ ജനസംഖ്യ ഉപയോഗിക്കുന്നത്.

(ടേംസ് ഓഫ് റഫറൻസിലെ ഐറ്റം 8)

(2) സംസ്ഥാനങ്ങൾക്ക് നൽകുന്ന റവന്യൂ കമ്മി ധനസഹായം പുനഃപരിശോധനാ വിധേയമാക്കുന്നത്.

(ടേംസ് ഓഫ് റഫറൻസിലെ ഐറ്റം 5)

(3) ഭരണഘടനാനുച്ഛേദം 293(3) പ്രകാരം സംസ്ഥാനങ്ങൾക്ക് കടമെടുക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് നൽകിവരുന്ന അനുവാദത്തിന് നിബന്ധനകൾ ഏർപ്പെടുത്തുന്നത് പരിശോധിക്കുവാനുള്ള നിർദ്ദേശം.

(ടേംസ് ഓഫ് റഫറൻസിലെ ഐറ്റം 6)

(4) ഇൻസെന്റീവ് സംബന്ധിച്ച നിർദ്ദേശം.

(ടേംസ് ഓഫ് റഫറൻസിലെ ഐറ്റം 7)

(5) ജനക്ഷേമകരമായ പദ്ധതികൾ നടപ്പിൽ വരുത്തുന്നത് നിയന്ത്രണ വിധേയമാക്കുന്നത്.

(ടേംസ് ഓഫ് റഫറൻസിലെ ഐറ്റം 7(viii))

(ബി) പതിനഞ്ചാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്ത് സന്ദർശനം നടത്തിയപ്പോൾ (28-5-2018 മുതൽ 31-5-2018 വരെ) ടേംസ് ഓഫ് റഫറൻസിലെ ദോഷകരമായ നിർദ്ദേശങ്ങൾ ശ്രദ്ധയിൽപ്പെടുത്തി സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ അടങ്ങുന്ന മെമ്മോറാണ്ടം കമ്മീഷന് കൈമാറിയിട്ടുണ്ട്. കൂടാതെ ടേംസ് ഓഫ് റഫറൻസിലെ അപാകതകൾ, സഹകരണാത്മക ഫെഡറലിസത്തിന്റെ അന്തഃസത്തയ്ക്ക് വിരുദ്ധമായ കാഴ്ചപ്പാട് എന്നിവ

തിരുത്തണമെന്ന നിലപാട് സംസ്ഥാന ധനമന്ത്രിമാരുടെ തിരുവനന്തപുരം, അമരാവതി കോൺക്ലേവുകൾ കൈക്കൊള്ളുകയും ആയത് ഒരു നിവേദനത്തിലൂടെ ആദരണീയനായ ഇന്ത്യൻ രാഷ്ട്രപതിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ധനകാര്യ കമ്മീഷൻ സംസ്ഥാനം സന്ദർശിച്ചപ്പോൾ സമർപ്പിച്ച മെമ്മോറാണ്ടത്തിലെ പ്രധാന ആവശ്യങ്ങൾ ഇവയാണ്;

- സംസ്ഥാനങ്ങൾക്ക് വിഭജിച്ചുനൽകുന്ന കേന്ദ്ര നികുതിയുടെ വിഹിതം നിലവിലെ 42 ശതമാനത്തിൽനിന്നും 50 ശതമാനമായി ഉയർത്തുക.
- സംസ്ഥാനങ്ങൾക്കിടയിൽ നികുതി വിഭജനത്തിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ സ്വീകരിക്കേണ്ടതാണ്;

ടേംസ് ഓഫ് റഫറൻസ് 8 നീക്കം ചെയ്യണമെന്നും ജനസംഖ്യക്ക് നൽകുന്ന വെയ്റ്റേജിന് സ്വീകരിക്കേണ്ട ഉചിതമായ മാനദണ്ഡം സംബന്ധിച്ച് തീരുമാനമെടുക്കുവാനുള്ള കൂടുതൽ ഫ്ളെക്സിബിലിറ്റി കമ്മീഷന് ലഭ്യമാക്കണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങൾക്കിടയിലുള്ള നികുതി വിഭജനത്തിനുള്ള മാനദണ്ഡങ്ങളിൽ 1971 കാനേഷുമാരി അടിസ്ഥാനമാക്കിയുള്ള ജനസംഖ്യാപരമായ നേട്ടങ്ങൾക്ക്, ജനസംഖ്യയ്ക്ക് തുല്യമായ വെയ്റ്റേജ് നല്കണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. വരുമാന അന്തരത്തിനുള്ള വെയ്റ്റേജ് 50 ശതമാനത്തിൽനിന്നും 20 ശതമാനം ആക്കണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

| മാനദണ്ഡം | വെയിറ്റേജ് |
|---|---|
| ജനസംഖ്യ 2011 സെൻസസ് അടിസ്ഥാനമാക്കി | 30% |
| ജനസംഖ്യാപരമായ നേട്ടം (1971-ലെ ജനസംഖ്യ അടിസ്ഥാനമാക്കി) | 30% |
| വരുമാന അന്തരം | 20% |
| വിസ്തീർണ്ണം | 10% |
| വനമേഖല | 10% |

പ്രത്യേക മേഖല ഗ്രാന്റുകൾ നൽകുവാൻ ധനകാര്യ കമ്മീഷൻ തീരുമാനിക്കുകയാണെങ്കിൽ ഭരണഘടനയുടെ ആർട്ടിക്കിൾ 275 പ്രകാരം സംസ്ഥാനത്തിന് ചുവടെ പറയുന്ന മേഖലകളിൽ സാമ്പത്തിക സഹായം നൽകുന്നതിനായി പരിഗണിക്കേണ്ടതാണ്.

i. തീരപ്രദേശ സംരക്ഷണം - 1500 കോടി

ii. വനസംരക്ഷണം - 1000 കോടി

iii. റബ്ബർ കർഷകർക്കുള്ള സഹായം - 250 കോടി

iv. മടങ്ങി വരുന്ന പ്രവാസികളുടെ പുനരധിവാസം - 1500 കോടി

v. മെച്ചപ്പെട്ട തൊഴിൽ ലഭിക്കുന്നതിനാവശ്യമായ നൈപുണ്യ വികസനം - 750 കോടി

vi. റവന്യൂ കമ്മി ഗ്രാന്റ് തുടരേണ്ടതാണ്.

vii. 2011-ലെ സെൻസസ് അടിസ്ഥാനമാക്കി നികുതി വിഹിതം നിശ്ചയിക്കുന്നതിനുള്ള ടേംസ് ഓഫ് റഫറൻസിലെ നിർദ്ദേശം പിൻവലിക്കുക.

viii. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് 60% ബേസിക് ഗ്രാന്റും 10% പെർഫോർമൻസ് ഗ്രാന്റും ബാക്കി 30% തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഫണ്ട്, ചുമതലകൾ, ഉദ്യോഗസ്ഥ വിന്യാസം എന്നിവ അടിസ്ഥാനമാക്കേണ്ടതാണ്. 10% പെർഫോർമൻസ് ഗ്രാന്റ്, ഓഡിറ്റിംഗ്, അക്കൗണ്ടിംഗിലെ ഇ-ഗവേർണൻസ് നടപടികൾ, പരിസ്ഥിതി സൗഹാർദ്ദ നടപടികൾ എന്നിവയുടെ അടിസ്ഥാനത്തിൽ നൽകാവുന്നതാണ്.

ix. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ SDRF കോർപ്പസ് ഗണ്യമായി ഉയർത്തുകയും കേന്ദ്രവിഹിതം 90% ആക്കുകയും ചെയ്യേണ്ടതാണ്. ഇതിൽനിന്നും ഫണ്ട് വിനിയോഗിക്കുന്നതിനുള്ള നിബന്ധനകൾ ലളിതമാക്കേണ്ടതാണ്.

x. സംസ്ഥാനത്തിന്റെ കടം എടുക്കുന്നതിനുള്ള പരിധി GSDP യുടെ 3% നിലനിർത്തുകയും മറ്റ് നിബന്ധനകൾ ഏർപ്പെടുത്താതിരിക്കുകയും ചെയ്യുക.

xi. തൊഴിൽ നികുതിയുടെ പരിധി ഉയർത്തുന്നതിന് ഭരണഘടനാ ഭേദഗതി ശിപാർശ ചെയ്യുക.

ഇതിന്മേലുള്ള കമ്മീഷന്റെ പ്രതികരണം കേന്ദ്ര ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചാൽ മാത്രമെ വ്യക്തമാകുകയുള്ളൂ.

(ഡി) 1988-ൽ നിശ്ചയിച്ച പരിധിയിന്മേൽ ഇപ്പോൾ ഈടാക്കുന്ന തൊഴിൽ കരം ഭരണഘടനാ ഭേദഗതിയിലൂടെ വർദ്ധിപ്പിക്കണമെന്ന് പതിനഞ്ചാം ധനകാര്യ കമ്മീഷന് നൽകിയ മെമ്മോറാണ്ടത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്.

**വൈപ്പിൻ ആർട്സ് ആൻഡ് സയൻസ് കോളേജ്**

80 (475) ശ്രീ. എസ്. ശർമ്മ : താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈപ്പിൻ ആർട്സ് ആൻഡ് സയൻസ് കോളേജിലേക്ക് പ്രിൻസിപ്പൽ, അദ്ധ്യാപകർ അനദ്ധ്യാപകർ എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് സമർപ്പിച്ച ശിപാർശയിന്മേൽ ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

വൈപ്പിൻ ആർട്സ് ആൻഡ് സയൻസ് കോളേജിൽ പ്രിൻസിപ്പൽ, മലയാളം/ഹിന്ദി, ഇംഗ്ലീഷ്, കൊമേഴ്സ്, ഫിസിക്കൽ എഡ്യൂക്കേഷൻ, സ്റ്റാറ്റിസ്റ്റിക്സ്, കമ്പ്യൂട്ടർ സയൻസ്, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങൾക്ക് അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കണമെന്നുള്ള ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പ്രൊപ്പോസൽ ധനകാര്യ വകുപ്പ് പരിശോധിക്കുകയും കൊമേഴ്സിനും മാത്തമാറ്റിക്സിനും 2 അദ്ധ്യാപക തസ്തികകൾ വീതം സൃഷ്ടിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. മറ്റുള്ള തസ്തികകൾ സാമ്പത്തികസ്ഥിതി മെച്ചമാകുന്ന മുറയ്ക്ക് അടുത്ത സാമ്പത്തിക വർഷം പരിഗണിക്കുന്നതാണ് എന്ന് ഭരണ വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പ് പരിശോധിക്കുകയും താഴെപ്പറയും പ്രകാരം തസ്തികകൾ അനുവദിക്കാൻ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| സീനിയർ സൂപ്രണ്ട് | - | 1 |
| ഹെഡ്സ് അക്കൗണ്ടന്റ് | - | 1 |
| ക്ലാർക്ക് | - | 2 |
| ലൈബ്രേറിയൻ ഗ്രേഡ് IV | - | 1 |

**സാലറി ചലഞ്ചിൽ പങ്കാളികളായവർ**

81 (476) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. അൻവർ സാദത്ത് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സൃഷ്ടിക്കായി സർക്കാർ ജീവനക്കാരിൽനിന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സാലറി ചലഞ്ച് വഴി ആകെ എത്ര കോടി രൂപ സമാഹരിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര കോടി രൂപ ഇതിനകം സംഭാവനയായി പിരിച്ചെടുത്തിട്ടുണ്ട്; അറിയിക്കാമോ;

(സി) ഗഡുക്കളായി സംഭാവന ചെയ്യുവാനുള്ള ഓപ്ഷൻ തെരഞ്ഞെടുത്തവർ ബാക്കി ഗഡുക്കൾകൂടി സംഭാവന ചെയ്യുമ്പോൾ ആകെ എത്ര കോടി രൂപ സാലറി ചലഞ്ച് വഴി ലഭിക്കുമെന്നാണ് കരുതുന്നത്;

(ഡി) സംസ്ഥാനത്ത് ആകെയുള്ള സർക്കാർ ജീവനക്കാരും അദ്ധ്യാപകരും എത്രയാണ്; അവരിൽ എത്രപേർ സാലറി ചലഞ്ചിൽ പങ്കാളികളായിട്ടുണ്ട്; സാലറി ചലഞ്ചിൽ പങ്കെടുത്ത് ആദ്യ ഗഡു സംഭാവന ചെയ്തശേഷം സാലറി ചലഞ്ചിൽനിന്ന് പിൻമാറിയവരുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 2200 കോടി രൂപയോളം സമാഹരിക്കുവാൻ ലക്ഷ്യമിട്ടിരുന്നു.

(ബി) പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ജീവനക്കാരിൽ നിന്നുള്ള സംഭാവന സി.എം.ഡി.ആർ.എഫ്.-നുവേണ്ടി ആരംഭിച്ച ഒരു പ്രത്യേക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് വരവു വയ്ക്കുന്നത്. പ്രസ്തുത അക്കൗണ്ടിൽ 28-11-2018 രാവിലെ 10 മണി വരെയുള്ള കണക്കുകൾ പ്രകാരം 488,60,01,029 രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്.

പൊതുമേഖലാ ജീവനക്കാർ, വിവിധ ഗ്രാന്റ്-ഇൻ-എയ്ഡ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ സംഭാവന ബാങ്ക് അക്കൗണ്ടിലാണ് വരവ് വയ്ക്കുന്നത്. ആയത് ഇതിന് പുറമേയാണ്.

(സി) നിലവിലെ സാഹചര്യത്തിൽ സാലറി ചലഞ്ച് മുഖേന 1400-1500 കോടി രൂപ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) 24-11-2018-ലെ സ്പാർക്കിലെ വിവരം അനുസരിച്ച് 2018 ഒക്ടോബറിൽ ശമ്പളം മാറിയ സംസ്ഥാനത്തെ മൊത്തം സർക്കാർ ജീവനക്കാരിൽ (483733) 277338 പേർ സാലറി ചലഞ്ചിൽ പങ്കെടുത്തു. (57.33%)

സെപ്റ്റംബർ മാസം സ്പാർക്ക് മുഖാന്തരം ശമ്പളം വാങ്ങിയത് 4,87,602 പേരാണ്. അതിനെ അപേക്ഷിച്ച് 3869 പേർ കുറച്ചാണ് 24-11-2018 വരെ ശമ്പളം വാങ്ങിയിട്ടുള്ളത്.

ഒക്ടോബർ 2018-ലെ ശമ്പളത്തിൽ സാലറി ചലഞ്ചിൽനിന്നും പിൻമാറിയവരും പുതിയതായി സാലറി ചലഞ്ചിൽ പങ്കുചേർന്നവരുമുണ്ട്. ഇത് സംബന്ധമായ കണക്കുകൾ പൂർണ്ണമായും ക്രോഡീകരിക്കപ്പെട്ടിട്ടില്ല.

**സാലറി ചലഞ്ച്**

82 (477) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തോടനുബന്ധിച്ച് നടത്തിയ സാലറി ചലഞ്ചിൽ പങ്കെടുത്ത സർക്കാർ ജീവനക്കാരുടെ എണ്ണമെത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ കോടതിവിധിക്കുശേഷം സമ്മതപത്രം നൽകാതെ പിൻമാറിയ ജീവനക്കാരുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ ;

(സി) സാലറി ചലഞ്ചിന്റെ പേരിൽ സമ്മതപത്രം കൂടാതെ ജീവനക്കാരുടെ ശമ്പളം പിടിച്ച നടപടി നിയമവിരുദ്ധമാണെന്ന് കരുതുന്നുണ്ടോ; സമ്മതപത്രം കൂടാതെ ജീവനക്കാരിൽനിന്നും പിടിച്ച തുക തിരികെ നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) കോടതിവിധിയുടെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഇഷ്ടമുള്ള തുക ഡി.ഡി.ഒ.മാർ മുഖേന സംഭാവന ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അത് കോടതിവിധിക്ക് വിരുദ്ധമാകുമെന്ന് കരുതുന്നുണ്ടോ;

(ഇ) ഇപ്രകാരം പിരിച്ചെടുക്കുന്ന തുക മുഴുവനും പ്രളയ ദുരിതാശ്വാസത്തിന് വേണ്ടിത്തന്നെ ഉപയോഗപ്പെടുത്തുമെന്ന് ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 24-11-2018 -ലെ സ്പാർക്കിലെ വിവരമനുസരിച്ച് 2018 ഒക്ടോബറിൽ ശമ്പളം മാറിയ സംസ്ഥാനത്തെ മൊത്തം സർക്കാർ ജീവനക്കാരിൽ (483733) 277338 പേർ സാലറി ചലഞ്ചിൽ പങ്കെടുത്തു. (57.33%).

സെപ്റ്റംബർ മാസം സ്പാർക്ക് മുഖാന്തരം ശമ്പളം വാങ്ങിയത് 4,87,602 പേരാണ്. അതിനെ അപേക്ഷിച്ച് 3869 പേർ കുറച്ചാണ് 24-11-2018 വരെ ശമ്പളം വാങ്ങിയിട്ടുള്ളത്.

(ബി) ഒക്ടോബർ 2018 ലെ ശമ്പളത്തിൽ സാലറി ചലഞ്ചിൽനിന്നും പിൻമാറിയവരും പുതിയതായി സാലറി ചലഞ്ചിൽ പങ്കുചേർന്നവരുമുണ്ട്. ഇത് സംബന്ധമായ കണക്കുകൾ പൂർണ്ണമായും ക്രോഡീകരിക്കപ്പെട്ടിട്ടില്ല.

(സി) സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് നിലവിൽ സമ്മതപത്രം വാങ്ങിയാണ് തുക ഈടാക്കുന്നത്.

(ഡി) ജീവനക്കാർക്ക് ഇഷ്ടമുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നേരിട്ടും ഒരുമാസത്തെ ആകെ ശമ്പളം സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ ശമ്പളത്തിൽനിന്ന് സ്പാർക്ക് വഴിയും നല്കാവുന്നതാണ്. ഈ ക്രമീകരണത്തിൽ കോടതിവിധിക്ക് എതിരായ ഒന്നും ഉൾക്കൊണ്ടിട്ടില്ല.

(ഇ) ജീവനക്കാരിൽനിന്നും സാലറി ചലഞ്ച് വഴി ലഭ്യമാകുന്ന തുകകൾ പ്രത്യേകമായി അനുവദിച്ചിട്ടുള്ള ട്രഷറി STSB അക്കൗണ്ടിലാണ് വരവ് ചെയ്യുന്നത്. റവന്യൂ വകുപ്പിന്റെ ഉത്തരവിനനുസൃതമായി ഇത്തരത്തിൽ ലഭ്യമാകുന്ന തുകകൾ പ്രളയദുരിതാശ്വാസത്തിനും ബന്ധപ്പെട്ടുള്ള വിവിധ ആവശ്യങ്ങൾക്കുമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ട്രഷറി പബ്ലിക് അക്കൗണ്ടായ TPA-80 -ൽനിന്നും വിവിധ ജില്ലകൾക്ക് അനുവദിക്കുന്നു. ഇങ്ങനെ അനുവദിക്കുന്ന ഫണ്ടുകളുടെയും ലഭ്യമാകുന്ന സംഭാവനകളുടെയും വിവരങ്ങൾ C-Dit-ന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് വരുന്നു.

## സാലറി ചലഞ്ച്

83 (T* 478) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയദുരിതാശ്വാസ നിധിയിലേക്ക് സാലറി ചലഞ്ച് പ്രകാരം നാളിതുവരെയായി എത്ര തുക ലഭിച്ചിട്ടുണ്ട്;

(ബി) ഇതിൽ സംസ്ഥാനത്തെ എത്ര ജീവനക്കാർ പങ്കാളികളായിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പങ്കാളികളാകാത്ത ജീവനക്കാരുടെ പേര് വിവരങ്ങൾ വെളിപ്പെടുത്താൻ നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ;

(ഡി) എങ്കിൽ കാസർഗോഡ് ജില്ലയിൽ പങ്കാളികളാകാത്ത ജീവനക്കാരുടെ പേരും തസ്തികയും വകുപ്പും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

### ഉത്തരം

(എ) പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ജീവനക്കാരിൽനിന്നുള്ള സംഭാവന സി.എം.ഡി.ആർ.എഫ്.-നുവേണ്ടി ആരംഭിച്ച ഒരു പ്രത്യേക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് വരവു വയ്ക്കുന്നത്. പ്രസ്തുത അക്കൗണ്ടിൽ 28-11-2018 രാവിലെ 10 മണി വരെയുള്ള കണക്കുകൾ പ്രകാരം 488,60,01,029 രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്. പൊതുമേഖലാ ജീവനക്കാർ, വിവിധ ഗ്രാന്റ്-ഇൻ-എയ്ഡ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ സംഭാവന ബാങ്ക് അക്കൗണ്ടിലാണ് വരവുവയ്ക്കുന്നത്. ആയത് ഇതിന് പുറമേയാണ്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) 24-11-2018-ലെ സ്പാർക്കിലെ വിവരം അനുസരിച്ച് 2018 ഒക്ടോബറിൽ ശമ്പളം മാറിയ സംസ്ഥാനത്തെ മൊത്തം സർക്കാർ ജീവനക്കാരിൽ (483733) 277338 പേർ സാലറി ചലഞ്ചിൽ പങ്കെടുത്തു. (57.33%).

സെപ്റ്റംബർ മാസം സ്പാർക്ക് മുഖാന്തരം ശമ്പളം വാങ്ങിയത് 4,87,602 പേരാണ്. അതിനെ അപേക്ഷിച്ച് 3869 പേർ കുറച്ചാണ് 24.11.2018 വരെ ശമ്പളം വാങ്ങിയിട്ടുള്ളത്.

(സി& ഡി) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെയും ഹൈക്കോടതിയുടെയും ഉത്തരവുകൾപ്രകാരം സാലറി ചലഞ്ചിൽ പങ്കാളികളാകാത്ത ജീവനക്കാരുടെ പേര് വിവരങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

## സാലറി ചലഞ്ച്

84 (479) ശ്രീ. യു. ആർ. പ്രദീപ് : താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാലറി ചലഞ്ച് ഏറ്റെടുത്തുകൊണ്ട് ഒറ്റത്തവണയായോ ഗഡുക്കളായോ എത്ര ജീവനക്കാർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകിയിട്ടുണ്ട് ; ഇതിൽ അദ്ധ്യാപകർ എത്ര; മറ്റു വകുപ്പ് ജീവനക്കാർ എത്ര; ആകെ എത്ര കോടി രൂപയാണ് ഇതേവരെ സാലറി ചലഞ്ചിലൂടെ സമാഹരിക്കുവാൻ കഴിഞ്ഞിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

24-11-2018-ലെ സ്പാർക്കിലെ വിവരമനുസരിച്ച് 2018 ഒക്ടോബറിൽ ശമ്പളം മാറിയ സംസ്ഥാനത്തെ മൊത്തം സർക്കാർ ജീവനക്കാരിൽ (483733) 277338 പേർ സാലറി ചലഞ്ചിൽ പങ്കെടുത്തു. (57.33%).

സെപ്റ്റംബർ മാസം സ്പാർക്ക് മുഖാന്തരം ശമ്പളം വാങ്ങിയത് 4,87,602 പേരാണ്. അതിനെ അപേക്ഷിച്ച് 3869 പേർ കുറച്ചാണ് 24.11.2018 വരെ ശമ്പളം വാങ്ങിയിട്ടുള്ളത്. ഒറ്റത്തവണയായി ഒരു മാസത്തെ ശമ്പളം സംഭാവന നൽകിയ ജീവനക്കാരുടെ എണ്ണം കൃത്യമായി ക്രോഡീകരിക്കപ്പെട്ടിട്ടില്ല. വകുപ്പ് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ജീവനക്കാരിൽനിന്നുള്ള സംഭാവന സി.എം.ഡി.ആർ.എഫ്.-നുവേണ്ടി ആരംഭിച്ച ഒരു പ്രത്യേക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് വരവു വയ്ക്കുന്നത്. പ്രസ്തുത അക്കൗണ്ടിൽ 28-11-2018 രാവിലെ 10 മണി വരെയുള്ള കണക്കുകൾ പ്രകാരം 488,60,01,029 രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്.

പൊതുമേഖലാ ജീവനക്കാർ, വിവിധ ഗ്രാന്റ്-ഇൻ-എയ്ഡ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ സംഭാവന ബാങ്ക് അക്കൗണ്ടിലാണ് വരവ് വയ്ക്കുന്നത്. ആയത് ഇതിന് പുറമേയാണ്.

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സാലറി ചലഞ്ചിൽ പങ്കെടുത്തവർ

85 (480) ശ്രീ. കെ. ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയം തകർത്ത കേരളത്തിന്റെ പുനർനിർമ്മാണത്തിൽ പങ്കാളിയാകുന്നതിന് എത്ര ശതമാനം സർക്കാർ ജീവനക്കാരാണ് ഒരു മാസത്തെ ശമ്പളം നൽകാൻ സന്നദ്ധത അറിയിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) സാലറി ചലഞ്ചിലൂടെ എത്ര കോടി രൂപയാണ് സർക്കാർ പ്രതീക്ഷിക്കുന്നതെന്നും നിലവിൽ എത്ര കോടി രൂപ ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) സാലറി ചലഞ്ചിൽ പങ്കെടുത്ത ജീവനക്കാർക്ക് സർട്ടിഫിക്കറ്റുകളോ മറ്റേതെങ്കിലും തരത്തിലുള്ള മെമന്റോകളോ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) 24-11-2018-ലെ സ്പാർക്കിലെ വിവരമനുസരിച്ച് 2018 ഒക്ടോബറിൽ ശമ്പളം മാറിയ സംസ്ഥാനത്തെ മൊത്തം സർക്കാർ ജീവനക്കാരിൽ (483733) 277338 പേർ സാലറി ചലഞ്ചിൽ പങ്കെടുത്തു. (57.33%).

സെപ്റ്റംബർ മാസം സ്പാർക്ക് മുഖാന്തരം ശമ്പളം വാങ്ങിയത് 4,87,602 പേരാണ്. അതിനെ അപേക്ഷിച്ച് 3869 പേർ കുറച്ചാണ് 24.11.2018 വരെ ശമ്പളം വാങ്ങിയിട്ടുള്ളത്.

ഒറ്റത്തവണയായി ഒരു മാസത്തെ ശമ്പളം സംഭാവന നൽകിയ ജീവനക്കാരുടെ എണ്ണം കൃത്യമായി ക്രോഡീകരിക്കപ്പെട്ടിട്ടില്ല.

(ബി) സർക്കാർ ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളച്ചെലവിന് തുല്യമായ 2200 കോടി രൂപ സാലറി ചലഞ്ച് മുഖേന സമാഹരിക്കണമെന്നതായിരുന്നു ലക്ഷ്യം. അതേസമയം, ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകുന്ന സാലറി ചലഞ്ച് നിർബന്ധിതമല്ലായെന്നും വിട്ടുനിൽക്കാനുള്ള സ്വാതന്ത്ര്യം എല്ലാവർക്കും ഉണ്ടാകുമെന്നും സർക്കാർ തുടക്കം മുതൽ തന്നെ വ്യക്തമാക്കിയിരുന്നു. പല കാരണങ്ങളാൽ ഒരു മാസത്തെ സാലറി ചലഞ്ചിൽ പങ്കെടുക്കുവാൻ ബുദ്ധിമുട്ടുള്ളവർ വിട്ടുനിന്നിട്ടുണ്ട്.

പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് സർക്കാർ ജീവനക്കാരിൽനിന്നുള്ള സംഭാവന സി.എം.ഡി.ആർ.എഫ്.-നുവേണ്ടി ആരംഭിച്ച ഒരു പ്രത്യേക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് വരവുവയ്ക്കുന്നത്. പ്രസ്തുത അക്കൗണ്ടിൽ 28-11-2018 രാവിലെ 10 മണി വരെയുള്ള കണക്കുകൾ പ്രകാരം 488,60,01,029 രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്.

പൊതുമേഖലാ ജീവനക്കാർ, വിവിധ ഗ്രാന്റ്-ഇൻ-എയ്ഡ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ സംഭാവന ബാങ്ക് അക്കൗണ്ടിലാണ് വരവ് വയ്ക്കുന്നത്. ആയത് ഇതിന് പുറമേയാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## സാലറി ചലഞ്ചും സുപ്രീംകോടതി വിധിയും

86 (481) ശ്രീ. വി. ഡി. സതീശൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശമ്പളത്തിൽനിന്ന് 10 ഗഡുക്കളായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്നതിന് സമ്മതം നൽകിയ ജീവനക്കാർക്ക് പുതിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സാലറി ചലഞ്ചിൽനിന്നും പിൻമാറുന്നതിനുള്ള അവസരം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനകം സാലറി ചലഞ്ചിൽനിന്നും പിൻമാറിയിട്ടുള്ള ജീവനക്കാരുടെ എണ്ണം വ്യക്തമാക്കുമോ;

(സി) സാലറി ചലഞ്ചിൽ വിസമ്മതപത്രം നൽകാതെ ഒരു മാസത്തെ ശമ്പളം, ലീവ് സറണ്ടർ, ശമ്പള പരിഷ്കരണ കുടിശ്ശിക എന്നിവയിൽനിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്നതിന് സന്നദ്ധത അറിയിച്ച ജീവനക്കാർക്ക് സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ അതിൽനിന്നും പിൻവാങ്ങുന്നതിന് അനുവാദമുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള അവസരം നൽകുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ശമ്പളത്തിൽനിന്ന് 10 ഗഡുക്കളായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകുന്നതിന് സമ്മതം നൽകിയ ജീവനക്കാർക്ക് പുതിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സാലറി ചലഞ്ചിൽനിന്നും ഒക്ടോബർ മാസം പിന്മാറുന്നതിനുള്ള സംവിധാനം സ്പാർക്കിൽ ലഭ്യമാക്കിയിട്ടുണ്ട്. പുതിയതായി സാലറി ചലഞ്ചിൽ പങ്കാളികളാകുന്നതിനും ക്രമീകരണമുണ്ട്.

(ബി) പിൻമാറുകയും പുതിയതായി ചേരുകയും ചെയ്യുന്ന കണക്കുകൾ മാസാവസാനത്തിനുശേഷമേ അന്തിമമാക്കാൻ കഴിയുകയുള്ളൂ.

(സി) ലീവ് സറണ്ടർ, ശമ്പളപരിഷ്കരണ കുടിശ്ശിക, എൻ.ആർ.എ. എന്നിവ മുഖാന്തരം ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന സ്വീകരിച്ചത് ജീവനക്കാരുടെ സമ്മതപ്രകാരമാണ്. ഇതുസംബന്ധമായ ഒരു പരാമർശവും കോടതിവിധിയിൽ ഉൾച്ചേർന്നിട്ടില്ല. ആകയാൽ, ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യേണ്ടതായിട്ടില്ല.

## സാലറി ചലഞ്ചിനെ സംബന്ധിച്ച നിലപാടുകളും കണക്കുകളും

87 (482) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാലറി ചലഞ്ച് സ്കീമിൽ ഒരു മാസത്തെ ശമ്പളം ദുരിതാശ്വാസത്തിന് നൽകാൻ തയ്യാറായ ജീവനക്കാരുടെ (സർക്കാർ/എയിഡഡ്) കണക്കുകൾ ലഭ്യമായിട്ടുണ്ടോ; എങ്കിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വിഷയം ചർച്ച ചെയ്യുന്നതിനായി എപ്പോഴെങ്കിലും സർവ്വീസ് സംഘടനകളുടെ യോഗം വിളിക്കുകയുണ്ടായോ ;

(സി) ഇങ്ങനെ വിളിച്ചു ചേർത്ത യോഗത്തിൽ സാലറി ചലഞ്ചിനെ അനുകൂലിക്കാത്ത സർവ്വീസ് സംഘടനകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 24-11-2018-ലെ സ്പാർക്കിലെ വിവരമനുസരിച്ച് 2018 ഒക്ടോബറിൽ ശമ്പളം മാറിയ സംസ്ഥാനത്തെ മൊത്തം സർക്കാർ ജീവനക്കാരിൽ (483733) 277338 പേർ സാലറി ചലഞ്ചിൽ പങ്കെടുത്തു. (57.33%)

സെപ്റ്റംബർ മാസം സ്പാർക്ക് മുഖാന്തരം ശമ്പളം വാങ്ങിയത് 4,87,602 പേരാണ്. അതിനെ അപേക്ഷിച്ച് 3869 പേർ കുറച്ചാണ് 24-11-2018 വരെ ശമ്പളം വാങ്ങിയിട്ടുള്ളത്.

ഒറ്റത്തവണയായി ഒരു മാസത്തെ ശമ്പളം സംഭാവന നൽകിയ ജീവനക്കാരുടെ എണ്ണം കൃത്യമായി ക്രോഡീകരിക്കപ്പെട്ടിട്ടില്ല.

എയ്ഡഡ് മേഖലയുടെ പ്രത്യേക കണക്കുകൾ ക്രോഡീകരിച്ചിട്ടില്ല.

(ബി & സി) ഉണ്ട്.

സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് 4-9-2018-ൽ ബഹു. ധനമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സർവ്വീസ് സംഘടനകളുടെ ഒരു യോഗം വിളിച്ചു ചേർത്തിരുന്നു. പ്രസ്തുത യോഗത്തിന്റെ നടപടിക്രമം അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**സാലറി ചലഞ്ചിൽ പങ്കെടുത്ത ജീവനക്കാർ**

88 (483) ശ്രീ. അനൂപ് ജേക്കബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര സംസ്ഥാന പുനർ നിർമ്മാണത്തിനായി സർക്കാർ മുന്നോട്ടുവച്ച സാലറി ചലഞ്ചിൽ എത്ര സംസ്ഥാന സർക്കാർ ജീവനക്കാരും അദ്ധ്യാപകരും പൊതുമേഖല സ്ഥാപന ജീവനക്കാരും സമ്മതപത്രം ഉൾപ്പെടുത്തിയ ഉത്തരവ് പുറപ്പെടുവിക്കുംവരെ പങ്കെടുത്തു; എത്രപേർ വിസമ്മതം അറിയിച്ചു;

(ബി) സമ്മതപത്രം ഉൾപ്പെടുത്തിയ ഉത്തരവ് പുറപ്പെടുവിച്ചതിനെ തുടർന്ന് എത്ര ജീവനക്കാർ സമ്മതപത്രം നൽകി എന്നറിയിക്കുമോ;

(സി) സമ്മതപത്രം ഉൾപ്പെടുത്തിയ ഉത്തരവ് സുപ്രീം കോടതി ഇടപെടലിന് മുൻപ് പുറപ്പെടുവിച്ചിരുന്നുവെങ്കിൽ കൂടുതൽപേർ സാലറി ചലഞ്ചിൽ പങ്കെടുക്കുമായിരുന്നുവെന്ന് കരുതുന്നുണ്ടോ എന്നറിയിക്കുമോ?

ഉത്തരം

(എ) 24-11-2018-ലെ സ്പാർക്കിൽ ലഭ്യമായ വിവരമനുസരിച്ച് സർക്കാർ ജീവനക്കാരും അദ്ധ്യാപകരും ഉൾപ്പെടെ 290352 പേർ സാലറി ചലഞ്ചിൽ പങ്കെടുത്തു. (പൊതുമേഖലാ സ്ഥാപന ജീവനക്കാർ ഒഴികെ) 197250 പേർ വിസമ്മതം അറിയിച്ചു.

(ബി) 30-10-2018-ലെ സർക്കുലർ നമ്പർ 99/2018 പ്രകാരം 10/2018-ലെ ശമ്പളം മാറിയ ജീവനക്കാരിൽ 277338 പേർ സാലറി ചലഞ്ചിൽ പങ്കെടുത്തിട്ടുണ്ട്. മുൻ മാസത്തെ അപേക്ഷിച്ച് 3869 പേർ ഒക്ടോബർ മാസത്തെ ശമ്പളം എടുത്തിട്ടില്ല.

(സി) സാലറി ചലഞ്ച് ഒരു ഘട്ടത്തിലും നിർബന്ധമാക്കിയിരുന്നില്ല. വിട്ടുനിൽക്കുന്നതിന് ജീവനക്കാർക്ക് സർവ്വസ്വാതന്ത്ര്യമുണ്ടെന്നത് സർക്കുലർ മുഖാന്തരം തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്.

**സാലറി ചലഞ്ചിൽ പങ്കെടുത്തവർ**

89 (484) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാലറി ചലഞ്ചിൽ എത്ര ജീവനക്കാർ പങ്കെടുത്തെന്ന് വ്യക്തമാക്കാമോ ;

(ബി) വിസമ്മതപത്രം നൽകിയവരുടെ എണ്ണം വ്യക്തമാക്കാമോ; പങ്കെടുത്തവരും വിസമ്മതപത്രം നൽകിയവരുമായ അദ്ധ്യാപകരുടെ പ്രത്യേകം കണക്ക് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 24-11-2018-ലെ സ്പാർക്കിലെ വിവരമനുസരിച്ച് 2018 ഒക്ടോബറിൽ ശമ്പളം മാറിയ സംസ്ഥാനത്തെ മൊത്തം സർക്കാർ ജീവനക്കാരിൽ (483733) 277338 പേർ സാലറി ചലഞ്ചിൽ പങ്കെടുത്തു. (57.33%)

സെപ്റ്റംബർ മാസം സ്പാർക്ക് മുഖാന്തരം ശമ്പളം വാങ്ങിയത് 4,87,602 പേരാണ്. അതിനെ അപേക്ഷിച്ച് 3869 പേർ കുറച്ചാണ് 24-11-2018 വരെ ശമ്പളം വാങ്ങിയിട്ടുള്ളത്.

ഒറ്റത്തവണയായി ഒരു മാസത്തെ ശമ്പളം സംഭാവന നൽകിയ ജീവനക്കാരുടെ എണ്ണം കൃത്യമായി ക്രോഡീകരിക്കപ്പെട്ടിട്ടില്ല.

(ബി) നിലവിൽ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിലാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സാലറി ചലഞ്ചിലെ പങ്കാളിത്തം നിർണ്ണയിക്കുന്നത്.

**ട്രഷറി നിക്ഷേപ പലിശ നിരക്ക്**

90 (485) <u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെയും പെൻഷൻകാരുടെയും വേതനവിതരണം ട്രഷറി വഴിയാക്കുന്നതിന്റെ ഭാഗമായി സേവിംഗ്സ് നിക്ഷേപത്തിന് നാലര/അഞ്ച് ശതമാനം പലിശ നൽകണമെന്ന ശിപാർശയുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ആരുടെതാണ് ശിപാർശയെന്നും എപ്പോഴാണ് ശിപാർശ ലഭിച്ചതെന്നും വ്യക്തമാക്കാമോ;

(സി) ശിപാർശ നിലവിലിരിക്കെ ട്രഷറി സേവിംഗ്സ് അക്കൗണ്ട് നിക്ഷേപത്തിന്റെ പലിശ നിരക്ക് നാലരയിൽനിന്ന് നാലു ശതമാനമാക്കി വെട്ടിക്കുറയ്ക്കാനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) ട്രഷറി നിക്ഷേപം വർദ്ധിപ്പിക്കാൻ പലിശ നിരക്ക്ഉയർത്തുമെന്ന പ്രഖ്യാപനത്തിനു വിരുദ്ധമായി എടുത്ത തീരുമാനം പെൻഷൻകാർക്ക് ദോഷകരമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) അത്തരമൊരു ശിപാർശയില്ല.

(ബി) മറുപടി ഉദിക്കുന്നില്ല.

(സി) മറ്റ് ദേശസാൽകൃത ബാങ്കുകൾ നൽകുന്ന പലിശ നിരക്കുകളെ അപേക്ഷിച്ച് നിലവിലുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് പലിശ നിരക്കുകൾ വളരെ കൂടുതലാണെന്ന് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് 30-7-2018-ലെ സ.ഉ.(പി) നമ്പർ.117/2018/ധന ഉത്തരവുപ്രകാരം പലിശ നിരക്കിൽ കുറവു വരുത്തിയത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

91 (486) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി പ്രഖ്യാപിച്ചിട്ടുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പദ്ധതി നടപ്പിലാക്കുന്നതിൽ വന്നിട്ടുള്ള കാലതാമസം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) പദ്ധതി മുഖേന ജീവനക്കാർക്കും പെൻഷൻകാർക്കും ലഭിക്കുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേയ്ക്കായി 24-4-2017-ലെ സ.ഉ.(അച്ചടി) നമ്പർ 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം എന്നിവയ്ക്ക് ശേഷം IRDAI അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽനിന്ന് താല്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സംഘടനകളും പെൻഷൻ സംഘടനകളുമായി രണ്ട് പ്രാവശ്യം ചർച്ച നടത്തുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദ്ധരുടെ ഉപദേശത്തിന്റെയും താല്പര്യപത്രങ്ങളുടെയും അടിസ്ഥാനത്തിലും സംഘടനകളുടെ യോഗത്തിലെ പ്രായോഗികമായ നിർദ്ദേശങ്ങൾ പരിഗണിച്ചും പുതുക്കിയ കരട് പദ്ധതിയും ആയത് അനുസരിച്ചുള്ള കരട് RFP (Request For Proposals)-യും തയ്യാറാക്കിവരുന്നു.

ടെൻഡർ നടപടികൾ പൂർത്തിയാക്കി തെരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമെ ഇൻഷ്വറൻസ് കമ്പനി, ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രീമിയം, ഇൻഷ്വറൻസ് പരിധി, പദ്ധതിയിലുള്ള ആശുപത്രികൾ, ആനുകൂല്യം ലഭിക്കുന്ന രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പൂർണ്ണവിവരം ലഭ്യമാകുകയുള്ളു. പദ്ധതിക്കുവേണ്ടിയുള്ള ടെണ്ടർ നടപടികൾക്ക് മുന്നോടിയായി സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും അവരുടെ ആശ്രിതരുടെയും വിവരശേഖരണം പുരോഗമിച്ചുവരുന്നു.

**പങ്കാളിത്ത പെൻഷൻ**

92 (487) ശ്രീ. ഹൈബി ഈഡൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ ഉപേക്ഷിക്കുമെന്ന വാഗ്ദാനം നിറവേറ്റുവാനായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഇതിനായി ഏതെങ്കിലും സമിതിയെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരൊക്കെയാണ് സമിതി അംഗങ്ങൾ;

(സി) എന്നത്തേക്ക് റിപ്പോർട്ട് നൽകുവാനാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ - സി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി റിട്ട. ജില്ലാ ജഡ്ജി ശ്രീ. സതീഷ് ചന്ദ്രബാബു ചെയർമാനും ശ്രീ. പി. മാരപാണ്ഡ്യൻ (റിട്ട. ഐ.എ.എസ്.), പ്രൊഫ.ഡി. നാരായണ (ജി.ഐ.എഫ്.റ്റി. ഡയറക്ടർ) അംഗങ്ങളുമായി ഒരു സമിതി രൂപീകരിച്ച് സർക്കാർ 7-11-2018-ലെ സ.ഉ (പി) നമ്പർ 172/2018/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 6 മാസത്തിനകം സമിതി ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

**പങ്കാളിത്ത പെൻഷൻ**

93 (488) ശ്രീ. വി. ജോയി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിലുള്ള എത്ര ജീവനക്കാർ ഇതിനകം പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗമായിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഇതിനകം എത്ര രൂപ ജീവനക്കാരിൽനിന്നും ശേഖരിച്ചിട്ടുണ്ടെന്നും സർക്കാർ മാച്ചിംഗ് ഗ്രാന്റായി എത്ര രൂപ അടച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡെപ്പോസിറ്ററി ലിമിറ്റഡിന്റെ പ്രതിമാസ റിപ്പോർട്ട് പ്രകാരം 2018 ഒക്ടോബർ 31 വരെ 81787 സർക്കാർ ജീവനക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗമായിട്ടുണ്ട്.

(ബി) ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡെപ്പോസിറ്ററി ലിമിറ്റഡിന്റെ പ്രതിമാസ റിപ്പോർട്ട് പ്രകാരം 2018 ഒക്ടോബർ 31 വരെ 593.355 കോടി രൂപ ജീവനക്കാരുടെ വിഹിതമായി ശേഖരിച്ചിട്ടുണ്ട്. മാച്ചിങ്ങ് ഗ്രാന്റായി സർക്കാർ 593.355 കോടി രൂപ അടച്ചിട്ടുണ്ട്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

94 (489) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ എത്ര പൊതുമേഖല സ്ഥാപനങ്ങളിലാണ് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയിരുന്നതെന്ന് അറിയിക്കുമോ;

(ബി) ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിൽ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്;കൂടുതൽ പൊതുമേഖലാ സ്ഥാപനങ്ങളെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ചേർക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുക?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ ആകെ 29 പൊതുമേഖലാ സ്ഥാപനങ്ങളിലാണ് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയിരുന്നത്.

(ബി) നിലവിൽ 34 പൊതുമേഖലാ സ്ഥാപനങ്ങളിലാണ് പങ്കാളിത്ത പെൻഷൻ നടപ്പാക്കിയിരിക്കുന്നത്. കൂടുതൽ പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി വ്യാപിപ്പിക്കാൻ നിലവിൽ സർക്കാർ ഉദ്ദേശിക്കുന്നില്ല.

**പങ്കാളിത്ത പെൻഷൻ**

95 (490) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധനാ സമിതിയുടെ റിപ്പോർട്ട് എന്ന് നൽകുന്നതിനാണ് സർക്കാർ ആവശ്യപ്പെട്ടിട്ടുള്ളത് ; വിശദവിവരം നൽകുമോ;

(ബി) ഇത് സംബന്ധിച്ച പരിഗണനാ വിഷയങ്ങളിൽ എൻ.പി.എസ്.-കാരുടെ പെൻഷൻ പ്രായം കുറയ്ക്കുന്നതിനും ഏകീകരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ പരിശോധിക്കുമോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി റിട്ട. ജില്ലാ ജഡ്ജി ശ്രീ. സതീഷ് ചന്ദ്രബാബു ചെയർമാനും ശ്രീ. പി. മാരപാണ്ഡ്യൻ (റിട്ട. ഐ.എ.എസ്.), പ്രൊഫ.ഡി. നാരായണ (ജി.ഐ.എഫ്.റ്റി. ഡയറക്ടർ) അംഗങ്ങളുമായി രൂപീകരിച്ച സമിതി 6 മാസത്തിനകം ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) പരിഗണനാ വിഷയങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

## പങ്കാളിത്ത പെൻഷൻ പദ്ധതി

96 (491) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം വിരമിച്ചവർക്ക് മതിയായ പെൻഷൻ കിട്ടുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം വിരമിക്കുന്നവർക്ക് മിനിമം പെൻഷൻ ഉറപ്പ് വരുത്തുന്നതിന് നിയമനിർമ്മാണം നടത്തുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി റിട്ട. ജില്ലാ ജഡ്ജി ശ്രീ. സതീഷ് ചന്ദ്രബാബു ചെയർമാനും ശ്രീ. പി. മാരപാണ്ഡ്യൻ (റിട്ട. ഐ.എ.എസ്.), പ്രൊഫ.ഡി. നാരായണ (ജി.ഐ.എഫ്.റ്റി. ഡയറക്ടർ) അംഗങ്ങളുമായി ഒരു സമിതി രൂപീകരിച്ച് സർക്കാർ 7-11-2018-ലെ സ.ഉ (പി) നമ്പർ 172/2018/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 6 മാസത്തിനകം സമിതി ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി&ഡി) 18-9-2013-ൽ പാർലമെന്റ് പാസ്സാക്കിയ PFRDA Act 2013-ന്റെ അടിസ്ഥാനത്തിലാണ് കേരളമുൾപ്പെടെയുള്ള വിവിധ സംസ്ഥാന സർക്കാരുകൾ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കുന്നത്. 1-4-2013-ന് ശേഷം സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാരന്റെ ശമ്പളത്തിന്റെ 10%-വും (10% of Pay + DA) തത്തുല്യമായ ഒരു തുക സർക്കാർ വിഹിതവും ചേർത്ത് PFRDA നിബന്ധനകൾക്ക് വിധേയമായി ടിയാളുടെ പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിക്കുകയും, 60-ാം വയസ്സിൽ ടി ജീവനക്കാരൻ വിരമിക്കുമ്പോൾ ഇത്തരത്തിൽ സമാഹരിച്ചിട്ടുള്ള തുകയുടെ 40%-ത്തിൽനിന്നും അയാൾക്ക് പെൻഷൻ വിഹിതം/ ആന്വിറ്റിയായി നൽകുകയും ചെയ്യുന്നതാണ് നിലവിലുള്ള പദ്ധതി. പ്രസ്തുത പദ്ധതി പുനഃപരിശോധിക്കുന്നതിനുള്ള നിയമപരവും സാമ്പത്തികവുമായ സാധ്യതകളും മറ്റും പഠിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് സർക്കാർ വിശദമായി പരിശോധിച്ച് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

**സർക്കാർ ജീവനക്കാരുടെ ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതി**

97 (T*92) ശ്രീ. കെ. രാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും പ്രഖ്യാപിച്ച ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഔട്ട് പേഷ്യന്റ് ഫെസിലിറ്റി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ&ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേയ്ക്കായി 24-4-2017-ലെ സ.ഉ.(അച്ചടി) നം.54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം എന്നിവയ്ക്ക് ശേഷം IRDAI അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽനിന്ന് താല്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സംഘടനകളും പെൻഷൻ സംഘടനകളുമായി രണ്ട് പ്രാവശ്യം ചർച്ച നടത്തുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ധരുടെ ഉപദേശത്തിന്റെയും താല്പര്യപത്രങ്ങളുടെയും അടിസ്ഥാനത്തിലും സംഘടനകളുടെ യോഗത്തിലെ പ്രായോഗികമായ നിർദ്ദേശങ്ങൾ പരിഗണിച്ചും പുതുക്കിയ കരട് പദ്ധതിയും ആയത്

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

അനുസരിച്ചുള്ള കരട് RFP (Request For Proposals)-യും തയ്യാറാക്കി വരുന്നു. ടെൻഡർ നടപടികൾ പൂർത്തിയാക്കി തെരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്നമുറയ്ക്ക് മാത്രമെ ഇൻഷ്വറൻസ് കമ്പനി, ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രീമിയം, ഇൻഷ്വറൻസ് പരിധി, പദ്ധതിയിലുള്ള ആശുപത്രികൾ, ആനുകൂല്യം ലഭിക്കുന്ന രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പൂർണ്ണവിവരം ലഭ്യമാകുകയുള്ളൂ. പദ്ധതിക്കുവേണ്ടിയുള്ള ടെണ്ടർ നടപടികൾക്ക് മുന്നോടിയായി സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആശ്രിതരുടെയും വിവരശേഖരണം പുരോഗമിച്ചുവരുന്നു. ഒ. പി. ചികിത്സയ്ക്ക് നിലവിലുള്ള സംവിധാനം തുടരുന്നതാണ്.

## സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം

98 (493) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളുടെയും മറ്റ് സർക്കാർ സ്ഥാപനങ്ങളുടെയും പൊതുമേഖലയുടെ നിയന്ത്രണത്തിലുള്ള ഏജൻസികളുടെയും വാഹന ദുരുപയോഗം ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; 2016 ജനവരി മുതൽ ഇത്തരത്തിൽ കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്ഥാപനങ്ങൾ ഏതെല്ലാം; ദുർവിനിയോഗം നടത്തിയ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ ആരെല്ലാം; ധനകാര്യ പരിശോധന വിഭാഗം കണ്ടെത്തിയ തുക എത്ര; ഈ തുക ബന്ധപ്പെട്ട വ്യക്തികൾ സർക്കാരിലേയ്ക്ക് അടച്ചിട്ടുണ്ടോ; അടച്ചവർ ആരെല്ലാം; അടയ്ക്കാത്തവർ ആരെല്ലാം;

(സി) ഏതെല്ലാം വകുപ്പ് മേധാവികൾക്കെതിരെ ധനകാര്യ പരിശോധന വിഭാഗത്തിന്റെ കണ്ടെത്തലുകൾ ഉൾപ്പെടുത്തിയ റിപ്പോർട്ട് അയച്ചിട്ടുണ്ട്; എന്നാണ് അയച്ചത്; ഇവയ്ക്ക് മറുപടി ലഭിച്ചിട്ടുണ്ടോ;വിശദമായ വിവരം ലഭ്യമാക്കുമോ;

(ഡി) ഒന്നിലധികം വാഹനങ്ങൾ ഉപയോഗിക്കുന്ന ഉദ്യോഗസ്ഥരോ വകുപ്പ് മേധാവികളോ ജനപ്രതിനിധികളോ ഉണ്ടെന്നുള്ള വിവരം പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) നിലവിൽ വാഹന ദുരുപയോഗം പരിശോധിക്കേണ്ട എന്ന നിർദ്ദേശം ധനകാര്യ വകുപ്പ് ഇറക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ ഉത്തരവ് ഇറക്കിയത് ആരാണ്; ധനകാര്യ വകുപ്പ് നിർദ്ദേശം ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) വാഹന പരിശോധനയുമായി ബന്ധപ്പെട്ട് ധനകാര്യ പരിശോധന വിഭാഗത്തിന്റെ ശിപാർശകൾ ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് അയച്ചു കൊടുക്കുകയാണ് ചെയ്യുന്നത്. 2016 ജനുവരി മുതൽ 29 പ്രാഥമിക റിപ്പോർട്ടുകൾ തുടർനടപടികൾക്കായി ഭരണ വകുപ്പിന് അയച്ചു കൊടുത്തിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ നടപടിക്രമങ്ങൾ പാലിച്ച് അന്തിമ നടപടികൾ സ്വീകരിക്കുന്നത് ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ്.

(ഡി&ഇ) ഇല്ല.

**ഇ.എൽ.ആർ.എസ്. പദ്ധതി**

99 (494) ശ്രീ. കെ. എൻ. എ ഖാദർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പ്രഖ്യാപിച്ച ഇ.എൽ.ആർ.എസ്. (എഡ്യൂക്കേഷൻ ലോൺ റീപേമെന്റ് റിപ്പോർട്ട് സ്കീം) പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിപ്രകാരം 2018 നവംബർ 15-ാം തീയതിവരെ തീർപ്പാക്കപ്പെട്ട അപേക്ഷകൾ എത്രയെന്നും വിതരണം ചെയ്ത തുക എത്രയെന്നും പ്രതിമാസ കണക്കുകൾ സഹിതം വിശദമാക്കാമോ ;

(സി) സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി ശിപാർശ ചെയ്ത എല്ലാ അപേക്ഷകളും ധനകാര്യവകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ടോ; ഇത്തരത്തിൽ പരിശോധന നടത്തിയതിൽ യോഗ്യതയില്ലാത്ത അപേക്ഷകൾ കണ്ടെത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) മാനേജ്മെന്റ് സീറ്റിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്കും സംസ്ഥാനത്തിനു പുറത്തുള്ള കോളേജുകളിൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കുംകൂടി ഈ പദ്ധതിപ്രകാരം ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഈ വിഷയം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടലിൽ ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ള അപേക്ഷകളിൽ 2018 നവംബർ 19-ാം തീയതി വരെ സർക്കാരിൽ ലഭിച്ചതും പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമാണെന്ന് ബാങ്കുകൾ ശിപാർശ ചെയ്തതുമായ 15303 അപേക്ഷകളിലെ സർക്കാർ വിഹിതമായ 148.25 കോടി രൂപ ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് കൈമാറിയിട്ടുണ്ട്. മറ്റ് അപേക്ഷകളിൽ നടപടി പുരോഗമിക്കുകയാണ്. റിലീസ് വിവരങ്ങൾ ചുവടെ ചേർക്കുന്നു

(Rs. in crore)

| Release GO and date | No.of Claims | Claim Amount (Govt. Contribution) |
|---|---|---|
| G.O(Rt)No.2807/2018/Fin. Dated 28-3-2018 | 291 | 2.92 |
| G.O(Rt)No.4721/2018/Fin. Dated 3-6-2018 | 5899 | 57.58 |
| G.O(Rt)No.6274/2018/Fin. Dated 24-7-2018 | 3263 | 30.28 |
| G.O(Rt)No.9774/2018/Fin. Dated 27-11-2018 | 5850 | 57.47 |
| Total | 15303 | 148.25 |

(സി) സംസ്ഥാനതല ബാങ്കേഴ്സ് സമിതി ശിപാർശ ചെയ്ത് സർക്കാരിന് സമർപ്പിക്കുന്ന അപേക്ഷകളിൽ 5% അപേക്ഷകൾ ധനവകുപ്പ് പരിശോധിക്കുന്നുണ്ട്. ഈ പരിശോധനയിൽ ക്ലെയിമുകളുടെ അർഹത സംബന്ധിച്ച് സംശയം തോന്നുന്ന അപേക്ഷകൾ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ വിശദീകരണത്തിനും പുനഃപരിശോധനയ്ക്കുമായി തിരികെ നൽകുന്നുണ്ട്.

(ഡി) ഇൻഡ്യയ്ക്കകത്തുള്ള IIT, IIM, IIST, IISC മുതലായ ദേശീയ സ്ഥാപനങ്ങളിലേതുൾപ്പെടെ അംഗീകൃത പ്രൊഫഷണൽ/ ടെക്നിക്കൽ കോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ

പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. എന്നാൽ നഴ്സിംഗ് കോഴ്സുകൾ ഒഴികെയുള്ള കോഴ്സുകളിൽ മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ നേടിയവർക്കോ എൻ.ആർ.ഐ. ക്വാട്ടയിൽ അഡ്മിഷൻ നേടിയവർക്കോ ഈ പദ്ധതി ബാധകമാകുന്നതല്ല. നഴ്സിംഗ് ഇതര കോഴ്സുകളിൽ മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്കുകൂടി വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**പദ്ധതി അടങ്കൽ തുക**

100 (495) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അനുസരിച്ച് സംസ്ഥാന പദ്ധതി അടങ്കൽ തുക കേന്ദ്ര വിഹിതമുൾപ്പെടെ ആകെ എത്രയാണ് ; വ്യക്തമാക്കുമോ ;

(ബി) ഇതിൽ എസ്.സി/എസ്.ടി. വിഭാഗത്തിനായി നീക്കിവച്ചിട്ടുള്ളതെന്ത് തുകയാണ് ;

(സി) ഇതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നീക്കിവച്ചിട്ടുള്ള തുക എത്ര ; വ്യക്തമാക്കാമോ ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എസ്.സി/എസ്.ടി. മേഖലയ്ക്ക് വേണ്ടി എന്തു തുക ചെലവഴിച്ചുവെന്നും ഇത് ആകെ അനുവദിച്ച തുകയുടെ എത്ര ശതമാനമാണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ & ബി) 2018-19 വർഷത്തെ ബഡ്ജറ്റ് അനുസരിച്ച് സംസ്ഥാന പദ്ധതി അടങ്കൽ തുക കേന്ദ്ര വിഹിതമുൾപ്പെടെ 37,247.99 കോടി രൂപയാണ്. ഇതിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുൾപ്പെടെ എസ്.സി. വിഭാഗത്തിന് 2859.62 കോടി രൂപയും എസ്.ടി. വിഭാഗത്തിന് 826.19 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്.

(സി) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നീക്കിവച്ചിട്ടുള്ള തുക 7000 കോടി രൂപയാണ്.

(ഡി)

(തുക കോടിയിൽ)

| വിഭാഗം | അനുവദിച്ച തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|
| എസ്.സി | 2599.65 | 2204.66 | 84.81 |
| എസ്.ടി. | 751.08 | 623.83 | 83.06 |

**പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനം**

101 (496) ശ്രീ. മഞ്ഞളാംകുഴി അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രദേശിക സർക്കാരുകൾക്ക് സഞ്ചിതനിധിയിൽനിന്നും സംരക്ഷിത ഫണ്ട്, വികസന ഫണ്ട് എന്നീ ഇനങ്ങളിൽ ബഡ്ജറ്റ് വിഹിതമായി അനുവദിക്കുന്ന തുക അതത് വർഷം തന്നെ ചെലവഴിക്കേണ്ടതാണെന്ന ഉത്തരവ് നൽകിയതിനെതുടർന്ന് കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക ലാപ്സായിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) ഇത് പ്രദേശിക സർക്കാരുകളുടെ പ്രവർത്തനത്തെ എത്രത്തോളം പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഈ സാമ്പത്തിക വർഷം ഇത്തരത്തിൽ തുക ലാപ്സാവാതിരിക്കാൻ എന്തെല്ലാം നിർദ്ദേശം പ്രദേശിക സർക്കാരുകൾക്ക് നൽകിയിട്ടുണ്ട്; ഇത്തരത്തിൽ ചെലവഴിക്കാത്ത തുക അടുത്ത സാമ്പത്തിക വർഷം അധിക ധനാനുമതിക്കായി പുനരനുവദിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രാദേശിക സർക്കാരുകൾക്ക് സഞ്ചിതനിധിയിൽനിന്നും സംരക്ഷിത ഫണ്ട്, വികസന ഫണ്ട് എന്നീ ഇനങ്ങളിൽ അനുവദിക്കുന്ന തുക അതത് വർഷം തന്നെ ചെലവഴിക്കണമെന്ന് ഉത്തരവ് നൽകിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) 21-3-2015-ലെ സ.ഉ. (അ) നമ്പർ 119/2015/ധന ഉത്തരവ് പ്രകാരം, അതത് സാമ്പത്തിക വർഷം ചെലവഴിക്കാത്ത തുക അടുത്ത സാമ്പത്തിക വർഷം അനുവദിച്ച് നൽകുന്നതാണ്.

## സാമൂഹ്യ സുരക്ഷാ പെൻഷൻ

102 (497) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ സാമൂഹ്യ സുരക്ഷ പെൻഷൻ എത്ര രൂപ വീതമാണ് നൽകിയിരുന്നത് ; സർക്കാർ അധികാരമൊഴിയുമ്പോൾ പെൻഷൻ ഇനത്തിൽ എത്ര രൂപ കുടിശ്ശിക ഉണ്ടായിരുന്നു എന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പെൻഷൻ എത്ര രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട് എന്ന് ഇനം തിരിച്ച് അറിയിക്കാമോ;നാളിതുവരെ പെൻഷൻ ഇനത്തിൽ എത്ര രൂപ നൽകിയിട്ടുണ്ട് എന്നുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവർ എത്രയാണെന്നുള്ള വിവരം വിഭാഗം തിരിച്ച് ലഭ്യമാക്കാമോ ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ചുവടെ പറയും പ്രകാരമാണ് നൽകിയിരുന്നത്.

| | | |
|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 75 വയസ്സ് വരെ | 600 |
| | 75 വയസ്സിന് മുകളിൽ | 1500 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 80 ശതമാനത്തിന് താഴെ വൈകല്യമുള്ളവർ | 800 |
| | 80 ശതമാനവും അതിനു മുകളിലും വൈകല്യമുള്ളവർ | 1100 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | | 800 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | | 800 |
| കർഷക തൊഴിലാളി പെൻഷൻ | | 600 |

കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ 1473.67 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പെൻഷൻ ചുവടെ പറയും പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്:

| | | |
|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 75 വയസ്സ് വരെ | 1100 |
| | 75 വയസ്സിന് മുകളിൽ | 1500 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 80 ശതമാനത്തിന് താഴെ വൈകല്യമുള്ളവർ | 1100 |
| | 80 ശതമാനവും അതിനു മുകളിലും വൈകല്യമുള്ളവർ | 1300 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | - | 1100 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | - | 1100 |
| കർഷക തൊഴിലാളി പെൻഷൻ | - | 1100 |

ഈ സർക്കാർ നാളിതുവരെ പെൻഷൻ ഇനത്തിൽ 12466.91 കോടി രൂപ നൽകിയിട്ടുണ്ട്.

(സി)

| പെൻഷൻ ഇനം | ഉപവിഭാഗം | എണ്ണം |
|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 75 വയസ്സ് വരെ | 1738642 |
| | 75 വയസ്സിന് മുകളിൽ | 465092 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 80 ശതമാനത്തിന് താഴെ വൈകല്യമുള്ളവർ | 340866 |
| | 80 ശതമാനവും അതിനു മുകളിലും വൈകല്യമുള്ളവർ | 44492 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | - | 1281193 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | - | 80463 |
| കർഷക തൊഴിലാളി പെൻഷൻ | - | 476462 |
| **ആകെ** | | **4427210** |

## സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം

103 (498) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്നതിനായി പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ കമ്പനി എങ്ങനെയാണ് ആവശ്യമായ തുക കണ്ടെത്തുന്നത്;

(സി) ഏതൊക്കെ പെൻഷനാണ് കമ്പനി വഴി നൽകുന്നത്;വിശദമാക്കുമോ ?

ഉത്തരം

(എ) സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കാര്യക്ഷമമായി വിതരണം ചെയ്യുന്നതിനായി ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിൽ 26-6-2018-ലെ സ.ഉ.(കൈ) നമ്പർ 232/2018/ധന ഉത്തരവ് പ്രകാരം കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ട്. പെൻഷൻ തുക വിതരണം ചെയ്യുന്നതിൽ പ്രസ്തുത കമ്പനി ഒരു SPV (Special Purpose Vehicle) ആയി പ്രവർത്തിക്കുന്നു.

(ബി) നിക്ഷേപം, വായ്പ അടക്കമുള്ള ഉചിതമായ സാമ്പത്തിക ഉപാധികളിലൂടെ വ്യക്തികൾ, മറ്റു സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും കമ്പനി ഫണ്ട് സമാഹരിക്കുന്നതാണ്.

(സി) കാലാകാലങ്ങളിൽ സർക്കാർ വിജ്ഞാപനം ചെയ്യുന്ന കലണ്ടറിന് അനുസൃതമായി നിലവിൽ സംസ്ഥാന സർക്കാർ നൽകിവരുന്ന മുഴുവൻ സാമൂഹ്യ സുരക്ഷാ ക്ഷേമ പെൻഷനുകൾ കമ്പനി വഴി വിതരണം ചെയ്യുന്നതാണ്.

## അർഹരായവർക്കെല്ലാം ക്ഷേമ പെൻഷൻ

104 (499) ശ്രീ .ടി. വി. ഇബ്രാഹിം:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ മാനദണ്ഡങ്ങൾ സൃഷ്ടിച്ച്, വർഷങ്ങളായി വിവിധ ക്ഷേമപെൻഷൻ വാങ്ങുന്നവർക്ക് പെൻഷൻ നിഷേധിച്ചുവരുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെൻഷൻ നിഷേധിക്കപ്പെട്ടവരിൽ അർഹരായവർക്കെല്ലാം ഉടൻ പെൻഷൻ അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ ഗണ്യമായി ഉയർത്തി കൃത്യമായി വിതരണം ചെയ്യുന്ന സമീപനമാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽവരുമ്പോൾ 3443414 പേർക്കാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിച്ചിരുന്നതെങ്കിൽ ഇപ്പോൾ 4427210 പേർക്കാണ് ആയത് നൽകുന്നത്. അർഹരായവർക്ക് പെൻഷൻ നിഷേധിക്കുക എന്ന സമീപനം സർക്കാരിനില്ല എന്ന് ഇതിൽനിന്ന് വ്യക്തമാണ്. അതേസമയം ചിലർ തികച്ചും അനർഹമായി പെൻഷൻ കൈക്കലാക്കുന്നു എന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ഇത്തരത്തിൽ അനർഹർ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈക്കലാക്കുന്നത് തടയുന്നതിന്റെ ഭാഗമായി 1000 സി സി.യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള ടാക്സി അല്ലാത്ത നാലും അതിനു മുകളിലും ചക്രങ്ങളുള്ള വാഹനങ്ങൾ (അംബാസിഡർ കാർ ഒഴികെ) സ്വന്തം പേരിൽ ഉള്ളവർ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാൻ അർഹരല്ല എന്ന് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഇത്തരത്തിൽ അനർഹരെന്ന് കണ്ട് പെൻഷൻ താൽക്കാലികമായി തടഞ്ഞ് വയ്ക്കപ്പെട്ടവരിൽ അർഹരും ഉൾപ്പെട്ടിട്ടുണ്ടെന്ന പരാതികൾ സർക്കാരിൽ ലഭിച്ചതിനെ തുടർന്ന് ഇത്തരത്തിൽ പെൻഷൻ താല്ക്കാലികമായി തടയപ്പെട്ട അർഹരായവർക്ക് ഇതുസംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വളരെ അടിയന്തര പ്രാധാന്യത്തോടെ തന്നെ തടഞ്ഞ് വയ്ക്കപ്പെട്ട പെൻഷൻ അനുവദിച്ചിട്ടുണ്ട്.

(ബി) പെൻഷൻ താൽക്കാലികമായി തടഞ്ഞുവയ്ക്കപ്പെട്ടവരിൽ പെൻഷന് അർഹതയുണ്ടെന്ന് കണ്ടെത്തി പെൻഷൻ പുനഃസ്ഥാപിച്ച് നൽകിയ എല്ലാ ഗുണഭോക്താക്കൾക്കും അത്തരത്തിൽ റിപ്പോർട്ട് സർക്കാരിൽ ലഭിച്ച ഉടൻതന്നെ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## സാലറി ചലഞ്ചിൽ പങ്കാളികളായ പേഴ്സണൽ സ്റ്റാഫ്, സിവിൽ സർവ്വീസ് ഓഫീസർമാർ, പെൻഷൻകാർ

105 (500) <u>ശ്രീ. റോജി എം. ജോൺ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സൃഷ്ടിക്കായി ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്ന സാലറി ചലഞ്ചിൽ സംസ്ഥാനത്തെ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരിൽ എത്രപേർ പങ്കാളികളായി;

അവരിൽനിന്നും എത്ര കോടി രൂപ പിരിച്ചെടുക്കുവാൻ കഴിഞ്ഞുവെന്ന് അറിയിക്കുമോ;

(ബി) മുഖ്യമന്ത്രിയുടെയും, മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിൽ പെട്ട എത്ര പേർ സാലറി ചലഞ്ചിൽ പങ്കെടുത്തു; അവരിൽനിന്ന് എന്ത് തുക ലഭ്യമായി;

(സി) മുഖ്യമന്ത്രിയുടെ ഉപദേശകരിൽ എത്രപേർ ഇതിൽ പങ്കാളികളായി; അവരിൽനിന്ന് ഈയിനത്തിൽ എന്ത് തുക ലഭ്യമായി;

(ഡി) നവകേരള സൃഷ്ടിക്കായി സംസ്ഥാനത്തെ പെൻഷൻകാരിൽനിന്നും ഇതുവരെ എത്ര തുക സംഭാവനയായി ലഭിച്ചു എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 24.11.2018-ലെ സ്പാർക്കിലെ വിവരമനുസരിച്ച് 2018 ഒക്ടോബറിൽ ശമ്പളം മാറിയ സംസ്ഥാനത്തെ മൊത്തം സർക്കാർ ജീവനക്കാരിൽ (483733) 277338 പേർ സാലറി ചലഞ്ചിൽ പങ്കെടുത്തു. (57.33%)

സെപ്റ്റംബർ മാസം സ്പാർക്ക് മുഖാന്തരം ശമ്പളം വാങ്ങിയത് 4,87,602 പേരാണ്. അതിനെ അപേക്ഷിച്ച് 3869 പേർ കുറച്ചാണ് 24.11.2018 വരെ ശമ്പളം വാങ്ങിയിട്ടുള്ളത്.

ഒറ്റത്തവണയായി ഒരു മാസത്തെ ശമ്പളം സംഭാവന നൽകിയ ജീവനക്കാരുടെ എണ്ണം കൃത്യമായി ക്രോഡീകരിക്കപ്പെട്ടിട്ടില്ല.

പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ജീവനക്കാരിൽനിന്നുള്ള സംഭാവന സി.എം.ഡി.ആർ.എഫ്.-നുവേണ്ടി ആരംഭിച്ച ഒരു പ്രത്യേക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് വരവു വയ്ക്കുന്നത്. പ്രസ്തുത അക്കൗണ്ടിൽ 28-11-2018 രാവിലെ 10 മണി വരെയുള്ള കണക്കുകൾ പ്രകാരം 488,60,01,029 രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്.

പൊതുമേഖലാ ജീവനക്കാർ, വിവിധ ഗ്രാന്റ്-ഇൻ-എയ്ഡ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ സംഭാവന ബാങ്ക് അക്കൗണ്ടിലാണ് വരവ് വയ്ക്കുന്നത്. ആയത് ഇതിന് പുറമേയാണ്.

(ബി) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിൽ ഉൾപ്പെട്ട 451 പേർ ഒക്ടോബർ മാസത്തിൽ സാലറി ചലഞ്ചിൽ പങ്കെടുത്തു. സെപ്റ്റംബർ മാസത്തിൽ സാലറി ചലഞ്ചിൽ പങ്കെടുത്തവരിൽ (452) ഒരാളെ 28.09.2018 -ൽ വിടുതൽ ചെയ്തു. സാലറി ചലഞ്ചിൽ പങ്കെടുക്കുവാൻ സമ്മതപത്രം നൽകിയ

പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെ എണ്ണം 456 ആണ്. നാലുപേരുടെ സാലറി സ്ലിപ് അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ ശമ്പളം വിതരണം ചെയ്തിട്ടില്ല. അവരിൽ നിന്നും ഇതുവരെ 52,34,200 രൂപ പൊതുഭരണ (അക്കൗണ്ട്സ്-സി) വകുപ്പ് മുഖാന്തരവും 18,33,649 രൂപ നേരിട്ടും സാലറി ചലഞ്ചിലേയ്ക്കും നൽകിയിട്ടുണ്ട്.

(സി) മുഖ്യമന്ത്രിയുടെ ഉപദേശകരിൽ പൊതുഭരണ (അക്കൗണ്ട്സ്-സി) വകുപ്പ് മുഖാന്തരം ശമ്പളം കൈപ്പറ്റുന്ന രണ്ടുപേരും സാലറി ചലഞ്ചിൽ പങ്കാളികളായി. അവരിൽനിന്നും ഇതുവരെ 25904 രൂപ പൊതുഭരണ (അക്കൗണ്ട്സ്-സി) വകുപ്പ് മുഖാന്തരവും 1,00,000 രൂപ നേരിട്ടും സാലറി ചലഞ്ചിലേയ്ക്കും നൽകിയിട്ടുണ്ട്.

(ഡി) കേരള സംസ്ഥാന സർവ്വീസ്/ഫാമിലി പെൻഷൻകാർ അവരുടെ പെൻഷനിൽനിന്ന് തുക കുറവു ചെയ്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകണമെന്ന് ട്രഷറികളിൽ സമർപ്പിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ നാളിതുവരെ ട്രഷറി വകുപ്പ് പെൻഷൻകാരുടെ അക്കൗണ്ടുകളിൽനിന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 4,48,06,319 (നാല് കോടി നാൽപ്പത്തിയെട്ട് ലക്ഷത്തി ആറായിരത്തി മുന്നൂറ്റി പത്തൊൻപത് രൂപ) സമാഹരിച്ചിട്ടുണ്ട്. പെൻഷൻ അക്കൗണ്ടുകളിൽനിന്നും താൽപ്പര്യ പ്രകാരം കുറവ് ചെയ്ത് സി.എം.ഡി.ആർ.എഫ്.-ൽ അടച്ച തുകയുടെ കണക്ക് മാത്രമെ ഇതിൽ ഉൾക്കൊള്ളുന്നുള്ളൂ. ഭൂരിപക്ഷം പെൻഷൻകാരും ബന്ധപ്പെട്ട സംഘടനകൾ മുഖാന്തിരം സി.എം.ഡി.ആർ.എഫ്.-ലേയ്ക്ക് നേരിട്ട് സംഭാവന നൽകുകയാണ് ചെയ്യുന്നതെന്നാണ് മനസ്സിലാക്കുന്നത്.

## പ്രവാസി ചിട്ടിക്കായി ആവശ്യപ്പെട്ട ഇളവുകൾ

106 (501) <u>ശ്രീ. കെ. എം. മാണി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ചിട്ടി തുടങ്ങുവാനായി എന്തെല്ലാം ഇളവുകൾ തേടിയാണ് സർക്കാർ റിസർവ് ബാങ്കിനെ സമീപിച്ചത്;

(ബി) റിസർവ് ബാങ്ക് നൽകിയ മറുപടി കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; സർക്കാർ ഇളവ് ആവശ്യപ്പെട്ട കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ബാങ്ക് നൽകിയ ഇളവുകൾക്ക് ഉപരിയായി എന്തെല്ലാം വ്യത്യാസങ്ങളാണ് പ്രവാസി ചിട്ടിക്കുള്ള നോട്ടിഫിക്കേഷനിൽ വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പ്രവാസി ഇന്ത്യക്കാർക്ക് ചിട്ടിയിൽ ചേരുന്നതിനും പണം നിക്ഷേപിക്കുന്നതിനും ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ടിൽ (ഫെമ) ഉണ്ടായിരുന്ന വിലക്ക് നീക്കണമെന്ന ഇളവ് തേടിയാണ് കേന്ദ്ര സർക്കാരിനെ സമീപിച്ചത്. തുടർന്ന് 2015 മാർച്ച് 2 -ന് റിസർവ് ബാങ്കിന്റെ നോട്ടിഫിക്കേഷൻ നമ്പർ 337/2015-RB, 338/2015-RB എന്നിവ പ്രകാരം പ്രവാസി ഇന്ത്യക്കാർക്ക് ബാങ്കിങ് ചാനലുകൾ വഴി നോൺ റിപാട്രിയേഷൻ അടിസ്ഥാനത്തിൽ ചിട്ടിയിൽ ചേരാനും പണം അടയ്ക്കാനുമുള്ള അനുമതി ലഭിക്കുകയുണ്ടായി. അതിനെത്തുടർന്ന് 29/07/2015-ൽ G.O.(Ms) No.136/2015/TD പ്രകാരം കെ.എസ്.എഫ്.ഇ.-യ്ക്ക് പ്രവാസി ഇന്ത്യക്കാരിൽനിന്നും ചിട്ടിയിലേയ്ക്ക് പണം സ്വീകരിക്കാനുള്ള അനുമതി നൽകുകയുണ്ടായി. റിസർവ് ബാങ്കിന്റെ നോട്ടിഫിക്കേഷനുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(സി) CFA 1982 അനുസരിച്ച് നടത്തുന്ന ചിട്ടികളുടെ നടപടിക്രമങ്ങളിൽനിന്നും വ്യത്യസ്തമായി തികച്ചും ഓൺലൈനായി വെർച്വൽ ശാഖയിലൂടെ നടത്തുന്ന പ്രവാസി ചിട്ടിക്കുവേണ്ട നിയമപരമായ ഇളവുകൾ സർക്കാരിന്റെ 15-3-2018-ലെ G.O.(P) No.28/2018/TD, 24-7-2018-ലെ G.O.(P) No.107/2018/Taxes എന്നിവ പ്രകാരം നൽകുകയുണ്ടായി. പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

**പെൻഷൻ തുക അനുവദിക്കുന്നതിൽ കാലതാമസം**

107 (502) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബോർഡിലെ ആധാർ സമർപ്പിക്കാൻ വൈകിയ രണ്ട് പെൻഷനുകൾ ലഭിക്കാൻ അർഹതയുള്ള ഗുണഭോക്താക്കളുടെ ആധാർ എൻട്രി നടത്തി കുടിശ്ശിക പെൻഷൻ വിതരണത്തിനായി തുക അനുവദിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക എന്നത്തേക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) മത്സ്യ ബോർഡിലെ 6-2-2017 മുമ്പ് രണ്ട് പെൻഷൻ ലഭിച്ചുകൊണ്ടിരുന്ന 69 പെൻഷൻ ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷനോടൊപ്പം മത്സ്യ ബോർഡ് പെൻഷനും അർഹതയുണ്ടെന്നും അതിനാൽ ആധാർ സമർപ്പിക്കാൻ വൈകിയ ഇത്തരക്കാരുടെ ആധാർ എൻട്രി നടത്തുന്നതിന് അനുവദിക്കണമെന്നും മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡ് കമ്മീഷണറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഇത്തരത്തിൽ രണ്ട് പെൻഷൻ വാങ്ങാൻ അർഹതയുള്ളവരും എന്നാൽ യഥാസമയം ആധാർ സമർപ്പിക്കാത്തവരുമായ ഗുണഭോക്താക്കളുടെ ഡേറ്റ പോർട്ട് ചെയ്ത് നൽകുന്നതിന് തീരുമാനിക്കുകയും ഇത്തരത്തിൽ അർഹരായവരുടെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെടുകയും ഇത്തരത്തിൽ രണ്ടുപെൻഷൻ ലഭിക്കാൻ അർഹതയുള്ള 242 ഗുണഭോക്താക്കളുടെ ലിസ്റ്റ് സർക്കാരിൽ ലഭ്യമാക്കുകയും പ്രസ്തുത വിവരങ്ങൾ ഇൻഫർമേഷൻ കേരള മിഷൻ മുഖാന്തരം പോർട്ട് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ആദ്യം 69 പെൻഷൻ ഗുണഭോക്താക്കൾക്കാണ് അർഹതയെന്ന് അറിയിക്കുകയും എന്നാൽ റിപ്പോർട്ട് ലഭ്യമാക്കിയ അവസരത്തിൽ അത് 233 ആണെന്ന് അറിയിക്കുകയും അതിൽ സർക്കാർ വ്യക്തത ആവശ്യപ്പെട്ട അവസരത്തിൽ അർഹരായവരുടെ എണ്ണം 242 എന്നാണെന്ന് അറിയിക്കുകയും ചെയ്തതിൽ വ്യക്തത വരുത്തുതിലേയ്ക്ക് ആവശ്യപ്പെട്ടിരുന്നു. അടുത്ത പ്രാവശ്യം കുടിശ്ശിക അനുവദിക്കുന്ന അവസരത്തിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ അർഹരായ ഗുണഭോക്താക്കൾക്കും കുടിശ്ശിക ലഭിക്കുന്നതാണ്. സർക്കാർ തലത്തിൽ ഈ വിഷയത്തിൽ കാലതാമസം വന്നിട്ടില്ല.

(ബി) 2018 ഡിസംബർ മാസം അനുവദിക്കുന്ന ക്ഷേമനിധി ബോർഡ് പെൻഷൻ വിതരണം ചെയ്യുന്ന അവസരത്തിൽ നിലവിൽ ആധാർ പോർട്ട് ചെയ്ത് നൽകിയവർക്കും രണ്ട് പെൻഷൻ ലഭിക്കുന്നതാണ്.

**മലയിൻകീഴിൽ കലാ-കായിക സാംസ്കാരിക പാർക്ക്**

108 (503) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സംസ്ഥാന ബഡ്ജറ്റിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കലാ-കായിക സാംസ്കാരിക പാർക്ക് നിർമ്മിക്കുന്നത് സംബന്ധിച്ച നിർദ്ദേശത്തിന്മേൽ ഏതെങ്കിലും പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ;

(ബി) മലയിൻകീഴ് വിദ്യാഭ്യാസ സമുച്ചയം കേന്ദ്രീകരിച്ച് കലാ-കായിക പാർക്ക് ആരംഭിക്കുന്നത് സംബന്ധിച്ച് നിർദ്ദേശം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) 2018-19 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ "കലാ-കായിക സാംസ്കാരിക പാർക്കുകൾ സ്കൂളുകളിൽ" എന്ന പദ്ധതിക്കായി 4202-01-202-83-പ്ലാൻ എന്ന ശീർഷകത്തിൽ 7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി ഇതിനോടകം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ജില്ലാതലത്തിൽ ഏതൊക്കെ സ്കൂളുകൾ തെരഞ്ഞെടുക്കണം എന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

## ചരക്ക് സേവന നികുതി വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ

109 (504) ശ്രീ. ഷാഫി പറമ്പിൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചരക്ക് സേവന നികുതി വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) നിലവിലുണ്ടായിരുന്ന സർവൈലൻസ് സ്ക്വാഡുകളുടെ അംഗസംഖ്യ കുറച്ച് മൊബൈൽ സ്ക്വാഡുകൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്;

(സി) പാലക്കാട് ജില്ലയിലെ വേലന്താവളം, വാളയാർ, കഞ്ചിക്കോട് എന്നീ അതിർത്തി പ്രദേശങ്ങളിലെ സർവൈലൻസ് സ്ക്വാഡുകളിൽ ജോലി ചെയ്തിരുന്ന ജീവനക്കാരെ മൊബൈൽ സ്ക്വാഡുകളിലേക്ക് മാറ്റിയിട്ടുണ്ടോ;

(ഡി) പ്രസ്തുത മാറ്റം ചരക്ക് കള്ളക്കടത്ത് നടത്തുവാനുള്ള സാഹചര്യം ഉണ്ടാക്കിയിട്ടുണ്ട് എന്ന ആക്ഷേപം പരിഗണിച്ച് പുനഃപരിശോധിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി ആഗസ്റ്റ് 2018 മുതൽ പരിശോധനാ സ്ക്വാഡുകളുടെ എണ്ണം 91 ൽനിന്നും 178 ആയി വർദ്ധിപ്പിക്കുകയും ഇവയിൽ 126 സ്ക്വാഡുകളെ സംസ്ഥാന അതിർത്തികളിൽ ചരക്ക് വാഹന പരിശോധന നടത്തുന്നതിനും ഇ-വേ ബിൽ ഓൺലൈൻ പരിശോധനയ്ക്കായി വിന്യസിക്കുകയും ചെയ്തു.

(ബി) നിലവിലുള്ള സർവൈലൻസ് സ്ക്വാഡുകളുടെ അംഗസംഖ്യ കുറച്ച് മൊബൈൽ സ്ക്വാഡുകൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടില്ല.

(സി) സർവൈലൻസ് സ്ക്വാഡുകളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിനുവേണ്ടി കൃത്യമായ ഇടവേളകളിൽ സ്ക്വാഡുകളിലെ ഉദ്യോഗസ്ഥരെ പരസ്പരം മാറ്റി നിയമിക്കുന്നുണ്ട്.

(ഡി) പ്രസ്തുത മാറ്റങ്ങൾ ചരക്കുകള്ളക്കടത്ത് നടത്താനുള്ള സാഹചര്യം ഉണ്ടാക്കിയിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പ്രസ്തുത മാറ്റങ്ങൾമൂലം ചരക്കുകള്ളക്കടത്ത് വാഹനങ്ങളെ നിരീക്ഷിക്കുന്ന സ്ക്വാഡുകളുടെ പ്രവർത്തനം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കാനും തൻമൂലം നികുതി, പിഴ എന്നീ ഇനങ്ങളിലുള്ള വരുമാനം വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.

## ഇ-വേ ബിൽ

110 (505) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-വേ ബിൽ ഇല്ലാതെ നികുതി വെട്ടിച്ച് ചരക്ക് കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര ഇന്റലിജൻസ് സ്ക്വാഡുകൾ ഉണ്ട്; ഇത് വർദ്ധിപ്പിക്കാൻ ആലോചനയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) 2017 ജൂലൈ മുതൽ സംസ്ഥാനത്ത് വരുന്ന ചരക്കുകളിൽനിന്ന് ലഭിക്കേണ്ട നികുതിയിൽ (ഐ.ജി.എസ്.ടി.) ഉണ്ടായ വർദ്ധനവ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇ-വേ ബിൽ നടപ്പിലായതിനെത്തുടർന്ന് ഇതിന്റെ പരിശോധന കുറേക്കൂടി കാര്യക്ഷമമാക്കുന്നതിനും നികുതി വെട്ടിച്ച് ചരക്കു കടത്തുന്നത് തടയുന്നതിനുമായി കൂടുതൽ ഉദ്യോഗസ്ഥരെ പുനർവിന്യസിച്ച് സംസ്ഥാനത്ത് സർവൈലൻസ് സ്ക്വാഡുകളുടെയും മൊബൈൽ സ്ക്വാഡുകളുടെയും എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നിലവിൽ 126 സർവൈലൻസ് സ്ക്വാഡുകളും 52 മൊബൈൽ സ്ക്വാഡുകളും ചേർത്ത് ആകെ 172 ഇന്റലിജൻസ് സ്ക്വാഡുകളുണ്ട്.

(സി) അന്തർസംസ്ഥാന വാങ്ങലിന് നൽകിയ ഐ.ജി.എസ്.ടി. അടുത്ത മാസം അടയ്ക്കേണ്ട എസ്.ജി.എസ്.ടി.യിലേയ്ക്ക് തട്ടിക്കിഴിക്കാവുന്നതാണ്. ഇത്തരം അന്തർസംസ്ഥാന വാങ്ങലുകൾ പൂർണ്ണമായി അക്കൗണ്ട് ചെയ്യപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുകയാണ് ഇ-വേ ബില്ലിന്റെ ലക്ഷ്യം. ഇത് അതത് മാസങ്ങളിലെ വിൽപ്പനയുടെ വിറ്റുവരവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇ-വേ ബിൽ നടപ്പിലായതിനെത്തുടർന്ന്, 2018 മേയ് മുതൽ ഒക്ടോബർ വരെയുള്ള ഐ.ജി.എസ്.ടി. ക്രെഡിറ്റുപയോഗിച്ച് അടച്ച എസ്.ജി.എസ്.ടി.യുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| മാസം | ഐ.ജി.എസ്.ടി. ക്രെഡിറ്റുപയോഗിച്ച് അടച്ച എസ്.ജി.എസ്.ടി. |
|---|---|
| മേയ്, 2018 | 785.97 കോടി |
| ജൂൺ, 2018 | 879.89 കോടി |
| ജൂലൈ, 2018 | 848.44 കോടി |
| ആഗസ്റ്റ്, 2018 | 746.21 കോടി |
| സെപ്റ്റംബർ, 2018 | 651.90 കോടി |
| ഒക്ടോബർ, 2018 | 1068.43 കോടി |

(ഡി) റിട്ടേണുകൾ വിശദാംശങ്ങളോടുംകൂടി പൂർണ്ണമായ രീതിയിൽ ഇതുവരെയും ഫയൽ ചെയ്യപ്പെട്ടു തുടങ്ങിയിട്ടില്ല. എന്നാൽ 2018 ഡിസംബർ 31 ഓടുകൂടി വാർഷിക റിട്ടേണുകളും ആഡിറ്റഡ് സ്റ്റേറ്റ്മെന്റും ലഭ്യമാകുന്നതോടുകൂടി റിട്ടേണിന്റെ പരിശോധന നടത്തുവാൻ കഴിയും. ഇത് നികുതി വരുമാനം വർദ്ധിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ഇ-വേ ബിൽ സംവിധാനം**

111 (506) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-വേ ബിൽ സംവിധാനം നിലവിൽവന്നശേഷം ഇതുസംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; പ്രസ്തുത സംവിധാനം ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) ജി.എസ്.ടി.-യിൽ പൂർണ്ണമായ രീതിയിൽ റിട്ടേണുകൾ ഫയൽ ചെയ്യാത്തതിനാലും റിട്ടേണുകളിലെ വിവരങ്ങൾ പൂർണ്ണതോതിൽ സംസ്ഥാനത്തിന് ലഭ്യമല്ലാത്ത സാഹചര്യത്തിലും എപ്രകാരമാണ് ഇ-വേ ബിൽ പരിഷ്കരണം നടപ്പിൽ വരുത്തുന്നത്;

(സി)ജി. എസ്. ടി യിൽ നികുതി വെട്ടിപ്പ് നടക്കുന്നുവെന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; പല മേഖലകളിലേയും വ്യാപാരികൾ അനർഹമായ ഇൻപുട്ട് ക്രെഡിറ്റ് അധികമായി നടത്തുന്ന സാഹചര്യത്തിൽ ഇത്തരക്കാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) അടുത്ത സാമ്പത്തിക വർഷം ജി. എസ്. ടി. നികുതി വരുമാന വളർച്ച 20 ശതമാനത്തിലേക്ക് ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. അന്തർസംസ്ഥാന ചരക്കുനീക്കങ്ങളുടെ കൃത്യമായ വിവരങ്ങൾ ജി.എസ്.ടി.ഐ.എൻ. സോഫ്റ്റ്‌വെയറിന്റെ അടിസ്ഥാനത്തിൽ തീയതി, സമയം അനുസരിച്ച് ക്രോഡീകരിച്ച വിവരം ലഭ്യമാണ്. ചെക്ക്പോസ്റ്റുകൾ ഇല്ലാതായ സാഹചര്യത്തിൽ ഇ-വേ ബിൽ സമ്പ്രദായം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തെ വിപുലപ്പെടുത്തി കൂടുതൽ സ്ക്വാഡുകളെ ഇ-വേ ബിൽ പരിശോധിക്കുന്നതിലേയ്ക്കായി നിയോഗിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി നികുതി വരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) ജി.എസ്.ടി.യിൽ വിശദമായ റിട്ടേൺ സ്കൂട്ടിണി പ്രധാനമായും നടത്തുന്നത് വാർഷിക റിട്ടേണിന്റെ അടിസ്ഥാനത്തിലാണ്. ഇത് ഫയൽ ചെയ്യാനുള്ള അവസാന തീയതി 2018 ഡിസംബർ 31 ആണ്. ഇത്തരം റിട്ടേണുകൾ ലഭ്യമാകുമ്പോൾ ഇ-വേ ബിൽ പ്രകാരമുള്ള വിശാംശങ്ങൾ താരതമ്യം ചെയ്ത് നികുതിവെട്ടിപ്പ് നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കാവുന്നതാണ്.

(സി) ചില കേസ്സുകളിൽ കണ്ടെത്തിയിട്ടുണ്ട്. ജി.എസ്.ടി. റിട്ടേൺ വിശാംശങ്ങൾ പൂർണ്ണമായി ലഭ്യമല്ലാത്തതിനാൽ 2018 ഡിസംബർ 31-ഓടുകൂടി ഫയൽ ചെയ്യപ്പെടുന്ന വാർഷിക റിട്ടേണിന്റെ അടിസ്ഥാനത്തിൽ ഇതിനകം ഫയൽ ചെയ്തിട്ടുള്ള ജി.എസ്.ടി.ആർ. 3 ബി, ജി.എസ്.ടി.ആർ. 1, ഇ-വേ ബിൽ എന്നിവയുമായി ഒത്തുനോക്കി അനർഹമായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമായിട്ടുണ്ടോ എന്ന് പരിശോധിച്ച് നിയമപ്രകാരമുള്ള തുടർനടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) വ്യാപാരികളുടെ 2017-18 സാമ്പത്തികവർഷത്തിലെ വാർഷിക റിട്ടേണും ആഡിറ്റഡ് സ്റ്റേറ്റ്മെന്റും ലഭ്യമാകുമ്പോൾ ചരക്കുസേവന നികുതി വകുപ്പിന് കൂടുതൽ കാര്യക്ഷമമായി റിട്ടേൺ സ്കൂട്ടിനിയും തുടർനടപടികളും സ്വീകരിക്കാൻ കഴിയും. കൂടാതെ, അന്തർസംസ്ഥാന ചരക്കുനീക്കത്തിന്റെയും സംസ്ഥാനത്തിനകത്തുള്ള ചരക്കുനീക്കത്തിന്റെയും വിശദമായ വിവരങ്ങൾ ഇ-വേ ബില്ലിൽനിന്ന് ലഭ്യമാകുമെന്നതിനാൽ റിട്ടേണിൽ വിവരങ്ങളുടെ കൃത്യതയും നികുതി യഥാസമയം അടയ്ക്കുന്നു എന്നുള്ളതും ഉറപ്പുവരുത്താൻ കഴിയും. പരമാവധി മൂല്യവർദ്ധിത നികുതിയുമായി ബന്ധപ്പെട്ട നികുതി നിർണ്ണയങ്ങൾ ഈ വർഷം തന്നെ പൂർത്തിയാക്കി 2018-19 ജി.എസ്.ടി.യിൽ കൂടുതലായി ശ്രദ്ധ കേന്ദ്രീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനെത്തുടർന്ന് ജി.എസ്.ടി. നികുതിപിരിവിൽ കാര്യമായ വർദ്ധനയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

### ജി.എസ്.ടി.

112 (507) ശ്രീ. കെ. സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി വെട്ടിപ്പ് തടയുന്നതിനും, നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപ്പിലാക്കിയ നടപടികൾ എന്തൊക്കെയാണ്;

(ബി) സംസ്ഥാനത്തെ വ്യാപാരി-വ്യവസായികളിൽ എത്ര ശതമാനം പേർ ജി.എസ്.ടി. രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്;

(സി) ജി.എസ്.ടി. നിലവിൽ വന്നശേഷവും വ്യാപാരികൾ ബില്ല് നൽകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. ചരക്ക് സേവന നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗം നടത്തുന്ന പരിശോധന ഈ രംഗത്തെ ക്രമക്കേടുകൾ അവസാനിപ്പിക്കുവാൻ പര്യാപ്തമാണോ. അല്ലെങ്കിൽ പ്രസ്തുത വിഭാഗത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) 2017-18 സാമ്പത്തിക വർഷം നികുതി ഇനത്തിൽ പ്രതീക്ഷിച്ച വരുമാനവും, ലഭിച്ച വരുമാനവും തമ്മിലുള്ള അന്തരം എത്ര കോടി രൂപയായിരുന്നു; നികുതി വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഇ) സംസ്ഥാനത്തുണ്ടായ പ്രളയം നികുതി വരുമാനത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ. പ്രളയശേഷം ഒക്ടോബർ മാസത്തിൽ റിക്കോർഡ് ജി.എസ്.ടി. വരുമാനം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) 2018-19 സാമ്പത്തിക വർഷത്തിൽ ലാൻഡ് റവന്യൂ, റവന്യൂ റിക്കവറി ഇനങ്ങളിൽ പിരിവ് ഊർജ്ജിതമാക്കുന്നതിനായി ജില്ലകൾക്ക് പ്രതിമാസ ടാർജറ്റ് നിശ്ചയിച്ച് നൽകിയിരുന്നു. ഇപ്രകാരം ലാൻഡ് റവന്യൂ, റവന്യൂ റിക്കവറി ഇനങ്ങൾക്ക് യഥാക്രമം 482.61 കോടി രൂപ, 1384.95 കോടി രൂപ എന്നിങ്ങനെയാണ് ടാർജറ്റ് നിശ്ചയിച്ചിട്ടുള്ളത്. ഓരോ മാസവും ടാർജറ്റിന് അനുസൃതമായി പിരിവ് പുരോഗതി അവലോകനം ചെയ്ത് പിരിവ് കൈവരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർക്ക് നൽകിവരുന്നു. അടിസ്ഥാന ഭൂനികുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ നികുതിയേതര ഫീസുകളും ചാർജ്ജുകളും 1-4-2018 മുതൽ പ്രാബല്യത്തോടെ അഞ്ചു ശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി രജിസ്ട്രേഷനുള്ള വ്യാപാരികൾ യഥാസമയം റിട്ടേൺ ഫയൽ ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ചരക്ക് സേവന നികുതി വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അന്തർസംസ്ഥാന ചരക്കുനീക്കങ്ങളുടെ വിശദാംശങ്ങൾ കൃത്യമായി അക്കൗണ്ട് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി ഇ-വേ ബില്ലിന്റെ പരിശോധന കാര്യക്ഷമ മാക്കുന്നതിനായി സ്ക്വാഡുകളുടെ എണ്ണം വർദ്ധിപ്പിച്ച് ഇത്തരം പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. വാറ്റ് കാലഘട്ടത്തിലെ നികുതി നിർണ്ണയങ്ങൾ പരമാവധി 2019 മാർച്ച് 31-ഓടുകൂടി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്റ്റേയിലുള്ള നികുതി കുടിശ്ശികകൾ സ്റ്റേ വെക്കേറ്റ് ചെയ്ത് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജി.എസ്.ടി.-യിൽ പരമാവധി വ്യാപാരികളെ രജിസ്റ്റർ ചെയ്യിച്ച് നികുതി അടിത്തറ വിപുലപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് വ്യാപാര വ്യവസായ സേവന മേഖലകളിൽ നിന്നായി കേന്ദ്ര-സംസ്ഥാന നികുതി അതോറിറ്റികളുടെ മുമ്പാകെ 329028 പേർ രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്. ഇത് ഏകദേശം 98.24 ശതമാനം വരും.

(സി) ഉണ്ട്. ഇത്തരം ബിൽ നൽകാത്ത വ്യാപാര മേഖലകളിൽ പ്രത്യേകം ശ്രദ്ധ ചെലുത്തി പരിശോധന കർശനമാക്കാൻ ഇന്റലിജൻസ് അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇന്റലിജൻസ് വിഭാഗം വ്യാപാര സ്ഥാപനങ്ങളിൽനിന്നും ബില്ലുകൾ ശേഖരിച്ച് പരിശോധനാവിധേയമാക്കി വരുന്നു. ഹോട്ടൽ വ്യാപാര മേഖലയിൽ ഇത്തരം പ്രവണത വ്യാപകമാണെന്ന് കണ്ടതിനെത്തുടർന്ന് സംസ്ഥാനത്തൊട്ടാകെ ഇത്തരം വ്യാപാരികളെ രജിസ്റ്റർ ചെയ്യിക്കാനുള്ള നടപടികളും വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ മൊബൈൽ സ്ക്വാഡുകൾ രൂപീകരിച്ച് ചരക്ക് വാഹനപരിശോധന കർശനമാക്കി ഇൻവോയ്സും ഇ-വേ ബില്ലും ഇല്ലാതെ ചരക്കുനീക്കം നടത്തുന്നവർക്കെതിരെ പിഴ ചുമത്തുന്നതുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം നടപടികൾ നികുതി വെട്ടിപ്പ് തടയാൻ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ലാൻഡ് റവന്യൂ ഇനത്തിൽ പ്രതീക്ഷിത വരുമാനത്തിൽ 12.05 കോടി രൂപയുടെ കുറവ് വന്നിട്ടുണ്ട്. കോടതി, ഗവൺമെന്റ്, അപ്പലേറ്റ് അതോറിറ്റി എന്നിവിടങ്ങളിലെ വിവിധ സ്റ്റേകളിൽ ഉൾപ്പെടുന്നത് ലാൻഡ് റവന്യൂ പിരിവിനെ ബാധിക്കുന്നുണ്ട്.

ജി.എസ്.ടി. നടപ്പാക്കിയപ്പോൾ നികുതി വരുമാനം 20% വർദ്ധിക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്, ഈ വളർച്ച ഉണ്ടായിട്ടില്ല. എന്നാൽ ജി.എസ്.ടി. കോമ്പൻസേഷൻ നിയമപ്രകാരം, 2015-16 സാമ്പത്തിക വർഷത്തെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വാർഷിക വർദ്ധനവ് കണക്കാക്കി ഒരുമാസം 1822 കോടി രൂപ നിരക്കിൽ 16,398 കോടി രൂപയാണ് ജി.എസ്.ടി. കോമ്പൻസേഷൻ 2017-18 വർഷം നിശ്ചയിച്ചിരുന്നത്. എന്നാൽ, 12,011.88 കോടി രൂപയാണ് പിരിച്ചെടുക്കാനായത്. ഈ കുറവ് പരിഹരിക്കുന്നതിനായി ജി.എസ്.ടി. കോമ്പൻസേഷൻ നിയമപ്രകാരം ബാക്കി തുക ദ്വൈമാസ കോമ്പൻസേഷനുകളായി സംസ്ഥാന ഗവൺമെന്റിന് കേന്ദ്രം നൽകിയിട്ടുണ്ട്. വിശദമായ റിട്ടേണുകൾ ലഭിക്കാത്തതും നികുതി നിരക്കുകളിൽ കുറവ് വരുത്തിയതും പ്രതീക്ഷിത നികുതി വളർച്ച ലഭിക്കാത്തതിന്റെ കാരണമായി വിലയിരുത്തപ്പെടുന്നു.

(ഇ) സംസ്ഥാനത്തുണ്ടായ പ്രളയത്തെത്തുടർന്ന്, ജൂലൈ-ആഗസ്റ്റ് മാസങ്ങളിലെ റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള സമയം 2018 ഒക്ടോബർ 5, 10 എന്നീ തീയതികളിലേയ്ക്ക് നീട്ടുകയുണ്ടായി. ഇതിനുപുറമേ സെപ്റ്റംബർ മാസത്തെ റിട്ടേൺ ഫയൽ ചെയ്യേണ്ട തീയതി 2018 ഒക്ടോബർ 20 ആയിരുന്നു. കൂടാതെ, 2017-18 സാമ്പത്തിക വർഷത്തിലെ നികുതി റിട്ടേൺ പ്രകാരം അടയ്ക്കേണ്ട തുകയിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ ആയത് അടയ്ക്കുവാനുള്ള കാലാവധിയും 2018 ഒക്ടോബർ മാസത്തിലായിരുന്നു. കൂടുതൽ സ്ക്വാഡുകൾ രൂപീകരിച്ച് ചരക്ക് വാഹന പരിശോധന കർശനമാക്കുകയുണ്ടായി. ഈ പ്രത്യേക സാഹചര്യങ്ങൾ കൊണ്ടാണ് ഒക്ടോബർ മാസത്തിലെ നികുതിപിരിവിൽ ഗണ്യമായ വർദ്ധനവുണ്ടായത്. കൂടാതെ, ഇ-വേ ബിൽ പരിശോധന കാര്യക്ഷമമാക്കിയതിനെ തുടർന്ന് ഐ.ജി.എസ്.ടി. ക്രെഡിറ്റുപയോഗിച്ചുള്ള നികുതിയടവിലും പുരോഗതിയുണ്ടായതായി വിലയിരുത്തുന്നു.

**ജി.എസ്.ടി. ഏർപ്പെടുത്തിയശേഷം നികുതി വരുമാനത്തിലെ വളർച്ച**

113 (508) ശ്രീ. ഹൈബി ഈഡൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയശേഷം ഓരോ മാസവും എസ്.ജി.എസ്.ടി./ഐ.ജി.എസ്.ടി. ഇനത്തിൽ സംസ്ഥാനത്തിന് ലഭിച്ച വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ജി.എസ്.ടി. നടപ്പിലാക്കുന്നതിന് മുമ്പുള്ള അഞ്ച് വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭ്യമായ നികുതി വരുമാനത്തിലെ വളർച്ച/കുറവ് എന്നിവ ശതമാന കണക്കിൽ വ്യക്തമാക്കുമോ;

(സി) ജി.എസ്.ടി ഏർപ്പെടുത്തിയ ശേഷം നികുതി വരുമാനത്തിൽ ഉദ്ദേശിച്ച വളർച്ച ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജി.എസ്.ടി. നടപ്പിലാക്കിയ ശേഷം ഓരോ മാസവും എസ്.ജി.എസ്.ടി./ഐ.ജി.എസ്.ടി. ഇനത്തിൽ സംസ്ഥാനത്തിന് ലഭിച്ച വരുമാനം ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

| മാസം | എസ്.ജി.എസ്.ടി | ഐ.ജി.എസ്.ടി |
|---|---|---|
| ആഗസ്റ്റ് 2017 | 716.47 | 451.74 |
| സെപ്റ്റംബർ 2017 | 807.05 | 763.46 |
| ഒക്ടോബർ 2017 | 740.47 | 822.65 |
| നവംബർ 2017 | 610.30 | 801.36 |
| ഡിസംബർ 2017 | 600.51 | 795.95 |
| ജനുവരി 2018 | 700.39 | 826.90 |
| ഫെബ്രുവരി 2018 | 619.68 | 808.82 |
| മാർച്ച് 2018 | 604.24 | 794.12 |
| ഏപ്രിൽ 2018 | 693.64 | 802.07 |
| മേയ് 2018 | 661.80 | 785.97 |
| ജൂൺ 2018 | 682.47 | 879.89 |
| ജൂലൈ 2018 | 658.46 | 848.44 |
| ആഗസ്റ്റ് 2018 | 527.51 | 746.21 |
| സെപ്റ്റംബർ 2018 | 525.30 | 651.90 |
| ഒക്ടോബർ 2018 | 793.50 | 1068.43 |

(ബി) ജി.എസ്.ടി. നടപ്പിലാക്കുന്നതിനുമുമ്പുള്ള അഞ്ച് വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭ്യമായ നികുതി വരുമാനത്തിലെ വളർച്ച ശതമാനക്കണക്കിൽ

ചുവടെ ചേർക്കുന്നു:

| വർഷം | വളർച്ച (ശതമാനത്തിൽ) |
|---|---|
| 2012-13 | 19 |
| 2013-14 | 11 |
| 2014-15 | 10 |
| 2015-16 | 12 |
| 2016-17 | 9 |

(സി) ജി.എസ്.ടി ഏർപ്പെടുത്തിയ ശേഷം നികുതി വരുമാനത്തിൽ ഉദ്ദേശിച്ച വളർച്ച ഉണ്ടായിട്ടില്ല. അതിനുള്ള കാരണങ്ങൾ ചുവടെ ചേർക്കുന്നു:

1. കേരളത്തിൽ മൊത്തം വാറ്റ് പിരിവിന്റെ 70 ശതമാനത്തോളം, 14.5 ശതമാനം നിരക്കിലുള്ള കമ്മോഡിറ്റികളിൽനിന്നുമായിരുന്നു. ജി.എസ്.ടി. നടപ്പിലായപ്പോൾ റവന്യൂ ന്യൂട്രൽ റേറ്റ് 28 ശതമാനമായി നിശ്ചയിച്ചു എങ്കിലും പിന്നീട് 18 ശതമാനമായി കുറച്ചു. ഇതിനെ തുടർന്ന് സംസ്ഥാനത്തിന് കിട്ടുന്ന നികുതി വിഹിതം 9 ശതമാനമായി കുറഞ്ഞു. കൂടാതെ അന്തർസംസ്ഥാന ചരക്ക് കൈമാറ്റത്തിന് നൽകിയ ഐ.ജി.എസ്.ടി, എസ്.ജി.എസ്.ടി. എന്നിവ അടയ്ക്കുന്നതിനായി അതിന്റെ ക്രെഡിറ്റ് ഉപയോഗിക്കുമ്പോൾ ആ ക്രെഡിറ്റ് പൂർണ്ണമായും സംസ്ഥാനത്തിന് അടുത്ത മാസം ലഭിക്കേണ്ടതാണ്. എന്നാൽ നികുതി റിട്ടേൺ മുഴുവൻ ഫയൽ ചെയ്യാത്തതിനാൽ വിശദാംശങ്ങൾ ലഭിക്കുന്നില്ല. ഇതും പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്.

2. GST യുമായി ബന്ധപ്പെട്ട് 2017-18-ന്റെ Annual Return ഡിസംബർ 2018 വരെ ഫയൽ ചെയ്യാവുന്നതാണ്. അത്തരം റിട്ടേൺ ലഭ്യമാകുമ്പോൾ റിട്ടേണുകളുടെ വിശദമായ സ്ക്രൂട്ടിനി നടത്തി, നികുതി പിരിവ് വർദ്ധിപ്പിക്കാം എന്നാണ് പ്രതീക്ഷിക്കുന്നത്. Annual Return ഫയൽ ചെയ്യാനുള്ള കാലാവധി നീട്ടരുതെന്ന് കേരളം പ്രത്യേകമായി കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

3. അന്തർ സംസ്ഥാനത്തേയും സംസ്ഥാനത്തിനകത്തേയും ചരക്ക് നീക്കത്തിന്റെ വിശദമായ വിവരങ്ങൾ ലഭ്യമാകുന്നതിനുവേണ്ടി ഇ-വേ ബിൽ സമ്പ്രദായം 1-4-2018 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽനിന്നും ലഭ്യമാകുന്ന വിശദാംശങ്ങൾ വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേണുമായി ഒത്തുനോക്കി നികുതി വെട്ടിപ്പ് നല്ലൊരു പരിധി വരെ നിയന്ത്രിക്കാൻ കഴിയും. ഇതിനെ തുടർന്ന് ആനുപാതിക നികുതി വർദ്ധനവ് പ്രതീക്ഷിക്കുന്നു.

4. ഇ-വേ ബിൽ കൃത്യമായി ഫയൽ ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുവേണ്ടി ഇന്റലിജൻസ് വിഭാഗത്തിന്റെ എണ്ണം വർദ്ധിപ്പിച്ച് സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ വിന്യസിച്ചിട്ടുണ്ട്.

5. ഭൂരിഭാഗം ആഡംബര ഉപഭോക്തൃ ചരക്കുകളുടെയും നികുതി നിരക്ക് 23-ാം ജി.എസ്.ടി കൗൺസിലിന്റെ തീരുമാനപ്രകാരം 28%-ൽനിന്ന് 18%, 12% ആയി കുറച്ചിട്ടുണ്ട്. ഇത് സംസ്ഥാനങ്ങളുടെ നികുതി പിരിവിനെ ദോഷകരമായി ബാധിക്കുമെന്ന് കേരളം അന്നുതന്നെ ചൂണ്ടിക്കാണിച്ചിരുന്നു. നികുതി നിരക്കിലെ വ്യതിയാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ ചർച്ച ചെയ്ത് ഭൂരിപക്ഷ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നതായതിനാൽ ഇത് പുനഃപരിശോധിക്കാനുള്ള സാധ്യത വിരളമാണ്.

**ജി.എസ്.ടി.**

114 (509) <u>ശ്രീ. എസ്. ശർമ്മ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. സമ്പ്രദായം നിലവിൽവന്നതിനുശേഷം സംസ്ഥാനത്ത് ജി.എസ്.ടി. രജിസ്ട്രേഷൻ എടുത്തിട്ടുള്ള വ്യാപാരികൾ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) വാറ്റ് സമ്പ്രദായം നിലവിലുണ്ടായിരുന്ന 2016-17 സാമ്പത്തിക വർഷം സംസ്ഥാനത്ത് വാറ്റ് രജിസ്ട്രേഷൻ ഉണ്ടായിരുന്ന വ്യാപാരികൾ എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) വിവിധയിനം ചരക്കുകൾക്കും സേവനങ്ങൾക്കും ജി.എസ്.ടി. നികുതി നിരക്കിൽ വർദ്ധനവ് ഉണ്ടായിട്ടും നികുതിവരുമാനത്തിൽ കുറവുണ്ടാകുന്നത് തടയാൻ കാര്യക്ഷമമായ ഒരു സംവിധാനം രൂപപ്പെടുത്താൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഉത്തരം

(എ) 3.28 ലക്ഷം.

(ബി) 265128 എണ്ണം.

(സി) വിവിധയിനം ചരക്കുകൾക്ക് ജി.എസ്.ടി നികുതി നിരക്കിൽ കുറവാണ് ഉണ്ടായിരിക്കുന്നത്. നികുതി വരുമാനത്തിൽ കുറവുണ്ടായത് തടയാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. കേരളത്തിൽ മൊത്തം വാറ്റ് നികുതി പിരിവിന്റെ 70 ശതമാനത്തോളം, 14.5 ശതമാനം നിരക്കിലുള്ള ചരക്കുകളിൽനിന്നുമായിരുന്നു. ജി.എസ്.ടി. നടപ്പിലായപ്പോൾ റവന്യൂ ന്യൂട്രൽ റേറ്റ് 28 ശതമാനം ആയി നിശ്ചയിച്ചു എങ്കിലും പിന്നീട് 18 ശതമാനമായി കുറച്ചു. ഇതിനെ തുടർന്ന് സംസ്ഥാനത്തിന് കിട്ടുന്ന നികുതി വിഹിതം 9 ശതമാനമായി കുറഞ്ഞു. കൂടാതെ അന്തർസംസ്ഥാന ചരക്ക് കൈമാറ്റത്തിന് നൽകിയ ഐ.ജി.എസ്.ടി, എസ്.ജി.എസ്.ടി. എന്നിവ അടയ്ക്കുന്നതിനായി അതിന്റെ ക്രെഡിറ്റ് ഉപയോഗിക്കുമ്പോൾ ആ ക്രെഡിറ്റ് പൂർണ്ണമായും സംസ്ഥാനത്തിന് അടുത്ത മാസം ലഭിക്കേണ്ടതാണ്. എന്നാൽ വിശദമായ നികുതി റിട്ടേൺ ഫയൽ ചെയ്യാത്തതിനാൽ വിശദാംശങ്ങൾ ലഭിക്കുന്നില്ല. ഇത് പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്.

2. GST-യുമായി ബന്ധപ്പെട്ട് 2017-18-ന്റെ Annual Return 2018 ഡിസംബർ 31 വരെ ഫയൽ ചെയ്യാവുന്നതാണ്. അത്തരം റിട്ടേൺ ലഭ്യമാകുമ്പോൾ റിട്ടേണുകളുടെ വിശദമായ പരിശോധന നടത്തി, നികുതി പിരിവ് കാര്യക്ഷമമാക്കാം എന്നാണ് പ്രതീക്ഷിക്കുന്നത്.

3. അന്തർ സംസ്ഥാനത്തേയും സംസ്ഥാനത്തിനകത്തേയും ചരക്ക് നീക്കത്തിന്റെ വിശദമായ വിവരങ്ങൾ ലഭ്യമാകുന്ന ഇ-വേ ബിൽ സമ്പ്രദായം 1-4-2018 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽനിന്നും ലഭ്യമാകുന്ന വിശദാംശങ്ങൾ വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേണുമായി ഒത്തുനോക്കി നികുതി വെട്ടിപ്പ് നിയന്ത്രിക്കാൻ കഴിയും. ഇതിനെ തുടർന്ന് ആനുപാതിക നികുതി വർദ്ധന പ്രതീക്ഷിക്കുന്നു.

4. ഇ-വേ ബിൽ കൃത്യമായി ഫയൽ ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുവേണ്ടി ഇന്റലിജൻസ് വിഭാഗത്തിന്റെ എണ്ണം വർദ്ധിപ്പിച്ച് സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ വിന്യസിച്ചിട്ടുണ്ട്.

5. കേരളത്തിനകത്തേയ്ക്കും പുറത്തേയ്ക്കുമുള്ള ചരക്ക് നീക്കം കർശനമായ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്.

## ജി.എസ്.ടി.-യിൽനിന്നുള്ള വരുമാനം

115 (510) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി ഇനത്തിൽ ഈ സാമ്പത്തികവർഷം എത്ര രൂപ വരവുണ്ടായി എന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് കഴിഞ്ഞ സാമ്പത്തിക വർഷത്തെക്കാൾ എത്ര കൂടുതൽ ആണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ജി.എസ്.ടി. ഇനത്തിൽ ഈ സാമ്പത്തികവർഷം ഐ.ജി.എസ്.ടി.-യും കോമ്പൻസേഷനും അഡ്ഹോക് സെറ്റിൽമെന്റും ഉൾപ്പെടെ 31-10-2018 വരെ 14140.63 കോടി രൂപ വരവുണ്ടായി.

(ബി) ഇത് കഴിഞ്ഞ സാമ്പത്തിക വർഷത്തെക്കാൾ 2361 കോടി രൂപ കൂടുതലാണ്.

## നികുതി വെട്ടിപ്പ് തടയുന്നതിന് നടപടി

116 (511) ശ്രീ. റ്റി. വി. രാജേഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി വെട്ടിപ്പ് തടയുന്നതിനും നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം സംസ്ഥാനത്തെ നികുതിവരുമാനം എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നികുതി വെട്ടിപ്പ് തടയുന്നതിനും നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റംസ്ക്രൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുകയും ചെയ്തു.
2. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

3. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിനുവേണ്ടി 4 ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ) പോസ്റ്റും 12 അസിസ്റ്റന്റ് കമ്മീഷണർ (അപ്പീൽ) പോസ്റ്റും കൂടുതലായി അനുവദിച്ചു.

4. റിട്ടേൺ സ്ക്രൂട്ടിനി, കുടിശ്ശിക അസെസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കി.

5. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി.

6. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചു.

7. ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തി.

8. മെറ്റൽ ക്രഷർ യൂണിറ്റുകൾ, മറ്റ് നിർമ്മാണ യൂണിറ്റുകൾ എന്നിവ രജിസ്ട്രേഷൻ എടുത്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ്, ഇൻകം ടാക്സ് വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

9. ദീർഘകാലമായുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിലേയ്ക്കായി ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽ വരുത്തി.

10. നികുതി വെട്ടിപ്പിനുള്ള ഒരു പ്രധാന മാർഗ്ഗമാണ് റെയിൽവേ വഴിയുള്ള കള്ളക്കടത്ത്. ഇത്തരം ചരക്ക് കടത്ത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചിട്ടുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധന ശക്തമാക്കിയിട്ടുണ്ട്.

11. സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതിനെ തുടർന്ന് ചെക്ക് പോസ്റ്റുകൾ ഇല്ലാതായി. അതുകൊണ്ട് അതിർത്തി കടന്നുവരുന്ന വാഹനങ്ങളിൽ ഇ-വേ ബിൽ പരിശോധന കർശനമാക്കുന്നതിന് വേണ്ടി ഇന്റലിജൻസ് സ്ക്വാഡുകളുടെ എണ്ണം വർദ്ധിപ്പിച്ച് അതിർത്തികളിൽ വിന്യസിച്ചു.

(ബി) ജി.എസ്.ടി നടപ്പിലാക്കിയതിനുശേഷം സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ 2018-19 സാമ്പത്തിക വർഷം (31-10-2018 വരെ) 17 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

## ചരക്ക് സേവന നികുതി

117 (512) ശ്രീ. കെ. ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി നിലവിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ വരുമാനത്തിലുണ്ടായ വർദ്ധനവ് അല്ലെങ്കിൽ കുറവ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ മുഴുവൻ വ്യാപാരസ്ഥാപനങ്ങളും ജി.എസ്.ടി.- യിൽ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ചരക്ക് സേവന നികുതി നിലവിൽ വന്നതിനുശേഷം സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ വരുമാനത്തിൽ 2018-19 സാമ്പത്തിക വർഷം 17 ശതമാനം വർദ്ധനവ് (31-10-2018 വരെ - ജി.എസ്.ടി. കോമ്പൻസേഷനും, ഐ.ജി.എസ്.ടി.യും ഉൾപ്പെടെ) ഉണ്ടായിട്ടുണ്ട്.

(ബി) വാറ്റ് സമ്പ്രദായം നിലവിലുണ്ടായിരുന്ന 2016-17 സാമ്പത്തിക വർഷം 265128 വ്യാപാരികൾ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടായിരുന്നു. ഇതിൽ 37961 പേർ ഇരുപത് ലക്ഷത്തിന് താഴെ വിറ്റുവരവുള്ളവരായിരുന്നു. ടിയാളുകൾ ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കേണ്ടതില്ല. 223204 പേർ ജി.എസ്.ടി.-യിലേയ്ക്ക് മൈഗ്രേറ്റ് ചെയ്തിട്ടുണ്ട്. ഇത് ഏകദേശം 98.24 ശതമാനം വരും.

## നികുതി വരുമാനം

118 (513) ശ്രീ. കെ. ജെ. മാക്സി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി വരുമാനത്തിൽ എത്ര ശതമാനം വർദ്ധനവാണ് 2018-19 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ലക്ഷ്യമിട്ടത്; വ്യക്തമാക്കുമോ;

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ ഒക്ടോബർ 31 വരെ നികുതിയിനത്തിൽ പിരിച്ചെടുത്ത തുക എത്ര; വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(സി) നടപ്പുവർഷം ഒക്ടോബർ 31 വരെ നികുതിയിനത്തിൽ പിരിച്ചെടുക്കാൻ ഉദ്ദേശിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) നികുതി പിരിച്ചെടുക്കുന്നതിൽ ജീവനക്കാർ വീഴ്ചവരുത്തിയതായി കരുതുന്നുണ്ടോ; വിശദമാക്കുമോ?

## ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തെ പുതുക്കിയ എസ്റ്റിമേറ്റുമായി താരതമ്യപ്പെടുത്തുമ്പോൾ 2018-19-ൽ തനത് നികുതി വരുമാനത്തിൽ പ്രതീക്ഷിക്കുന്ന വർദ്ധനവ് 20% ആണ്.

(ബി) വകുപ്പുതല കണക്കുകൾ പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ ഒക്ടോബർ 31 വരെ 29721.02 കോടി രൂപ നികുതി ഇനത്തിൽ പിരിച്ചെടുത്തു.

| | |
|---|---|
| എക്സൈസ് വകുപ്പ് | - 1,372.39 കോടി രൂപ |
| ചരക്ക് സേവന നികുതി വകുപ്പ് | - 24,561.50 കോടി രൂപ |
| ലാൻഡ് റവന്യൂ | - 208.79 കോടി രൂപ |
| രജിസ്ട്രേഷൻ വകുപ്പ് | - 1,779.70 കോടി രൂപ |
| മോട്ടോർ വാഹന വകുപ്പ് | - 1,798.64 കോടി രൂപ. |

(സി) നടപ്പുവർഷം ഒക്ടോബർ 31 വരെ ഒരു നിശ്ചിത തുക നികുതിയിനത്തിൽ പിരിച്ചെടുക്കണമെന്ന് ഉദ്ദേശിച്ചിരുന്നില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## നവകേരള നിർമ്മാണത്തിനായി ജി.എസ്.ടി.-യിൽ സെസ്സ് ഏർപ്പെടുത്തൽ

119 (514) ശ്രീ. വി. പി. സജീന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള നിർമ്മാണത്തിനായി പണം കണ്ടെത്തുന്നതിന് ജി.എസ്.ടി.- യിൽ 10 ശതമാനം സെസ്സ് ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള ജി.എസ്.ടി. നിയമത്തിൽ സെസ്സ് ഏർപ്പെടുത്തുന്നതിന് നിബന്ധനയുണ്ടോ;

(സി) ഇല്ലെങ്കിൽ സെസ്സ് ഏർപ്പെടുത്തുന്നതിന് ജി.എസ്.ടി. നിയമത്തിൽ ഭേദഗതി വരുത്താൻ സാധിക്കുമോ;

(ഡി) ഇതുസംബന്ധിച്ച് എന്തെങ്കിലും ചർച്ച ജി.എസ്.ടി. കൗൺസിലുമായി നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കൗൺസിൽ എടുത്ത തീരുമാനം എന്താണെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) നവകേരള നിർമ്മാണത്തിനായി അധിക വിഭവസമാഹരണത്തിനായി എസ്.ജി.എസ്.ടി.-ക്ക് പുറത്ത് 10% സെസ്സ് ഏർപ്പെടുത്തുന്നതിന് അനുമതി ആവശ്യപ്പെട്ട് കേരളം കേന്ദ്രത്തെ സമീപിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള ജി.എസ്.ടി. നിയമത്തിൽ സെസ്സ് ഏർപ്പെടുത്തുന്നതിനുള്ള വകുപ്പില്ല. സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി ജി.എസ്.ടി. കോമ്പൻസേഷൻ നിയമപ്രകാരം നോട്ടിഫൈ ചെയ്യുന്ന ചരക്കുകളിലും സേവനത്തിനും മേലും സെസ്സ് പിരിക്കാൻ അധികാരമുണ്ട്.

(സി) ജി.എസ്.ടി. കൗൺസിലിന്റെ അനുമതി ലഭ്യമാകുകയാണെങ്കിൽ ജി.എസ്.ടി. നിയമത്തിൽ ഭേദഗതി വരുത്തി സെസ്സ് ഏർപ്പെടുത്തുന്നതിനുള്ള നിയമഭേദഗതി കൊണ്ടുവരാവുന്നതാണ്. എന്നാൽ, ഇന്ത്യയൊട്ടുക്ക് വ്യാപാരികൾ ഫയൽ ചെയ്യേണ്ട റിട്ടേണുകളും അടയ്ക്കേണ്ട നികുതിയും ജി.എസ്.ടി.എൻ. തയ്യാറാക്കിയ കോമൺ സോഫ്റ്റ്‌വെയർ പ്രകാരമാണ് നടപ്പിലാക്കി വരുന്നത്. ഇത് ഒരു സംസ്ഥാനത്തിനു മാത്രമായി പരിഷ്കരിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്.

(ഡി) കേരളത്തിന്റെ ആവശ്യപ്രകാരം, എസ്.ജി.എസ്.ടി.-ക്ക് പുറത്ത് സെസ്സ് ഏർപ്പെടുത്തുന്ന കാര്യം 30-ാം ജി.എസ്.ടി. കൗൺസിലിൽ ചർച്ച ചെയ്യുകയും ഇതിനെപ്പറ്റി പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി ബീഹാർ ഉപമുഖ്യമന്ത്രി ശ്രീ. സുശീൽകുമാർ മോഡി അദ്ധ്യക്ഷനായ ഒരു മന്ത്രിതല സമിതി രൂപീകരിച്ച് ഉത്തരവായിട്ടുള്ളതുമാണ്. ഈ കമ്മിറ്റിയിൽ കേരള ധനകാര്യ വകുപ്പുമന്ത്രിയും മെമ്പറാണ്. ഈ മന്ത്രിതല സമിതി, അതിന്റെ ആദ്യ യോഗം 15-10-2018-ൽ നടത്തുകയുണ്ടായി. ഇതിനെത്തുടർന്ന്, കേരളത്തിന്റെ ആവശ്യത്തോട് എല്ലാ സംസ്ഥാനങ്ങളുടെയും അഭിപ്രായം കേന്ദ്രം ആരാഞ്ഞിട്ടുണ്ട്. സെസ്സിനുപുറമേ സംസ്ഥാനങ്ങൾക്ക് അധിക കടമെടുക്കുന്നതിനുള്ള നിബന്ധനകളിൽ വ്യതിയാനം വരുത്തേണ്ടതുണ്ടോ എന്നതിനുള്ള അഭിപ്രായവും ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ, 14-ാം ധനകാര്യ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രളയക്കെടുതികൾക്ക് നൽകുന്ന നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നതിലുള്ള മാനദണ്ഡങ്ങളിൽ പരിഷ്കാരം വരുത്തേണ്ടതുണ്ടോയെന്നും ആരാഞ്ഞിട്ടുണ്ട്.

**വാണിജ്യ നികുതി വരുമാനം**

120 (515) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്കുസേവന നികുതി നടപ്പിലാക്കിയ ശേഷമുള്ള വാണിജ്യ നികുതി വരുമാനം താരതമ്യ പഠനത്തിന് വിധേയമാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ചരക്കുസേവന നികുതി നടപ്പിലാക്കിയ ശേഷം വാണിജ്യ നികുതി വരുമാനത്തിന്റെ ഗ്രാഫ് നില പരിശോധിച്ചിട്ടുണ്ടോ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ചരക്കുസേവന നികുതി നടപ്പിലാക്കിയത് വാണിജ്യ മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷം ജൂലൈ മുതൽ ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്ന് 2017 ആഗസ്റ്റ് മുതൽ 2018 മാർച്ച് വരെയുള്ള മൊത്തം നികുതി വരുമാനം (ജി.എസ്.ടി. ഉൾപ്പെടെ) 27857.48 കോടി രൂപയാണ്. 2016-17-ലെ കാലയളവിലുള്ള മൊത്തം വരുമാനം 24072.80 ആണ്. ഇത് 16 ശതമാനം വർദ്ധനവ് കാണിക്കുന്നു.

(ബി) മൊത്തം നികുതി വരുമാനം ജി.എസ്.ടി., കെ.ജി.എസ്.ടി. ഉൾപ്പെടെ ചരക്കു സേവന നികുതി നടപ്പിലാക്കിയതിനുശേഷം 16 ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്, പ്രാപ്യസ്ഥാനാധിഷ്ഠിത ഉപഭോക്തൃ നികുതിയായതിനാൽ ചരക്കുസേവന നികുതി നടപ്പിലാക്കുമ്പോൾ ഗണ്യമായ നികുതി വർദ്ധനവുണ്ടാകുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെത്തുടർന്ന് പൂർണ്ണ വിവരങ്ങളോടുകൂടിയ റിട്ടേണുകൾ ഇതുവരെയും ലഭ്യമായിട്ടില്ല. വിവിധ വാണിജ്യ വ്യവസായ സേവന മേഖലകളുടെ പരാതി പരിഗണിച്ച് റിട്ടേണിൽ മാറ്റങ്ങൾ വരുത്താൻ ജി.എസ്.ടി. കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. ഇത് നടപ്പിലാകുന്നതിനെ തുടർന്ന് നികുതി വരുമാനം വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ചരക്കു സേവന നികുതി നടപ്പിലാക്കിയത് വാണിജ്യ മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മറിച്ച്, വാണിജ്യ മേഖലയ്ക്ക് ഉണർവ് നൽകുന്ന നികുതി പരിഷ്കാരമായാണ് ഇത് വിലയിരുത്തപ്പെട്ടിട്ടുള്ളത്. ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് പൂർണ്ണമായും ലഭ്യമാകുന്നതും നികുതിക്കുമേൽ നികുതിയില്ലാത്തതുമായ പൂർണ്ണമായും സുതാര്യമായ നികുതി സംവിധാനമാണ് ജി.എസ്.ടി. ഈ സമ്പ്രദായ പ്രകാരം വ്യാപാരി വ്യവസായികൾ സ്വയം നികുതി നിർണ്ണയിച്ച് റിട്ടേൺ ഫയൽ ചെയ്യുന്ന സംവിധാനമാണ് നിലവിലുള്ളത്. ഉദ്യോഗസ്ഥരുടെ ഇടപെടൽ മുമ്പുണ്ടായിരുന്ന നികുതി വ്യവസ്ഥയുമായി താരതമ്യം ചെയ്യുമ്പോൾ വളരെ പരിമിതമാണ്. കൂടാതെ,

സംസ്ഥാന അതിർത്തികൾ തമ്മിൽ വേർതിരിക്കുന്ന ചെക്ക്പോസ്റ്റ് സമ്പ്രദായം പൂർണ്ണമായും നിർത്തലാക്കിയതിനെത്തുടർന്ന് ചരക്കു നീക്കത്തിനുള്ള സമയവും ചെലവും ഗണ്യമായി കുറഞ്ഞിട്ടുണ്ടെന്ന് വ്യാപാരികൾ തന്നെ അഭിപ്രായപ്പെട്ടിട്ടുണ്ട്. കൂടാതെ, കയറ്റുമതിയുമായി ബന്ധപ്പെട്ട റീഫണ്ടുകൾ സമയബന്ധിതമായി നൽകുന്നതിനാൽ അന്യരാജ്യങ്ങളിലെ ഉല്പാദകരുമായി മത്സരിക്കാനും ഇവരെ പ്രാപ്തരാക്കുന്നു. ഇങ്ങനെ മൊത്തമായി വിലയിരുത്തുമ്പോൾ ചരക്കുസേവന നികുതി സമ്പ്രദായം വാണിജ്യ വ്യവസായ മേഖലകൾക്ക് ഉണർവ് നൽകുന്നതാണ്.

### പെട്രോളിയം ഉല്പന്നങ്ങളുടെ വിലവർദ്ധനവിലൂടെയുള്ള അധികവരുമാനം

121 (516) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിന്റെയും ഡീസലിന്റെയും നിരന്തര വില വർദ്ധനവ് മൂലം സംസ്ഥാന സർക്കാരിന് നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ;

(ബി) ഒരു ലിറ്റർ ഡീസലും പെട്രോളും വിൽക്കുമ്പോൾ സംസ്ഥാന സർക്കാരിന് നികുതി ഇനത്തിലും മറ്റും എത്ര രൂപ വീതം ലഭിക്കുമെന്ന് വ്യക്തമാക്കുമോ; ഈ ഇനത്തിൽ 2017-18 സാമ്പത്തിക വർഷവും 2018-19-ൽ നാളിതുവരെയും സർക്കാരിന് ലഭിച്ച വരുമാനം എത്രയാണെന്ന് അറിയിക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് പെട്രോളിന്റെയും ഡീസലിന്റെയും വിലവർദ്ധനവ് ഉണ്ടായ സാഹചര്യത്തിൽ സംസ്ഥാനത്തിന് ലഭിക്കേണ്ടിയിരുന്ന അധിക നികുതി വരുമാനം ഉപേക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തവണ ഇപ്രകാരം അധികവരുമാനം ഉപേക്ഷിച്ചുവെന്നും അതിലൂടെ എത്ര കോടി രൂപയുടെ വരുമാന നഷ്ടം ഉണ്ടായെന്നും വ്യക്തമാക്കുമോ; ഈ നടപടി നിത്യോപയോഗ സാധനങ്ങൾ ഉൾപ്പെടെയുള്ളവയുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സഹായകമായിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തവണ അധിക നികുതി വേണ്ടെന്ന് വച്ചിട്ടുണ്ട്; ഇതിലൂടെ സംസ്ഥാന സർക്കാരിന് എത്ര കോടി രൂപയുടെ നികുതി നഷ്ടമുണ്ടായെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പെട്രോളിന്റയും ഡീസലിന്റെയും നിരന്തര വില വർദ്ധനവുമൂലം സംസ്ഥാന സർക്കാരിന്റെ നികുതി വരുമാനത്തിൽ ആനുപാതികമായ വർദ്ധനവുണ്ടാകും.

(ബി) ഒരു ലിറ്റർ പെട്രോൾ വിൽക്കുമ്പോൾ 17.97 രൂപയും ഒരു ലിറ്റർ ഡീസൽ വിൽക്കുമ്പോൾ 14.22 രൂപയും നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിക്കും. ഈ ഇനത്തിൽ 2017-18 സാമ്പത്തിക വർഷം പെട്രോളിൽനിന്ന് 3226.99 കോടി രൂപയും ഡീസലിൽനിന്ന് 3823.30 കോടി രൂപയും ലഭിച്ചു. 2018-19 സാമ്പത്തിക വർഷം (31.10.2018 വരെ) പെട്രോളിൽനിന്ന് 1843.89 കോടി രൂപയും ഡീസലിൽനിന്ന് 2015.91 കോടി രൂപയും ലഭിച്ചു.

(സി) മുൻസർക്കാരിന്റെ കാലത്ത് പെട്രോളിന്റെയും ഡീസലിന്റെയും വിലവർദ്ധനവുണ്ടായ സാഹചര്യത്തിൽ സംസ്ഥാനത്തിന് ലഭിക്കേണ്ടിയിരുന്ന അധിക നികുതി വരുമാനം ഉപേക്ഷിച്ചിട്ടുണ്ട്. പെട്രോളിന് നാല് തവണയും ഡീസലിന് രണ്ട് തവണയും അധിക നികുതി വരുമാനം ഉപേക്ഷിച്ചു. ഇതിലൂടെ പെട്രോളിൽനിന്ന് 375.75 കോടി രൂപയുടെയും ഡീസലിൽനിന്ന് 243.42 കോടി രൂപയുടെയും വരുമാന നഷ്ടമുണ്ടായി. ഇത്തരം നടപടി വിലക്കയറ്റത്തെ എപ്രകാരം ബാധിച്ചുവെന്ന് അനുമാനിക്കാവുന്ന രേഖകളോ, പഠനങ്ങളോ ലഭ്യമല്ല.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു തവണ അധിക നികുതി വേണ്ടെന്ന് വച്ചിട്ടുണ്ട്. ഇതിലൂടെ സംസ്ഥാന സർക്കാരിന് പെട്രോളിൽനിന്ന് 80 കോടി രൂപയുടെയും ഡീസലിൽനിന്ന് 116 കോടി രൂപയുടെയും നികുതി നഷ്ടമുണ്ടായി.

**കേന്ദ്രത്തിൽനിന്നുള്ള നഷ്ടപരിഹാരത്തുക**

122 (517) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയശേഷം കേന്ദ്രത്തിൽനിന്നും 2017-18 സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപ നഷ്ടപരിഹാര ഇനത്തിൽ ലഭ്യമായി;

(ബി) ഈ സാമ്പത്തിക വർഷം ഇതുവരെ ഈയിനത്തിൽ കേന്ദ്രത്തിൽനിന്നും എത്ര തുകയാണ് ലഭിച്ചത്;

(സി) നഷ്ടപരിഹാര തുക എത്രമാസം കൂടുമ്പോഴാണ് സംസ്ഥാന സർക്കാരിന് കേന്ദ്രത്തിൽനിന്നും ലഭിക്കുന്നത്;

(ഡി) ഈ സാമ്പത്തിക വർഷം ഇനി എത്ര ഗഡു നഷ്ടപരിഹാരംകൂടി ലഭിക്കുവാനുണ്ടെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ജി.എസ്.ടി. നടപ്പിലാക്കിയ ശേഷം കേന്ദ്രത്തിൽനിന്നും 2017-18 സാമ്പത്തിക വർഷത്തിൽ 2,102 കോടി രൂപ നഷ്ടപരിഹാര ഇനത്തിൽ ലഭ്യമായിട്ടുണ്ട്. ഇതിനുപുറമേ ഇന്ററിം അഡ്ഹോക് അഡ്വാൻസ് സെറ്റിൽമെന്റായി 736 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

(ബി) ഈ സാമ്പത്തിക വർഷം ഇതുവരെ നഷ്ടപരിഹാര ഇനത്തിൽ കേന്ദ്രത്തിൽനിന്നും 1,880 കോടി രൂപയാണ് ലഭിച്ചത്. ഇതിനുപുറമേ ഇന്ററിം അഡ്ഹോക് അഡ്വാൻസ് സെറ്റിൽമെന്റായി 1,935 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

(സി) ദ്വൈമാസ തവണകളായാണ് സംസ്ഥാന സർക്കാരിന് കേന്ദ്രത്തിൽനിന്നും നഷ്ടപരിഹാരത്തുക ലഭിക്കുന്നത്.

(ഡി) ജി.എസ്.ടി. വരവ് ആധാരമാക്കി ഈ സാമ്പത്തിക വർഷം ഇനി മൂന്ന് ഗഡു നഷ്ടപരിഹാരംകൂടി ലഭിക്കുവാനുണ്ട്.

## നികുതി വെട്ടിപ്പ് തടയുവാൻ നടപടി

123 (518) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>:
<u>ശ്രീ. വി. കെ.ഇബ്രാഹിം കുഞ്ഞ്</u>:
<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>:
<u>ശ്രീ. പി. കെ. ബഷീർ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽനിന്നും ചരക്കുകൾ നികുതി വെട്ടിച്ച് കൊണ്ടുവരുന്ന കാരണം നികുതി വരുമാനം കുറയുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ജി.എസ്.ടി. നിലവിൽ വന്നശേഷം നിർത്തലാക്കിയ വാണിജ്യ നികുതി ചെക്ക് പോസ്റ്റുകൾ വീണ്ടും തുറക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ചെക്ക് പോസ്റ്റുകൾ വഴി ചരക്കുമായി കടന്നുവരുന്ന എല്ലാ വാഹനങ്ങളും പരിശോധിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ;

(ഡി) ജി.എസ്.ടി. ഇന്റലിജൻസ് സ്ക്വാഡുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഇതര സംസ്ഥാനത്തുനിന്നും വരുന്ന ചരക്കുകളിൽ നടക്കുന്ന നികുതി വെട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി&ഡി) 1-7-2017 മുതൽ സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതോടുകൂടി ചെക്ക് പോസ്റ്റുകൾ ഇല്ലാതെയായി. എന്നാൽ അതിർത്തി വഴി കടന്നുവരുന്ന വാഹനങ്ങൾ പരിശോധിക്കുവാൻ ഇന്റലിജൻസ് സ്ക്വാഡുകളുടെ എണ്ണം 91-ൽനിന്ന് 178 ആയി വർദ്ധിപ്പിക്കുകയും ഇതിൽ 126 സ്ക്വാഡുകളെ സംസ്ഥാന അതിർത്തികളിൽ ഇടതടവില്ലാതെ ചരക്കുവാഹന പരിശോധന നടത്തുന്നതിനും ഇ-വേ ബിൽ ഓൺലൈൻ പരിശോധിക്കുന്നതിനുമായി വിന്യസിച്ചിട്ടുണ്ട്.

**ടി.എസ്.ബി. അക്കൗണ്ടുകൾ മുഖേന ഓൺലൈൻ ട്രാൻസാക്ഷൻ**

124 (519) ശ്രീ. കെ. എൻ. എ. ഖാദർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ ഉപഭോക്താക്കൾക്ക് ബാങ്കുകളിലേതെന്നപോലെ ഓൺലൈൻ ഫണ്ട് ട്രാൻസ്ഫർ, പേമെന്റ് എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാന ജീവനക്കാരുടെ ശമ്പളവിതരണം നടക്കുന്ന ദിവസങ്ങളിൽ നിലവിൽ സേവിംഗ്സ് അക്കൗണ്ടുകളിൽനിന്ന് ചെക്ക് മുഖേന മാത്രമെ പണം പിൻവലിക്കൽ സാധ്യമാകൂ എന്നതിനാൽ ഉളവാകുന്ന തിരക്കും കാലതാമസവും ഒഴിവാക്കാൻ ഈ അക്കൗണ്ടുകൾ ഓൺലൈൻ ട്രാൻസാക്ഷൻ റൈറ്റ്സ് ഉപഭോക്താക്കൾക്ക് നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബാങ്കുകളിലെന്നപോലെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിന്മേലും ഉപഭോക്താവ് ചെക്ക് നൽകി ഓൺലൈൻ ഫണ്ട് ട്രാൻസ്ഫർ, പേമെന്റ് സൗകര്യം (RTGS/NEFT) നിലവിൽ ലഭ്യമാണ്. ഇതുകൂടാതെ നെറ്റ് ബാങ്കിംഗ് സൗകര്യം ഇപ്പോൾ സജ്ജമാണ്. സേവിംഗ്സ് അക്കൗണ്ടിന്റെ സുരക്ഷയെ മുൻനിർത്തി ഈ സൗകര്യം പരീക്ഷണാടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിലേയും ട്രഷറി വകുപ്പിലേയും ജീവനക്കാർക്ക് മാത്രമായി ഇപ്പോൾ ലഭ്യമാക്കി വരുന്നു. ഒരു നിശ്ചിതകാലം ഇടപാടുകൾ നിരീക്ഷിച്ച് സുരക്ഷ ബോധ്യപ്പെട്ടതിനുശേഷം എല്ലാ അക്കൗണ്ട് ഉടമകൾക്കും ഈ സൗകര്യം ലഭ്യമാക്കുന്നതാണ്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിലേയും ട്രഷറി വകുപ്പിലേയും ജീവനക്കാർക്ക് ഈ സൗകര്യം ലഭ്യമാക്കിയിട്ടുമുണ്ട്.

## ട്രഷറി സേവിംഗ്സ് അക്കൗണ്ട് ഫോൺ നമ്പരുമായി ബന്ധിപ്പിക്കാൻ നടപടി

125 (520) ശ്രീ. കെ. എൻ. എ. ഖാദർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ ഇടപാട് നടത്തുമ്പോൾ ഉപഭോക്താവിന്റെ മൊബൈൽ ഫോണിൽ തത്സമയം വിവരങ്ങൾ എസ്.എം.എസ് മുഖേന നൽകാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; എല്ലാ ധനകാര്യ സ്ഥാപനങ്ങളിലും ലഭ്യമായ ഈ സൗകര്യം ട്രഷറികളിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; ഇതിനായി എന്തെങ്കിലും അധിക ചെലവ് വഹിക്കേണ്ടതുണ്ടോ; വിശദമാക്കുമോ;

(ബി) ട്രഷറി അക്കൗണ്ടുകളിൽ ഉപഭോക്താക്കളുടെ മൊബൈൽ നമ്പരുകൾ ബന്ധിപ്പിക്കാത്തതു കാരണം പുതുതായി രൂപകല്പന ചെയ്ത ആൻഡ്രോയിഡ് ആപ്ലിക്കേഷനുകൾ മൊബൈലിൽ ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ട്രഷറി സേവിംഗ്സ് അക്കൗണ്ടുകൾക്ക് എസ്.എം.എസ്. സൗകര്യം നിലവിൽ ലഭ്യമല്ല. എസ്.എം.എസ്. സൗകര്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കാനായി മൊബൈൽ സേവനദാതാക്കളുമായി ട്രഷറി വകുപ്പ് ആശയവിനിമയം നടത്തി വരികയാണ്. എസ്.എം.എസ്. സൗകര്യം ഏർപ്പെടുത്തുമ്പോൾ ഉണ്ടാകുന്ന അധികച്ചെലവ് ഉപഭോക്താക്കളിൽനിന്നും ഈടാക്കാത്തവിധത്തിലാണ് ഈ സംവിധാനം ആസൂത്രണം ചെയ്യുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രജിസ്റ്റർ ചെയ്യപ്പെട്ട മൊബൈൽ ഫോൺ ഉള്ളവർക്ക് മാത്രമെ ഈ സൗകര്യങ്ങൾ ലഭിക്കുകയുള്ളൂ. ട്രഷറി അക്കൗണ്ടുകളുമായി ഉപഭോക്താക്കളുടെ മൊബൈൽ നമ്പറുകൾ ബന്ധിപ്പിക്കാനുള്ള സൗകര്യം നിലവിലുണ്ട്. ഈ സൗകര്യം ഉപയോഗപ്പെടുത്തുന്നതിനുള്ള ബോധവൽക്കരണം ട്രഷറി തലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്.

## റവന്യൂ വരുമാനം സംബന്ധിച്ച വിശദാംശം

126 (521) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം 31-10-2018 വരെയുള്ള റവന്യൂ വരുമാനം, റവന്യൂ ചെലവ്, മറ്റ് ചെലവുകൾ എന്നിവ സംബന്ധിച്ച നിജസ്ഥിതി വിശദാംശം സഹിതം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ എത്ര ദിവസം ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു; വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കാലയളവിൽ എത്ര പ്രാവശ്യം ഓവർ ഡ്രാഫ്റ്റ് വേണ്ടിവന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2018 സെപ്റ്റംബർ 30 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ ശരാശരി പ്രതിമാസ റവന്യൂ വരവ് 6668.25 കോടി രൂപയും ശരാശരി പ്രതിമാസ റവന്യൂ ചെലവ്, മൂലധന ചെലവ് എന്നിവ യഥാക്രമം 9054.33 കോടി രൂപയും 522.02 കോടി രൂപയുമാണ്.

(ബി) നടപ്പുസാമ്പത്തിക വർഷം 15-8-18 വരെ പദ്ധതി - പദ്ധതിയേതര ചെലവിനങ്ങളുടെ 1 കോടി വരെയുള്ള ബിൽ തുകകൾ ട്രഷറിയിൽനിന്ന് ഗുണഭോക്താക്കൾക്ക് മാറി നൽകുന്നതിന് നിയന്ത്രണങ്ങളൊന്നും തന്നെയില്ലായിരുന്നു. ഈ പരിധി 16-8-2018 മുതൽ 21-10-2018 വരെ 25 ലക്ഷമായി കുറയ്ക്കുകയും 22-10-18 മുതൽ 1 കോടി രൂപയായി ഉയർത്തുകയും ചെയ്തിട്ടുണ്ട്.

(സി) നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ ഓവർഡ്രാഫ്റ്റ് സൗകര്യം ഉപയോഗപ്പെടുത്തിയിട്ടില്ല.

## കുന്ദമംഗലം സബ് ട്രഷറി

127 (522) ശ്രീ. പി. ടി. എ. റഹീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉത്തരവുണ്ടായിട്ടും കുന്ദമംഗലം സബ്ട്രഷറിയുടെ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സബ്ട്രഷറി ആരംഭിക്കുന്നതിന് ആവശ്യമായ കെട്ടിടവും വൈദ്യുതി കണക്ഷനും ലഭ്യമായ സാഹചര്യത്തിൽ സബ്ട്രഷറി പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം കേന്ദ്രമാക്കി സബ് ട്രഷറി ആരംഭിക്കുന്നതിന് 18-8-2014-ലെ സ.ഉ.(എം.എസ്) 343/14/ധന പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ട്രഷറി പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. തസ്തികകൾ സൃഷ്ടിച്ച ശേഷം ട്രഷറി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## വെഞ്ഞാറമൂട് സബ്- ട്രഷറി

128 (523) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ വെഞ്ഞാറമൂട് കേന്ദ്രമാക്കി സബ് ട്രഷറി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ വെഞ്ഞാറമൂട്ടിൽ ഒരു സബ്-ട്രഷറി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പരിഗണനയിലില്ല.

(ബി) ട്രഷറി ആധുനികവത്കരണം പൂർത്തിയാക്കി അവയുടെ പ്രവർത്തനം വിലയിരുത്തിയശേഷം മാത്രമെ പുതിയ ട്രഷറി തുടങ്ങുന്നതിനുള്ള നിർദ്ദേശം പരിഗണിക്കാൻ കഴിയുകയുള്ളൂ.

## പള്ളിക്കത്തോട് ട്രഷറിക്ക് പുതിയ കെട്ടിടം

129 (524) <u>ഡോ. എൻ. ജയരാജ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിക്കത്തോട് ട്രഷറിക്കായി പുതിയ കെട്ടിടം സ്ഥാപിക്കുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ട്രഷറി കെട്ടിടം പണിയുന്നതിൽ നിലവിലുള്ള തടസമെന്തെന്ന് വ്യക്തമാക്കാമോ;

(സി) കെട്ടിട നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പള്ളിക്കത്തോട് സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കാൻ ട്രഷറി വകുപ്പിന്റെ ആവശ്യപ്രകാരം പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് 26-5-2018-ന് പ്രമേയം പാസ്സാക്കിയിട്ടുണ്ട്. ഗ്രാമവികസന കമ്മീഷണറുടെ ഉടമസ്ഥതയിലുള്ളതും പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽ വരുന്നതുമായ ബ്ലോക്ക് നമ്പർ 46-ൽ സർവ്വേ നമ്പർ 135/6-ൽ 06.07 ആർ സ്ഥലം ട്രഷറി വകുപ്പിന് കൈമാറുന്നതിനായി തദ്ദേശസ്വയം ഭരണ വകുപ്പിന്റെ നിരാക്ഷേപപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നതായി ട്രഷറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) പള്ളിക്കത്തോട് സബ് ട്രഷറിക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം കൈമാറ്റ നടപടികൾ പൂർത്തിയായിട്ടില്ല.

(സി) പള്ളിക്കത്തോട് സബ് ട്രഷറിക്കായി പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് വിട്ടുനൽകാമെന്ന് ഏറ്റിരിക്കുന്ന സ്ഥലം ട്രഷറി വകുപ്പിന് അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ലഭ്യമാകുന്നമുറയ്ക്ക് ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പള്ളിക്കത്തോട് സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

**മലയിൻകീഴ് സബ് ട്രഷറിക്ക് പുതിയ കെട്ടിടം**

130 (525) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ മലയിൻകീഴ് സബ് ട്രഷറിക്ക് പുതിയ കെട്ടിടം G.O.Rt. No.8959/2016/Fin. നിർമ്മിക്കുന്നതിന് സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് നിലവിലെ സ്ഥിതി വിശദമാക്കാമോ ; അടിയന്തര പ്രാധാന്യത്തോടെ പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ ?

<u>ഉത്തരം</u>

(എ) സാങ്കേതികാനുമതി ലഭ്യമായിട്ടില്ല.

(ബി) ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ മലയിൻകീഴ് സബ് ട്രഷറിയുടെ നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന് 2,09,32,220 രൂപ (രണ്ടുകോടി ഒൻപത് ലക്ഷത്തി

മുപ്പത്തിരണ്ടായിരത്തി ഇരുന്നൂറ്റി ഇരുപത് രൂപ മാത്രം)യുടെ ഭരണാനുമതി 16-7-2017-ലെ സ.ഉ.(സാധാ) നമ്പർ 5721/2017/ധന പ്രകാരം നൽകിയിട്ടുണ്ട്. നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് സമർപ്പിച്ച പ്രസ്തുത ട്രഷറിയുടെ ഡി.പി.ആർ.-ന് സാങ്കേതികാനുമതികൂടി ലഭ്യമാക്കേണ്ടതുണ്ട്. സാങ്കേതികാനുമതിക്കായുള്ള ശിപാർശ നൽകുന്നതിന് സാങ്കേതിക കമ്മിറ്റിയുടെ യോഗം 28-11-2018-ന് കൂടുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ മലയിൻകീഴ് സബ് ട്രഷറിയുടെ ഡി.പി.ആർ. സമർപ്പിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്. ടെക്നിക്കൽ കമ്മിറ്റിയുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി പുറപ്പെടുവിക്കുന്നതാണ്. സാങ്കേതികാനുമതി ലഭിച്ചു കഴിഞ്ഞാൽ ടെണ്ടർ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കൊടുവള്ളി സബ് രജിസ്ട്രാർ ഓഫീസിലെ താൽക്കാലിക വെണ്ടർ നിയമനം

131 (526) ശ്രീ. പി. ടി. എ. റഹീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി സബ് രജിസ്ട്രാർ ഓഫീസിൽ താൽക്കാലിക വെണ്ടർ ആയി പ്രവർത്തിച്ചുവരുന്ന ടി. കെ. ഷാഹുൽ ഹമീദ് എന്നയാൾക്ക് ആരോഗ്യപരമായ കാരണങ്ങളാൽ അവധി അനുവദിക്കണമെന്നും പകരം ടിയാളുടെ സഹോദരപുത്രനായ ടി. കെ. മുഹമ്മദ് അസ്ലം എന്നയാൾക്ക് താൽക്കാലിക വെണ്ടർ ലൈസൻസ് അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ അപേക്ഷയിൻമേൽ ജില്ലാ ട്രഷറി ഓഫീസർ സ്പഷ്ടീകരണം തേടിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള മുദ്രപ്പത്ര നിർമ്മാണവും വിൽപ്പനയും സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം താൽക്കാലിക സ്റ്റാമ്പ് വെണ്ടർക്ക് ലീവ് അനുവദിക്കുന്നതിനും പകരം ടി താൽക്കാലിക വെണ്ടർ ലൈസൻസ് നോമിനിക്ക് മാറ്റി നൽകുന്നതിനും വ്യവസ്ഥയില്ല എന്ന സ്പഷ്ടീകരണം ജില്ലാ ട്രഷറി ഓഫീസർക്ക് നൽകിയിട്ടുണ്ട്.

## ചാത്തന്നൂർ സബ് ട്രഷറിക്ക് കെട്ടിടം

132 (527) ശ്രീ. ജി. എസ്. ജയലാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ സബ് ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്കായി

ചാത്തന്നൂർ സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ 4.05 ആർ സ്ഥലം ധനകാര്യ വകുപ്പിന് വിട്ടു കിട്ടിയിട്ടുണ്ടോ എന്നും ആയത് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത ഭൂമിയിൽ ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും ഇത് സംബന്ധിച്ച പുരോഗതി എന്താണെന്നും വ്യക്തമാക്കാമോ;

(സി) നാഷണൽ ഹൈവേ വീതികൂട്ടുന്നതുമായി ബന്ധപ്പെട്ട് നിലവിൽ ട്രഷറി പ്രവർത്തിക്കുന്ന കെട്ടിടം പൊളിക്കുവാൻ സാധ്യത ഉള്ളതിനാൽ കെട്ടിട നിർമ്മാണത്തിന് അടിയന്തരമായി ഭരണാനുമതി നൽകുമോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ചാത്തന്നൂർ സബ്ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ 4.05 ആർ സ്ഥലം 24-11-2011-ലെ G.O (Ms) No. 430/2011/Rev. നമ്പർ ഉത്തരവിലൂടെ ലഭ്യമായിട്ടുണ്ട്.

(ബി) ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ രണ്ടാം ഘട്ടത്തിലുൾപ്പെടുത്തി 12-7-2018-ലെ G.O.(Rt.) No.5944/2018/Fin. നമ്പർ ഉത്തരവ് പ്രകാരം ചാത്തന്നൂർ സബ്ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ചാത്തന്നൂർ സബ്ട്രഷറിയുടെ വിശദമായ പ്ലാനും എസ്റ്റിമേറ്റും ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ നടത്തിപ്പിന് സർക്കാർ രൂപീകരിച്ച പുതിയ ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിക്കുവാനും പ്രസ്തുത ടെക്നിക്കൽ കമ്മിറ്റിയുടെ സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് മുഖേന ചാത്തന്നൂർ സബ്ട്രഷറിയുടെ നിർമ്മാണം ആരംഭിക്കാൻ കഴിയുന്നതുമാണ്.

(സി) നിലവിൽ ട്രഷറി പ്രവർത്തിക്കുന്ന കെട്ടിടം ദേശീയപാത വീതികൂട്ടുന്നതിനുവേണ്ടി പൊളിക്കേണ്ടി വരുന്ന സാഹചര്യമുണ്ടായാൽ ചാത്തന്നൂർ സബ്ട്രഷറി താൽക്കാലികമായി പ്രവർത്തിപ്പിക്കാനാവശ്യമായ ബദൽ സംവിധാനം ഏർപ്പെടുത്താനായി പഞ്ചായത്ത് അധികൃതർ സന്നദ്ധത അറിയിച്ചിട്ടുണ്ട്. ചാത്തന്നൂർ സബ്ട്രഷറി നിർമ്മാണത്തിനായി 12-7-2018-ലെ G.O.(Rt) No. 5944/2018/Fin. നമ്പർ ഉത്തരവ് പ്രകാരം ഇതിനോടകം ഭരണാനുമതി നൽകിയിട്ടുള്ള സാഹചര്യത്തിൽ സാങ്കേതികാനുമതികൂടി ലഭ്യമാകുന്ന മുറയ്ക്ക് ട്രഷറി കെട്ടിടനിർമ്മാണം ആരംഭിക്കാൻ കഴിയുന്നതാണ്.

## പ്രളയദുരിതാശ്വാസ സംഭാവനകൾക്കായി റ്റി.എസ്.ബി. അക്കൗണ്ട്

133 (528) ശ്രീ. എം. ഉമ്മർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് സംഭാവനകൾ സ്വീകരിക്കുന്നതിനായി ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് (അക്കൗണ്ട് നമ്പർ : 799-1-14-000-47-98) ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നാളിതുവരെ എത്ര തുകയാണ് അതിലേയ്ക്ക് മുതൽകൂട്ടിയത്; വിശദമാക്കാമോ;

(ബി) പ്രസ്തുത അക്കൗണ്ട് ആരംഭിക്കുന്നതിനായി ഇറക്കിയ ഉത്തരവ് (G.O(Rt) No.7285/2018/Fin dtd.31-8-2018) പുനഃക്രമീകരിച്ചുകൊണ്ട് പുതിയ ഉത്തരവ് (7500/2018/Fin. dtd.7/9/2018) പുറപ്പെടുവിക്കാൻ ഇടയായ സാങ്കേതിക കാരണം എന്താണെന്ന് വിശദമാക്കാമോ;

(സി) കേരള ട്രഷറി കോഡിലെ വ്യവസ്ഥ പ്രകാരം റ്റി.എസ്.ബി. അക്കൗണ്ടിലൂടെ പൊതുജനങ്ങളിൽനിന്നും തുകകൾ സ്വീകരിക്കാൻ നിലവിൽ വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ; പ്രസ്തുത തുക സർക്കാരിന്റെ സഞ്ചിത നിധിയിൽ വരവ് ചേർക്കാറുണ്ടോ; ഉണ്ടെങ്കിൽ ഏത് ശീർഷകത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ തുക സഞ്ചിത നിധിയിലേയ്ക്ക് വരവ് വച്ചാൽ ആയത് ചെലവാക്കുന്നതിനായി സഭയുടെ അംഗീകാരം ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ ഏത് വ്യവസ്ഥ പ്രകാരമാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. സർക്കാർ ജീവനക്കാരുടെ സാലറി ചലഞ്ചിന്റെ ഭാഗമായുള്ള വിഹിതം സ്വീകരിക്കുന്നതിനുവേണ്ടി തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിക്കായി എസ്.റ്റി.എസ്.ബി. 799011400004798 എന്ന അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. 23-11-2018 വരെയുള്ള കണക്കനുസരിച്ച് സാലറി ചലഞ്ച് മുഖേന 4812886907 രൂപ ലഭ്യമായിട്ടുണ്ട്.

(ബി) പ്രളയ ദുരിതാശ്വാസത്തിന് സർക്കാർ ജീവനക്കാരുടെ സംഭാവനയായി നൽകുന്ന ഉത്സവബത്ത പ്രത്യേകമായി അക്കൗണ്ട് ചെയ്യുവാൻ ഒരു STSB തുറന്നുകൊണ്ട് ഉത്തരവ് (G.O.(Rt) No.7285/2018/Fin. dated 31-8-2018) പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ, ഈ ഉത്തരവ് പ്രകാരം, പ്രളയദുരിതവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന മറ്റു തുകകളുംകൂടി വരവ് വയ്ക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട് എന്ന ആശയക്കുഴപ്പം ഉയർന്നുവന്നിരുന്നു. ആകയാൽ, ഉത്സവബത്തയ്ക്ക് പുറമെ ജീവനക്കാരിൽനിന്നും സംഭാവനയായി ലഭിക്കുന്ന ശമ്പളത്തിന്റെ വിഹിതംകൂടി മാത്രമെ ഈ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടാൻ പാടുള്ളൂ എന്ന കാര്യം വ്യക്തമാക്കുന്നതിനാണ് മേൽ ഉത്തരവ് പുതുക്കി 7-9-2018-ൽ G.O.(Rt.)

No.7500/2018/Fin. എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. കൂടാതെ, പൊതുമേഖല സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ തുടങ്ങിയവയിലെ ജീവനക്കാരുടെ വിഹിതം ധന ലോൺസ് വിഭാഗത്തിൽനിന്നും പുറപ്പെടുവിച്ച 21-8-2018-ലെ നമ്പർ 76/2018/ധന. സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരം തുടരേണ്ടതാണ് എന്നുകൂടി നിഷ്കർഷിച്ചിട്ടുണ്ട്.

(സി) ട്രഷറി കോഡിലെ ചട്ടം 37(3), അപ്പെൻഡിക്സ് 3 തുടങ്ങിയുള്ള വ്യവസ്ഥകൾ പ്രകാരമാണ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് സംവിധാനം നിലവിലുള്ളത്. ആയതുപ്രകാരം നിലവിൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനോ അതിലേയ്ക്ക് തുകകൾ ഒടുക്കുന്നതിനോ പൊതുജനങ്ങൾക്ക് തടസ്സമൊന്നുമില്ല. പ്രസ്തുത തുക സർക്കാരിന്റെ സഞ്ചിത നിധിയിലല്ല വരവ് വയ്ക്കുന്നത്.

(ഡി) ബാധകമല്ല.

**നവകേരള ലോട്ടറിയിൽനിന്നുള്ള വരുമാനം**

134 (529) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള ലോട്ടറിയിൽനിന്നും എത്ര തുക വരുമാനമായി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ബി) ഈ ലോട്ടറിയിൽനിന്നും സർക്കാരിന് ലഭിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) നവകേരള ലോട്ടറിയിൽനിന്നും പ്രതീക്ഷിച്ച തുക ലഭിക്കാത്തതിന്റെ കാരണം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നവകേരള ഭാഗ്യക്കുറിയുടെ (NK-1) 90 ലക്ഷം ടിക്കറ്റുകൾ പരമാവധി അച്ചടിക്കുന്നതിനും അതിലൂടെ പരമാവധി 85.70 കോടി രൂപ അറ്റാദായമായി സമാഹരിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരുന്നത്.

(ബി) നവകേരള ഭാഗ്യക്കുറിയുടെ (NK-1) വിൽപ്പനയിലൂടെ ആകെ 36.10 കോടി രൂപയാണ് ലഭിച്ചത്. അതിൽ 16.57 കോടി രൂപയോളം അറ്റാദായമായി സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(സി) തിരുവോണം ബമ്പർ 2018 ഭാഗ്യക്കുറി വിപണിയിലുള്ളപ്പോൾ അടിയന്തര സാഹചര്യം മുൻനിർത്തി പ്രളയാനന്തര കേരളത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ധനസമാഹരണാർത്ഥമാണ് നവകേരള ഭാഗ്യക്കുറി വിപണിയിലിറക്കിയത്. കൂടാതെ പ്രളയാനന്തര കേരളത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകളും മറ്റനുബന്ധ ഘടകങ്ങളും നവകേരള ഭാഗ്യക്കുറി വിൽപ്പനയെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതായി വിലയിരുത്തുന്നു.

## നവകേരള ലോട്ടറി

135 (530) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രളയ ദുരന്തത്തിൽനിന്നും കരകയറ്റുന്നതിന് ധനസമാഹരണത്തിനായി നവകേരള ലോട്ടറി നടത്തിയിരുന്നോ;

(ബി) പ്രസ്തുത ലോട്ടറിയിൽനിന്നും എത്ര കോടി രൂപയുടെ വരുമാനമാണ് പ്രതീക്ഷിച്ചിരുന്നത്;

(സി) എത്ര കോടി രൂപയുടെ വരുമാനം ലഭിച്ചു;

(ഡി) പത്ത് കോടി രൂപയുടെ ഓണം ബമ്പർ ടിക്കറ്റ് വിപണിയിൽ ഉണ്ടായിരുന്നപ്പോൾ നവകേരള ലോട്ടറി പ്രഖ്യാപിച്ചത് അതിൽനിന്നുള്ള വരുമാനം കുറയുവാൻ കാരണം ആയിട്ടുണ്ടോ;

(ഇ) പ്രളയത്തെ തുടർന്ന് വിവിധ സംഘടനകൾ ജനങ്ങളിൽനിന്നും നടത്തിയ പിരിവും, സാലറി ചലഞ്ചിന്റെ പേരിൽ സർക്കാർ ജീവനക്കാരിൽ രൂപംകൊണ്ട അതൃപ്തിയും നവകേരള ലോട്ടറി വില്പനയെ ദോഷകരമായി ബാധിച്ചു എന്ന് കരുതുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) നടത്തിയിരുന്നു.

(ബി) നവകേരള ഭാഗ്യക്കുറിയുടെ (NK-1) പരമാവധി 90 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. അതിലൂടെ പരമാവധി 85.70 കോടി രൂപ അറ്റാദായമായി സമാഹരിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു.

(സി) നവകേരള ഭാഗ്യക്കുറിയുടെ (NK-1) വിൽപ്പനയിലൂടെ ആകെ 36.10 കോടി രൂപയാണ് ലഭിച്ചത്. അതിൽ 16.57 കോടി രൂപയോളം അറ്റാദായമായി സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ഡി) തിരുവോണം ബമ്പർ ഭാഗ്യക്കുറി ടിക്കറ്റ് വിപണിയിൽ ഉണ്ടായിരുന്നതും നവകേരള ലോട്ടറി വിൽപ്പനയിലൂടെ സമാഹരിക്കുന്നതിന് ലക്ഷ്യമിട്ടിരുന്ന തുകയിൽ കുറവുവന്നതിന് കാരണമായിട്ടുണ്ടാവാം.

(ഇ) ഇക്കാര്യങ്ങൾ ലോട്ടറി വില്പനയെ ബാധിച്ചതായി കരുതുന്നില്ല.

## നവകേരള ലോട്ടറി

136 (T*531) ശ്രീ. വി. എസ്. ശിവകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തെത്തുടർന്ന് നവകേരള നിർമ്മാണത്തിന് ഫണ്ട് കണ്ടെത്തുന്നതിനായി നവകേരള ലോട്ടറി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇതിലേയ്ക്കായി എത്ര ടിക്കറ്റുകളാണ് അച്ചടിച്ചത്; ഇവയുടെ നിരക്ക് വിശദമാക്കുമോ;

(സി) അതിൽ എത്ര തുകയുടെ ടിക്കറ്റുകളാണ് വിൽപ്പന നടത്താൻ കഴിഞ്ഞത്; എത്ര ടിക്കറ്റുകളാണ് വിറ്റഴിക്കാതെ പോയത്;

(ഡി) വിൽപ്പന കുറഞ്ഞതായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിൽപ്പന വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നവകേരള ഭാഗ്യക്കുറിയുടെ (NK-1) ആകെ 30 ലക്ഷം ടിക്കറ്റുകൾ അച്ചടിച്ചിട്ടുണ്ടായിരുന്നു. ടിക്കറ്റുകളുടെ പരമാവധി വിൽപ്പന വില 250 രൂപയായാണ് നിശ്ചയിച്ചിരുന്നത്. (മുഖവില - 223.22 + 12% ജി.എസ്.ടി.)

(സി) ആകെ അച്ചടിച്ച 30 ലക്ഷം ടിക്കറ്റുകളിൽ 16,17,480 ടിക്കറ്റുകൾ വിറ്റഴിച്ചിട്ടുണ്ട്. 1382520 ടിക്കറ്റുകൾ വിറ്റഴിക്കാതെ ശേഷിച്ചിട്ടുണ്ട്.

(ഡി) നവകേരള ഭാഗ്യക്കുറിയുടെ നറുക്കെടുപ്പ് 15-10-2018-ൽ നടത്തുകയുണ്ടായി.

## ലോട്ടറി വില്പനയിലെ നിയമവിരുദ്ധ പ്രവർത്തനം

137 (532) ശ്രീ. എ. പി. അനിൽ കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി വില്പനയിൽ നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) സംസ്ഥാന ഭാഗ്യക്കുറിയുടെ അവസാന നാല് അക്കങ്ങൾ ഒരു പോലെ വരുന്ന വിധത്തിൽ നിയമവിരുദ്ധമായി സെറ്റ് ചെയ്ത് ഭാഗ്യക്കുറി ഏജന്റുമാർ ടിക്കറ്റ് വില്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ ഏജന്റുമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ-സി) അനധികൃത എഴുത്ത് ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ സ്ഥലങ്ങളിൽ ഭാഗ്യക്കുറി ഏജന്റുമാർ നിയമനടപടിക്ക് വിധേയരായിട്ടുണ്ട്. ഭാഗ്യക്കുറി വിൽപ്പനയിൽ ഏജൻസി സീൽ പതിപ്പിക്കാതെ അവസാന നാല് അക്കങ്ങൾ ഒരേപോലെ വരത്തക്കവിധത്തിൽ നിയമവിരുദ്ധമായി സെറ്റ് ചെയ്ത് ഏജന്റുമാർ ടിക്കറ്റ് വിൽപ്പന നടത്തിയതായി പരാതി ലഭിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 12 ഭാഗ്യക്കുറി ഏജന്റുമാരുടെ ഏജൻസികൾ സസ്പെൻഡ് ചെയ്തിട്ടുണ്ട്.

## കാരുണ്യ ബെനവലന്റ് പദ്ധതി

138 (534) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം സഹായം ലഭിക്കുന്ന ആശുപത്രികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം സ്വകാര്യ മെഡിക്കൽകോളേജുകളിൽ കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം സഹായം ലഭിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ എല്ലാ സർക്കാർ ആശുപത്രികളിലും കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരമുള്ള ധനസഹായം ലഭ്യമാണ്. കൂടാതെ പദ്ധതിയിൽ അക്രഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളുടേയും ഡയാലിസിസ് സെന്ററുകളുടെയും സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ കോളേജുകളുടെയും ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാരുണ്യ ബെനവലന്റ് ഫണ്ട്

139 (535) ശ്രീ. കെ. ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും ഏതെല്ലാം രോഗങ്ങൾക്കാണ് ആനുകൂല്യങ്ങൾ ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം ആശുപത്രികളിൽ ചികിത്സ നടത്തിയാലാണ് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാവുക; വിശദാംശം നൽകുമോ?

ഉത്തരം

(എ) ക്യാൻസർ, ഹൃദ്രോഗം (ആൻജിയോഗ്രാം, ആൻജിയോ പ്ലാസ്റ്റി, ഹൃദയ ശസ്ത്രക്രിയകൾ എന്നിവയ്ക്ക്) തലച്ചോർ, കരൾ എന്നിവയുടെ ശസ്ത്രക്രിയകൾ, വൃക്ക, ഹൃദയം, കരൾ എന്നിവയുടെ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ, ഡയാലിസിസ്, പെരിറ്റോണിയൽ ഡയാലിസിസ്, വൃക്കമാറ്റിവയ്ക്കലിന് ശേഷമുള്ള തുടർചികിത്സ, ഹീമോഫീലിയ, ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാനാഡി എന്നിവയുടെ ഗുരുതരക്ഷതങ്ങൾ എന്നിവയാണ് നിലവിൽ കാരുണ്യ ചികിത്സാ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളത്.

(ബി) സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, റീജിയണൽ ക്യാൻസർ സെന്റർ, കൊച്ചിൻ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നീ ആശുപത്രികളിലും പരിയാരം സഹകരണ മെഡിക്കൽ കോളേജിലും കാരുണ്യ ചികിത്സാ പദ്ധതിയിൽ അക്രെഡിറ്റ് ചെയ്തിട്ടുള്ള 61 സ്വകാര്യ ആശുപത്രികളിലും 28 ഡയാലിസിസ് സെന്ററുകളിലും ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാണ്. അക്രെഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളുടെയും ഡയാലിസിസ് സെന്ററുകളുടേയും ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

## കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി

140 (536) ശ്രീ. കെ. രാജൻ : താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള തൃശ്ശൂർ ജില്ലയിലെ സ്വകാര്യ ആശുപത്രികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള തൃശ്ശൂർ ജില്ലയിലെ സ്വകാര്യ ആശുപത്രികളുടെയും ഡയാലിസിസ് സെന്ററുകളുടെയും ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

## താത്ക്കാലിക റേഷൻ കാർഡുകാർക്ക് കാരുണ്യ ബെനവലന്റ് ഫണ്ട് സഹായം

141 (537) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥിരം റേഷൻ കാർഡ് ഇല്ലാത്തവർക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നുള്ള ചികിത്സാ ധനസഹായം ലഭിക്കുന്നതിന് പ്രയാസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) താത്ക്കാലിക റേഷൻ കാർഡ് ഉള്ളവർക്കുകൂടി ആനുകൂല്യം ലഭിക്കത്തക്കതരത്തിൽ പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത നടപടികൾ അടിയന്തരമായി പൂർത്തിയാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. സ്ഥിരം റേഷൻ കാർഡ് ലഭിക്കുമ്പോൾ വിശദാംശങ്ങൾ സമർപ്പിക്കണമെന്ന വ്യവസ്ഥയിൽ താത്ക്കാലിക റേഷൻ കാർഡ് ഉള്ളവർക്കും കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും ധനസഹായം നൽകുന്നുണ്ട്.

## കെ.എസ്.എഫ്.ഇ.-യുടെ പ്രവാസി ചിട്ടി

142 (538) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യുടെ പ്രവാസി ചിട്ടി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) യു.എ.ഇ.- യിൽനിന്നും ചിട്ടിയിൽ ചേരുന്നതിന് എത്രപേർ താല്പര്യം അറിയിച്ചു; അതിൽ എത്രപേർ ഇതിനകം വരിക്കാരായി രജിസ്റ്റർ ചെയ്ത് ആദ്യ വരിസംഖ്യ അടച്ചു; വെളിപ്പെടുത്തുമോ;

(സി) ഈ സാമ്പത്തിക വർഷം എത്രപേർ പ്രസ്തുത ചിട്ടിയിൽ ചേരുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) പ്രസ്തുത ചിട്ടിയിൽ ചേരുന്ന വരിക്കാർക്ക് എന്തൊക്കെ പ്രത്യേക ആനുകൂല്യമാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 23-11-2018-ൽ ആദ്യലേലം നടന്നതോടെ കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു.

(ബി) കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി ആരംഭിക്കുന്നതിനുമുമ്പായി 72,698 പേർ ചിട്ടിയിൽ ചേരാൻ താല്പര്യം പ്രകടിപ്പിച്ചിരുന്നു. 22-11-2018 വരെ 1,946 പ്രവാസി മലയാളികൾ ചിട്ടിയിൽ ചേർന്ന് വരിസംഖ്യ അടച്ചിട്ടുണ്ട്.

(സി) 25,000 പ്രവാസികളെങ്കിലും ഈ സാമ്പത്തിക വർഷം ചിട്ടിയിൽ വരിക്കാരാകും എന്ന് പ്രതീക്ഷിക്കുന്നു. വരുംവർഷത്തിൽ ഇത് 1,00,000 ആയി ഉയരുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) പ്രവാസിജീവിതത്തിന്റെ അനിശ്ചിതാവസ്ഥ കണക്കിലെടുത്ത് പ്രസ്തുത ചിട്ടികളിൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുപ്രകാരം വരിക്കാരനായ പ്രവാസി മലയാളി ചേർന്നിട്ടുള്ള ചിട്ടിയുടെ കാലയളവിൽ ദൗർഭാഗ്യവശാൽ മരിക്കുകയാണെങ്കിൽ 10 ലക്ഷം വരെയുള്ള ബാധ്യതയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. അതുപോലെതന്നെ അപകടത്തിൽപ്പെട്ട് വരിക്കാരന് തൊഴിലെടുക്കാൻ സാധിക്കാത്ത വിധം അംഗഭംഗം സംഭവിക്കുകയാണെങ്കിലും 10 ലക്ഷം വരെയുള്ള ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. വരിക്കാരൻ മരണപ്പെടുന്ന കേസുകളിൽ ഭൗതികശരീരം നാട്ടിൽ എത്തിക്കാനും അനുയാത്രികന്റെ യാത്രാടിക്കറ്റിന് വരുന്ന ചെലവ് കെ.എസ്.എഫ്.ഇ. വഹിക്കുന്നതായിരിക്കും. ചിട്ടി തുക പൂർണ്ണമായോ ഭാഗികമായോ LIC of India-യുടെ Pension Scheme-ലേയ്ക്ക് മാറ്റുന്നപക്ഷം, വരിക്കാരന് നിക്ഷേപത്തിന് ആനുപാതികമായി 55 വയസ്സുമുതൽ പെൻഷൻ ലഭിക്കുന്ന പദ്ധതിയും ഈ പദ്ധതിയുടെ ഭാഗമാണ്.

## കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി

143 (539) ശ്രീമതി വീണാ ജോർജ്ജ്:

ശ്രീ. കെ. വി. അബ്ദുൾ ഖാദർ:

ശ്രീ. കെ. സുരേഷ് കുറുപ്പ്:

ശ്രീ. ആന്റണി ജോൺ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാകുന്ന രീതിയിൽ പ്രവാസി ചിട്ടി ആരംഭിക്കാൻ കെ.എസ്.എഫ്.ഇ. നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് റിസർവ് ബാങ്കിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രവാസി ചിട്ടിയിലൂടെ ലഭിക്കുന്ന തുക കിഫ്ബിയിൽ ബോണ്ടായി നിക്ഷേപിക്കുന്നതിന് എന്തെല്ലാം നിയമ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇപ്രകാരം പ്രവാസി ചിട്ടിയിലൂടെ എത്ര കോടി രൂപ കിഫ്ബി ഫണ്ടിലേയ്ക്ക് സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രവാസി ചിട്ടി ആരംഭിച്ചിട്ടുണ്ട്.

(ബി) റിസർവ് ബാങ്ക് 2015 മാർച്ച് 2-ന് ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ടിൽ (ഫെമ), നോട്ടിഫിക്കേഷൻ നമ്പർ 337/2015, 338/2015 എന്നിങ്ങനെ രണ്ടുഭേദഗതികൾ കൊണ്ടുവന്നു. ഇതുപ്രകാരം പ്രവാസി ഇന്ത്യക്കാർക്ക് ബാങ്കിംഗ് ചാനൽ മുഖേന, നോൺ റിപാടിയേഷൻ അടിസ്ഥാനത്തിൽ ചിട്ട് ഫണ്ടുകളിൽ വരിസംഖ്യ അടയ്ക്കുക സാധ്യമായി. ഇതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.എഫ്.ഇ. പ്രവാസി ഇന്ത്യക്കാരിൽനിന്നും ചിട്ടിയിൽ വരിസംഖ്യ സ്വീകരിച്ചുവരുന്നു.

(സി) ചിട്ടിയിലടയ്ക്കുന്ന മുഴുവൻ തുകയും കെ.എസ്.എഫ്.ഇ.-യുടെ പേരിൽ NRI ബോണ്ടുകളായി കിഫ്ബിയിൽ നിക്ഷേപിക്കുകയാണ് ചെയ്യുക. ചിട്ടി വരിക്കാരന് പണം കൊടുക്കേണ്ട ഘട്ടം വരുമ്പോൾ, ആവശ്യത്തിനുള്ള പണം കിഫ്ബിയിൽനിന്ന് എടുക്കാനുള്ള ഓപ്ഷൻ കെ.എസ്.എഫ്.ഇ.-യ്ക്ക് നൽകിയിട്ടുണ്ട്.

(ഡി) കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിയിലൂടെ അടുത്ത 5 വർഷം കൊണ്ട് ഏകദേശം 10,000 കോടിയോളം രൂപ കിഫ്ബി ഫണ്ടിലേയ്ക്ക് സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്.

**കെ.എസ്.എഫ്.ഇ. ചിട്ടികൾ**

144 (540) <u>ശ്രീ. കെ. ദാസൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശസാൽകൃത ബാങ്ക് അക്കൗണ്ടുകളിൽനിന്നും ഓൺലൈൻ സംവിധാനം വഴി കെ.എസ്.എഫ്.ഇ. ചിട്ടികളിലേക്ക് പണം അടയ്ക്കുന്നതിനുള്ള സൗകര്യം നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ; ഇതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സർക്കാർ ജീവനക്കാരുടെ മാസശമ്പളത്തിൽനിന്നും അടവ് തുക നേരിട്ട് ചിട്ടി അക്കൗണ്ടിലേക്ക് കിഴിവ് ചെയ്യുന്ന സംവിധാനം ആരംഭിക്കാനുള്ള നടപടികൾ കൈക്കൊള്ളുമോ; ഇതിനായുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

**പ്രവാസി ചിട്ടി നോട്ടിഫിക്കേഷൻ**

145 (541) ശ്രീ. കെ. എം. മാണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പ്രവാസി ചിട്ടി തുടങ്ങുവാൻ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചതെന്നാണെന്ന് അറിയിക്കുമോ; പകർപ്പ് ലഭ്യമാക്കുമോ;

(ബി) ചിട്ടി ആരംഭിക്കുന്നതിന് മുൻപ് ചിട്ടി തുടങ്ങുവാനുള്ള സെക്യൂരിറ്റി തുക കെ.എസ്.എഫ്.ഇ. കെട്ടിവച്ചിട്ടുണ്ടോ;

(സി) അപ്രകാരം സെക്യൂരിറ്റി വച്ചിട്ടുണ്ടെങ്കിൽ ഏത് തരം സെക്യൂരിറ്റിയിലാണ് തുക നിക്ഷേപിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ഡി) സെക്യൂരിറ്റി തുക ചിട്ടി നിയമമനുസരിച്ചുള്ള ഏത് രജിസ്ട്രാറുടെ പേരിലാണ് പ്ലഡ്ജ് ചെയ്തിട്ടുള്ളത്; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ 2016-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി തുടങ്ങുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതനുസരിച്ച് 24-1-2018-ലെ സ.ഉ.(എം.എസ്.) നമ്പർ 6/2018/നി.വ. പ്രകാരം പ്രവാസി ചിട്ടി തുടങ്ങുന്നതിന് കെ.എസ്.എഫ്.ഇ.-യ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(ബി) ചിട്ടി ആരംഭിക്കുന്നതിനുമുമ്പ് ആവശ്യമായ സെക്യൂരിറ്റി തുക കെ.എസ്.എഫ്.ഇ. കെട്ടിവച്ചിട്ടുണ്ട്.

(സി) കിഫ്ബി ബോണ്ട് ആയിട്ടാണ് സെക്യൂരിറ്റി തുക കെട്ടിവച്ചിട്ടുള്ളത്.

(ഡി) അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് ചിറ്റ്സ് വിർച്വൽ SRO, 6th Floor, KSRTC Bus Terminal Complex, Thampanoor, തിരുവനന്തപുരം എന്ന പേരിലാണ് പ്ലഡ്ജ് ചെയ്തിരിക്കുന്നത്.

## പ്രവാസി ചിട്ടിയെ സംബന്ധിച്ച കരാർ

146 (542) ശ്രീ. കെ. എം. മാണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ചിട്ടി നടത്തുവാൻ കെ.എസ്.എഫ്.ഇ.- യും കിഫ്ബി.- യും തമ്മിൽ സവിശേഷ കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രവാസി ചിട്ടിയുടെ പ്രചരണാർത്ഥം കിഫ്ബി, പ്രചരണം, താമസം, ഭക്ഷണം, റ്റി.എ/ഡി.എ തുടങ്ങിയവയ്ക്കായി എത്ര രൂപ ചെലവഴിച്ചു; വ്യക്തമാക്കാമോ;

(ഡി) ഇപ്രകാരം ചെലവഴിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) പ്രവാസി ചിട്ടിയ്ക്കുവേണ്ടി സോഫ്റ്റ്‌വെയർ തയ്യാറാക്കുവാൻ കിഫ്ബി എത്ര രൂപ ചെലവഴിച്ചുവെന്നറിയിക്കുമോ ?

### ഉത്തരം

(എ&ബി) കിഫ്ബിയും കെ.എസ്.എഫ്.ഇ.-യും തമ്മിൽ കരാർ ഒപ്പുവച്ചിട്ടില്ല.

(സി) ഇതുസംബന്ധിച്ച വിശദാംശം ചുവടെ കൊടുക്കുന്നു.

പ്രീ-ലോഞ്ച് ആൻഡ് മാർക്കറ്റ് സ്റ്റഡി

| | | |
|---|---|---|
| 1 | യാത്രാ, താമസം, ഭക്ഷണം, പരിപാടി നടത്തിപ്പ് ഇനങ്ങളിൽ | 59,71,987 രൂപ |
| 2 | എഫ്.എം. റേഡിയോ | 40,90,249 രൂപ |
| 3 | ടി.എ./ഡി.എ. | 65,451 രൂപ |
| മീഡിയ ആൻഡ് മാർക്കറ്റിംഗ് പ്ലാൻ (ഒന്നാം ഘട്ടം) | | |
| (1) | (2) | (3) |
| 1 | റേഡിയോ/ടി.വി./അഡ്വർടൈസ്മെന്റ് | 1,99,89,703 രൂപ |
| 2 | വീഡിയോ അഡ്വർടൈസ്മെന്റ് (ഇലക്ട്രോണിക്സ് ആൻഡ് ഇന്റർനെറ്റ്) | 23,62,500 രൂപ |
| 3 | ട്രെയിനിംഗ്-1 പ്രൊമോട്ടേഴ്സ് | 17,71,875 രൂപ |
| 4 | ഗ്രൗണ്ട് ഇവന്റ്സ് | 61,35,685 രൂപ |
| 5 | പ്രസ്സ് കോൺഫെറൻസ് & മീറ്റിംഗ്സ് (ബാങ്ക് & എക്സ്ചേഞ്ച് ഹൗസ്) | 15,74,952 രൂപ |

| (1) | (2) | (3) |
|---|---|---|
| 6 | വിസ, താമസം, യാത്ര | 22,48,456 രൂപ |
| 7 | എയർ ടിക്കറ്റ് | 7,50,335 രൂപ |
| 8 | ഗൂഗിൾ & ഫേസ്ബുക്ക് ക്യാംപെയിൻ | 20,00,000 രൂപ |
| 9 | ടി.വി. കൊമേഴ്യൽസ് & ജിംഗിൾസ് | 22,49,000 രൂപ |
| 10 | സർവ്വീസ് ചാർജ്ജ്-സി-ഡിറ്റ് | 39,08,251 രൂപ |
| 11 | മീഡിയ & മാർക്കറ്റിംഗ് (രണ്ടാം ഘട്ടം) അഡ്വാൻസ് | 1,04,22,777 രൂപ |

(ഡി) ഇതിനായി പ്രത്യേക സർക്കാർ അനുമതിയോ ഉത്തരവുകളോ പുറപ്പെടുവിച്ചിട്ടില്ല. കിഫ് ആക്ട് 6 (ബി) വകുപ്പ് പ്രകാരം "നിധി" വർദ്ധിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും വിനിയോഗിക്കുന്നതിനും വേണ്ടിയുള്ള വിഭവസമാഹരണം അധികാരപ്പെടുത്തുക" എന്നത് കിഫ് ബോർഡിന്റെ ചുമതലയിൽപ്പെടുന്നു. നിധിയിലേയ്ക്ക് വിഭവസമാഹരണം നടത്തുന്നതിന്റെ ഭാഗമായി പ്രവാസി ചിട്ടി പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ പ്രാഥമിക ചെലവുകളാണ് കിഫ് ബോർഡ് വഹിക്കുന്നത്.

(ഇ) ഈ ഇനത്തിൽ 40,32,853 രൂപ ചെലവഴിച്ചിട്ടുണ്ട്.

## പ്രവാസി ചിട്ടിയുടെ പ്രചരണാർത്ഥം മന്ത്രിമാരുടെ വിദേശപര്യടനം

147 (T*543) <u>ശ്രീ. കെ. എം. മാണി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ചിട്ടിയുടെ പ്രചരണാർത്ഥം മന്ത്രിമാർ വിദേശപര്യടനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മന്ത്രിമാരാണെന്ന് അറിയിക്കുമോ:

(ബി) മന്ത്രിമാരുടെ വിദേശപര്യടനത്തിനായി എത്ര രൂപ ചെലവായി; ആയത് ഏത് ഹെഡ്ഡ് ഓഫ് അക്കൗണ്ടിൽ നിന്നാണ് ചെലവഴിച്ചത്;

(സി) പ്രസ്തുത ചെലവിനെ സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രവാസി ചിട്ടിയുടെ പ്രചരണാർത്ഥം മന്ത്രിമാർക്ക് ടി.എ./ഡി.എ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി-ഡി) ചോദ്യം ഉദിക്കുന്നില്ല.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## കെ.എസ്.എഫ്.ഇ. ബ്രാഞ്ച് ഓഫീസുകളുടെ നവീകരണം

148 (544) ശ്രീ. കെ. ദാസൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രാഞ്ച് ഓഫീസുകളുടെ പരിഷ്കരണം കാലോചിതമായി നടക്കാത്തതിന്റെയും ഓൺലൈൻ സംവിധാനം കാര്യക്ഷമമാകാത്തതിന്റെയും ഭാഗമായി കെ.എസ്.എഫ്.ഇ.-യുടെ പല ബ്രാഞ്ച് ഓഫീസുകളിലും ഇടപാടുകാർക്ക് ഉണ്ടാവുന്ന സമയ നഷ്ടവും ബുദ്ധിമുട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബ്രാഞ്ച് ഓഫീസുകൾ ആധുനിക ഓഫീസ് മാതൃകയിൽ നവീകരിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; നവീകരണ പ്രവൃത്തികൾ നടന്നുവരുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) ബ്രാഞ്ച് ഓഫീസുകളുടെ പരിഷ്ക്കരണം കാലോചിതമായി നടപ്പിലാക്കാത്തതിന്റേയോ കംപ്യൂട്ടർവൽക്കരണത്തിന്റെ നടത്തിപ്പിന്റെ ഉദാസീനതകൊണ്ടോ ബ്രാഞ്ചുകളുടെ പ്രവർത്തനം തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കംപ്യൂട്ടർ സോഫ്റ്റ്‍വെയറുകൾ ഉപയോഗിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും പൊതുവായി ബാധിക്കാറുള്ള ഒറ്റപ്പെട്ട ലൈൻ തകരാറുകൾ, സെർവറിന്റെ താൽക്കാലിക പ്രശ്നങ്ങൾ എന്നിവ അപൂർവ്വം സാഹചര്യങ്ങളിൽ ശാഖാ പ്രവർത്തനത്തെ മന്ദീഭവിപ്പിച്ചിട്ടുണ്ട് എന്നുമാത്രം.

(ബി) ഉണ്ട്. ബ്രാഞ്ച് ഓഫീസുകൾ പരിഷ്കരിക്കേണ്ടത് കാലാനുസൃത ആവശ്യമെന്ന നിലയിൽ പരിഗണിച്ച് ഘട്ടംഘട്ടമായി ചെയ്തുവരുന്നുണ്ട്. പുതുതായി തുറക്കുന്ന ശാഖകൾ, സ്ഥലം മാറുന്ന ശാഖകൾ ഇവയൊക്കെ പുതിയ സൗകര്യങ്ങളോടുകൂടിയാണ് സംവിധാനം ചെയ്യുന്നത്. ഇതിനകം 16 ശാഖകൾ ഇത്തരത്തിൽ നവീകരിച്ച കെട്ടിടത്തിൽ പ്രവർത്തിച്ചുതുടങ്ങിയിട്ടുണ്ട്.

## മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ച കെ.എസ്.എഫ്.ഇ. ശാഖകൾ

149 (545) ശ്രീ. ജോർജ് എം. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് അനുവദിച്ച കെ.എസ്.എഫ്.ഇ. ശാഖകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഇപ്പോൾ പ്രവർത്തിക്കുന്നവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രവർത്തനം ആരംഭിച്ച കെ.എസ്.എഫ്.ഇ. കൂടരഞ്ഞി ശാഖ ഇപ്പോൾ പ്രവർത്തിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ശാഖയ്ക്ക് സ്ഥലവും സൗകര്യവും അനുവദിച്ച കെട്ടിട ഉടമയ്ക്ക് പണം നൽകാനുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ ആവശ്യങ്ങളിൻമേൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) അനുബന്ധമായി ചേർക്കുന്നു*.

(സി) 22-2-2016-ൽ ചേർന്ന കമ്പനിയുടെ 486-ാമത് ബോർഡ് യോഗത്തിൽ കെ.എസ്.എഫ്.ഇ.-യുടെ ഒരു ശാഖ കൂടരഞ്ഞിയിൽ തുടങ്ങുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ ശാഖയുടെ ബിസിനസ്സ് സാധ്യതയെക്കുറിച്ച് നടത്തിയ പഠന പ്രകാരം ശാഖ പ്രവർത്തിക്കുന്നതിന് അനുകൂലമായ സാഹചര്യമല്ല പ്രസ്തുത പ്രദേശത്തുള്ളതെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 19-2-2018-ന് കൂടിയ 511-ാമത്തെ ബോർഡ് യോഗത്തിൽ കൂടരഞ്ഞിയിൽ ശാഖ പ്രവർത്തിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയുണ്ടായി.

(ഡി) ശാഖയ്ക്കുവേണ്ടി കെട്ടിടം നവീകരിച്ചതിന് ചെലവായ സംഖ്യയും വാടക കുടിശ്ശികയും ആവശ്യപ്പെട്ടുകൊണ്ട് കെട്ടിട ഉടമ കത്ത് നൽകിയിട്ടുണ്ട്. ആയത് പരിശോധിച്ച് ബോർഡ് ഓഫ് ഡയറക്ടേഴ്സ് തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഇ) പ്രവർത്തനം നിർത്തിവച്ച ശാഖകളുടെ ഉടമസ്ഥരുടെ ആവശ്യങ്ങൾ കെ.എസ്.എഫ്.ഇ. ഡയറക്ടേഴ്സ് ബോർഡിന്റെ പരിഗണനയിലാണ്.

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

150 (546) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് നടപ്പിലാക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഈ പദ്ധതി എന്നത്തേക്ക് പ്രാവർത്തികമാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ജീവനക്കാരുടെയും ആശ്രിതരുടെയും വിശദാംശം തയ്യാറാക്കിയിട്ടുണ്ടോ. എങ്കിൽ ഇതനുസരിച്ച് എത്ര ജീവനക്കാർക്കും, പെൻഷൻകാർക്കുമാണ് ഇൻഷ്വറൻസ് ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടാകുകയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേയ്ക്കായി 24-4-2017-ലെ സ.ഉ.(അച്ചടി) നമ്പർ 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം എന്നിവയ്ക്ക് ശേഷം IRDAI അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽനിന്ന് താല്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സംഘടനകളും, പെൻഷൻ സംഘടനകളുമായി രണ്ട് പ്രാവശ്യം ചർച്ച നടത്തുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദ്ധരുടെ ഉപദേശത്തിന്റെയും താല്പര്യപത്രങ്ങളുടെയും അടിസ്ഥാനത്തിലും സംഘടനകളുടെ യോഗത്തിലെ പ്രായോഗികമായ നിർദ്ദേശങ്ങൾ പരിഗണിച്ചും പുതുക്കിയ കരട് പദ്ധതിയും ആയത് അനുസരിച്ചുള്ള കരട് RFP (Request for Proposals)-യും തയ്യാറാക്കിവരുന്നു. ടെൻഡർ നടപടികൾ പൂർത്തിയാക്കി തെരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്നമുറയ്ക്ക് മാത്രമെ ഇൻഷ്വറൻസ് കമ്പനി, ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രീമിയം, ഇൻഷ്വറൻസ് പരിധി, പദ്ധതിയിലുള്ള ആശുപത്രികൾ, ആനുകൂല്യം ലഭിക്കുന്ന രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പൂർണ്ണവിവരം ലഭ്യമാകുകയുള്ളൂ.

(സി) ജീവനക്കാരുടെയും പെൻഷൻകാരുടെയും ആശ്രിതരുടെയും വിവരശേഖരണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ടി പ്രക്രിയ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ എത്ര പേർക്കാണ് ഇൻഷ്വറൻസ് ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടാകുകയെന്ന് വ്യക്തമാക്കുവാൻ സാധിക്കുകയുള്ളൂ.

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

151 (547) ശ്രീ. കെ. മുരളീധരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി എന്നുമുതൽ പ്രാബല്യത്തിൽവരുമെന്ന് വെളിപ്പെടുത്തുമോ;

(ബി) സഹകരണ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ ജീവനക്കാർക്കും പെൻഷൻകാർക്കുംകൂടി ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് ടെണ്ടർ നടപടികൾക്ക് മുന്നോടിയായി വിവരശേഖരണം നടന്നുവരുന്നു. ടെണ്ടർ നടപടികൾ പൂർത്തിയാക്കി തെരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പുവയ്ക്കുന്നമുറയ്ക്ക് മാത്രമെ പദ്ധതി പ്രാബല്യത്തിൽ വരികയുള്ളൂ.

(ബി) സഹകരണ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ ജീവനക്കാർക്കും പെൻഷൻകാർക്കും പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതുസംബന്ധിച്ച് പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ പ്രായോഗികതയുടെ അടിസ്ഥാനത്തിൽ പരിശോധിക്കാവുന്നതാണ്.

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

152 (548) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്കായി നാളിതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി എപ്രകാരമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും ഏതൊക്കെ അസുഖങ്ങൾക്ക്, ഏതൊക്കെ ആശുപത്രി, എത്ര തുക വരെയുള്ള ചികിത്സ തുടങ്ങിയ കാര്യങ്ങളിൽ സ്വീകരിച്ചിരിക്കുന്ന തീരുമാനങ്ങൾ എന്നിവ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേയ്ക്കായി 24-4-2017-ലെ സ.ഉ.(അച്ചടി) നമ്പർ 54/2017/ധന. പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം

എന്നിവയ്ക്ക് ശേഷം IRDAI അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽനിന്ന് താല്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സംഘടനകളും, പെൻഷൻ സംഘടനകളുമായി രണ്ട് പ്രാവശ്യം ചർച്ച നടത്തുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ധരുടെ ഉപദേശത്തിന്റെയും താല്പര്യപത്രങ്ങളുടെയും അടിസ്ഥാനത്തിലും സംഘടനകളുടെ യോഗത്തിലെ പ്രായോഗികമായ നിർദ്ദേശങ്ങൾ പരിഗണിച്ചും പുതുക്കിയ കരട് പദ്ധതിയും ആയത് അനുസരിച്ചുള്ള കരട് RFP (Request For Proposals)യും തയ്യാറാക്കിവരുന്നു. പദ്ധതിക്കുവേണ്ടിയുള്ള ടെണ്ടർ നടപടികൾക്കു മുന്നോടിയായി താഴെ വിവരിക്കുന്ന സർക്കുലറുകൾ പ്രകാരം ജീവനക്കാരുടെയും പെൻഷൻകാരുടെയും വിവരശേഖരണം പുരോഗമിക്കുന്നു.

(i) സർക്കുലർ നമ്പർ 28/2018/ധന തീയതി 4-4-2018

(ii) സർക്കുലർ നമ്പർ 54/2018/ധന തീയതി 18-6-2018

(iii) സർക്കുലർ നമ്പർ 73/2018/ധന തീയതി 7-8-2018

(iv) സർക്കുലർ നമ്പർ 84/2018/ധന തീയതി 15-9-2018

(v) സർക്കുലർ നമ്പർ 97/2018/ധന തീയതി 23-10-2018

ടെണ്ടർ നടപടികൾ പൂർത്തിയാക്കി തെരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്നമുറയ്ക്ക് മാത്രമെ ഇൻഷ്വറൻസ് കമ്പനി, ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രീമിയം, ഇൻഷ്വറൻസ് പരിധി, പദ്ധതിയിലുള്ള ആശുപത്രികൾ, ആനുകൂല്യം ലഭിക്കുന്ന രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പൂർണ്ണവിവരം ലഭ്യമാകുകയുള്ളു.

## സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

153 (549) ശ്രീ. പി. കെ. ബഷീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികൾ വഴിയാണ് നടപ്പിലാക്കുന്നതെന്നും എങ്ങനെയാണ് നടപ്പിലാക്കുന്നതെന്നും എന്നത്തേയ്ക്ക് നടപ്പിലാക്കാൻ കഴിയുമെന്നും നടപ്പിലാക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ;

(ബി) കേരളത്തിനകത്തും പുറത്തുമുള്ള ഏതെല്ലാം സർക്കാർ ആശുപത്രികളെയും സ്വകാര്യ ആശുപത്രികളെയുമാണ് പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം രോഗങ്ങളെയാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാത്ത രോഗങ്ങൾ ഉണ്ടെങ്കിൽ അവ ഏതെന്നും ഒ. പി. ചികിത്സക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുമോ എന്നും വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി ഓരോ തലത്തിലുമുള്ള ഉദ്യോഗസ്ഥരിൽനിന്നും പെൻഷൻകാരിൽനിന്നും എത്ര തുക വീതമാണ് ഈടാക്കുന്നതെന്നും ഒരു വർഷത്തിൽ ചികിത്സയ്ക്കുള്ള ഇൻഷ്വറൻസ് പരിധി എത്രയാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ-ഡി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേയ്ക്കായി 24-4-2017-ലെ സ.ഉ.(അച്ചടി) നമ്പർ 54/2017/ധന. പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം എന്നിവയ്ക്കുശേഷം IRDAI അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽനിന്ന് താല്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സംഘടനകളും, പെൻഷൻ സംഘടനകളുമായി രണ്ട് പ്രാവശ്യം ചർച്ച നടത്തുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദ്ധരുടെ ഉപദേശത്തിന്റെയും താല്പര്യപത്രങ്ങളുടെയും അടിസ്ഥാനത്തിലും സംഘടനകളുടെ യോഗത്തിലെ പ്രായോഗികമായ നിർദ്ദേശങ്ങൾ പരിഗണിച്ചും പുതുക്കിയ കരട് പദ്ധതിയും ആയത് അനുസരിച്ചുള്ള കരട് RFP (Request For Proposals)യും തയ്യാറാക്കിവരുന്നു. ടെണ്ടർ നടപടികൾ പൂർത്തിയാക്കി തെരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമെ ഇൻഷ്വറൻസ് കമ്പനി, ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രീമിയം, ഇൻഷ്വറൻസ് പരിധി, പദ്ധതിയിലുള്ള ആശുപത്രികൾ, ആനുകൂല്യം ലഭിക്കുന്ന രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പൂർണ്ണവിവരം ലഭ്യമാകുകയുള്ളൂ. പദ്ധതിക്ക് വേണ്ടിയുള്ള ടെണ്ടർ നടപടികൾക്കുമുന്നോടിയായി സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആശ്രിതരുടെയും വിവരശേഖരണം പുരോഗമിക്കുന്നു. ഒ.പി. ചികിത്സയ്ക്ക് നിലവിലുള്ള സംവിധാനം തുടരുന്നതാണ്.

## ഇൻഷ്വറൻസ് ക്ലെയിമുകൾ തീർപ്പാക്കുന്നതിലെ കാലതാമസം

154 (550) ശ്രീ. എം. സ്വരാജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഷ്വറൻസ് പോളിസികൾ ലഭ്യമാക്കുന്നതിനും ക്ലെയിമുകൾ തീർപ്പാക്കുന്നതിനും കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കാലതാമസം ഒഴിവാക്കുന്നതിനായി വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഓരോ ജില്ലയിലെയും ക്ലെയിമുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി വകുപ്പ് ആസ്ഥാനകാര്യാലയത്തിൽനിന്നും ജില്ലാ ഓഫീസുകളിൽനിന്നുമായി ഒരു ദൗത്യസംഘത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ആറ് മാസക്കാലയളവുകൊണ്ട് 110000-ത്തോളം പോളിസികളും 35,000-ത്തോളം ക്ലെയിമുകളും തീർപ്പാക്കിവരുന്നു. വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതോടെ പ്രസ്തുത കാലതാമസം പൂർണ്ണമായും ഒഴിവാക്കുവാൻ സാധിക്കും. ആയതിനുള്ള നടപടികൾ ഇൻഷ്വറൻസ് വകുപ്പ് സ്വീകരിച്ചുവരുന്നു.

## മെഡിസെപ്

155 (551) ശ്രീ. എ. എം. ആരിഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി പ്രഖ്യാപിച്ച ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് എന്നത്തേയ്ക്ക് പ്രാബല്യത്തിൽ വരും എന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഇൻഷ്വറൻസ് പദ്ധതി വഴി ജീവനക്കാർക്കും പെൻഷൻകാർക്കും ഉണ്ടാകുന്ന പ്രയോജനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി പ്രകാരം ചികിത്സ ലഭ്യമാകുന്ന ആശുപത്രികളുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേയ്ക്കായി 24-4-2017-ലെ സ.ഉ.(അച്ചടി) നമ്പർ 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം എന്നിവയ്ക്ക് ശേഷം IRDAI അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽനിന്ന് താല്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സംഘടനകളും, പെൻഷൻ സംഘടനകളുമായി രണ്ട് പ്രാവശ്യം ചർച്ച നടത്തുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദ്ധരുടെ ഉപദേശത്തിന്റെയും താല്പര്യപത്രങ്ങളുടെയും അടിസ്ഥാനത്തിലും സംഘടനകളുടെ യോഗത്തിലെ പ്രായോഗികമായ നിർദ്ദേശങ്ങൾ പരിഗണിച്ചും പുതുക്കിയ കരട് പദ്ധതിയും ആയത് അനുസരിച്ചുള്ള കരട് RFP (Request For Proposals) യും തയ്യാറാക്കിവരുന്നു. ടെണ്ടർ നടപടികൾ പൂർത്തിയാക്കി തെരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്ന മുറയ്ക്കു മാത്രമെ ഇൻഷ്വറൻസ് കമ്പനി, പ്രാബല്യത്തീയതി, ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രീമിയം, ഇൻഷ്വറൻസ് പരിധി, പദ്ധതിയിലുള്ള ആശുപത്രികൾ, ആനുകൂല്യം ലഭിക്കുന്ന രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പൂർണ്ണവിവരം ലഭ്യമാകുകയുള്ളു.

## സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം

156 (552) ശ്രീ. എം. സ്വരാജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലെ കമ്പ്യൂട്ടർവത്കരണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകും എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇൻഷ്വറൻസ് വകുപ്പിലെ പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനായി കെൽട്രോൺ തയ്യാറാക്കിയ 'വിശ്വാസ്' സോഫ്റ്റ്‌വെയർ നിലവിൽ വകുപ്പിൽ പ്രവർത്തനക്ഷമമാണ്. സ്പാർക്ക്, ട്രഷറി വകുപ്പിന്റെ സോഫ്റ്റ്‌വെയറുകൾ എന്നിവയുമായി ബന്ധിപ്പിച്ച് ഉപഭോക്താക്കൾക്ക് ഓൺലൈൻ സേവനങ്ങൾ ലഭ്യമാകുന്ന തരത്തിൽ നിലവിലെ 'വിശ്വാസ്' സോഫ്റ്റ്‌വെയർ കാലോചിതമായി പരിഷ്കരിക്കുന്നതിനായി ഒരു വിശദമായ രൂപരേഖ സമർപ്പിക്കാൻ സർക്കാർ ഇൻഷ്വറൻസ് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി&സി) നിലവിലെ സോഫ്റ്റ്‌വെയർ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ ഇൻഷ്വറൻസ് വകുപ്പിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ഇൻഷ്വറൻസ് വകുപ്പിലെ രേഖകളുടെ ഡിജിറ്റൈസേഷൻ**

157 (553) <u>ശ്രീ. എം. സ്വരാജ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലെ രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) പ്രസ്തുത വകുപ്പിലെ വളരെ പഴക്കമേറിയ രേഖകൾ പലതും നാശത്തിന്റെ വക്കിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത രേഖകൾ യഥാസമയം ലഭ്യമല്ലാത്തതുകാരണം നിരവധി ക്ലെയിമുകൾ തീർപ്പാക്കുവാൻ സാധിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത രേഖകൾ ആധുനിക രീതിയിൽ സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇൻഷ്വറൻസ് വകുപ്പിലെ രേഖകൾ ഡിജിറ്റൈസ് ചെയ്തും മതിയായ ഓഫീസ് സൗകര്യം ഒരുക്കിയും സൂക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

## കയർ വ്യവസായത്തിന്റെ സമഗ്ര പുരോഗതി

158 (554) ശ്രീ. എ. എം. ആരിഫ്:
ശ്രീ. കെ. ജെ. മാക്സി:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. കെ. ദാസൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായത്തിന്റെ സമഗ്രപുരോഗതി ലക്ഷ്യമാക്കി നടപ്പാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ചകിരി നാരിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് കയർ സംഘങ്ങൾ വഴി ചകിരിയുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി ചകിരി മില്ലുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) തൊണ്ടിന്റെ ക്ഷാമം ചകിരി ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നതിനാൽ ഈ ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) കൃഷിക്കാരുമായി നേരിട്ട് ബന്ധപ്പെട്ട് തൊണ്ടു സംഭരിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഇ) ചകിരി ഉത്പാദനം സ്വകാര്യമേഖലയിൽക്കൂടി വ്യാപകമാക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് കയർ മേഖലയ്ക്ക് ഉണർവേകാൻ, കയറിന്റെ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ പങ്കെടുപ്പിച്ചുകൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉത്പ്പാദിപ്പിച്ച് കയർ ഉത്പ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനും, രണ്ടാം പുനഃസംഘടന ലക്ഷ്യമിടുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണസംഘങ്ങളെ പുനഃസംഘടിപ്പിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും രണ്ടാം പുനഃസംഘടനയിലൂടെ ലക്ഷ്യമിടുന്നു.

കയർ വ്യവസായ മേഖലയെ ആധുനികവൽക്കരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി സമ്പൂർണ്ണയന്ത്രവൽക്കരണം നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി 50 ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 2019 ഫെബ്രുവരിയോടെ 50 ഡി.എഫ്. മില്ലുകൾകൂടി പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനങ്ങൾ ഊർജിതമായി നടന്നുവരുന്നു.

കയർപിരി മേഖലയിൽ ഉത്പ്പാദനം വർദ്ധിപ്പിക്കാനായി 8000-ത്തോളം ഇലക്ട്രോണിക് റാട്ടുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലിന് ഭരണാനുമതി നൽകുകയും 2500-ഓളം റാട്ടുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കയർ ജിയോ ടെക്സ്റ്റൈൽസ്, കയർ നീഡിൽഫെൽറ്റ്, കയർ കോമ്പോസിറ്റുകൾ എന്നിങ്ങനെ ഉത്പ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ തൊഴിലാളികളുടെ തൊഴിലവസരവും വേതനവും ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പാക്കിവരുന്നു. സന്നദ്ധതയുടെയും പ്രവർത്തനമികവിന്റെയും അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന സൊസൈറ്റികളിൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുന്ന പ്രവർത്തനം ആരംഭിച്ചു.

(ബി) കയർ മേഖലയിൽ നടപ്പാക്കുന്ന രണ്ടാം പുനഃസംഘടനാ സ്കീം പ്രകാരം ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉത്പ്പാദിപ്പിച്ച് കയർ ഉത്പ്പാദനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്., തദ്ദേശഭരണ സ്ഥാപനങ്ങൾ, നാളികേര ഉൽപ്പാദന കമ്പനികൾ എന്നിവയ്ക്ക് 90% സബ്സിഡിയോടെയും സ്വകാര്യ സംരംഭകർ/ഇതര ഏജൻസികൾ എന്നിവയ്ക്ക് 50% സബ്സിഡിയോടെയും ഡി.എഫ്. മിൽ അനുവദിച്ചിട്ടുണ്ട്. 50 പുതിയ ഡീഫൈബറിംഗ് മില്ലുകൾ ആരംഭിച്ചു. അടുത്ത 50 എണ്ണം ഉടൻ പ്രവർത്തനമാരംഭിക്കും.

(സി) തൊണ്ട് സംഭരണവുമായി ബന്ധപ്പെട്ട് രൂപീകരിച്ച വൈക്കം കയർ കൺസോർഷ്യം സൊസൈറ്റി മുഖാന്തരം തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവൽക്കരണം വഴി പരമാവധി ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കയർഫെഡിന്റെ നേതൃത്വത്തിൽ തൊണ്ട് സംഭരണ/ചകിരി വിതരണ സംവിധാനം രൂപീകരിക്കുന്നതിനായി മൊബൈൽ ആപ്ലിക്കേഷൻ

തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. വൈക്കം കയർ കൺസോർഷ്യത്തിന്റെ മാതൃകയിൽ, ഡി.എഫ്. മില്ലുകൾ സജീവമാക്കുന്ന പ്രോജക്റ്റുകൾ അടിസ്ഥാനമാക്കി കൺസോർഷ്യം രൂപീകരിക്കുന്നതാണ്. ഗുണനിലവാരമുള്ള തൊണ്ട് സുലഭമായ സ്ഥലങ്ങളിൽ ഡി.എഫ്. മില്ലുകൾ പ്രോത്സാഹിപ്പിക്കുക എന്ന രീതിയും അവലംബിക്കുന്നുണ്ട്. പ്രാദേശിക തൊണ്ടുസംഭരണത്തിന് "അപെക്സ് ബോഡി ഫോർ കയർ"-ന്റെ പ്രോജക്റ്റുതല സമിതികളും ശ്രദ്ധചെലുത്തുന്നുണ്ട്.

(ഡി) കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനികളുമായി സഹകരിച്ച് പരമാവധി തൊണ്ട് ശേഖരിക്കുക, കയർഫെഡിന്റെ നേതൃത്വത്തിൽ തൊണ്ട് സംഭരണ-വിതരണ സംവിധാനം രൂപീകരിക്കുന്നതിനായി മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കുക എന്നിവ പരിഗണനയിലുണ്ട്. വൈക്കം കയർ കൺസോർഷ്യം സൊസൈറ്റി തൊണ്ട് സംഭരണം കാര്യക്ഷമമായി നടപ്പാക്കുന്നതിന് രൂപം കൊടുത്തിട്ടുള്ള സംവിധാനമാണ്.

(ഇ) സ്വകാര്യ സംരംഭകർക്ക് ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിന് 50% സബ്സിഡി നൽകുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്.

**കയർ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ**

159 (555) ശ്രീ. എൽദോ എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായം സംരക്ഷിക്കുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും സർക്കാർ സ്വീകരിച്ചിട്ടുള്ളതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ വിശദമാക്കാമോ;

(ബി) കയർ തൊഴിലാളികൾക്ക് വെട്ടിക്കുറച്ച ക്ഷേമ പെൻഷൻ പുനഃസ്ഥാപിക്കുന്നതിനും മിനിമം കൂലി ഉറപ്പാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ;

(സി) എല്ലാ വിഭാഗത്തിലുംപെട്ട കയർ തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കയർ മേഖലയിൽ നടപ്പിലാക്കിവരുന്ന രണ്ടാം പുനഃസംഘടനാ സ്കീം പ്രകാരം, ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട്

സംഭരണം വ്യാപകമാക്കിയും പൂർണ്ണമായ യന്ത്രവൽക്കരണം നടപ്പിലാക്കിയും പരമാവധി ചകിരി ഉത്പ്പാദിപ്പിച്ച് കയർ ഉത്പ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനും ലക്ഷ്യമിടുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുനഃസംഘടിപ്പിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും രണ്ടാം പുനഃസംഘടനയിലൂടെ ലക്ഷ്യമിടുന്നു.

കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്., തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നാളികേര ഉൽപ്പാദന കമ്പനികൾ എന്നിവയ്ക്ക് 90% സബ്സിഡിയോടെയും സ്വകാര്യ സംരംഭകർ/ഇതര ഏജൻസികൾ എന്നിവയ്ക്ക് 50% സബ്സിഡിയോടെയും ഡി.എഫ്. മിൽ അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. പൊന്നാനി പ്രോജക്ട് ഓഫീസിന്റെ പരിധിയിൽ വരുന്ന പാലക്കാട് ജില്ലയിലെ നെന്മാറ നിയോജകമണ്ഡലത്തിലെ വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ടു വീതം ചകിരിയാക്കാൻ ശേഷിയുള്ള 2 ഡി.എഫ്. മെഷീൻ സ്ഥാപിക്കുന്ന പ്രോജക്ടിൽ ഒരെണ്ണം സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ പ്രോജക്ട് പരിധിയിൽ വരുന്ന അമ്മാനപ്പാറ വില്ലേജിൽ ദിവസേന 8000 തൊണ്ട് ചകിരിയാക്കുന്ന ഡി.എഫ്. യൂണിറ്റ് കുടുംബശ്രീ യൂണിറ്റായി 13-7-2017-ന് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കോഴിക്കോട് പ്രോജക്ടിന്റെ പരിധിയിലുള്ള ചക്കിട്ടപ്പാറയിൽ പേരാമ്പ്ര നാളീകേര ഉൽപ്പാദക കമ്പനിയുടെ ആഭിമുഖ്യത്തിൽ ഒരു ഹെവി ഡ്യൂട്ടി ഡി.എഫ്. മെഷീൻ പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു.

വൈക്കം പ്രോജക്ടിനു കീഴിൽ 8000 തൊണ്ടുവീതം ചകിരിയാക്കാൻ ശേഷിയുള്ള 8 ഡി.എഫ്. മില്ലുകളും, തൃശ്ശൂരിൽ 10-ഉം പ്രവർത്തനമാരംഭിച്ചു. സംസ്ഥാനത്ത് മൊത്തം 50 ഡി.എഫ്. മില്ലുകൾ പ്രവർത്തനമാരംഭിച്ചു. ഉടൻ പ്രവർത്തനം ആരംഭിക്കാനുതകുംവിധം 50 ചകിരിമില്ലുകളുംകൂടി നിർമ്മാണം/ യന്ത്രസ്ഥാപനം പുരോഗിക്കുകയാണ്.

കയർപിരി മേഖലയിൽ എ.എസ്.എം. സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഫാക്ടറി മോഡലിൽ എ.എസ്.എം.-കൾ സ്ഥാപിക്കുന്നതിനു തുടക്കമായി ചേർത്തലയിലെ തിരുനല്ലൂർ സി.വി.സി.എസ്.-ൽ ഇത്തരത്തിൽ എ.എസ്.എം. സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു.

സംസ്ഥാനത്തെ 50-ാമത്തെ ചകിരിമില്ലിന്റെ പ്രവർത്തന ഉദ്ഘാടനം 15-11-2018 -ൽ കോഴിക്കോട് നടന്നു.

(ബി) കയർ തൊഴിലാളികളുടെ ക്ഷേമപെൻഷൻ വെട്ടിക്കുറച്ചിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ തൊഴിലാളി പെൻഷൻ 600 രൂപയിൽനിന്ന് 1,000 രൂപയായും പിന്നീട് 1,100 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

കൂടാതെ കയർപിരി തൊഴിലാളികൾക്ക് അംഗീകൃത വേതനമായി (Agreed wages) 300 രൂപയാണ് പ്രതിദിനം നൽകിവരുന്നത്. ഇതിൽ സംഘങ്ങൾ/ ഉൽപ്പാദകർ എന്നിവർ 190 രൂപയും സർക്കാർ 110 രൂപയും നൽകിവരുന്നു.

(സി) പ്രമുഖ പരമ്പരാഗത വ്യവസായമായ കയർ വ്യവസായ മേഖലയിൽ 1419 കയർ സഹകരണ സംഘങ്ങളാണ് നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. അവയിൽ 662 എണ്ണം പ്രവർത്തിക്കുന്നു. 238 സംഘങ്ങൾ വ്യാപാര ലാഭത്തിലാണ്. വർഷത്തിൽ 200 ദിവസം തുടർച്ചയായി പ്രവർത്തനം നടത്തിക്കൊണ്ട് പോകുന്നതിന് ചകിരിയുടെ ദൗർലഭ്യം തടസ്സമാകുന്നുണ്ട്. ഈ സാഹചര്യത്തിൽ ഇ.എസ്.ഐ. വിഹിതം മുടങ്ങാതെ അടയ്ക്കാൻ വ്യാപാര ലാഭമുള്ള സംഘങ്ങൾക്ക് പോലും കഴിയുന്നില്ല. സംസ്ഥാന സർക്കാരിന്റെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയാണ് ഈ സാഹചര്യത്തിൽ കയർ തൊഴിലാളികൾക്ക് ഗുണകരമായിട്ടുള്ളത്. എല്ലാ തൊഴിലാളികളേയും ഇതിൽ അംഗങ്ങളായി ചേർക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## ജലാശയങ്ങളിൽ കയർ ഭൂവസ്ത്രം വിരിക്കുന്ന നടപടി

160 (556) ശ്രീ. എം. സ്വരാജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലാശയങ്ങളിൽ കയർ ഭൂവസ്ത്രം വിരിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ;

(ബി) ഇത് മുഖേന കയർ മേഖലയ്ക്ക് ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത നടപടികൾ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തിൽ ജലാശയങ്ങളിൽ കയർ ഭൂവസ്ത്രം വിരിക്കുന്നതിനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ 3224219.91 സ്ക്വയർ മീറ്റർ ഭൂവസ്ത്രം ഉപയോഗിച്ച് പ്രവൃത്തികൾ ചെയ്തുകഴിഞ്ഞു.

(ബി) കയറിന്റെ ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിനായി തൊഴിലുറപ്പ് പദ്ധതിയിൽ തോടുകൾ, കുളങ്ങൾ, ബണ്ടുകൾ എന്നിവയുടെ പാർശ്വഭിത്തി സംരക്ഷണം, റോഡ് നിർമ്മാണം, കാർഷിക പ്രവർത്തനം എന്നീ മേഖലകളിൽ കയർ ഭൂവസ്ത്രം ഉൾപ്പെടുത്തിയിട്ടുണ്ട്. കയറിന്റെ ഉൽപ്പാദനവും വിപണനവും വർദ്ധിച്ചു. തത്ഫലമായി കയർ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭിക്കുകയും തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്താനും കഴിഞ്ഞിട്ടുണ്ട്. കയർ മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകാൻ ഈ സംരംഭം കൊണ്ട് സാധിച്ചിട്ടുണ്ട്.

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി നടപ്പ് സാമ്പത്തിക വർഷവും ജലാശയങ്ങളുടെ സംരക്ഷണത്തിന് മുൻഗണന നൽകി കയർ ഭൂവസ്ത്ര വിനിയോഗം സംബന്ധിച്ച പ്രവൃത്തികൾ നടന്നുവരുന്നു.

**കയർ മേഖലയുടെ വികസനത്തിനായുള്ള നടപടികൾ**

161 (557) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ മേഖല നേരിടുന്ന പ്രധാന വെല്ലുവിളി ചകിരിയുടെ അഭാവം ആണെന്നതിനാൽ അതിൽ സ്വയം പര്യാപ്തത നേടുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) കുടുംബശ്രീ, ഫാർമേഴ്സ് സർവ്വീസ് സെന്റർ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ടുള്ള തൊണ്ടുസംഭരണം വിജയപ്രദമാണോ; അല്ലെങ്കിൽ കേരകർഷകർക്ക് പ്രത്യേക ഇൻസെന്റീവ് നൽകി തൊണ്ട് സംഭരിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) കയർ ഉല്പന്നങ്ങളുടെ വിപണി ശൃംഖല വിപുലീകരിക്കുന്നതിന് പുതിയ സംവിധാനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഇതിനായി പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിലൂടെ കയറുല്പന്നങ്ങളുടെ വിപണി മെച്ചപ്പെടുത്തുന്നതിന് സാധ്യമായിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ചകിരി ഉത്പ്പാദിപ്പിക്കുന്നതിന് പുതിയതായി ആരംഭിക്കുന്ന സ്വകാര്യ യൂണിറ്റുകൾക്ക് നിലവിൽ 50% ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകിവരുന്നു. കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്., തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നാളികേര ഉൽപ്പാദന കമ്പനികൾ എന്നിവയ്ക്ക് 90% സബ്സിഡിയോടെയും സ്വകാര്യ സംരംഭകർ/ഇതര ഏജൻസികൾ എന്നിവയ്ക്ക് 50%ഉം ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകിവരുന്നു. കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്., തദ്ദേശഭരണ സ്ഥാപനങ്ങൾ, നാളികേര ഉൽപ്പാദന കമ്പനികൾ എന്നിവയ്ക്ക് 90% സബ്സിഡിയോടെയും സ്വകാര്യ സംരംഭകർ/ഇതര ഏജൻസികൾ എന്നിവയ്ക്ക് 50% സബ്സിഡിയോടെയും ഡി.എഫ്. മിൽ അനുവദിക്കുന്നതിനായി ഉത്തരവായിട്ടുണ്ട്. ഇത്തരത്തിൽ 50 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റൊരു 50 എണ്ണത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ഈ സാമ്പത്തിക വർഷം തന്നെ നൂറാമത്തെ പുതിയ ചകിരിമില്ലും പ്രവർത്തനം ആരംഭിക്കാൻ കഴിയും. വൈക്കത്ത് രൂപീകരിച്ച വൈക്കം കയർ കൺസോർഷ്യം സൊസൈറ്റി തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവൽക്കരണംവഴി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. കേരളത്തിലെ കയർ വ്യവസായത്തിന് പ്രത്യേകിച്ച് ചകിരി ഉൽപ്പാദനത്തിന് ആവശ്യമായ ഡി.എഫ്. മില്ലുകൾ, കേരള സ്റ്റേറ്റ് കയർ മെഷീനറി മാനുഫാക്ചറിംഗ് കമ്പനി വഴി നിർമ്മിച്ച് വിതരണം ചെയ്തുവരുന്നു.

(ബി) ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം കൂടുതൽ ശക്തമാക്കുകയും വിജയകരമായി നടപ്പിലാക്കി വരുന്നുമുണ്ട്.

(സി&ഡി) ആവിഷ്കരിച്ചിട്ടുണ്ട്. 10 കോടി രൂപ അംഗീകൃത മൂലധനമുള്ള "കേരള കയർ മാർക്കറ്റിംഗ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ്'' എന്ന പേരിൽ ഒരു കമ്പനി രജിസ്റ്റർ ചെയ്യുന്നതിന് ഉത്തരവായിട്ടുണ്ട്. ഇതിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനും ആർട്ടിക്കിൾ ഓഫ് അസോസിയേഷനും അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്പനിയുടെ 49% ഷെയർ സംസ്ഥാന സർക്കാരും 51% ഷെയർ കയർ കോർപ്പറേഷനും അതുപോലുള്ള മറ്റ് സ്ഥാപനങ്ങൾക്കും ആയിരിക്കും. പ്രസ്തുത കമ്പനി രജിസ്റ്റർ ചെയ്യുന്നതിനായി രജിസ്ട്രാർ ഓഫ് കമ്പനിയുടെ മുമ്പാകെ അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്.

## പഷണിത്തോടിന് സമീപത്തുള്ള കയർഫെഡിന്റെ ഉടമസ്ഥതയിലുള്ള ഗോഡൗൺ

162 (558) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർഫെഡിന്റെ ഉടമസ്ഥതയിൽ പഷണിത്തോടിന് സമീപത്ത് ഉപയോഗിക്കപ്പെടാതെ കിടക്കുന്ന ഗോഡൗൺ പ്രവർത്തനക്ഷമമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഗോഡൗൺ പ്രവർത്തനക്ഷമമാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. ടി ഗോഡൗൺ നിൽക്കുന്ന സ്ഥലത്തേയ്ക്ക് വാഹനങ്ങൾ കയറുന്നതിന് ആവശ്യമായ വഴി ഇല്ലാത്തതിനാലാണ് ഗോഡൗൺ പൂർണ്ണമായും ഉപയോഗിക്കാൻ സാധിക്കാത്തത്. ആയതിന് സമീപമുള്ള പുറംപോക്കും പഞ്ചായത്ത് വഴിക്കുള്ള സാധ്യതയും കയർഫെഡ് ആരാഞ്ഞുവരികയാണ്.

ഏകദേശം കേരളത്തിന്റെ മധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന പ്രസ്തുത ഗോഡൗൺ സമുച്ചയം കേരള സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന പ്രാദേശിക ചകിരി, ചകിരിച്ചോറ് ഉൽപ്പാദനം വിപണന ശൃംഖലയുടെ ഒരു സിരാകേന്ദ്രമായി മാറ്റുന്നതിനാണ് കയർഫെഡ് വിഭാവന ചെയ്തിട്ടുള്ളത്.

## പ്രളയംമൂലം സംരംഭകർക്കുണ്ടായ നഷ്ടം

163 (559) ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയദുരന്തത്തിലെ നഷ്ടത്തിൽനിന്നും കരകയറുന്നതിനായി ഇടത്തരം, ചെറുകിട,മൈക്രോ സംരംഭകർക്ക മാത്രമായി പലിശ ഇളവ് ഉൾപ്പെടെയുള്ള പാക്കേജ് നടപ്പിലാക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) ഇതിനായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) നാശനഷ്ടം കണക്കാക്കുമ്പോൾ കെട്ടിടത്തകർച്ച, വസ്തുക്കളുടെ നാശം എന്നിവകൂടി പരിഗണിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) പ്രളയദുരന്തത്തിലെ നഷ്ടത്തിൽനിന്നും എം.എസ്.എം.ഇ. യൂണിറ്റുകളെ പുനരുദ്ധരിക്കുന്നതിലേയ്ക്കായി 'ദുരിത ബാധിത പുനർ നിർമ്മാണ സംരംഭക സഹായ പദ്ധതി', 'പലിശ സഹായ പദ്ധതി' എന്നിങ്ങനെ രണ്ട് പദ്ധതികൾ 2019-20 സാമ്പത്തിക വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.

(ബി&സി) പ്രളയംമൂലം എം.എസ്.എം.ഇ. യൂണിറ്റുകൾക്ക് നേരിട്ട നഷ്ടം കണക്കാക്കുന്നതിലേയ്ക്കായി ഒരു മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിച്ചിട്ടുണ്ട്. അതിൻപ്രകാരം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ ചുമതലയിൽ വ്യവസായ വികസന ആഫീസർമാർ ഓരോ യൂണിറ്റുകളും നേരിട്ട് സന്ദർശിക്കുകയും 22-11-2018 വരെയായി 4400 യൂണിറ്റുകളുടെ സർവ്വേ പൂർത്തീകരിച്ചിട്ടുമുണ്ട്. സർവ്വേയിൽ ഓരോ യൂണിറ്റിനും പ്രളയംമൂലം സംഭവിച്ച നാശനഷ്ടങ്ങൾ സ്ഥലം, കെട്ടിടം, പ്ലാൻഡ്, മെഷീനറി, അസംസ്കൃത വസ്തുക്കൾ, ഉത്പന്നങ്ങൾ എന്നിവ പ്രത്യേകമായി കണക്കാക്കുന്നതാണ്. 30-11-2018-ന് സർവ്വേ പൂർത്തിയാക്കാനായി ഉദ്ദേശിക്കുന്നു. സർവ്വേ പൂർത്തിയാകുന്നതോടെ നാശനഷ്ടം സംബന്ധിച്ച വ്യക്തമായ കണക്ക് ലഭിക്കുന്നതാണ്.

## നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി

164 (560) <u>ശ്രീമതി പി. അയിഷാ പോറ്റി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്വാറി ഉൽപ്പന്നങ്ങൾക്ക് കൊല്ലം ജില്ലയിൽ ഉണ്ടായ ലഭ്യതക്കുറവുമൂലം നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിനും സംസ്ഥാനത്ത് ക്വാറി ഉൽപ്പന്നങ്ങളുടെ വില ഏകീകരിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ക്വാറി ഉൽപ്പന്നങ്ങൾക്ക് കൊല്ലം ജില്ലയിൽ ഉണ്ടായ ലഭ്യതക്കുറവുമൂലം നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊല്ലം ജില്ലയിൽ ക്വാറിയിംഗ് ലീസ് പ്രകാരം 17 ക്വാറികളും ക്വാറിയിംഗ് പെർമിറ്റ് പ്രകാരം 7 ക്വാറികളും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, സമീപ ജില്ലയായ പത്തനംതിട്ടയിൽനിന്നും കൊല്ലം ജില്ലയിലേയ്ക്ക് കരിങ്കല്ല് ഉൽപന്നങ്ങൾ

കൊണ്ടുവരുന്നുമുണ്ട്. ഈ സാഹചര്യത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് ക്വാറി ഉൽപന്നങ്ങൾക്ക് രൂക്ഷമായ ദൗർലഭ്യം നേരിടുന്നില്ല.

(ബി) സംസ്ഥാനത്ത് ക്രഷർ/ക്വാറി ഉൽപ്പന്നങ്ങളുടെ വില നിയന്ത്രിക്കുന്നതിന് പ്രത്യേകിച്ച് സംവിധാനം നിലവിലില്ല. ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി ഉൾപ്പെടെയുള്ള അനുമതികൾ നിർബന്ധമായ സാഹചര്യത്തിൽ കരിങ്കല്ലടക്കമുള്ള ധാതുക്കളുടെ ഖനനത്തിന് അനുമതി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാവുകയും അതുവഴി കരിങ്കല്ലിനും കരിങ്കല്ല് ഉൽപ്പന്നങ്ങൾക്കും ക്ഷാമം നേരിടുകയും ചെയ്തിട്ടുണ്ട്. തന്മൂലം സംസ്ഥാനത്ത് ക്രഷർ/ക്വാറി ഉൽപ്പന്നങ്ങൾക്ക് നേരിയ വില വർദ്ധനവുണ്ടായിട്ടുണ്ട്. ഓരോ ജില്ലയിലെയും വില വ്യത്യസ്തമാണ്. ക്വാറി ഉൽപ്പന്നങ്ങളുടെ ലഭ്യത വർദ്ധിപ്പിച്ച് വിലവർദ്ധനവ് നേരിടുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

1. 5 ഹെക്ടറിന് താഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാതലത്തിൽ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പാരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി (DEIAA)യുടെയും ജില്ലാതല അപഗ്രഥന സമിതി (DEAC)യുടേയും പ്രവർത്തനം കാര്യക്ഷമമാക്കി.

2. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

3. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്ക് 22-6-2017-ലെ സ.ഉ.(പി)25/2017/ഐ.ഡി. നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമെയുള്ള അതിർത്തിയിൽനിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുനഃസ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽനിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

4. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയുണ്ടായി.

5. അന്യസംസ്ഥാനത്തുനിന്നും കരിങ്കല്ല് ഇറക്കുമതി ചെയ്യുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

6. 9-3-2018, 21-11-2018 തീയതികളിൽ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ ജിയോളജിസ്റ്റുമാരുടെ യോഗം ചേരുകയും ഖനനാനുമതി അനുവദിക്കുന്നതിലെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും നിയമപരമായി അനുമതി നൽകാൻ കഴിയുന്ന എല്ലാ കേസുകളിലും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തു.

7. ക്വാറി ഉൽപന്നങ്ങൾക്ക് ന്യായവില ഏർപ്പെടുത്തുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

8. കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിൽ സർക്കാർ ഭൂമിയിൽ പാറ ഖനനം ചെയ്യുന്നതിന് നിരാക്ഷേപപത്രം അനുവദിക്കുന്നതിന് ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയ ബന്ധിതമായി തീർപ്പുകല്പിക്കുന്നതിന് ചീഫ് സെക്രട്ടറി തലത്തിൽ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### നിക്ഷേപക വ്യവസായ വാണിജ്യ സൗഹൃദ സംസ്ഥാനം

165 (561) ശ്രീ. കെ. ദാസൻ:
ശ്രീ. വി. ജോയി:
ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. വി. വിജയദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക പാരിസ്ഥിതിക പ്രത്യേകതകൾ ഉൾക്കൊണ്ടുകൊണ്ട് നിക്ഷേപക വ്യവസായ വാണിജ്യ സൗഹൃദ സംസ്ഥാനമാക്കുന്നതിനുള്ള നയ സമീപനം വിശദമാക്കാമോ;

(ബി) തൊഴിലവസരങ്ങൾ കൂടുതലായുള്ളതും പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്താൻ സാധിക്കുന്നതുമായ ലഘു വ്യവസായങ്ങളെയും ഗാർഹിക വ്യവസായങ്ങളെയും പ്രോത്സാഹിപ്പിക്കാൻ പ്രത്യേക പദ്ധതിയുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) ചെറുകിട ഇടത്തരം വ്യവസായങ്ങൾ നേരിടുന്ന മുഖ്യപ്രശ്നമായ വിപണി നേടിയെടുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള തന്ത്രം വിശദമാക്കാമോ?

## ഉത്തരം

(എ) സംസ്ഥാനത്ത് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ അനുമതികളും സൗകര്യങ്ങളും അതിവേഗവും അനായാസമായും ലഭ്യമാക്കുന്നതിനു വേണ്ടി വിവിധ വകുപ്പുകളിലായി നിലനിന്നിരുന്ന ഏഴ് നിയമങ്ങൾ (ആക്ട്) ഭേദഗതി വരുത്തിക്കൊണ്ട് ഒരു ഏകീകൃത ആക്ട് 'കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് 2018" നിലവിൽ വന്നു. കൂടാതെ വിവിധ വകുപ്പുകളിലെ 10 ചട്ടങ്ങൾ ഭേദഗതി വരുത്തിയിട്ടുമുണ്ട്. വ്യവസായം ആരംഭിക്കുന്നതിന് വിവിധ വകുപ്പുകളിൽനിന്നും അനുമതികൾ ലഭിക്കുന്നതിന് ഏകജാലക ഓൺലൈൻ സംവിധാനം സെൽഫ് സർട്ടിഫിക്കേഷൻ, Deemed Approval എന്നിവയും നിലവിൽ വന്നിട്ടുണ്ട്.

വിവിധ വകുപ്പുകളുടെ അപേക്ഷാ ഫോറം ഏകീകരിച്ചുകൊണ്ട് ഒരു ഏകീകൃത അപേക്ഷാ ഫോറം (Common Application Form - CAF) മുഖേന അനുമതികൾ കാലതാമസം ഇല്ലാതെ ഓൺലൈൻ സംവിധാനം (K-SWIFT) വഴി ലഭ്യമാക്കുന്നതാണ്. പ്രസ്തുത അപേക്ഷയിന്മേലുള്ള പരിശോധന സമയബന്ധിതമായി നടപ്പാക്കുന്നതിനായി Investment Promotion and Facilitation Cell (IPFC) സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും രൂപീകരിച്ചിട്ടുണ്ട്. അനുമതികൾ ആവശ്യമായ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഉൾപ്പെട്ടതാണ് പ്രസ്തുത സെൽ.

ഭൂമി ദൗർലഭ്യം നേരിടുന്ന സംസ്ഥാനമാണ് കേരളം. സംസ്ഥാനത്ത് നിക്ഷേപം നടത്തുവാൻ മുന്നോട്ട് വരുന്ന സംരംഭകർക്ക് ആവശ്യമായ സ്ഥലം, കെട്ടിടം, ജലം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഡി.ഐ.സി.-യുടേയും കെ.എസ്.ഐ.ഡി.സി.-യുടേയും കിൻഫ്രയുടേയും പാർക്ക്/ഏരിയകളിൽ വേഗത്തിൽ ലഭ്യമാക്കുന്നതാണ്. കൂടാതെ വ്യവസായ യൂണിറ്റുകളെ അധിവസിപ്പിക്കുന്നതിനായി ബഹുനില വ്യവസായ സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതികളുണ്ട്. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിലേക്കായി എല്ലാ ജില്ലകളിലും investor's meet' സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് തുടങ്ങിയവ നടത്തിവരുന്നുണ്ട്. നിക്ഷേപകരുടെ മേളകളിൽ MSME ഉൽപ്പന്നങ്ങൾ, വിപണന മേളകൾ, മെഷിനറി എക്സിബിഷൻ തുടങ്ങിയവയും ബ്ലോക്ക്/താലൂക്ക്/മുനിസിപ്പാലിറ്റി/ജില്ലാ തലത്തിൽ നടത്തി വരുന്നുണ്ട്.

(ബി) പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തി തൊഴിലവസരങ്ങൾ സൃഷ്ടിച്ച് ഗ്രാമീണ മേഖലയിൽ സൂക്ഷ്മചെറുകിടഇടത്തരം സംരംഭങ്ങളും ഗാർഹിക സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഗാർഹിക നാനോ സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി പദ്ധതി.

(സി) എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെയും ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ എം.എസ്.എം.ഇ. യൂണിറ്റുകളുടെ ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിലേക്കായി എക്സിബിഷനുകൾ സംഘടിപ്പിച്ച് വരുന്നുണ്ട്. സംസ്ഥാനാടിസ്ഥാനത്തിൽ ആഗ്രോ ഫെസ്റ്റ്, മെഷിനറി എക്സ്പോ, ബാംബൂ ഫെസ്റ്റ് എന്നിവ സംഘടിപ്പിക്കുന്നുണ്ട്.

## ആറ്റുമണൽ ഇറക്കുമതി

166 (562) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്തുനിന്ന് ആറ്റുമണൽ ഇറക്കുമതി ചെയ്യാൻ എത്ര സ്വകാര്യ കമ്പനികൾക്ക് അനുമതി നൽകിയിട്ടുണ്ട്; ഏതെല്ലാം കമ്പനികൾക്ക് എപ്പോഴാണ് അനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുവരെ ഏതെല്ലാം രാജ്യങ്ങളിൽനിന്നും എത്ര ടൺ മണൽ ഇറക്കുമതി ചെയ്തിട്ടുണ്ട്; ഏത് തുറമുഖം വഴിയാണ് മണൽ ഇറക്കുമതി ചെയ്തത്;

(സി) മണൽ ഇറക്കുമതി ചെയ്യാൻ കമ്പനികൾക്ക് മുതൽമുടക്ക് എത്രയാണ്; സർക്കാരിന് ഇത് വഴി ലഭിക്കുന്ന വരുമാനം എത്രയാണ്; വിശദമാക്കാമോ;

(ഡി) ഇറക്കുമതി ചെയ്ത മണൽ മുഴുവൻ ചെലവായിട്ടുണ്ടോ; ഇല്ലെങ്കിൽ ചെലവാകാത്ത മണൽ ഇപ്പോൾ എവിടെയാണ് കെട്ടിക്കിടക്കുന്നത്;

(ഇ) ഇറക്കുമതി ചെയ്ത മണൽ വിറ്റഴിക്കാനാവാതെ തുറമുഖത്ത് വൻതോതിൽ കെട്ടിക്കിടക്കുന്നതിനാൽ വിദേശമണൽ ഇറക്കുമതി പദ്ധതി കമ്പനികൾ ഉപേക്ഷിച്ചു എന്ന വാർത്ത കേരളത്തിലെ മണൽക്ഷാമം തീർന്നു എന്ന സൂചനയാണോ നൽകുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ആറ് സ്വകാര്യ കമ്പനികൾ വിദേശത്തുനിന്നും കൊച്ചി തുറമുഖത്തേയ്ക്ക് മണൽ ഇറക്കുമതി ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ

അനുബന്ധമായി ചേർത്തിരിക്കുന്നു*. ടി കമ്പനികൾക്കുപുറമേ M/s. Worlds Windows Impex India Private Limited എന്ന സ്ഥാപനം മലേഷ്യയിൽനിന്നും 44,260 മെട്രിക് ടൺ മണൽ കൊച്ചി തുറമുഖത്ത് ഇറക്കുമതി ചെയ്തിട്ടുള്ളതും ടി മണൽ മറ്റ് കമ്പനികൾക്കും വ്യക്തികൾക്കും വിൽപ്പന നടത്തിയിട്ടുള്ളതുമാണ്.

(സി) മണൽ ഇറക്കുമതി ചെയ്യാനുള്ള കമ്പനികളുടെ മൊത്ത മുതൽ മുടക്ക് എത്രയെന്നതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. മണൽ വില്പന വഴി മൈനിംഗ് & ജിയോളജി വകുപ്പ് മുഖാന്തരം സർക്കാരിന് ടൺ ഒന്നിന് 4 രൂപ പ്രകാരമുള്ള ലൈസൻസ് ഫീ മാത്രമെ ലഭിക്കുന്നുള്ളൂ. കൊച്ചി തുറമുഖത്തെത്തിയ മണൽ സൂക്ഷിക്കുന്നതിന് തുറമുഖ അതോറിറ്റിക്ക് ഡമറേജ് നൽകുന്നുണ്ട്. ഇറക്കുമതി ചെയ്യുന്ന മണലിൽ ടി രാജ്യത്ത് നൽകുന്ന വിലയുടെ 5% ഇന്ത്യയിൽ കസ്റ്റംസ് ഡ്യൂട്ടിയായി അടയ്ക്കേണ്ടിവരുന്നുണ്ട്. കേരളത്തിൽ വില്പന നടത്തുന്ന ഓരോ ലോഡ് മണലിന്റെയും വിലയുടെ 5% ജി.എസ്.ടി. ആയി അടയ്ക്കേണ്ടതുണ്ട്.

(ഡി&ഇ) ഇറക്കുമതി ചെയ്ത മണലിൽ 1 ലക്ഷത്തോളം ടൺ മണൽ ഇപ്പോഴും കൊച്ചി തുറമുഖത്ത് സ്റ്റോക്കുണ്ട്. മണൽ സ്റ്റോക്ക് ചെയ്യുന്നതിന് കൊച്ചി തുറമുഖ അതോറിറ്റി അനുവദിച്ച കാലാവധി തീർന്നതിനാൽ ഈ കാലാവധി നീട്ടി നൽകുന്ന മുറയ്ക്ക് മാത്രമെ ഡീലേഴ്സ് ലൈസൻസ് നൽകാൻ സാധിക്കുകയുള്ളൂ. അതിനാലാണ് മണൽ കൊച്ചി തുറമുഖത്തുനിന്നും നീക്കം ചെയ്യാൻ സാധിക്കാത്തത്. സ്റ്റോക്ക് ചെയ്യാനുള്ള അനുമതിയുടെ കാലാവധി തുറമുഖ അതോറിറ്റി ഉടൻതന്നെ നീട്ടി നൽകുമെന്നാണ് അറിവായിട്ടുള്ളത്. കേരളത്തിലെ മണൽക്ഷാമം തീർന്നുവെന്ന സൂചന നൽകുന്ന പത്രവാർത്ത ശരിയല്ല. കൃത്രിമ മണൽ വ്യാപകമായി ഉപയോഗിക്കുന്നതിനാൽ ഇറക്കുമതി ചെയ്യുന്ന മണലിന് ഇവിടെ ഡിമാന്റ് കുറവാണ്.

**പ്രളയത്തിൽ വ്യവസായ മേഖലയ്ക്കുണ്ടായ നഷ്ടം**

167 (563) ശ്രീ. യു. ആർ. പ്രദീപ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ മഹാപ്രളയത്തിൽ സംസ്ഥാനത്തെ വ്യവസായ മേഖലയ്ക്ക് എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) ഇതിൽ പൊതുമേഖല വ്യവസായ സ്ഥാപനങ്ങളുടെ നഷ്ടം, ചെറുകിട വ്യവസായ മേഖലയുടെ നഷ്ടം എന്നിവ എത്ര കോടി രൂപ വീതമാണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രളയസമയത്തും പ്രളയാനന്തരവും വ്യവസായ മേഖലയ്ക്കുണ്ടായ നഷ്ടത്തിൽനിന്നും കരകയറ്റുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് വ്യവസായ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2018 ആഗസ്റ്റ് മാസത്തിലുണ്ടായ മഹാപ്രളയത്തിൽ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന 3590-ൽപ്പരം സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾക്ക് 632 കോടി രൂപയുടെയും ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലായി 12 വൻകിട വ്യവസായ യൂണിറ്റുകൾക്ക് 289.40 കോടി രൂപയുടെയും നാശനഷ്ടമുണ്ടായിട്ടുണ്ട്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ അധീനതയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് 16 കോടി രൂപയുടെ വസ്തു നഷ്ടവും 4.50 കോടി രൂപയുടെ വരുമാന നഷ്ടവും ഉണ്ടായിട്ടുണ്ട്.

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് ആകെ 47.61 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

കൈത്തറി വ്യവസായ മേഖലയിൽ 8 ജില്ലകളിലായി 650 ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്. ഇതിൽ ഏറ്റവുമധികം നാശനഷ്ടം സംഭവിച്ചിട്ടുള്ളത് എറണാകുളം ജില്ലയിലെ നോർത്ത് പറവൂരിലുള്ള ചേന്ദമംഗലം പ്രദേശത്തെ 8 കൈത്തറി സഹകരണ സംഘങ്ങൾക്കാണ്. 2.84 കോടി രൂപയുടെ നാശനഷ്ടമാണ് കൈത്തറി സംഘങ്ങൾക്കുണ്ടായത്. പ്രസ്തുത കൈത്തറി സംഘങ്ങളിലെ 255 തറികൾ, ഉണിത്തരങ്ങൾ, നൂലടക്കമുള്ള അസംസ്കൃത വസ്തുക്കൾ, ഫർണിച്ചർ, ഡൈഹൗസ്, വർക്ക് ഷെഡ് തുടങ്ങിയവയെല്ലാം നശിച്ചുപോയി. 53 തറികൾ പൂർണമായും 202 തറികൾ ഭാഗികമായും നശിച്ചു. ചേന്ദമംഗലം യാൺ ബാങ്കിനും വൻ നഷ്ടമുണ്ടായി. എറണാകുളം, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിലെ കൈത്തറി സംഘങ്ങൾക്കാവശ്യമായ നൂൽ വിതരണം ചെയ്യുന്ന ചേന്ദമംഗലം യാൺ ബാങ്കിൽ സൂക്ഷിച്ചിരുന്ന 31.21 ലക്ഷം രൂപയുടെ നൂൽ നശിച്ചുപോയി.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രളയം സാരമായി ബാധിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്റ്റോക്ക്, മെഷീനുകൾ, ഇലക്ട്രിക് സാധനങ്ങൾ, കെട്ടിടങ്ങൾ എന്നിവയ്ക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രളയം നിമിത്തം ഏകദേശം 39.60 കോടി രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കുന്നു.

(സി) പ്രളയക്കെടുതിയിൽ തകർന്നുപോയ സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകളെ പുനരുദ്ധരിക്കുന്നതിനായി 2019-20 പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാന പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുള്ള പദ്ധതികൾ താഴെപ്പറയുന്നു:

(i) പ്രളയക്കെടുതിയിൽ തകർന്നുപോയ സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകളുടെ പുനർ നിർമ്മാണത്തിനായി സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. സ്റ്റാർട്ട് അപ്പ് സഹായം, നിക്ഷേപ സഹായം എന്നിങ്ങനെ രണ്ടു ഘട്ടമായാണ് സഹായം നൽകുന്നത്. സ്ഥിര ആസ്തികൾ സ്ഥാപിക്കുന്നതിന് നിക്ഷേപം നടത്തുന്നവർക്ക് 15% മുതൽ 30% വരെ പരമാവധി 20/30 ലക്ഷം എന്ന നിരക്കിൽ സഹായം നൽകുന്നതാണ്. കെട്ടിടം, മറ്റു നിർമ്മാണ പ്രവൃത്തികൾ, യന്ത്ര സാമഗ്രികൾ, മറ്റു അവശ്യ സ്ഥിര ആസ്തികൾ എന്നിവയാണ് സ്ഥിര നിക്ഷേപത്തിൽ ഉൾപ്പെടുക. അർഹതപ്പെട്ട തുകയുടെ 50% ആദ്യം നൽകുകയും സ്ഥാപനം പുനർ നിർമ്മിച്ചശേഷം ബാക്കി തുക നൽകുകയും ചെയ്യുന്നതിനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.

(ii) ദുരന്ത ബാധിത സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർ സംരംഭം വീണ്ടെടുക്കുന്നതിനായി പുതുതായി ബാങ്കുകൾ വഴി നേടുന്ന വായ്പകളിൽ 6% മുതൽ 8% വരെ പലിശയിളവ് 3 വർഷത്തേയ്ക്ക് ലഭിക്കുന്ന രീതിയിൽ സർക്കാർ സബ്സിഡി ലഭ്യമാക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നു.

കൂടാതെ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ചുവടെ ചേർക്കുന്ന പ്രത്യേക ധനസഹായ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്.

<u>ഹ്രസ്വകാല വായ്പ പദ്ധതികൾ</u>:

9% പലിശയ്ക്ക് മൂന്ന് കോടി രൂപ ഹ്രസ്വകാല വായ്പ നൽകും. ഹ്രസ്വകാല വായ്പയുടെ തിരിച്ചടവ് കാലാവധി 3 വർഷമായി ഉയർത്തിയിട്ടുമുണ്ട്. പ്രളയബാധിത സ്ഥലങ്ങളിൽ പുതിയ സംരംഭങ്ങൾക്കും പദ്ധതികൾക്കും നടപടികൾക്കുമുള്ള ഫീസ് ഒഴിവാക്കിയിട്ടുമുണ്ട്.

<u>നിശ്ചിതകാല വായ്പ</u>:

പ്രളയബാധിത സ്ഥലങ്ങളിൽ നിശ്ചിതകാല വായ്പ പദ്ധതികളുടെ പലിശ നിരക്കിൽ 1% വരെ ഇളവ് നൽകുകയും നിലവിൽ ഏറ്റവും കുറഞ്ഞ പലിശയായ 9.75 ശതമാനത്തിൽ കുറയാത്ത വിധവുമാണ് ഇത് നടപ്പിലാക്കുക.

നിലവിലെ സംരംഭകർക്ക് :

നിലവിൽ സാമ്പത്തിക സഹായം സ്വീകരിച്ച സംരംഭകർക്ക് ഒരു വർഷത്തെ പിഴപ്പലിശ ഒഴിവാക്കുകയും ആവശ്യകത പരിശോധിച്ച് ഒരു വർഷം വരെ മൊറട്ടോറിയവും വായ്പ തിരിച്ചടവ് കാലാവധി പുതുക്കി നിശ്ചയിക്കുവാനും തീരുമാനമായിട്ടുണ്ട്.

കൈത്തറി മേഖലയില കേട്ടുപറ്റിയ 255 തറികളിൽ 219 എണ്ണം അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. പുനരുദ്ധാരണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി രൂപീകരിച്ച മോണിറ്ററിംഗ് കമ്മിറ്റി 25-10-2018-ൽ യോഗം ചേർന്ന് തുടർപ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. ഡിസംബർ 15-നകം എല്ലാ തറികളും പ്രവർത്തനക്ഷമമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## വ്യവസായം തുടങ്ങുന്നതിനുള്ള അനുമതിക്കായി ഓൺലൈൻ സംവിധാനം

168 (564) ശ്രീ. തോമസ് ചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽനിന്നുള്ള അനുമതികൾ ലഭ്യമാക്കുന്നതിനായി വകുപ്പുകളുടെ അപേക്ഷ ഫോറങ്ങൾ ഏകീകരിച്ച് ഒരു ഏകീകൃത അപേക്ഷ ഫാറം രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷ ഫോറങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വിവിധ വകുപ്പുകളിൽനിന്നുള്ള അനുമതികൾ സുതാര്യമായും സമയബന്ധിതമായും നൽകുന്നതിനുള്ള ഓൺലൈൻ സംവിധാനമായ K-SWIFT പ്രാബല്യത്തിൽ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഓൺലൈൻ സംവിധാനത്തോട് (K-SWIFT) അനുബന്ധിച്ചുള്ള ജോലികൾ പൂർത്തീകരിച്ചുകഴിഞ്ഞു. ട്രയൽ വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ഏകീകൃത അപേക്ഷാഫോറം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഓൺലൈൻ സംവിധാനം നിലവിൽ വരുമ്പോൾ വ്യവസായ സംരംഭകർക്ക് ഈ ഫോറം മുഖേന എല്ലാ വകുപ്പുകളിൽനിന്നുമുള്ള അനുമതി കാലതാമസമില്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. ഇതിന്റെ ഔദ്യോഗിക ഉദ്ഘാടനം 8-1-2019-ൽ നിർവ്വഹിക്കാൻ നിശ്ചയിച്ചിട്ടുണ്ട്.

## വ്യവസായ മേഖലയുടെ ഉന്നമനം

169 (565) ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. എം. നൗഷാദ്:
ശ്രീ. ബി. സത്യൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ മേഖലയുടെ ഉന്നമനത്തിനായി ആവിഷ്കരിച്ചിട്ടുള്ള നൂതനപദ്ധതികൾ എന്തെല്ലാമാണ് ;

(ബി) പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും സമയബന്ധിതമായി അനുമതി നൽകുന്നതിനും വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണ് ;

(സി) വ്യവസായ വളർച്ചയിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുതകുന്ന എന്തെല്ലാം പദ്ധതികളാണ് ഇതിൽ വിഭാവനം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) വ്യവസായ രംഗത്തെ കേന്ദ്രപദ്ധതികൾ ഏകോപിപ്പിക്കുന്നതിനായി പ്രത്യേക സെൽ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകി വരുന്ന പ്രത്യേക ഇളവ് ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കുക, വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക, വാണിജ്യ സൗഹൃദ സാഹചര്യം സൃഷ്ടിക്കുക, വ്യവസായ വളർച്ചയിൽ മറ്റ് മുൻനിര സംസ്ഥാനങ്ങളോടൊപ്പം എത്തിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നടത്തിപ്പിനുമായി വിവിധ വകുപ്പുകളിൽ നിലനിന്നിരുന്ന ഏഴ് നിയമങ്ങൾ ഭേദഗതി വരുത്തിക്കൊണ്ട് "കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് 2018" എന്ന പേരിൽ ഏകീകൃത നിയമം നിലവിൽ വന്നിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകൾ നിലവിലുള്ള 10 ചട്ടങ്ങളും ഭേദഗതി വരുത്തിയിട്ടുണ്ട്.

വിവിധ വകുപ്പുകളുടെ അപേക്ഷാ ഫോറങ്ങൾ ഏകീകരിച്ചുകൊണ്ട് ഒരു ഏകീകൃത അപേക്ഷാഫോറവും (CAF) തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഏകീകൃത അപേക്ഷ ഫോറം ഉൾകൊള്ളിച്ചുകൊണ്ടുള്ള ഓൺലൈൻ സംവിധാനം (K-SWIFT) നിലവിൽ വരുമ്പോൾ വ്യവസായ സംരംഭകർക്ക് ഈ ഫോറം മുഖേന എല്ലാ വകുപ്പുകളിൽനിന്നുമുള്ള അനുമതി കാലതാമസമില്ലാതെ ലഭ്യമാകും. ഏകജാലക ഓൺലൈൻ സംവിധാനമായ K-SWIFT-ന്റെ ഔദ്യോഗിക ലോഞ്ചിംഗ് 8-1-2019-ൽ നടത്താൻ നിശ്ചയിച്ചിട്ടുണ്ട്.

സംസ്ഥാനതലത്തിലും ജില്ലാതലത്തിലും കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. സമയബന്ധിതമായി ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാകുന്നു എന്നത് പരിശോധിച്ച് ഉറപ്പുവരുത്തുക എന്ന പ്രധാന ലക്ഷ്യമാണ് കേരള പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ സെല്ലിനുള്ളത്. കെ-സ്വിഫ്റ്റ് (സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റർ ഡിസ്പോസൽ ആൻഡ് ട്രാൻസ്പാരൻസി) എന്ന പേരിൽ ഒരു പോർട്ടൽ വികസിപ്പിച്ചതിന്റെ സുഗമമായ നടത്തിപ്പിനായി ജില്ലാതലത്തിൽ ഒരു കോർ ടീം രൂപീകരിച്ചിട്ടുണ്ട്. എൻ.ഐ.സി.-യുടെ സേവനം ഇതിനായി ഉപയോഗപ്പെടുത്തുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്.

വ്യവസായ വളർച്ചയിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സംരംഭങ്ങൾ ആരംഭിക്കേണ്ടതുണ്ട്. സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള റെഗുലേറ്ററി നടപടിക്രമങ്ങൾ ലഘൂകരിക്കുക, സമയബന്ധിതമായി അംഗീകാരവും ക്ലിയറൻസും നൽകുക എന്ന ലക്ഷ്യം മുൻനിർത്തി "കേരള വ്യവസായ വാണിജ്യ നയം-2018" സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സംരംഭക സഹായ പദ്ധതി, ക്ലസ്റ്റർ വികസന പദ്ധതി, വ്യവസായ സംരംഭകർക്ക് യൂണിറ്റുകൾ ആരംഭിക്കുന്നതിലേയ്ക്കായി വ്യവസായ എസ്റ്റേറ്റുകളിൽ 'ഗാല' നിർമ്മാണം, ആർട്ടിസാൻ മേഖലയിലുള്ള ആശാ പദ്ധതി, വ്യവസായ സംരംഭകർക്കുള്ള ടെക്നോളജി ഉൾപ്പെടെ വിവിധ മേഖലകളിലുള്ള പരിശീലന പരിപാടികൾ എന്നിവയിലൂടെ കൂടുതൽ വ്യവസായ സംരംഭങ്ങൾ ആരംഭിച്ച് കൂടുതൽ തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കെ.എസ്.ഐ.ഡി.സി. വിഭാവന ചെയ്ത് നടപ്പിലാക്കിവരുന്ന ബൃഹത് പദ്ധതികളായ ലൈഫ് സയൻസ് പാർക്ക്, മെഗാഫുഡ് പാർക്ക്, ലൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്, ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക്, കോഴിക്കോട്, കണ്ണൂർ, ആലപ്പുഴ എന്നീ വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലെ

അടിസ്ഥാന സൗകര്യ വികസനങ്ങൾ എന്നിവ മുഖേന കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുന്നതാണ്. കെ.എസ്.ഐ.ഡി.സി. മുഖേന സംരംഭകർക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്.

(ഡി) ഇത്തരം പദ്ധതികളുടെ മേൽനോട്ടം സംസ്ഥാനത്തെ കെ-ബിപ്പ് മുഖേനയാണ് നടത്തിവരുന്നത്. സൂക്ഷ്മ ചെറുകിട ഇടത്തരം മന്ത്രാലയത്തിന്റെ എം.എസ്.ഇ.-സി.ഡി.പി. പദ്ധതിയായ ക്ലസ്റ്റർ വികസന പദ്ധതികളുടെ കേരളത്തിലെ ഇംപ്ലിമെന്റിംഗ് ഏജൻസി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനാണ് (കെ-ബിപ്പ്). കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ നാഷണൽ ബാംബൂ മിഷന്റെ കേരള ബാംബൂ മിഷൻ കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനിൽ പ്രവർത്തിക്കുന്നു. നാഷണൽ എസ്.സി. എസ്.ടി. ഹബ്ബിന്റെ കേരളത്തിലെ നോഡൽ ഏജൻസി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനാണ്.

(ഇ) സ്റ്റാർട്ടപ്പ് സംബന്ധിച്ച കേന്ദ്ര സർക്കാർ നിർവചനം സംസ്ഥാനത്തുകൂടി അംഗീകരിച്ചിട്ടുണ്ട്. അതുപ്രകാരം സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് മറ്റ് വ്യവസ്ഥകൾക്ക് അനുസൃതമായി 7 വർഷം സ്റ്റാർട്ടപ്പായി തുടരുവാൻ കഴിയും. ഈ കാലഘട്ടത്തിൽ സ്റ്റാർട്ടപ്പിന് നൽകുന്ന ആനുകൂല്യങ്ങൾക്കെല്ലാം അവർ അർഹരായിരിക്കുകയും ചെയ്യും. പ്രസ്തുത ഉത്തരവിന് മുൻപ് 3 വർഷമായിരുന്നു സ്റ്റാർട്ടപ്പായി തുടരാൻ കഴിഞ്ഞിരുന്നത്.

കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ എല്ലാ മേഖലയിൽനിന്നുമുള്ള നൂതനവും വ്യാപാര യോഗ്യമായതുമായ യുവ സംരംഭങ്ങൾക്ക് മൂലധന സഹായം ഇൻകുബേഷൻ സൗകര്യങ്ങൾ എന്നിവ നൽകിവരുന്നു. സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കെല്ലാം അവരുടെ ആവശ്യാനുസരണം കൃത്യമായ ഇടവേളകളിൽ മാർഗ്ഗനിർദ്ദേശ സെമിനാറുകളും ചർച്ചാ യോഗങ്ങളും നടത്തിവരുന്നു. ഇവ പ്രത്യേക കാലയളവിലേയ്ക്കുള്ളതല്ല.

**കേരള സോപ്പിന്റെ സ്ഥലത്ത് കൺവെൻഷൻ സെന്റർ**

170 (566) ശ്രീ. എ. പ്രദീപ്കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കേരള സോപ്പിന്റെ അധീനതയിലുള്ളതും ഗാന്ധി റോഡ് ഫ്ലൈ ഓവറിനു സമീപമുള്ളതുമായ സ്ഥലത്ത് ഒരു കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നതിന് സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

## ഉത്തരം

(എ&ബി) കോഴിക്കോട് ജില്ലയിൽ പ്രവർത്തനം നിലച്ച കേരള സോപ്പ് ആൻഡ് ഓയിൽസിന്റെ അധീനതയിലുണ്ടായിരുന്ന സ്ഥലം അടിസ്ഥാന സൗകര്യ വികസനത്തിനായി ഇൻകലുമായി ചേർന്ന് സംയുക്ത സംരംഭങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി കിൻഫ്രയ്ക്ക് കൈമാറിയിരുന്നു. എന്നാൽ പ്രസ്തുത സ്ഥലത്ത് കൺവെൻഷൻ സെന്റർ സ്ഥാപിക്കാനുള്ള പദ്ധതി കിൻഫ്രയ്ക്കില്ല.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം

171 (567) ശ്രീ. കെ. ജെ. മാക്സി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ നിലവിൽ എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളാണ് ലാഭകരമായി പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; 2017-18 സാമ്പത്തിക വർഷം പ്രസ്തുത സ്ഥാപനങ്ങൾ ഒരോന്നും നേടിയ വാർഷിക ലാഭം എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) നിലവിൽ ലാഭകരമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏതൊക്കെ സ്ഥാപനങ്ങൾ നഷ്ടത്തിലായിരുന്നുവെന്ന വിവരം ലഭ്യമാക്കാമോ;

(സി) നിലവിൽ സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത സ്ഥാപനങ്ങൾ ഓരോന്നും 2017-18 സാമ്പത്തിക വർഷത്തിൽ വരുത്തിയ വാർഷിക നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇത്തരത്തിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനങ്ങളെ ലാഭത്തിൽ എത്തിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന വിശദാംശം നൽകുമോ;

(ഇ) ഈ സർക്കാർ അധികാരമേറ്റ സമയത്ത് സംസ്ഥാനത്ത് ഏതൊക്കെ പൊതുമേഖല സ്ഥാപനങ്ങൾ പൂട്ടിക്കിടന്നിരുന്നു എന്നും ആയതുവഴി എത്ര പേർക്ക് തൊഴിൽ നഷ്ടപ്പെട്ടു എന്നും വ്യക്തമാക്കുമോ ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിൽ പൂട്ടിക്കിടന്ന ഏതൊക്കെ പൊതുമേഖല സ്ഥാപനങ്ങളെ പ്രവർത്തനപഥത്തിൽ കൊണ്ടുവരുവാനായെന്നും എത്ര പേരുടെ തൊഴിൽ സംരക്ഷിക്കുവാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2018-19 സാമ്പത്തിക വർഷം ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം വ്യവസായ വകുപ്പിന്റെ അധീനതയിൽ അവലോകനത്തിനായി കണക്കാക്കുന്ന 40 പൊതുമേഖലാ സ്ഥാപനങ്ങളിൽ 8 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നു. ലാഭത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനങ്ങൾ 2017-18 സാമ്പത്തിക വർഷത്തിൽ നേടിയ വാർഷിക ലാഭത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ദി കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ്, ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2015-16-ൽ) നഷ്ടത്തിലാണ് പ്രവർത്തിച്ചിരുന്നത്.

(സി) 2018-19 സാമ്പത്തികവർഷം ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ 2017-18-ലെ അവയുടെ വാർഷിക ലാഭനഷ്ടത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം എന്നീ നടപടികൾക്ക് പ്രാമുഖ്യം നൽകി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിനായി ബഡ്ജറ്റിൽനിന്നും കൂടുതൽ ധനസഹായവും അനുവദിച്ചുവരുന്നു. ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം വിശദമായി വിശകലനം ചെയ്ത് അനുയോജ്യമായ നവീകരണ വിപുലീകരണ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചുവരുന്നത്. ചെലവു കുറഞ്ഞതും നൂതനവുമായ സാങ്കേതിക വിദ്യകൾ നടപ്പിലാക്കി ഉല്പാദന സംവിധാനങ്ങളിൽ കാലോചിതമായി നവീകരണ പ്രക്രിയകൾ കൊണ്ടുവന്നും, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിലൂടെയും, വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള നൂതനമായ വിപണന സംവിധാനങ്ങൾ ആവിഷ്കരിച്ചും സ്ഥാപനങ്ങളെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകനം ശക്തിപ്പെടുത്തി ആവശ്യമായ മേഖലകളിൽ സമയബന്ധിതമായി ഇടപെടാനും നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ&എഫ്) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൂട്ടിക്കിടന്നിരുന്ന സ്ഥാപനങ്ങളായ ആസ്ട്രൽ വാച്ചസ് ലിമിറ്റഡ്, കേരള ഗാർമെന്റ്സ് ലിമിറ്റഡ്, കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്, കെൽട്രോൺ പവർ ഡിവൈസസ് ലിമിറ്റഡ്, കെൽട്രോൺ റെക്ടിഫയേഴ്സ് ലിമിറ്റഡ്, സിഡ്ക്കൽ ടെലിവിഷൻസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആൻഡ് കെമിക്കൽസ് ലിമിറ്റഡ്, കേരളാ സ്പെഷ്യൽ റിഫ്രാക്ടറീസ് ലിമിറ്റഡ് എന്നിവയെല്ലാം തന്നെ ദീർഘകാലമായി പ്രവർത്തനരഹിതമായവയാണ്. ജീവനക്കാരെല്ലാം സ്വയം വിരമിക്കൽ പദ്ധതി പ്രകാരം മുൻ കാലങ്ങളിൽത്തന്നെ പിരിഞ്ഞുപോയിട്ടുണ്ട്. ഇവയുടെ പ്രവർത്തനം നിർത്തലാക്കി ലിക്വിഡേഷൻ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി കേരളാ സ്പെഷ്യൽ റിഫ്രാക്ടറീസിന്റെ മാനേജിംഗ് ഡയറക്ടറെ സ്പെഷ്യൽ ഓഫീസറായി ചുമതലപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

## കേരള സോപ്സ്

172 (568) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെക്കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ കേരള സോപ്സിനെ ഒരു സ്വതന്ത്ര പൊതുമേഖലാ സ്ഥാപനമാക്കി മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

കേരള സോപ്സിന്റെ പ്രൊഡക്ഷൻ കപ്പാസിറ്റി അനുസരിച്ച് ദീർഘകാലാടിസ്ഥാനത്തിൽ ഉല്പന്ന വൈവിധ്യവൽക്കരണവും വിപണന വ്യാപനവും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഒപ്പം അന്താരാഷ്ട്രതലത്തിൽ മറ്റ് കേരള ഉല്പന്നങ്ങളോടൊപ്പം കേരള സോപ്സിന്റെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു.

## കേരള സോപ്സിന്റെ അധീനതയിലുള്ള ഭൂമി കൈമാറ്റം

173 (569) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കേരള സോപ്സിന്റെ അധീനതയിലുള്ള ഭൂമി കിൻഫ്രക്ക് കൈമാറുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച കാര്യങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. കോഴിക്കോട് ജില്ലയിൽ കേരള സോപ്പിന്റെ അധീനതയിലുള്ള 2.4156 ഏക്കർ ഭൂമി കിൻഫ്രയ്ക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത ഭൂമിയുടെ വിനിയോഗം സംബന്ധിച്ച് അന്തിമതീരുമാനം കിൻഫ്ര എടുത്തിട്ടില്ല.

**കേരള ഓട്ടോമൊബൈൽസിന്റെ പ്രവർത്തനം**

174 (570) <u>ശ്രീ. കെ. ആൻസലൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഓട്ടോമൊബൈൽസിൽ 2018 ഏപ്രിൽ മാസം മുതൽ 2018 ഒക്ടോബർ മാസം വരെ ഓരോ മാസവും എത്ര വരുമാനമാണ് ലഭിച്ചത്; ഇതിൽ ഓരോ മാസവും ഉണ്ടായ ചെലവ് എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇവിടെ പുതിയതായി തുടക്കംകുറിക്കുന്ന പദ്ധതികൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ; പുതിയ പദ്ധതികൾക്ക് എത്ര തുകയാണ് ചെലവാക്കുന്നതെന്ന് വിശദീകരിക്കാമോ;

(സി) കേരള ഓട്ടോമൊബൈൽസിൽ നിലവിൽ എത്ര സ്ഥിരം ജീവനക്കാർ ഉണ്ട് എന്നും എത്ര താൽകാലിക ജീവനക്കാർ ഉണ്ടെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള ഓട്ടോമൊബൈൽസിൽ 2018 ഏപ്രിൽ മാസം മുതൽ ഒക്ടോബർ വരെയുള്ള വരുമാനവും ചെലവഴിച്ച തുകയും.

| മാസം | വരുമാനം ലക്ഷത്തിൽ | ചെലവ് ലക്ഷത്തിൽ |
|---|---|---|
| ഏപ്രിൽ 2018 | 4.62 | 53.52 |
| മേയ് | 25.69 | 63.84 |
| ജൂൺ | 7.11 | 55.51 |
| ജൂലൈ | 28.04 | 61.98 |
| ഓഗസ്റ്റ് | 24.52 | 50.92 |
| സെപ്റ്റംബർ | 32.83 | 66.85 |
| ഒക്ടോബർ | 57.41 | 78.87 |

(ബി) വി.എസ്.എസ്.സി.-യുടെ വർക്ക് ചെയ്യുന്നതിന്റെ ഭാഗമായി കമ്പനിയുടെ മെഷീൻഷോപ്പ് ആധുനികവൽക്കരിക്കുന്നതിനും പുതിയ മെഷീൻ വാങ്ങുന്നതിനുമായി 7 കോടി രൂപ അനുവദിച്ചു. മെഷീൻ വാങ്ങി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

ഇ-ഓട്ടോ നിർമ്മാണത്തിനുവേണ്ടി 10 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ പ്രവർത്തനം ധ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. പ്രസ്തുത സംരംഭത്തിന്റെ തുടക്കമായി ഒരു പ്രോട്ടോടൈപ്പ് ഇ-ഓട്ടോ നിർമ്മിച്ച് അതിന്റെ പരീക്ഷണ ഓട്ടം നടത്തിക്കൊണ്ടിരിക്കുന്നു.

(സി) കേരളാ ഓട്ടോമൊബൈൽസ് ലിമിറ്റഡിൽ നിലവിൽ 136 സ്ഥിരം ജീവനക്കാരുണ്ട്. താൽക്കാലിക ജീവനക്കാരായി ഇപ്പോൾ ആരും ജോലി നോക്കുന്നില്ല.

**ബാംബൂ കോർപ്പറേഷൻ ജീവനക്കാരുടെ ആനുകൂല്യങ്ങൾ**

175 (571) ശ്രീ. റോജി എം. ജോൺ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബാംബൂ കോർപ്പറേഷനിൽ എത്ര സ്ഥിരം ജീവനക്കാരാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കോർപ്പറേഷനിൽ കരാർ-ദിവസ വേതന അടിസ്ഥാനത്തിൽ എത്ര ജീവനക്കാർ ജോലി നോക്കുന്നു എന്നും തസ്തിക തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) കോർപ്പറേഷനിലെ ജീവനക്കാർക്ക് ശമ്പളത്തിന് പുറമേ മറ്റെന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്നെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) കോർപ്പറേഷനിലെ നിലവിലെ ജീവനക്കാർക്കോ വിരമിച്ച ജീവനക്കാർക്കോ മേൽപ്പറഞ്ഞ ഏതെങ്കിലും ആനുകൂല്യം നൽകുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നൽകേണ്ട കുടിശ്ശികയുടെ കണക്ക് ഇനം തിരിച്ച് ലഭ്യമാക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജീവനക്കാർക്കും പെൻഷൻകാർക്കും പുതിയതായി ഏതെങ്കിലും ആനുകൂല്യം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ;

(ഡി) ഈ പരമ്പരാഗത വ്യവസായം സംരക്ഷിക്കുന്നതിനും ഇതിനെ ആശ്രയിച്ച് ഉപജീവനം നടത്തുന്ന പരമ്പരാഗത തൊഴിലാളികൾക്കും കോർപ്പറേഷനിലെ ജീവനക്കാർക്കും ലഭിക്കേണ്ട ആനുകൂല്യങ്ങളും നൽകുന്നതിനായി സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത കോർപ്പറേഷനിലെ എം.ഡി, ചെയർമാൻ, മറ്റ് ബോർഡ് അംഗങ്ങൾ എന്നിവർക്കായി മെഡിക്കൽ അലവൻസ്, ടി.എ, വാഹന ഉപയോഗം തുടങ്ങിയവയ്ക്കായി ചെലവായ തുക ഇനം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള സംസ്ഥാന ബാംബു കോർപ്പറേഷനിലെ ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തിക | സ്ഥിരം ജീവനക്കാരുടെ എണ്ണം | കരാർ-ദിവസവേതന തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | ജീവനക്കാർ | 40 | - |
| 2 | Bamboo Board Factory (BBF) തൊഴിലാളികൾ | 73 | - |
| 3 | ഡിപ്പോ തൊഴിലാളികൾ | 47 | - |
| 4 | നല്ലളം ഫാക്ടറി തൊഴിലാളികൾ | 17 | - |
| 5 | കരാർ-ദിവസ വേതന തൊഴിലാളികൾ | - | - |
| | 1) ട്രെയിനീസ് | - | 20 |
| | 2)ഡിപ്പോ വർക്കർ ട്രെയിനീസ് | - | 3 |
| | 3) Trainer to Weavers | - | 3 |
| | 4) കാഷ്വൽ തൊഴിലാളികൾ | - | 7 |
| | 5)സ്വീപ്പർ | - | 3 |
| | **ആകെ** | 177 | 36 |

(ബി) കോർപ്പറേഷനിലെ ജീവനക്കാർക്ക് ശമ്പളത്തിന് പുറമെ മെഡിക്കൽ, ലീവ് സറണ്ടർ ആനുകൂല്യങ്ങളാണ് നൽകിവന്നുകൊണ്ടിരുന്നത്. എന്നാൽ കോർപ്പറേഷന്റെ ഭീമമായ നഷ്ടംമൂലമുണ്ടായ സാമ്പത്തിക ബുദ്ധിമുട്ട് കാരണം 2017-18 & 2018-19 സാമ്പത്തിക വർഷങ്ങളിലെ മെഡിക്കൽ ആനുകൂല്യങ്ങളും 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലെ ലീവ് സറണ്ടർ ആനുകൂല്യങ്ങളും ഇതുവരെ നൽകിയിട്ടില്ല.

(സി) കോർപ്പറേഷനിലെ നിലവിലെ ജീവനക്കാർക്കും വിരമിച്ച ജീവനക്കാർക്കും താഴെപ്പറഞ്ഞ ആനുകൂല്യം നൽകുന്നതിൽ കുടിശ്ശിക വന്നിട്ടുണ്ട്. കോർപ്പറേഷനിലെ നിലവിലെ ജീവനക്കാർക്കും വിരമിച്ച ജീവനക്കാർക്കും

റിട്ടയർമെന്റ് ആനുകൂല്യമായി നൽകാനുള്ളതായ 31-5-2013 മുതലുള്ള ഗ്രാറ്റുവിറ്റി, 2005 മുതലുള്ള ടെർമിനൽ സറണ്ടർ ഇനങ്ങളിലുള്ള കുടിശ്ശികയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഇനം | അടക്കേണ്ട തുക |
|---|---|---|
| 1 | മെഡിക്കൽ ആനുകൂല്യങ്ങൾ | 22 ലക്ഷം |
| 2 | ലീവ് സറണ്ടർ ആനുകൂല്യങ്ങൾ 2018-19 | 14.05 ലക്ഷം |
| 3 | വിരമിച്ച തൊഴിലാളികൾക്ക് നൽകാനുള്ള ഗ്രാറ്റുവിറ്റി & ടെർമിനൽ സറണ്ടർ ആനുകൂല്യം | 150 ലക്ഷം |
| 4 | ഈറ്റ വെട്ട്, പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് മിനിമം വേതനത്തിന്റെ ഭാഗമായുള്ള ഡി.എ. കുടിശ്ശിക | 900 ലക്ഷം |
| | ആകെ | 1086.65 ലക്ഷം |

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജീവനക്കാർക്കും തൊഴിലാളികൾക്കും നൽകിയ ആനുകൂല്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(1) ബാംബു ബോർഡ് ഫാക്ടറി ജീവനക്കാരുടെ ദീർഘകാല കരാർ 10-2-2017 മുതൽ നടപ്പിലാക്കി.

(2) പരമ്പരാഗത ഈറ്റ വെട്ട്, പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് 8-5-2017 മുതൽ 20% കൂലി വർദ്ധനവ് നടപ്പിലാക്കുകയുണ്ടായി.

(3) പരമ്പരാഗത ഈറ്റ വെട്ട്, പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് മിനിമം വേജസ്സിന്റെ കുടിശ്ശിക ഇനത്തിൽ 1067 ലക്ഷം രൂപയുണ്ടായിരുന്നതിൽ ഭാഗികമായി 167 ലക്ഷം രൂപ ഈറ്റ വെട്ട് പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് വിതരണം ചെയ്തു. ബാക്കി നൽകുന്നതിനുള്ള കുടിശ്ശികയായ 900 ലക്ഷം രൂപ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് വിതരണം നടത്തും.

(ഡി) (1) ഫണ്ടിന്റെ അപര്യാപ്തതമൂലം കോർപ്പറേഷന്റെ പ്രവർത്തന മൂലധനത്തിൽ നിന്നെടുത്താണ് ഇൻസെന്റീവ് വിതരണം ചെയ്തത്. ആയതിനാൽ പരമ്പരാഗത തൊഴിലാളികൾക്കും കോർപ്പറേഷനിലെ ജീവനക്കാർക്കും ലഭിക്കേണ്ട ആനുകൂല്യങ്ങൾ നൽകുവാൻ കോർപ്പറേഷന് സാധിച്ചിട്ടില്ല.

2) വനം വകുപ്പിന്റെ അനുമതിയോടെ കേരളത്തിലെ വനത്തിൽനിന്ന് ശേഖരിക്കുന്ന ഈറ്റ കോർപ്പറേഷന്റെ നെയ്ത്ത് കേന്ദ്രങ്ങളിലുള്ള പനമ്പ് നെയ്ത്തുകാർക്ക് എത്തുന്നത് വരെയുള്ള ചെലവ് ഒരു കെട്ട് ഈറ്റയ്ക്ക് 243 രൂപയാണ്. എന്നാൽ അതിലും കുറഞ്ഞ വിലയ്ക്ക് ഈറ്റ പനമ്പ് നെയ്ത്തുകാർക്ക് നെയ്യുന്നതിനായി കൊടുക്കുന്നതിനാൽ കോർപ്പറേഷന്റെ പ്രവർത്തന മൂലധനം ചോർന്നുപോകുകയാണ്. ഈയിനത്തിൽ കോർപ്പറേഷൻ പ്രതിവർഷം 2.50 കോടി രൂപയുടെ നഷ്ടം നേരിടുന്നു. തന്മൂലം ജീവനക്കാരുടെ ആനുകൂല്യങ്ങൾ യഥാസമയം കൊടുക്കുന്നതിനുള്ള പണം കണ്ടെത്താൻ കഴിയുന്നില്ല.

കോർപ്പറേഷന്റെ പ്രവർത്തന മേഖല വിപുലീകരിച്ചുകൊണ്ടും നിലവിലുള്ള പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ടും കോർപ്പറേഷനെ ലാഭകരമായ ഒരു സ്ഥാപനമായി മാറ്റിയെടുക്കുന്നതിനായി ലക്ഷ്യമിട്ടുകൊണ്ട് കോർപ്പറേഷൻ സംസ്ഥാന സർക്കാരിലേയ്ക്ക് സമർപ്പിച്ച 15 സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ബാംബൂ കൊറഗേറ്റഡ് ഷീറ്റ് നിർമ്മാണത്തിനുമുള്ള പദ്ധതിക്ക് സർക്കാർ 7.80 കോടി രൂപ അനുവദിക്കുകയും കേരള സംസ്ഥാന ബാംബൂ മിഷനിലൂടെ നാഷണൽ ബാംബൂ മിഷനിലേയ്ക്ക് സമർപ്പിച്ച 25.71 കോടി രൂപയുടെ 12 പദ്ധതികൾ കേന്ദ്ര സർക്കാർ 2018-19 വർഷത്തേയ്ക്ക് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോർപ്പറേഷനിലെ ചെയർമാൻ, മറ്റ് ബോർഡ് അംഗങ്ങൾ എന്നിവർക്കായി മെഡിക്കൽ അലവൻസ് ഒന്നും തന്നെ നൽകിയിട്ടില്ല. സ്ഥാപനത്തിലെ മാനേജിംഗ് ഡയറക്ടർക്ക് നവംബർ 2017 മുതൽ നവംബർ 2018 വരെയുള്ള കാലയളവിൽ 1,20,000 രൂപയുടെ മെഡിക്കൽ അലവൻസിന് അർഹതയുണ്ട്. എന്നാൽ കോർപ്പറേഷന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾമൂലം മാനേജിംഗ് ഡയറക്ടർക്ക് മെഡിക്കൽ അലവൻസായി 21,730 രൂപ മാത്രമെ നൽകിയിട്ടുള്ളൂ.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോർപ്പറേഷനിലെ ബോർഡ് അംഗങ്ങൾക്ക് ടി.എ. ഇനത്തിൽ 1,50,021 രൂപ നൽകിയിട്ടുണ്ട്. ചെയർമാൻ, മാനേജിംഗ് ഡയറക്ടർ എന്നിവർക്ക് ടി.എ. ഇനത്തിൽ ഒരു തുകയും നൽകിയിട്ടില്ല.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോർപ്പറേഷനിലെ ഓഫീസ് വാഹനങ്ങൾക്ക് (ഡീസൽ, മെയിന്റനൻസ് എന്നീ ഇനങ്ങളിൽ) 12,21,973 രൂപ ചെലവായിട്ടുണ്ട്.

## പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ നവീകരണം

176 (572) ശ്രീമതി പി. അയിഷാ പോറ്റി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ നവീകരണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ലാഭത്തിലായ പൊതുമേഖല വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമാണ്;

(സി) അടച്ചുപൂട്ടൽ നേരിടുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 മുതലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട പ്രവർത്തനമാണ് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ കാഴ്ചവച്ചിരിക്കുന്നത്. സ്ഥാപനങ്ങളുടെ മൊത്തം വിറ്റുവരവിൽ വർദ്ധനവ് വരുത്തുന്നതിനും മൊത്തം നഷ്ടം ഗണ്യമായി കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം എന്നീ നടപടികൾക്ക് പ്രാമുഖ്യം നൽകി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ഇതിനുവേണ്ടി കൂടുതൽ ധനസഹായം ബഡ്ജറ്റിൽ പ്രത്യേകമായി അനുവദിക്കുകയും ചെയ്തുവരുന്നുണ്ട്. 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകി. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തി നൽകി. 2017-18 സാമ്പത്തിക വർഷം അധിക ധനസഹായമായി 13 കോടി രൂപയും നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികളുൾപ്പെടെയുള്ള ധനസഹായമായി ബഡ്ജറ്റിൽ 297.35 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സ്ഥാപനങ്ങളിൽ നവീന സാങ്കേതികവിദ്യകൾ നടപ്പിൽവരുത്തി ആധുനികവൽക്കരിക്കുന്നതിനും വിപുലീകരിക്കുന്നതിനുമുള്ള പദ്ധതികൾക്കാണ് മുൻതൂക്കം നൽകിയിരിക്കുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ TTP, TCC, SIFL, TELK, Traco Cable Company Ltd., KSIE, KSDP എന്നിവയാണ്.

(സി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നില്ല.

**പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനുള്ള നടപടികൾ**

177 (573) ശ്രീ. എസ്. ശർമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) വ്യവസായ സ്ഥാപനങ്ങൾക്ക് കിഫ്ബി വഴി നൽകിയ തുക എത്രയെന്ന് വിശദമാക്കാമോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ പൊതുമേഖലാ സ്ഥാപനങ്ങളെയും ലാഭത്തിലാക്കുവാൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നും ആയതിന് എന്തെങ്കിലും കർമ്മപദ്ധതികൾ ആവിഷ്കരിക്കാൻ ആലോചന നടത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ TTP, TCC, SIFL, TELK, Traco Cable Company Ltd., KSIE, KSDP എന്നിവയാണ്.

(ബി) വ്യവസായ വകുപ്പിന്റെ അധീനതയിൽ കെ.എസ്.ഐ.ഡി.സി.-ക്ക് കിഫ്ബിയിൽനിന്ന് ലൈഫ് സയൻസ് പാർക്ക് പദ്ധതിയുടെ രണ്ടാം ഘട്ടത്തിനുവേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കുന്നതിനായി 301.17 കോടി രൂപ നൽകിയിട്ടുണ്ട്.

വ്യവസായ വികസനത്തിനായി 5366 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി കിൻഫ്രയ്ക്ക് കിഫ്ബിയിൽ നിന്നും 12,700 കോടി രൂപയുടെ സ്ഥലമെടുപ്പ് പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം എന്നീ നടപടികൾക്ക് പ്രാമുഖ്യം നൽകി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിനായി ബഡ്ജറ്റിൽനിന്നും കൂടുതൽ ധനസഹായവും അനുവദിച്ചുവരുന്നു. ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം വിശദമായി വിശകലനം ചെയ്ത് അനുയോജ്യമായ നവീകരണ, വിപുലീകരണ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചുവരുന്നത്. ചെലവു കുറഞ്ഞതും നൂതനവുമായ സാങ്കേതിക വിദ്യകൾ നടപ്പിലാക്കി ഉൽപാദന സംവിധാനങ്ങളിൽ കാലോചിതമായ നവീകരണ പ്രക്രിയകൾ കൊണ്ടുവന്നും, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിലൂടെയും വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള നൂതനമായ വിപണന സംവിധാനങ്ങൾ ആവിഷ്കരിച്ചും സ്ഥാപനങ്ങളെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാരുടെ നിയമനം**

178 (574) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരുടെ നിയമനം സംബന്ധിച്ച് വ്യവസായ വകുപ്പ് 2016-ൽ പുറത്തിറക്കിയ വിജ്ഞാപനമനുസരിച്ച് അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത വിജ്ഞാപന പ്രകാരം അപേക്ഷിക്കുകയും നിയമന പ്രക്രിയയുടെ ഭാഗമായി ഒഴിവാക്കുകയും ചെയ്തിട്ടുള്ളവരെ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാരായും മറ്റും നിയമിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അവർ ആരെല്ലാമാണെന്നും ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിലാണെന്നുമുള്ള വിശദവിവരം നൽകുമോ?

ഉത്തരം

(എ-സി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്ക് മാനേജിംഗ് ഡയറക്ടർമാരെ തെരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി 2016 ജൂലൈ മാസം നടത്തിയ വിജ്ഞാപന പ്രകാരം 772 പേർ അപേക്ഷ സമർപ്പിച്ചിരുന്നു. 2016 സെപ്റ്റംബർ മാസം 6, 7, 8 എന്നീ തീയതികളിലായിരുന്നു സെലക്ഷൻ കമ്മിറ്റി ഇന്റർവ്യൂ നടത്തിയത്. ഇതിന്റെ അടിസ്ഥാനത്തിൽ മാനേജിംഗ് ഡയറക്ടർമാരായി നിയമിക്കുവാൻ ഒരു പാനൽ തയ്യാറാക്കിയിരുന്നു. ഈ പാനൽ ലഭിച്ചതിനുശേഷം അതിൽനിന്നും ആവശ്യമനുസരിച്ച് നിയമനം നടത്തി. അവശേഷിച്ച ലിസ്റ്റ് 3-11-2017-ലെ സ.ഉ.(സാധാ) നമ്പർ 1525/2017/വ്യ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം റദ്ദാക്കിയതുവരെയുള്ള കാലയളവിൽ, ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കുകയും നിയമന പ്രക്രിയയുടെ ഭാഗമായി ഒഴിവാക്കുകയും ചെയ്ത ആർക്കും മാനേജിംഗ് ഡയറക്ടർമാരായി റെഗുലർ നിയമനം നൽകിയിട്ടില്ല.

**നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ**

179 (575) ശ്രീ. എം. ഉമ്മർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് പൂർത്തിയായതിനുശേഷമുള്ള കണക്കുകൾ പ്രകാരം ലാഭത്തിൽ പ്രവർത്തിച്ചിരുന്ന ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളാണ് നഷ്ടത്തിലായതെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ സംസ്ഥാനത്തെത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് നഷ്ടത്തിൽ പ്രവർത്തിക്കുന്നതെന്നറിയിക്കാമോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ പുനരുദ്ധരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 കാലയളവിൽ 13 സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചിരുന്നത്. ഈ സ്ഥാപനങ്ങളിൽ 8 സ്ഥാപനങ്ങളുടെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. ആഡിറ്റ് പൂർത്തീകരിച്ചതിനുശേഷവും ഈ സ്ഥാപനങ്ങൾ ലാഭമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2017-18 കാലയളവിൽ 14 സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചിരുന്നത്. ഇവയുടെ ഓഡിറ്റ് പൂർത്തിയാകാത്തതിനാൽ യഥാർത്ഥ സാമ്പത്തികസ്ഥിതിയുടെ വിവരം ഇപ്പോൾ ലഭ്യമല്ല.

(ബി) നിലവിൽ 2018-19 ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള കണക്കുകൾ പ്രകാരം വ്യവസായ വകുപ്പിന്റെ അധീനതയിൽ 32 പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം എന്നീ നടപടികൾക്ക് പ്രാമുഖ്യം നൽകി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിനായി ബഡ്ജറ്റിൽനിന്നും കൂടുതൽ ധനസഹായവും അനുവദിച്ചുവരുന്നു. ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം വിശദമായി വിശകലനം ചെയ്ത് അനുയോജ്യമായ നവീകരണ വിപുലീകരണ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചുവരുന്നത്. ചെലവു കുറഞ്ഞതും നൂതനവുമായ സാങ്കേതികവിദ്യകൾ നടപ്പിലാക്കി ഉൽപ്പാദന സംവിധാനങ്ങളിൽ കാലോചിതമായ നവീകരണ പ്രക്രിയകൾ കൊണ്ടുവന്നും വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യ വൽക്കരണത്തിലൂടെയും, വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള നൂതനമായ വിപണന സംവിധാനങ്ങൾ ആവിഷ്കരിച്ചും സ്ഥാപനങ്ങളെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

## ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിലെ നിയമനം

180 (576) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിലെ വിവിധ തസ്തികകളിലെ നിയമനം പി.എസ്.സി.-ക്ക് വിട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ തസ്തികകളുടെ നിയമനമാണ് പി.എസ്.സി.-യ്ക്ക് വിട്ടിട്ടുള്ളത്;

(സി) പ്രസ്തുത തസ്തികകളുടെ സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ഡി) ഈ സർക്കാർ നിലവിൽവന്നശേഷം പ്രസ്തുത സ്ഥാപനത്തിൽ പി.എസ്.സി. വഴി എത്ര പേർക്ക് നിയമനം നൽകിയെന്നും പി.എസ്.സി. വഴിയല്ലാതെ ഏതൊക്കെ തസ്തികകളിൽ, എത്ര പേർക്ക് നിയമനം നൽകിയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പി.എസ്.സി. മുഖാന്തരം നിയമനം നടത്തുന്ന മാനേജീരിയൽ കേഡറിലെയും സ്റ്റാഫ് കാറ്റഗറിയിലെയും തസ്തികകൾ ചുവടെ ചേർക്കുന്നു:

| Sl. No. | Name of post |
|---|---|
| Grade V posts in the Managerial Cadre | |
| 1 | Asst. Manager (Production) |
| 2 | Asst. Manager (Mechanical) |
| 3 | Asst. Manager (Electrical) |
| 4 | Asst. Manager (Civil) |
| 5 | Asst. Manager (Mechanical Drawing) |
| 6 | Asst. Manager (R&D) |
| 7 | Asst. Manager in Admn. Side |
| 8 | Labour Welfare Officer |
| 9 | Asst. Manager (Boiler Operation) |
| 10 | Asst. Manager (Boiler) |
| Staff Category | |
| 1 | Sr./Jr. Clerk |
| 2 | Telephone Operator/Receptionist |
| 3 | Office Assistant |
| 4 | Office Attendant |
| 5 | Supervisor (Boiler) |
| 6 | Asst. D'man (Mech) |

| | |
|---|---|
| 7 | Typist |
| 8 | Jr. Stenographer |
| 9 | Jr. Time Keeper |
| 10 | Jr. Asst. Chemist |
| 11 | Welfare Asst. |
| 12 | Rotaprint & Photocopying Operator |
| 13 | Male Nursing Assistant. |

(സി) പി.എസ്.സി.-യുടെ നിയമന പരിധിയിൽ നേരത്തെ തന്നെ ഉൾപ്പെടുത്തിയിട്ടുള്ള തസ്തികകൾക്ക് സ്പെഷ്യൽ റൂൾസ് രൂപീകരിച്ചിട്ടുണ്ട്. പുതുതായി ഉൾപ്പെടുത്തുന്ന താഴെപ്പറയുന്ന 14 തസ്തികകളുടെ സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്ന നടപടികൾ പുരോഗമിച്ചുവരികയാണ്.

| Sl. No. | Name of the post |
|---|---|
| 1 | Supvr. (Production) |
| 2 | Supvr. (Fitter) |
| 3 | Supvr. (Lead Lining) |
| 4 | Supvr. (Plastic & Rubber Lining) |
| 5 | Supvr. (Rigger) |
| 6 | Supvr. (Electrical) |
| 7 | Supvr. (Winding & Fitting) |
| 8 | Supvr. (Civil Construction) |
| 9 | Supvr. (Civil Maintenance) |
| 10 | Supvr. (Instruments) |
| 11 | Senior Work Overseer |
| 12 | Work Overseer |
| 13 | Pharmacist |
| 14 | Staff Nurse. |

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പി.എസ്.സി.-യുടെ നിയമന പരിധിയിൽ വരുന്ന അസിസ്റ്റന്റ് കെമിസ്റ്റ് തസ്തികയിൽ 7 നിയമനം നടന്നിട്ടുണ്ട്. കൂടാതെ അസിസ്റ്റന്റ് കെമിസ്റ്റ് - 3, അസിസ്റ്റന്റ് മാനേജർ (ഇലക്ട്രിക്കൽ)– 1 എന്നീ തസ്തികകളിലെ ഉദ്യോഗാർത്ഥികൾക്ക് (4 പേർക്ക്) കമ്പനി നിയമന ഉത്തരവ് അയയ്ക്കുകയും അസിസ്റ്റന്റ് മാനേജർ (മെക്കാനിക്കൽ) - 1 തസ്തികയിലെ ഒരു ഒഴിവ് NJD ആയി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. പി.എസ്.സി. മുഖാന്തരമല്ലാതെ കമ്പനി Direct Recruitment through Employment Exchange/Advertisement in newspaper/Website/DIH മുഖാന്തരം നടത്തിയിട്ടുള്ള നിയമനങ്ങളുടെ തസ്തിക തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

Direct Recruitment/Employment Exchange

| ക്രമ നമ്പർ | തസ്തിക | നികത്തിയ ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | കമ്പനി സെക്രട്ടറി | 1 (resigned) |
| 2 | പ്രോസസ് ഓപ്പറേറ്റർ ട്രെയിനി | 20 |
| 3 | മാനേജർ (സിവിൽ) | 1 |
| 4 | ജനറൽ മാനേജർ (ടെക്നിക്കൽ) | 1 |
| 5 | മാനേജ്മെന്റ് ട്രെയിനി (ഫിനാൻസ്) | 2 |
| 6 | മാനേജ്മെന്റ് ട്രെയിനി (കെമിക്കൽ) | 2 |
| 7 | മാനേജ്മെന്റ് ട്രെയിനി (സിവിൽ) | 1 |
| 8 | ഇൻസ്ട്രുമെന്റ് മെക്കാനിക് | 3 |
| 9 | മെഷിനിസ്റ്റ്. | 1 |

DIH

| ക്രമ നമ്പർ | തസ്തിക | നികത്തിയ ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | സ്റ്റാഫ് നഴ്സ് | 1 |
| 2 | ഫിറ്റർ | 1 |
| 3 | ജനറൽ ഹെൽപ്പർ | 6 |
| 4 | വർക്ക് അസിസ്റ്റന്റ് (പ്രൊഡക്ഷൻ) | 2 |

## കേരള സോപ്സിൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന നടപടി

181 (577) ശ്രീ. എ. പ്രദീപ്കുമാർ : താഴെക്കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളാ സോപ്സിൽ എട്ട് വർഷത്തിൽ അധികമായി ജോലി ചെയ്യുന്ന തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചു വരുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

കേരള സോപ്സിന്റെ തുടക്കം മുതൽ സ്ഥിര സ്വഭാവമുള്ള ജോലിയിൽ ഏർപ്പെട്ടിട്ടുള്ള പുറംകരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനുള്ള നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## വ്യവസായ സൗഹൃദ സമീപന നടപടികൾ

182 (578) ശ്രീ. പി. കെ. ബഷീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇതിലൂടെ എന്ത് മാറ്റമാണ് പ്രസ്തുത മേഖലയിൽ പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിന് ഏകജാലക സംവിധാനം ആരംഭിച്ചിട്ടുണ്ടോ;

(സി) വ്യവസായ വളർച്ചയിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാരിന്റെ വ്യവസായ നയം എന്താണ്; വിശദമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ അനുമതികളും സൗകര്യങ്ങളും അതിവേഗവും, അനായാസമായും ലഭ്യമാക്കുന്നതിനുവേണ്ടി വിവിധ വകുപ്പുകളിലായി നിലനിന്നിരുന്ന ഏഴ് നിയമങ്ങൾ (ആക്ട്) ഭേദഗതി വരുത്തിക്കൊണ്ട് ഒരു ഏകീകൃത ആക്ട് "കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് 2018" നിലവിൽ

വന്നു. കൂടാതെ വിവിധ വകുപ്പുകളിലെ 10 ചട്ടങ്ങൾ ഭേദഗതി വരുത്തിയിട്ടുമുണ്ട്. വ്യവസായം ആരംഭിക്കുന്നതിന് വിവിധ വകുപ്പുകളിൽനിന്നും അനുമതികൾ ലഭിക്കുന്നതിന് ഏകജാലക ഓൺലൈൻ സംവിധാനം, സെൽഫ് സർട്ടിഫിക്കേഷൻ, Deemed Approval എന്നിവയും നിലവിൽ വന്നിട്ടുണ്ട്.

വിവിധ വകുപ്പുകളുടെ അപേക്ഷാ ഫോറം ഏകീകരിച്ചുകൊണ്ട് ഒരു ഏകീകൃത അപേക്ഷാ ഫോറം (Common Application Form - CAF) മുഖേന അനുമതികൾ കാലതാമസം ഇല്ലാതെ ഓൺലൈൻ സംവിധാനം (K-SWIFT) വഴി ലഭ്യമാക്കുന്നതാണ്. പ്രസ്തുത അപേക്ഷയിന്മേലുള്ള പരിശോധന സമയ ബന്ധിതമായി നടപ്പാക്കുന്നതിനായി Investment Promotion and Facilitation Cell (IPFC) സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും രൂപീകരിച്ചിട്ടുണ്ട്. അനുമതികൾ ആവശ്യമായ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഉൾപ്പെട്ടതാണ് പ്രസ്തുത സെൽ. വ്യവസായ പുരോഗതിയിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിൽ സംസ്ഥാനത്തെ ഇന്ത്യയിലെ മറ്റ് മുൻനിര സംസ്ഥാനങ്ങളുടെ ഒപ്പം എത്തിക്കുകയും ഇതിലൂടെ ഒരു നവവ്യവസായ കേരളത്തിന് തുടക്കം കുറിക്കാൻ സാധിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

ഏകജാലക ഓൺലൈൻ സംവിധാനം (K-SWIFT) സംബന്ധിച്ചുള്ള ട്രയൽ വിജയകരമായി പൂർത്തീകരിച്ചു. ഏകജാലക ഓൺലൈൻ സംവിധാനമായ (K-SWIFT)ന്റെ ഔദ്യോഗിക ലോഞ്ചിംഗ് 8-1-2019-ൽ നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്.

(സി) വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ചുവിടെ ചേർക്കുന്നു.

1. ഇ.ഡി. ക്ലബ്ബ്

യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനു മായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി. ക്ലബ്ബ്) പ്രവർത്തിച്ചുവരുന്നു. കേരള എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (കീഡ് കളമശ്ശേരി) വഴി ക്ലബ്ബ് അംഗങ്ങൾക്കും കോ-ഓർഡിനേറ്റർമാർക്കും പരിശീലന ശിൽപ്പശാലകൾ നടത്തിവരുന്നു. ഓരോ ജില്ലയിലും മികച്ചനിലയിൽ പ്രവർത്തിക്കുന്ന വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ, പ്രൊഫഷണൽ കോളേജുകൾ, ആർട്സ് & സയൻസ് കോളേജുകൾ എന്നിവ കണ്ടെത്തി കലാലയ മേധാവിയുടെ മേൽനോട്ടത്തിൽ വ്യവസായ വികസന ഓഫീസർ മുഖേനയാണ് ഇ.ഡി. ക്ലബ്ബുകൾ രൂപീകരിക്കുന്നത്.

2. <u>ഇൻകുബേഷൻ സെന്ററുകൾ:</u>

വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പുതിയ വ്യവസായ ആശയവുമായി മുന്നോട്ട് വരുന്ന സംരംഭകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകി അവ യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നത്.

3. <u>ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം:</u>

ഒരേ തരത്തിലുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുകയും ഒരു പ്രദേശത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന വ്യവസായ സംരംഭങ്ങൾക്ക് സഹായകമാം വിധത്തിൽ കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുക എന്ന മുഖ്യ ലക്ഷ്യത്തോടുകൂടി എം.എസ്.ഇ.സി.ഡി.പി പദ്ധതി നടപ്പിലാക്കിവരുന്നു.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കും പദ്ധതികൾക്കുംപുറമെ വകുപ്പ് വഴി നടപ്പാക്കുന്ന സുപ്രധാന സാമ്പത്തിക സഹായ പദ്ധതിയാണ് സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്.). വകുപ്പിൽ നിലവിലുണ്ടായിരുന്ന പദ്ധതികൾ ഏകോപിപ്പിച്ചുകൊണ്ട് സംരംഭക സഹായ പദ്ധതി നിലവിലുണ്ട്. ഉത്പാദന മേഖലയിലുള്ള എല്ലാ എം.എസ്.എം.ഇ. സംരംഭങ്ങൾക്കും ഈ പദ്ധതി പ്രകാരമുള്ള സഹായത്തിന് അർഹതയുണ്ട്.

ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിലേക്കായി എല്ലാ ജില്ലകളിലും 'Investor's meet' സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡെവലപ്മെന്റ് തുടങ്ങിയവ നടത്തിവരുന്നുണ്ട്. നിക്ഷേപകരുടെ മേളകളിൽ MSME ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ തുടങ്ങിയവയും ബ്ലോക്ക്/താലൂക്ക്/മുനിസിപ്പാലിറ്റി/ജില്ലാ തലങ്ങളിൽ നടത്തിവരുന്നുണ്ട്.

(ഡി) അഭ്യസ്തവിദ്യരായ യുവതയെ തൊഴിലന്വേഷകരിൽനിന്നും തൊഴിൽ ദാതാക്കളാക്കി മാറ്റുവാൻ പര്യാപ്തമായതും കേരള സംസ്ഥാനത്തെ മികച്ച വ്യവസായ-വാണിജ്യ കേന്ദ്രമാക്കി മാറ്റിയെടുക്കുവാനും ലക്ഷ്യമിട്ട് 'കേരള വ്യവസായ വാണിജ്യ നയം-2018' പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത നയത്തിൽ സർക്കാരിന്റെ വീക്ഷണം, ലക്ഷ്യങ്ങൾ, തന്ത്രവും സമീപനവും തുടങ്ങിയവ വിശദമായി പറഞ്ഞിട്ടുണ്ട്.

## വാണിജ്യ മിഷൻ

183 (579) ശ്രീ. വി. ഡി. സതീശൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട അസംഘടിത മേഖലയിൽനിന്നുള്ള ഉല്പന്നങ്ങളുടെ വിദേശ വിപണനം ലക്ഷ്യമിട്ട് വാണിജ്യ മിഷൻ രൂപീകരിക്കുവാൻ വ്യവസായ വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) കൈത്തറി, ആയുർവേദം, കരകൗശലം, ഭക്ഷ്യ സംസ്കരണം തുടങ്ങിയവയ്ക്ക് യൂറോപ്യൻ രാജ്യങ്ങളിലുണ്ടായിട്ടുള്ള വമ്പിച്ച ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിദേശ വിപണി സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) വാണിജ്യ മിഷൻ രൂപീകരിക്കുന്നതിലൂടെ ചെറുകിട അസംഘടിത മേഖലയിൽ നിലനിൽക്കുന്ന സ്തംഭനാവസ്ഥ പരിഹരിക്കുവാൻ കഴിയുമെന്ന് വിലയിരുത്തുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 2018-ലെ വ്യവസായ വാണിജ്യ നയത്തിലെ ഖണ്ഡിക 15-ൽ വാണിജ്യ മിഷൻ രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ പ്രധാന ഉദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- സംസ്ഥാനത്തെ ചെറുകിട വ്യാപാരമേഖലയെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക. ടൂറിസം വകുപ്പുമായി ചേർന്ന് മേളകൾ സംഘടിപ്പിക്കുക.
- ഭാരതത്തിലും വിദേശങ്ങളിലുമായി നടക്കുന്ന മേജർ ടെക് ഫെയറുകളിൽ സംസ്ഥാനത്തുനിന്നും സംരംഭക പ്രതിനിധികളെ പങ്കെടുക്കുന്നതിന് വിവിധ രീതിയിൽ സഹായിക്കുക.
- കേരളത്തിലെ നിക്ഷേപകർ/സംരംഭകർക്ക് ദേശീയ അന്തർദ്ദേശീയ വിപണികളെപ്പറ്റി അവബോധം നൽകുക. ഡെലിഗേറ്റുകളെ ഇത്തരം മേളകളിലും സമ്മേളനങ്ങളിലും പങ്കെടുക്കുന്നതിനുള്ള അവസരം നൽകി ബിസിനസ് ബന്ധം സ്ഥാപിക്കുക.
- ദേശീയ അന്തർദ്ദേശീയതലങ്ങളിൽ കേരളത്തിലെ വിവിധ ഉത്പന്നങ്ങളെ ആവശ്യക്കാർക്ക് നേരിട്ട് വിപണനം നടത്തുക.

- ഭക്ഷ്യ സംസ്കരണം, കൈത്തറി, വസ്ത്രം, കരകൗശല സാധനങ്ങൾ, തടി ഫർണിച്ചർ, ബാംബൂ ഉത്പന്നങ്ങൾ, കേരള സോപ്പ് എന്നിവയുടെ വിപണനം പ്രൊമോട്ട് ചെയ്യുന്നതിന് ഓരോ വിഭാഗത്തിനും സംസ്ഥാനതലത്തിൽ മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കുക.

- പ്രോജക്ട് കൺസൾട്ടൻസി തുടങ്ങുക.

- വിദേശ നിക്ഷേപകർക്ക് ഫെസിലിറ്റേഷൻ സേവനങ്ങൾ നടത്തുക.

- വാണിജ്യ മേഖലയിലെ വൈദ്യുത ഉപയോഗത്തിന്റെ നിലവിലെ നിരക്കുകൾ സർക്കാർ പുനഃപരിശോധിക്കും.

- മൊത്ത വ്യാപാരികൾക്കും ചില്ലറ വ്യാപാരികൾക്കും ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും അവാർഡുകൾ നൽകുവാനുള്ള നടപടി സ്വീകരിക്കും.

- വാണിജ്യ സേവനമേഖലയുടെ വളർച്ചയ്ക്കായി സർക്കാർ ഒരു ട്രേഡ് പ്രൊമോഷൻ കൗൺസിൽ രൂപീകരിക്കും.

(ബി) ഇല്ല.

(സി) വാണിജ്യ മിഷൻ രൂപീകരിക്കുന്നതിലൂടെ സംസ്ഥാനത്തെ ചെറുകിട വ്യാപാര മേഖലയെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുവാൻ സാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ട്.

## പ്രളയത്തിൽ ചെറുകിട വ്യവസായ സംരംഭകർക്കുണ്ടായ നാശനഷ്ടം

184 (580) ശ്രീ. മുരളി പെരുനെല്ലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പ്രളയത്തിൽ ചെറുകിട വ്യവസായ സംരംഭകർക്കുണ്ടായ നാശനഷ്ടത്തിന്റെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രളയം കാരണം നാശനഷ്ടം സംഭവിച്ച ചെറുകിട വ്യവസായികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ ഇനത്തിൽ എത്ര തുക ഇതുവരെ അനുവദിച്ചുവെന്നും എത്ര പേർക്ക് വിതരണം ചെയ്തുവെന്നും അറിയിക്കാമോ?

ഉത്തരം

(എ) ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ ചുമതലയിൽ യൂണിറ്റുകൾ നേരിട്ട് സന്ദർശിച്ച് സർവ്വേ നടത്തി ശേഖരിച്ച വിവരപ്രകാരം പ്രളയക്കെടുതിയിൽ സംസ്ഥാനത്തെ 3590-ൽ പരം MSME യൂണിറ്റുകൾക്ക് ഏകദേശം 632 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായതായി പ്രാഥമികമായി കണക്കാക്കിയിട്ടുണ്ട്.

(ബി) പ്രളയക്കെടുതിയിൽ ഉൾപ്പെട്ട MSME യൂണിറ്റുകൾക്ക് നേരിട്ട നഷ്ടം കണക്കാക്കുന്നതിലേക്കായി ഒരു മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ ചുമതലയിൽ വ്യവസായ വികസന ആഫീസർമാർ ഓരോ യൂണിറ്റുകളും നേരിട്ട് സന്ദർശിച്ച് സർവ്വേ നടത്തി വിവരം ശേഖരിച്ചു വരുന്നു.

വെള്ളപ്പൊക്ക ദുരിതത്തിൽപ്പെട്ട എം.എസ്.എം.ഇ. സംരംഭകർക്ക് അവരുടെ സംരംഭം പുനഃസ്ഥാപിക്കുന്നതിലേക്കായി ദുരിതബാധിത പുനർ നിർമ്മാണ സംരംഭക സഹായ പദ്ധതി, പലിശ സഹായ പദ്ധതി എന്നിങ്ങനെ രണ്ട് പദ്ധതികൾ 2019-20 സാമ്പത്തിക വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.

(സി) തുക അനുവദിച്ചിട്ടില്ല.

## കളിമൺ വ്യവസായത്തിനാവശ്യമായ ചെളിയുടെ ശേഖരണം

185 (581) ശ്രീ. തോമസ് ചാണ്ടി: താഴെക്കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഡാമുകളിലും മറ്റ് കൃഷിയിടങ്ങളിലും അടിഞ്ഞുകൂടിയ ചെളി പരിസ്ഥിതി സൗഹൃദമായ രീതിയിലും മേൽമണ്ണ് നഷ്ടപ്പെടാത്ത രീതിയിലും വയലുകളിൽ വെള്ളക്കെട്ട് ഒഴിവാക്കിയും ശേഖരിച്ച് കളിമൺ വ്യവസായത്തിന് പ്രയോജനപ്പെടുത്തുന്നതിനായി പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതോടെ ഈ ആക്ടിന്റെ പരിധിയിൽപ്പെടുന്ന ഭൂമികളിൽനിന്നും കളിമണ്ണ് ഖനനം അസാധ്യമായി. ഇതോടെ നിലവിൽ വന്ന ഡാറ്റ ബാങ്കിൽ ഉൾപ്പെടാത്ത

ഭൂമിയിൽനിന്നുമാത്രമെ കളിമൺ ഖനനം അനുവദിക്കാൻ സാധിക്കുകയുള്ളൂ. 2008-ന് മുമ്പ് (നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിന് മുമ്പ്) നികത്തപ്പെട്ട ഭൂമിയിൽനിന്ന് പരിസ്ഥിതിക്ക് കോട്ടം തട്ടാതെ കളിമണ്ണ് ശേഖരിക്കുന്നതിന്റെ സാധ്യതകൾ പഠിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ.ഇ.സി.)-യെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. ഈ സ്ഥാപനം തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ പഠനം പൂർത്തിയാക്കി. റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കളിമൺ നിക്ഷേപമുള്ള പ്രദേശങ്ങളിൽ ഖനനാനുമതി നൽകുന്നതിന് തുടർനടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ഡാമുകളുടെ സംഭരണശേഷി കൂട്ടുന്നതിനായി അവയിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലും ചെളിയും നീക്കം ചെയ്യുന്നതിനായി നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) 26-9-2017 തീയതിയിലെ GO(Ms)79/2017/WRD ഉത്തരവുപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പൈലറ്റ് പദ്ധതികളായി മംഗലം, ചുള്ളിയാർ എന്നീ ഡാമുകളിൽ ഡീസിൽറ്റിംഗ് നടത്തുവാൻ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, ലോവർ പെരിയാർ ഡാമിൽനിന്നും മണലും ചെളിയും നീക്കം ചെയ്യുന്ന പ്രവർത്തി TURNKEY പ്രോജക്ടായി കാലവിളംബം കൂടാതെ നടപ്പാക്കുന്നതിന് മെ. ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ഡാമുകളിൽനിന്നും നീക്കം ചെയ്യുന്ന മണലും ചെളിയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിന് തീരുമാനമായിട്ടുണ്ടെങ്കിലും, ഇപ്രകാരം ശേഖരിക്കുന്ന ചെളി കളിമൺ വ്യവസായത്തിന് പ്രയോജനപ്പെടുത്തുന്നതിനായി പ്രത്യേക പദ്ധതികളൊന്നും നിലവിൽ സർക്കാർ സ്വീകരിച്ചിട്ടില്ല.

**പരമ്പരാഗത വ്യവസായ മേഖലയിലെ പ്രതിസന്ധി**

186 (582) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ടുനിരോധനവും ജി.എസ്.ടി.യും പരമ്പരാഗത വ്യവസായ മേഖലയെ എപ്രകാരം ബാധിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സാമ്പത്തിക മാന്ദ്യംമൂലം പ്രതിസന്ധിയിലായ ഈ മേഖലയുടെ ഉന്നമനത്തിന് എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. നോട്ട് നിരോധനം പരമ്പരാഗത വ്യവസായത്തിലെ കശുവണ്ടി മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. GST-യും നോട്ട് നിരോധനവും കശുവണ്ടി പരിപ്പ് വിപണനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. പ്രത്യേകിച്ച് ഡൽഹി മാർക്കറ്റിൽ പരിപ്പ് വിൽപ്പനയിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്.

നോട്ടു നിരോധനം നിലവിൽ വന്ന കാലയളവിൽ സംസ്ഥാന ദേശീയ മേളകളിൽ പങ്കെടുത്ത മുള മേഖലയിലെ കരകൗശലക്കാർക്ക് വിൽപ്പന വരുമാനം മുൻ വർഷത്തേക്കാൾ കുറഞ്ഞു. എന്നാൽ 20 ലക്ഷം രൂപ വരെ വാർഷിക വിറ്റുവരവുള്ള കരകൗശല ഉൽപ്പന്നങ്ങൾക്ക് GST ഇല്ലാത്തതിനാൽ മുള മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശലക്കാർക്ക് GST ബാധകമല്ല.

GST നിലവിൽ വന്നതിനുശേഷം ഈറ്റ, പനമ്പ് ഇവയുടെ വില വർദ്ധനവ് മൂലം വിപണിയിൽ വില്പന പ്രതിമാസം 1 കോടി 40 ലക്ഷം രൂപയിൽനിന്ന് 70 ലക്ഷം രൂപയായി കുറഞ്ഞു. നോട്ട് നിരോധനം മൂലമുണ്ടായ നോട്ടുകളുടെ ദൗർലഭ്യത കാരണം കോർപ്പറേഷന്റെ പനമ്പ്, ബാംബു പ്ലൈ, ബാംബു തറയോടുകൾ എന്നീ ഉത്പന്നങ്ങളുടെ വില്പന കുത്തനെ കുറയുകയും കോർപ്പറേഷന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് വിഘാതം നേരിടുകയും ചെയ്തു.

GST വന്നതോടെ ബീഡി മേഖലയിലെ തൊഴിലാളികളുടെ വരുമാനത്തിലെ 30 ശതമാനത്തോളം കുറവ് സംഭവിച്ചു. കൂടാതെ ബീഡിയുടെ വിലയിൽ വൻ വർദ്ധനവ് ഉണ്ടാകുകയും വിൽപ്പനയിൽ പ്രതിമാസം രണ്ട് കോടി എണ്ണം ഇടിവ് വരികയുമുണ്ടായി.

നോട്ട് നിരോധനം മറ്റെല്ലാ മേഖലകളെയും പോലെ കരകൗശല മേഖലയെയും സാരമായി ബാധിച്ചിട്ടുണ്ട്. പൊതുജനത്തിന്റെ ക്രയശേഷിയെ നേരിട്ട് ബാധിച്ച ഒരു നടപടിയായതിനാൽ അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനും ഉണ്ടാക്കിയ കരകൗശല ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനും ഒരേപോലെ ഈ മേഖലയിൽ ബുദ്ധിമുട്ട് അനുഭവപ്പെട്ടു. കരകൗശല മേഖലയിൽ GST ഏർപ്പെടുത്തിയതുമൂലം തൊഴിലാളികൾക്ക് അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനും അവർ നിർമ്മിച്ച ഉൽപ്പന്നങ്ങൾ വർദ്ധിച്ച നികുതിനിരക്കിൽ വിറ്റഴിക്കുന്നതിനും, സുരഭി പോലെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പഴയതുപോലെ സാധിക്കുന്നില്ല.

അപ്രതീക്ഷിത നോട്ട് നിരോധനം പരമ്പരാഗത വ്യവസായമായ കയർ മേഖലയെ പ്രതികൂലമായി ബാധിച്ചു. ഇത് ആഭ്യന്തര വിപണനത്തെ സാരമായി

ബാധിച്ചു. നോട്ടുകളുടെ ലഭ്യതക്കുറവുമൂലം സാധാരണ ജനങ്ങൾ ഉൽപ്പന്നങ്ങൾ വാങ്ങാതെയായി. വ്യവസായ നടത്തിപ്പിനായി നൽകേണ്ടിയിരുന്ന കയറ്റിറക്കുകൂലി, താൽക്കാലിക ജീവനക്കാർക്കുള്ള വേതനം എന്നിവ നൽകാനായി നോട്ടിന്റെ ലഭ്യതക്കുറവ് ഉണ്ടായത് നിമിത്തം ജോലിക്കാരെ ലഭിക്കാതെയായി. GST വന്നതിനുശേഷം കയർ ഉൽപ്പന്നങ്ങൾക്ക് ഉയർന്ന നിരക്കിലുള്ള താരിഫ് ഏർപ്പെടുത്തിയതുമൂലം കയർ ഉൽപ്പന്നങ്ങൾക്ക് വില വർദ്ധിക്കാൻ ഇടയാവുകയും വിറ്റുവരവ് കുറയുകയും ചെയ്തു.

പരമ്പരാഗത കൈത്തറി മേഖലയിൽ നോട്ട് നിരോധനവും ജി.എസ്.ടി.-യും പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചു. കൈത്തറി നെയ്ത്ത് മേഖലയിൽ ആവശ്യമായ നൂലുൽപാദനത്തിനുള്ള അസംസ്കൃത വസ്തുവായ പരുത്തി വാങ്ങുന്നത് മുതൽ നെയ്തെടുത്ത ഉൽപന്നങ്ങൾ വിൽപന നടത്തുന്നതുവരെയുള്ള പ്രക്രിയയിൽ സാമ്പത്തിക മേഖലയിലെ മാന്ദ്യം പ്രതികൂലമായി ബാധിച്ചു. ഹാന്റക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾ വഴി നടത്തിവരുന്ന വിൽപ്പനയിലും ഇക്കാലയളവിൽ ഗണ്യമായ കുറവുണ്ടായി.

(ബി) കശുവണ്ടി മേഖലയിലെ പ്രശ്നം പരിഹരിക്കുന്നതിനായി കേരള കാഷ്യൂ ബോർഡ് എന്ന സ്ഥാപനം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ഇടനിലക്കാരില്ലാതെ ഗുണനിലവാരമുള്ള കശുവണ്ടി വിദേശത്തുനിന്നും നേരിട്ട് ഇറക്കുമതി ചെയ്ത് പൊതുമേഖലാ സ്ഥാപനങ്ങളിലും (കാപ്പെക്സ്, കെ.എസ്.സി.ഡി.സി.) സ്വകാര്യ മേഖലയിലും വിതരണം ചെയ്യുന്നതിനാണ് ഈ സ്ഥാപനം രൂപീകരിച്ചിട്ടുള്ളത്. കാപ്പെക്സും, കെ.എസ്.സി.ഡി.സി.-യും ഇപ്പോൾ ഗുണമേന്മയുള്ള കശുമാവിൻ തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആറളം ഫാമിൽനിന്നും നേരിട്ട് തോട്ടണ്ടി സർക്കാർ ഇടപെടൽമൂലം വില നിശ്ചയിച്ച് കാപ്പെക്സിലും, കെ.എസ്.സി.ഡി.സി.-യിലും വാങ്ങിയിട്ടുണ്ട്. 2018 ഒക്ടോബറിൽ ബഹുമാനപ്പെട്ട കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിയും, ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയും സംയുക്തമായി പി.സി.കെ. (പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള), കെ.എസ്.സി.ഡി.സി., കാപ്പെക്സ് അധികൃതരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ 2019-ലെ പി.സി.കെ. (പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള)യുടെ കശുവണ്ടി വിളവെടുപ്പ് പൂർണ്ണമായും അവർ തന്നെ സംഭരിച്ച് കെ.എസ്.സി.ഡി.സി.-ക്കും കാപ്പെക്സിനും സർക്കാർ നിശ്ചയിക്കുന്ന വിലയിൽ നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സാമ്പത്തികമാന്ദ്യംമൂലം പ്രതിസന്ധിയിലായ കശുവണ്ടി വികസന കോർപ്പറേഷന്റെ ബാങ്കുകളുടെ ബാധ്യത ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽപ്പെടുത്തി 80 കോടി രൂപ ബാങ്കുകൾക്ക് നൽകിയിട്ടുള്ളതാണ്. കൂടാതെ 2016-17 സാമ്പത്തിക വർഷം സർക്കാർ 60 കോടി രൂപയും 2017-18 സാമ്പത്തിക വർഷം 85.60 കോടി രൂപയും അനുവദിച്ചുനൽകിയിട്ടുള്ളതാണ്. ആകെ കശുവണ്ടി വികസന കോർപ്പറേഷന് 145.60 കോടി രൂപയും ബാങ്കുകൾക്ക് 80 കോടി രൂപയും നൽകി. ടി ഫണ്ടുകൾ ഉപയോഗിച്ച് കശുവണ്ടി വികസന കോർപ്പറേഷൻ പ്രവർത്തിച്ചുവരികയാണ്.

കേരള സംസ്ഥാന ബാംബു മിഷന്റെ പ്രധാന പ്രവർത്തന മേഖലകൾ നൈപുണ്യ വികസന പരിശീലനം, ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായുള്ള പരിശീലനം, കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക സഹായം, പുതുമയാർന്ന ഉൽപ്പന്നങ്ങളുടെ രൂപീകരണം, വിപണന മേളകൾ സംഘടിപ്പിക്കുക, ദേശീയ മേളകളിൽ കരകൗശല വിദഗ്ദ്ധരെ പങ്കെടുപ്പിക്കുക, മുള കൃഷി പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയാണ്.

കരകൗശലക്കാർക്ക് സംസ്കരിച്ച മുള ലഭ്യമാക്കുന്നതിനുവേണ്ടി ബാംബു മിഷനും, ബാംബു കോർപ്പറേഷനുമായി സഹകരിച്ച് ഒരു ബാംബൂ സപ്ലൈ ചെയിൻ രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതി രണ്ട് ഘട്ടങ്ങളിലായിട്ടാണ് നടപ്പിലാക്കുന്നത്. ഇതിന്റെ ആദ്യഘട്ടമായി കരകൗശലക്കാർക്ക് സംസ്കരിച്ച് മുള ലഭ്യമാക്കുന്നതിനുവേണ്ടി കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ കോഴിക്കോട് ജില്ലയിലെ നല്ലളത്തെ ബാംബു ഹൈടെക് ഫ്ളോറിംഗ് ടൈൽ ഫാക്ടറിയിൽ വാക്വം ഇംപ്രഗ്നേഷൻ യൂണിറ്റ് സ്ഥാപിച്ചു. സംസ്കരിച്ച മുള വിതരണം ചെയ്യുന്നതിനായി ബാംബു കോർപ്പറേഷന്റെ 5 ഈറ്റ (Reed) വിതരണ കേന്ദ്രങ്ങൾ വിപുലീകരിച്ചു.

രണ്ടാംഘട്ടമായി കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ ഫാക്ടറി പരിസരത്ത് വാക്വം ഇംപ്രഗ്നേഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ അങ്കമാലിയിലെ ബാംബു ഇന്നവേഷൻ സെന്ററിന് സമീപം ഒരു ചെറിയ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണത്തിനുള്ള നടപടികൾ നടന്നുവരുന്നു.

2017-18 സാമ്പത്തിക വർഷം വനിതകൾക്ക് പനമ്പ് നെയ്ത്ത്, ഈറ്റ, മുള കൊണ്ടുള്ള കരകൗശല ഉല്പന്നങ്ങൾ, ഫർണിച്ചർ എന്നിവ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകി തൊഴിലവസരം നൽകുക എന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച പദ്ധതി പ്രകാരം 100 പേർക്ക് പ്രസ്തുത പരിശീലനം നൽകി തൊഴിൽ നൽകിയിട്ടുള്ളതാണ്. പരമ്പരാഗത ഈറ്റ വെട്ട്, പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് 8-5-2017 മുതൽ 20% കൂലി വർദ്ധനവ് നടപ്പിലാക്കി.

പ്രകൃതിദത്തമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ വികസനത്തിനായി ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ, പരമ്പരാഗത കരകൗശല മേഖലയെ നവീകരിക്കുന്നതിനായി ഇൻകം ജനറേഷൻ ഇൻ ട്രെഡിഷണൽ സെക്ടർ എന്ന പദ്ധതി പ്രകാരം സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ കരകൗശല ശിൽപ്പികൾക്കുള്ള പരിശീലന പദ്ധതി എന്നിവ സുരഭി മുഖാന്തരം നടപ്പിലാക്കിവരുന്നു.

കയർ മേഖലയുടെ ഉന്നമനത്തിന് സ്വീകരിച്ച നടപടികൾ

1. കയർ സഹകരണ സംഘങ്ങൾക്ക് കയർ കോ-ഓപ്പറേറ്റീവ് സപ്പോർട്ട് സ്കീം പ്രവർത്തന മൂലധനം നൽകിയിട്ടുണ്ട്.
2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകിവരുന്നു.
3. കയറും കയർ ഉൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എം.ഡി.എ.) നൽകിവരുന്നു.
4. കയർമേഖലയിലെ സംരംഭകർക്ക് മാർജിൻ മണി വായ്പ നൽകുന്നു.
5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി) ധനസഹായം നൽകിവരുന്നു.
6. കയർ വ്യവസായത്തിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.
7. ഉൽപ്പാദനവും വിപണന പ്രചോദനവും (പി.എം.ഐ.) പദ്ധതിയിലൂടെ ആനുകൂല്യം നൽകിവരുന്നു.
8. വിലവ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.
9. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കിവരുന്നു.
10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.
11. കയർ ജിയോ ടെക്സ്റ്റൈൽസ് പദ്ധതി നടപ്പിലാക്കിവരുന്നു.
12. കയർപിരി/ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.
13. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കിവരുന്നു.
14. മാനേജീരിയൽ സബ്സിഡി സ്കീം നടപ്പാക്കിവരുന്നു.
15. കയർ മേഖലയുടെ സമഗ്ര വികസനത്തിനായി രണ്ടാം പുനഃസംഘടനാ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

പരമ്പരാഗത കൈത്തറി മേഖലയുടെ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയത് കൂടാതെ ഈ മേഖലയിൽ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവല്ക്കരണത്തിനും ഉയർന്ന വിപണന സാദ്ധ്യതകൾക്കുമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി (നിഫ്റ്റ്) യുമായി ചേർന്ന് കൈത്തറി ഉൽപ്പന്നങ്ങളുടെ ബ്രാന്റിംഗിനായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി.

## ആമ്പല്ലൂരിൽ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക്

187 (583) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ആമ്പല്ലൂരിൽ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക് ആരംഭിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് എന്തെങ്കിലും തടസ്സം ഉന്നയിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് വിശദീകരണം വ്യവസായ വകുപ്പ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് പരാമർശിച്ച പ്രസ്തുത പദ്ധതി കഴിവതും വേഗം യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ-സി) ആമ്പല്ലൂരിൽ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി അധിക ധനാനുമതിയിലൂടെ 90 കോടി രൂപ 4885-1-200-95(പി) ശീർഷകത്തിൽനിന്നും റിലീസ് ചെയ്യുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക എറണാകുളം സ്പെഷ്യൽ തഹസിൽദാരുടെ TSB A/c. No. 799011400001072-ൽനിന്നും സർക്കാർ തിരിച്ചെടുക്കുകയുണ്ടായി. തുടർന്ന്, സർക്കാർ പിൻവലിച്ച തുക തിരികെ നൽകുന്നതിന് ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചെങ്കിലും ആമ്പല്ലൂർ പ്രളയബാധിത മേഖലയിൽ ഉൾപ്പെട്ടതുകാരണം ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക് സ്ഥാപിക്കുന്നതിന് സാങ്കേതിക പ്രശ്നങ്ങളുണ്ടോയെന്ന് വിലയിരുത്തുവാൻ ഭരണ വകുപ്പിനോട് ധനവകുപ്പ് ആവശ്യപ്പെടുകയുണ്ടായി. അതിൻപ്രകാരം കെ.എസ്.ഐ.ഡി.സി.-യുടെ അനുകൂല റിപ്പോർട്ട് സഹിതം വീണ്ടും ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി സമയബന്ധിതമായി പ്രാവർത്തികമാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം.

## കൈത്തറി സഹകരണ സംഘങ്ങൾ

188 (584) ശ്രീ. എം. വിൻസെന്റ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.പി.എ. സർക്കാർ പ്രഖ്യാപിച്ച നടപ്പിലാക്കിയ കൈത്തറി ആർ.ആർ.ആർ. (റീവൈറ്റലൈസ്, റിഫോംസ് ആൻഡ് റീസ്ട്രക്ച്ചറിംഗ്) പ്രകാരം കേരളത്തിൽ എത്ര കൈത്തറി സഹകരണ സംഘങ്ങൾക്ക് ഇനിയും പാക്കേജിന്റെ പ്രയോജനം ലഭിക്കാനുണ്ട്; അത് അവർക്ക് ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ആർ.ആർ.ആർ. പാക്കേജിന്റെ നിബന്ധനകൾ പ്രകാരം സഹകരണ വകുപ്പ് സ്പെഷ്യൽ ഓഡിറ്റ് നടത്തിയതിൽ പ്രസ്തുത പാക്കേജിന്റെ ആനുകൂല്യം ലഭ്യമാക്കാൻ അർഹതയുണ്ടായ പല സംഘങ്ങൾക്കും ഇനിയും പാക്കേജ് ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(സി) ആർ.ആർ.ആർ. പാക്കേജ് കേരളത്തിലെ മുഴുവൻ കൈത്തറി സംഘത്തിനും നടപ്പിലാക്കുവാൻ കഴിയാത്തതിനാൽ അത് സാധ്യമാക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ആവശ്യത്തിന് കേന്ദ്ര സർക്കാരിൽനിന്നും മറുപടി ലഭിച്ചിട്ടുണ്ടോ; എന്ത് മറുപടിയാണ് ലഭിച്ചത്; പ്രസ്തുത പ്രശ്നം പരിഹരിക്കുവാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെ കടബാധ്യത പൂർണ്ണമായും ഒഴിവാക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാർ ആവിഷ്കരിച്ച് സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കിയ ആർ.ആർ.ആർ. പാക്കേജ് (റിവൈവൽ, റീഫോം ആൻഡ് റീസ്ട്രക്ച്ചറിംഗ് പാക്കേജ്) പദ്ധതിയുടെ നിർവ്വഹണ ഏജൻസി നബാർഡായിരുന്നു. കേരളത്തിലെ 357 പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്കും ഹാന്റക്സിനും 1204 വ്യക്തികൾക്കും ഈ പദ്ധതി പ്രകാരം 209.52 കോടി രൂപയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അർഹതാമാനദണ്ഡങ്ങൾ അനുസരിച്ച് സംഘങ്ങളെ തെരഞ്ഞെടുക്കുന്നതിന് നിർവ്വഹണ ഏജൻസി, സംസ്ഥാന സഹകരണവകുപ്പിന്റെ സഹായത്തോടെ 31-3-2010 വരെയുള്ള കാലയളവിലെ സ്പെഷ്യൽ ആഡിറ്റ് നടത്തി അർഹതപ്പെട്ട സംഘങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്തിട്ടുള്ളത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സഹകരണ വകുപ്പിന്റെ സ്പെഷ്യൽ ആഡിറ്റ് റിപ്പോർട്ട് പ്രകാരം അർഹത ലഭിച്ചിട്ടില്ലാത്ത സംഘങ്ങൾക്ക് ഈ പാക്കേജ് പ്രകാരം ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ടായിരുന്നില്ല. അർഹതയില്ലാത്ത സംഘങ്ങളെ ഒഴിവാക്കിയത് സ്പെഷ്യൽ ആഡിറ്റിന്റെ റിപ്പോർട്ട് പ്രകാരമാണ്.

കേന്ദ്ര സർക്കാർ നടപ്പാക്കിയ ഈ പദ്ധതി നിലവിലില്ല.

(സി) നിശ്ചിത മാനദണ്ഡങ്ങൾക്ക് വിധേയമായി അർഹതയില്ലാത്ത സംഘങ്ങൾക്ക് ആർ.ആർ.ആർ. പാക്കേജിന്റെ ആനുകൂല്യം ലഭിക്കുവാൻ സാധിക്കാത്തതിനാൽ സർക്കാരിൽനിന്നും കേന്ദ്ര സർക്കാരിനോട് അപ്രകാരം ആവശ്യപ്പെട്ടിട്ടില്ല.

(ഡി) പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാർ നിഷ്കർഷിച്ച നിബന്ധനകൾ പ്രകാരം പദ്ധതിയുടെ ആനുകൂല്യം ചില സംഘങ്ങൾക്ക് ലഭിക്കാത്തതുകാരണം നിബന്ധനകളിൽ ഇളവുണ്ടാകണമെന്ന് സംസ്ഥാന സർക്കാർ മുഖേന കൈത്തറി സംഘങ്ങൾ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ നിബന്ധനകളിൽ അയവുവരുത്തിയിരുന്നു. അതിൽ പ്രധാനമായ ഒരു മാറ്റം ആകെ ആസ്തി പോസിറ്റീവ് ആയിരിക്കണമെന്നതിനുപകരം, വായ്പ ഒഴിവാക്കി റീക്യാപ്പിറ്റലൈസ് ചെയ്തശേഷം ആകെ ആസ്തി പോസിറ്റീവ് ആയാൽ മതിയാകും എന്നതാണ്. ആർ.ആർ.ആർ. പാക്കേജ് നടത്തിപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നിർവ്വഹണ ഏജൻസിയായ നബാർഡുമായും കൂടാതെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുമായും മറ്റും ആശയവിനിമയം നടത്തിയിട്ടുള്ളതുമാണ്.

## വ്യവസായ വകുപ്പിന് കീഴിലുള്ള സ്പിന്നിംഗ് മില്ലുകളിലെ നിയമനങ്ങൾ

189 (585) ശ്രീ. പി. ഉബൈദുള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകൾ, പൊതുമേഖല സ്പിന്നിംഗ് മില്ലുകൾ എന്നിവിടങ്ങളിൽ 2016 ഒക്ടോബർ 20 നുശേഷം വിജിലൻസ് ക്ലിയറൻസ് ഇല്ലാതെ ജനറൽ മാനേജർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മാനേജിംഗ് ഡയറക്ടർ എന്നീ തസ്തികകളിൽ താത്കാലികം, അധിക ചുമതല, സ്ഥിരം, ഡെപ്യൂട്ടേഷൻ എന്നീ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവർ ആരെല്ലാം;

(ബി) അവരുടെ പേരുവിവരങ്ങളും വിദ്യാഭ്യാസ യോഗ്യതയും നിയമന കാലയളവുകളും വ്യക്തമാക്കുമോ;

(സി) പൊതുമേഖല സ്പിന്നിംഗ് മില്ലുകളിൽ എം.ഡി. തസ്തികയിലേക്ക് നിയമനത്തിന് ആവശ്യമായ വിദ്യാഭ്യാസ യോഗ്യത, പ്രവർത്തന പരിചയം, പ്രായപരിധി എന്നിവ വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം സ്പിന്നിംഗ് മിൽ എം.ഡി.-മാരുടെ പേരിലാണ് അഴിമതി, ക്രമക്കേട് എന്നീ വിഷയങ്ങളിൽ വിജിലൻസ് അന്വേഷണം നടക്കുന്നതെന്ന് വിശദീകരിക്കാമോ;

(ഇ) വിജിലൻസ് ക്ലിയറൻസില്ലാത്തവരുടെ നിയമനം റദ്ദ് ചെയ്യുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2016 ഒക്ടോബർ 20-നുശേഷം കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷനു കീഴിലുള്ള മില്ലുകളിൽ ജനറൽ മാനേജർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മാനേജിംഗ് ഡയറക്ടർ എന്നീ തസ്തികകളിൽ നിയമനങ്ങൾ നടന്നിട്ടില്ല.

2016 ഒക്ടോബർ 20-നുശേഷം ടെക്സ്ഫെഡിനുകീഴിലുള്ള സഹകരണ മില്ലുകളിൽ സ്ഥിരം, താൽക്കാലികം, ഡെപ്യൂട്ടേഷൻ വ്യവസ്ഥകളിൽ ആരെയും നിയമിച്ചിട്ടില്ല. 2016 ഒക്ടോബർ 20-നുശേഷം താഴെ പറയുന്നവർക്ക് അവരുടെ പേരിനുനേരെ ചേർത്തിട്ടുള്ള മില്ലുകളുടെ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതല നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| 1 | പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ മാനേജിംഗ് ഡയറക്ടറായ ശ്രീ. അരുൾ ശെൽവൻ | കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ മാനേജിംഗ് ഡയറക്ടറുടെ അധികചുമതല |
| 2 | ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ ജനറൽ മാനേജരായ ശ്രീ. പി. എസ്. ശ്രീകുമാർ | തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതല |
| 3 | കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതല വഹിക്കുന്ന ശ്രീ. സി. ആർ. രമേഷ് | മലബാർകോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതല |

(ബി)

| | |
|---|---|
| (1) ശ്രീ. അരുൾ ശെൽവൻ, മാനേജിംഗ് ഡയറക്ടർ (അധിക ചുമതല), കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ (3-3-2017 മുതൽ) | |
| വിദ്യാഭ്യാസ യോഗ്യത | എം.ടെക് (ടെക്സ്റ്റൈൽ ടെക്നോളജി) PGTTM (Netherland Fellowship) |
| (2) ശ്രീ. പി. എസ്. ശ്രീകുമാർ, മാനേജിംഗ് ഡയറക്ടർ (അധിക ചുമതല), തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ (6-4-2018 മുതൽ) | |
| വിദ്യാഭ്യസ യോഗ്യത | ബി.സി.എ. ഡിപ്ലോമ ഇൻ ടെക്സ്റ്റൈൽ ടെക്നോളജി, എം.ബി.എ. |
| (3) ശ്രീ. സി. ആർ. രമേഷ്, മാനേജിംഗ് ഡയറക്ടർ (അധിക ചുമതല), മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് (6-4-2018 മുതൽ) | |
| വിദ്യാഭ്യാസ യോഗ്യത | ഡിപ്ലോമ ഇൻ ടെക്സ്റ്റൈൽ ടെക്നോളജി |

(സി) പൊതുമേഖലയിലേയും സഹകരണമേഖലയിലേയും സ്പിന്നിംഗ് മില്ലുകളിൽ മാനേജിംഗ് ഡയറക്ടർമാരുടെ സ്ഥിരനിയമനം നടത്തുമ്പോൾ താഴെ പറയുന്ന യോഗ്യതാമാനദണ്ഡങ്ങൾ പാലിക്കേണ്ടതാണെന്ന് 07.06.2018 തീയതിയിലെ കത്ത് മുഖേന റിയാബ് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

<u>അടിസ്ഥാന യോഗ്യത</u>

ഒരു അംഗീകൃത സ്ഥാപനത്തിൽനിന്നുമുള്ള ടെക്സ്റ്റൈൽ എഞ്ചിനീയറിംഗിൽ ബിരുദം/തത്തുല്യം, യോഗ്യത നേടിയതിനുശേഷമുള്ള 5 വർഷത്തെ ഇൻഡസ്ട്രിയൽ പ്രവർത്തി പരിചയം, സീനിയർ മാനേജർ തലത്തിൽ കുറഞ്ഞത് 2 വർഷമെങ്കിലും പ്രവർത്തിച്ചിരിക്കണം.

അഥവാ

ഒരു അംഗീകൃത സ്ഥാപനത്തിൽനിന്നുമുള്ള ടെക്സ്റ്റൈൽ എഞ്ചിനീയറിംഗിൽ ഡിപ്ലോമയും 10 വർഷത്തെ ഇൻഡസ്ട്രിയൽ പ്രവൃത്തി പരിചയം. സീനിയർ മാനേജർ തലത്തിൽ കുറഞ്ഞത് 2 വർഷമെങ്കിലും പ്രവർത്തിച്ചിരിക്കണം.

ഇൻഡസ്ട്രിയൽ ഫിനാൻസ്, മാർക്കറ്റിംഗ് പ്രൊഡക്ഷൻ എന്നിവയിലുള്ള പ്രവൃത്തിപരിചയം അഭിലഷണീയം.

(ഡി) ഈ വകുപ്പിൽ വിവരങ്ങൾ ലഭ്യമല്ല.

(ഇ) 2016 ഒക്ടോബർ 20-നുശേഷം സ്പിന്നിംഗ് മില്ലുകളിൽ മാനേജിംഗ് ഡയറക്ടർമാരുടെ ചാർജ്ജ് അറേഞ്ച്മെന്റ് മാത്രമാണ് നടത്തിയിട്ടുള്ളത്.

## കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റി നവീകരണം

190 (586) ശ്രീ. പുരുഷൻ കടലുണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പവർലൂം സൊസൈറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) കോഴിക്കോട് ജില്ലയിലെ കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ നവീകരണവുമായി ബന്ധപ്പെട്ട നിവേദനം ലഭിച്ചിട്ടുണ്ടോ; പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പവർലൂം സൊസൈറ്റികൾക്കായി താഴെപറയും പ്രകാരമുള്ള പദ്ധതികൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

| | പദ്ധതി | തുക (ലക്ഷം രൂപയിൽ) |
|---|---|---|
| 1 | സർക്കാർ ഓഹരി പങ്കാളിത്തം (ജി.എസ്.പി.) H/A-4851-0-195-85 | 18 |
| 2 | പവർലൂം സൊസൈറ്റിയുടെ പുനരുദ്ധാരണം H/A-2851-0-108-90 | 350 |
| 3 | മോഡേണൈസേഷൻ ഓഫ് ഇന്റഗ്രേറ്റഡ് പവർലൂം സൊസൈറ്റീസ് H/A-4860-00-195-92 | 250 |

സർക്കാർ ഓഹരി പങ്കാളിത്തമിനത്തിൽ 2 പവർലൂം സംഘങ്ങളിൽ നിന്നായി 8.45 ലക്ഷം രൂപ നൽകുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. പവർലൂം സൊസൈറ്റികളുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി 3 ഇന്റഗ്രേറ്റഡ് പവർലൂം സംഘങ്ങൾക്ക് 250 ലക്ഷത്തിന്റെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ അപേക്ഷകളിന്മേൽ 120 ലക്ഷം രൂപയുടെ നവീകരണ പദ്ധതിക്കായുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 60 ലക്ഷം രൂപ റിലീസ് ചെയ്യുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചീമേനി വ്യവസായ പാർക്ക്**

191 (587) ശ്രീ. എം. രാജഗോപാലൻ : താഴെക്കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ കയ്യൂർ-ചീമേനിയിലെ ചീമേനി വില്ലേജിൽ ഐ.ടി പാർക്കിനായി വിട്ടുനൽകിയ ഭൂമിയിൽ കിൻഫ്രയുടെ നേതൃത്വത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ ചീമേനിയിലെ ഐ.ടി. പാർക്ക് സ്ഥാപിക്കുന്നത് സംബന്ധിച്ച് ഐ.ടി. വകുപ്പിന്റെ കൈവശമുള്ള 100 ഏക്കർ ഭൂമി കിൻഫ്രക്ക് കൈമാറുന്നത് സംബന്ധിച്ച് 11-7-2018-ൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ പരിശോധിച്ചുവരുന്നു.

**തലശ്ശേരി കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്**

192 (588) ശ്രീ. എ. എൻ. ഷംസീർ : താഴെക്കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18 വർഷത്തെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ അനുവദിച്ചിരുന്ന തലശ്ശേരി കിൻഫ്ര ചെറുകിട വ്യവസായ പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

2018-19 വർഷത്തെ ബഡ്ജറ്റിൽ ആണ് 50 ലക്ഷം രൂപ, തലശ്ശേരി കിൻഫ്ര ചെറുകിട വ്യവസായ പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസന പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്. ആയതിന് 12-6-2018-ലെ G.O.(Rt.)656/2018/ID നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

## കിൻഫ്ര ഏറ്റെടുത്ത സ്ഥലങ്ങൾ

193 (589) ശ്രീ. വി. ടി. ബൽറാം:

ശ്രീ. പി. ടി. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയ്ക്ക് കേരളത്തിൽ ഓരോ ജില്ലയിലും എവിടെയെല്ലാം എത്ര ഏക്കർ സ്ഥലമാണുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) കിൻഫ്ര ഏറ്റെടുത്ത സ്ഥലം ഏതെങ്കിലും വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ വിൽക്കുകയോ പാട്ടത്തിന് നൽകുകയോ വാടകയ്ക്ക് നല്കുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ ;

(സി) ആയതിന്റെ കരാർ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) കിൻഫ്രയ്ക്ക് കേരളത്തിൽ നിലവിലുള്ള ഭൂമിയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | ഭൂമി (ഏക്കർ) |
|---|---|---|
| 1 | തിരുവനന്തപുരം | 175.50 |
| 2 | കൊല്ലം | 69.09 |
| 3 | പത്തനംതിട്ട | 123.41 |
| 4 | കോട്ടയം | 00.83 |
| 5 | ഇടുക്കി | 16.67 |
| 6 | എറണാകുളം | 574.97 |
| 7 | തൃശ്ശൂർ | 63.00 |
| 8 | പാലക്കാട് | 1113.05 |
| 9 | മലപ്പുറം | 90.80 |
| 10 | കോഴിക്കോട് | 102.58 |
| 11 | വയനാട് | 50.00 |
| 12 | കണ്ണൂർ | 478.00 |
| 13 | കാസർഗോഡ് | 278.82 |

(ബി) വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച ഭൂമി, വ്യവസായ സംരംഭകർക്ക് വിവിധ ജില്ലകളിൽ കിൻഫ്ര അനുവദിച്ച് നല്കിയിട്ടുണ്ട്. കിൻഫ്ര ഭൂമി അനുവദിച്ച നല്കിയിട്ടുള്ള വ്യവസായ സംരംഭകരുടെ പേരുകൾ അനുബന്ധമായി ചേർക്കുന്നു*.

(സി) കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് രണ്ട് രീതിയിലാണ് അലോട്ട് ചെയ്യുന്നത്.

1. <u>ഭൂമി</u>

നിലവിൽ 30 വർഷത്തേയ്ക്ക് പാട്ട വ്യവസ്ഥയിലാണ് കിൻഫ്ര ഭൂമി അലോട്ട് ചെയ്യുന്നത്. ഭൂമി അനുവദിക്കുമ്പോൾ കിൻഫ്രയും വ്യവസായ സംരംഭകനും തമ്മിൽ ഒപ്പുവയ്ക്കുന്ന ലൈസൻസ് എഗ്രിമെന്റ് പ്രകാരം 24 മാസത്തിനുള്ളിൽ യൂണിറ്റ് പ്രവർത്തനസജ്ജമാക്കണമെന്ന് വ്യവസ്ഥയുണ്ട്. ഇപ്രകാരം യൂണിറ്റ് പ്രവർത്തനം സജ്ജമാകുന്ന മുറയ്ക്ക് ലീസ് ഡീഡ് നല്കുന്ന നടപടികൾ പൂർത്തിയാക്കുന്നു.

2. <u>ബഹുനില ഫാക്ടറി കെട്ടിടസമുച്ചയം</u>

അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ചുരുങ്ങിയ സമയത്തിനുള്ളിൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ബഹുനില ഫാക്ടറി കെട്ടിട സമുച്ചയങ്ങൾ സംരംഭകർക്ക് 10 വർഷത്തെ പാട്ടവ്യവസ്ഥയിലാണ് നൽകിവരുന്നത്. ഇതുപ്രകാരം സംരംഭകൻ എടുക്കുന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിന് ആനുപാതികമായി 12 മാസത്തെ വാടക, പലിശരഹിത ഡെപ്പോസിറ്റ് ആയിനല്കണമെന്നും പിന്നീട് മാസവാടക എല്ലാ മാസവും നല്കണം എന്നതുമാണ് വ്യവസ്ഥ.

## കണ്ണൂർ, പാലക്കാട് ജില്ലകളിൽ വ്യവസായ പാർക്കുകൾ

194 (590) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ, പാലക്കാട് ജില്ലകളിൽ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനായി കിഫ്ബിയിൽനിന്നും തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) എത്ര ഏക്കർ സ്ഥലമാണ് പ്രസ്തുത പാർക്കുകൾക്കായി ഏറ്റെടുക്കുന്നത്;

(സി) പ്രസ്തുത പാർക്കുകൾക്കായി മുടക്കുന്ന തുക എപ്രകാരം ഈടാക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്. ഇതിലേയ്ക്കായി കിഫ്ബിയിൽനിന്നും 12, 700 കോടി രൂപയുടെ സ്ഥലമെടുപ്പ് പദ്ധതി അംഗീകരിച്ചിട്ടുണ്ട്.

(ബി) 5366 ഏക്കർ സ്ഥലമാണ് പദ്ധതികൾക്കായി ഏറ്റെടുക്കുന്നത്.

(സി) പദ്ധതികൾക്കായി ഏറ്റെടുക്കുന്ന ഭൂമിയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് വ്യവസായ സംരംഭകർക്ക് പാട്ടവ്യവസ്ഥയിൽ നല്കാനാണ് ഉദ്ദേശിക്കുന്നത്. ഭൂമി ഏറ്റെടുക്കുന്നതിന് ചെലവായ തുക വ്യവസായ സംരംഭകരിൽനിന്ന് അവർക്ക് അലോട്ട് ചെയ്യുന്ന ഭൂമിയുടെ ആനുപാതികമായി ഈടാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് ചെലവായ തുക കിൻഫ്രയ്ക്ക് തിരികെ ലഭിക്കുന്ന രീതിയിലാണ് വിഭാവന ചെയ്തിട്ടുള്ളത്.

## ഒറ്റപ്പാലം കിൻഫ്ര പാർക്കിന്റെ വികസനം

195 (591) <u>ശ്രീ. പി. ഉണ്ണി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം കിൻഫ്ര വ്യവസായ പാർക്കിന്റെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പാർക്കിൽ നിലവിൽ ഏതെല്ലാം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഒറ്റപ്പാലം കിൻഫ്ര പാർക്കിൽ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഒറ്റപ്പാലം കിൻഫ്ര വ്യവസായ പാർക്കിലെ ഡിഫൻസ് പാർക്കിന്റെ വികസന പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ 33 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കോമൺ ഫെസിലിറ്റി സെന്റർ, റോഡുകൾ, ഇലക്ട്രിക്കൽ അനുബന്ധ പ്രവർത്തനങ്ങൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. വെയർഹൗസ്, കോമൺ യൂട്ടിലിറ്റി സെന്റർ, ആഭ്യന്തര ജല വിതരണ സംവിധാനം എന്നിവ പൂർത്തീകരിച്ചുകഴിഞ്ഞു.

(ബി) പ്രസ്തുത പാർക്കിൽ കിൻഫ്ര 19 വ്യവസായ സംരംഭകർക്ക് ഭൂമി/ ബിൽറ്റ്-അപ് സ്പേസ് അലോട്ട് ചെയ്തിട്ടുണ്ട്. ഇതിൽ താഴെ പറയുന്ന സംരംഭകർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

1. M/s. Blissful Garments Pvt. Ltd.
2. M/s. Ibrahim Metal Industries.
3. M/s. Skyniche Business Solutions
4. M/s. Micro Clouds
5. M/s. Trilacious
6. M/s. Hari Sree Clothings
7. M/s. K. Frames

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിന്റെ ഭാഗമായി ഒറ്റപ്പാലത്ത് ആഗസ്റ്റ് 13, 2018-ന് പാലക്കാട് ജില്ലയിലുള്ള സംരംഭകരെയും ധനകാര്യ സ്ഥാപനങ്ങളെയും ഫിക്കി, ചെറുകിട അസോസിയേഷനുകൾ എന്നിവരുടെയും പങ്കാളിത്തത്തോടുകൂടി ഒരു നിക്ഷേപ സംഗമം സംഘടിപ്പിച്ചിരുന്നു.

**റാന്നിയിൽ കിൻഫ്രയുടെ അപ്പാരൽ പാർക്ക്**

196 (592) ശ്രീ. രാജു എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നിയിൽ കിൻഫ്രയുടെ അപ്പാരൽ പാർക്കിനായി എത്ര ഭൂമിയാണ് അനുവദിച്ചത്; ഏതുവർഷം; ഇതിന് പാട്ടക്കൂലി എത്രയാണ്; ഭൂമി ലഭിച്ചതുമുതൽ ഇതുവരെ അടച്ച പാട്ടത്തുക എത്രയെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവിടെ അപ്പാരൽ പാർക്ക് ആരംഭിക്കാൻ കഴിയാത്തതെന്തുകൊണ്ട്; ആയത് പ്രവർത്തിപ്പിക്കാൻ കഴിയില്ലെങ്കിൽ ഇതിനായി വിട്ടുകിട്ടിയ ഭൂമിയിൽ മറ്റെന്തെങ്കിലും വ്യവസായങ്ങൾ നടത്താൻ കഴിയാത്തതിന്റെ കാരണം വെളിപ്പെടുത്താമോ;

(സി) വ്യവസായ പിന്നോക്ക ജില്ലയായ പത്തനംതിട്ടയിൽ വ്യവസായ രംഗത്ത് വൻ കുതിപ്പ് പകരാൻ കഴിയുന്ന പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) റാന്നിയിൽ അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിനായി 1.40558 ഏക്കർ സ്ഥലമാണ് കിൻഫ്ര ഏറ്റെടുത്തിരിക്കുന്നത്. 1-3-2011-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 135/2011/റവന്യൂ പ്രകാരമാണ് കിൻഫ്രക്ക് ഭൂമി കൈമാറിയിട്ടുള്ളത്.

പാട്ടത്തുക ഇനത്തിൽ 24,856 രൂപയാണ് ത്രിവർഷ പാട്ടത്തുകയായി 2011-12, 2012-13, 2013-14, 2014-15, 2015-16, 2016-17 & 2017-18 വർഷങ്ങളിൽ സർക്കാരിൽ അടച്ചത്. ഇതിന്റെ തീയതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തീയതി |
|---|---|
| 2011-12 | 8-8-2011 |
| 2012-13 | 23-7-2012 |
| 2013-14 | 6-6-2015 |
| 2014-15 | |
| 2015-16 | |
| 2016-17 | 22-3-2016 |
| 2017-18 | 15-4-2017 |

(ബി) റവന്യൂ വകുപ്പിന്റെ ഉത്തരവ് പ്രകാരം അനുവദിച്ച ആവശ്യത്തിന് മാത്രമെ ഭൂമി ഉപയോഗിക്കാൻ പാടുള്ളൂവെന്നതാണ് വ്യവസ്ഥ. അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിനുവേണ്ടി 30 വർഷത്തേയ്ക്ക് പാട്ടവ്യവസ്ഥയിലാണ് ഭൂമി നൽകിയിട്ടുള്ളത്. കേരളത്തിൽ കൂടുതൽ അപ്പാരൽ പാർക്ക് തുടങ്ങുക പ്രായോഗികമല്ലെന്നും കുറഞ്ഞ വേതനത്തിൽ ജോലിക്കാരെ ലഭിക്കാത്ത സാഹചര്യത്തിൽ മറ്റേതെങ്കിലും പദ്ധതിയാണ് അവിടെ യോജിച്ചതെന്നും 17-7-2014-ൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിലയിരുത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്ത് ഒരു വ്യവസായ കെട്ടിട സമുച്ചയം നിർമ്മിക്കാൻ കിൻഫ്രയ്ക്ക് പദ്ധതിയുണ്ട്.

(സി) റാന്നിയിൽ കിൻഫ്രയ്ക്ക് ലഭിച്ച ഭൂമിയിൽ വ്യവസായ നിക്ഷേപം കൊണ്ടുവരുന്നതിന്റെ ഭാഗമായി 17000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു ഫാക്ടറി കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് 29-10-2018-ൽ ചേർന്ന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കിൻഫ്ര ബോർഡ് അനുമതി നൽകിയിട്ടുണ്ട്. ഇതുപ്രകാരം പദ്ധതി നടപ്പിലാക്കുന്നതിന് കൺസൾട്ടന്റിനെ നിയമിക്കുന്നത് ഉൾപ്പെടെയുള്ള തുടർനടപടികൾ കിൻഫ്ര സ്വീകരിച്ചുവരുന്നു.

## ഒളവണ്ണയിലെ ടൂൾ റൂം-കം-ട്രെയിനിംഗ് സെന്റർ

197 (593) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഒളവണ്ണയിൽ പ്രവർത്തിക്കുന്ന ടൂൾ-റൂം-കം ട്രെയിനിംഗ് സെന്ററിലെ ജീവനക്കാരുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിൽ എഫ്2/597/2016 എന്ന ഫയൽ നിലവിലുണ്ടോ;

(ബി) പ്രസ്തുത ഫയലിൽ സിഡ്കോയിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ സിഡ്കോ നല്കിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) കേരള സിഡ്കോയിൽ ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യം സിഡ്കോക്ക് കീഴിൽ പ്രവർത്തിക്കുന്ന ടൂൾ-റൂം-കം ട്രെയിനിംഗ് സെന്ററിലെ ജീവനക്കാർക്കും അനുവദിച്ചു നൽകാവുന്നതാണ് എന്ന് സിഡ്കോ ഡയറക്ടർ ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തീരുമാനം നടപ്പിൽ വരുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം വ്യക്തമാക്കാമോ; ആനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) സിഡ്കോയിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) സിഡ്കോയിലെ ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യം സിഡ്കോയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന ടൂൾ-റൂം-കം ട്രെയിനിംഗ് സെന്ററിലെ ജീവനക്കാർക്കും അനുവദിച്ച് നൽകാവുന്നതാണെന്ന് സിഡ്കോ ഡയറക്ടർ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ടൂൾ-റൂം-കം ട്രെയിനിംഗ് സെന്ററിലെ സ്റ്റാഫ് പാറ്റേൺ, ടി യൂണിറ്റിലെ തസ്തികകളുടെ യോഗ്യത, പ്രവൃത്തി പരിചയം, ശമ്പള സ്കെയിൽ എന്നിവയിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ സിഡ്കോയിൽ നിന്നും റിപ്പോർട്ട് ആരായുകയും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരികയും ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോഴിക്കോട് ടൂൾ റൂം-കം-ട്രെയിനിംഗ് സെന്റർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ

198 (594) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഒളവണ്ണയിൽ സിഡ്കോയുടെ കീഴിൽ പ്രവർത്തിക്കുന്ന ടൂൾ റൂം-കം-ട്രെയിനിംഗ് സെന്റർ എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ പ്രൊബേഷൻ വർഷങ്ങളായിട്ടും പ്രഖ്യാപിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) ജീവനക്കാർക്ക് അർഹതപ്പെട്ട വാർഷിക ഇൻക്രിമെന്റുകൾ, ശമ്പള പരിഷ്കരണം എന്നിവ തടഞ്ഞുവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ വാർഷിക ഇൻക്രിമെന്റുകൾ തടഞ്ഞുവക്കുന്നതിന് കാരണമായ കോടതി വിധികളോ സർക്കാർ ഉത്തരവുകളോ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പകർപ്പുകൾ നൽകാമോ?

ഉത്തരം

(എ&ബി) ഉണ്ട്. ടൂൾ റൂം-കം-ട്രെയിനിംഗ് സെന്ററിലെ സ്റ്റാഫ് പാറ്റേൺ, ടി യൂണിറ്റിലെ തസ്തികകളുടെ യോഗ്യത, പ്രവൃത്തിപരിചയം, ശമ്പള സ്കെയിൽ എന്നിവയിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ സിഡ്കോയിൽനിന്നും റിപ്പോർട്ട് ആരായുകയും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) ഇല്ല.

## മാവേലിക്കര താലൂക്കിൽ വ്യവസായ വകുപ്പിന്റെ ഭൂമി

199 (595) ശ്രീ. ആർ. രാജേഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്കിൽ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിൽ നിലവിൽ ഉപയോഗിക്കുന്ന ഭൂമിയുടെയും കൈമാറ്റം ചെയ്യപ്പെട്ട ഭൂമിയുടെയും ഉപയോഗിക്കാത്ത ഭൂമിയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇതിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര താലൂക്കിലെ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിൽ കൊല്ലകടവ് വ്യവസായ വികസന ഏരിയയിൽ 16.02 ഏക്കർ ഭൂമിയുണ്ട്.

(ബി) കൊല്ലകടവ് വ്യവസായ വികസന ഏരിയയിൽ 16.02 ഏക്കറിൽ 14.39 ഏക്കർ ഭൂമി നിലവിൽ സംരംഭകർക്ക് അനുവദിച്ചിട്ടുണ്ട്. 1.57 ഏക്കർ ഭൂമി റോഡിനും ബാക്കി 6 സെന്റ് ഭൂമി ഉപയോഗിക്കാതെയും കിടക്കുകയാണ്. ഈ വ്യവസായ വികസന ഏരിയയിൽ ആകെയുള്ള 43 വ്യവസായ യൂണിറ്റുകളിൽ 37 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രവർത്തിക്കാത്ത 6 യൂണിറ്റുകൾക്കായി അനുവദിച്ച 168.25 സെന്റ് സ്ഥലം നിലവിൽ ഉപയോഗിക്കാത്തതിനാൽ പ്രസ്തുത സ്ഥലം തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(സി) കൊല്ലകടവ് വ്യവസായ വികസന ഏരിയയിലെ മൊത്തം 43 സ്ഥാപനങ്ങളിൽ 37 സ്ഥാപനങ്ങൾ മാത്രമാണ് പ്രവർത്തിക്കുന്നത്. കൊല്ലകടവ് വ്യവസായ വികസന ഏരിയയിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായിട്ടുള്ള 10 ഷെഡ്ഡുകളിൽ 2 ഷെഡ്ഡ് മാത്രമാണ് പ്രവർത്തിക്കുന്നത്.

ഇവിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**അരൂർ മണ്ഡലത്തിലെ വ്യവസായ വികസന പ്രവർത്തനങ്ങൾ**

200 (596) ശ്രീ. എ. എം. ആരിഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പ് വഴി അരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഓരോ പ്രവൃത്തിയും ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരൂർ നിയോജകമണ്ഡലത്തിൽ പള്ളിപ്പുറത്തുള്ള കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ ഒരു മെഗാഫുഡ് പാർക്ക് പദ്ധതി 68 ഏക്കർ ഭൂമിയിൽ നടപ്പിലാക്കിവരുന്നു. ഈ പദ്ധതിക്കുവേണ്ടി സംസ്ഥാന സർക്കാർ 2016-17-ലെ ബഡ്ജറ്റിൽ 16 കോടി രൂപയും 2017-18-ലെ ബഡ്ജറ്റിൽ 24 കോടി രൂപയും 2018-19-ലെ ബഡ്ജറ്റിൽ 12.33 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) മെഗാഫുഡ് പാർക്ക് പദ്ധതി നിർമ്മാണത്തിന്റെ അന്ത്യഘട്ടത്തിലാണ്.

**ഇടുക്കി ജില്ലയിൽ സുഗന്ധവ്യഞ്ജന പാർക്ക്**

201 (597) ശ്രീ. പി. സി. ജോർജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ മുട്ടം വില്ലേജിൽ ബ്ലോക്ക് നമ്പർ 16-ൽ വിവിധ സർവ്വേ നമ്പരുകളിലായുള്ള 90.82 ഏക്കർ ഭൂമി ഏറ്റെടുത്ത് സുഗന്ധവ്യഞ്ജന പാർക്ക് സ്ഥാപിക്കുന്നതിനായി കിൻഫ്രയ്ക്ക് നൽകുന്നതു സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(ബി) പ്രസ്തുത പാർക്കിനായി സ്ഥലം വിട്ടു നൽകിയ ഭൂവുടമകൾക്ക് നഷ്ടപരിഹാരം മുഴുവനും കൊടുത്തോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് 5-10-2018 തീയതിയിൽ ബഹു. വ്യവസായ വകുപ്പുമന്ത്രിക്ക് നൽകിയിരുന്ന MLA-PNJR/GP/360/2018-19 എന്ന കത്തിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ;

(ഡി) പ്രസ്തുത സുഗന്ധവ്യഞ്ജന പാർക്ക് എത്രവർഷത്തിനുള്ളിൽ പൂർത്തിയാക്കുവാനാണ് തീരുമാനം എടുത്തിരിക്കുന്നത്; വിശദമാക്കാമോ;

(ഇ) സുഗന്ധവ്യഞ്ജന പാർക്കിനായി സ്ഥലം വിട്ടുകൊടുത്ത ജനങ്ങൾ സാമ്പത്തികമായി വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയതിൽ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ ;

(എഫ്) പ്രസ്തുത പാർക്കുമായി ബന്ധപ്പെട്ട് വ്യവസായ (ജി) വകുപ്പിലെ ഫയലിൽ എന്ത് തീരുമാനം എടുത്തു; ഫയൽ നമ്പർ ലഭ്യമാക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ മുട്ടം വില്ലേജിൽ സുഗന്ധവ്യഞ്ജന പാർക്ക് സ്ഥാപിക്കുന്നതിനായുള്ള ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 8-11-2013-ൽ സ്റ്റേ ചെയ്തിരിക്കുകയാണ്. എന്നാൽ 19-2-2015-ൽ അന്നത്തെ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽകൂടിയ യോഗം ഭൂമി വിട്ടുതരാൻ സമ്മതമുള്ള ഭൂവുടമകളിൽനിന്നും സമ്മതപത്രം വാങ്ങി ഡി.എൽ.പി.സി.കൂടി ഭൂവുടമകളുമായി നെഗോഷിയേറ്റ് ചെയ്ത് വില നിശ്ചയിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി. അപ്രകാരം നിശ്ചയിച്ച വില 18-11-2017-ലെ G.O.(Rt.) No. 4926/2017/RD പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ളതാണ്. മേൽപ്രകാരം സമ്മതപത്രം നൽകിയ 32 പേരുടെ ഭൂമിയുടെ പ്രമാണങ്ങളുടെയും അനുബന്ധ രേഖകളുടെയും ലീഗൽ സ്ക്രൂട്ടണി നടന്നുവരികയാണ്.

(സി) പ്രസ്തുത കത്തിനൊപ്പം ഉള്ളടക്കം ചെയ്തിരുന്ന ശ്രീ. വിനോദ് ചെറിയാന്റെ അപേക്ഷ തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 8-11-2018-ലെ സർക്കാർ കത്ത് പ്രകാരം കിൻഫ്ര എം.ഡി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പൂർത്തീകരിച്ച് ഭൂമി കിൻഫ്രയ്ക്ക് കൈമാറുന്ന മുറയ്ക്ക് 24 മാസത്തിനുള്ളിൽ പദ്ധതി പ്രാവർത്തികമാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) സമ്മതപത്രം നൽകിയ 32 പേരുടെ ഭൂമിയുടെ പ്രമാണങ്ങളുടെയും അനുബന്ധ രേഖകളുടെയും ലീഗൽ സ്ക്രൂട്ടണി നടന്നുവരികയാണ്. ലീഗൽ ക്ലിയറൻസ് കിട്ടുന്ന കേസ്സുകളിൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തീറാധാരം രജിസ്റ്റർ ചെയ്ത് ഭൂമി ഏറ്റെടുക്കുന്നതാണ്.

(എഫ്) ഫയൽ നമ്പർ ജി1/110/2018/വ്യവ. പ്രകാരം സുഗന്ധവ്യഞ്ജന പാർക്ക് സ്ഥാപിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്ന പ്രക്രിയ ത്വരിതപ്പെടുത്തി റിപ്പോർട്ട് നൽകാൻ കിൻഫ്രയോട് ആവശ്യപ്പെട്ടു.

ഫയൽ നമ്പർ 132/ജി1/2018/വ്യവ-യിലെ 6-7-2018-ലെ GO(Rt.) No. 826/2018/ID പ്രകാരം 15.40 കോടി രൂപ പദ്ധതി ചെലവിൽ സുഗന്ധ വ്യഞ്ജന പാർക്കിന്റെ വികസനത്തിന് ഭരണാനുമതി നൽകി.

## മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിനായി കെ.എസ്.ഐ.ഡി.സി. ഭൂമി

202 (598) ശ്രീ. പി. ഉബൈദുള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി പാണക്കാട് വില്ലേജിലെ ഇൻകെൽ എഡ്യൂസിറ്റിയിലുള്ള കെ.എസ്.ഐ.ഡി.സി.-യുടെ അഞ്ചേക്കർ ഭൂമി വിട്ടുകൊടുക്കുന്ന നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; വിശദാംശം നൽകുമോ ;

(ബി) ഇക്കാര്യത്തിൽ വ്യവസായ (ജെ) വകുപ്പ് സ്വീകരിക്കുവാനുള്ള നടപടികൾ വിശദീകരിക്കാമോ ;

(സി) കെ.എസ്.ഐ.ഡി.സി.-യുടെ ഉടമസ്ഥതയിലുള്ള പ്രസ്തുത അഞ്ചേക്കർ ഭൂമി കോളേജിനായി വിട്ടുകൊടുത്തെന്നത്തേക്ക് ഉത്തരവിറക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) മലപ്പുറം സർക്കാർ വനിതാ കോളേജ് സ്ഥാപിക്കുന്നതിനായി 5 ഏക്കർ ഭൂമി ഉന്നത വിദ്യാഭ്യാസ വകുപ്പിന് സൗജന്യമായി നൽകുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് 16-11-2018-ലെ സ.ഉ.(കൈ) നം. 85/2018/വ്യവ നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി നൽകിയിട്ടുണ്ട്*.

## നിലമ്പൂർ മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള സ്ഥലങ്ങൾ

203 (599) ശ്രീ. പി. വി. അൻവർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിൽ വ്യവസായ വകുപ്പിന് സ്വന്തമായി സ്ഥലമുണ്ട്; വില്ലേജ് തിരിച്ച് കണക്ക് വിശദമാക്കുമോ;

(ബി) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പ്രസ്തുത സ്ഥലങ്ങൾ ഇപ്പോൾ വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുണ്ടോ; വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ നിലമ്പൂർ വില്ലേജിലെ 46/2 സബ് ഡിവിഷനിൽ ഉൾപ്പെട്ട 0.0821 ഹെക്ടർ (20 സെന്റ്) 1962-ൽ വില്ലേജ് വർക്ക്ഷോപ്പ് പദ്ധതി പ്രകാരം വ്യവസായ യൂണിറ്റ് തുടങ്ങുന്നതിന് സ്വകാര്യ സംരംഭകന് നൽകിയിരുന്നു. വർഷങ്ങളായി യൂണിറ്റ് പ്രവർത്തന രഹിതമായതിനാൽ ടി സ്ഥലം ഏറ്റെടുത്ത് നിലമ്പൂർ വില്ലേജ് രേഖയിൽ മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിനുവേണ്ടി മലപ്പുറം ജില്ലാ കളക്ടറുടെ പേരിൽ 9-9-2009-ൽ മാറ്റിയിട്ടുണ്ട്.

(ബി) നിലമ്പൂർ വില്ലേജിലെ 46/2 സബ് ഡിവിഷനിൽ ഉൾപ്പെട്ട 0.0821 ഹെക്ടർ (20 സെന്റ്) സ്ഥലത്ത് കേന്ദ്രസർക്കാരിന്റെ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ആൻഡ് പ്രൊമോഷൻ ഓഫ് ഹാൻഡിക്രാഫ്റ്റ്സ് പദ്ധതിയുടെ ഭാഗമായി വ്യവസായ വകുപ്പ് നിലമ്പൂരിൽ ആരംഭിക്കുവാനുദ്ദേശിക്കുന്ന പോട്ടറി ക്ലസ്റ്ററിനോടനുബന്ധിച്ച് പൊതുസേവന കേന്ദ്രം സ്ഥാപിക്കുന്നതിലേയ്ക്കായി ഈ സ്ഥലം പരിഗണിക്കുന്നുണ്ട്.

**വർക്കലയിൽ താലൂക്ക് വ്യവസായ ഓഫീസ്**

204 (600) <u>ശ്രീ. വി. ജോയി</u> : താഴെക്കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കലയിൽ താലൂക്ക് വ്യവസായ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച വിഷയത്തിൽമേൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

വർക്കലയിൽ താലൂക്ക് വ്യവസായ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിഗണിച്ചുവരികയാണ്. വർക്കലയിൽ താലൂക്ക് വ്യവസായ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച പ്രവൃത്തി പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**നെടുമങ്ങാട് വ്യവസായ സ്ഥാപനം തുടങ്ങാൻ പഠനം**

205 (601) <u>ശ്രീ. സി. ദിവാകരൻ</u> : താഴെക്കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ഒരു വ്യവസായ സ്ഥാപനം തുടങ്ങുന്നതിനുള്ള സാധ്യതാപഠനം നടത്തി, വ്യവസായ വാണിജ്യ ഡയറക്ടർ തയ്യാറാക്കിയ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ വ്യവസായം തുടങ്ങുന്നതിനുള്ള സാധ്യതാപഠനം സംബന്ധിച്ച് തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ വിശദമായ റിപ്പോർട്ട് തയ്യാറാക്കി വ്യവസായ-വാണിജ്യ ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ റബ്ബർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഒരു ഫാക്ടറി തുടങ്ങുന്നതിനും അതിന്റെ ഉൽപ്പന്നങ്ങൾ വിവിധ മേഖലകളിൽ ഉപയോഗിക്കുന്നതിനുമാണ് വിഭാവന ചെയ്യുന്നത്. ഈ പ്രദേശത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന ലാറ്റക്സ് റബ്ബർ ശേഖരിച്ച് ആരോഗ്യ മേഖലയിലും മറ്റും ഉപയോഗിക്കുന്ന മെഡിക്കൽ ഗ്ലൗസുകൾ, റബ്ബർ ടഫ്റ്റ്സ് മാറ്റുകൾ, കത്തീറ്റുകൾ, മറ്റ് മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ എന്നിവ ഉൽപ്പാദിപ്പിക്കാവുന്നതാണ്.

**ആറ്റിങ്ങൽ മൂന്നുമുക്കിലെ സ്റ്റീൽ ഫാക്ടറി**

206 (602) <u>ശ്രീ. ബി. സത്യൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മൂന്നുമുക്കിൽ പ്രവർത്തിച്ചിരുന്ന സ്റ്റീൽ ഫാക്ടറി തുറന്നുപ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച് വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; വകുപ്പ് തയ്യാറാക്കിയ പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കുമോ;

(ബി) ഫാക്ടറി ഭൂമി കൈമാറിയോ പതിച്ചോ നൽകണമെന്നാവശ്യപ്പെട്ട് വകുപ്പിന് അപേക്ഷകൾ ലഭ്യമായിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ആറ്റിങ്ങലിൽ പ്രവർത്തിച്ചിരുന്ന സ്റ്റീൽ ഫാക്ടറി തുറന്നു പ്രവർത്തിക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം പഠനം നടത്തി അതിന്റെ റിപ്പോർട്ട് വ്യവസായ-വാണിജ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. നിലവിൽ സ്റ്റീൽ ഫാക്ടറി പ്രവർത്തിച്ചിരുന്ന സ്ഥലം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലാണ്. പ്രസ്തുത ഒരു ഏക്കർ സ്ഥലം കേരള സർക്കാരിന് കൈമാറുകയാണെങ്കിൽ ലൈവ്‌ലിഹുഡ് ബിസിനസ്സ് ഇൻകുബേഷൻ സെന്ററും ജില്ലാ വ്യവസായ കേന്ദ്രത്തിന് പരിശീലനത്തിനുള്ള കേന്ദ്രവും സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണ് സമർപ്പിച്ചിട്ടുള്ളത്.

(ബി) കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് ഗോഡൗൺ നിർമ്മാണത്തിനായി പ്രസ്തുത സ്ഥലം ലഭ്യമാക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് കോർപ്പറേഷൻ അപേക്ഷിച്ചിട്ടുണ്ട്. പക്ഷേ നിലവിൽ പ്രസ്തുത സ്ഥലം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലാണ്.

## അങ്കമാലിയിലെ ചെറുകിട-വൻകിട വ്യാപാരി വ്യവസായികൾക്കുണ്ടായ നഷ്ടം

207 (603) ശ്രീ. റോജി എം. ജോൺ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പ്രളയത്തിൽ അങ്കമാലി നിയോജകമണ്ഡലത്തിലെ ചെറുകിട വൻകിട വ്യാപാരി വ്യവസായികൾക്ക് ഉണ്ടായിട്ടുള്ള നഷ്ടം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച് പഞ്ചായത്ത് തിരിച്ചുള്ള കണക്കും പ്രളയബാധിതരുടെ പേരും വിലാസവും ഇവർക്കുണ്ടായ നഷ്ടത്തിന്റെ കണക്കും ലഭ്യമാക്കാമോ;

(ബി) പ്രളയബാധിതർക്ക് പത്ത് ലക്ഷം രൂപ വീതം പലിശരഹിതവും ജാമ്യമില്ലാതെയും പ്രഖ്യാപിച്ച സഹായം അങ്കമാലി നിയോജകമണ്ഡലത്തിൽ എത്ര പേർക്ക് നൽകിയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പഞ്ചായത്ത്/മുനിസിപ്പാലിറ്റി | ഷോപ്പ് | എം.എസ്.എം.ഇ. |
|---|---|---|---|
| 1 | അങ്കമാലി (മുനിസിപ്പാലിറ്റി) | 1 | 9 |
| 2 | കറുകുറ്റി | 0 | 1 |
| 3 | മൂക്കന്നൂർ | 0 | 3 |
| 4 | തുറവൂർ | 0 | 5 |
| 5 | മഞ്ഞപ്ര | 9 | 15 |
| 6 | കാലടി | 218 | 52 |
| 7 | മലയാറ്റൂർ | 90 | 15 |
| 8 | കാഞ്ഞൂർ | 39 | 16 |
| 9 | അയ്യമ്പുഴ | 0 | 0 |
| | ആകെ | 357 | 116 |

ലഭ്യമായ വിവരങ്ങൾ അനുസരിച്ച് ക്രോഡീകരിച്ച പ്രളയബാധിതരുടെ ലിസ്റ്റ് അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്*.

(ബി) ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ ബാങ്കുകൾക്ക് ലഭിച്ചിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ചെറുവണ്ണൂർ സ്റ്റീൽ കോംപ്ലക്സ്

208 (604) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ചെറുവണ്ണൂരിൽ പ്രവർത്തിക്കുന്ന സ്റ്റീൽ കോംപ്ലക്സ് (SAIL-SCL) ന്റെ ഇപ്പോഴത്തെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉത്പാദനം കൂട്ടുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും എന്തെങ്കിലും പുതിയ പദ്ധതികൾ ആലോചിക്കുന്നുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കമ്പനിക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;?

ഉത്തരം

(എ) ഉണ്ട്.

(ബി) കമ്പനിയുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി ഒരു പദ്ധതി തയ്യാറാക്കുന്നതിനായി കേരള സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും സെയിലിന്റെയും പ്രതിനിധികളെ ഉൾപ്പെടുത്തിയുള്ള ഉന്നതതല സമിതി കമ്പനിയുടെ പുനരുദ്ധാരണത്തിനുള്ള വഴികൾ വിശദമായി ചർച്ച ചെയ്യുകയും കേരള സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതികളിലേയ്ക്ക് ആവശ്യമായ TMT കമ്പികൾ കമ്പനിയിൽനിന്ന് വാങ്ങുന്ന കാര്യം സർക്കാർ ഉറപ്പ് വരുത്തുകയും പ്രതിമാസം 5500 ടൺ TMT കമ്പികൾ ഉൽപ്പാദിപ്പിക്കാനാവശ്യമായ billets കമ്പനിക്ക് ലഭ്യമാക്കാൻ സെയിൽ സാഹചര്യമൊരുക്കുകയും ചെയ്യണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കമ്പനിയിൽനിന്നും കമ്പികൾ വാങ്ങാൻ അനുമതി നൽകി സർക്കാർ ഉത്തരവ് ഇറക്കിയിരുന്നു. എന്നാൽ പ്രസ്തുത സർക്കാർ ഉത്തരവിൽ ചുരുങ്ങിയത് 30 ശതമാനമെങ്കിലും നിർബന്ധമായും കമ്പനിയിൽനിന്നും വാങ്ങണമെന്ന ഭേദഗതി വരുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) പ്രവർത്തനമൂലധനത്തിനും സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ അടയ്ക്കുന്നതിനും മറ്റുമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കമ്പനിക്ക് 7,35,00,000 രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

## കുളപ്പാറയിലെ അനധികൃത പാറഖനനം

209 (605) ശ്രീ. കെ. മുരളീധരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കാട്ടായിക്കോണത്ത് കുളപ്പാറയിൽ അനധികൃത പാറഖനനം തടയണമെന്ന് കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ടോ; എങ്കിൽ എന്നാണ് ഉത്തരവുണ്ടായത്;

(ബി) പ്രസ്തുത ഉത്തരവ് വന്നിട്ടും ഈ സ്ഥലത്ത് ഖനനം തുടരുന്നത് ഏത് സാഹചര്യത്തിലാണ് എന്നറിയിക്കാമോ;

(സി) കോടതി ഉത്തരവ് ലംഘിച്ച് അനധികൃത ഖനനം നടത്തുന്നതിന് ഇടയായ സാഹചര്യം പരിശോധിക്കുമോ; കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) അയിരുപ്പാറ മേലേവിള ഭാഗങ്ങളിലെ അനധികൃത ഖനനവുമായി ബന്ധപ്പെട്ട് ശ്രീമതി ലത, മേലേവിള വീട്, കാട്ടായിക്കോണം, ശ്രീമതി ശോഭന, വിഷ്ണുവിലാസം, മേലേവിള, കാട്ടായിക്കോണം എന്നിവർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ജില്ലാ കളക്ടർ, ജിയോളജിസ്റ്റ്, പോത്തൻകോട് പഞ്ചായത്ത് സെക്രട്ടറി, പൊല്യൂഷൻ കൺട്രോൾ ബോർഡ് എഞ്ചിനീയർ, തിരുവനന്തപുരം തഹസ്സീൽദാർ, പോത്തൻകോട് വില്ലേജ് ഓഫീസർ, പോലീസ് ഇൻസ്പെക്ടർ പോത്തൻകോട് എന്നിവരെ യഥാക്രമം ഒന്നുമുതൽ ഏഴുവരെ എതിർകക്ഷികളാക്കി WP(C) No. 17675/2018/(H) ഫയൽ ചെയ്യുകയും ആയതിൽ 30-7-2018 തീയതിയിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ടി സ്ഥലത്തെ അനധികൃത ഖനനം തടഞ്ഞുകൊണ്ട് ഉത്തരവാകുകയും ചെയ്തു.

(ബി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 30-7-2018-ലെ വിധിന്യായം പാലിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റ്, കേരള മിനറൽ സ്ക്വാഡ് (ദക്ഷിണ മേഖല) ജിയോളജിസ്റ്റ് എന്നിവർ 4-10-2018, 16-10-2018, 26-10-2018 എന്നീ തീയതികളിൽ സ്ഥലപരിശോധന നടത്തുകയുണ്ടായി. ഈ സമയത്തൊന്നും പ്രസ്തുത ക്വാറിയിൽ അനധികൃത ഖനനമോ, അനധികൃത ധാതു കടത്തോ കണ്ടെത്താൻ കഴിഞ്ഞില്ല. എന്നാൽ ഉദ്യോഗസ്ഥരുടെ അസാന്നിദ്ധ്യത്തിലും രാത്രികാലങ്ങളിലും അനധികൃത ഖനനം നടക്കുന്നതായി മനസ്സിലാക്കുന്നു. തലേദിവസം രാത്രിയിൽ ഖനനം നടത്തി അതിരാവിലെ വാഹനങ്ങളിൽ കടത്തുന്ന രീതിയാണ് ഇവിടെ അവലംബിച്ച

വരുന്നതെന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. ഈ സ്ഥലത്ത് നടക്കുന്ന അനധികൃത ഖനനം തടയുന്നതിനായി പരിശോധകർ എത്തുന്നത് മുൻകൂട്ടി അറിയുന്നതിനായി പ്രത്യേക നിരീക്ഷകരെ ക്വാറിയുടെ നാലഞ്ചുകിലോമീറ്റർ ചുറ്റളവിൽ നിർത്തിയാണ് ഈ സ്ഥലത്ത് അനധികൃത ഖനനം നടത്തുന്നതെന്ന് മനസ്സിലാക്കുന്നു. പരാതിക്കാസ്പദമായ സ്ഥലത്ത് സ്ഫോടക വസ്തുക്കൾ ഉപയോഗിക്കുന്നതിന് ആർക്കും ലൈസൻസ് അനുവദിച്ചിട്ടില്ല. എന്നാൽ ഉയർന്ന തോതിലുള്ള സ്ഫോടക വസ്തുക്കൾ യഥേഷ്ടം ഉപയോഗിച്ച് ഉഗ്രസ്ഫോടനങ്ങളാണ് ഇവിടെ നടത്തുന്നതെന്ന് കേസിൽ കക്ഷികളായവർ പറഞ്ഞിട്ടുണ്ട്. അനധികൃത പാറഖനനം തടയുന്നതിന് പോത്തൻകോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉത്തരവ് പുറപ്പെടുവിക്കുകയും പോലീസ് അധികാരികൾക്കും റവന്യൂ അധികാരികൾക്കും അറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ പോലീസ് അധികാരികളുടെ സഹായത്തോടെ കാട്ടായിക്കോണം ഭാഗത്ത് അനധികൃത പാറഖനനം നിരോധിച്ചുകൊണ്ടുള്ള ബോർഡ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രദേശത്തെ അനധികൃത പാറഖനനം സംബന്ധിച്ച് പോത്തൻകോട് പോലീസ് സ്റ്റേഷനിൽ 1015/18, 1218/18, 1229/18, 1552/18, 1561/18 എന്നീ നമ്പരുകളിലായി കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) അനധികൃത ഖനനം തടയുന്നതിനായി ബന്ധപ്പെട്ട മൈനിംഗ് & ജിയോളജി വകുപ്പുദ്യോഗസ്ഥർ പഞ്ചായത്ത് അധികാരികൾ, പോലീസ് എന്നിവർ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ശക്തമായ പോലീസ് പട്രോളിംഗ്, രഹസ്യാന്വേഷണങ്ങൾ, നിരീക്ഷണങ്ങൾ എന്നിവ നടത്തി ഇത്തരം പ്രവർത്തനങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ വിഷയത്തിൽ ഉദ്യോഗസ്ഥർ കുറ്റക്കാരായി ഇതുവരെ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടില്ല.

## ഇറക്കുമതി ചെയ്ത വിദേശ മണൽ

210 (T*606) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ഡോ. എൻ. ജയരാജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ മണൽ ഇറക്കുമതി ചെയ്യാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഇപ്രകാരം ഇറക്കുമതി ചെയ്യപ്പെട്ട മണൽ സംസ്ഥാനത്തെ തുറമുഖങ്ങളിൽ കെട്ടിക്കിടക്കുന്നുണ്ടോ; എങ്കിൽ ഇവ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ഇറക്കുമതി ചെയ്യപ്പെട്ട മണലിന് വില നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) നിർമ്മാണ മേഖലയിൽ അനുഭവപ്പെടുന്ന മണൽ ക്ഷാമത്തിന് എന്ത് പരിഹാരമാണ് കണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2015-ലെ കെ.എം.എം.സി. ചട്ടങ്ങളിലെ ചട്ടം 107-ലെ വ്യവസ്ഥകൾക്ക് വിധേയമായി മണൽ ഉൾപ്പെടെയുള്ള ചെറുകിട ധാതുക്കൾ ആർക്കും അന്യസംസ്ഥാനങ്ങളിൽനിന്നും വിദേശത്തുനിന്നും ഇറക്കുമതി ചെയ്യാവുന്നതാണ്. വിദേശ രാജ്യങ്ങളിൽനിന്നും അന്യസംസ്ഥാനങ്ങളിൽനിന്നും മണൽ ഇറക്കുമതി പ്രോത്സാഹിപ്പിക്കുന്നതിനായും നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായും 20-2-2018-ലെ നമ്പർ 57/എ 3/2018/വ്യവ സർക്കുലറിലൂടെ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് കൊച്ചി തുറമുഖത്ത് ഇറക്കുമതി ചെയ്യപ്പെട്ട മണലിൽ ഏകദേശം ഒരു ലക്ഷം ടൺ മണൽ ഇപ്പോഴും സ്റ്റോക്കുണ്ട്. മണൽ സ്റ്റോക്ക് ചെയ്യുന്നതിന് തുറമുഖ അതോറിറ്റി അനുവദിച്ചിരുന്ന കാലാവധി കഴിഞ്ഞതിനാലാണ് ആയത് വിതരണം ചെയ്യാൻ ലൈസൻസ് അനുവദിക്കാൻ സാധിക്കാത്തത്. സ്റ്റോക്ക് ചെയ്യുന്നതിനുള്ള അനുമതി തുറമുഖ അതോറിറ്റി നീട്ടി നൽകുന്ന മുറയ്ക്ക് മണൽ വിൽപ്പന നടത്തുന്നതിനുള്ള ഡീലേഴ്സ് ലൈസൻസ് പുതുക്കി നൽകുന്നതാണ്.

(സി) വില നിശ്ചയിക്കുന്നത് സർക്കാരിന്റെ നിയന്ത്രണത്തിലുള്ള കാര്യമല്ല.

(ഡി) പാറപൊടിച്ച് ഉണ്ടാക്കുന്ന കൃത്രിമ മണൽ നിർമ്മാണ മേഖലയിൽ വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. വിദേശത്തുനിന്നും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് മണൽ കൊണ്ടുവന്ന് വിൽപ്പന നടത്തുന്നതിന് നിലവിൽ നിയന്ത്രണങ്ങൾ ഇല്ലാത്തതാണ്. കൂടാതെ സംസ്ഥാനത്തെ ഡാമുകളിൽ അടിഞ്ഞുകൂടിയ മണൽ നീക്കംചെയ്ത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## ഐ.ആർ.ഇ.എൽ. നടത്തുന്ന പ്രവർത്തനങ്ങൾ

211 (607) ശ്രീ. ആർ. രാമചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരന്തരമായ കരിമണൽ ഖനനംമൂലം കര നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കൊല്ലം ജില്ലയിലെ ആലപ്പാട്ട് ഗ്രാമപഞ്ചായത്തിൽ കടലാക്രമണത്തെ ചെറുക്കുന്നതിനായി ഐ.ആർ.ഇ.എൽ. സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രദേശത്തെ ജനങ്ങൾക്കുവേണ്ടി എന്തെല്ലാം സാമൂഹിക സേവന പ്രവർത്തനങ്ങളാണ് ഐ.ആർ.ഇ.എൽ നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കരിമണൽ ഖനനം ശാസ്ത്രീയമായി നടത്തുന്നതിനും ഖനനത്തിലൂടെ നഷ്ടപ്പെടുന്ന കരഭാഗം പുനർസൃഷ്ടിക്കുന്നതിനുവേണ്ടി വേസ്റ്റ് മണൽ ഉപയോഗിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ ആലപ്പാട് ഗ്രാമപഞ്ചായത്തിൽ പണിക്കർക്കടവ് പാലത്തിനും വെള്ളാനത്തുരുത്ത് ബസ് സ്റ്റാന്റിനും ഇടയിലുള്ള കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾ ഐ.ആർ.ഇ.എൽ. ഏറ്റെടുത്ത് നടത്തിവരുന്നു. കേരള ജലസേചന വകുപ്പിന്റെ സഹകരണത്തോടെ തച്ചൻകടവിനും വെള്ളാനത്തുരുത്ത് ബസ് സ്റ്റാന്റിനും ഇടയിലുള്ള പുലിമുട്ടിന്റെ നിർമ്മാണവും ഐ.ആർ.ഇ.എൽ. നടത്തിവരുന്നു.

(ബി) കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്വത്തിന്റെ ഭാഗമായി ഐ.ആർ.ഇ.എൽ. മൂന്ന് അംഗൻവാടികളും ഒരു പ്രാഥമികാരോഗ്യ കേന്ദ്രവും നടത്തുന്നു. കൂടാതെ പ്രദേശത്തെ ഗവൺമെന്റ് എൽ.പി. സ്കൂളിനുവേണ്ട സഹായം, തുടർച്ചയായുള്ള മെഡിക്കൽ ക്യാമ്പുകൾ, വരൾച്ചാ സമയത്ത് കുടിവെള്ള വിതരണം, സാമൂഹ്യ കേന്ദ്രങ്ങളുടെ നിർമ്മാണം, മത്സ്യബന്ധന വല നന്നാക്കുവാനുള്ള സ്ഥലസൗകര്യമൊരുക്കൽ എന്നീ പ്രവർത്തനങ്ങളും ഐ.ആർ.ഇ.എൽ. ഏറ്റെടുത്ത് നടത്തിവരുന്നു. റോഡുകൾ, ജലപാത, തെരുവുവിളക്കുകൾ മുതലായ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും ഐ.ആർ.ഇ.എൽ. നടത്തിവരുന്നുണ്ട്. മൈനിംഗ് ഏരിയ വെൽഫെയർ ബോർഡിനും ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷനും വാർഷിക ഫണ്ട് വിഹിതം നൽകുന്നുണ്ട്.

(സി) മൈനിംഗ് ലീസ് ഉടമ്പടിയിലെ വ്യവസ്ഥകളിൽ ധാതുമണൽ വേർതിരിച്ചതിനുശേഷമുള്ള ഖനനം ചെയ്ത സ്ഥലത്ത് വേസ്റ്റ് മണൽ നിക്ഷേപിച്ച് ഖനന സ്ഥലം നികത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരമുള്ള നടപടികൾ കരിമണൽ ഖനനം ചെയ്യുന്ന കമ്പനികൾ സ്വീകരിച്ചുവരുന്നുണ്ട്.

## സ്കൂൾ യൂണിഫോം കുടിശ്ശിക

212 (608) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ യൂണിഫോം വിതരണം ചെയ്ത ഇനത്തിൽ കൈത്തറി സഹകരണ സംഘങ്ങൾക്ക് നൽകാനുള്ള കുടിശ്ശിക തുക വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ബി) കോഴിക്കോട് ജില്ലയിലെ ഏതൊക്കെ കൈത്തറി സഹകരണ സംഘങ്ങൾക്കാണ് ഇപ്പോൾ കുടിശ്ശിക ഉള്ളത്;

(സി) ഓരോ സംഘങ്ങൾക്കും പ്രസ്തുത ഇനത്തിൽ നൽകേണ്ട തുക എത്ര എന്ന് വിശദമാക്കുമോ?

## <u>ഉത്തരം</u>

(എ) കുടിശ്ശിക തുക വിതരണം ചെയ്യുന്നതിലേക്കായി 40.26 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. കൈത്തറി സഹകരണ സംഘങ്ങൾക്ക് കുടിശ്ശിക തുക വിതരണം ചെയ്യുന്നതിനുള്ള നടപടി കൈത്തറി ഡയറക്ടർ മുഖേന സ്വീകരിച്ചുവരുന്നു.

(ബി&സി) കോഴിക്കോട് ജില്ലയിലെ കൈത്തറി സഹകരണ സംഘങ്ങൾക്ക് സ്കൂൾ യൂണിഫോം കൂലിയിനത്തിൽ നൽകാനുള്ള കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കൈത്തറി സഹകരണ സംഘം | തുക |
|---|---|---|
| (1) | (2) | (3) |
| 1 | Ajay | 882637.62 |
| 2 | Badagara | 957330.2 |
| 3 | Balussery | 419746.01 |

| (1) | (2) | (3) |
|---|---|---|
| 4 | Calicut | 223950.86 |
| 5 | Cheruvannur | 362936.53 |
| 6 | Chombala | 235323.53 |
| 7 | Eramala | 1280213.72 |
| 8 | Edacheri | 311705.07 |
| 9 | Kadathanad | 434462.87 |
| 10 | Kakkodi | 127446.91 |
| 11 | Keezhariyur | 18560.2 |
| 12 | Kerala | 1110231.53 |
| 13 | Koothali | 1492120.35 |
| 14 | Kommeri | 382559.21 |
| 15 | Naduvannur | 218273.24 |
| 16 | Naminda | 73410.73 |
| 17 | Maniyur | 1609936.34 |
| 18 | Mayyanur | 1242843.97 |
| 19 | Manikkoth | 1152558.38 |
| 20 | Mavoor | 28288.53 |
| 21 | Meppayil | 1283442.64 |
| 22 | Panthalayani | 106672.99 |
| 23 | Payyormala | 1101758.56 |
| 24 | Puthuppanam | 1120683.98 |
| 25 | Star | 674807.36 |
| 26 | Taj | 80383.25 |
| 27 | Thikkodi | 343878.29 |
| 28 | Vellikulangara | 661659.42 |
| | **ആകെ** | **17937822.26** |

## കൈത്തറി മേഖലയുടെ ആധുനികവത്കരണം

213 (609) ശ്രീ. റ്റി. വി. രാജേഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയിൽ ജോലി ചെയ്യുന്നവർക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നതിനും യഥാസമയം കൂലി ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കൈത്തറി സംഘങ്ങളിലെ വർക്ക് ഷെഡുകൾ ആധുനികവത്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) കൈത്തറി മേഖലയിൽ ജോലി ചെയ്യുന്നവർക്ക് കൂടുതൽ തൊഴിൽദിനങ്ങൾ ഉറപ്പാക്കുന്നതിനും നെയ്ത്തുകാർക്ക് അധികവേതനം നൽകി ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനുമായി സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി. ഏകദേശം 5000 നെയ്ത്തുതൊഴിലാളികളും അത്രതന്നെ അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിച്ചുവരുന്നു. അവർക്ക് ഒരു സ്ഥിരവരുമാനവും കൂടുതൽ തൊഴിൽദിനങ്ങളും ലഭ്യമാക്കാനും സംസ്ഥാനത്ത് പ്രവർത്തനം നിലച്ച പല സംഘങ്ങളും സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി തുറന്നുപ്രവർത്തിപ്പിക്കാനും ആയിരത്തിലധികം പേർക്ക് പുതുതായി തൊഴിൽ നൽകാനും സാധിച്ചു. നിശ്ചിത ടാർജറ്റിൽ കൂടുതൽ തുണി നെയ്യുന്ന തൊഴിലാളികൾക്ക് പ്രൊഡക്ഷൻ ഇൻസെന്റീവായി ഒരാഴ്ച ആയിരം രൂപ പ്രൊഡക്ഷൻ ഇൻസെന്റീവായി കൂടുതലായി ലഭ്യമാകുന്നുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിനുശേഷം പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള നെയ്ത്തു തൊഴിലാളികൾക്ക് ഒരു സ്ഥിരവരുമാനവും കൂടുതൽ തൊഴിലും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. 'കൈത്തറി സംഘങ്ങളുടെ ആധുനിക വൽക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും പ്രോത്സാഹനവും' എന്ന പദ്ധതിയിൻകീഴിൽ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെയും തൊഴിലാളികളുടെയും പണിശാല ആധുനികവൽക്കരണത്തിനായി 300 ലക്ഷം രൂപ '2851-0-103-33(പി)' എന്ന ഹെഡ്ഡ് ഓഫ് അക്കൗണ്ടിലെ 2018-19 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. ഇതിൽ 150 ലക്ഷം രൂപ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെ വർക്ക്ഷെഡ്ഡ് മെയിന്റനൻസ്/ റിപ്പയറിംഗിനായും 100 ലക്ഷം രൂപ നെയ്ത്തുതൊഴിലാളികളുടെ വ്യക്തിഗത വർക്ക്ഷെഡ് മെയിന്റനൻസ്/റിപ്പയറിംഗിനായും 50 ലക്ഷം രൂപ ഡൈഹൗസ് മെയിന്റനൻസിനായുമാണ് നീക്കിവച്ചിട്ടുള്ളത്.

**വീക്ഷണം കൈത്തറിയുടെ പുനരുദ്ധാരണം**

214 (610) ശ്രീ. ബി. സത്യൻ : താഴെക്കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നഗരസഭാ പരിധിയിലെ വീക്ഷണം കൈത്തറിയുടെ പുനരുദ്ധാരണം ഏതുഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ; വീക്ഷണം സംഘത്തിന്റെ നിലവിലെ ബാധ്യതയെ സംബന്ധിച്ച് വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

വീക്ഷണം കൈത്തറി നെയ്ത്തു സഹകരണ സംഘം തുറന്ന് പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട് സംഘത്തിന്റെ പേരിലുള്ള റവന്യൂ റിക്കവറി ഒഴിവാക്കി വൈദ്യുതി കണക്ഷനും വാട്ടർ കണക്ഷനും പുനഃസ്ഥാപിക്കുന്നതിനും റവന്യൂ റിക്കവറി തുക മുതൽ ഇനത്തിൽ 6,49,581 രൂപയും നാളിതുവരെയുള്ള പലിശയും ചേർത്ത് 14,44,000 രൂപയും 50 തറികൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 3 ലക്ഷം രൂപയും ഉൾപ്പെടെ 17,44,000 രൂപയും കെട്ടിടം, വർക്ക്ഷെഡുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 8,35,000 രൂപയും ഫർണിച്ചറുകൾ വാങ്ങുന്നതിന് 50,000 രൂപയും പരിസരം വൃത്തിയാക്കുന്നതിന് 14,400 രൂപയും ഉൾപ്പെടെ ആകെ 26,43,400 രൂപയും അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്.

വീക്ഷണം കൈത്തറി നെയ്ത്തു സഹകരണ സംഘത്തിന്റെ റവന്യൂ റിക്കവറി കുടിശ്ശികയുടെ വിശദവിവരങ്ങൾ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | കുടിശ്ശിക |
|---|---|---|
| (1) | (2) | (3) |
| 1 | വൈദ്യുതി കുടിശ്ശിക | 26797+9/2005 മുതൽ 24% പലിശ + 5% കളക്ഷൻ ചാർജ്ജ് + നോട്ടീസ് ചാർജ്ജ് |
| 2 | വെള്ളക്കരം | 277749+10/11/16 മുതൽ 12% പലിശ + 5% കളക്ഷൻ ചാർജ്ജ് + നോട്ടീസ് ചാർജ്ജ് |
| 3 | ലേബർ കുടിശ്ശിക | 11593+14/02/2003 മുതൽ 12% പലിശ + 5% കളക്ഷൻ ചാർജ്ജ് + നോട്ടീസ് ചാർജ്ജ് |

| (1) | (2) | (3) |
|---|---|---|
| 4 | ഓഡിറ്റ് ഫീസ് | 46844+15/04/2008 മുതൽ 12% പലിശ + 5% കളക്ഷൻ ചാർജ്ജ് + നോട്ടീസ് ചാർജ്ജ് |
| 5 | കൈത്തറി തൊഴിലാളി ക്ഷേമനിധി കുടിശ്ശിക | 286600+24/08/2004 മുതൽ 12% പലിശ + 5% കളക്ഷൻ ചാർജ്ജ് + നോട്ടീസ് ചാർജ്ജ് |

ടി കുടിശ്ശികയും മറ്റ് നടപടി ചെലവുകളും ഉൾപ്പെടെ ഏകദേശം 18 ലക്ഷത്തോളം രൂപ കുടിശ്ശികയുള്ളതായി ചിറയിൻകീഴ് തഹസിൽദാർ അറിയിച്ചിട്ടുണ്ട്.

**ചേന്ദമംഗലം കൈത്തറിയുടെ നവീകരണം**

215 (611) ശ്രീ. വി. ഡി. സതീശൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന എറണാകുളം ചേന്ദമംഗലം കൈത്തറിയുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് വ്യവസായ വകുപ്പ് കൈക്കൊണ്ടിട്ടുള്ളതെന്നറിയിക്കാമോ;

(ബി) എത്ര കോടി രൂപയുടെ നഷ്ടമാണ് പ്രളയം മൂലം പ്രസ്തുത മേഖലയിൽ ഉണ്ടായിട്ടുള്ളത്;

(സി) ചേന്ദമംഗലം കൈത്തറിയെ നവീകരിക്കുന്നതിന് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുമോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പ്രളയത്തിൽ തകർന്ന ചേന്ദമംഗലം കൈത്തറി മേഖലയുടെ പുനരുദ്ധാരണത്തിനായി സാധ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളെ ഉൾപ്പെടെ പങ്കെടുപ്പിച്ച് 19-9-2018-ൽ യോഗം ചേർന്ന് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനെപ്പറ്റി ചർച്ച ചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൊച്ചിൻ ഷിപ്പ്യാർഡ്, പെട്രോനെറ്റ്, എൽ.എൻ.ജി. എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ, വിവിധ സർക്കാരിതര സ്ഥാപനങ്ങൾ എന്നിവയുടെ ധനസഹായത്താൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി

വരുന്നു. കേടുപാടുകൾ പറ്റിയ 255 തറികളിൽ 219 എണ്ണം ഇതുവരെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. 16-ഓളം സർക്കാരിതര സ്ഥാപനങ്ങളുടെ സഹായം ആയതിലേയ്ക്ക് ലഭിച്ചിട്ടുണ്ട്. പുനരുദ്ധാരണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി രൂപീകരിച്ച മോണിറ്ററിംഗ് കമ്മിറ്റി 25-10-2018-ൽ യോഗം ചേർന്ന് തുടർ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്.

ചേന്ദമംഗലം യാൺ ബാങ്കിന്റെ സ്ഥലത്ത് കൊച്ചിൻ ഷിപ്പ്‌യാർഡ്, പ്രെട്രോനെറ്റ് എൽ.എൻ.ജി., ഭാരത് പെട്രോളിയം കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ സഹായത്തോടെ ജില്ലയിലെ എല്ലാ കൈത്തറി സംഘങ്ങൾക്കും പ്രയോജനം ലഭിക്കുംവിധം യാൺ ബാങ്ക്, ഡൈയിംഗ് ഹൗസ്, ഡ്രൈയിംഗ് ബ്ലോക്ക് തുടങ്ങിയ സൗകര്യങ്ങളോടെ ഒരു കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും ആയതിന്റെ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുന്നതിന് 'ഇൻകെൽ'-നെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇൻകെൽ സമർപ്പിച്ച പ്രോജക്ട് പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. എറണാകുളം ജില്ലാ കളക്ടർ, എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുമായി നിരന്തരം ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ വിലയിരുത്തി തുടർപ്രവർത്തനങ്ങൾ ഏകോപ്പിച്ചുവരുന്നു. 2018 ഡിസംബർ 30-നകം എല്ലാ തറികളും പ്രവർത്തനക്ഷമമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയംമൂലം എറണാകുളം ജില്ലയിലെ 9 കൈത്തറി സഹകരണ സംഘങ്ങൾക്കും ചേന്ദമംഗലം യാൺ ബാങ്കിനും വലിയ തോതിൽ നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. 2.84 കോടി രൂപയുടെ നാശനഷ്ടങ്ങളാണ് കൈത്തറി സംഘങ്ങൾക്കുണ്ടായിട്ടുള്ളതായി കണക്കാക്കിയിട്ടുള്ളത്. ചേന്ദമംഗലം കൈത്തറി മേഖലയിലെ 7 സഹകരണ സംഘങ്ങളിലെ 255 തറികൾക്ക് നാശനഷ്ടം (53 തറികൾ പൂർണ്ണമായും 202 തറികൾ ഭാഗികമായും) ഉണ്ടായിട്ടുണ്ട്. കൂടാതെ സംഘങ്ങൾ ഉൽപ്പാദിപ്പിച്ച തുണിത്തരങ്ങൾ, നൂലടക്കമുള്ള അസംസ്കൃത വസ്തുക്കൾ, ഫർണീച്ചർ, ഡൈഹൗസ്, വർക്ക്ഷെഡ്ഡ് തുടങ്ങിയവയെല്ലാം വെള്ളം കയറി നശിച്ചുപോയി. ഇതിന്റെ ഭാഗമായി കൈത്തറി നെയ്ത്തുകാർ, അനുബന്ധ തൊഴിലാളികൾ എന്നിവർക്കെല്ലാം തൊഴിൽ നഷ്ടവും ധനനഷ്ടവുമുണ്ടായിട്ടുണ്ട്.

(സി) പ്രളയക്കെടുതിയിൽപ്പെട്ട കൈത്തറി തൊഴിലാളികൾക്ക് 6 മാസക്കാലത്തേക്കാവശ്യമായ നൂൽ നൽകുന്നതിനും അവ ഉപയോഗിച്ച് ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ പൂർണ്ണമായും ശേഖരിക്കുന്നതിനും ഹാന്റെക്സിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ഖാദി ബോർഡിൽനിന്ന് വിരമിച്ച ജീവനക്കാരിയുടെ പെൻഷൻ ആനുകൂല്യം

216 (612) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-10-2007-ൽ കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ പത്തനംതിട്ട ഓഫീസിൽനിന്നും ജൂനിയർ സൂപ്രണ്ടായി റിട്ടയർ ചെയ്ത എറണാകുളം ജില്ലയിലെ തിരുവാങ്കുളം കരയിൽ ശരണ്യയിൽ വസിക്കുന്ന ശ്രീമതി ജെ.നിർമ്മലാ ദേവിക്ക് ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ശമ്പളസ്കെയിൽ അനുസരിച്ചുള്ള ശമ്പള ഫിക്സേഷനും അനുബന്ധ പെൻഷനും മറ്റ് ആനുകൂല്യങ്ങളും റിട്ടയർ ചെയ്ത് 11 വർഷം കഴിഞ്ഞിട്ടും അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) ആയതെന്നത്തേക്ക് നൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിലെ ഏതാനും ജീവനക്കാർക്ക് മൂന്നാം സമയബന്ധിത ഹയർ ഗ്രേഡ് നൽകുന്നതുമായി ബന്ധപ്പെട്ട് വ്യവഹാരം നിലനിന്നിരുന്നു. ഇതുമൂലമാണ് ശമ്പള ഫിക്സേഷനും അനുബന്ധ പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കാൻ കാലതാമസം വന്നത്.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത ആനുകൂല്യങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

## ഖാദി തൊഴിലാളികൾക്ക് മിനിമം കൂലി

217 (613) ശ്രീ. സി. കൃഷ്ണൻ : താഴെക്കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഖാദി തൊഴിലാളികൾക്ക് പുതുക്കി നിശ്ചയിച്ച മിനിമം കൂലി നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

ഖാദി തൊഴിലാളികളുടെ നിലവിലുള്ള മിനിമം വേതനം 3-8-2018-ലെ സ.ഉ.(അച്ചടി)നമ്പർ 64/2018/തൊഴിൽ സർക്കാർ ഉത്തരവ് പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. ആയത് എസ്.ആർ.ഒ. നമ്പർ 543/2018 പ്രകാരം 6-9-2018-ൽ കേരള ഗസറ്റിൽ അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം

പുതുക്കിയ മിനിമം വേതനം 6-9-2018 മുതൽ നിലവിൽ വന്നിട്ടുണ്ട്. നിലവിലുള്ള നിരക്കിൽനിന്നും ശരാശരി 40 ശതമാനം വർദ്ധനവ് ഓരോ തൊഴിലാളിക്കുമുണ്ടാകുന്ന വിധമാണ് പരിഷ്കരണമുണ്ടായിട്ടുള്ളത്. മിനിമം വേതന പരിഷ്കരണത്തിലൂടെ ഉണ്ടായിട്ടുള്ള വലിയ സാമ്പത്തിക ബാധ്യതയാണ് ഖാദി ബോർഡിനും ഖാദി സ്ഥാപനങ്ങൾക്കും ഉണ്ടായിട്ടുള്ളത്. ഈ സാമ്പത്തിക ബാധ്യത വഹിക്കാൻ ഖാദി ബോർഡിനോ ഖാദി സ്ഥാപനങ്ങൾക്കോ കഴിയുന്ന സ്ഥിതിയല്ല നിലവിലുള്ളത്.

സംസ്ഥാന സർക്കാരിന്റെ ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം ലഭിക്കുന്ന തുക പ്രയോജനപ്പെടുത്തിയാണ് ഖാദി തൊഴിലാളികൾക്ക് മിനിമം വേതനം നടപ്പിലാക്കി വരുന്നത്. ഫണ്ട് ലഭ്യത ഉറപ്പുവരുത്തി മാത്രമെ തൊഴിലാളികൾക്ക് പുതുക്കിയ നിരക്കിൽ മിനിമം വേതനം വിതരണം ചെയ്യുന്നതിന് സാധിക്കുകയുള്ളൂ.

**സിവിൽ സർവ്വീസ് കായികമേള**

218 (614) ശ്രീ. പി. സി. ജോർജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം എത്ര ജില്ലകളിൽ സിവിൽ സർവ്വീസ് കായികമേള നടത്തി; വിശദമാക്കുമോ;

(ബി) ഏതെങ്കിലും ജില്ലകളിൽ സർക്കാർ ഉദ്യോഗസ്ഥരിൽനിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ജില്ല സിവിൽ സർവ്വീസ് കായികമേളയുടെ ഭാഗമായി തുക പിരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലയിൽ ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) ഈ വർഷം സംസ്ഥാന സിവിൽ സർവ്വീസ് കായികമേള നടത്തേണ്ടതില്ല എന്ന് തീരുമാനിക്കുവാനുള്ള കാരണം വിശദമാക്കാമോ; ഏത് യോഗത്തിൽ ആണ് തീരുമാനം എടുത്തത്; പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ദേശീയ സിവിൽ സർവ്വീസ് കായികമേളയിൽ പങ്കെടുക്കുവാൻ ജീവനക്കാർക്ക് അവസരം ഉണ്ടോ; എങ്കിൽ ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ടീം സെലക്ഷൻ നടത്തും; വിശദമാക്കാമോ;

(ഇ) സംസ്ഥാന സിവിൽ സർവ്വീസ് കായികമേള നടത്തണമെന്ന് ആവശ്യപ്പെട്ട് എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്; പ്രസ്തുത നിവേദനങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഇടുക്കി ഒഴികെ 13 ജില്ലകളിലും ജില്ലാ സിവിൽ സർവ്വീസസ് കായിക മേള നടത്തിയിട്ടുണ്ട്.

(ബി) ജില്ലാ സിവിൽ സർവ്വീസസ് കായികമേളയുടെ ഭാഗമായി ഒരു ജില്ലാ സ്പോർട്സ് കൗൺസിലും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് തുക പിരിച്ചിട്ടില്ല.

(സി) സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ ആഘോഷ പരിപാടികൾ ഒരു വർഷത്തേയ്ക്ക് ഒഴിവാക്കിക്കൊണ്ട് സർക്കാർ ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന സിവിൽ സർവ്വീസസ് കായിക മേള നടത്തേണ്ടതില്ലെന്ന് തീരുമാനിച്ചത്.

(ഡി) ദേശീയ സിവിൽ സർവ്വീസസ് കായിക മേളയിൽ പങ്കെടുക്കുവാൻ ജീവനക്കാർക്ക് അവസരമുണ്ട്. കഴിഞ്ഞ വർഷത്തെ ടൂർണമെന്റിൽ പങ്കെടുത്തതും ഇപ്പോഴും സർവ്വീസിൽ തുടരുന്നതുമായ സർക്കാർ ജീവനക്കാർക്ക് വ്യവസ്ഥകൾക്ക് വിധേയമായി ടൂർണമെന്റിൽ പങ്കെടുക്കാവുന്നതാണെന്ന് കായിക യുവജനകാര്യ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്.

(ഇ) സംസ്ഥാന സിവിൽ സർവ്വീസസ് കായികമേള നടത്തണമെന്നാവശ്യപ്പെട്ട് ശ്രീ. ജിനോ സെബാസ്റ്റ്യൻ, കേരള സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷൻ സെക്രട്ടറി, ശ്രീമതി റോസ് മേരി പ്രസില്ല എന്നിവരിൽനിന്നും നിവേദനങ്ങൾ ലഭ്യമായിട്ടുണ്ട്. നിവേദനങ്ങളുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

## ഫുട്ബോളിന്റെ ജനപ്രീയത വർദ്ധിപ്പിക്കാൻ നടപടി

219 (615) <u>ശ്രീ. പി. കെ. ശശി</u> : താഴെക്കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലോകത്തിലെ ഏറ്റവും ജനകീയ കായിക വിനോദമായ ഫുട്ബോളിന്റെ ജനപ്രീയത വർദ്ധിപ്പിക്കുന്നതിനും പ്രതിഭയുള്ള യുവ കളിക്കാരെ കണ്ടെത്തുന്നതിനും പരിശീലനം നൽകുന്നതിനും കായിക വകുപ്പ് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)

ഫുട്ബോൾ കളിയിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽതന്നെ കണ്ടെത്തി (Catch them Young) വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 18 സ്കൂളുകളിൽ നടപ്പിലാക്കി വരുന്നു. ടി പദ്ധതിക്കായി തെരഞ്ഞെടുത്ത സ്കൂളുകളിലെ കുട്ടികൾക്കുപുറമേ പ്രസ്തുത സ്കൂളുകളുടെ പരിസര പ്രദേശങ്ങളിലെ സ്കൂളുകളിലെ കുട്ടികളെക്കൂടി ഉൾപ്പെടുത്തി പരിശീലന ക്യാമ്പ് സംഘടിപ്പിച്ച് മികവ് തെളിയിക്കുന്ന 25 കുട്ടികൾക്കാണ് ദീർഘകാല പരിശീലനം ലഭ്യമാക്കുന്നത്.

ഫുട്ബോൾ കായിക ഇനത്തെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ ജില്ലകളിൽ ജില്ലാ സ്പോർട്സ് അക്കാഡമികൾ, കോളേജ് സ്പോർട്സ് അക്കാഡമികൾ, സ്കൂൾ സ്പോർട്സ് അക്കാഡമികൾ, ഡേ ബോർഡിംഗ് സെന്ററുകൾ എന്നിവവഴി പ്രതിഭയുള്ള യുവ കളിക്കാരെ കണ്ടെത്തി പരിശീലനം നൽകി വരുന്നുണ്ട്.

കൊൽക്കത്തയിൽവച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമംഗങ്ങൾക്ക് ക്യാഷ് അവാർഡും നൽകിയിട്ടുണ്ട്. ജോലിയില്ലാത്ത 11 ടീമംഗങ്ങൾക്ക് സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ സി. കെ. വിനീതിന് 2016 വർഷത്തിലെ സ്പോർട്സ് ക്വാട്ട നിയമന പദ്ധതിയിൽ ഉൾപ്പെടുത്തി സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റായി നിയമനം നൽകിയിട്ടുണ്ട്. മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം പ്രതിവർഷം 50 കായികതാരങ്ങളെ തെരഞ്ഞെടുക്കുന്നതിനായി പരിഗണിക്കുന്ന വിവിധ മത്സര ഇനങ്ങളിൽ ഫുട്ബോളും ഉൾപ്പെടുന്നു.

**കായിക വളർച്ചയ്ക്കായുള്ള പദ്ധതികൾ**

220 (616) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക കേരളത്തിന് കരുത്ത് വർദ്ധിപ്പിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) വിദൂരഭാവിയിലെ ലക്ഷ്യം മുന്നിൽക്കണ്ട് കായിക വളർച്ചയ്ക്കായി ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കായിക മേഖലയുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 700 കോടി രൂപയുടെ നിർമ്മാണ/നവീകരണ പ്രവൃത്തികൾ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ എല്ലാ ജില്ലകളിലും ഓരോ മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയവും എല്ലാ പഞ്ചായത്തിലും ഒരു കളിക്കളവും ഉൾപ്പെടുന്നു. ആദ്യഘട്ടമായി 57 സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

35-ാമത് ദേശീയ ഗെയിംസിനുവേണ്ടി നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി നടപ്പ് സാമ്പത്തിക വർഷം 14.5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നവീകരണ പ്രവൃത്തികൾ നടന്നുവരുന്നു. സ്പോർട്സ് ഹോസ്റ്റലിലെ കായികതാരങ്ങളുടെ പരിശീലനം, ഭക്ഷണം, താമസസൗകര്യം, കായിക ഉപകരണങ്ങൾ, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ഏറ്റവും മികച്ച രീതിയിലുള്ള സൗകര്യങ്ങൾ നൽകുന്നതിനായി സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കായികാടിസ്ഥാന സൗകര്യങ്ങളുടെ വികസനം ലക്ഷ്യമിട്ട് സ്റ്റൈൽ പദ്ധതി പ്രകാരം സംസ്ഥാനത്തുടനീളം 10 സ്റ്റേഡിയങ്ങളുടെ നിർമ്മാണം നടന്നുവരുന്നു.

കൊച്ചിയിൽ നടന്ന ഫിഫ അണ്ടർ 17 ലോകകപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിനോടനുബന്ധിച്ച് കൊച്ചി ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം, പനമ്പിള്ളി നഗർ സ്പോർട്സ് കോംപ്ലക്സ്, കൊച്ചി പരേഡ് ഗ്രൗണ്ട് എന്നിവയുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

കായിക വകുപ്പിന് കൈമാറിക്കിട്ടിയ ജി.വി. രാജ സ്പോർട്സ് സ്കൂൾ മൈലം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി ആകെ 51.18 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ജി.വി. രാജാ സ്പോർട്സ് സ്കൂളിൽ സിന്തറ്റിക് ട്രാക്ക്, ഹോക്കി ടർഫ്, സിന്തറ്റിക് ഫുട്ബോൾ കോർട്ട്, വോളീബോൾ കോർട്ട്, ബാഡ്മിന്റൺ കോർട്ട്, ഇൻഡോർ സ്റ്റേഡിയം എന്നിവ നിർമ്മിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേക്ക് നിയമനത്തിനായി അപേക്ഷ ക്ഷണിക്കുകയും ലഭ്യമായ അപേക്ഷകൾ വിശദമായി പരിശോധിച്ച്

അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കി അസ്സൽ സർട്ടിഫിക്കറ്റുകൾ പരിശോധന നടത്തുകയും നിയമന നടപടികൾ അവസാനഘട്ടത്തിലുമാണ്. 2015, 2016, 2017 കാലയളവിലെ സ്പോർട്സ് ക്വാട്ട നിയമനം നടത്തുവാൻ വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായികതാരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. കൂടാതെ ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ വിനീതിന് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടീമിലെ സി. കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.

കൊൽക്കത്തയിൽവച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമംഗങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിയിട്ടുള്ളതും ജോലിയില്ലാത്ത 11 ടീമംഗങ്ങൾക്ക് സർക്കാർ ജോലി നൽകുവാൻ തീരുമാനിച്ചിട്ടുള്ളതുമാണ്.

ഒഡീഷ്യയിലെ ഭുവനേശ്വരിൽ വച്ച് നടന്ന 22-ാമത് ഏഷ്യൻ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ 1500 മീറ്ററിൽ സ്വർണ്ണ മെഡൽ കരസ്ഥമാക്കിയ മലയാളി കായികകാരം കുമാരി പി. യു. ചിത്രയ്ക്ക് തുടർ പരിശീലന ചെലവിലേക്കായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ എലൈറ്റ് സ്കീമിൽ ഉൾപ്പെടുത്തി പ്രതിദിനം 500 രൂപയും മികച്ച കായിക താരങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ഡോ. എ. പി. ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രതിമാസം 10,000 രൂപയും അനുവദിച്ചിട്ടുണ്ട്.

ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽവച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്കുവേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിയിട്ടുണ്ട്. ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്കുവേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്ക് സർക്കാർ ജോലി നൽകുന്നതിനും തീരമാനിച്ചിട്ടുണ്ട്. ദേശീയ/അന്തർദ്ദേശീയ മത്സരങ്ങളിൽ വിജയികളായ കായികതാരങ്ങൾക്ക് 2013-14 മുതൽ 2015-16 വരെ കുടിശ്ശികയായിരുന്ന ക്യാഷ് അവാർഡ് തുകയായ 2,42,36,440 രൂപയും വിതരണം ചെയ്തിട്ടുണ്ട്.

(ബി) കായിക മേഖലയുടെ വിദൂരഭാവിയിലെ ലക്ഷ്യം മുൻനിർത്തി ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

1. ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)

ഫുട്ബോൾ കളിയിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ 18 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ആദ്യഘട്ടത്തിൽ 8 സ്കൂളുകളിൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ട്. പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ കുട്ടികൾക്ക് പുറമെ ടി സ്കൂളുകളുടെ പരിസര പ്രദേശങ്ങളിലെ സ്കൂളുകളിലെ കുട്ടികളെ ഉൾപ്പെടുത്തി പരിശീലന ക്യാമ്പ് സംഘടിപ്പിച്ച് മികവ് തെളിയിക്കുന്ന 25 കുട്ടികൾക്കാണ് അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നത്.

2. ട്രിവാൻഡ്രം മാരത്തോൺ പദ്ധതി

കായിക കേരളത്തിലെ ഒരു സുപ്രധാന കായിക ഇനമായി മാറുന്ന തരത്തിൽ വിപുലമായ ക്രമീകരണങ്ങളോടെ കായിക യുവജനകാര്യ വകുപ്പ് തുടക്കം കുറിക്കുന്ന സ്പോർട്സ് കേരള മാരത്തോണിന്റെ ആദ്യത്തെ പതിപ്പ് 2018 ഡിസംബർ ഒന്നാം തീയതി തിരുവനന്തപുരത്ത് നടത്താൻ നിശ്ചയിച്ചിട്ടുണ്ട്. ഇതിനോടകം അന്തർദ്ദേശീയ കായിക കലണ്ടറിൽ ഇടം നേടിയ ഈ കായിക ഇനത്തിൽ ദേശീയ, അന്തർദ്ദേശീയ കായിക താരങ്ങൾ ഉൾപ്പെടെ പങ്കെടുക്കുന്നതാണ്. പ്രളയാനന്തര ദുരിതാശ്വാസ/പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി ധനസമാഹരണം ലക്ഷ്യമാക്കിയുള്ള ഈ വർഷത്തെ മത്സരത്തിന്റെ എൻട്രി ഫീ തുക ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് മുതൽക്കൂട്ടുന്നതാണ്. വിവര പൊതുജനസമ്പർക്ക വകുപ്പ് വഴിയുള്ള പ്രചരണത്തിന് മാത്രമായി സർക്കാർ ധനവിനിയോഗമുള്ള ഈ പരിപാടിയുടെ നടത്തിപ്പ് ചെലവുകൾ, സമ്മാനത്തുകകൾ തുടങ്ങിയവയെല്ലാം സ്പോൺസർഷിപ്പ് വഴി സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്.

യുവജനങ്ങളടക്കമുള്ള വിവിധ വിഭാഗം ജനങ്ങളെ സജീവ ജീവിത ശൈലിയിലേക്കും കായിക വിനോദങ്ങളിലേക്കും ആകർഷിക്കുക വഴി ആരോഗ്യകരമായ ജീവിതനിലവാരം പ്രദാനം ചെയ്യുക എന്ന സർക്കാർ നയത്തിന് അനുയോജ്യമായ പരിപാടികളും മാരത്തോണിനോടൊപ്പം നടത്തുന്നതാണ്. 2 കി.മീ. ദൂരം പിന്നിടേണ്ട ഫാമിലി ഫൺ റൺ, 10 കി.മീ. ദൂരം പിന്നിടേണ്ട റോഡ് റേസ്, 21.09 കി.മീ. ദൂരം പിന്നിടേണ്ട ഹാഫ് മാരത്തോൺ 42.19 കി.മി. ദൂരം പിന്നിടേണ്ട ഫുൾ മാരത്തോൺ എന്നിവയാണ് ഡിസംബർ ഒന്നിന് അരങ്ങേറുന്ന വർണ്ണശബളമായ പരിപാടിയിൽ ഉൾപ്പെടുന്നത്.

3. <u>പ്ലേ ഫോർ ഹെൽത്ത്</u>

ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കായിക ക്ഷമത ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. പ്രൈമറിതലം മുതൽ ഓരോ കുട്ടിയെയും കായിക വിനോദങ്ങളിൽ ഏർപ്പെടുത്തുവാൻ അതത് സ്കൂളുകളിൽത്തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുകയും ഭാവിയിൽ ഓരോ കുട്ടിക്കും അനുയോജ്യമായ കായികയിനം തെരഞ്ഞെടുക്കുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്യുന്നു.

4. <u>എലൈറ്റ് സ്കീം</u>

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ അത്‌ലറ്റിക്, വോളിബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബാൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. കായികതാരങ്ങളെ ഏഷ്യൻ/കോമൺവെൽത്ത്/ഒളിമ്പിക് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വളർത്തിയെടുക്കുക എന്നതാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇവർക്ക് പ്രതിദിനം 400 രൂപ നിരക്കിൽ ഡി.എ.-യും വിദഗ്ദ്ധ പരിശീലനവും സ്പോർട്സ് കിറ്റും കായിക ഉപകരണങ്ങളും സപ്ലിമെന്ററി ഫുഡും ചികിത്സാ ചെലവും നൽകിവരുന്നു.

5. <u>ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി</u>

2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ് ഫെൻസിംഗ്, റോവിംഗ് ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായികതാരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം ലക്ഷ്യമാക്കിക്കൊണ്ട് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'ഓപ്പറേഷൻ ഒളിമ്പ്യ'. ഇന്ത്യയിലെയും വിദേശത്തെയും പ്രഗത്ഭരായ പരിശീലകരുടെ സേവനം ലഭ്യമാക്കുന്ന പരിശീലന പദ്ധതികൂടിയാണിത്.

പദ്ധതിയുടെ പ്രാരംഭഘട്ടമായി നിലവിൽ റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങളുടെ പരിശീലനം തിരുവനന്തപുരം ജില്ലയിലും കനോയിംഗ് & കയാക്കിംഗ് കൊല്ലത്തും ബാഡ്മിന്റൺ എറണാകുളത്തും ഫെൻസിംഗ് കണ്ണൂരിലും റോവിംഗ് ആലപ്പുഴയിലും നടന്നുവരുന്നു.

സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനവും ടെന്നീസിൽ പരിശീലനവും നൽകുന്ന പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

## കിഫ്ബി മുഖേന സ്പോർട്സ് പദ്ധതികൾ

221 (617) ശ്രീ. കെ. വി. വിജയദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന എത്ര സ്പോർട്സ് പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സർക്കാർ കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച 57 പദ്ധതികളിൽ ഇതുവരെ 493 കോടി രൂപയുടെ 35 പദ്ധതികൾക്കാണ് കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളത്. അതിൽ 309.43 കോടി രൂപയുടെ 26 പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകിയ 12 പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുള്ളതും 7 പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു. 5 പദ്ധതികളുടെ പ്രവർത്തനങ്ങൾ നിർമ്മാണ ഉത്ഘാടനം നടക്കുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്. കിഫ്ബി അംഗീകരിച്ച പദ്ധതികളുടെ വിശദവിവരം ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതുവരെ അനുമതി നൽകാത്ത പദ്ധതികൾക്ക് സ്ഥലത്തിന്റെ ഉടമസ്ഥ ഏജൻസിയുമായി ധാരണാപത്രം ഒപ്പിടുന്ന മുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്.

## കായികരംഗത്തെ നൂതന പദ്ധതികൾ

222 (618) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എം. മുകേഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികരംഗത്ത് ദേശീയ-അന്തർദ്ദേശീയ തലങ്ങളിൽ കേരളത്തെ നിർണ്ണായക ശക്തിയാക്കി മാറ്റുന്നതിനുതകുന്ന എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഇതിനായി കായിക മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) അന്യംനിന്നുകൊണ്ടിരിക്കുന്ന നാടൻകളികളുടെ പ്രചാരണത്തിന് 'കളിത്തട്ട്' എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പ്രൈമറി തലം മുതലുള്ള കുട്ടികളെ കായിക വിനോദങ്ങളിലേയ്ക്ക് ആകർഷിക്കുവാൻ 'പ്ലേ ഫോർ ഹെൽത്ത്' പദ്ധതി പ്രകാരം എന്തെല്ലാം സൗകര്യങ്ങളാണ് സ്കൂളുകളിൽ ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) <u>കിഫ്ബി</u>

സംസ്ഥാനത്തെ കായികാടിസ്ഥാന സൗകര്യങ്ങളുടെ വികസനം ലക്ഷ്യമിട്ട് 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയവും ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതി പ്രകാരം മിനി സ്റ്റേഡിയവും പ്രത്യേക നിക്ഷേപ പദ്ധതി പ്രകാരം നിർമ്മിക്കുന്നതാണെന്ന സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കിഫ്ബി സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന 57 പദ്ധതികളുടെ പുരോഗതി അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

<u>സൈ്മൽ</u>

കായികാടിസ്ഥാന സൗകര്യങ്ങളുടെ വികസനം ലക്ഷ്യമിട്ട് സൈ്മൽ പദ്ധതി പ്രകാരം സംസ്ഥാനത്തുടനീളം സ്റ്റേഡിയങ്ങൾ നിർമ്മിച്ച് നൽകി വരുന്നു. നിലവിൽ ഈ പദ്ധതി പ്രകാരം 10 സ്റ്റേഡിയങ്ങൾ സംസ്ഥാനത്തുടനീളം നിർമ്മിച്ചുവരുന്നു.

സൈ്മൽ പദ്ധതി പ്രകാരം നിർമ്മിച്ചുവരുന്ന സ്റ്റേഡിയങ്ങളുടെ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*.

<u>കിക്കോഫ്</u>

ഫുട്ബോൾ കളിയിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ കിക്കോഫ് എന്ന ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 18 സ്കൂളുകളിൽ നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ കുട്ടികൾക്കുപുറമെ ടി സ്കൂളിന്റെ പരിസര പ്രദേശങ്ങളിലെ സ്കൂളുകളിലെ കുട്ടികളെ ഉൾപ്പെടുത്തി പരിശീലന ക്യാമ്പ് സംഘടിപ്പിച്ച് മികവ് തെളിയിക്കുന്ന 25 കുട്ടികൾക്കാണ് അടിസ്ഥാന സൗകര്യം ലഭ്യമാക്കുക.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി

2020, 2024-ലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായികതാരങ്ങൾക്ക് അന്തർ ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുത്ത 11 (പതിനൊന്ന്) കായിക ഇനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് 'ഓപ്പറേഷൻ ഒളിമ്പ്യ' പദ്ധതി.

അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ (ഷട്ടിൽ), കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ കായികയിനങ്ങളെയാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ് എന്നീ ഇനങ്ങൾക്ക് തിരുവനന്തപുരത്തും ബാഡ്മിന്റണിന് എറണാകുളത്തും കനോയിംഗ് & കയാക്കിംഗ് കൊല്ലത്തും ഫെൻസിംഗ് കണ്ണൂരിലും റോവിംഗ് ആലപ്പുഴയിലും ആർച്ചറിക്ക് വയനാട്ടിലുമാണ് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. പതിനൊന്ന് കായിക ഇനങ്ങളിലായി ഏകദേശം 210 കായികതാരങ്ങൾക്ക് പരിശീലനം നൽകുവാനാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. പ്രാരംഭ ഘട്ടത്തിൽ അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ (ഷട്ടിൽ), കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ് എന്നീ കായികയിനങ്ങളിൽ 20 കായിക താരങ്ങളെ വീതം ആകെ 160 കായികതാരങ്ങൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എലൈറ്റ് സ്കീം

മികച്ച കായികതാരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അത്‌ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായികയിനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

(സി) നമ്മുടെ ഭൂപ്രകൃതിക്കും സാഹചര്യങ്ങൾക്കും അനുസരിച്ച് നിലനിന്നിരുന്ന പുരാതന കായിക വിനോദങ്ങളെ അന്യംനിന്ന് പോകാതിരിക്കുവാനും വ്യക്തിത്വ വികസനത്തിനും ആരോഗ്യ പരിപാലനത്തിനുമായി നടപ്പിലാക്കുന്ന പദ്ധതിയാണ് കളിത്തട്ട്. ബ്ലോക്ക് തലത്തിൽ സ്ക്രീനിംഗ് നടത്തി ജില്ലാതലത്തിൽ മത്സരങ്ങൾ സംഘടിപ്പിച്ച്

വിജയികളെ സംസ്ഥാന മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു. ടി പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കായികക്ഷമത ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. പ്രൈമറി തലം മുതൽ ഓരോ കുട്ടിയെയും കായിക വിനോദങ്ങളിൽ ഏർപ്പെടുത്തുവാൻ അതത് സ്കൂളുകളിൽത്തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുകയും ഭാവിയിൽ ഓരോ കുട്ടിക്കും അനുയോജ്യമായ കായികയിനം തെരഞ്ഞെടുക്കുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്യുന്നു. പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാനത്തെ 25 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. സ്ഥലസൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് സ്കൂളുകളിൽ ബാസ്കറ്റ് ബോൾ, ഫുട്ബോൾ/ക്രിക്കറ്റ് തുടങ്ങിയ കായികയിനങ്ങൾക്കുള്ള ഉപകരണങ്ങൾ ലഭ്യമാക്കുകയും ആയതിന് അടിസ്ഥാന സൗകര്യം ലഭ്യമാക്കുകയും ചെയ്യുന്നു.

## ചേലാട് അന്താരാഷ്ട്ര സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം

223 (619) ശ്രീ. ആന്റണി ജോൺ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽനിന്നും 10 കോടി രൂപ വകയിരുത്തിയിട്ടുള്ള ചേലാട് അന്താരാഷ്ട്ര സ്പോർട്സ് കോംപ്ലക്സ് നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണത്തിനായുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെ ആണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും ആയത് ലഭ്യമായിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഡി.പി.ആർ.-ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് എം.ഒ.യു. ഒപ്പുവയ്ക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണ്; എത്രയുംവേഗത്തിൽ എം.ഒ.യു. ഒപ്പുവച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കോതമംഗലം ചേലാട് സ്റ്റേഡിയം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള ചുമതല കിറ്റ്കോയ്ക്കാണ് നൽകിയിട്ടുള്ളത്. ടി പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് കിറ്റ്കോ തയ്യാറാക്കി വരികയാണ്.

(സി) പ്രസ്തുത പദ്ധതിയിൽ താഴെപ്പറയുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. സ്വാഭാവിക പുൽത്തകിടിയോടുകൂടിയ ഫുട്ബോൾ കളിസ്ഥലം

2. 8 ലൈനുകളുള്ള സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്

3. ഗ്യാലറി കെട്ടിടം.

(ഡി) സ്റ്റേഡിയം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ വലിയൊരു ഭാഗം ഗവൺമെന്റ് പോളിടെക്നിക്കിന്റെയും ബാക്കി പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെയും അധീനതയിലാണുള്ളത്. സ്ഥലം ഉടമസ്ഥനിൽനിന്നും എം.ഒ.യു. ഒപ്പുവച്ച് ലഭിക്കുന്നമുറയ്ക്ക് പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

## മാതിരപ്പിള്ളി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ സ്പോർട്സ് ഹോസ്റ്റൽ

224 (620) <u>ശ്രീ. ആന്റണി ജോൺ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്കൂൾ കായിക മേഖലയിൽ തുടർച്ചയായി മികവ് പുലർത്തുന്ന കോതമംഗലം മണ്ഡലത്തിലെ മാതിരപ്പിള്ളി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ സ്പോർട്സ് ഹോസ്റ്റൽ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ ;

(ബി) പ്രസ്തുത ആവശ്യത്തിനായി സ്കൂൾ പി.റ്റി.എ., എസ്.എം.സി. എന്നിവർ ചേർന്ന് സംസ്ഥാന സ്പോർട്സ് കൗൺസിൽ മുമ്പാകെ സമർപ്പിച്ച നിവേദനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടിയെന്തെന്ന് വിശദമാക്കാമോ ;

(സി) സ്കൂളിലെ ഏതാനും കുട്ടികൾ എം.എ. കോളേജ് സ്പോർട്സ് ഹോസ്റ്റലിൽ പരിശീലനം നടത്തുന്നതിനാൽ ഇക്കഴിഞ്ഞ സംസ്ഥാന സ്കൂൾ കായിക മേളയിൽ പോയിന്റ് ടേബിളിൽ സ്കൂളിന്റെ പേരിന്റെ സ്ഥാനത്ത് എം.എ. കോളേജ് അക്കാദമി മാതിരപ്പിള്ളി എന്ന് വന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ;

(ഡി) കായിക രംഗത്ത് ഏറ്റവും മികവ് പുലർത്തുന്ന സംസ്ഥാനത്തെ തന്നെ സർക്കാർ സ്കൂളുകളിൽ ഒന്നായ മാതിരപ്പിള്ളി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ഒരു സ്പോർട്സ് ഹോസ്റ്റൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാതിരപ്പിള്ളി സ്കൂളിലെ സംസ്ഥാന സ്പോർട്സ് കൗൺസിലിലെ കായിക താരങ്ങളെ എം.എ. കോളേജ് സ്പോർട്സ് ഹോസ്റ്റൽ മാതിരപ്പിള്ളി എന്ന പേരിൽനിന്നും മാറ്റി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി മാതിരപ്പിള്ളി എന്നാക്കുന്നതിനുവേണ്ടിയുള്ള അപേക്ഷ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പരിഗണനയിലാണ്.

(സി) ഈ വർഷം പ്രളയം സംഭവിച്ചതിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന സ്കൂൾ കായികമേള വളരെ ലളിതമായാണ് നടത്തിയത്. ആയതിനാൽ വിജയികളുടെ പോയിന്റ് കണക്കാക്കുകയോ മെഡലുകളോ, ട്രോഫികളോ നൽകിയിട്ടുമില്ല. കേരള സ്കൂൾ സ്പോർട്സ് മാനുവൽ പ്രകാരം സ്പോർട്സ് ഹോസ്റ്റലുകളിൽ താമസിച്ച് സർക്കാരിന്റെ ആനുകൂല്യം സ്വീകരിച്ച് പഠിക്കുന്ന കായിക താരങ്ങൾക്ക് ലഭിക്കുന്ന പോയിന്റ്, അതത് ജില്ലകൾക്ക് ലഭിക്കുന്ന പോയിന്റിനോടൊപ്പമാണ് കണക്കാക്കുന്നത്.

(ഡി) സ്പോർട്സ് ഹോസ്റ്റൽ തുടങ്ങുന്നതിനുള്ള അപേക്ഷയും അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ചുള്ള അനുബന്ധ രേഖകളും ജില്ലാ സ്പോർട്സ് കൗൺസിൽ മുഖേന സംസ്ഥാന സ്പോർട്സ് കൗൺസിലിന് ലഭ്യമാകുന്നമുറയ്ക്ക് ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## പാങ്ങോട് ഗ്രാമപഞ്ചായത്തിലെ സ്പോർട്സ് സ്റ്റേഡിയം നിർമ്മാണം

225 (622) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെക്കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിൽ സ്പോർട്സ് സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

വാമനപുരം നിയോജകമണ്ഡലത്തിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിൽ സ്പോർട്സ് സ്റ്റേഡിയം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് കായിക എഞ്ചിനീയറിംഗ് വിഭാഗം സ്ഥലം സന്ദർശനം നടത്തുകയുണ്ടായി. എന്നാൽ പ്രളയ ദുരന്തംമൂലം കായിക യുവജനകാര്യ വകുപ്പിന്റെ പദ്ധതി വിഹിതം വെട്ടിച്ചുരുക്കിയ സാഹചര്യത്തിൽ പ്രസ്തുത പദ്ധതി ഇപ്പോൾ പരിഗണനയിലില്ല.

## മൂന്നാറിലെ ഹൈ ആൾട്ടിറ്റ്യൂഡ് സ്റ്റേഡിയം

226 (623) ശ്രീ. എസ്. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡത്തിലെ മൂന്നാറിലുള്ള ഹൈ ആൾട്ടിറ്റ്യൂഡ് സ്റ്റേഡിയത്തിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് സ്റ്റേഡിയം നിലനിൽക്കുന്ന ഭൂമിയിൽ അന്താരാഷ്ട്ര നിലവാരമുള്ള ഇൻഡോർ സ്പോർട്സ് പരിശീലന കേന്ദ്രവും സിന്തറ്റിക് ട്രാക്ക് ഉൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങൾ നിർമ്മിക്കുന്നതിനുമുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുള്ളതും ആയതിലേക്കായി കൺസൾട്ടന്റിനെ നിയമിച്ച് ടി പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള 'ഓപ്പറേഷൻ മോഡ്യൂൾ' തയ്യാറാക്കി വരികയുമാണ്.

## കാസർഗോഡ് ജില്ലാ സ്റ്റേഡിയം

227 (624) ശ്രീ. എം. രാജഗോപാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ നടക്കാവിൽ കിഫ്ബി വഴി അനുവദിച്ച ജില്ലാ സ്റ്റേഡിയത്തിന്റെ പണി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിന്റെ ഭരണാനുമതി തുക എത്രയാണെന്നും ആയതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെട്ടതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കാസർഗോഡ് ജില്ലാ സ്റ്റേഡിയത്തിന് (എം.ആർ.സി. കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം) 16-3-2018-ലെ സ.ഉ.(സാധാ) നമ്പർ 38/2018/കാ.യു.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് 29.32 കോടിരൂപയുടെ കിഫ്ബി അംഗീകാരവും ലഭ്യമായിട്ടുണ്ട്. സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

1. സ്വാഭാവിക പുൽത്തകിടിയോടുകൂടിയ ഫുട്ബോൾ കളിസ്ഥലം
2. അന്താരാഷ്ട്ര നിലവാരത്തിലുള്ള നീന്തൽക്കുളം
3. കബഡി കോർട്ട്
4. മൂന്ന് നിലകളിലായി ബാസ്കറ്റ് ബോൾ കോർട്ട്, വോളീബോൾ കോർട്ട്, ടെന്നീസ് കോർട്ട്, 3 ബാഡ്മിന്റൺ കോർട്ടുകൾ എന്നീ സൗകര്യങ്ങളോടുകൂടിയ ഇൻഡോർ സ്റ്റേഡിയം
5. ജലവിതരണ സംവിധാനം, വൈദ്യുതീകരണം, മഴവെള്ള സംഭരണി മുതലായവ.

**കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം**

228 (625) <u>ശ്രീമതി യു. പ്രതിഭ</u> : താഴെക്കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിലെ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മൈതാനത്ത് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

കായംകുളം മണ്ഡലത്തിലെ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിൽ, പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മൈതാനത്ത് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസലുകൾ ലഭ്യമാകുന്നമുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി

229 (626) ശ്രീമതി പി. അയിഷാ പോറ്റി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭരണാനുമതി നൽകിയ പുതിയ സ്റ്റേഡിയങ്ങളുടെ ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) നിലവിലുള്ള ഏതെല്ലാം കളിസ്ഥലങ്ങളുടെ നവീകരണത്തിന് ഈ സർക്കാർ ഭരണാനുമതി നൽകിയെന്നും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

ഉത്തരം

(എ - സി) അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

## ഗ്രാമപഞ്ചായത്തുകളിലെ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം

230 (627) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ആയതിലേയ്ക്കായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ പഞ്ചായത്തിലും കളിക്കളം നിർമ്മിക്കുന്നതാണെന്ന് 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലായി 42 പഞ്ചായത്തുകളിൽ സ്റ്റേഡിയം നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സ്ഥലലഭ്യതയുടെയും അന്തിമമായി കിഫ്ബിയുടെ അംഗീകാരത്തിനും വിധേയമായാണ് സ്റ്റേഡിയം നിർമ്മാണം ആരംഭിക്കുന്നത്. കിഫ്ബി ധനസഹായം അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

**കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി**

231 (628) ശ്രീ. കെ. ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര കായിക താരങ്ങൾക്കാണ് സർക്കാർ സർവ്വീസിൽ ജോലി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) കായികതാരങ്ങൾക്ക് ജോലി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഓരോ വർഷവും അർഹതപ്പെട്ട മുഴുവൻ കായിക താരങ്ങൾക്കും ജോലി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായികതാരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടീമിലെ സി.കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.

ഇതുകൂടാതെ ആഭ്യന്തര വകുപ്പിൽ 65 കായികതാരങ്ങൾക്ക് ഹവിൽദാർ തസ്തികയിലും കൂടാതെ 35-ാമത് ദേശീയ ഗെയിംസിൽ മികച്ച പ്രകടനം കരസ്ഥമാക്കിയവർക്ക് നിയമനം നൽകിയ 72 കായികതാരങ്ങളിൽ രണ്ടുപേർക്ക് (സജൻ പ്രകാശ്, എലിസബത്ത് സൂസൻ കോശി) ആഭ്യന്തര വകുപ്പിൽ ഗസറ്റഡ് തസ്തികയിൽ നിയമനം നൽകിയതുൾപ്പെടെ ആകെ 67 പേർക്കാണ് ആഭ്യന്തര വകുപ്പിൽ നിയമനം നൽകിയിട്ടുള്ളത്.

(ബി) നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം സ്പോർട്സ് ക്വാട്ടയിൽ സർക്കാർ സർവ്വീസിൽ നിയമനം ലഭിക്കുന്നതിന് ചുവടെ പറയും പ്രകാരമുള്ള നേട്ടങ്ങൾ കൈവരിച്ചിരിക്കണം.

1. അംഗീകൃത അന്താരാഷ്ട്ര ഫെഡറേഷനുകൾ നടത്തിയിട്ടുള്ള ഒളിമ്പിക്സ്, ലോകകപ്പ്, ലോക യൂണിവേഴ്സിറ്റി ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ്, സാഫ് ഗെയിംസ് എന്നിവയിൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ ഭാരതത്തെ പ്രതിനിധാനം ചെയ്ത ടീമിലെ അംഗമായിരിക്കുകയും വ്യക്തിഗത ഇനങ്ങളിലോ ടീം ഇനങ്ങളിലോ ഒന്നോ രണ്ടോ മൂന്നോ സ്ഥാനം നേടി വിജയികളാകുകയും ചെയ്തവർ

2. രാജ്യത്തെ പ്രതിനിധാനം ചെയ്ത് മുകളിൽ പറഞ്ഞ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ളവർ

3. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായിക ഇനങ്ങളിൽ പങ്കെടുത്ത് ഒന്നോ, രണ്ടോ, മൂന്നോ സ്ഥാനം നേടി വിജയികളായ കേരള സംസ്ഥാന ടീമിലെ അംഗങ്ങൾ

4. മൗണ്ടനീയറിംഗ്, കളരിപ്പയറ്റ് എന്നീ കായിക ഇനങ്ങളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ച അസോസിയേഷനുകൾ നടത്തുന്ന സീനിയർ സംസ്ഥാന മത്സരങ്ങളിൽ വ്യക്തിഗത ഇനങ്ങളിലോ ടീം ഇനങ്ങളിലോ ഒന്നാം സ്ഥാനം നേടി വിജയികളായവർ

കേന്ദ്രസർക്കാരിലോ സംസ്ഥാന സർക്കാരിലോ പ്രസ്തുത സർക്കാരിലെ പൊതുമേഖലാ സ്ഥാപനങ്ങളിലൊ സ്പോർട്സ് ക്വാട്ട നിയമനം ലഭിച്ചവർ വീണ്ടും അപേക്ഷിക്കാൻ അർഹരല്ല. ഉത്തേജക മരുന്നുകളുടെ ഉപയോഗത്തിന്റെ പേരിൽ ശിക്ഷണ നടപടിക്ക് വിധേയരായവരോ കളികളിൽനിന്നും വിലക്ക് കൽപ്പിക്കപ്പെട്ടവരോ ആയ കായികതാരങ്ങളും സ്പോർട്സ് ക്വാട്ട നിയമനത്തിന് അർഹരല്ല. കൂടാതെ കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സ്പോർട്സ് ക്വാട്ട നിയമനം നടത്തുന്നത്. ഇതുകൂടാതെ ദേശീയ/അന്തർദ്ദേശീയ മത്സരങ്ങളിൽ മികച്ച വിജയം കൈവരിക്കുന്ന കായികതാരങ്ങൾക്ക് മേൽ മാനദണ്ഡങ്ങൾക്ക് അതീതമായി പ്രത്യേക കേസായി പരിഗണിച്ചും നിയമനം നൽകി വരുന്നു.

(സി) വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി നിലവിലുണ്ട്. അപ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്ക് നിയമനത്തിനായി അപേക്ഷ ക്ഷണിക്കുകയും ലഭ്യമായ അപേക്ഷകൾ വിശദമായി പരിശോധിച്ച് അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കി അസ്സൽ സർട്ടിഫിക്കറ്റുകൾ പരിശോധന നടത്തുകയും നിയമന നടപടികൾ അവസാനഘട്ടത്തിലുമാണ്. 2015, 2016, 2017 കാലയളവിലെ സ്പോർട്സ് ക്വാട്ട നിയമനം നടത്തുവാൻ വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**മഞ്ചേരി ഫുട്ബോൾ സ്റ്റേഡിയം വികസനം**

232 (629) <u>ശ്രീ. എം. ഉമ്മർ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ഫുട്ബോൾ സ്റ്റേഡിയത്തിന്റെ തുടർവികസനത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയത്തിൽ ഫ്ലഡ്‌ലൈറ്റ് സംവിധാനം സ്ഥാപിക്കുന്നതിനായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട് ; പ്രസ്തുത തുക വിനിയോഗിക്കുവാൻ നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) സ്റ്റേഡിയം നവീകരിക്കുന്നതിനായി പുതിയ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) മലപ്പുറം ജില്ലാ സ്പോർട്സ് കോംപ്ലക്സിലെ മഞ്ചേരി ഫുട്ബോൾ സ്റ്റേഡിയത്തിൽ ഫ്ലഡ്‌ലൈറ്റ് സംവിധാനം സ്ഥാപിക്കുന്നതിനായി 4,01,30,216 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക കായിക യുവജനകാര്യ ഡയറക്ടറുടെ ഹൈപവർ കമ്മിറ്റിയുടെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. ഹൈപവർ കമ്മിറ്റി യോഗത്തിന്റെ തീരുമാന പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതിക കാര്യങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിന് ജില്ലാ കളക്ടർ ചെയർമാനായ കമ്മിറ്റിയെ ചുമതലപ്പെടുത്തി. പദ്ധതി നിർവ്വഹണത്തിന് കിറ്റകോയെയാണ് ചുമതലപ്പെടുത്തിയത്. കിറ്റ്കോ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സ്റ്റേഡിയത്തിന്റെ തുടർവികസനം സംബന്ധിച്ച സർക്കാർ തീരുമാനം സ്വീകരിക്കുന്ന മുറയ്ക്ക് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

### ദേവികുളം അഡ്വഞ്ചർ അക്കാഡമിയുടെ പുനരുദ്ധാരണം

233 (630) ശ്രീ. എസ്. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിച്ചിരുന്ന ദേവികുളം അഡ്വഞ്ചർ അക്കാദമിയുടെ പ്രവർത്തനം നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനം പുനരുദ്ധരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ; എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ ഇടുക്കി ജില്ലയിൽ ദേവികുളത്ത് നാഷണൽ അഡ്വഞ്ചർ അക്കാഡമി പ്രവർത്തിച്ചിരുന്ന കെട്ടിടം പുതുക്കിപ്പണിയുന്നതിനായി അക്കാഡമിയുടെ പ്രവർത്തനം താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനം പുനർനിർമ്മിക്കുന്നതിനായി പ്രോജക്ട് തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയ സർക്കാർ അംഗീകൃത ഏജൻസിയായ Kerala Electrical and Allied Engineering Ltd. (KEL) തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് പരിഗണിച്ച് ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് 3,05,03,297 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ദേശീയ സാഹസിക അക്കാഡമി വിപുലീകരിച്ച് ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് വിദഗ്ധരെ ചുമതലപ്പെടുത്തുന്നതിനും അക്കാഡമിയുടെ എതിർവശത്ത് ഇപ്പോൾ ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ കൈവശമുള്ളതും റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതുമായ 5 ഏക്കറോളം ഭൂമി അക്കാഡമിയുടെ ആവശ്യത്തിലേക്കായി ബോർഡിന് കൈമാറി ലഭിക്കുന്നതിനായുമുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു. സാഹസിക അക്കാഡമിയിലെ ക്യാമ്പിംഗ് സൗകര്യം ഇടുക്കി ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസറുടെ മേൽനോട്ടത്തിൽ ഇപ്പോഴും മുടക്കമില്ലാതെ ലഭ്യമാക്കി വരുന്നുണ്ട്.

### കെ.എസ്.ഇ.ബി.-ക്ക് ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ കണക്കെടുപ്പ്

234 (631) ശ്രീ. പി. കെ. ശശി : താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയവും കാലവർഷക്കെടുതിയുംമൂലം കെ.എസ്.ഇ.ബി.-ക്ക് ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് പൂർത്തിയായോ; എത്ര കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളതെന്നറിയിക്കുമോ?

<u>ഉത്തരം</u>

പ്രളയവും കാലാവർഷക്കെടുതിയുംമൂലമുണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ പ്രാഥമിക കണക്കുപ്രകാരം വൈദ്യുത ഉൽപ്പാദനമേഖലയിൽ 80.85 കോടി രൂപയുടെ നഷ്ടവും പ്രസരണമേഖലയിൽ 29.77 കോടി രൂപ നഷ്ടവും വിതരണമേഖലയിൽ 242.45 കോടി രൂപയുടെ നഷ്ടവും കണക്കാക്കിയിട്ടുണ്ട്. ഇതുകൂടാതെ ഇക്കാലയളവിൽ വൈദ്യുതി വിതരണം തടസ്സപ്പെട്ടതുകാരണം 472.10 കോടി രൂപയുടെ വരുമാനനഷ്ടവും കെ.എസ്.ഇ.ബി.-ക്ക് വന്നിട്ടുണ്ട്.

ഇതിനുപുറമെ പ്രളയത്തെത്തുടർന്ന് വൈദ്യുതി ബോർഡിന്റെ വിവിധ കെട്ടിടങ്ങൾക്കും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

**നൂറനാട് മേഖലയിൽ ഭൂഗർഭ കേബിളുകൾ**

235 (632) <u>ശ്രീ. ആർ. രാജേഷ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭ മണ്ഡലത്തിലെ നൂറനാട് പടനിലം ക്ഷേത്രത്തിൽ ഏഷ്യയിലെ ഏറ്റവും വലിയ കെട്ടുകാഴ്ചകൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മേഖലയിൽ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി നടപടികൾ സ്വീകരിക്കുമോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൂർണ്ണമായും ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നത് വളരെ ചെലവേറിയ പ്രവൃത്തിയാണ്. ചില സ്ഥലങ്ങളിൽ ലൈനുകൾ മാറ്റി സ്ഥാപിക്കുക, കഴിയുന്നത്ര സ്ഥലങ്ങളിൽ ഭൂഗർഭ കേബിളുകളോ, ഏരിയൽ ബഞ്ച്ഡ് കേബിളുകളോ സ്ഥാപിക്കുക തുടങ്ങിയ പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. ഇതുസംബന്ധിച്ച ചർച്ചകൾക്കുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും എം.എൽ.എ. ഫണ്ടിൽനിന്നും മറ്റുമുള്ള ഫണ്ട് ലഭ്യത ഉറപ്പാക്കിയാൽ മാത്രമെ പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

## അനർട്ട് ഡയറക്ടർ നിയമനം

236 (633) ശ്രീ. എം. വിൻസെന്റ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനർട്ടിന്റെ ഡയറക്ടർ തസ്തികയിലേക്കുള്ള നിയമന അധികാരി ആരാണെന്നും ഡയറക്ടർ നിയമനം പി.എസ്.സി. യ്ക്ക് വിട്ടിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ യോഗ്യതാമാനദണ്ഡങ്ങൾ ഉൾപ്പെടെ പി.എസ്.സി യ്ക്ക് നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) അനർട്ട് ഡയറക്ടർ ആർ. ഹരികുമാറിന്റെ കാലാവധി എന്നാണ് അവസാനിച്ചത്; കാലാവധിക്കുശേഷം ടിയാൻ ഇപ്പോഴും തുടരുന്നുണ്ടോ; കാലാവധി തീർന്നതിനുശേഷം ടിയാൻ പുറത്തിറക്കിയ എല്ലാ ധനവിനിയോഗ ഉത്തരവിന്റെ പകർപ്പുകളും ലഭ്യമാക്കുമോ;

(സി) അനർട്ടിൽ ടിയാൻ ഡയറക്ടറായി ചാർജ്ജ് എടുത്തതിനുശേഷം സി.എം.ഡി. വഴി എത്ര താൽക്കാലിക നിയമനങ്ങൾ നടത്തി; നിയമനം ലഭിച്ചവരുടെ പേരും തസ്തികയും ഇതുവരെ ഓരോരുത്തരും ആകെ കൈപ്പറ്റിയ ശമ്പളത്തിന്റെ വിവരവും ലഭ്യമാക്കുമോ; താൽക്കാലിക നിയമനവുമായി ബന്ധപ്പെട്ട് എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽനിന്നും അനെർട്ടിന് നൽകിയ എല്ലാ കത്തുകളുടെയും പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) അനർട്ടിൽ എത്ര ദമ്പതികൾ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നു; ഇതിന്റെ സർക്കാർ ഉത്തരവിന്റെ പകർപ്പും ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനെർട്ട് ഇറക്കിയ ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ ;

(ഇ) ഓഫീസ് അസിസ്റ്റന്റ് തസ്തികയിൽ അനർട്ട് കേന്ദ്ര കാര്യാലയത്തിൽ എത്ര ഒഴിവുണ്ട്; എത്രപേർ ജോലി ചെയ്യുന്നു; പേരുകൾ ലഭ്യമാക്കുമോ; എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാന പ്രകാരം ഓഫീസ് അസിസ്റ്റന്റ് തസ്തിക അനർട്ട് കേന്ദ്ര കാര്യാലയത്തിൽ നിലവിലുണ്ടോ ;

(എഫ്) റവന്യൂ വകുപ്പിൽനിന്നും എത്ര ഉദ്യോഗസ്ഥർ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നു; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെയും അനർട്ട് ഉത്തരവിന്റെയും പകർപ്പുകൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ) അനർട്ടിന്റെ ഡയറക്ടർ തസ്തികയിലേയ്ക്കുള്ള നിയമനാധികാരി സർക്കാരാണ്. അനർട്ടിലെ നിയമനങ്ങൾക്കുള്ള സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് തയ്യാറാക്കിയതിനു ശേഷം മാത്രമെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാൻ സാധിക്കുകയുള്ളൂ.

(ബി) അനർട്ട് ഡയറക്ടർ ഡോ. ആർ. ഹരികുമാറിന്റെ ഡെപ്യൂട്ടേഷന്റെ രണ്ടാം വർഷത്തെ കാലാവധി 3-9-2018-ലാണ് അവസാനിച്ചത്. നിലവിൽ ഡോ. ആർ. ഹരികുമാർ ഡയറക്ടറായി തുടരുന്നുണ്ട്. 3-9-2018-ന ശേഷം പുറത്തിറക്കിയ ധനവിനിയോഗ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) 12 പേർക്ക് സി.എം.ഡി. വഴി താൽക്കാലിക അടിസ്ഥാനത്തിൽ അനർട്ടിൽ നിയമനം നൽകിയിട്ടുണ്ട്. ഇവരുടെ പേര്, തസ്തിക, വാങ്ങിയ ശമ്പളം എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*. താൽക്കാലിക നിയമനവുമായി ബന്ധപ്പെട്ട് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസിൽനിന്നും അനർട്ടിന് ലഭിച്ച കത്തുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.* സർക്കാർ സെലക്ഷൻ ചെയ്തിട്ടുള്ള റഗുലർ തസ്തികകളിലുള്ള എല്ലാ ഒഴിവുകളും എംപ്ലേയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരമാണ് നികത്തിയിട്ടുള്ളതെന്നും നിശ്ചിത സംഖ്യ പ്രതിഫലമായി നിശ്ചയിച്ചിട്ടുള്ള പ്രോജക്ട് തസ്തികകളിലേയ്ക്ക് മാത്രമെ സി.എം.ഡി. മുഖാന്തരം നിയമനം നടത്തിയിട്ടുള്ളുവെന്നും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസിന് മറുപടിയും നൽകിയിട്ടുണ്ട്.

(ഡി) അനർട്ടിൽ ഒരു ദമ്പതി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നു. ഇതിന്റെ സർക്കാർ ഉത്തരവുകളുടെ പകർപ്പും അനർട്ട് ഇറക്കിയ ഉത്തരവിന്റെ പകർപ്പുകളും അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഇ) ഓഫീസ് അസിസ്റ്റന്റ് തസ്തികയിൽ അനർട്ട് കേന്ദ്ര കാര്യാലയത്തിൽ നിലവിൽ ഒഴിവില്ല. ശ്രീമതി എ. ശാന്തി, ശ്രീ. എസ്. സിനു എന്നീ രണ്ട് ഓഫീസ് അസിസ്റ്റന്റുമാർ നിലവിൽ ജോലി ചെയ്തുവരുന്നു. 18-9-2009-ലെ ജി.ഒ.(പി) നമ്പർ 9/2009/പി.ഡി. പ്രകാരം ക്ലർക്ക്/ടൈപ്പിസ്റ്റ് തസ്തികകൾ, നിലവിൽ ജോലി ചെയ്യുന്നവർ വിരമിക്കുന്നമുറയ്ക്ക് ഓഫീസ് അസിസ്റ്റന്റ് തസ്തികയായി മാറുന്നതാണ്. എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം 14 ഓഫീസ് അസിസ്റ്റന്റ് (ക്ലർക്ക്/ടൈപ്പിസ്റ്റ് ഉൾപ്പെടെ) തസ്തികകൾ ജില്ലാ ഓഫീസുകളിലേയ്ക്ക് പുനർവിന്യസിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(എഫ്) റവന്യൂ വകുപ്പിൽനിന്നും അനർട്ടിൽ രണ്ടുപേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നു. ഇതുസംബന്ധിച്ച സർക്കാർ ഉത്തരവുകളുടെയും അനർട്ട് ഉത്തരവുകളുടെയും പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഇലക്ട്രിക് പോസ്റ്റുകൾ

237 (634) ശ്രീ. വി. അബ്ദുറഹിമാൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരക്കേറിയ റോഡുകളിൽ റോഡുവികസനം പൂർത്തിയായശേഷം ഇലക്ട്രിക് പോസ്റ്റുകൾ ടാറിനോട് ചേർന്ന്നിന്ന് നിരന്തരം അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ റോഡ് വികസനത്തിനനുസരിച്ച് സമയബന്ധിതമായി പോസ്റ്റുകൾ മാറ്റി സ്ഥാപിച്ച് സഞ്ചാരതടസ്സവും അപകടങ്ങളും ഒഴിവാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അപകടസാധ്യതയുള്ള സ്ഥലങ്ങളിൽ പരിഹാര നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) റോഡ് വികസനത്തിനോടനുബന്ധിച്ച് തന്നെ റോഡുകളുടെ പരിപാലന ചുമതലയുള്ള വകുപ്പുകൾ പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനുള്ള അപേക്ഷ നൽകി ആവശ്യമായ തുക ബോർഡിൽ അടയ്ക്കുന്നമുറയ്ക്ക് പോസ്റ്റുകൾ സമയബന്ധിതമായി മാറ്റിസ്ഥാപിക്കുന്നുണ്ട്.

## പ്രളയത്തിൽ വൈദ്യുതി ബോർഡിന് സംഭവിച്ച നഷ്ടം

238 (635) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയവുമായി ബന്ധപ്പെട്ട് വൈദ്യുതി ബോർഡിന് സംഭവിച്ച നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

പ്രളയവും കാലവർഷക്കെടുതിയുംമൂലമുണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ പ്രാഥമിക കണക്കുപ്രകാരം വൈദ്യുത ഉൽപ്പാദന മേഖലയിൽ 80.85 കോടി രൂപയുടെ നഷ്ടവും പ്രസരണമേഖലയിൽ 29.77 കോടി രൂപയുടെ നഷ്ടവും വിതരണ മേഖലയിൽ 242.45 കോടി രൂപയുടെ നഷ്ടവും കണക്കായിട്ടുണ്ട്. ഇതുകൂടാതെ ഇക്കാലയളവിൽ വൈദ്യുതി വിതരണം തടസ്സപ്പെട്ടതുകാരണം 472.10 കോടി രൂപയുടെ വരുമാനനഷ്ടവും വൈദ്യുതി ബോർഡിന് വന്നിട്ടുണ്ട്.

വൈദ്യുതി ഉൽപ്പാദന രംഗം

കെ.എസ്.ഇ.ബി.-യുടെ കീഴിലുള്ള ലോവർ പെരിയാർ, ഇടമലയാർ, പെരിങ്ങൽക്കുത്ത്, പെരിങ്ങൽക്കുത്ത് ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷൻ, പന്നിയാർ തുടങ്ങി അഞ്ച് പ്രധാന ജലവൈദ്യുത പദ്ധതികൾക്കും വെള്ളത്തൂവൽ, റാന്നി-പെരുനാട്, ആഢ്യൻപാറ, ബാരാപോൾ, ചെമ്പുകടവ് II, മാട്ടുപ്പെട്ടി, പെരുന്തേനരുവി, ലോവർ മീൻമുട്ടി, പീച്ചി, ചിമ്മിനി, ഉറുമി II, വിലങ്ങാട്, പൂഴിത്തോട്, മലമ്പുഴ തുടങ്ങി 14 ചെറുകിട ജലവൈദ്യുത പദ്ധതികൾക്കും പ്രസ്തുത പ്രളയത്തിലും തുടർന്നുണ്ടായ ഉരുൾപൊട്ടലിലും കാര്യമായ നാശനഷ്ടം സംഭവിച്ചിരുന്നു. പ്രാഥമിക കണക്കുകൾ പ്രകാരം 80.85 കോടി രൂപയുടെ നഷ്ടം ഇതുമൂലം വൈദ്യുത ബോർഡിന് ഉണ്ടായതായി കണക്കാക്കുന്നു.

പ്രസരണ രംഗം

പ്രളയക്കെടുതികളെത്തുടർന്ന് കേരളത്തിലങ്ങോളമിങ്ങോളം 50 സബ്സ്റ്റേഷനുകളുടെ പ്രവർത്തനം പൂർണ്ണമായോ ഭാഗികമായോ തടസ്സപ്പെട്ടിരുന്നു. പുന്നപ്ര-പള്ളം, കുത്തുങ്കൽ-നേരിയമംഗലം, പള്ളിവാസൽ-ആലുവ, ചാലക്കുടി-പുല്ലഴി, മാടക്കത്തറ-കുന്നമംഗലം, ഇടമലയാർ-അയ്യംപുഴ, ഇടമലയാർ-മലയാറ്റൂർ, ആലുവ-ചാലക്കുടി, ചാലക്കുടി-ട്രാക്ഷൻ സബ്സ്റ്റേഷൻ എന്നിങ്ങനെ 10 പ്രധാന പ്രസരണ ഇടനാഴികളുടെ പ്രവർത്തനം തടസ്സപ്പെട്ടു. പ്രാഥമിക കണക്കുകൾ പ്രകാരം പ്രസരണ രംഗത്തുണ്ടായ കേടുപാടുകൾ താൽക്കാലികമായെങ്കിലും മറികടക്കാൻ 29.77 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കുന്നു.

വിതരണരംഗം

പ്രളയം പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, ഇടുക്കി, തൃശ്ശൂർ, വയനാട് എന്നിങ്ങനെ 7 ജില്ലകളിലെ വൈദ്യുത വിതരണം താറുമാറാക്കി. മുന്നൂറിൽപ്പരം ഇലക്ട്രിക്കൽ സെക്ഷനുകളിലായി 1700 വിതരണ ട്രാൻസ്ഫോർമറുകൾ പ്രളയജലത്തിൽ മുങ്ങുകയോ, കേടുപാടുകൾ സംഭവിക്കുകയോ ചെയ്തിരുന്നു. പതിനായിരത്തിൽപ്പരം ട്രാൻസ്ഫോർമറുകൾ അപകടസാധ്യത മുന്നിൽക്കണ്ടു കൊണ്ട് താൽക്കാലികമായി സ്വിച്ച് ഓഫ് ചെയ്തു. 16158 ട്രാൻസ്ഫോർമറുകളുടെ കീഴിൽ വൈദ്യുതി വിതരണം തടസ്സപ്പെട്ടിരുന്നു. ആകെ 25.60 ലക്ഷം ഉപഭോക്താക്കൾക്ക് വൈദ്യുതി തടസ്സം നേരിട്ടു. വൈദ്യുതി പുനഃസ്ഥാപിക്കുന്നതിനായി 1735 വിതരണ ട്രാൻസ്ഫോർമറുകളും 5275.80 കി.മീ. വിതരണ ലൈനുകളും മാറ്റി സ്ഥാപിക്കേണ്ടി വന്നു. പ്രളയജലത്തിന്റെ കുത്തൊഴുക്കിൽ ഒരുലക്ഷത്തിൽപ്പരം പോസ്റ്റുകൾക്ക് കാര്യമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഇതും വരും ദിവസങ്ങളിൽ മാറ്റി സ്ഥാപിക്കേണ്ടിവരും. ഉദ്ദേശം മൂന്നുലക്ഷം സിംഗിൾ ഫേസ് വൈദ്യുതി മീറ്ററുകൾക്കും അമ്പതിനായിരത്തിൽപ്പരം ത്രീഫേസ് വൈദ്യുത മീറ്ററുകൾക്കും പ്രളയത്തെത്തുടർന്ന് കേടുപാട് സംഭവിച്ചിട്ടുണ്ട്. ഏകദേശം മൂന്നുലക്ഷം വീടുകൾക്ക് വൈദ്യുതി കണക്ഷൻ ശരിയാംവിധം പുനഃസ്ഥാപിക്കാൻ ഇ.എൽ.സി.ബി. പുതുതായി സ്ഥാപിക്കേണ്ടിവരും. പ്രാഥമിക

കണക്കുകൾ പ്രകാരം കെ.എസ്.ഇ.ബി.-യുടെ കീഴിലുള്ള വൈദ്യുത വിതരണരംഗം പ്രളയപൂർവ്വസ്ഥിതിയിൽ ആക്കുന്നതിന് 242.45 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

ഇതിനുപുറമെ പ്രളയത്തെത്തുടർന്ന് കെ.എസ്.ഇ.ബി.-യുടെ വിവിധ കെട്ടിടങ്ങൾക്കും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും സംഭവിച്ച കേടുപാടുകൾ നീക്കി പൂർവ്വസ്ഥിതി പ്രാപിക്കാൻ കോടിക്കണക്കിന് രൂപയുടെ ചെലവ് വരുമെന്ന് കരുതുന്നു.

## പ്രളയംമൂലം കെ.എസ്.ഇ.ബി.-ക്കുണ്ടായ നഷ്ടം

239 (636) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയംമൂലം കെ.എസ്.ഇ.ബി.- ക്കുണ്ടായ നഷ്ടം എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ; ഇതിന്റെ വിശദവിവരം നൽകുമോ ;

(ബി) ഇതിനെത്തുടർന്ന് സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനത്തിൽ എന്തെങ്കിലും കുറവ് വന്നിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) ഇങ്ങനെയുള്ള ദുരന്തങ്ങൾ ഭാവിയിൽ സംഭവിക്കാനുള്ള സാധ്യത മുന്നിൽ കണ്ട് അവയെ നേരിടാനും മറ്റും കെ.എസ്.ഇ.ബി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) പ്രളയവും കാലവർഷക്കെടുതിയുംമൂലമുണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ പ്രാഥമിക കണക്കുപ്രകാരം വൈദ്യുത ഉൽപ്പാദന മേഖലയിൽ 80.85 കോടി രൂപയുടെ നഷ്ടവും പ്രസരണ മേഖലയിൽ 29.77 കോടി രൂപയുടെ നഷ്ടവും വിതരണ മേഖലയിൽ 242.45 കോടി രൂപയുടെ നഷ്ടവും കണക്കായിട്ടുണ്ട്. ഇതുകൂടാതെ ഇക്കാലയളവിൽ വൈദ്യുതി വിതരണം തടസ്സപ്പെട്ടതുകാരണം 472.10 കോടി രൂപയുടെ വരുമാനനഷ്ടവും കെ.എസ്.ഇ.ബി.എൽ-ന് വന്നിട്ടുണ്ട്.

<u>വൈദ്യുതി ഉൽപ്പാദന രംഗം</u>

കെ.എസ്.ഇ.ബി.-യുടെ കീഴിലുള്ള ലോവർ പെരിയാർ, ഇടമലയാർ, പെരിങ്ങൽക്കുത്ത്, പെരിങ്ങൽക്കുത്ത് ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷൻ, പന്നിയാർ തുടങ്ങി അഞ്ച് പ്രധാന ജലവൈദ്യുത പദ്ധതികൾക്കും വെള്ളത്തൂവൽ, റാന്നി-പെരുനാട്, ആഡ്യൻപാറ, ബാരാപോൾ, ചെമ്പുകടവ് II, മാട്ടുപ്പെട്ടി, പെരുന്തേനരുവി, ലോവർ മീൻമുട്ടി, പീച്ചി, ചിമ്മിനി, ഉറുമി II, വിലങ്ങാട്, പൂഴിത്തോട്, മലമ്പുഴ തുടങ്ങി 14 ചെറുകിട ജലവൈദ്യുത പദ്ധതികൾക്കും പ്രസ്തുത പ്രളയത്തിലും തുടർന്നുണ്ടായ ഉരുൾപൊട്ടലിലും കാര്യമായ നാശനഷ്ടം സംഭവിച്ചിരുന്നു. പ്രാഥമിക കണക്കുകൾ പ്രകാരം 80.85 കോടി രൂപയുടെ നഷ്ടം ഇതുമൂലം ഉണ്ടായതായി കണക്കാക്കുന്നു.

പ്രസരണ രംഗം

പ്രളയക്കെടുതികളെത്തുടർന്ന് കേരളത്തിലങ്ങോളമിങ്ങോളം 50 സബ്സ്റ്റേഷനുകളുടെ പ്രവർത്തനം പൂർണ്ണമായോ ഭാഗികമായോ തടസ്സപ്പെട്ടിരുന്നു. പുന്നപ്ര-പള്ളം, കുത്തുങ്കൽ-നേരിയമംഗലം, പള്ളിവാസൽ-ആലുവ, ചാലക്കുടി-പുല്ലഴി, മാടക്കത്തറ-കുന്നമംഗലം, ഇടമലയാർ-അയ്യംപുഴ, ഇടമലയാർ- മലയാറ്റൂർ, ആലുവ-ചാലക്കുടി, ചാലക്കുടി-ട്രാക്ഷൻ സബ്സ്റ്റേഷൻ എന്നിങ്ങനെ 10 പ്രധാന പ്രസരണ ഇടനാഴികളുടെ പ്രവർത്തനം തടസ്സപ്പെട്ടു. പ്രാഥമിക കണക്കുകൾ പ്രകാരം പ്രസരണ രംഗത്തുണ്ടായ കേടുപാടുകൾ താൽക്കാലികമായെങ്കിലും മറികടക്കാൻ 29.77 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കുന്നു.

വിതരണരംഗം

പ്രളയം പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, ഇടുക്കി, തൃശ്ശൂർ, വയനാട് എന്നിങ്ങനെ 7 ജില്ലകളിലെ വൈദ്യുത വിതരണം പ്രളയം താറുമാറാക്കി. മുന്നൂറിൽപ്പരം ഇലക്ട്രിക്കൽ സെക്ഷനുകളിലായി 1700 വിതരണ ട്രാൻസ്ഫോർമറുകൾ പ്രളയജലത്തിൽ മുങ്ങുകയോ, കേടുപാടുകൾ സംഭവിക്കുകയോ ചെയ്തിരുന്നു. പതിനായിരത്തിൽപ്പരം ട്രാൻസ്ഫോർമറുകൾ അപകടസാധ്യത മുന്നിൽക്കണ്ടുകൊണ്ട് താൽക്കാലികമായി സ്വിച്ച് ഓഫ് ചെയ്തു. 16158 ട്രാൻസ്ഫോർമറുകളുടെ കീഴിൽ വൈദ്യുത വിതരണം തടസ്സപ്പെട്ടിരുന്നു. ആകെ 25.60 ലക്ഷം ഉപഭോക്താക്കൾക്ക് വൈദ്യുതി തടസ്സം നേരിട്ടു. വൈദ്യുതി പുനഃസ്ഥാപിക്കുന്നതിനായി 1735 വിതരണ ട്രാൻസ്ഫോർമറുകളും 5275.80 കി.മീ. വിതരണ ലൈനുകളും മാറ്റിസ്ഥാപിക്കേണ്ടി വന്നു. പ്രളയജലത്തിന്റെ കുത്തൊഴുക്കിൽ ഒരുലക്ഷത്തിൽപ്പരം പോസ്റ്റുകൾക്ക് കാര്യമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഇതും വരുംദിവസങ്ങളിൽ മാറ്റി സ്ഥാപിക്കേണ്ടിവരും. ഉദ്ദേശം മൂന്നുലക്ഷം സിംഗിൾ ഫേസ് വൈദ്യുതി മീറ്ററുകൾക്കും അമ്പതിനായിരത്തിൽപ്പരം ത്രീഫേസ് വൈദ്യുത മീറ്ററുകൾക്കും പ്രളയത്തെത്തുടർന്ന് കേടുപാട് സംഭവിച്ചിട്ടുണ്ട്. ഏകദേശം മൂന്നുലക്ഷം വീടുകൾക്ക് വൈദ്യുതി കണക്ഷൻ ശരിയാംവിധം പുനഃസ്ഥാപിക്കാൻ ഇ.എൽ.സി.ബി. പുതുതായി സ്ഥാപിക്കേണ്ടിവരും. പ്രാഥമിക കണക്കുകൾ പ്രകാരം കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിലുള്ള വൈദ്യുത വിതരണരംഗം പ്രളയപൂർവ്വസ്ഥിതിയിലാക്കുന്നതിന് 242.45 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

ഇതിനുപുറമെ പ്രളയത്തെത്തുടർന്ന് കെ.എസ്.ഇ.ബി.-യുടെ വിവിധ കെട്ടിടങ്ങൾക്കും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും സംഭവിച്ച കേടുപാടുകൾ നീക്കി പൂർവ്വസ്ഥിതി പ്രാപിക്കാൻ കോടിക്കണക്കിന് രൂപയുടെ ചെലവ് വരുമെന്ന് കരുതുന്നു.

(ബി) കേരളത്തിന് വൈദ്യുതി ലഭ്യത ആ കാലയളവിൽ 400 മെഗാവാട്ട് കണ്ട് കുറവ് വരികയുണ്ടായി. ഇടമലയാർ (75MW) 19-8-2018-നം പള്ളിവാസൽ (37.5 MW) 22-8-2018-നം പെരിങ്ങൽക്കുത്ത് ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷൻ (16MW) 27-8-2018-നം ലോവർ പെരിയാർ (180 MW) 23-9-2018-നം ഉറുമി II (2.4 MW) 06-9-2018-നം പൂഴിത്തോട് (4.8 MW) 01-9-2018-നം പൂർണ്ണമായും പെരിങ്ങൽക്കുത്ത് (2x9 MW) 11-8-2018, 30-10-2018 തീയതികളിൽ ഭാഗികമായും പന്നിയാർ ഒരു യൂണിറ്റിന് (16 MW) 23-11-2018-നം പ്രവർത്തന ക്ഷമമായിട്ടുണ്ട്. പന്നിയാർ ബാക്കി (16 MW) ആറുമാസത്തിനുള്ളിലും പെരിങ്ങൽക്കുത്ത് ബാക്കി (18 MW) എട്ട് മാസത്തിനുള്ളിലും പൂർണ്ണമായി പ്രവർത്തനക്ഷമമാകുമെന്നും പ്രതീക്ഷിക്കുന്നു. കൂടാതെ പ്രളയത്തിൽ പ്രവർത്തനം തടസ്സപ്പെട്ട ചെറുകിട വൈദ്യുത പദ്ധതികളിൽ വെള്ളത്തുവൽ (3.6 MW), ആഢ്യൻപാറ (3.5 MW), റാന്നി-പെരുനാട് (4 MW) എന്നിവ പ്രവർത്തന ക്ഷമമായിട്ടില്ല. ഒരു വർഷത്തിനുള്ളിൽ വൈദ്യുതോൽപ്പാദനം പൂർണ്ണതോതിൽ എത്തിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കനത്ത മഴ ഉണ്ടാകുന്ന സന്ദർഭങ്ങളിൽ ഡാമുകളിലേയ്ക്കുള്ള നീരൊഴുക്ക് ക്രമാതീതമായി കൂടുകയും തന്മൂലം ഡാമുകളുടെ അനുവദനീയ സംഭരണശേഷിക്ക് മുകളിലേയ്ക്ക് ജലനിരപ്പ് ഉയരാനും സാധ്യതയുണ്ട്. ആയതിനാൽ ഡാമുകളുടെ സുരക്ഷ കണക്കിലെടുത്ത് സ്പിൽവേ ഗേറ്റുകളുള്ള ഡാമുകളിൽനിന്ന് അധിക ജലം പുറത്തേയ്ക്ക് തുറന്നുവിടേണ്ട അവസ്ഥ ഉണ്ടാകാനിടയുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ ഡാമിലെ സംഭരണശേഷി കൃത്യമായി വിലയിരുത്തി ഉചിതമായ രീതിയിൽ കൈകാര്യം ചെയ്യുന്നത് റിസർവോയർ ഓപ്പറേഷന്റെ ഭാഗമായ 'റൂൾ കർവ്' (Rule Curve) അടിസ്ഥാനമാക്കിയാണ്. ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് ഒരു വർഷത്തിലെ വിവിധ കാലാവസ്ഥകളിൽ ജലസംഭരണികളിലെ ജലത്തിന്റെ അളവ് ഏതൊക്കെ ലെവലുകളിൽ നിലനിർത്തണമെന്നതാണ്. 2018 ആഗസ്റ്റിൽ സംസ്ഥാനത്തുണ്ടായ അതിരൂക്ഷമായ പ്രളയത്തെത്തുടർന്ന് കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രധാനപ്പെട്ട 5 വലിയ ജലസംഭരണികളായ ഇടുക്കി, ഇടമലയാർ, കക്കി-പമ്പ, കുറ്റ്യാടി-ബാണാസുരസാഗർ, ഷോളയാർ എന്നിവിടങ്ങളിൽ റൂൾ കർവ് തയ്യാറാക്കുന്നതിനായി ചീഫ് എഞ്ചിനീയർമാർ ഉൾപ്പെട്ട ഒരു സമിതിയെ 20-10-2018-ലെ ബോർഡ് ഉത്തരവ് പ്രകാരം നിയമിച്ചിട്ടുണ്ട്.

പ്രളയത്തിൽ മുങ്ങിപ്പോയ എല്ലാ കെ.എസ്.ഇ.ബി. ഓഫീസുകളിലും കെ.എസ്.ഇ.ബി.-യുടെ പ്രധാനപ്പെട്ട പോസ്റ്റുകളിലും കൂടിയ ജലവിതാനം സൂചിപ്പിക്കുന്ന മാർക്കിംഗ് പ്ലേറ്റ്സ് സ്ഥാപിക്കുവാനുള്ള നിർദ്ദേശം നൽകിയിരുന്നു. കൂടാതെ ട്രാൻസ്ഫോർമറുകളും ലൈനുകളും സ്ഥാപിക്കുമ്പോൾ പ്രളയം മുൻനിർത്തിയുള്ള സുരക്ഷാനില പാലിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്താനും നിലവിൽ പ്രളയം കൂടുതലായി ബാധിച്ച പ്രദേശങ്ങളിലെ ട്രാൻസ്ഫോർമറുകൾക്കും ലൈനുകൾക്കും സുരക്ഷാനില പാലിക്കുവാൻ വേണ്ട പദ്ധതികൾ നടപ്പിലാക്കാനും വൈദ്യുതി ബോർഡിന്റെ വാർഷിക പദ്ധതി രൂപരേഖയിൽ പ്രത്യേക തുക വകയിരുത്തിയിട്ടുണ്ട്.

## ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ കസ്റ്റമർ കെയർ സെന്റർ

240 (637) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ വൈദ്യുതി ഉപഭോക്താക്കൾക്കുവേണ്ടി കസ്റ്റമർകെയർ സെന്റർ ആരംഭിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് സെക്രട്ടേറിയറ്റിലും വൈദ്യുതിഭവനിലുമുള്ള ഫയലുകളിലെ മുഴുവൻ വിവരവും ലഭ്യമാക്കുമോ;

(സി) ഇരിമ്പിളിയം പഞ്ചായത്തിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് കസ്റ്റമർ കെയർ സെന്റർ ആരംഭിക്കുവാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ബഹുമാനപ്പെട്ട എം.എൽ.എ. കസ്റ്റമർ കെയർ സെന്റർ ആരംഭിക്കുന്നതിന് 21-6-2018-ൽ നൽകിയ അപേക്ഷ, 22-6-2018-ൽ ആവശ്യമായ നടപടിക്കായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. തുടർന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കൈമാറിയ പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടിയുടെ അടിയന്തര റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി സെക്രട്ടേറിയറ്റിലെ Pwr-A1/226/2018-Power ഫയലിൽ 08-11-2018-ലെ കത്ത് പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു.

ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ വൈദ്യുതി ബോർഡിന്റെ ഒരു കസ്റ്റമർ കെയർ സെന്റർ ആരംഭിക്കണമെന്ന പ്രസ്തുത നിവേദനം ബോർഡ് പരിശോധിച്ചു. നിലവിൽ സെക്ഷൻ ഓഫീസുകൾ കൂടാതെ അക്ഷയ കേന്ദ്രങ്ങൾ മുഖേനയും ഓൺലൈനായും (Mobile App, KSEB Online Payment Portal) NACH സംവിധാനം വഴിയും ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ് അടയ്ക്കാം. മാത്രമല്ല, ബോർഡ് നടപ്പിലാക്കിയ 'ഒരുമ നെറ്റ്' സംവിധാനം വഴി ഏത് സെക്ഷൻ ഓഫീസിലും ഉപഭോക്താക്കൾക്ക് പണമടയ്ക്കാൻ സാധിക്കും. കൂടാതെ നിലവിൽ ഡിജിറ്റൽ പേമെന്റ് പ്രോത്സാഹിപ്പിക്കുന്നതിനാണ് ബോർഡ് ഉദ്ദേശിക്കുന്നത്. ജനങ്ങൾക്ക് ഡിജിറ്റൽ പേമെന്റിനെക്കുറിച്ച് അവബോധം നൽകുന്നതിനായി റസിഡൻസ് അസോസിയേഷനുകളുമായി ചേർന്ന് പ്രവർത്തിക്കുന്നതിനും മറ്റുമുള്ള നിർദ്ദേശങ്ങൾ ഫീൽഡ് ഓഫീസുകളിലേയ്ക്ക് നൽകിയിട്ടുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ കസ്റ്റമർ കെയർ സെന്റർ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## കെ.എസ്.ഇ.ബി.-ക്ക് ലഭിക്കാനുള്ള കുടിശ്ശികത്തുക

241 (638) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം നാളിതുവരെയായി കെ. എസ്. ഇ. ബി.-ക്ക് വിവിധ ഇനം ഉപഭോക്താക്കളിൽനിന്ന് പിരിഞ്ഞുകിട്ടാനുള്ള തുകയിൽ എന്തുതുക എത്ര ഉപഭോക്താക്കളിൽനിന്ന് പിരിച്ചെടുക്കാനായി ;വ്യക്തമാക്കാമോ;

(ബി) കെ. എസ്. ഇ. ബി.-ക്ക് പിരിഞ്ഞുകിട്ടാനുള്ള തുക പിരിച്ചെടുക്കുന്നത് യാഥാർത്ഥമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചിരുന്നോ; എങ്കിൽ എന്തെല്ലാം നടപടികൾ;

(സി) വളരെക്കാലമായി കെ.എസ്.ഇ.ബി.-ക്ക് പിരിഞ്ഞുകിട്ടാനുള്ള ഇത്തരത്തിലുള്ള തുക പിരിച്ചെടുക്കുന്നതിന് കഴിയുമെന്ന് സർക്കാർ കരുതുന്നുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ ഉണ്ടായിട്ടുണ്ടോ; അവ ഫലം കണ്ട് തുടങ്ങിയിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(ഡി) വൻതുക കുടിശ്ശികയുള്ള ഇത്തരക്കാരിൽനിന്ന് തുക പിരിച്ചെടുക്കാതെ പ്രഖ്യാപനങ്ങൾ മാത്രം നടത്തുന്ന എന്ന ആക്ഷേപം നിലനിക്കുമ്പോൾ ചെറുകിട ഗാർഹിക ഉപഭോക്താക്കൾ വൈദ്യുതിയുടെ ദ്വൈമാസബില്ലടക്കുന്നതിന് താമസം നേരിട്ടാൽ വൈദ്യുതി പൊടുന്നനെ വിച്ഛേദിച്ച് വരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വൻ കുടിശ്ശികക്കാരെ ഗവൺമെന്റ് നിയന്ത്രണത്തിലാക്കി തുക പിരിച്ചെടുക്കാൻ കർശന നടപടികൾ സ്വീകരിക്കാമോ ?

### ഉത്തരം

(എ) വൈദ്യുതി ചാർജിനത്തിൽ കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കളുടെ കുടിശ്ശിക തുകയുടെ വലിയൊരു സംഖ്യ കോടതിയിലോ മറ്റിതര തർക്കപരിഹാര ഫോറങ്ങളിലോ ഉൾപ്പെട്ടിട്ടുള്ളവയാണ്. ഇതല്ലാതെ കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കൾ വാട്ടർ അതോറിറ്റി പോലുള്ള സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദീർഘകാലമായുള്ള വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കാനായി പ്രഖ്യാപിച്ച ഒറ്റത്തവണ കുടിശ്ശിക തീർപ്പാക്കൽ പദ്ധതി 2016 പ്രകാരം 225 ഉപഭോക്താക്കളിൽനിന്നും 7,06,47,118 രൂപ പിരിച്ചെടുത്തിട്ടുണ്ട്.

(ബി&സി) കുടിശ്ശികത്തുക ഈടാക്കുന്നതിനായി കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങളല്ലാത്ത ഉപഭോക്താക്കളുടെയും കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടെയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശിപാർശ നൽകുകയും ചെയ്യുന്നുണ്ട്. കാലാകാലങ്ങളിൽ കെ.എസ്.ഇ.ആർ.സി.-യുടെ അനുമതിയോടുകൂടി കുറഞ്ഞ പലിശനിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ച് ഉപഭോക്താക്കളിൽനിന്നും കെ.എസ്.ഇ.ബി.എൽ. കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിച്ചിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2016-ൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയതിനുപുറമെ 8-6-2018-ലും പലിശയിനത്തിൽ ഇളവുകൾ നൽകി ബോർഡ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. കോടതിയിൽ വ്യവഹാരത്തിലുള്ള ഉപഭോക്താക്കൾക്കും റവന്യൂ റിക്കവറി നടപടികൾക്ക് ശിപാർശ കൊടുത്തിട്ടുള്ള ഉപഭോക്താക്കൾക്കുംകൂടി പ്രസ്തുത പദ്ധതി ഉപയോഗിക്കാനുള്ള അവസരവും ഇതുപ്രകാരം നൽകിയിട്ടുണ്ട്. കോടതിയിൽ വ്യവഹാരത്തിലുള്ള കുടിശ്ശികകളും മറ്റുതരത്തിൽ തർക്കത്തിൽ കിടക്കുന്ന കുടിശ്ശികകളും തീർപ്പാക്കുവാനായി വ്യക്തമായ മാർഗ്ഗരേഖകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഉത്തരവ് ബോർഡ് 20-8-2018-ന് പുറപ്പെടുവിച്ചിട്ടുണ്ട്. കുടിശ്ശികകൾ തീർപ്പാക്കുവാനായി നിയോഗിച്ചിട്ടുള്ള ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരുടെ കീഴിലുള്ള ജില്ലാതല കമ്മിറ്റികൾക്ക് ഇത്തരത്തിലുള്ള കുടിശ്ശികയുടെ മുതലിനത്തിൽ തന്നെ ഇളവുകളടക്കം അനുവദിക്കുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്. നിലവിലെ പദ്ധതിക്ക് 31-12-2018 വരെ പ്രാബല്യമുണ്ട്.

(ഡി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് വൈദ്യുതി കുടിശ്ശികയിനത്തിൽ കിട്ടാനുള്ളതിൽ (2580.33 കോടി) ഭൂരിഭാഗവും കിട്ടാനുള്ളത് കേരള വാട്ടർ അതോറിറ്റി (1411.11 കോടി), സംസ്ഥാന-കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ (106.98 കോടി), സർക്കാർ വകുപ്പുകൾ (94.83 കോടി), തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (4.39 കോടി) എന്നിവയിൽ നിന്നാണ്. ഈ കുടിശ്ശിക കൃത്യമായി തിരിച്ചെടുക്കുവാൻ കെ.എസ്.ഇ.ബി.എൽ. നടപടികളെടുത്തുവരുന്നു. ഹൈടെൻഷൻ ഉപഭോക്താക്കളിൽനിന്ന് 1508.25 കോടി രൂപയും ലോ ടെൻഷൻ ഉപഭോക്താക്കളിൽനിന്ന് 1072.08 കോടി രൂപയുമാണ് കുടിശ്ശികയായി കിട്ടാനുള്ളത്. ഇതിൽ ഭൂരിഭാഗവും വിവിധ കോടതി വ്യവഹാരങ്ങളിൽപ്പെട്ട് കിടക്കുന്നതിനാലാണ് കുടിശ്ശിക പിരിച്ചെടുക്കുവാൻ കഴിയാതെ വന്നിട്ടുള്ളത്.

സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളല്ലാത്ത മറ്റെല്ലാ ഉപഭോക്താക്കളുടെ കാര്യത്തിലും കുടിശ്ശിക വരുത്തിയാൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച സപ്ലൈ കോഡിലെ വ്യവസ്ഥകൾക്കനുസൃതമായി ഡിസ്കണക്ഷൻ നോട്ടീസ് നൽകി വൈദ്യുതി ബന്ധം വിച്ഛേദിക്കുന്ന നടപടി പക്ഷപാതപരമല്ലാതെ തന്നെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കൃത്യമായി നടപ്പാക്കിവരുന്നു.

**കെ.എസ്.ഇ.ബി.-യുടെ കടബാദ്ധ്യത**

242 (639) ശ്രീ. കെ. ജെ. മാക്സി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയദുരന്തത്തിന്റെ ഭാഗമായി കെ.എസ്.ഇ.ബി.യുടെ നഷ്ടം എത്ര കോടി രൂപയാണ്; ആയതിൽ ഭൗതിക നഷ്ടം, ഉത്പാദന നഷ്ടം എന്നിവ തരം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ കെ.എസ്.ഇ.ബി.യുടെ കടബാധ്യത എത്രയായിരുന്നു; ആയത് നിലവിൽ എത്ര കോടി രൂപയാണ്;

(സി) നിലവിൽ എത്ര കോടി രൂപ കെ.എസ്.ഇ.ബി.-യ്ക്ക് കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്; ആയത് 2015-16-ൽ എത്രയായിരുന്നു; അറിയിക്കുമോ;

(ഡി) ഇവയിൽ വിവിധ സർക്കാർ വകുപ്പുകൾ, വാട്ടർ അതോറിറ്റി, പൊതുമേഖല സ്ഥാപനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, കേന്ദ്ര സർക്കാർ വകുപ്പുകൾ, യൂണിവേഴ്സിറ്റികൾ, വൻകിട കച്ചവട സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ എന്നിവർ അടയ്ക്കേണ്ട കുടിശ്ശിക തുക എത്രയെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ;

(ഇ) നിലവിൽ കുടിശ്ശിക തുക പിരിച്ചെടുക്കുന്ന കാര്യത്തിൽ കോടതികളിൽ എത്ര കേസ്സുകൾ ഉണ്ട്; ആയതെത്ര തുകയുടെതെന്നും വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത കുടിശ്ശിക തുക പിരിച്ചെടുക്കാനും കഴിഞ്ഞ സർക്കാർ ഈ ഇനത്തിൽ നൽകിയ സ്റ്റേകൾ പിൻവലിക്കാനും കോടതി കേസ്സുകൾ യഥാവിധി കൈകാര്യം ചെയ്ത് തീർപ്പുണ്ടാക്കാനും എന്ത് സത്വര നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രളയവും കാലവർഷക്കെടുതിയുംമൂലമുണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ പ്രാഥമിക കണക്കുപ്രകാരം ഭൗതിക നഷ്ടം, വൈദ്യുത ഉൽപ്പാദനമേഖലയിൽ 80.85 കോടി രൂപയുടെയും പ്രസരണ മേഖലയിൽ 29.77 കോടി രൂപയുടെയും വിതരണ മേഖലയിൽ 242.45 കോടി രൂപയുടെയും നഷ്ടം കണക്കാക്കിയിട്ടുണ്ട്. ഇതുകൂടാതെ ഇക്കാലയളവിൽ വൈദ്യുതി വിതരണം തടസ്സപ്പെട്ടതുകാരണം 472.10 കോടി രൂപയുടെ വരുമാനനഷ്ടവും കെ.എസ്.ഇ.ബി.-ക്ക് വന്നിട്ടുണ്ട്.

വൈദ്യുതി ഉൽപ്പാദന രംഗം

കെ.എസ്.ഇ.ബി.-യുടെ കീഴിലുള്ള ലോവർ പെരിയാർ, ഇടമലയാർ, പെരിങ്ങൽക്കുത്ത്, പെരിങ്ങൽക്കുത്ത് ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷൻ, പന്നിയാർ തുടങ്ങി അഞ്ച് പ്രധാന ജലവൈദ്യുത പദ്ധതികൾക്കും വെള്ളത്തൂവൽ, റാന്നി-പെരുനാട്, ആഢ്യൻപാറ, ബാരാപോൾ, ചെമ്പുകടവ് II, മാട്ടുപെട്ടി, പെരുന്തേനരുവി, ലോവർ മീൻമുട്ടി, പീച്ചി, ചിമ്മിനി, ഉറുമി II, വിലങ്ങാട്, പൂഴിത്തോട്, മലമ്പുഴ തുടങ്ങി 14 ചെറുകിട ജലവൈദ്യുത പദ്ധതികൾക്കും പ്രസ്തുത പ്രളയത്തിലും തുടർന്നുണ്ടായ ഉരുൾപൊട്ടലിലും കാര്യമായ നാശനഷ്ടം സംഭവിച്ചിരുന്നു. പ്രാഥമിക കണക്കുകൾ പ്രകാരം 80.85 കോടി രൂപയുടെ നഷ്ടം ഇതുമൂലം കെ.എസ്.ഇ.ബി.-ക്ക് ഉണ്ടായതായി കണക്കാക്കുന്നു.

പ്രസരണ രംഗം

പ്രളയക്കെടുതികളെ തുടർന്ന് കേരളത്തിലങ്ങോളമിങ്ങോളം 50 സബ് സ്റ്റേഷനുകളുടെ പ്രവർത്തനം പൂർണ്ണമായോ, ഭാഗികമായോ തടസ്സപ്പെട്ടിരുന്നു. പുന്നപ്ര-പള്ളം, കുത്തുങ്കൽ-നേരിയമംഗലം, പള്ളിവാസൽ-ആലുവ, ചാലക്കുടി-പുല്ലഴി, മാടക്കത്തറ-കുന്നമംഗലം, ഇടമലയാർ-അയ്യംപുഴ, ഇടമലയാർ-മലയാറ്റൂർ, ആലുവ-ചാലക്കുടി, ചാലക്കുടി-ട്രാക്ഷൻ സബ്സ്റ്റേഷൻ എന്നിങ്ങനെ 10 പ്രധാന പ്രസരണ ഇടനാഴികളുടെ പ്രവർത്തനം തടസ്സപ്പെട്ടു. പ്രാഥമിക കണക്കുകൾ പ്രകാരം പ്രസരണ രംഗത്തുണ്ടായ കേടുപാടുകൾ താൽക്കാലികമായെങ്കിലും മറികടക്കാൻ 29.77 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കുന്നു.

വിതരണ രംഗം

പ്രളയം പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, ഇടുക്കി, തൃശ്ശൂർ, വയനാട് എന്നിങ്ങനെ ഏഴ് ജില്ലകളിലെ വൈദ്യുത വിതരണം താറുമാറാക്കി. മുന്നൂറിൽപ്പരം ഇലക്ട്രിക്കൽ സെക്ഷനുകളിലായി 1700 വിതരണ ട്രാൻസ്ഫോർമറുകൾ പ്രളയജലത്തിൽ മുങ്ങുകയോ, കേടുപാടുകൾ സംഭവിക്കുകയോ ചെയ്തിരുന്നു. പതിനായിരത്തിൽപ്പരം ടാൻസ്ഫോർമറുകൾ അപകട സാധ്യത മുന്നിൽക്കണ്ടു കൊണ്ട് താൽക്കാലികമായി സ്വിച്ച് ഓഫ് ചെയ്തു. 16158 ടാൻസ്ഫോർമറുകളുടെ കീഴിൽ വൈദ്യുതി വിതരണം തടസ്സപ്പെട്ടിരുന്നു. ആകെ 25.60 ലക്ഷം ഉപഭോക്താക്കൾക്ക് വൈദ്യുതി തടസ്സം നേരിട്ടു. വൈദ്യുതി പുനഃസ്ഥാപിക്കുന്നതിനായി 1735 വിതരണ ട്രാൻസ്ഫോർമറുകളും 5275.80 കി.മീ. വിതരണ ലൈനുകളും മാറ്റി സ്ഥാപിക്കേണ്ടിവന്നു. പ്രളയജലത്തിന്റെ കുത്തൊഴുക്കിൽ ഒരുലക്ഷത്തിൽപ്പരം പോസ്റ്റുകൾക്ക് കാര്യമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഇതും വരും ദിവസങ്ങളിൽ മാറ്റി സ്ഥാപിക്കേണ്ടിവരും. ഉദ്ദേശം മൂന്നുലക്ഷം

സിംഗിൾ ഫേസ് വൈദ്യുതി മീറ്ററുകൾക്കും അമ്പതിനായിരത്തിൽപ്പരം ത്രീഫേസ് വൈദ്യുത മീറ്ററുകൾക്കും പ്രളയത്തെത്തുടർന്ന് കേടുപാട് സംഭവിച്ചിട്ടുണ്ട്. ഏകദേശം മൂന്നുലക്ഷം വീടുകൾക്ക് വൈദ്യുതി കണക്ഷൻ ശരിയാംവിധം പുനഃസ്ഥാപിക്കാൻ ഇ.എൽ.സി.ബി. പുതുതായി സ്ഥാപിക്കേണ്ടിവരും. പ്രാഥമിക കണക്കുകൾ പ്രകാരം കെ.എസ്.ഇ.ബി.-യുടെ കീഴിലുള്ള വൈദ്യുത വിതരണരംഗം പ്രളയ പൂർവ്വസ്ഥിതിയിലാക്കുന്നതിന് 242.45 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

ഇതിനുപുറമെ പ്രളയത്തെത്തുടർന്ന് കെ.എസ്.ഇ.ബി.-യുടെ വിവിധ കെട്ടിടങ്ങൾക്കും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും സംഭവിച്ച കേടുപാടുകൾ നീക്കി പൂർവ്വസ്ഥിതി പ്രാപിക്കാൻ കോടിക്കണക്കിന് രൂപയുടെ ചെലവ് വരുമെന്ന് കരുതുന്നു.

(ബി) 2015-16 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി.എൽ-ന്റെ കടബാദ്ധ്യത 5925.43 കോടി രൂപയായിരുന്നു. 2017-18 സാമ്പത്തിക വർഷത്തെ കണക്കുപ്രകാരം കെ.എസ്.ഇ.ബി.എൽ.-ന്റെ കടബാദ്ധ്യത 7432.83 കോടി രൂപയാണ്.

(സി) 30-9-2018-ൽ ക്രോഡീകരിക്കപ്പെട്ടിട്ടുള്ള കണക്കുപ്രകാരം കെ.എസ്.ഇ.ബി.എൽ.-ന് കുടിശ്ശികയിനത്തിൽ 30-9-2018-ൽ 2580.33 കോടി രൂപ പിരിഞ്ഞ് കിട്ടാനുണ്ട്. 31-3-2016-ൽ വിവിധ ഉപഭോക്താക്കളിൽനിന്നും കെ.എസ്.ഇ.ബി.എൽ.-ന് പിരിഞ്ഞുകിട്ടാനുള്ള തുക 1796.63 കോടി രൂപയായിരുന്നു.

(ഡി) വിവിധ വകുപ്പുകൾ ചുവടെ ചേർക്കുന്നു.

<u>31-3-2016</u>

| | | |
|---|---|---|
| 1 | സംസ്ഥാന സർക്കാർ വകുപ്പുകൾ | 129.96 കോടി |
| 2 | കേരള വാട്ടർ അതോറിറ്റി<br>പൊതുമേഖലാ സ്ഥാപനങ്ങൾ | 963.67 കോടി |
| 3 | കേന്ദ്ര സർക്കാർ വകുപ്പുകൾ | 0.36 കോടി |
| 4 | കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ | 40.10 കോടി |
| 5 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ | 4.59 കോടി |
| 6 | സ്വകാര്യ മേഖലാ സ്ഥാപനങ്ങൾ | 657.95 കോടി |
| | ആകെ | 1796.63 കോടി |

30-9-2018

| | | |
|---|---|---|
| 1 | സംസ്ഥാന സർക്കാർ വകുപ്പുകൾ | 94.83 കോടി |
| 2 | കേരള വാട്ടർ അതോറിറ്റി<br>പൊതുമേഖലാ സ്ഥാപനങ്ങൾ | 1503.84 കോടി |
| 3 | കേന്ദ്ര സർക്കാർ വകുപ്പുകൾ | 1.53 കോടി |
| 4 | കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ | 36.41 കോടി |
| 5 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ | 4.39 കോടി |
| 6 | സ്വകാര്യ മേഖലാ സ്ഥാപനങ്ങൾ | 939.33 കോടി |
| | ആകെ | 2580.33 കോടി |

(ഇ) 31-10-2018 തീയതിയിലെ കണക്കുകൾ പ്രകാരം ബഹുമാനപ്പെട്ട സുപ്രീംകോടതി, ഹൈക്കോടതി, കീഴ്ക്കോടതികൾ, ഫോറങ്ങൾ എന്നിവയിൽ 4832 കേസ്സുകൾ നിലനിൽക്കുന്നു. ഈ ഇനത്തിൽ 491.40 കോടി രൂപ ഉൾപ്പെടുന്നു.

(എഫ്) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അദാലത്തുകൾ മുഖേനയും കോടതി വ്യവഹാരത്തിൽ ഉൾപ്പെട്ടിരിക്കുന്ന കുടിശ്ശികത്തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ നടത്തിവരുന്നു. ഇത്തരത്തിൽ തീർപ്പാക്കാത്ത വ്യവഹാരങ്ങളിൽ കോടതി നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു.

## കെ.എസ്.ഇ.ബി.-ലെ വെട്ടിക്കുറച്ച തസ്തികകൾ

243 (640) ശ്രീ. മഞ്ഞളാംകുഴി അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഇ.ബി.-യിൽ ഏതെങ്കിലും തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകൾ എത്ര എണ്ണം വീതം വെട്ടിക്കുറച്ചിട്ടുണ്ട്;

(ബി) ഇതിനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി മീറ്റർ റീഡർമാരുടെ തസ്തിക വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ എത്ര തസ്തികകളാണ് വെട്ടിക്കുറച്ചത്;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഇ.ബി.-ൽ ജീവനക്കാരുടെ എണ്ണം കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-സി) കേന്ദ്ര ഊർജ വകുപ്പും കേരള സർക്കാരും, കെ.എസ്.ഇ.ബി.എൽ.-ഉം തമ്മിലുള്ള 'ത്രികക്ഷിക്കരാർ' പ്രകാരം 'സ്മാർട്ട് മീറ്റർ' ഉപയോഗത്തിൽ കൊണ്ടുവരുവാൻ നിശ്ചയിച്ചിരിക്കുന്നു. പേഴ്സണൽ ഡിജിറ്റൽ അസിസ്റ്റന്റ് (PDA)-ന്റെ ഉപയോഗത്തിലൂടെ നിലവിലുള്ള മീറ്റർ റീഡിംഗ് ജോലി കെ.എസ്.ഇ.ബി.എൽ.-ൽ ജോലി ചെയ്യുന്ന ഏത് ഉദ്യോഗസ്ഥനും ചെയ്യാവുന്നതാണ്. സാങ്കേതികവിദ്യയുടെ ഏറ്റവും ആധുനികമായ വിനിയോഗത്തിലൂടെ വൈദ്യുതി ഉപയോഗം വിലയിരുത്തുവാൻ 'സ്മാർട്ട് മീറ്റർ' സഹായിക്കുന്നതുകൊണ്ടും നിലവിൽ മറ്റ് തസ്തികകളിലുള്ള അധികമായ ജീവനക്കാരെക്കൊണ്ട് മീറ്റർ റീഡിംഗ് ജോലികൾ നടത്തുവാൻ സാഹചര്യമുള്ളതുകൊണ്ടും മീറ്റർ റീഡിംഗ് ജോലികൾക്ക് മീറ്റർ റീഡർ എന്ന തസ്തിക ആവശ്യമില്ലാത്ത നിലയിലേയ്ക്ക് വൈദ്യുതി മേഖല മാറുകയാണ്. പുതിയ സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുന്നതടക്കമുള്ള നടപടികളുടെ ഭാഗമായി ജീവനക്കാരെ പുനർവിന്യസിക്കേണ്ട സാഹചര്യവും നിലവിലുണ്ട്. ഇക്കാര്യങ്ങളെല്ലാം കണക്കിലെടുത്ത് മീറ്റർ റീഡർ തസ്തികയിൽ 799 എണ്ണം തൽക്കാലം നികത്തേണ്ടതില്ലെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C) No. 30039/2016-ലെ വിധിക്ക് വിധേയമായി കെ.എസ്.ഇ.ബി.എൽ. 23-2-2018-ലെ B.O.(DB) No. 494/2018 (Estt II/6718/2016), തിരുവനന്തപുരം പ്രകാരം തീരുമാനിച്ച് ഉത്തരവായി.

(ഡി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിൽ 33,000-ത്തോളം ജീവനക്കാർ ജോലി ചെയ്യുന്നു. എന്നാൽ 27,175 ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും നൽകാനുള്ള സാമ്പത്തിക അനുമതി മാത്രമാണ് ബഹുമാനപ്പെട്ട കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (KSERC) അനുവദിച്ചിട്ടുള്ളത്. 27175-ന് പുറത്തുള്ള ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുള്ള തുക KSERC അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ ചെലവ് താരിഫ് ഇനത്തിൽ കെ.എസ്.ഇ.ബി.എൽ.-ന് ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്.

കെ.എസ്.ഇ.ബി.എൽ. നടപ്പാക്കിയിട്ടുള്ള കമ്പ്യൂട്ടർവൽക്കരണത്തിന്റെയും നൂതന സാങ്കേതികവിദ്യകളുടെയും ഫലമായി നിലവിലുള്ള ജീവനക്കാരുടെ എണ്ണവും ചെലവുകളും കുറയ്ക്കാനും അധികമായി കണ്ടെത്തുന്ന ജീവനക്കാരെ പുനർവിന്യസിക്കാനും 2010-ൽ KSERC കെ.എസ്.ഇ.ബി.എൽ.-ന് നിർദ്ദേശം നൽകിയിരുന്നു. ഇതിനെത്തുടർന്ന് ഐ.ഐ.എം. കോഴിക്കോടിനെ

പഠനത്തിനായി നിയോഗിച്ചു. ഐ.ഐ.എം. കോഴിക്കോടിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ തസ്തികയിലേയും അവശ്യം വേണ്ട എണ്ണം ജീവനക്കാരെ കണ്ടെത്തുകയും ഏതെങ്കിലും തസ്തികകളിൽ അധികമായി ജീവനക്കാരെ കണ്ടെത്തിയാൽ അവരെ മറ്റ് തസ്തികയിലേയ്ക്ക് പുനർവിന്യസിക്കേണ്ടിയും വരും.

ഓൺലൈൻ പേമെന്റ് സംവിധാനം, സ്പോട്ട് ബില്ലിംഗ് മെഷീൻ എന്നിവ എല്ലാ സെക്ഷൻ ഓഫീസുകളിലും നടപ്പാക്കിയിട്ടുണ്ട്. സ്മാർട്ട് മീറ്റർ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ബോർഡ് എടുത്തുവരികയാണ്. ഇതിന്റെയെല്ലാം ഭാഗമായി ബില്ലിംഗ്, മീറ്റർ റീഡിംഗ് എന്നീ മേഖലകളിൽ ജോലി ചെയ്യുന്നവരെ പുനർവിന്യസിക്കേണ്ടിവരും. ക്യാഷ് കളക്ഷന് രണ്ട് ഷിഫ്റ്റാണ് നിലവിലുള്ളത്. ഒരുമ നെറ്റ് സംവിധാനം നടപ്പിലാക്കിയതോടുകൂടി പല സെക്ഷനുകളിലും രണ്ട് ഷിഫ്റ്റ് വഴി ക്യാഷ് കളക്ഷന്റെ ആവശ്യകത കുറഞ്ഞുവരികയാണ്. ഇപ്പോൾത്തന്നെ എല്ലാ സെക്ഷൻ ഓഫീസുകളിലും പേഴ്സണൽ ഡിജിറ്റൽ അസിസ്റ്റന്റ് (PDA) സമ്പ്രദായം നടപ്പാക്കിയിട്ടുണ്ട്. ഇത് മീറ്റർ റീഡിംഗ് ജോലിഭാരം ഗണ്യമായി കുറിച്ചിട്ടുണ്ട്. ഇതിന്റെയെല്ലാം ഫലമായി കാഷ്യർ, മീറ്റർ റീഡർ തുടങ്ങിയ തസ്തികകളിൽ ജീവനക്കാരെ പുതുതായി എടുക്കുന്നതിനുപകരം നിലവിൽ അധികമായി കണ്ടെത്തുന്നവരെ പുനർവിന്യസിക്കുന്നതിനാണ് ബോർഡ് മുൻഗണന നൽകുന്നത്. ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## വൈദ്യുതി ബോർഡിലെ സാമ്പത്തിക പ്രതിസന്ധി നേരിടാൻ നടപടി

244 (641) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിലെ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനായി പുതിയ നിയമന ശിപാർശകൾ നീട്ടിവയ്ക്കുന്നതിനായി പബ്ലിക്ക് സർവ്വീസ് കമ്മിഷനോട് വൈദ്യുതി ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) വൈദ്യുതി ബോർഡിലെ ജീവനക്കാരുടെ വിനിയോഗവും പുനഃക്രമീകരണവും സംബന്ധിച്ച് പഠനം നടത്തിയ കോഴിക്കോട് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ എണ്ണം കുറയ്ക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ)

(i) മുൻകാലങ്ങളിലെന്നപോലെ ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശ നിരക്കുള്ള വായ്പയെടുക്കുന്നതാണ്.

(ii) കെ.എസ്.ഇ.ബി.-ക്ക് DDUGJY പദ്ധതി നടപ്പിലാക്കുന്നതുവഴി ലഭിക്കേണ്ട ഗ്രാന്റ് ലഭിക്കുന്നതുവരെ സ്വന്തം ഫണ്ട് ഉപയോഗിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചതുമൂലം പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയുന്നതും ഗ്രാന്റ് ഭാഗം ലോണായി മാറുന്നതിനുള്ള സാധ്യത ഒഴിവാക്കുകയും ചെയ്യുന്നതാണ്.

(iii) കേന്ദ്രസർക്കാർ 20-11-2015-ൽ പ്രഖ്യാപിച്ച 'ഉദയ' പദ്ധതിയുടെ പ്രവർത്തനമികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയാകുന്നതിന് നടപടിയെടുത്തു. പ്രസ്തുത പദ്ധതി പ്രകാരം AT&C-loss-ഉം റവന്യൂ ഗ്യാപ്പും കുറയ്ക്കുന്നതിനുള്ള നടപടിയെടുക്കുന്നതാണ്.

(iv) മിതമായ വിലയിൽ ഹ്രസ്വ-ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തന മികവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിലൂടെയും ബോർഡിന്റെ ബാദ്ധ്യതകൾ പരിഹരിക്കുവാനാണ് ശ്രമിക്കുന്നത്.

(ബി) കെ.എസ്.ഇ.ബി.എൽ.-ൽ നിലവിൽ 33000-ത്തോളം ജീവനക്കാർ ജോലി ചെയ്യുന്നു. എന്നാൽ 27175 ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും നൽകാനുള്ള സാമ്പത്തിക അനുമതി മാത്രമാണ് ബഹുമാനപ്പെട്ട കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (KSERC) അനുവദിച്ചിട്ടുള്ളത്. 27175-ന് പുറത്തുള്ള ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുള്ള തുക കെ.എസ്.ഇ.ആർ.സി. അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ ചെലവ് താരിഫ് ഇനത്തിൽ കെ.എസ്.ഇ.ബി.എൽ.-ന് ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്.

കെ.എസ്.ഇ.ബി.എൽ. നടപ്പാക്കിയിട്ടുള്ള കമ്പ്യൂട്ടർവൽക്കരണത്തിന്റെയും നൂതന സാങ്കേതികവിദ്യകളുടെയും ഫലമായി നിലവിലുള്ള ജീവനക്കാരുടെ എണ്ണവും ചെലവുകളും കുറയ്ക്കാനും അധികമായി കണ്ടെത്തുന്ന ജീവനക്കാരെ പുനർവിന്യസിക്കാനും 2010-ൽ ബഹുമാനപ്പെട്ട കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ കെ.എസ്.ഇ.ബി.എൽ.-ന് നിർദ്ദേശം നൽകിയിരുന്നു.

ഇതിനെത്തുടർന്ന് ഐ.ഐ.എം. കോഴിക്കോടിനെ നിയോഗിച്ചു. ഐ.ഐ.എം. കോഴിക്കോടിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ തസ്തികയിലേയും ആവശ്യം വേണ്ട എണ്ണം ജീവനക്കാരെ കണ്ടെത്തുകയും ഏതെങ്കിലും തസ്തികകളിൽ അധികമായി ജീവനക്കാരെ കണ്ടെത്തിയാൽ അവരെ മറ്റ് തസ്തികയിലേയ്ക്ക് പുനർവിന്യസിക്കേണ്ടിയും വരും. ഇവയ്ക്കുപുറമേ ജനറേഷൻ, ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, ടെക്നീഷ്യന്മാർ എന്നിവർക്ക് Central Electricity Authority (Measures Relating to Safety & Electric Supply) Regulation, 2010 പ്രകാരം നിശ്ചിത യോഗ്യതകൾ ഉള്ളവരെ മാത്രമെ പ്രസ്തുത മേഖലകളിൽ നിയമിക്കാൻ പാടുള്ളൂ. ആയതിനാൽ CEA റെഗുലേഷൻ പ്രകാരം ജീവനക്കാരുടെ യോഗ്യതകൾ, പരിശീലന പരിപാടികൾ എന്നിവ പരിഷ്കരിക്കാൻ കെ.എസ്.ഇ.ബി. ഒരു കമ്മിറ്റിയെ നിയോഗിച്ചിരിക്കുകയാണ്. നിലവിലെ സാഹചര്യത്തിൽ, ആവശ്യമായ ജീവനക്കാരുടെ എണ്ണവും യോഗ്യതകളും സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കാൻ ബോർഡിന് കൂടുതൽ സമയം ആവശ്യമാണ്. ആയതിനാൽ അന്തിമരൂപമാവുന്നത് വരെ പുതിയ നിയമനങ്ങൾ നടത്താൻ കഴിയുന്ന സാഹചര്യമല്ല നിലവിലുള്ളത്. ഈ കാരണങ്ങളാൽ ബോർഡിന്റെ പുനഃസംഘടനയും ജീവനക്കാരുടെ പുനർവിന്യാസവും പൂർത്തിയാവുന്നത് വരെ കെ.പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ താൽക്കാലികമായി നിർത്തിവയ്ക്കാൻ 30-1-2018-ൽ കെ.പി.എസ്.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും കെ.എസ്.ഇ.ബി.-യിലെ അസിസ്റ്റന്റ് എഞ്ചിനീയർ, സബ് എഞ്ചിനീയർ തുടങ്ങിയ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നിയമനങ്ങൾ നടത്തുന്നതിനും യാതൊരു തടസ്സവുമില്ലെന്ന് പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്.

(സി) കോഴിക്കോട് ഐ.ഐ.എം. സമർപ്പിച്ച ശിപാർശകൾ പഠിച്ച് വേണ്ട ചർച്ചകൾ നടത്തി നടപ്പിലാക്കേണ്ടതിലേക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിലേയ്ക്കായി ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനും ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.) കൺവീനറായും ഫുൾടൈം ഡയറക്ടേഴ്സ് അംഗങ്ങളുമായിട്ടുള്ള ഒരു ഉന്നതാധികാര സമിതിയെ കെ.എസ്.ഇ.ബി.എൽ. ചുമതലപ്പെടുത്തി. പ്രസ്തുത കമ്മിറ്റി ഇതുസംബന്ധിച്ച് ചർച്ചകൾ നടത്തുകയും കമ്മിറ്റിയുടെ ശിപാർശകൾ ഫുൾ ടൈം ഡയറക്ടേഴ്സിന് മുമ്പാകെ സമർപ്പിക്കുകയും ചെയ്തു. ഈ വിഷയം ഇപ്പോൾ ഫുൾ ടൈം ഡയറക്ടേഴ്സിന്റെ പരിഗണനയിലാണ്. ടി കമ്മിറ്റിയെ സഹായിക്കുന്നതിലേയ്ക്കായി ഒരു ഉപസമിതിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

## വൈദ്യുതി നിരക്ക് കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി

245 (642) ശ്രീ. പി. കെ. ബഷീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വിഭാഗങ്ങളിലായി വൈദ്യുതി നിരക്ക് കുടിശ്ശിക ഇനത്തിൽ ബോർഡിന് എത്ര തുകയാണ് പിരിഞ്ഞു കിട്ടാനുള്ളത് ; ആയതിൽ എത്ര രൂപ പിരിച്ചെടുത്തിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഏതൊക്കെ വിഭാഗങ്ങളിൽനിന്ന് എത്ര രൂപ വീതമാണ് പിരിഞ്ഞു കിട്ടാനുള്ളത്; ഇത് പിരിച്ചെടുക്കുന്നതിന് ബോർഡ് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ ബോർഡിന് ലഭിക്കേണ്ട കുടിശിക തുക എത്ര; പ്രസ്തുത ഇനത്തിൽ ലഭിച്ച തുക എത്ര ; വിശദാംശം നൽകുമോ ;

(ഡി) കോടതി വ്യവഹാരങ്ങളിൽപ്പെട്ട് മുടങ്ങിയിട്ടുള്ള കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) വിവിധ വിഭാഗങ്ങളിലെ ഉപഭോക്താക്കളിൽ നിന്നായി കെ.എസ്.ഇ.ബി.എൽ.-ന് 30-9-2018-ൽ ക്രോഡീകരിച്ച കണക്കുപ്രകാരം 2580.33 കോടി രൂപ കുടിശ്ശിക കിട്ടാനുണ്ട്.

വൈദ്യുതി കുടിശ്ശികയിനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് പിരിച്ചെടുത്തിട്ടുള്ള കുടിശ്ശിക തുക 167 കോടി രൂപയാണ്. ഇതിൽ ഗവൺമെന്റ് സ്ഥാപനങ്ങൾ ഒഴികെയുള്ള മറ്റിതര ഉപഭോക്താക്കളുടെ കുടിശ്ശികകൾ 50 വർഷം മുതൽക്കുള്ളതും വിവിധ കോടതി വ്യവഹാരത്തിൽ ഉൾപ്പെട്ടിട്ടുള്ളവയുമാണ്. ടി തുകകൾ കോടതിയുടെ അന്തിമ വിധി നടപ്പിലാക്കുന്ന മുറയ്ക്ക് മാത്രമെ നിയമപരമായി പിരിച്ചെടുക്കാൻ സാധിക്കുകയുള്ളൂ.

(ബി) 30-9-2018 വരെ പിരിഞ്ഞ് കിട്ടാനുള്ള തുക താഴെപ്പറയും പ്രകാരമാണ്.

| | | |
|---|---|---|
| 1 | സംസ്ഥാന സർക്കാർ വകുപ്പുകൾ | 94.83 കോടി |
| 2 | കേരള വാട്ടർ അതോറിറ്റി പൊതുമേഖലാ സ്ഥാപനങ്ങൾ | 1503.84 കോടി |
| 3 | കേന്ദ്ര സർക്കാർ വകുപ്പുകൾ | 1.53 കോടി |
| 4 | കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ | 36.41 കോടി |
| 5 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ | 4.39 കോടി |
| 6 | സ്വകാര്യ മേഖലാ സ്ഥാപനങ്ങൾ | 939.33 കോടി |
| | **ആകെ** | **2580.33 കോടി** |

വിവിധ കോടതികളിൽ വ്യവഹാരങ്ങളിൽപ്പെട്ട് കിടക്കുന്ന കുടിശ്ശികയിന്മേൽ ബഹുമാനപ്പെട്ട കോടതികളുടെ അന്തിമ തീർപ്പനുസരിച്ച് മാത്രമെ പിരിച്ചെടുക്കൽ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

ശേഷമുള്ള തുക പിരിച്ചെടുക്കുന്നതിലേയ്ക്കായി കുടിശ്ശിക വരുത്തിയിട്ടുള്ളവരുടെ വൈദ്യുതിബന്ധം വിച്ഛേദിച്ച്, കുടിശ്ശിക നോട്ടീസ് നൽകി ഡിസ്മാന്റിൽ ചെയ്ത്, റവന്യൂ റിക്കവറി നടപടി മുഖേനയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ മുഖേനയുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

കേരള വാട്ടർ അതോറിറ്റി പോലെയുള്ള സർക്കാർ സ്ഥാപനങ്ങളുമായി കുടിശ്ശിക സംബന്ധിച്ചുള്ള തീർപ്പിനായി സർക്കാർ തലത്തിൽ മീറ്റിംഗുകളിൽ അവതരിപ്പിക്കുകയും സ്ഥാപന മേലധികാരികളുമായി കത്തിടപാടുകൾ നടത്തുകയും ചെയ്തുവരുന്നു.

(സി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ ബോർഡിന് ലഭിക്കേണ്ടത് ഏകദേശം തുക 797.15 കോടി രൂപയാണ്. 31-8-2018 വരെ പ്രസ്തുത ഇനത്തിൽ 2,41,61,609 രൂപ കുടിശ്ശികയാണ് പിരിച്ചെടുത്തിട്ടുള്ളത്. ഈ പദ്ധതിയുടെ കാലാവധി 31-12-2018 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(ഡി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴിയും ജില്ലാതല, സംസ്ഥാനതല അദാലത്തുകൾ വഴിയും വ്യവഹാരങ്ങൾ പരിഹരിച്ച് കുടിശ്ശിക പിരിച്ചെടുക്കുന്നു.

### ബാരാപോൾ ജലവൈദ്യുത പദ്ധതി

246 (643) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉരുൾപൊട്ടലിനെ തുടർന്ന് ബാരാപോൾ ജലവൈദ്യുതി പദ്ധതിക്ക് വന്ന നാശനഷ്ടങ്ങൾ എത്രയാണ്;

(ബി) പദ്ധതിയുടെ പുനർനിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉരുൾപൊട്ടലിനെത്തുടർന്ന് ബാരാപോൾ ജലവൈദ്യുത പദ്ധതിക്ക് ഏകദേശം 80 ലക്ഷം (എൺപതുലക്ഷം) രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്.

(ബി) പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിന്റെ ഭാഗമായി ട്രഞ്ച് വിയർ, ഡിസിൽറ്റിംഗ് ടാങ്ക്, കനാൽ ഫോർബേ ടാങ്ക്, ടെയിൽ റെയിസ് എന്നിവിടങ്ങളിൽ നിറഞ്ഞ കല്ലുകളും ചെളിയും നീക്കംചെയ്തു. പവർ ഹൗസിലെ യന്ത്രസാമഗ്രികളുടെ ക്ഷതം സംഭവിച്ച ഭാഗങ്ങൾ മാറ്റി സ്ഥാപിച്ചു. കൂടാതെ പവർ ഹൗസിന്റെ റൂഫിംഗ് ഷീറ്റ്, ജനലുകൾ എന്നിവയും പുതുതായി മാറ്റിവച്ചു. കനാലിൽ ചോർച്ചയുള്ള ഭാഗം കണ്ടെത്തി ചോർച്ച തടയുന്നതിനുള്ള (leak proofing) ജോലി പുരോഗമിക്കുന്നു.

**ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

247 (644) ശ്രീ. കെ. എൻ. എ. ഖാദർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടുവർഷത്തിൽ കൂടുതൽ കാലത്തെ വൈദ്യുതി കുടിശ്ശിക അടച്ചു തീർക്കാൻ സംസ്ഥാന വൈദ്യുതി ബോർഡ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതി പ്രകാരം ലഭിച്ച കുടിശ്ശിക എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതി പ്രകാരം റവന്യൂ റിക്കവറി നേരിടുന്ന ഉപഭോക്താക്കൾക്കും കോടതികളിൽ കേസ് നിലനിൽക്കുന്ന ഉപഭോക്താക്കൾക്കും അനധികൃത വൈദ്യുതി ഉപയോഗത്തിന് നടപടി നേരിടുന്നവർക്കും അപേക്ഷിക്കാൻ അനുമതി നൽകിയിരുന്നോ; വിശദമാക്കുമോ;

(സി) നിലവിലെ കണക്കുകൾ പ്രകാരം രണ്ടു വർഷത്തിൽ കൂടുതൽ കാലത്തെ വൈദ്യുതി കുടിശ്ശികയായി ഇനി എത്ര തുക ലഭിക്കാനുണ്ട്; ഇത് തിരികെ ലഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) രണ്ട് വർഷത്തിൽ കൂടുതൽ കാലത്തെ വൈദ്യുതി കുടിശ്ശിക അടച്ചു തീർക്കാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടുകൂടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 31-12-2018 വരെ തുടരുന്ന ഇപ്പോഴത്തെ പദ്ധതി 1-6-2018 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. 31-8-2018 വരെ ഈ പദ്ധതി പ്രകാരം (1-6-2018 മുതൽ 31-8-2018) 2,41,61,609 രൂപ പിരിച്ചെടുത്തിട്ടുണ്ട്.

(ബി) ഈ പദ്ധതി പ്രകാരം റവന്യൂ റിക്കവറി നടപടി നേരിടുന്ന ഉപഭോക്താക്കൾക്ക് 'ഒത്തു തീർപ്പാക്കുന്ന തുകയുടെ ഒരുശതമാനം കളക്ഷൻ ചാർജ്ജായി അടയ്ക്കണമെന്ന നിബന്ധനയിലും' കോടതികളിൽ വ്യവഹാരങ്ങൾ നിലനിൽക്കുന്ന ഉപഭോക്താക്കൾക്ക് 'നിലവിലുള്ള കേസുകൾ പിൻവലിക്കണമെന്ന നിബന്ധനയിലും' അനധികൃത വൈദ്യുതി ഉപയോഗത്തിന് നടപടികൾ നേരിടുന്നവർക്കും മറ്റെല്ലാ കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കൾക്കും പ്രസ്തുത പദ്ധതി ഉപയോഗിക്കാനുള്ള അവസരം നൽകിയിട്ടുണ്ട്. എന്നാൽ ഇലക്ട്രിസിറ്റി ആക്ടിന്റെ 135 സെക്ഷൻ പ്രകാരം വൈദ്യുതി മോഷണം ചാർജ് ചെയ്തിട്ടുള്ള കേസുകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അപേക്ഷിക്കുവാൻ സാധിക്കുന്നതല്ല.

(സി) നിലവിലുള്ള കണക്കുപ്രകാരം രണ്ട് വർഷത്തിൽ കൂടുതൽ കാലത്തെ വൈദ്യുതി കുടിശ്ശികയായി ഏകദേശം 797.15 കോടി രൂപയാണ് ലഭിക്കാനുള്ളത്. ഈ തുകയിൽ കോടതി വ്യവഹാരങ്ങളിൽപ്പെട്ട് കിടക്കുന്ന തുക ഒഴികെ ബാക്കി തുക പിരിച്ചെടുക്കുന്നതിലേയ്ക്കായി നിലവിൽ വൈദ്യുതി കണക്ഷൻ ഡിസ്കണക്ട് ചെയ്ത്, ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടി എടുക്കുക എന്നതിനുപുറമെ നിലവിൽ 31-12-2018-ൽ അവസാനിക്കുന്ന 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതിയും നിലനിൽക്കുന്നുണ്ട്.

കൂടാതെ, കോടതികളിൽ വ്യവഹാരങ്ങളിൽപ്പട്ട് കിടക്കുന്ന കേസുകളിൽ നിലവിലെ സ്റ്റേകൾ വെക്കേറ്റ് ചെയ്യുന്നത് ത്വരിതപ്പെടുത്തുവാനുള്ള പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. വലിയ തുക കുടിശ്ശിക വരുത്തിയിട്ടുള്ള കേരള വാട്ടർ അതോറിറ്റി തുടങ്ങിയ സ്ഥാപന മേലധികാരികളെ കത്തുകളിലൂടെയും മീറ്റിംഗുകൾ വിളിച്ചും കുടിശ്ശിക നിവാരണത്തിനായി ശ്രമിക്കുകയും ചെയ്തുവരുന്നു.

## കായംകുളത്ത് ഇലക്ട്രിസിറ്റി ഓഫീസിന് പുതിയ കെട്ടിടം

248 (645) ശ്രീമതി യു. പ്രതിഭ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്ത് ഇലക്ട്രിസിറ്റി ഓഫീസിന് പുതിയകെട്ടിടം നിർമ്മിക്കുന്നതിനായി കെ.എസ്.ഇ.ബി.-യിൽനിന്നും ഭരണാനുമതി ലഭിച്ചിട്ടും തുടർന്നുള്ള നടപടിക്രമങ്ങൾ തികച്ചും മന്ദഗതിയിലാണ് എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കായംകുളം വില്ലേജിൽ കെ.എസ്.ഇ.ബി.എൽ.-ന് സ്വന്തമായുള്ള 17 സെന്റ് സ്ഥലത്ത് കായംകുളം ഇലക്ട്രിക്കൽ സബ് ഡിവിഷനോഫീസും കായംകുളം ഈസ്റ്റ് ഇലക്ട്രിക്കൽ സെക്ഷനോഫീസും പ്രവർത്തിക്കുന്നതിന് 262.39 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഇരുനില കെട്ടിടം 2018-19 വർഷത്തിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പണിയുന്നതിന് 28-6-2018-ൽ 81 ലക്ഷം രൂപയുടെ ഭരണാനുമതി ബോർഡ് നൽകിയിരുന്നു. കെട്ടിടം നിർമ്മിക്കുന്നതിനുള്ള തുടർ നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ട്രാൻസ്ഫോർമർ ചാർജ് ചെയ്യാനുള്ള നടപടി

249 (646) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ നിലവിൽ എവിടെയൊക്കെ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ട്;

(ബി) പുതുതായി ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടും ചാർജ് ചെയ്യാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഉടൻ ചാർജ് ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഡി) എന്ന് ചാർജ് ചെയ്യാൻ സാധിക്കുമെന്ന വിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) നാദാപുരം മണ്ഡലത്തിൽ നിലവിൽ ജ്വാല വായനശാല, ചാലപ്പുറം ചേക്കുമുക്ക്, പാലക്കാട്, കുമ്മംകോട്, നെല്ലികവല, വരികോളി അമ്പലം, കുഴിക്കാട്ട് പാലം, മഞ്ചേരി മുക്ക്, കുഴിഞ്ഞിക്കരപ്പള്ളി, ഉമ്മത്തൂർ എന്നിവിടങ്ങളിൽ പുതുതായി ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ട്.

(ബി-ഡി) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതി ലഭ്യമായാൽ മാത്രമെ ചാർജ് ചെയ്യാൻ കഴിയുകയുള്ളൂ. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതിക്ക് അപേക്ഷ നൽകിയിട്ടുണ്ട്.

## വാഴൂർ 110 കെ.വി. സബ് സ്റ്റേഷൻ

250 (647) <u>ഡോ. എൻ. ജയരാജ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഴൂരിൽ 110 കെ. വി. സബ് സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള കെ.എസ്.ഇ.ബി.- യുടെ നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) സ്ഥലമേറ്റെടുക്കൽ പൂർത്തിയാക്കി സബ് സ്റ്റേഷൻ യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിർദ്ദിഷ്ട വാഴൂർ 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം സംബന്ധിച്ച വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് 16-11-2018-ൽ നടന്ന ഡി.പി.ആർ. കമ്മിറ്റിയിൽ അവതരിപ്പിച്ച് അനുമതിയായിട്ടുണ്ട്. ഭരണാനുമതി ലഭ്യമാക്കുന്നതാണ് അടുത്തഘട്ടം.

(ബി) ഭരണാനുമതി ലഭ്യമാക്കിയതിനുശേഷം മാത്രമെ സ്ഥലം ഏറ്റെടുക്കൽ നടപടി ആരംഭിക്കാൻ കഴിയൂ.

## 2018-ലെ മഹാപ്രളയംമൂലം കെ.എസ്.ഇ.ബി.-ക്കുണ്ടായ നഷ്ടം

251 (648) ശ്രീ. സി. ദിവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉണ്ടായ 2018-ലെ മഹാപ്രളയം മൂലം കെ.എസ്.ഇ.ബി.-ക്ക് എത്ര കോടി രൂപയുടെ നഷ്ടം സംഭവിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രളയംമൂലം സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എന്നത്തേക്ക് വൈദ്യുതി ഉൽപ്പാദനം പൂർണ്ണതോതിൽ എത്തിക്കാനാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ വൈദ്യുതിക്ഷാമം പരിഹരിക്കാൻ അന്യ സംസ്ഥാനങ്ങളിൽനിന്ന് വാങ്ങുന്ന വൈദ്യുതിയുടെ അളവ് വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) പ്രളയവും കാലവർഷക്കെടുതിയുംമൂലമുണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ പ്രാഥമിക കണക്കുപ്രകാരം വൈദ്യുത ഉൽപ്പാദന മേഖലയിൽ 80.85 കോടി രൂപയുടെയും പ്രസരണ മേഖലയിൽ 29.77 കോടി രൂപയുടെയും വിതരണ മേഖലയിൽ 242.45 കോടി രൂപയുടെയും നഷ്ടം കണക്കായിട്ടുണ്ട്. ഇതുകൂടാതെ ഇക്കാലയളവിൽ വൈദ്യുതി വിതരണം തടസ്സപ്പെട്ടതുകാരണം 472.10 കോടി രൂപയുടെ വരുമാന നഷ്ടവും കെ.എസ്.ഇ.ബി.എൽ.-ന് വന്നിട്ടുണ്ട്. ഇതിനുപുറമെ പ്രളയത്തെത്തുടർന്ന് ബോർഡിന്റെ വിവിധ കെട്ടിടങ്ങൾക്കും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും സംഭവിച്ച കേടുപാടുകൾ നീക്കി പൂർവ്വസ്ഥിതി പ്രാപിക്കാൻ കോടിക്കണക്കിന് രൂപയുടെ ചെലവ് വരുമെന്ന് കരുതുന്നു.

(ബി) കേരളത്തിന് വൈദ്യുതി ലഭ്യത ആ കാലയളവിൽ 400 മെഗാവാട്ട് കുറവ് വരികയുണ്ടായി. ഇടമലയാർ (75MW) 19-8-2018-നം പള്ളിവാസൽ (37.5 MW) 22-8-2018-നം പെരിങ്ങൽക്കുത്ത് ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷൻ (16MW) 27-8-2018-നം ലോവർ പെരിയാർ (180 MW) 23-9-2018-നം ഉറുമി II (2.4 MW) 06-9-2018-നം പൂഴിത്തോട് (4.8 MW) 01-9-2018-നം പൂർണ്ണമായും പെരിങ്ങൽക്കുത്ത് (2x9 MW) 11-9-2018, 30-10-2018 തീയതികളിൽ ഭാഗികമായും പന്നിയാർ ഒരു യൂണിറ്റ് 23-11-2018-നം പ്രവർത്തനക്ഷമമായിട്ടുണ്ട്. പന്നിയാർ ബാക്കി (16 MW) ആറുമാസത്തിനുള്ളിലും പെരിങ്ങൽക്കുത്ത് ബാക്കി (18 MW) മൂന്ന് മാസത്തിനുള്ളിലും പൂർണ്ണമായി പ്രവർത്തനക്ഷമമാകുമെന്നും പ്രതീക്ഷിക്കുന്നു. കൂടാതെ പ്രളയത്തിൽ പ്രവർത്തനം തടസ്സപ്പെട്ട ചെറുകിട വൈദ്യുത പദ്ധതികളിൽ വെള്ളത്തൂവൽ (3.6 MW), ആഢ്യൻപാറ (3.5 MW), റാന്നി-പെരുനാട് (4 MW) എന്നിവ പ്രവർത്തന ക്ഷമമായിട്ടില്ല. ഒരു വർഷത്തിനുള്ളിൽ വൈദ്യുതോൽപ്പാദനം പൂർണ്ണതോതിൽ എത്തിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ആസൂത്രണം ചെയ്ത ലഭ്യത കേന്ദ്ര താപനിലയങ്ങളിൽനിന്നും ദീർഘകാല കരാറുകളിൽനിന്നും കൽക്കരി ക്ഷാമംമൂലം ലഭിക്കാത്തതിനാൽ ലഭ്യതയിലുള്ള കമ്മി നികത്തി വൈകുന്നേരം പീക്ക് സമയങ്ങളിലെ ഉപഭോഗം നേരിടുന്നതിനായി പവർ എക്സ്ചേഞ്ചിൽനിന്നും വൈദ്യുതി വാങ്ങുകയാണ് പതിവ്. വൈദ്യുതി ഉപഭോഗം സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ പ്രതീക്ഷിച്ചതിനേക്കാൾ കൂടുതലായിരുന്നു. ഇതിനുപുറമെ പ്രളയംമൂലമുണ്ടായ വൈദ്യുതി ലഭ്യതയുടെ കമ്മിയുംകൊണ്ട് ഈ മാസങ്ങളിൽ ബോർഡ് തീരുമാനത്തിനനുസരണമായ നിരക്കിൽ പവർ എക്സ്ചേഞ്ചിൽനിന്നും ചില ദിവസങ്ങളിൽ വൈകുന്നേരം പീക്ക് സമയങ്ങളിലെ കമ്മി പരിഹരിക്കുന്നതിനുള്ള വൈദ്യുതി വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| മാസം | ദശലക്ഷം യൂണിറ്റ് | നിരക്ക് |
|---|---|---|
| 2018 സെപ്റ്റംബർ | 12.41 | 5.19 |
| 2018 ഒക്ടോബർ | 3.95 | 5.23 |
| 2018 നവംബർ 22 വരെ | 38.93 | 3.47 |

## കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‍വർക്ക് പദ്ധതി

252 (649) ശ്രീ. വി. ടി. ബൽറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ പ്രസരണ വിതരണ സംവിധാനം ഉപയോഗപ്പെടുത്തി സംസ്ഥാന വ്യാപകമായി ഇന്റർനെറ്റ് ലഭ്യമാക്കുന്നതിനായുള്ള കേരള ഫൈബർ ഒപ്ടിക് നെറ്റ്‍വർക്ക് പദ്ധതി നടപ്പിലാക്കുന്നതിന് കെ.എസ്.ഇ.ബി അനുമതി നൽകിയിട്ടുണ്ടോ;

(ബി) സംയുക്ത സംരംഭത്തിലൂടെ പോസ്റ്റുകൾ ഉൾപ്പെടെയുള്ളവയുടെ വാടക എപ്രകാരം ഉറപ്പിക്കുവാൻ കഴിയും എന്നത് സംബന്ധിച്ച് വൈദ്യുതി റെഗുലേറ്ററി അതോറിറ്റി ബോർഡിന്റെ വിശദീകരണം ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ എന്ത് വിശദീകരണമാണ് ബോർഡ് ഇക്കാര്യത്തിൽ നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരള സർക്കാർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, കെ.എസ്.ഐ.ടി.ഐ.എൽ. എന്നിവ പങ്കാളികളായി കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‍വർക്ക് (കെ-ഫോൺ) എന്ന പേരിൽ സംയുക്ത സംരംഭക കമ്പനി തുടങ്ങുവാനായി തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. പോസ്റ്റുകൾ ഉൾപ്പെടെയുള്ളവയുടെ വാടക ഉറപ്പിക്കുന്നത് സംബന്ധിച്ച് സംസ്ഥാന വൈദ്യുത റെഗുലേറ്ററി കമ്മീഷൻ വിശദീകരണം ആവശ്യപ്പെട്ടിരുന്നു. വൈദ്യുതി ബോർഡിന്റെ പോസ്റ്റുകളിലൂടെ ഫൈബർ ഒപ്റ്റിക് കേബിളുകൾ സ്ഥാപിക്കാൻ നിലവിലുള്ള നിരക്കുകൾ പ്രകാരം വാടക നൽകേണ്ടതാണെന്നും അതിനാൽ അക്കാര്യത്തിൽ ബോർഡിന് സാമ്പത്തിക നഷ്ടം ഉണ്ടാവുകയില്ലെന്നും പക്ഷേ, നിലവിലുള്ള വാടകക്കരാറുകൾ പുതുക്കാതെ വരുമ്പോൾ മൂന്നുകോടി രൂപയുടെ വരുമാനക്കുറവ് ഉണ്ടാകുമെന്നും എന്നാൽ കെ-ഫോൺ കമ്പനി ഫൈബർ ഒപ്റ്റിക് കേബിൾ വഴി ബോർഡിന് സൗജന്യമായി 'ഇൻട്രാനെറ്റ്' സൗകര്യം ലഭ്യമാക്കുമെന്നും ആയിനത്തിൽ പ്രതിവർഷം 15 കോടി രൂപ ഇപ്പോൾ ചെലവാകുന്നുണ്ടെന്നും ആയതിനാൽ കെ-ഫോൺകൊണ്ടുള്ള പ്രയോജനം മറ്റ് നഷ്ടങ്ങളേക്കാൾ കൂടുതലാണെന്നും കമ്മീഷനിൽ രേഖാമൂലം സമർപ്പിച്ചിട്ടുണ്ട്.

## അരൂർ മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

253 (650) ശ്രീ. എ. എം. ആരിഫ് : താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി വകുപ്പ് വഴി അരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരൂർ നിയോജകമണ്ഡലത്തിൽ ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തികളിലുൾപ്പെടുത്തി 3.025 കോടി രൂപ ചെലവിൽ 3.4 കി.മീ. എച്ച്.ടി. ലൈനുകളും 17.058 കി.മീ. എൽ.ടി. ലൈനുകളും പുതുക്കി സ്ഥാപിക്കുകയും 22.34 കി.മീ. ലൈൻ കൺവേർഷൻ നടത്തുകയും 18 കി.മീ. എൽ.ടി. ലൈനും 14.43 കി.മീ. എച്ച്.ടി. ലൈനും നിർമ്മിക്കുകയും 8 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

SAGY ഉൾപ്പെടെയുള്ള ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 4.91 കോടി രൂപ ചെലവിൽ 1128 കണക്ഷൻ നൽകുകയും 23.97 കി.മീ. എൽ.ടി. ലൈനുകളും 23.922 കി.മീ. എൽ.ടി. എ.ബി.സി.-യും 2.9 കി.മീ. എച്ച്.ടി. എ.ബി.സി.-യും വലിക്കുകയും 15 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 4 ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുകയും 2.5 കി.മീ. എൽ.ടി. ലൈനും 8.5 കി.മീ. എച്ച്.ടി. ലൈനും പുതുക്കി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

അരൂർ നിയോജകമണ്ഡലത്തിലെ മാട്ടേൽ തുരുത്തിലേയ്ക്ക് 10 കുടുംബങ്ങൾക്ക് വൈദ്യുതി എത്തിക്കുന്നതിനുവേണ്ടി വേമ്പനാട്ട് കായലിനുകുറുകെ ടവറുകൾ സ്ഥാപിച്ച് 320 മീറ്റർ ലൈൻ വലിക്കുന്ന പ്രവൃത്തി പുരോഗതിയിലാണ്.

കൂടാതെ എരമല്ലൂർ സബ്സ്റ്റേഷനിൽനിന്നും 6.5 കി.മീ. 11 കെ.വി. കേബിൾ വലിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു.

അരൂർ മണ്ഡലത്തിലെ എരമല്ലൂരിൽ 12.5 എം.വി.എ. ശേഷിയുള്ള രണ്ട് ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണവും അനുബന്ധമായി നിലവിലുള്ള എസ്.എൽ.പുരം ചെല്ലാനം 110 കെ.വി. ലൈനിൽനിന്നും വലിക്കുന്ന 250 മീറ്റർ ഡബിൾ സർക്യൂട്ട് 110 കെ.വി. ലൈനിന്റെ നിർമ്മാണവും പുരോഗമിച്ചുവരുന്നു. കൂടാതെ അരൂർ സബ്സ്റ്റേഷനിൽ 20 എം.വി.എ. ശേഷിയുള്ള ഒരു ട്രാൻസ്ഫോർമറും സ്ഥാപിച്ചിട്ടുണ്ട്.

എനർജി മാനേജ്മെന്റ് സെന്റർ മുഖേന അരൂർ മണ്ഡലത്തിലെ തൈക്കാട്ടുശ്ശേരി 110 കെ.വി. സബ്സ്റ്റേഷന്റെ പുരപ്പുറത്ത് 20 കിലോ വാട്ട് പീക്ക് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയം സ്ഥാപിക്കുകയും പെരുമ്പളം ഗ്രാമപഞ്ചായത്തിനെ മാതൃകാ ഊർജ്ജ കാര്യക്ഷമത ഗ്രാമപഞ്ചായത്താക്കി മാറ്റുന്നതിന്റെ ഭാഗമായി ഗാർഹിക ഉപഭോക്താക്കൾക്ക് 9 വാട്ട്സിന്റെ 6000 എൽ.ഇ.ഡി. ബൾബുകൾ ബൾബ് ഒന്നിന് 50 രൂപ നിരക്കിൽ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

## വൈദ്യുതിക്ഷാമം പരിഹരിക്കാൻ നടപടി

254 (651) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ഡോ. എം. കെ. മുനീർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നിലവിൽ വൈദ്യുതി കമ്മി നേരിടുന്നുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി ഇടുക്കിയിൽ പുതിയ ഒരു വൈദ്യുതി നിലയംകൂടി സ്ഥാപിക്കുവാൻ ആലോചിക്കുന്നുണ്ടോ;

(ഡി) ഈ നിലയത്തിൽനിന്നും എത്ര യൂണിറ്റ് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കാമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ വൈദ്യുതി ഉപഭോഗം പൂർണ്ണമായി നിറവേറ്റുന്നതിന് ആഭ്യന്തര ഉൽപ്പാദനത്തിനുപുറമെ കേന്ദ്രപൂളിൽനിന്ന് ദീർഘകാല കരാറുകൾ മുഖേനയും സംസ്ഥാനത്തിന് പുറത്തുള്ള സ്വകാര്യ ഉൽപ്പാദകരിൽനിന്ന് ദീർഘകാല കരാറുകൾ മുഖേനയുമുള്ള വൈദ്യുതി പര്യാപ്തമാണ്. എന്നാൽ അറ്റകുറ്റപ്പണികൾക്കായി മേൽപ്പറഞ്ഞ വൈദ്യുതി നിലയങ്ങളുടെ ഉൽപ്പാദനം കുറയുമ്പോഴും കൽക്കരിക്ഷാമം മൂലം ഉൽപ്പാദനം കുറയുമ്പോഴും താൽക്കാലികമായി വൈദ്യുതി കമ്മി നേരിടാറുണ്ട്.

(ബി) സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപ്പാദനം ക്രമീകരിച്ചും പവർ എക്സ്ചേഞ്ചുകൾ മുഖേന ആവശ്യമായ വൈദ്യുതി വാങ്ങിയുമാണ് ഈ കമ്മി പരിഹരിക്കുന്നത്.

(സി) ഇടുക്കിയിൽ പുതിയ ഒരു വൈദ്യുതി നിലയംകൂടി സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് സാധ്യതാ പഠനം നടക്കുന്നുണ്ട്.

(ഡി) പുതിയ പദ്ധതിയുടെ സാധ്യതാ പഠനം പൂർത്തിയായാൽ മാത്രമെ പദ്ധതിയുടെ നിർമ്മാണം, ഉൽപ്പാദനം എന്നിവ സംബന്ധിച്ച് വ്യക്തത വരികയുള്ളൂ.

**ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കുന്ന ചെറുകിട വൈദ്യുത പദ്ധതികൾ**

255 (652) ശ്രീ. എസ്. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കുന്ന ചെറുകിട വൈദ്യുത പദ്ധതികളായ മാങ്കുളം, ചെങ്കുളം, തൊട്ടിയാർ, പള്ളിവാസൽ ഫേസ്-II എന്നിവയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കലും പദ്ധതി തുക വനിയോഗവും സംബന്ധിച്ച പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിർവ്വഹണം ഏത് ഘട്ടങ്ങളിലാണ്;

(സി) പ്രസ്തുത പദ്ധതികൾ ആരംഭിച്ചപ്പോഴുണ്ടായിരുന്ന എസ്റ്റിമേറ്റ് തുക എത്രയാണ്;

(ഡി) പ്രസ്തുത പദ്ധതികൾ പൂർത്തിയാകുമ്പോൾ എന്ത് ചെലവാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കുന്ന വൈദ്യുത പദ്ധതികളുടെ അവസ്ഥ ചുവടെ ചേർക്കുന്നു:

i. മാങ്കുളം പദ്ധതി

പദ്ധതിക്കാവശ്യമായ ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. ഇതുവരെ 35.02 ഹെക്ടർ ഭൂമി ഏറ്റെടുത്തു. ബാക്കി 17.85 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ii. ചെങ്കുളം ഒഗ്മെന്റേഷൻ പദ്ധതി

നിർമ്മാണം പുരോഗമിക്കുന്നു. ഇതുവരെ പദ്ധതിയുടെ 64 ശതമാനം പണികൾ പൂർത്തിയായി.

iii. തോട്ടിയാർ പദ്ധതി

നിർമ്മാണം പുരോഗമിക്കുന്നു. പദ്ധതിയുടെ 39.3 ശതമാനം പണികൾ പൂർത്തിയായി. പദ്ധതി 6/2020-ൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

iv. <u>പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി</u>

പദ്ധതിയുടെ നിർമ്മാണം പുരോഗമിക്കുന്നു. ഇതുവരെ 74.6 ശതമാനം പണികൾ പൂർത്തിയായി.

(സി&ഡി) പ്രസ്തുത പദ്ധതികൾ ആരംഭിച്ചപ്പോഴുണ്ടായിരുന്ന എസ്റ്റിമേറ്റ് തുകയും പദ്ധതി പൂർത്തിയാക്കുവാൻ പ്രതീക്ഷിക്കുന്ന തുകയും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | ആരംഭിച്ചപ്പോഴുള്ള എസ്റ്റിമേറ്റ് തുക | പൂർത്തിയാക്കുവാൻ പ്രതീക്ഷിക്കുന്ന തുക |
|---|---|---|---|
| 1 | മാങ്കുളം | 400.83 കോടി രൂപ (നിർമ്മാണം ആരംഭിച്ചിട്ടില്ല.) | 550 കോടി രൂപ |
| 2 | ചെങ്കുളം ഒഗ്‌മെന്റേഷൻ | 41.65 കോടി രൂപ | 111.34 കോടി രൂപ |
| 3 | തോട്ടിയാർ | 144 കോടി രൂപ | 280 കോടി രൂപ |
| 4 | പള്ളിവാസൽ എക്സ്റ്റൻഷൻ | 268 കോടി രൂപ | 467.14 കോടി രൂപ |

## ഊർജ്ജിത ഊർജ്ജ വികസന പദ്ധതി

256 (653) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നഗരത്തിൽ നടപ്പിലാക്കാൻ തുടങ്ങിയ ഊർജ്ജിത ഊർജ്ജ വികസന പദ്ധതി അനുസരിച്ച് ഏതൊക്കെ ജോലികളാണ് ഇതുവരെ പൂർത്തീകരിച്ചത്;

(ബി) ഇനി പൂർത്തിയാകേണ്ട ജോലികൾ ഏതൊക്കെയാണ്;

(സി) എന്നത്തേക്ക് ഈ പദ്ധതി പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) ഇതുവരെ പൂർത്തീകരിച്ച ജോലികൾകൊണ്ട് എന്തൊക്കെ നേട്ടങ്ങൾ ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചങ്ങനാശ്ശേരി നഗരത്തിൽ ഊർജ്ജിത ഊർജ്ജ വികസന പദ്ധതി അനുസരിച്ച് താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചു.

1. 11 കെ.വി. ലൈൻ: 42.4 കി.മീ.

2. 11 കെ.വി. ഭൂഗർഭ കേബിൾ സ്ഥാപിക്കൽ: 9.22 കി.മീ.

3. വിതരണ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ: 39 എണ്ണം

4. വിതരണ ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ: 12 എണ്ണം

5. പഴയ 11 കെ.വി. ലൈനുകളുടെ കമ്പികൾ മാറ്റി പുതിയ കമ്പികൾ വലിച്ചത്: 22.07 കി.മീ.

6. പഴയ എൽ.ടി. ലൈനുകളുടെ കമ്പികൾ മാറ്റി പുതിയ കമ്പികൾ സ്ഥാപിച്ചത്: 119.62 കി.മീ.

7. പഴയ എൽ.ടി. സിംഗിൾ ഫേസ് ലൈനുകൾ, 3 ഫേസ് ലൈനുകളാക്കി മാറ്റിയത്: 55.29 കി.മീ.

8. പുതിയ മീറ്ററുകൾ സ്ഥാപിച്ചത്:

    1. സിംഗിൾ ഫേസ് മീറ്ററുകൾ: 9949 എണ്ണം

    2. 3 ഫേസ് മീറ്ററുകൾ: 1325 എണ്ണം

9. ട്രാൻസ്ഫോർമർ സ്റ്റേഷനുകളുടെ നവീകരണം: 67 എണ്ണം

10. ട്രാൻസ്ഫോർമറുകൾക്ക് മീറ്ററിംഗ് സംവിധാനം സ്ഥാപിച്ചത്: 168 എണ്ണം.

11. ഉപഭോക്താക്കളുടെ എനർജി മീറ്ററുകൾ റീഡിംഗ് സൗകര്യത്തിനായി പുറത്തേയ്ക്ക് മാറ്റിവച്ചത്:3200 എണ്ണം

12. ഓട്ടോമാറ്റിക്ക് സ്ട്രീറ്റ് ലൈറ്റ് കൺട്രോളറുകൾ സ്ഥാപിച്ചത്: 250 എണ്ണം

13. എൽ.ടി.(എ.ബി.സി.) ലൈനുകൾ സ്ഥാപിച്ചത്: 24.50 കി.മീ.

14. 11 കെ.വി. (എ.ബി.സി.) ലൈനുകൾ സ്ഥാപിച്ചത്: 13.90 കി.മീ.

RAPDRP (Part A-IT)യുടെ ഭാഗമായി താഴെപ്പറയുന്ന പ്രവൃത്തികൾകൂടി നടപ്പിലാക്കി.

1. വിവര സാങ്കേതികവിദ്യ ശൃംഖല സ്ഥാപിക്കൽ

2. ഡാറ്റാ സെന്റർ, ഡിസാസ്റ്റർ റിക്കവറി സെന്റർ, കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനം (കസ്റ്റമർ കെയർ സെന്റർ) എന്നിവയുമായി ഈ ശൃംഖലയെ ബന്ധിപ്പിക്കൽ.

3. ഉപഭോക്താക്കൾക്ക് വൈദ്യുതി തടസ്സം സംബന്ധിച്ചോ അല്ലാത്തതോ ആയ പരാതികൾ അറിയിക്കുന്നതിനുള്ള 1912 എന്ന ടോൾ ഫ്രീ സംവിധാനം

4. ഉപഭോക്താക്കൾക്ക് വൈദ്യുതി ബിൽ ഓൺ ലൈനായി അടയ്ക്കുന്നതിനും പരാതി രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സംവിധാനം

5. വിതരണശൃംഖലയിലെ ആസ്തികൾ ഉൾപ്പെടുത്തിയുള്ള ജി.ഐ.എസ്. സംവിധാനം

6. 11 കെ.വി. ഫീഡർ തലത്തിലും ട്രാൻസ്ഫോർമർ തലത്തിലും ഊർജ്ജ ഓഡിറ്റിംഗിനുള്ള സംവിധാനം

(ബി) ഊർജ്ജിത ഊർജ്ജ വികസന പദ്ധതിയുടെ ഭാഗമായി വിവര സാങ്കേതിക പദ്ധതി ഉൾപ്പെടെയുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചു. എന്നാൽ പുതിയതായി നിർമ്മിച്ച ലൈനുകളിൽ താഴെപ്പറയുന്നവയുടെ എനർജൈസേഷൻ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്.

1. 11 കെ.വി. ലൈൻ: 4.4 കി.മീ.
2. 11 കെ.വി. ഭൂഗർഭ കേബിൾ: 1.72 കി.മീ.
3. 11 കെ.വി. എ.ബി.സി. ലൈൻ: 6.9 കി.മീ.
4. എൽ.ടി., എ.ബി.സി. ലൈൻ: 11.5 കി.മീ.

(സി) ഊർജ്ജിത ഊർജ്ജ വികസന പദ്ധതി പാർട്ട് എ-യുടെ ഭാഗമായിട്ടുള്ള വിവരസാങ്കേതിക പദ്ധതി സംബന്ധിച്ച എല്ലാ ജോലികളും പൂർത്തിയായി കഴിഞ്ഞു. ലൈൻ എനർജൈസേഷൻ പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതാണ്.

(ഡി) ഇതുവരെ പൂർത്തീകരിച്ച പ്രവൃത്തികൾക്കൊണ്ട് ലഭിച്ച നേട്ടങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

1. പ്രസരണ-വിതരണ നഷ്ടം കുറയ്ക്കുവാൻ സാധിച്ചു.
2. ഗുണമേന്മയുള്ള വൈദ്യുതി വിതരണം ചെയ്യാൻ സാധിച്ചു.
3. വിവിധ സബ്സ്റ്റേഷനുകളിൽനിന്നും 'ബാക്ക് ഫീഡിംഗ്' സംവിധാനം ഏർപ്പെടുത്താൻ സാധിച്ചു.

പൂർത്തീകരിച്ച RAPDRP (Part A-IT) പദ്ധതികൾക്കൊണ്ട് ചുവടെ ചേർത്തിട്ടുള്ള നേട്ടങ്ങളുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്.

1. ഊർജ്ജിത ഊർജ്ജ വികസന പദ്ധതി പാർട്ട്-എ-യുടെ ഭാഗമായിട്ടുള്ള ഐ.ടി. പദ്ധതികൾ മുഖേന വിതരണ മേഖലയുടെ സമഗ്രമായ കമ്പ്യൂട്ടർവൽക്കരണം നടന്നു.

2. തൽഫലമായി ഉപഭോക്താക്കൾക്ക് വൈദ്യുതി ബിൽ ഓൺലൈനായോ, ഏതെങ്കിലും സെക്ഷൻ ഓഫീസിലോ, മൊബൈൽ ആപ്പ് വഴിയോ അടയ്ക്കാൻ കഴിയുന്നു.

3. വൈദ്യുതി തടസ്സം സംബന്ധിച്ചതോ അല്ലാത്തതോ ആയ പരാതികൾ 1912 എന്ന ടോൾ ഫ്രീ സംവിധാനം മുഖേന ഉപഭോക്താക്കൾക്ക് കസ്റ്റമർ കെയർ സെന്ററിൽ അറിയിക്കാൻ കഴിയുന്നു.

4. വിവര സാങ്കേതികവിദ്യ ഉപയോഗിച്ച് ഊർജ്ജ ഓഡിറ്റിംഗ് മുഖേന വിതരണ മേഖലയിലെ പ്രസരണ-വിതരണ നഷ്ടം (AT&C Loss) 15 ശതമാനത്തിൽത്താഴെ കുറയ്ക്കുവാൻ ശ്രമിച്ചുവരുന്നു.

### പൂഴിത്തോട് ജലവൈദ്യുത പദ്ധതി

257 (654) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിയിൽ തകർന്ന നാദാപുരം മണ്ഡലത്തിലെ മരുതോങ്കര ഗ്രാമ പഞ്ചായത്തിലെ പൂഴിത്തോട് ജലവൈദ്യുതി പദ്ധതി അറ്റകുറ്റ പണികൾ കഴിഞ്ഞ് പുനഃസ്ഥാപിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) ഇവിടെ എത്ര രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി സംരക്ഷിക്കാൻ കടവന്ത്ര പുഴയുടെ പൂഴിത്തോട് ജല വൈദ്യുത പദ്ധതിയുടെ ഓരം മതിൽ കെട്ടി സംരക്ഷിക്കാനായി പദ്ധതി തയ്യാറാക്കുമോ?

<u>ഉത്തരം</u>

(എ) അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഏകദേശം 5 ലക്ഷം രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

(സി) 10 ലക്ഷം രൂപ കനാൽ സംരക്ഷണത്തിനുള്ള പദ്ധതിക്കായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ആഢ്യൻപാറ ജലവൈദ്യുത പദ്ധതി

258 (655) ശ്രീ. പി. വി. അൻവർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ആഢ്യൻപാറ ജലവൈദ്യുത പദ്ധതിയുടെ വൈദ്യുതോല്പാദനം ഉരുൾപൊട്ടൽമൂലം നിർത്തിവെച്ചിരുന്നോ; എങ്കിൽ വൈദ്യുതോല്പാദനം എന്ന് മുതൽ പുനരാരംഭിക്കാനാകും;

(ബി) ആഢ്യൻപാറ ജലവൈദ്യുത പദ്ധതി അതിന്റെ പ്രഖ്യാപിത ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയിൻ കീഴിൽ ഏതെല്ലാം മാസങ്ങളിലാണ് വൈദ്യുതി ഉൽപ്പാദനം നടന്നിട്ടുള്ളത്;

(സി) അടിക്കടിയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ ഈ പദ്ധതിയെ കാര്യമായി ബാധിച്ചിട്ടുണ്ടോ; പ്രകൃതി ദുരന്തം മൂലം ഉണ്ടായ അറ്റകുറ്റപ്പണികൾക്കായി ഇതുവരെ എത്ര രൂപ സർക്കാരിന് അധിക ചെലവ് വന്നു; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉരുൾപൊട്ടലിൽ ആഢ്യൻപാറ പദ്ധതിയിൽനിന്നുമുള്ള വൈദ്യുതോൽപ്പാദനം നിർത്തിവച്ചിരിക്കുകയാണ്. ഡിസംബർ മാസം അവസാനത്തോടെ ഒരു മെഷീൻ പ്രവർത്തനസജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പദ്ധതി പ്രഖ്യാപിത ലക്ഷ്യം 3.5 മെഗാവാട്ട് & 9.01 MU/year ആണ്. ഇതുവരെയുള്ള ശരാശരി ഉൽപ്പാദനം 5 MU ആണ്. ഇവിടെ ജലലഭ്യതയനുസരിച്ചാണ് വൈദ്യുതി ഉൽപ്പാദനം നടക്കുന്നത്. പ്രധാനമായും ജൂൺ മാസം മുതൽ ഡിസംബർ മാസം വരെയാണ് ഉൽപ്പാദനം നടക്കുന്നത്.

(സി) അടിക്കടിയുള്ള പ്രകൃതി ദുരന്തങ്ങൾ ഈ പദ്ധതിയെ കാര്യമായി ബാധിച്ചിട്ടുണ്ട്. അറ്റകുറ്റപ്പണികൾക്കായി ഇതുവരെ 85 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

## വൈദ്യുതി ബോർഡിൽ സുരക്ഷാനയം

259 (656) ശ്രീ. കെ. സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ സുരക്ഷാനയം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതുസംബന്ധിച്ച് കേന്ദ്ര വൈദ്യുത അതോറിറ്റി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഹൈടെൻഷൻ, ലോടെൻഷൻ ലൈനുകളിൽ അപകടങ്ങൾകൂടി വരുന്ന സാഹചര്യത്തിൽ ഈ ലൈനുകളിൽ പ്രത്യേക സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് വൈദ്യുതി ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന കരാർ തൊഴിലാളികൾ സുരക്ഷാ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. സി.ഇ.എ. സേഫ്റ്റി റെഗുലേഷൻ 2011.

(സി) ഉണ്ട്. എച്ച്.റ്റി., എൽ.റ്റി. ലൈനുകളുടെ നിർമ്മാണവും പരിപാലനവും ചെയ്യുമ്പോൾ സ്വീകരിക്കേണ്ട സുരക്ഷാ നടപടിക്രമങ്ങൾ (സേഫ്റ്റി പ്രൊസീജിയർ) തയ്യാറായിട്ടുണ്ട്. ടി ലൈനുകളിൽ പ്രവൃത്തി ചെയ്യുന്ന ബോർഡിലെ എല്ലാ ലൈൻമാന്മാർക്കും 14 ഇനം സേഫ്റ്റി ഉപകരണങ്ങൾ അടങ്ങുന്ന സേഫ്റ്റി കിറ്റ് നൽകിക്കഴിഞ്ഞിട്ടുണ്ട്.

സുരക്ഷയുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളെ ആസ്പദമാക്കി സി.ഇ.എ. നിഷ്കർഷിക്കുന്ന രീതിയിലുള്ള പരിശീലനം മുഴുവൻ ജീവനക്കാർക്കും നൽകിക്കഴിഞ്ഞു.

അപകടങ്ങളുടെ വിശകലനവും കേസ് സ്റ്റഡിയുമടങ്ങിയ ശിൽപ്പശാല എല്ലാ ജീവനക്കാർക്കും നൽകിക്കഴിഞ്ഞു. ആധുനിക രീതിയിലുള്ള വർക്ക് സൈറ്റ് എർത്തിംഗ് രീതിയായ (ഇക്യുപൊട്ടൻഷ്യൽ ബോണ്ടിംഗ് എർത്തിംഗ് രീതി) 1-9-2018 മുതൽ പ്രാബല്യത്തിലായിട്ടുണ്ട്.

(ഡി) മുഴുവൻ കരാർ ജീവനക്കാർക്കും സുരക്ഷാ ഉപകരണങ്ങളടങ്ങിയ സേഫ്റ്റി കിറ്റ് നൽകുവാനും ടി പണം തവണകളായി സ്വീകരിക്കാനും ഇനിമുതൽ സുരക്ഷാ ഉപകരണങ്ങളില്ലാത്ത കരാർ ജീവനക്കാരെക്കൊണ്ട് ജോലി ചെയ്യിക്കേണ്ടായെന്നും ഉത്തരവായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ സുരക്ഷാ ഉപകരണങ്ങൾ കരാർ ജീവനക്കാർ വാങ്ങിത്തുടങ്ങിയിട്ടുണ്ട്.

സുരക്ഷയുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളെ ആസ്പദമാക്കി സി.ഇ.എ. നിഷ്കർഷിക്കുന്ന രീതിയിലുള്ള പരിശീലനം കരാർ ജീവനക്കാർക്ക് നൽകിക്കഴിഞ്ഞു. അപകടങ്ങളുടെ വിശകലനവും കേസ് സ്റ്റഡിയുമടങ്ങിയ ശിൽപ്പശാല മുഴുവൻ കരാർ തൊഴിലാളികൾക്കും നൽകിക്കഴിഞ്ഞു.

## ഇടുക്കിയിൽ ഒരു വൈദ്യുത നിലയംകൂടി സ്ഥാപിക്കാൻ നടപടി

260 (657) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി അണക്കെട്ടിലെ വെള്ളം പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി ഒരു വൈദ്യുതനിലയംകൂടി സ്ഥാപിക്കണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്കാവശ്യമായ തുക എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയിൽനിന്നും എത്ര യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) ഇടുക്കി ഡാമിൽനിന്നും വൈദ്യുതി ഉൽപാദിപ്പിക്കുവാനായി ഉപയോഗിച്ച വെള്ളം തിരികെ അണക്കെട്ടിലേക്ക് എത്തിക്കുവാൻ കഴിയുമോ എന്നു പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) പദ്ധതിയുടെ സാധ്യതാപഠനം നടന്നുകൊണ്ടിരിക്കുകയാണ്.

## പ്രളയം ഊർജ്ജോല്പാദന രംഗത്ത് ഏൽപ്പിച്ച ആഘാതം

261 (658) ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജോല്പാദന രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുന്നതിനുള്ള ശ്രമങ്ങൾക്ക് പ്രളയം കനത്ത ആഘാതം ഏല്പിച്ചിട്ടുണ്ടോ;

(ബി) പ്രളയം മൂലം വൈദ്യുതി ബോർഡിനുണ്ടായ നഷ്ടം എന്തൊക്കെയാണ്;

(സി) നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; പ്രസ്തുത പദ്ധതികളിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുവാൻ കഴിയും;

(ഡി) പ്രളയം ജലവൈദ്യുത പദ്ധതികളുടെ പൂർത്തീകരണത്തിന് എന്തെങ്കിലും തടസ്സം ഉണ്ടാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രളയവും കാലവർഷക്കെടുതിയുംമൂലം ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ പ്രാഥമിക കണക്കപ്രകാരം വൈദ്യുത ഉല്പാദനമേഖലയിൽ 80.85 കോടി രൂപയുടെ നഷ്ടവും പ്രസരണമേഖലയിൽ 29.77 കോടി രൂപയുടെ നഷ്ടവും വിതരണമേഖലയിൽ 242.45 കോടി രൂപയുടെ നഷ്ടവും കണക്കാക്കിയിട്ടുണ്ട്. ഇതുകൂടാതെ ഇക്കാലയളവിൽ വൈദ്യുതി വിതരണം തടസ്സപ്പെട്ടതുകാരണം 472.10 കോടി രൂപയുടെ വരുമാനനഷ്ടവും കെ.എസ്.ഇ.ബി.-ക്ക് വന്നിട്ടുണ്ട്.

വൈദ്യുതി ഉല്പാദന രംഗം

കെ.എസ്.ഇ.ബി.-യുടെ കീഴിലുള്ള ലോവർ പെരിയാർ, ഇടമലയാർ, പെരിങ്ങൽകുത്ത് പെരിങ്ങൽകുത്ത് ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷൻ, പന്നിയാർ തുടങ്ങി അഞ്ച് പ്രധാന ജലവൈദ്യുതപദ്ധതികൾക്കും, വെള്ളത്തുവൽ റാന്നി-പെരുനാട്, ആഢ്യൻപാറ, ബാരാപോൾ, ചെമ്പുകടവ് II, മാട്ടുപ്പെട്ടി, പെരുന്തേനരുവി, ലോവർ മീൻമുട്ടി, പീച്ചി, ചിമ്മിനി, ഉറുമി II, വിലങ്ങാട്, പൂഴിത്തോട്, മലമ്പുഴ തുടങ്ങി 14 ചെറുകിട ജലവൈദ്യുതപദ്ധതികൾക്കും പ്രസ്തുത പ്രളയത്തിലും തുടർന്നുണ്ടായ ഉരുൾപൊട്ടലിലും കാര്യമായ നാശനഷ്ടം സംഭവിച്ചിരുന്നു. പ്രാഥമിക കണക്കുകൾ പ്രകാരം 80.85 കോടി രൂപയുടെ നഷ്ടം, ഇതുമൂലം KSEB-ക്കുണ്ടായതായി കണക്കാക്കുന്നു.

പ്രസരണ രംഗം

പ്രളയക്കെടുതികളെ തുടർന്ന് കേരളത്തിലങ്ങോളമിങ്ങോളം 50 സബ്സ്റ്റേഷനുകളുടെ പ്രവർത്തനം പൂർണ്ണമായോ ഭാഗികമായോ തടസ്സപ്പെട്ടിരുന്നു. പുന്നപ്ര-പള്ളം, കുത്തുങ്കൽ-നേരിയമംഗലം, പള്ളിവാസൽ-ആലുവ, ചാലക്കുടി-പുല്ലഴി, മാടക്കത്തറ-കുന്നമംഗലം, ഇടമലയാർ-അയ്യംപുഴ, ഇടമലയാർ-മലയാറ്റൂർ, ആലുവ-ചാലക്കുടി, ചാലക്കുടി-ട്രാക്ഷൻ സബ്സ്റ്റേഷൻ എന്നിങ്ങനെ 10 പ്രധാന പ്രസരണ ഇടനാഴികളുടെ പ്രവർത്തനം തടസ്സപ്പെട്ടു. പ്രാഥമിക കണക്കുകൾ പ്രകാരം പ്രസരണ രംഗത്ത് ഉണ്ടായ കേടുപാടുകൾ താൽക്കാലികമായെങ്കിലും മറികടക്കാൻ 29.77 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കുന്നു.

വിതരണരംഗം

പ്രളയം പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, ഇടുക്കി, തൃശ്ശൂർ, വയനാട് എന്നിങ്ങനെ ഏഴ് ജില്ലകളിലെ വൈദ്യുത വിതരണം താറുമാറാക്കി.

മൂന്നൂറിൽപ്പരം ഇലക്ട്രിക്കൽ സെക്ഷനുകളിലായി 1700 വിതരണ ട്രാൻസ്ഫോർമറുകൾ പ്രളയജലത്തിൽ മുങ്ങുകയോ, കേടുപാടുകൾ സംഭവിക്കുകയോ ചെയ്തിരുന്നു. പതിനായിരത്തിൽപ്പരം ട്രാൻസ്ഫോർമറുകൾ അപകടസാധ്യത മുന്നിൽക്കണ്ടുകൊണ്ട് താൽക്കാലികമായി സ്വിച്ച് ഓഫ് ചെയ്തു. 16158 ട്രാൻസ്ഫോർമറുകളുടെ കീഴിൽ വൈദ്യുതി വിതരണം തടസ്സപ്പെട്ടിരുന്നു. ആകെ 25.60 ലക്ഷം ഉപഭോക്താക്കൾക്ക് വൈദ്യുതി തടസ്സം നേരിട്ടു. വൈദ്യുതി പുനഃസ്ഥാപിക്കുന്നതിനായി 1735 വിതരണ ട്രാൻസ്ഫോർമറുകളും 5275.80 km വിതരണ ലൈനുകളും മാറ്റി സ്ഥാപിക്കേണ്ടി വന്നു. പ്രളയജലത്തിന്റെ കുത്തൊഴുക്കിൽ ഒരു ലക്ഷത്തിൽപ്പരം പോസ്റ്റുകൾക്ക് കാര്യമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഇതും വരുംദിവസങ്ങളിൽ മാറ്റി സ്ഥാപിക്കേണ്ടി വരും. ഉദ്ദേശം മൂന്ന് ലക്ഷം സിംഗിൾ ഫേസ് വൈദ്യുതി മീറ്ററുകൾക്കും അമ്പതിനായിരത്തിൽപ്പരം ത്രീഫേസ് വൈദ്യുത മീറ്ററുകൾക്കും പ്രളയത്തെ തുടർന്ന് കേടുപാട് സംഭവിച്ചിട്ടുണ്ട്. ഏകദേശം മൂന്നുലക്ഷം വീടുകൾക്ക് വൈദ്യുതി കണക്ഷൻ ശരിയാംവിധം പുനഃസ്ഥാപിക്കാൻ ഇ.എൽ.സി.ബി. പുതുതായി സ്ഥാപിക്കേണ്ടിവരും. പ്രാഥമിക കണക്കുകൾ പ്രകാരം കെ.എസ്.ഇ.ബി.-യുടെ കീഴിലുള്ള വൈദ്യുത വിതരണരംഗം പ്രളയ-പൂർവ്വസ്ഥിതിയിലാക്കുന്നതിനും 242.45 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

ഇതുനുപുറമെ പ്രളയത്തെ തുടർന്ന് കെ.എസ്.ഇ.ബി.-യുടെ വിവിധ കെട്ടിടങ്ങൾക്കും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും സംഭവിച്ച കേടുപാടുകൾ നീക്കി പൂർവ്വസ്ഥിതി പ്രാപിക്കാൻ കോടിക്കണക്കിന് രൂപയുടെ ചെലവ് വരുമെന്ന് കരുതുന്നു.

(സി) കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന്റെ കീഴിൽ ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന ജല വൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക എന്ന ലക്ഷ്യം മുൻനിർത്തി പദ്ധതികളുടെ നിർമ്മാണ പുരോഗതി സമയാസമയങ്ങളിൽ വിലയിരുത്തി, തടസ്സങ്ങൾ നേരിടുന്നുവെങ്കിൽ അവ പരിഹരിക്കുന്നതിനായി കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് ഒരു പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. ഈ കമ്മിറ്റി ചുരുങ്ങിയത് രണ്ട് മാസം കൂടുമ്പോൾ കൂടുന്നുണ്ട്. പദ്ധതികളുടെ നിർമ്മാണ പുരോഗതി ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി മുതൽ വിവിധ തലങ്ങളിൽ അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ പദ്ധതികളുടെ നിർമ്മാണ പുരോഗതി ഓരോ ആഴ്ചയിലും അവലോകനം നടത്തി വിലയിരുത്തുന്നതിനായി 11-12-2017-ൽ ഒരു പ്രോജക്ട് മോണിറ്ററിംഗ് സെല്ലും രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ നിർമ്മാണം പുരോഗമിക്കുന്ന 10 ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. ഇതുവഴി 193.5 MW വൈദ്യുതി അധികമായി ഉല്പാദിപ്പിക്കാൻ സാധിക്കും.

സ്വകാര്യ മേഖലയിൽ മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച പദ്ധതികളിൽ നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ വേഗത്തിലാക്കുന്നതിനുവേണ്ടി തടസ്സങ്ങൾ തീർക്കുന്നതിനായി താഴെപ്പറയുന്ന കമ്മിറ്റികൾ ഫലപ്രദമായി പ്രവർത്തിക്കുന്നു. സർക്കാരിന്റെ നിർദ്ദേശ പ്രകാരമുള്ള സാങ്കേതിക വിദഗ്ധരുടെ കമ്മിറ്റി പ്രോജക്ട് റിപ്പോർട്ടുകൾ തീർപ്പാക്കുക, പദ്ധതിയുടെ പണികൾ വിശകലനം ചെയ്യുക എന്നീ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു.

പവർ സെക്രട്ടറിയുടെ മേൽനോട്ടത്തിലുള്ള ഇവാല്യുവേഷൻ കമ്മിറ്റി: പദ്ധതികൾ നടത്തിപ്പിൽവരുന്ന തടസ്സങ്ങൾ എളുപ്പത്തിൽ കൈകാര്യം ചെയ്യുന്നു.

ചീഫ് സെക്രട്ടറി ചെയർമാനും വകുപ്പ് തലവന്മാർ അംഗങ്ങളായ ഹൈപവർ കമ്മിറ്റി - വകുപ്പുകൾ തമ്മിലുള്ള തർക്കങ്ങളും മറ്റ് സർക്കാർ കാര്യങ്ങളിലും തീർപ്പുകൽപ്പിക്കുന്നു. സ്വകാര്യ മേഖലയിൽ ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന രണ്ട് പദ്ധതികളിൽ നിന്നായി 2019 മെയ് മാസത്തോടെ 12.5 MW ഉല്പാദനശേഷി കൈവരിക്കാനാകുമെന്ന് കരുതുന്നു.

(ഡി) പ്രളയം കെ.എസ്.ഇ.ബി.എൽ.-ന്റെ ജലവൈദ്യുത പദ്ധതികളുടെ പൂർത്തീകരണത്തിന് തടസ്സം ഉണ്ടാക്കിയിട്ടില്ല. എന്നാൽ പദ്ധതി പ്രദേശത്തുണ്ടായ വെള്ളപ്പൊക്കവും മണ്ണിടിച്ചിലുംമൂലം പദ്ധതി പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടില്ല.

സ്വകാര്യ മേഖലയിൽ ബൂട്ട് പദ്ധതികളായി അനുവദിച്ച 8 MW-ന്റെ ആനക്കാംപോയിൽ 4.5 MW-ന്റെ അരിപ്പാറ എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തീകരിക്കാൻ ഈയിടെയുണ്ടായ പ്രളയംമൂലം കാലതാമസം നേരിടുന്നു. ആനക്കാംപോയിൽ പദ്ധതിയുടെ നിർമ്മാണം പൂർത്തിയാക്കിയ പവർ ഹൗസിൽ വെള്ളം കയറുകയുണ്ടായി. ഇതുമൂലം പദ്ധതികൾ കമ്മീഷൻ ചെയ്യുന്നതിന് കാലതാമസം നേരിടും.

### ഊർജ്ജ പ്രതിസന്ധി പരിഹരിക്കാൻ നടപടി

262 (659) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ഡി. കെ. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജോല്പാദന രംഗത്ത് സ്വയംപര്യാപ്തത നേടുന്നതിനായി സംസ്ഥാനത്തെന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനായി ചെറുകിട ജലവൈദ്യുത പദ്ധതികളെ പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഏതെല്ലാം ചെറുകിട ജലവൈദ്യുത പദ്ധതികളാണ് പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) നിലവിൽ നിർമ്മാണത്തിലിരിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ ഏതൊക്കെയാണെന്നും ഇവയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ഇ) സ്വകാര്യ സംരംഭകരുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ ചെറുകിട ജലവൈദ്യുത ഉല്പാദന മേഖല വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നല്കുമോ?

<u>ഉത്തരം</u>

(എ) ഊർജ്ജോല്പാദന രംഗത്ത് സ്വയംപര്യാപ്തത നേടുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ ഇപ്പോൾ നിർമ്മാണം പുരോഗമിക്കുന്ന പത്ത് ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. ഇതുവഴി 193.5 മെഗാവാട്ട് അധികമായി ഉല്പാദിപ്പിക്കുവാൻ സാധിക്കും. കൂടാതെ, പുതിയതായി '12' ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുകവഴി 119 മെഗാവാട്ട് അധിക സ്ഥാപിതശേഷികൂടി ലക്ഷ്യമിടുന്നു.

എനർജി മാനേജ്മെന്റ് സെന്റർ വഴി ഊർജ്ജോല്പാദന രംഗത്ത് സ്വയം പര്യാപ്തത നേടുന്നതിനായി സ്വകാര്യ മേഖലയുടെ സഹകരണത്തോടെ ബൂട്ട് അടിസ്ഥാനത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ഊർജ്ജോൽപ്പാദന രംഗത്ത് സ്വയംപര്യാപ്തത നേടുന്നതിനായി നൂതന ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, കാറ്റ് എന്നിവയിലൂടെ പരമാവധി വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ശ്രമങ്ങൾ അനെർട്ട് വഴി നടത്തി വരുന്നു. ഇതിനോടകം സംസ്ഥാനത്ത് സൗരോർജ്ജത്തിൽനിന്നും 150 മെഗാവാട്ട് വൈദ്യുതിയും കാറ്റിൽനിന്നും 59.725 മെഗാവാട്ട് വൈദ്യുതിയും ഉല്പാദിപ്പിക്കുന്നുണ്ട്.

'ഊർജ്ജ കേരള മിഷൻ' പദ്ധതി പ്രകാരം വരുന്ന 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽനിന്ന് ഉല്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽനിന്നും ഉല്പാദിപ്പിക്കുകയാണ്

ലക്ഷ്യം. പാഴ്നിലങ്ങളിൽ വലിയ സൗരോർജ്ജ പ്ലാൻഡുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാനും കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന 'ഊർജ്ജമിഷൻ-സൗര' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

പുരപ്പുറ സൗര വൈദ്യുത പദ്ധതി ലക്ഷ്യം നേടുന്നതിന് വലിയതോതിലുള്ള ബഹുജന പങ്കാളിത്തം ആവശ്യമാണ്. ഇതിനായി അനർട്ട് www.buymysun.com എന്ന പേരിൽ ഒരു ഇലക്ട്രോണിക് മാർക്കറ്റ് പ്ലെയ്സ് ആരംഭിച്ചിട്ടുണ്ട്. ഇതുവഴി ലോകത്തിന്റെ ഏത് കോണിലിരിക്കുന്ന മലയാളികൾക്കും അവരുടെ കേരളത്തിലുള്ള വീടിനുമുകളിൽ സൗരവൈദ്യുത നിലയം സ്ഥാപിക്കുവാൻ സാധിക്കുന്നതാണ്. പൊതുജനങ്ങൾക്ക് ഈ കാര്യങ്ങളെക്കുറിച്ച് കൂടുതൽ അറിവ് നൽകുന്നതിനായി പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽക്കൂടി വ്യാപകമായ പ്രചരണം നടത്തിവരുന്നു.

(ബി) പരിസ്ഥിതി ആഘാതം കുറഞ്ഞ ചെറുകിട ജലവൈദ്യുത പദ്ധതികൾ കൂടുതലായി നടപ്പിലാക്കുവാൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സ്വകാര്യ മേഖലയിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി 2012-ൽ കേരള ചെറുകിട ജല വൈദ്യുത നയം സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. പ്രസ്തുത നയ പ്രകാരം മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ മേഖലയുടെ സഹകരണത്തോടെ ബൂട്ട് അടിസ്ഥാനത്തിൽ അനുവാദം കൊടുത്ത് 30 വർഷത്തിനുശേഷം സർക്കാരിലേയ്ക്ക് തിരിച്ചുവരുന്ന പ്രകാരം ചെറുകിട ജലവൈദ്യുത പദ്ധതികൾ അനുവദിച്ച് നടപ്പാക്കി വരുന്നു. ഇതുപോലെ മുന്നോട്ടുവരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ പഞ്ചായത്ത്, കോർപ്പറേഷൻ, പഞ്ചായത്തുകൾ എന്നിവയ്ക്ക് ഇത്തരം പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

ചെറിയ ഉയര വ്യത്യാസം കിട്ടാവുന്ന ചെറുതോടുകൾ, പുഴകൾ, കനാലുകൾ ഇവയിൽ നവീന രീതിയിലുള്ള വോർട്ടെക്സ് ടർബയിനുകൾ (കൃത്രിമ ചുഴി സൃഷ്ടിച്ച് ടർബയിൻ കറക്കുന്ന രീതി), വെള്ളത്തിന്റെ ഒഴുക്ക് (velocity) ഉപയോഗപ്പെടുത്തി കറക്കുന്ന കൈനറ്റിക്ക് ടർബയിൻ സാങ്കേതികവിദ്യ എന്നിവ പ്രയോജനപ്പെടുത്താവുന്നതാണ്. ഇത്തരത്തിലുള്ള 10KW-ന്റെ രണ്ട് വോർട്ടെക്സ് ടർബയിനുകൾ തിരുവനന്തപുരം കോർപ്പറേഷന്റെ കാഞ്ഞിരംപാറ വാർഡിൽ കിള്ളിയാറിൽ പണി പൂർത്തിയായിക്കഴിഞ്ഞു. 5KW-ന്റെ 5 കൈനറ്റിക് ടർബയിനുകൾ കക്കാട് ജലവൈദ്യുത പദ്ധതിയിലെ ടെയിൽറേസിൽ പരീക്ഷിക്കുന്നതിനുള്ള നടപടികളും തുടങ്ങിക്കഴിഞ്ഞു.

കേന്ദ്ര സാമ്പത്തിക സഹായത്തോടെ (CFA) ഗുണഭോക്താക്കൾ വഴി 1KW മുതൽ 5KW-ൽ താഴെയുള്ള പീക്കോ ടർബയിനുകൾ ഏകദേശം 114-ഓളം എണ്ണം നടപ്പിലാക്കി കഴിഞ്ഞു. ഇതിനോട് കൂടിത്തന്നെ ചിന്നാർ വന്യമൃഗ സങ്കേതത്തിനകത്തെ തായന്നൻകുടി കോളനിയിലും മറയൂരിനടുത്ത് വനം വകുപ്പിന്റെ ഈച്ചാംപെട്ടി കോളനിയിലും ഇത്തരം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(സി) കെ.എസ്.ഇ.ബി.എൽ. പുതിയതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരങ്ങളും എനർജി മാനേജ്മെന്റ് സെന്ററിന്റെ അധീനതയിൽ സ്വകാര്യ മേഖലയിൽ പുതുതായി നടപ്പാക്കുന്ന പദ്ധതികളുടെ വിവരങ്ങളും അനുബന്ധമായി *ചേർത്തിട്ടുണ്ട്.

(ഡി) കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിൽ നിലവിൽ നിർമ്മാണത്തിലിരിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വിവരം അനുബന്ധമായി* ചേർത്തിട്ടുണ്ട്. നിർമ്മാണത്തിലിരിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക എന്ന ലക്ഷ്യം മുൻനിർത്തി പദ്ധതികളുടെ നിർമ്മാണ പുരോഗതി സമയാസമയങ്ങളിൽ വിലയിരുത്തി, തടസ്സങ്ങൾ നേരിടുന്നുവെങ്കിൽ അവ പരിഹരിക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ്, ഒരു പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. ഈ കമ്മിറ്റി ചുരുങ്ങിയത് രണ്ട് മാസം കൂടുമ്പോൾ കൂടുന്നുണ്ട്. പദ്ധതികളുടെ നിർമ്മാണ പുരോഗതി ഊർജ്ജ വകുപ്പുമന്ത്രി മുതൽ വിവിധതലങ്ങളിൽ അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ പദ്ധതികളുടെ നിർമ്മാണപുരോഗതി ഓരോ ആഴ്ചയിലും അവലോകനം നടത്തി വിലയിരുത്തുന്നതിനായി 11-12-2017-ൽ ഒരു പ്രോജക്ട് മോണിറ്ററിംഗ് സെല്ലും രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സ്വകാര്യ മേഖലയിൽ 'ബൂട്ട്' അടിസ്ഥാനത്തിൽ അനുവദിച്ച പദ്ധതികളിൽ 8MW-ന്റെ ആനക്കാംപോയിൽ ചെറുകിട ജലവൈദ്യുത പദ്ധതിയുടെയും 4.5MW-ന്റെ അരിപ്പാറ പദ്ധതിയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. ഇക്കഴിഞ്ഞ പ്രളയത്തിൽ ഇവിടെ വെള്ളം കയറിയതുകാരണം നാശനഷ്ടങ്ങൾ ഉണ്ടാവുകയും പുതുക്കിയ പട്ടിക പ്രകാരം ആനക്കാംപോയിൽ പദ്ധതി 2019 മാർച്ച് മാസവും അരിപ്പാറ പദ്ധതി 2019 ഡിസംബറിലും കമ്മീഷൻ ചെയ്യുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇത്തരത്തിലുള്ള പദ്ധതികളുടെ മേൽനോട്ടത്തിനായി സർക്കാർ രൂപീകരിച്ച സാങ്കേതിക വിദഗ്ദ്ധരുടെ കമ്മിറ്റിയുണ്ട്. പവർ സെക്രട്ടറി അദ്ധ്യക്ഷനായ എസ്.എച്ച്.പി. കമ്മിറ്റിയും കൂടാതെ തടസ്സങ്ങൾ എളുപ്പം തരണംചെയ്യുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള വകുപ്പ് മേധാവികളുടെ ഹൈ പവർ കമ്മിറ്റിയുമുണ്ട്.

(ഇ) ഉണ്ട്. ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായുള്ള പോളിസി പ്രകാരം മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ 30 കൊല്ലം കഴിഞ്ഞ് സർക്കാരിലേയ്ക്ക് തിരിച്ചുവരുന്ന രീതിയിൽ 'ബൂട്ട്' അടിസ്ഥാനത്തിൽ സ്വകാര്യ മേഖലയിൽ പദ്ധതികൾ അനുവദിച്ചുവരുന്നു. ഇത്തരത്തിലുള്ള പദ്ധതികൾ ചെയ്യുവാൻ വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ദർഘാസ് കൂടാതെ സർക്കാർ നേരിട്ട് പദ്ധതികൾ അനുവദിച്ചുവരുന്നു. ഇത്തരത്തിൽ പാലക്കാട് ജില്ലാ പഞ്ചായത്ത് തൃശ്ശൂർ കോർപ്പറേഷൻ എന്നിവർക്ക് 6 ചെറുകിട ജലവൈദ്യുത പദ്ധതികൾ അനുവദിച്ചിട്ടുണ്ട്.

## പ്രളയവും വൈദ്യുത ഉല്പാദനവും

263 (660) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ഇപ്പോൾ കടുത്ത വൈദ്യുതി പ്രതിസന്ധി നേരിടുന്നുണ്ടോ;

(ബി) പലപ്പോഴും വൈദ്യുതി മുന്നറിയിപ്പില്ലാതെ മുടങ്ങുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കനത്തമഴയെ തുടർന്ന് ഡാമുകളിലെ ജലം തുറന്നുവിട്ടതും പ്രളയത്തെ തുടർന്ന് വൈദ്യുത ഉൽപ്പാദന യൂണിറ്റുകളിൽ ചിലത് തകരാറിലായതും വൈദ്യുതി ഉൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടോ;

(ഡി) എങ്കിൽ സംസ്ഥാനത്ത് പവർകട്ടും ലോഡ് ഷെഡിംഗും ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

### ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ വൈദ്യുതി പ്രതിസന്ധിയില്ല.

(ബി) പ്രസരണ ലൈനുകളുടേയോ സബ്സ്റ്റേഷൻ ഉപകരണങ്ങളുടേയോ പെട്ടെന്നുണ്ടാകുന്ന തകരാറുകൾ നിമിത്തം മുന്നറിയിപ്പില്ലാതെ ചില സന്ദർഭങ്ങളിൽ വൈദ്യുതി തടസ്സം നേരിടേണ്ടിവന്നിട്ടുണ്ട്.

(സി) കനത്ത മഴയെത്തുടർന്ന് ലഭിച്ച അധിക ജലമാണ് ഡാമുകളിലൂടെ ഒഴുക്കി കളഞ്ഞത്. 22-11-2018-ലെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ എല്ലാ ഡാമുകളിലുംകൂടി 3151.38 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള വെള്ളം സംഭരിച്ചിട്ടുണ്ട്. ഇത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 157.98 ദശലക്ഷം യൂണിറ്റ് അധികമാണ്. പ്രളയത്തെ തുടർന്ന് നിർത്തിവച്ചിരുന്ന വൈദ്യുത ഉല്പാദന യൂണിറ്റുകളിൽ, പന്നിയാർ പവർഹൗസിലെ 2 യൂണിറ്റും പെരിങ്ങൽക്കുത്തിലെ 2 യൂണിറ്റും ഏതാനും ചില ചെറുകിട നിലയങ്ങളും ഒഴികെ ബാക്കി എല്ലാ യൂണിറ്റുകളും പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് ഇപ്പോഴത്തെ സാഹചര്യത്തിൽ പവർകട്ടും ലോഡ് ഷെഡിംഗും ഏർപ്പെടുത്തേണ്ട സാഹചര്യമില്ല.

## വൈദ്യുതി ഉപഭോഗവും ഉല്പാദനവും

264 (661) ശ്രീ. അനൂപ് ജേക്കബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റെടുത്തത് മുതൽ നാളിതുവരെ എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിച്ചുവെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗവും ഉല്പാദനവും തമ്മിലുള്ള അന്തരം കുറച്ചുകൊണ്ട് വരാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റെടുത്തത് മുതൽ നാളിതുവരെ കെ.എസ്.ഇ.ബി.എൽ.-ന്റെ സ്ഥാപിതശേഷിയിൽ 144.385 മെഗാവാട്ടിന്റെ വർദ്ധന വന്നിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എനർജി മാനേജ്മെന്റ് സെന്റർ വഴി 'ബൂട്ട്' അടിസ്ഥാനത്തിൽ സ്വകാര്യ മേഖലയുടെയും കേന്ദ്ര സാമ്പത്തിക സഹായത്തോടെ (CFA) ഗുണഭോക്താക്കളിലൂടെയും 12.526 MW അധികമായി ഉല്പാദിപ്പിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റെ വൈദ്യുത ആവശ്യകതയ്ക്ക് അനുസരണമായി വൈദ്യുത ഉല്പാദനം സാധ്യമാകുന്നില്ല. ആവശ്യകതയുടെ ഏകദേശം 30 ശതമാനം മാത്രമെ ആഭ്യന്തര ഉല്പാദനനിലയങ്ങൾ വഴി നിറവേറ്റാൻ കഴിയുന്നുള്ളൂ. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി

നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പരിഗണനയിലുള്ള മറ്റു ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതിനുമുള്ള നടപടികൾ എടുത്തിട്ടുണ്ട്.

സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗവും ഉല്പാദനവും തമ്മിലുള്ള അന്തരം കുറച്ചുകൊണ്ടുവരാൻ കെ.എസ്.ഇ.ബി.എൽ. വിവിധ സൗരോർജ്ജ പദ്ധതികളിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ നടത്തിവരുന്നു. നിർമ്മാണം പൂർത്തീകരിച്ചതും നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നതുമായ സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്. ഇതുകൂടാതെ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കാനുള്ള ഒരു പദ്ധതിയും "സൗര" എന്ന പേരിൽ ആസൂത്രണം ചെയ്തുവരുന്നു. ഗാർഹിക, കാർഷിക ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ 150 മെഗാവാട്ട്, സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറങ്ങളിൽ 100 മെഗാവാട്ട്, മറ്റു സ്ഥാപനങ്ങളുടെ പുരപ്പുറങ്ങളിൽ 250 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ നിർമ്മിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

വൈദ്യുത ഉപഭോഗവും ഉല്പാദനവും തമ്മിലുള്ള അന്തരം കുറയ്ക്കുവാനും എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ താഴെപ്പറയുന്ന പരിപാടികളും പദ്ധതികളും നടപ്പിലാക്കി വരുന്നു.

വ്യവസായശാലകളിലെ ഊർജ്ജ സംരക്ഷണ പദ്ധതികൾ

വൻകിട വ്യവസായശാലകളിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിർബന്ധിത ഊർജ്ജ ഓഡിറ്റ് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 1-11-2011-ലെ G.O. (Rt) No. 2/2011/PD പ്രകാരം എനർജി ഓഡിറ്റിംഗ് ഏജൻസികളെ എംപാനൽ ചെയ്തിട്ടുണ്ട്. പൊതുമേഖല സ്ഥാപനങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലും സർക്കാർ കെട്ടിടങ്ങളിലും ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനുള്ള ചെലവിന്റെ 50% സബ്സിഡിയായി നൽകുന്ന പദ്ധതി ഈ വർഷവും തുടർന്നുവരുന്നു. ചെറുകിട വ്യവസായശാലകളിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സൗജന്യമായി പ്രാഥമിക ഊർജ്ജ ഓഡിറ്റ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വ്യവസായ സ്ഥാപനങ്ങളിൽനിന്നും ഉല്പാദിപ്പിക്കുന്ന നീരാവിയിൽനിന്ന് 25 കിലോവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി തിരുവനന്തപുരത്തുള്ള ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>സർക്കാർ കെട്ടിടങ്ങളിലെ ഊർജ്ജ സംരക്ഷണ പദ്ധതികൾ</u>

സർക്കാർ അധീനതയിലുള്ള കെട്ടിടങ്ങളിൽ ഊർജ്ജ സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷം തിരുവനന്തപുരം മെഡിക്കൽ കോളേജിലും സംസ്ഥാനത്തെ 5 സിവിൽ സ്റ്റേഷനുകളിലും ഊർജ്ജ ഓഡിറ്റിംഗ് പൂർത്തിയായി.

ഈ സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ ഊർജ്ജ ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ നിധിയിൽനിന്നും 1 കോടി രൂപ ചെലവഴിക്കുന്നതിന് ഊർജ്ജ സംരക്ഷണ സംസ്ഥാനതല നിധിയുടെ സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി അനുവാദം നൽകിയിട്ടുണ്ട്. 3 സിവിൽ സ്റ്റേഷനുകളിൽ ഊർജ്ജകാര്യക്ഷമതകൂടിയ വൈദ്യുത ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപ വീതം വകയിരുത്തിയിട്ടുണ്ട്.

<u>വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിലെ ഊർജ്ജ സംരക്ഷണ പദ്ധതികൾ</u>

കേരളത്തിൽ പുതുതായി നിർമ്മിക്കുന്ന വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കേരള സംസ്ഥാന എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് നിർബന്ധമാക്കിക്കൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ PWD, LSGD എന്നിവയിലെയും സ്വകാര്യ സ്ഥാപനങ്ങളിലെയും എഞ്ചിനീയർമാർക്കും ആർക്കിടെക്ടുമാർക്കുംവേണ്ടി 35-ലധികം ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തു.

<u>മാതൃകാ ഊർജ്ജകാര്യക്ഷമത ഗ്രാമപഞ്ചായത്ത് പദ്ധതി</u>

<u>മാതൃകാ ഊർജ്ജകാര്യക്ഷമത ഗ്രാമപഞ്ചായത്ത് പദ്ധതിയിൻകീഴിൽ നടത്തുന്ന പരിപാടികൾ</u>

പൊതുജനങ്ങൾക്കും സ്കൂൾ കുട്ടികൾക്കും സമ്പൂർണ്ണ ഊർജ്ജ സംരക്ഷണ/ ഊർജ്ജകാര്യക്ഷമതാ ബോധവത്കരണ ക്ലാസ്സുകൾ നടത്തുക വഴി വീടുകളിൽ 10 മുതൽ 20 ശതമാനം വരെ വൈദ്യുതി ലാഭിക്കാമെന്ന് തെളിഞ്ഞിട്ടുണ്ട്. ബോധവത്കരണ പരിപാടികൾക്ക് ആവശ്യമായ ലഘുലേഖകൾ എനർജി മാനേജ്മെന്റ് സെന്ററിൽനിന്നും സൗജന്യമായി ലഭ്യമാക്കുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 9 വാട്ട്സിന്റെ രണ്ട് എൽ.ഇ.ഡി. ബൾബുകൾ വീതം കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യാൻ ലക്ഷ്യമിടുന്നു. ഒരു ബൾബിന് 50 രൂപ എന്ന നിരക്കിലായിരിക്കും വിതരണം ചെയ്യുക.

ഈ പഞ്ചായത്തുകളിലെ എല്ലാ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും ഊർജ്ജ ഓഡിറ്റ് നടത്താനും ലക്ഷ്യമിടുന്നു. ഊർജ്ജ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഓഫീസുകളിലെയും സ്കൂളുകളിലെയും ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ബൾബുകൾക്കും ഫാനുകൾക്കും പകരം ഊർജ്ജ കാര്യക്ഷമതകൂടിയ എൽ.ഇ.ഡി. ബൾബ്, എൽ.ഇ.ഡി. ട്യൂബ്, ഫൈവ് സ്റ്റാർ ഫാൻ എന്നിവ സൗജന്യമായി നൽകുന്നതാണ്.

തെരുവുവിളക്കുകളുടെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള തെരുവ് വിളക്കുകൾക്ക് പകരമായി 18 വാട്ട്സിന്റെയും 35 വാട്ട്സിന്റെയും 100 വീതം എൽ.ഇ.ഡി. തെരുവുവിളക്കുകൾ സൗജന്യമായി നൽകുന്നതാണ്.

<u>ഊർജ്ജകാര്യക്ഷമമായ വൈദ്യുത വിതരണ ട്രാൻസ്ഫോർമറുകൾ</u>

ഈ സാമ്പത്തിക വർഷം കെ.എസ്.ഇ.ബി.-യുടെ 25 വൈദ്യുത വിതരണ ട്രാൻസ്ഫോർമറുകൾ ഊർജ്ജ കാര്യക്ഷമത പഠനം നടത്തുന്നതിനും അതിൽ 13 എണ്ണം ഊർജ്ജകാര്യക്ഷമതകൂടിയ, സ്റ്റാർ റേറ്റിംഗ്കൂടിയ ട്രാൻസ്ഫോർമറായി മാറ്റി സ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്നു.

- പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി സംസ്ഥാനത്ത് വിവിധ NGO-കളുടെ സഹായത്തോടുകൂടി എല്ലാ നിയോജകമണ്ഡലങ്ങളിലും 3 പരിപാടി എന്ന തോതിൽ 420 ക്ലാസ്സുകൾ/തെരുവുനാടകങ്ങൾ/Flash Mob മുതലായ പരിപാടികൾ "ഊർജ്ജ കിരൺ" എന്ന പേരിൽ നടത്തിവരുന്നു.

- കേരളത്തിലുടനീളം വീട്ടമ്മമാരെ ബോധവൽക്കരിക്കുന്നതിനായി 'എനർജി ക്ലിനിക്' എന്ന പരിപാടി നടത്തിവരുന്നു.

- സ്മാർട്ട് എനർജി പ്രോഗ്രാമിന്റെ ഭാഗമായി ഏകദേശം 5000 സ്കൂളുകളിൽ ഊർജ്ജസംരക്ഷണ ക്ലാസ്സുകൾ നടത്തിവരുന്നു. കൂടാതെ അധ്യാപകർക്കായി നടത്തുന്ന സെൻസിറ്റൈസേഷൻ ക്യാമ്പുകളുമുണ്ട്. അനർട്ടുമായി ചേർന്നുകൊണ്ട് തെരഞ്ഞെടുത്ത സ്കൂളുകളിൽ 2KW സോളാർ പവർ പ്ലാൻഡുകൾ സ്ഥാപിക്കുന്ന പദ്ധതിയും നടപ്പിലാക്കുന്നു. കോളേജുകളിൽ വിവിധ ഊർജ്ജ സംരക്ഷണ ക്ലാസ്സുകൾ നടത്തി വരുന്നു.

തെരുവ് വിളക്കുകളിലെ ഊർജ്ജ കാര്യക്ഷമത

ഈ സാമ്പത്തിക വർഷത്തിൽ കേരളത്തിലെ 17 മുനിസിപ്പാലിറ്റികളിലെ തെരുവ് വിളക്കുകളുടെ ഊർജ്ജകാര്യക്ഷമത സംബന്ധിച്ച പഠനം നടത്തുന്നതിനും അവ എൽ.ഇ.ഡി.-യിലേയ്ക്ക് മാറ്റുന്നതിനും വേണ്ട വിശദ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനും ലക്ഷ്യമിടുന്നു.

## വൈദ്യുതി ഉല്പാദനം

265 (662) ശ്രീ. എ. പി. അനിൽ കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷത്തിൽ സംസ്ഥാനത്ത് ഡാമുകൾ നിറഞ്ഞ സാഹചര്യത്തിൽ വൈദ്യുതി ഉല്പാദനം പരമാവധി അളവിൽ എത്തിക്കുന്നതിന് കെ.എസ്.ഇ.ബി.-ക്ക് കഴിഞ്ഞിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് അധികമായി ഉല്പാദിപ്പിച്ച വൈദ്യുതി അന്യസംസ്ഥാനങ്ങൾക്ക് വിൽക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ;

(സി) 2018 ആഗസ്റ്റ് ഒന്നുമുതൽ ഇതുവരെ എത്ര ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് കെ.എസ്.ഇ.ബി. പവർ എക്സ്ചേയ്ഞ്ച് വഴി വിറ്റഴിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വൈദ്യുതി യൂണിറ്റ് ഒന്നിന് എന്ത് വിലയ്ക്കാണ് വിറ്റത്; അതിലൂടെ കെ.എസ്.ഇ.ബി.-ക്ക് എന്ത് വരുമാനം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാലവർഷത്തിൽ സംസ്ഥാനത്തെ ഡാമുകൾ നിറഞ്ഞ സാഹചര്യത്തിൽ 2018 ജൂലൈ അവസാനവാരം മുതൽ 2018 സെപ്റ്റംബർ 10-ാം തീയതി വരെ വൈദ്യുതി ഉല്പാദനം പരമാവധി എത്തിക്കാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് സാധിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 2018 ആഗസ്റ്റ് ഒന്നുമുതൽ ഇതുവരെ 317 ദശലക്ഷം യൂണിറ്റ് വൈദ്യുതി പവർ എക്സ്ചേഞ്ച് വഴി വിറ്റഴിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത വൈദ്യുതി യൂണിറ്റൊന്നിന് ശരാശരി 4.15 രൂപ നിരക്കിലാണ് വിറ്റഴിച്ചിട്ടുള്ളത്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ഇതിലൂടെ ഏകദേശം 131.73 കോടി രൂപ വരുമാനം ലഭിച്ചിട്ടുണ്ട്.

## വൈദ്യുതോല്പാദനത്തിന് നൂതന മാർഗ്ഗങ്ങൾ

266 (663) ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. പി. കെ. ശശി:
ശ്രീ. എ. എൻ. ഷംസീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിന് വൈദ്യുതോല്പാദനത്തിനായി എന്തെല്ലാം നൂതന മാർഗ്ഗങ്ങളാണ് അവലംബിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ഖരമാലിന്യത്തിൽനിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനായി ഏതെല്ലാം സ്ഥലങ്ങളിലാണ് സംസ്കരണ പ്ലാൻഡുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇപ്രകാരം ഉല്പാദിപ്പിക്കാൻ സാധിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നതെന്നും ഇതിനായുള്ള ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിനായി വിവിധ സൗരോർജ്ജ പദ്ധതികളിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ. നടത്തി വരുന്നു. നിർമ്മാണം പൂർത്തീകരിച്ചതും നിർമ്മാണം നടന്നുവരുന്നതുമായ സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് വൈദ്യുതോല്പാദനത്തിനായി ഖരമാലിന്യങ്ങൾ സംസ്കരിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന നൂതനമാർഗ്ഗം വിഭാവനം ചെയ്യുന്നുണ്ട്.

ഉയര വ്യത്യാസം കുറഞ്ഞ ചെറുപുഴകൾ, തോടുകൾ, ജലസേചന കനാലുകൾ ഇവയിലെ ജലത്തിന്റെ ഒഴുക്ക് ഉപയോഗിച്ച് കൊണ്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്ന നവീന രീതിയാണ്, വോർട്ടെക്സ് സാങ്കേതിക വിദ്യ. തിരുവനന്തപുരം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കോർപ്പറേഷന്റെ കാഞ്ഞിരംപാറ വാർഡിൽ കാട്ടുവെട്ടി എന്ന സ്ഥലത്ത് കിള്ളിയാറിൽ ഇത്തരത്തിലുള്ള 10KW-ന്റെ രണ്ട് വോർട്ടെക്സ് ടർബയിനുകൾ സ്ഥാപിച്ചു കഴിഞ്ഞു. ഇതിന്റെ ടെസ്റ്റിംഗ്, കമ്മീഷനിംഗ് പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. ഒഴുകുന്ന വെള്ളത്തിന്റെ ശക്തി (velocity) ഉപയോഗിച്ച് ടർബയിൻ (കൈനറ്റിക്) കറക്കി വൈദ്യുതി ഉല്പാദിപ്പിക്കുന്ന മറ്റൊരു നവീനരീതി ഇ.എം.സി. കക്കാട് ജലവൈദ്യുത പദ്ധതിയുടെ ടെയിൽ റേസിൽ, (5KW ശേഷിയുള്ള 5 കൈനറ്റിക് ടർബയിനുകൾ) സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള ഓർഡർ നൽകിക്കഴിഞ്ഞു. ചെറിയ കാറ്റാടി യന്ത്രത്തിന്റെ മാതൃകയിലുള്ള ഈ ടർബയിൻ വെള്ളത്തിൽ മുക്കിയിടുന്ന മാതിരിയാണ് ഇതിന്റെ പ്രവർത്തന രീതി. ഇ.എം.സി. ഇത്തരത്തിലുള്ള 4 ടർബയിനുകൾ കൺസൽട്ടൻസി വർക്കായി കേന്ദ്ര സർക്കാർ സ്ഥാപനമായ തമിഴ്നാട്ടിലെ നെയ്‌വേലി ലിഗ്നൈറ്റ് കമ്പനിയുടെ കൂളിംഗ് ചാനലിൽ വിജയകരമായി സ്ഥാപിക്കുകയും ഇത് കഴിഞ്ഞ ഒരു വർഷമായി ഒരു ലക്ഷത്തിലധികം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുകയും ഉണ്ടായി.

ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിനായി നൂതന ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, കാറ്റ് എന്നിവയിലൂടെ പരമാവധി വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള ശ്രമങ്ങൾ അനർട്ട് വഴി നടത്തി വരുന്നു. ഇതിനോടകം സംസ്ഥാനത്ത് സൗരോർജ്ജത്തിൽനിന്നും 150 മെഗാവാട്ട് വൈദ്യുതിയും കാറ്റിൽനിന്നും 59.725 മെഗാവാട്ട് വൈദ്യുതിയും ഉല്പാദിപ്പിച്ചിട്ടുണ്ട്. 'ഊർജ്ജ കേരള മിഷൻ' പദ്ധതി പ്രകാരം വരുന്ന 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽനിന്ന് ഉല്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽനിന്നും ഉല്പാദിപ്പിക്കുകയാണ് ലക്ഷ്യം. പാഴ്നിലങ്ങളിൽ വലിയ സൗരോർജ്ജ പ്ലാൻഡുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനും കെ.എസ്.ഇ.ബി.എൽ.-ഉം അനർട്ടും സംയുക്തമായി നടപ്പിലാക്കുന്ന 'ഊർജ്ജമിഷൻ-സൗര' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

പുരപ്പുറ സൗര വൈദ്യുത പദ്ധതി ലക്ഷ്യംനേടുന്നതിന് വലിയ തോതിലുള്ള ബഹുജന പങ്കാളിത്തം ആവശ്യമാണ്. ഇതിനായി അനെർട്ട് www.buymysun.com എന്ന പേരിൽ ഒരു ഇലക്ട്രോണിക് മാർക്കറ്റ് പ്ലെയ്സ് ആരംഭിച്ചിട്ടുണ്ട്. ഇതുവഴി ലോകത്തിന്റെ ഏത് കോണിലിരിക്കുന്ന മലയാളികൾക്കും അവരുടെ കേരളത്തിലുള്ള വീടിനുമുകളിൽ സൗരവൈദ്യുത നിലയം സ്ഥാപിക്കുവാൻ സാധിക്കുന്നതാണ്. പൊതുജനങ്ങൾക്ക് ഈ കാര്യങ്ങളെക്കുറിച്ച് കൂടുതൽ അറിവ് നൽകുന്നതിനായി പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽക്കൂടി വ്യാപകമായ പ്രചരണം നടത്തിവരുന്നു.

(ബി&സി) ഉണ്ട്. ഖരമാലിന്യ സംസ്കരണ പ്ലാൻഡുകൾ താഴെപ്പറയുന്ന സ്ഥലങ്ങളിലാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്.

(1) ബ്രഹ്മപുരം, കൊച്ചി - 9.76 MW

(2) പെരിങ്ങമല, തിരുവനന്തപുരം - 5 MW

(3) ലാലൂർ, തൃശ്ശൂർ -5 MW

(4) കഞ്ചിക്കോട്, പാലക്കാട് - 5 MW

(5) ഞെളിയൻപറമ്പ്, കോഴിക്കോട് - 5 MW

(6) ചെലോറ, കണ്ണൂർ - 5 MW

(7) കുരീപ്പുഴ, കൊല്ലം - 5 MW

(8) പാണക്കാട്, മലപ്പുറം - 5 MW

(9) ഇവ കൂടാതെ വയനാട്ടിലും ഒരു സംസ്കരണ പ്ലാൻഡ് സ്ഥാപിക്കാൻ ധാരണയായിട്ടുണ്ട്.

(ഡി) മേൽസൂചിപ്പിച്ച (2) മുതൽ (8) വരെയുള്ള പദ്ധതികൾ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (KSIDC)-നെ നോഡൽ ഏജൻസിയായി നിയോഗിച്ച് അതതുസ്ഥലങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കൺസെഷനെയറിന്റെയും സഹകരണത്തോടെയാണ് നടപ്പാക്കുന്നത്. ചീഫ് സെക്രട്ടറി അധ്യക്ഷനായ സംസ്ഥാന തല ഉപദേശക സമിതിയുടെ തീരുമാനപ്രകാരം പദ്ധതിയുടെ ആദ്യഘട്ടത്തിൽ കോഴിക്കോട് ജില്ലയിലാണ് മേൽപ്പറഞ്ഞ രീതിയിലുള്ള പ്ലാൻഡ് സ്ഥാപിക്കുവാൻ തീരുമാനിച്ചിരിക്കുന്നത്. ഇതിനായുള്ള ടെണ്ടർ നടപടികൾക്ക് 22-11-2018-ലെ 174/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലൂടെ സർക്കാർ അംഗീകാരം നൽകുകയും ആയത് 23-11-2018-ൽ സർക്കാർ ഇ-ടെണ്ടർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ട്. ബാക്കിയുള്ള സ്ഥലങ്ങളിലേയ്ക്കുള്ള ടെണ്ടറുകൾ തുടർഘട്ടങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും. 9.76 MW സ്ഥാപിത ശേഷിയുള്ള ബ്രഹ്മപുരത്തെ സംസ്കരണ പ്ലാൻഡ് സ്ഥാപിക്കുന്നതിന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷനും ജി.ജെ. എക്കോ പവർ ലിമിറ്റഡ് എന്ന സ്ഥാപനവും ചേർന്ന് 17-2-2016-ൽ കൺസെഷൻ എഗ്രിമെന്റ് ഒപ്പിട്ടിട്ടുണ്ട്. വയനാട്ടിൽ പ്ലാൻഡ് സ്ഥാപിക്കുന്നതിന് സുൽത്താൻബത്തേരി നഗരസഭയും ഡിഡാസ്ക് ബയോ എനർജി പ്രൈവറ്റ് ലിമിറ്റഡും തമ്മിൽ 30-12-2016-ൽ കരാർ ഒപ്പിട്ടിട്ടുണ്ട്. ഇത്തരം പദ്ധതികളിൽനിന്നും സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ വൈദ്യുതി വാങ്ങൽ കരാറിൽ ഏർപ്പെടുന്നതാണ് കെ.എസ്.ഇ.ബി.എൽ.-ന്റെ ചുമതല.

## വൈദ്യുതി നിരക്ക് വർദ്ധന

267 (664) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷവും 2020-21-ലും വൈദ്യുതി നിരക്ക് കൂട്ടണമെന്നാവശ്യപ്പെട്ട് വൈദ്യുതി ബോർഡ് വൈദ്യുതി റഗുലേറ്ററി കമ്മീഷന് കത്ത് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വർഷം ഗാർഹിക ഉപഭോക്താക്കൾക്ക് യൂണിറ്റിന് എത്ര പൈസയുടെ വർദ്ധനവ് വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഈ വർഷം വ്യവസായ മേഖലയിലെ ഡിമാന്റ് ചാർജ് ഒരു കെ.വി.എ ലോഡിന് 300 രൂപയിൽനിന്ന് 600 രൂപയാക്കാൻ തീരുമാനമുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത നിരക്ക് വർദ്ധനവിലൂടെ മൊത്തം എത്ര കോടി രൂപയുടെ അധികവരുമാനമാണ് കെ.എസ്.ഇ.ബി പ്രതീക്ഷിക്കുന്നത്;

(ഇ) പ്രളയകാലത്ത് അണക്കെട്ടുകൾ നിറഞ്ഞതിനുശേഷവും ഇത്തരത്തിൽ നിരക്ക് വർദ്ധിപ്പിക്കേണ്ട സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് റഗുലേഷൻ, 2018 പ്രകാരം, 2018-19 മുതൽ നാല് വർഷത്തേയ്ക്ക് മതിപ്പ് വരവുചെലവുകൾ അനുവദിക്കുന്നതിനും താരിഫ് പുതുക്കുന്നതിനുമുള്ള അപേക്ഷ വൈദ്യുതി ബോർഡ് 31-10-2018-ന് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷയിൽ ഗാർഹിക ഉപഭോക്താക്കൾക്കുള്ള താരിഫ് താഴെപ്പറയും പ്രകാരം പുതുക്കണമെന്നാണ് അപേക്ഷിച്ചിട്ടുള്ളത്.

| എനർജി ചാർജ്ജ് | | | | |
|---|---|---|---|---|
| പ്രതിമാസ ഉപഭോഗം (യൂണിറ്റ്) | നിലവിലെ നിരക്ക് (രൂപ) | പുതിയ നിരക്ക് (രൂപ) | വർദ്ധനവ് (പൈസ) | കുറിപ്പ് |
| (1) | (2) | (3) | (4) | (5) |
| 0-40 | 1.50 | 1.50 | ഇല്ല | ടെലസ്കോപ്പിക് |
| 0-50 | 2.90 | 3.50 | 60 | ടെലസ്കോപ്പിക് |
| 51-100 | 3.40 | 4.20 | 80 | ടെലസ്കോപ്പിക് |
| 101-150 | 4.50 | 5.20 | 70 | ടെലസ്കോപ്പിക് |
| 151-200 | 6.10 | 5.80 | -30 | ടെലസ്കോപ്പിക് |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 201-250 | 7.30 | 6.50 | -80 | ടെലസ്കോപ്പിക് |
| 251-300 | 5.50 | 5.95 | 45 | നോൺ-ടെലസ്കോപ്പിക് |
| 0-300 | 6.20 | 6.30 | 10 | നോൺ-ടെലസ്കോപ്പിക് |
| 0-400 | 6.50 | 6.45 | -5 | നോൺ-ടെലസ്കോപ്പിക് |
| 0-500 | 6.70 | 6.65 | -5 | നോൺ-ടെലസ്കോപ്പിക് |
| >500 | 7.50 | 6.90 | -60 | നോൺ-ടെലസ്കോപ്പിക് |

| ഫിക്സഡ് ചാർജ്ജ് | | | | |
|---|---|---|---|---|
| 0-50 | 35* | 50* | 15 | സിംഗിൾ ഫേസ് |
| 150-ന് മുകളിൽ | 75 | 100 | 25 | സിംഗിൾ ഫേസ് |
| 0-150 | 90 | 120 | 30 | ത്രീ ഫേസ് |
| 150-ന് മുകളിൽ | 130 | 160 | 30 | ത്രീ ഫേസ് |
| *പ്രതിമാസ നിരക്ക് | | | | |

(സി) ഉണ്ട്. ലോ-ടെൻഷൻ വ്യാവസായിക ഉപഭോക്താക്കൾക്ക് പ്രതിമാസ ഡിമാന്റ് ചാർജ്ജ് 300 രൂപയിൽനിന്ന് 600 രൂപയാക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ താരിഫ് ഘടന ലഘൂകരിക്കുന്നതിനും ഏകീകരിക്കുന്നതിനും നിയോഗിച്ച രണ്ട് വ്യത്യസ്ത കമ്മിറ്റികളുടെ നിർദ്ദേശങ്ങളിൽ വൈദ്യുത കമ്പനികളുടെ സ്ഥിരച്ചെലവുകൾ (Fixed Costs) പൂർണ്ണമായും ഫിക്സഡ്/ഡിമാന്റ് ചാർജ്ജുകളായിത്തന്നെ താരിഫുകളിൽ ഉൾക്കൊള്ളിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ, ഇത് 25 ശതമാനം മാത്രമാണ് ഈ ഇനത്തിൽ താരിഫിൽ ആവശ്യപ്പെട്ടിട്ടുള്ളത്. (നിലവിൽ ഇത് 14 ശതമാനം മാത്രമാണ്). ഇതുമൂലം വ്യാവസായിക ഉപഭോക്താക്കൾക്കുണ്ടാകാനിടയുള്ള അധികഭാരം ലഘൂകരിക്കാനായി എനർജി ചാർജ്ജ് (ഉപയോഗിക്കുന്ന വൈദ്യുതിക്കുള്ള നിരക്ക്) യൂണിറ്റിന് നിലവിലുള്ള 5.50 രൂപയിൽനിന്നും 4.90 രൂപയായി കുറയ്ക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) 2018-19, 2020-21 സാമ്പത്തിക വർഷങ്ങളിൽ താരിഫ് പുതുക്കുന്നത് വഴി യഥാക്രമം, 1101.72 കോടി, 700.44 കോടി വീതം രൂപയുടെ അധിക വരവിനാണ് വൈദ്യുതി ബോർഡ് അപേക്ഷിച്ചിട്ടുള്ളത്. എന്നാൽ ബോർഡിന്റെ വരവ്-ചെലവ് കണക്കുകൾ സൂക്ഷ്മ പരിശോധന നടത്തി, വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്ന പൊതു തെളിവെടുപ്പിൽ ജനങ്ങളിൽനിന്ന് ലഭിക്കുന്ന അഭിപ്രായങ്ങൾകൂടി പരിഗണിച്ചാണ് റെഗുലേറ്ററി കമ്മീഷൻ അന്തിമമായി താരിഫ് പുനർ നിർണ്ണയം നടത്താറുള്ളത്.

(ഇ) കേരളത്തിൽ പ്രതിവർഷം ആവശ്യമായ വൈദ്യുതിയുടെ ഉദ്ദേശം 31.5 ശതമാനം മാത്രമാണ് വൈദ്യുതി ബോർഡിന്റെ നിലയങ്ങളിൽനിന്ന് ഉല്പാദിപ്പിക്കുവാൻ കഴിയുന്നത്. പുറമേനിന്ന് വൈദ്യുതി വാങ്ങിയാണ് ബാക്കി ആവശ്യങ്ങൾ നിറവേറ്റുന്നത്. ഇപ്രകാരം വൈദ്യുതി വാങ്ങുന്നതിന് പ്രതിവർഷ മൊത്ത ചെലവിന്റെ ഉദ്ദേശം 68.5 ശതമാനം തുക ഉപയോഗിക്കേണ്ടി വരുന്നു. അധിക മഴയുടെ ലഭ്യത, വൈദ്യുതി വാങ്ങൽ ചെലവ് പൂർണ്ണമായും ഇല്ലാതാക്കാൻ മതിയാകുന്നതല്ല.

റെഗുലേറ്ററി കമ്മീഷൻ, വൈദ്യുതി നിരക്ക് പുതുക്കുന്നത്, വൈദ്യുതിയുടെ ഉല്പാദന-വാങ്ങൽ ചെലവുകൾക്കുപുറമെ, പ്രവർത്തന-പരിപാലന ചെലവുകൾ, സാമ്പത്തിക - പലിശ ചെലവുകൾ, തേയ്മാന ചെലവുകൾ, മൂലധന ഓഹരിയുടെ മടക്കവിഹിതം (Return) തുടങ്ങിയവ അടങ്ങിയ മൊത്തം ചെലവുകളും നിലവിലുള്ള മൊത്തവരുമാനവും തമ്മിലുള്ള അന്തരം പരിഗണിച്ചുകൊണ്ടാണ് അപ്രകാരം കണക്കാക്കുമ്പോൾ ഈ സാമ്പത്തിക വർഷം തൊട്ട് നാലുവർഷത്തേയ്ക്ക് യഥാക്രമം 1100.70 കോടി രൂപ, 1399.05 കോടി രൂപ, 2065.28 കോടി രൂപ, 2518.92 കോടി രൂപ എന്നിങ്ങനെയാണ് വരുമാന വിടവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നത്. കൂടാതെ മുൻ വർഷങ്ങളിൽ താരിഫ് ഷോക്ക് ഒഴിവാക്കി വർദ്ധനവ് മിതമാക്കുന്നതിനായി വച്ചിരുന്ന തുക ഉദ്ദേശം 5645 കോടി രൂപ ആയിരിക്കുന്നു. ഈ സാമ്പത്തിക വിടവുകൾ ഭാഗികമായെങ്കിലും നികത്തേണ്ടത് വൈദ്യുതി ബോർഡിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യമാണ്. അതിനാലാണ് താരിഫ് പുതുക്കാൻ അപേക്ഷ സമർപ്പിച്ചിരിക്കുന്നത്.

**വൈദ്യുതി ചാർജ് വർദ്ധനവ്**

268 (665) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>:
<u>ശ്രീ. കെ. എം. ഷാജി</u>:
<u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ് വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് വൈദ്യുതി ബോർഡ് വൈദ്യുതി റെഗുലേറ്ററി കമ്മീഷന് അപേക്ഷ നൽകിയിട്ടുണ്ടോ;

(ബി) ഏതെല്ലാം നിരക്കിൽ എന്നുമുതൽ വർദ്ധനവ് വരുത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) നിരക്കുവർദ്ധനവിൽനിന്നും ഗാർഹിക ഉപഭോക്താക്കളെ ഒഴിവാക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 05-12-2018-ൽ പുറത്തിറക്കിയ താരിഫ് ചട്ടങ്ങൾ പ്രകാരം 2018-19 മുതൽ 4 വർഷത്തേയ്ക്കുള്ള മതിപ്പ് വരവുചെലവുകൾ അനുവദിക്കുന്നതിനും താരിഫ് പരിഷ്കരിക്കുന്നതിനുമുള്ള അപേക്ഷ 31-10-2018-ൽ കെ.എസ്.ഇ.ബി. ലിമിറ്റഡ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

(ബി) ഗാർഹിക വിഭാഗത്തിൽ, പ്രതിമാസം 40 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെയും താൽക്കാലിക എക്സ്റ്റൻഷൻ [എൽ.ടി. III (B)] പരസ്യബോർഡുകൾ [എൽ.ടി. IX] എന്നീ വിഭാഗം ഉപഭോക്താക്കളുടെയും ഒഴികെയുള്ളവരുടെ, വൈദ്യുതി ചാർജ് പുതുക്കുന്നതിനുള്ള അപേക്ഷയാണ് വൈദ്യുതി ബോർഡ് നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് ചട്ടങ്ങൾ പ്രകാരം, 2018-19 മുതൽ 2021-22 വരെയുള്ള നാല് വർഷത്തേയ്ക്കുള്ള താരിഫ് പരിഷ്കരണ നിർദ്ദേശങ്ങൾ സമർപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും, 2018-19-ലും 2020-21-ലും മാത്രമെ താരിഫ് പരിഷ്കരിക്കണമെന്ന് കെ.എസ്.ഇ.ബി.എൽ. ആവശ്യപ്പെട്ടിട്ടുള്ളൂ. എന്നാൽ റെഗുലേറ്ററി കമ്മീഷൻ വിവിധ കേന്ദ്രങ്ങളിൽ വച്ച് പൊതു തെളിവെടുപ്പും കർശനമായ പരിശോധനയും നടത്തിയാണ് താരിഫ് പരിഷ്കരണ ഉത്തരവുകൾ നൽകുന്നത്. അത് എന്നുമുതൽ പ്രാബല്യത്തിൽവരണമെന്ന് കമ്മീഷനാണ് നിശ്ചയിക്കുന്നത്.

(സി) വൈദ്യുതി ബോർഡിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി പരിഗണിക്കുമ്പോഴും കേന്ദ്ര സർക്കാർ നിയമിച്ച കമ്മിറ്റികളുടെ നിർദ്ദേശപ്രകാരവും ഗാർഹിക ഉപഭോക്താക്കളെ താരിഫ് പരിഷ്കരണത്തിൽനിന്ന് ഒഴിവാക്കാനാകില്ല. എന്നാൽ ഇപ്പോൾത്തന്നെ 500 വാട്സ് വരെ ലോഡുള്ളതും ശരാശരി പ്രതിമാസം 20 യൂണിറ്റിൽ കുറവ് ഉപയോഗമുള്ളതുമായ ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ് പൂർണ്ണമായും സൗജന്യമാണ്. അത് തുടരാനാണ് കമ്മീഷനോട് അപേക്ഷിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അതുപോലെ പ്രതിമാസം 40 യൂണിറ്റ് (1000 വാട്സ് വരെ) വരെ ഉപയോഗിക്കുന്ന ബി.പി.എൽ. ഉപഭോക്താക്കളുടെ നിലവിലെ യൂണിറ്റിന് 1.50 രൂപാനിരക്കും തുടരണമെന്ന് അപേക്ഷിച്ചിട്ടുണ്ട്.

റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവനുസരിച്ച്, ഒരു യൂണിറ്റ് വൈദ്യുതി ഉപഭോക്താവിന് നൽകുന്നതിന് ശരാശരി ചെലവ് (Average cost of supply) 5.26 രൂപയാണ്. എന്നാൽ ഗാർഹിക വിഭാഗത്തിൽനിന്ന് ലഭിക്കുന്ന വരുമാനം യൂണിറ്റിന് 4.13 രൂപയാണ്. ഇതുമൂലം, ഉദ്ദേശം 1200 കോടിയോളം രൂപയുടെ വരുമാന നഷ്ടമുണ്ടെന്നാണ് കണക്കാക്കുന്നത്. എന്നാൽ ഗാർഹികേതര വിഭാഗങ്ങളുടെ താരിഫ് മേൽപ്പറഞ്ഞ ശരാശരി ചെലവിനേക്കാൾ ഉയർത്തിയാണ് ഈ വരുമാന നഷ്ടം ഒരളവുവരെ പരിഹരിക്കുന്നത്. എന്നാൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച താരിഫ് പോളിസി പ്രകാരം, വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് ശരാശരി ചെലവിന്റെ 20%-ൽ കുറയാനും 20% കൂടുവാനും പാടില്ലെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. മേൽ സൂചിപ്പിച്ച വരുമാന നഷ്ടം ഒരളവുവരെ കുറയ്ക്കുന്നതിനും ഗാർഹികേതര ഉപഭോക്താക്കളുടെ താരിഫ് മേൽപ്പറഞ്ഞ 20%-നുള്ളിൽ പരിമിതപ്പെടുത്തുന്നതിനും പ്രതിവർഷം ഉണ്ടാവുന്ന പൊതുവിലവർദ്ധനവ് പരിഗണിച്ചുമാണ് ഇപ്പോൾ താരിഫ് പുതുക്കുന്നതിന് അപേക്ഷിച്ചിട്ടുള്ളത്.

2018-19 സാമ്പത്തിക വർഷത്തെ വരുമാന നഷ്ടം 1100.70 കോടി രൂപ വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. വരുമാനകമ്മി യഥാസമയം നികത്തേണ്ടത് കെ.എസ്.ഇ.ബി.എൽ.-ന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യമാണ്. അതിനാലാണ് മിതമായ താരിഫ് പരിഷ്കരണത്തിന് അപേക്ഷ നൽകിയത്.

## വൈദ്യുതി നിരക്കുവർദ്ധനവ്

269 (666) ശ്രീ. ടി. എ. അഹമ്മദ് കബീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. പി. ഉബൈദുള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ൽ കേരളത്തിനു പുറത്തുനിന്നും വിലകൂടിയ താപ വൈദ്യുതി വാങ്ങിയതിന് അധികം ചെലവായ തുക ഉപഭോക്താക്കളിൽനിന്നും ഇടാക്കുന്നതിന് കെ.എസ്.ഇ.ബി. തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ യൂണിറ്റിന് എന്തു നിരക്കിലാണ് തുക ഈടാക്കി വരുന്നത്;

(സി) പ്രസ്തുത നിരക്കുവർദ്ധനവിൽനിന്നും ഗാർഹിക ഉപഭോക്താക്കളെ പൂർണ്ണമായും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, 2014 നവംബർ 14-ാം തീയതി പുറപ്പെടുവിച്ച ഉത്തരവുപ്രകാരമാണ് താപവൈദ്യുതിയുടെ അധികച്ചെലവ് ഇന്ധന സർചാർജായി ഈടാക്കുന്നത്. താരിഫ് റഗുലേഷനിലെ 88-ാം ചട്ടം പ്രകാരം റഗുലേറ്ററി കമ്മീഷൻ 13-8-2018-ലെയും 21-8-2018-ലെയും ഉത്തരവുപ്രകാരം 2017-18 സാമ്പത്തിക വർഷത്തിലേയ്ക്ക് 180.55 കോടി രൂപ അധിക ബാധ്യതയായി അനുവദിക്കുകയും, പ്രസ്തുത തുകയിൽ 81.65 കോടി രൂപ, ഇന്ധന സർചാർജ് ആയി യൂണിറ്റിന് 15 പൈസ നിരക്കിൽ ഈടാക്കാൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രതിമാസം 20 യൂണിറ്റുവരെ ഉപയോഗിക്കുന്ന 500 വാട്ട്സ് ലോഡുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഇത് ബാധകമല്ല. 16-8-2018 മുതൽ കമ്മീഷൻ അംഗീകരിച്ച ഇന്ധന സർചാർജ് ഈടാക്കി വരുന്നുണ്ട്.

(സി) വൈദ്യുതി നിയമം 2003 പ്രകാരം, താരിഫ് നിർണ്ണയിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിരക്കുകൾ കുറയ്ക്കുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ സംസ്ഥാന ഗവൺമെന്റുകൾക്കും വിതരണ ലൈസൻസികൾക്കും അധികാരമില്ല.

## വൈദ്യുതി ചാർജ് സംബന്ധിച്ച് കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശങ്ങൾ

270 (667) ശ്രീ. പി. ടി. തോമസ്:
ശ്രീ. വി. ടി. ബൽറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വൈദ്യുതി ഉപഭോക്താവിൽനിന്നും വൈദ്യുതി ചാർജ്ജ് വർദ്ധനവ് ഈടാക്കുന്നത് സംബന്ധിച്ച് കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ എന്തെങ്കിലും നിർദ്ദേശം നൽകാറുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ അഞ്ച് വർഷം ഇത് സംബന്ധിച്ച് നൽകിയ നിർദ്ദേശങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ ആ നിർദ്ദേശങ്ങൾ പാലിച്ചാണോ കേരളത്തിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നത്; അല്ലെങ്കിൽ എന്തുകൊണ്ട്;

(സി) ഒരു യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന്റെ കേരളത്തിലെ ചെലവ് എത്ര പൈസയാണ്; ഈയിനത്തിൽ ദേശീയ ശരാശരി എത്ര പൈസയാണ്;വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കേരളത്തിലെ വൈദ്യുത ഉപഭോക്താക്കളുടെ താരിഫ് വർദ്ധനവിനെ സംബന്ധിച്ച് യാതൊരുവിധ നിർദ്ദേശങ്ങളും കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നാളിതുവരെ നൽകിയിട്ടില്ല. എന്നാൽ വൈദ്യുതി താരിഫ് നിർണ്ണയിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ താരിഫ് നയം അംഗീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ താരിഫ് നയം മാനദണ്ഡമാക്കി വേണം വൈദ്യുതി താരിഫുകൾ നിർണ്ണയിക്കേണ്ടതെന്ന് ഇലക്ട്രിസിറ്റി ആക്ട് 2003 വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥകൾക്കുള്ളിൽനിന്ന് താരിഫ് നിർണ്ണയിക്കുന്നതിനുള്ള ചുമതല സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്.

(സി) കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ കണക്കുകൾ പ്രകാരം 2017-18-ൽ കേരളത്തിൽ ഒരു യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ച് വിതരണം ചെയ്തതിന് 6.32 രൂപ ചെലവായിട്ടുണ്ട്.

ലഭ്യമായ കണക്കുകൾ പ്രകാരം 2015-16-ലെ ദേശീയ ശരാശരി 543 പൈസയാണ്, തുടർന്നുള്ള വർഷങ്ങളിലെ കണക്ക് ലഭ്യമായിട്ടില്ല.

**ഗാർഹിക ഉപഭോക്താക്കൾക്കുള്ള വൈദ്യുതി സബ്സിഡി**

271 (668) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> :
<u>ശ്രീ. കെ. എൻ. എ. ഖാദർ</u> :
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> :
<u>ശ്രീ. പി. കെ. ബഷീർ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക ഉപഭോക്താക്കൾക്ക് നൽകുന്ന വൈദ്യുതി സബ്സിഡി കുറയ്ക്കണമെന്നും സബ്സിഡി തുക ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യണമെന്നും കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ നൽകിവരുന്ന ക്രോസ് സബ്സിഡി നിരക്കിൽ മാറ്റം വരുത്തണമെന്ന നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(സി) കേന്ദ്ര നിർദ്ദേശം നടപ്പാക്കുമ്പോൾ ഗാർഹിക ഉപഭോക്താക്കൾക്ക് സാമ്പത്തിക ബാധ്യത ഉണ്ടാകാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2003-ലെ വൈദ്യുതി നിയമത്തിൽ 61 (g) എന്ന വകുപ്പിൽ 2007-ൽ വരുത്തിയ ഭേദഗതി പ്രകാരം വൈദ്യുതി താരിഫ്, വൈദ്യുതി നൽകുന്നതിനുള്ള ശരാശരി ചെലവ് (ACOS) പ്രതിഫലിക്കത്തക്കവിധം, അതത്

കമ്മീഷൻ നിശ്ചയിച്ചിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2016-ലെ കേന്ദ്രസർക്കാരിന്റെ താരിഫ് നയത്തിൽ വൈദ്യുതി ഉപഭോക്താക്കളുടെ താരിഫ്, ശരാശരി ചെലവിന്റെ $\pm 20\%$-നുള്ളിൽ കൊണ്ടുവരുന്നതിനുള്ള മാർഗ്ഗരേഖ അതത് കമ്മീഷൻ പുറപ്പെടുവിക്കണമെന്ന് നിർദ്ദേശമുണ്ട്. (ഖണ്ഡിക 8.3)

30-5-2018-ലെ കരട് നയഭേദഗതിയിൽ 1-4-2019 മുതൽ ക്രോസ് സബ്സിഡികൾ ക്രമമായി കുറച്ച് ശരാശരി ചെലവിന്റെ $\pm 20\%$-നുള്ളിൽ എത്തുന്നത് ഉറപ്പാക്കണം എന്നുപറയുന്നുണ്ട്. കൂടാതെ 2016-ലെ നയത്തിൽ ക്രോസ് സബ്സിഡിയെ അപേക്ഷിച്ച് നേരിട്ടുള്ള സബ്സിഡിയാണ് മെച്ചം എന്ന് 30-5-2018-ലെ കരട് ഭേദഗതിയിൽ [ഖണ്ഡിക 8.3 (A) (10)] സംസ്ഥാന സർക്കാർ നൽകാൻ ഉദ്ദേശിക്കുന്ന സബ്സിഡി അതതു വിഭാഗം ഉപഭോക്താവിന് നേരിട്ട് കൈമാറ്റം ചെയ്യുന്ന സമ്പ്രദായം (Direct Benefit Transfer Scheme) വഴി വേണമെന്നും പറയുന്നുണ്ട്. എന്നാൽ 2003-ലെ ഇലക്ട്രിസിറ്റി നിയമത്തിന് വിരുദ്ധമായതിനാലും നിലവിലുള്ള വിവിധ വിഭാഗങ്ങൾ തമ്മിലുള്ള (Intra class) ക്രോസ് സബ്സിഡി കുറവുവരുത്താൻ കഴിയാത്തതിനാലും ഗാർഹിക ഉപഭോക്താക്കളെ ദോഷകരമായി ബാധിക്കുമെന്നതിനാലും ഈ നിർദ്ദേശങ്ങൾ ഒഴിവാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ഭൂരിഭാഗം വരുന്ന ഗാർഹിക ഉപഭോക്താക്കളെയും താരിഫ് പോളിസിയിൽ നിർദ്ദേശിച്ചിരിക്കുന്ന ഭേദഗതികൾ ദോഷകരമായി ബാധിക്കുമെന്നതിനാൽ, അത് നീക്കംചെയ്യണമെന്ന് കെ.എസ്.ഇ.ബി.എൽ. കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## വൈദ്യുതി ചാർജ്ജിനത്തിനുള്ള കുടിശ്ശിക

272 (669) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യ്ക്ക് സ്വകാര്യമേഖലയിൽനിന്നും ഗാർഹിക ഉപഭോക്താക്കളിൽനിന്നും വൈദ്യുതി ചാർജ്ജിനത്തിൽ ലഭിക്കേണ്ടതും ദീർഘകാലമായി കുടിശ്ശികയുള്ളതുമായ തുകകൾ ഈടാക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ദീർഘകാല കുടിശ്ശികകൾ ഈടാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ&ബി) കുടിശ്ശിക തുക ഈടാക്കുന്നതിനായി കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടെയും കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടെയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശിപാർശ നൽകുകയും ചെയ്യുന്നുണ്ട്. കാലാകാലങ്ങളിൽ KSERC-യുടെ അനുമതിയോടുകൂടി കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ച് ഉപഭോക്താക്കളിൽനിന്നും KSEBL കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിച്ചിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2016-ൽ ഒരുതവണ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയതിനുപുറമെ 8-6-2018-ലും പലിശയിനത്തിൽ ഇളവുകൾ നൽകി ബോർഡ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. കോടതിയിൽ വ്യവഹാരത്തിലുള്ള ഉപഭോക്താക്കൾക്കും റവന്യൂ റിക്കവറി നടപടികൾക്ക് ശിപാർശ കൊടുത്തിട്ടുള്ള ഉപഭോക്താക്കൾക്കുംകൂടി പ്രസ്തുത പദ്ധതി ഉപയോഗിക്കാനുള്ള അവസരവും ഇതുപ്രകാരം നൽകിയിട്ടുണ്ട്. കോടതിയിൽ വ്യവഹാരത്തിലുള്ള കുടിശ്ശികകളും മറ്റുതരത്തിൽ തർക്കത്തിൽ കിടക്കുന്ന കുടിശ്ശികകളും തീർപ്പാക്കുവാനായി വ്യക്തമായ മാർഗ്ഗരേഖകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഉത്തരവ് ബോർഡ് 20-8-2018-ന് പുറപ്പെടുവിച്ചിട്ടുണ്ട്. കുടിശ്ശികകൾ തീർപ്പാക്കുവാനായി നിയോഗിച്ചിട്ടുള്ള ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരുടെ കീഴിലുള്ള ജില്ലാതല കമ്മിറ്റികൾക്ക് ഇത്തരത്തിലുള്ള കുടിശ്ശികയുടെ മുതലിനത്തിൽ തന്നെ ഇളവുകൾ അടക്കം അനുവദിക്കുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്. നിലവിലെ പദ്ധതിക്ക് 31-12-2018 വരെ പ്രാബല്യമുണ്ട്.

**വാമനപുരം വനമേഖലയിലൂടെ വൈദ്യുതി ലൈനുകൾ**

273 (670) ശ്രീ. ഡി. കെ. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം വനമേഖലയിലൂടെ വൈദ്യുതി ലൈനുകൾ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമായ നിലവിലെ അപേക്ഷകളുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളുടെ നിലവിലെ സ്ഥിതി വ്യക്കമാക്കുമോ; ടി അപേക്ഷകൾ എന്നത്തേയ്ക്ക് തീർപ്പു കൽപ്പിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വാമനപുരം നിയോജകമണ്ഡലത്തിൽ ഫോറസ്റ്റ് ക്ലിയറൻസുമായി ബന്ധപ്പെട്ട് 4 അപേക്ഷകളിന്മേൽ 8 വൈദ്യുതി കണക്ഷൻ നൽകുവാനുണ്ട്. ഇതിനായി വനം വകുപ്പിൽനിന്നും അനുമതി ഇതുവരെ ലഭിച്ചിട്ടില്ല. വനം വകുപ്പിൽനിന്നും അനുമതി ലഭിക്കുന്നമുറയ്ക്ക് വൈദ്യുതി കണക്ഷൻ നൽകാവുന്നതാണ്.

**മോട്ടോർ തറകളിലേയ്ക്കുള്ള വൈദ്യുതി കണക്ഷനുകൾ**

274 (671) <u>ശ്രീ. തോമസ് ചാണ്ടി</u>: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട് നിയോജക മണ്ഡലത്തിലെ കാർഷിക മേഖലയിൽ സ്ഥാപിച്ചിട്ടുള്ള മോട്ടോർ തറകളിലേയ്ക്കുള്ള വൈദ്യുതി കണക്ഷനുകൾ സമയബന്ധിതമായി നൽകാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

കുട്ടനാട് നിയോജക മണ്ഡലത്തിലെ മോട്ടോർ തറകളിലേയ്ക്കുള്ള വൈദ്യുതി കണക്ഷനുകൾക്കായി ആവശ്യമായ രേഖകളും മതിയായ ഫീസും ഉൾപ്പെടെ അപേക്ഷ സമർപ്പിക്കുന്നവർക്കെല്ലാം സമയബന്ധിതമായി കണക്ഷനുകൾ നൽകുന്നുണ്ട്.

**സോളാർ പാനലുകൾ**

275 (673) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും സോളാർ പാനലുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; നിലവിൽ എത്ര ഓഫീസുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വൈദ്യുതി വകുപ്പിന്റെ എല്ലാ ഓഫീസുകളിലും സോളാർ പാനൽ സ്ഥാപിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) ഗാർഹിക ഉപഭോക്താക്കൾക്ക് സോളാർ പാനൽ സ്ഥാപിക്കുന്നതിന് എന്തൊക്കെ ആനുകൂല്യങ്ങളാണ് വൈദ്യുതി വകുപ്പ് നൽകുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ അനുയോജ്യമായ സർക്കാർ ഓഫീസുകളിൽ വിവിധ പദ്ധതികളിലൂടെ സോളാർ പാനലുകൾ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ സംസ്ഥാനത്തെ 199 സർക്കാർ ഓഫീസ് കെട്ടിടങ്ങളിൽ വിവിധ പദ്ധതികളിലൂടെ ആകെ 1862 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാൻഡുകൾ അനെർട്ട് സ്ഥാപിച്ചുവരുന്നു.

സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറത്ത് 100 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുവേണ്ടി സോളാർ പാനലുകൾ സ്ഥാപിക്കാനുള്ള പദ്ധതി സൗര എന്ന പേരിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ആസൂത്രണം ചെയ്തുവരുന്നു. സർക്കാർ കെട്ടിടങ്ങളുടെ മുകളിൽ നിലവിൽ സോളാർ സംവിധാനം സ്ഥാപിച്ചു വരുന്നതിന്റെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

1. കോഴിക്കോട് ജില്ലാപഞ്ചായത്ത് -44 എണ്ണം
2. കണ്ണൂർ ജില്ലാപഞ്ചായത്ത് - 58 എണ്ണം
3. മലപ്പുറം ജില്ലാപഞ്ചായത്ത് - 11 എണ്ണം
4. കാസർഗോഡ് ജില്ലാപഞ്ചായത്ത് - 8 എണ്ണം
5. തിരുവനന്തപുരം ജില്ലാപഞ്ചായത്ത് - 6 എണ്ണം
6. കൊല്ലം ജില്ലാപഞ്ചായത്ത് - 6 എണ്ണം
7. കോട്ടയം ജില്ലാപഞ്ചായത്ത് - 1 എണ്ണം
8. ആറ്റിങ്ങൽ മുനിസിപ്പാലിറ്റി - 4 എണ്ണം.

(ബി) സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് സാങ്കേതികമായി അനുയോജ്യമായ, വൈദ്യുതി വകുപ്പിന്റെ എല്ലാ ഓഫീസുകളിലും സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്വീകരിച്ചുവരുന്നു.

(സി) ഗാർഹിക ഉപഭോക്താക്കൾക്ക് (വൈദ്യുതി ഗ്രിഡുമായി ബന്ധിപ്പിക്കുന്ന മാതൃകയിൽ) സോളാർ പാനൽ സ്ഥാപിച്ചതിനുശേഷം ഉപഭോക്താവിന്റെ ആവശ്യം കഴിഞ്ഞ് ഗ്രിഡിലേയ്ക്ക് നൽകുന്ന വൈദ്യുതിക്ക് യൂണിറ്റൊന്നിന് കാലാകാലങ്ങളിൽ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ പണം നൽകും. നിലവിൽ ഒരു യൂണിറ്റ് വൈദ്യുതിക്ക് 3 രൂപ 26 പൈസ നിരക്കിലാണ് നൽകുന്നത്.

ഗ്രിഡിലേയ്ക്ക് കണക്ട് ചെയ്യാത്ത മാതൃകയ്ക്ക് (ഓഫ് ഗ്രിഡ്) ഉപഭോക്താവ് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് ഒരു യൂണിറ്റിന് ഒരു രൂപ നിരക്കിൽ ഇൻസെന്റീവ് നൽകുന്നുണ്ട്.

ഗാർഹിക ഗ്രിഡ് ബന്ധിത സൗരോർജ്ജ പവർ പ്ലാൻഡുകൾക്ക് കേന്ദ്ര സർക്കാർ നിശ്ചിത വിലയുടെ 30% പരമാവധി സബ്സിഡിയായി അനർട്ട് വഴി നൽകുന്നുണ്ട്. കൂടാതെ അനർട്ടിന്റെ ഓൺലൈൻ മാർക്കറ്റ് പ്ലെയ്സായ www.buymysun.com വഴി വാങ്ങുന്ന ഉണഭോക്താക്കൾക്ക് ആദ്യത്തെ 20 കോടി രൂപയുടെ അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക് വിലയുടെ 10% ഇൻസെന്റീവ് നൽകുന്നു.

## ജ്യോതിസ് സോളാർ പദ്ധതി

276 (674) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജ്യോതിസ്സ് എന്ന പേരിൽ സോളാർ പദ്ധതി പ്രഖ്യാപിച്ചതെന്നാണ്; ഈ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് അനർട്ട് പ്രസിദ്ധപ്പെടുത്തിയ വിശദാംശങ്ങൾ എന്തൊക്കെയാണ്;

(ബി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഇതിനകം എത്ര തുക അനർട്ട് ചെലവഴിച്ചു; ഇനം തിരിച്ച് ലഭ്യമാക്കാമോ;

(സി) അനർട്ടിന്റെ പരസ്യത്തെ തുടർന്ന് എത്ര അപേക്ഷകൾ അനർട്ടിൽ ലഭിച്ചു; എത്ര സോളാർ പ്ലാൻഡുകൾ ഇതുവരെ പൂർത്തിയാക്കി; എത്ര എണ്ണം നിർമ്മാണഘട്ടത്തിലുണ്ട് എന്നും അറിയിക്കാമോ;

(ഡി) ഈ പദ്ധതി തുടങ്ങാനായി അനർട്ടിന് സർക്കാരിൽനിന്നും കെ.എസ്.ഇ.ബി.-യിൽനിന്നും ലഭിച്ച അനുമതി രേഖകൾ ലഭ്യമാക്കാമോ;

(ഇ) അനർട്ട് പ്രഖ്യാപിച്ച ഈ പദ്ധതിക്ക് കീഴിൽ സോളാർ പ്ലാൻഡ് നിർമ്മിച്ച് നൽകുന്നതിനായി സൗര നാച്വറൽ എനർജി സൊല്യൂഷൻസ് എന്ന സ്വകാര്യ കമ്പനി തിരുവനന്തപുരത്തെ പോലീസ് ട്രെയിനിംഗ് കോളേജിന് പ്രോജക്റ്റ് പ്രൊപ്പോസൽ നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ജ്യോതിസ് എന്ന പേരിൽ പുതിയ സോളാർ പദ്ധതി പ്രഖ്യാപിച്ചിട്ടില്ല. എം.എൻ.ആർ.ഇ.-യും സോളാർ എനർജി കോർപ്പറേഷനും നടത്തിവരുന്ന RESCO മോഡൽ സോളാർ പദ്ധതിക്ക് കേരളത്തിൽ നൽകിയിട്ടുള്ള പേരാണ്

'ജ്യോതിസ്'. പദ്ധതിക്ക് പരമാവധി പ്രചാരം നൽകണമെന്ന കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ച് പദ്ധതിക്ക് പരസ്യം നൽകുകയും പദ്ധതി സംബന്ധിച്ച് 2018 ജനുവരി 16-ന് ഒരു ശിൽപ്പശാല സംഘടിപ്പിക്കുകയും ചെയ്തു. പദ്ധതി നടത്തിപ്പിന് താത്പര്യമുള്ള സ്ഥാപനങ്ങളെയും പദ്ധതി പ്രകാരം സോളാർ പാനലുകൾ സ്ഥാപിക്കാൻ താത്പര്യമുള്ള കേന്ദ്ര സംസ്ഥാന സ്ഥാപനങ്ങളെയും ശിൽപ്പശാലയിൽ പങ്കെടുപ്പിച്ചു.

(ബി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട പരസ്യം നൽകുന്നതിലേയ്ക്കായി 15,55,262 രൂപയും ശിൽപ്പശാലയുടെ നടത്തിപ്പിനായി 55,000 രൂപയും ചെലവായി.

(സി) സോളാർ പ്ലാൻഡുകൾ സ്ഥാപിക്കുവാൻ അനെർട്ട് അപേക്ഷ ക്ഷണിച്ചിട്ടില്ല. താൽപ്പര്യമുള്ള സ്ഥാപനങ്ങളെ പദ്ധതി പരിചയപ്പെടുത്താൻ ശിൽപ്പശാലയിലേയ്ക്ക് ക്ഷണിക്കുകയാണ് ചെയ്തത്.

(ഡി) ഈ പദ്ധതി ശൃംഖലാബന്ധിത സൗരോർജ്ജ പദ്ധതിയുടെ പുതിയൊരു നടത്തിപ്പുരീതിയാണ്. പദ്ധതി പ്രകാരം സൗരോർജ്ജ പാനലുകൾ വയ്ക്കാൻ താത്പര്യമുള്ള സ്ഥാപനങ്ങളിൽ പദ്ധതി നടപ്പാക്കുന്ന സ്ഥാപനങ്ങൾ പാനലുകൾ സ്ഥാപിക്കുകയും നിശ്ചയിക്കുന്ന നിരക്കിൽ വൈദ്യുതി ഉത്പാദിപ്പിച്ച് നൽകുകയുമാണ് ചെയ്യുന്നത്. നടത്തിപ്പ് സ്ഥാപനം അറ്റകുറ്റപ്പണികൾ അടക്കം പാനലിന്റെ പരിപാലനം നിർവ്വഹിക്കുന്നതാണ്. ഇതിന് പ്രത്യേക അനുമതിയുടെ ആവശ്യമില്ല.

(ഇ) സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ ടെണ്ടർ വഴി ലിസ്റ്റ് ചെയ്ത കമ്പനികളാണ് ഈ പദ്ധതി നടപ്പിലാക്കിയിരുന്നത്. ഗുണഭോക്താക്കളെ കണ്ടെത്തുന്നതും പദ്ധതി നിർവ്വഹണവും ഈ കമ്പനികൾ നേരിട്ടാണ് ചെയ്യുന്നത്.

**വിദ്യാലയങ്ങളിൽ സോളാർ സംവിധാനം**

277 (675) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽ സോളാർ സംവിധാനം സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) എയ്ഡഡ് സ്കൂളുകളിൽ സോളാർ സംവിധാനം നടപ്പിലാക്കുന്നതിനായി സർക്കാർ ധനസഹായം ലഭ്യമാക്കുന്നുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) പൊതുസ്ഥാപനങ്ങളിൽ സോളാർ പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള പ്രത്യേക പദ്ധതികളിൽ ഉൾപ്പെടുത്തി വിദ്യാലയങ്ങളിലും സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നുണ്ട്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മുഖാന്തരം സർക്കാർ വിദ്യാലയങ്ങളിൽ നിലവിൽ സോളാർ സംവിധാനം സ്ഥാപിച്ചുവരുന്നതിന്റെ ജില്ല തിരിച്ചുള്ള എണ്ണം താഴെ കൊടുക്കുന്നു.

| നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | കോഴിക്കോട് | 39 |
| 2 | കണ്ണൂർ | 23 |
| 3 | തിരുവനന്തപുരം | 3 |
| 4 | കാസർഗോഡ് | 8 |

ഇതുകൂടാതെ സംസ്ഥാനത്താകെ 1750 സർക്കാർ വിദ്യാലയങ്ങളുടെ പുരപ്പുറത്ത് സോളാർ പാനലുകൾ സ്ഥാപിക്കാനുള്ള പദ്ധതി "സൗര" എന്ന പേരിൽ ആസൂത്രണം ചെയ്തുവരുന്നു.

എനർജി മാനേജ്മെന്റ് സെന്റർ സ്കൂൾ കുട്ടികൾക്കായി നടപ്പിലാക്കുന്ന സ്മാർട്ട് എനർജി പ്രോഗ്രാം 2017-18-ന്റെ ഭാഗമായി ഇ.എം.സി.-യും അനെർട്ടും സംയുക്തമായി സ്കൂളുകളിൽ 2KW ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാൻഡ് നൽകുന്ന പദ്ധതി ഉൾപ്പെടുത്തിയിരുന്നു. ഇതിലേയ്ക്കായി ഗവൺമെന്റ്/ എയ്ഡഡ്/അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ചേരാവുന്നതാണ്. പ്രസ്തുത പദ്ധതിയിലേയ്ക്കായി 80,000 രൂപ സ്കൂളുകളും ബാക്കി തുക അനെർട്ടിന്റെ സാമ്പത്തിക സഹായവുമാണ്.

(ബി) ട്രസ്റ്റ് അല്ലെങ്കിൽ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ നടത്തുന്ന എയ്ഡഡ് സ്കൂളുകൾക്ക് കേന്ദ്ര സർക്കാർ സബ്സിഡി ലഭ്യമാണ്. ശൃംഖലാബന്ധിത പ്ലാൻഡുകൾക്ക് ഒരു കിലോവാട്ടിന് ഏകദേശം 18000 രൂപയും ശൃംഖലാബന്ധിതമല്ലാത്തവയ്ക്ക് ഒരു കിലോവാട്ടിന് 35000 രൂപയും സബ്സിഡി ലഭിക്കും. കേന്ദ്ര സർക്കാരിന്റെ ഈ ധനസഹായം അനെർട്ട് വഴിയാണ് ലഭ്യമാക്കുന്നത്.

## വൈദ്യുതി മോഷണം തടയാൻ നടപടി

278 (676) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വൈദ്യുതി മോഷണം തടയാനും ബോർഡിന്റെ നഷ്ടം കുറയ്ക്കാനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വൻകിട, ചെറുകിട വൈദ്യുതി മോഷണക്കേസ്സുകൾ ചാർജ്ജ് ചെയ്യുകയുണ്ടായി; ഫൈൻ ഇനത്തിൽ ഇതുവരെ എത്ര തുക ഖജനാവിൽ എത്തിക്കാൻ സാധിച്ചു; വ്യക്തമാക്കാമോ;

(സി) നിലവിൽ എത്ര വൈദ്യുതി മോഷണക്കേസ്സുകൾ സംസ്ഥാനത്തെ വിവിധ കോടതികളിൽ നിലനിൽക്കുന്നുണ്ട്; പ്രസ്തുത കേസ്സുകൾ അടിയന്തിരമായി തീർപ്പുകൽപ്പിക്കുവാനും കുറ്റവാളികളുടെ ശിക്ഷ ഉറപ്പുവരുത്താനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി മോഷണ കേസ്സുകളിൽ പ്രതികളായിട്ടുള്ള വൈദ്യുതിബോർഡ് ജീവനക്കാർ, സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ/സ്വകാര്യമേഖല ജീവനക്കാർ ആരെയെല്ലാമെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ; ഇത്തരക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി മോഷണത്തിൽ ഏർപ്പെട്ട സമയത്ത് എത്ര പേർക്ക് ജീവഹാനി സംഭവിച്ചു; അവർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വൈദ്യുതി മോഷണം തടയുന്നതിന് വൈദ്യുതി ബോർഡ് ലിമിറ്റഡിൽ അവശ്യം വേണ്ട സജ്ജീകരണങ്ങളോടുകൂടി ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ 14 ആന്റിപവർ തെഫ്റ്റ് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെ സെക്ഷൻ തലത്തിലും ഡിവിഷൻ തലത്തിലും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് നിരന്തരം പരിശോധനകൾ നടത്തിവരുന്നുണ്ട്. സെക്ഷൻ ഓഫീസുകളിൽ വൈദ്യുതി മോഷണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ അറിയിക്കുന്നതിനായി ബന്ധപ്പെട്ട ടെലിഫോൺ നമ്പറുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ പത്രമാധ്യമങ്ങൾ മുഖേന വൈദ്യുതി മോഷണം സംബന്ധിച്ച് പൊതുജനങ്ങൾക്ക് വിവരങ്ങൾ വിളിച്ച് അറിയിക്കുന്നതിനുള്ള ബന്ധപ്പെട്ട നമ്പറുകൾ പ്രസിദ്ധപ്പെടുത്തി പ്രചാരം നൽകുന്നുണ്ട്.

ഇതുകൂടാതെ വൈദ്യുതി മോഷണം തടയുന്നതിനായി ഉപഭോക്താവ് മീറ്ററിൽ കൃത്രിമം നടത്തിയാൽ ആയത് സൂചിപ്പിക്കുവാൻ കഴിയുന്ന മീറ്ററുകൾ സ്ഥാപിക്കുകയും മീറ്ററിന്റെ കവർ ഇളക്കിമാറ്റി വൈദ്യുതി മോഷണം നടത്തുന്നത് തടയുന്നതിനായി പോളികാർബണേറ്റ് സീലുകൾ ഉപയോഗിക്കുകയും ചെയ്തുവരുന്നു.

എ.പി.റ്റി. സ്ക്വാഡുകൾക്ക് വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിന് സഹായകമായി ആധുനിക സംവിധാനങ്ങളുള്ള സ്റ്റാൻഡേർഡ് റഫറൻസ് മീറ്റർ, കോമൺ മീറ്റർ റീഡിംഗ് ഉപകരണം, ലാപ്ടോപ്പ്, ടോങ് ടെസ്റ്റർ, മൾട്ടിമീറ്റർ തുടങ്ങിയ ഉപകരണങ്ങളും നൽകിയിട്ടുണ്ട്. കൂടാതെ പവർ എഞ്ചിനീയറിംഗ് ട്രെയിനിംഗ് സെന്റർ, മൂലമറ്റത്തെ എ.പി.റ്റി.എസ്. സ്റ്റാഫിന് വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിനും കൂടുതൽ കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നതിനും വേണ്ടവിധത്തിലുള്ള പരിശീലനം നൽകിവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൻകിട വൈദ്യുതി മോഷണ കേസുകളില്ല. ചെറുകിട വൈദ്യുതി മോഷണം സംബന്ധമായി 522 എണ്ണം കേസുകൾ ചാർജ് ചെയ്യുകയുണ്ടായി ഫൈൻ ഇനത്തിൽ ഇതുവരെ 5,32,62,642 തുക ലഭ്യമായിട്ടുണ്ട്.

(സി) നിലവിൽ 3 കേസുകളുണ്ട്. വൈദ്യുതി മോഷണം പിടിക്കപ്പെട്ടാൽ മേൽ നടപടികളിൽനിന്നും ഒഴിവാക്കുന്നതിലേയ്ക്കായി കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കാറുണ്ട്. അത്തരത്തിൽ ഇലക്ട്രിക്കൽ സെക്ഷൻ, കൊയിലാണ്ടി നോർത്തിനു കീഴിൽ ശ്രീ. നസീർ, S/o മൊയ്തീൻകുട്ടി, വലിയിൽ ഹൗസ് എന്നയാളുടെ കേസ് നിലനിൽക്കുന്നു. കോമ്പൗണ്ടിംഗ് ഫീ അടയ്ക്കാൻ വിസമ്മതിക്കുന്ന ആളുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്യാറുണ്ട്. അത്തരം കേസുകൾ കോടതിയുടെ പരിഗണനയിലാണ്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലവിലുള്ള ബോർഡ് ജീവനക്കാർ ആരുംതന്നെ വൈദ്യുതി മോഷണ കേസിൽ പ്രതികളായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വൈദ്യുതി മോഷണ കേസിൽ പ്രതികളായിട്ടുള്ള സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ/സ്വകാര്യ മേഖല ജീവനക്കാർ എന്നിങ്ങനെ തരം തിരിച്ചുള്ള കണക്കുകൾ ശേഖരിക്കാറില്ല.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി മോഷണത്തിൽ ഏർപ്പെട്ട സമയത്ത് ആർക്കെങ്കിലും ജീവഹാനി സംഭവിച്ചതായിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

## തെരുവ് വിളക്കുകൾ പരിപാലിക്കുന്നതിലെ അനാസ്ഥ

279 (677) ശ്രീ. മോൻസ് ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തെരുവ് വിളക്കുകൾ കത്തിക്കുന്നതിൽ കൃത്യത കാണിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തെരുവ് വിളക്കുകൾ വാങ്ങി നൽകിയിട്ടും ആയത് യഥാസമയം ഫിറ്റ് ചെയ്യുന്നതിലും കേടായവ മാറ്റി സ്ഥാപിക്കുന്നതിലും വരുത്തുന്ന ഗുരുതരമായ അനാസ്ഥയ്ക്ക് പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ;

(സി) തെരുവ് വിളക്കുകൾ യഥാസമയം കത്തിക്കുന്നില്ല എന്ന പരാതിക്ക് എന്ത് പരിഹാര നിർദ്ദേശമാണ് മുന്നോട്ടുവയ്ക്കാനുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) തെരുവുവിളക്കുകൾ കത്തുന്നതിന്റെയും കേടായതിന്റെയും കൃത്യമായ കണക്ക് കെ.എസ്.ഇ.ബി.-യുടെ സെക്ഷൻ ഓഫീസിൽ നിലവിലുണ്ടോ; ഉദ്യോഗസ്ഥർ ഇക്കാര്യം മോണിട്ടർ ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയതിന് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കാമോ?

### ഉത്തരം

(എ-സി) 15-9-2011-ലെ സർക്കാർ ഉത്തരവ് പ്രകാരം കേടായ തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ഉത്തരവാദിത്വം തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. തിരുവനന്തപുരം കോർപ്പറേഷൻ തുടങ്ങിയ ചുരുക്കം ചില തദ്ദേശഭരണ സ്ഥാപനങ്ങൾ മാത്രമെ ആവശ്യമായ സാധന സാമഗ്രികൾ ലഭ്യമാക്കി അറ്റകുറ്റപ്പണികൾക്ക് ആവശ്യമുള്ള തുക ബോർഡിൽ നിക്ഷേപിച്ച് അറ്റകുറ്റപ്പണികൾ ബോർഡിനെകൊണ്ട് ചെയ്യിപ്പിക്കുന്നുള്ളൂ. മേൽ ഉത്തരവ് പൂർണ്ണമായും പാലിച്ചുകൊണ്ട് റിപ്പയറിംഗും മെയിന്റനൻസും സംബന്ധിച്ച പ്രവൃത്തികൾ നിലവിലുള്ള സ്റ്റോർ പർച്ചേസ് നിയമങ്ങൾ ബാധകമാക്കി Annual Maintenance Contract മുഖേന ടെൻഡറിംഗ് സംവിധാനം വഴി മറ്റു ഏജൻസികളെ ഏൽപ്പിച്ച് കൃത്യമായി നടപ്പിലാക്കിയാൽ കേടായ തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിൽ അനാസ്ഥയുണ്ടെന്ന പരാതിക്ക് പരിഹാരമാകും.

തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യമായ തുക നിക്ഷേപിക്കുമ്പോൾ ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് കൺട്രോളർ സ്ഥാപിച്ച് സ്വയമേവ കത്തുകയും അണയുകയും ചെയ്യുന്ന സംവിധാനം നടപ്പാക്കുന്നുണ്ട്. ഈ സംവിധാനം എല്ലായിടത്തും നടപ്പിലാക്കുകയാണെങ്കിൽ സ്ട്രീറ്റ് ലൈറ്റുകൾ കൃത്യമായി കത്തിക്കാനും അണയ്ക്കുവാനും സാധിക്കുന്നതാണ്.

(ഡി) തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും കേടായവ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള ഉത്തരവാദിത്വം തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായതിനുശേഷം കത്തുന്നതും കേടായതുമായ തെരുവ് വിളക്കുകളുടെ കണക്കുകൾ കെ.എസ്.ഇ.ബി.-യുടെ സെക്ഷൻ ഓഫീസുകളിൽ ശേഖരിക്കുന്നില്ല.

**തെരുവുവിളക്കുകൾ**

280 (678) <u>ശ്രീ. ബി. സത്യൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ തെരുവുവിളക്കുകൾ സമയബന്ധിതമായി പ്രകാശിപ്പിക്കാൻ വൈദ്യുതി വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പഞ്ചായത്തംഗങ്ങളുടെ പരാതികൾ ഇത് സംബന്ധിച്ച് ലഭിച്ചിട്ടുണ്ടോ; ഇത്തരം പരാതികൾ പരിഹരിക്കാൻ കാലതാമസം നേരിടുന്നുണ്ടോ;

(സി) തെരുവുവിളക്കുകൾ പ്രകാശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരുടെ നേതൃത്വത്തിൽ യോഗം ചേർന്ന് വിലയിരുത്താറുണ്ടോ; ആയത് സംബന്ധിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) 15-9-2011-ലെ സർക്കാർ ഉത്തരവുപ്രകാരം തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യേണ്ട ഉത്തരവാദിത്വം തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരുടെ നേതൃത്വത്തിൽ ചേരുന്ന യോഗങ്ങളിൽ KSEBL ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ആവശ്യപ്പെട്ട് അറിയിപ്പ് കിട്ടുന്നമുറയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പങ്കെടുക്കുന്നുണ്ട്.

**പുതിയ വൈദ്യുതി സെക്ഷൻ ആഫീസുകൾ**

281 (679) <u>ശ്രീമതി പി. അയിഷാ പോറ്റി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വൈദ്യുതി സെക്ഷൻ ആഫീസുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച മുൻഗണനാപട്ടിക തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) കൊല്ലം ജില്ലയിൽ കുഴിമതിക്കാട് ആസ്ഥാനമാക്കി പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) നിലവിലില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**തഴക്കര പഞ്ചായത്തിൽ കെ.എസ്.ഇ.ബി.-യുടെ സബ്സ്റ്റേഷൻ**

282 (680) <u>ശ്രീ. ആർ. രാജേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തഴക്കര പഞ്ചായത്തിൽ കെ.എസ്.ഇ.ബി.യുടെ ഒരു സബ്-സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തഴക്കര പഞ്ചായത്തിലെ കൊല്ലക്കടവിൽ 110 കെ.വി. സബ്-സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് പരിശോധനയിലാണ്.

(ബി) ടെക്നിക്കൽ ഫീസിബിലിറ്റി അംഗീകരിച്ചാൽ മാത്രമെ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കാൻ കഴിയൂ.

**പ്രളയം - ഡാമുകളുടെ നാശനഷ്ടങ്ങൾ**

283 (681) <u>ശ്രീ. രാജു എബ്രഹാം</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 -ലെ മഹാപ്രളയത്തെ തുടർന്ന് സംസ്ഥാന വൈദ്യുതി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഡാമുകൾക്ക് എന്തൊക്കെ നാശനഷ്ടങ്ങളാണ് ഉണ്ടായിട്ടുള്ളത്;

(ബി) ഡാമിൽ മണ്ണും ചെളിയും നിറഞ്ഞതുമൂലം ഡാമുകളുടെ സംഭരണശേഷിയിൽ കുറവുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റാന്നി പെരുന്തേനരുവി പ്രോജക്ടിലെ ഡാമിൽ മണ്ണടിഞ്ഞു കൂടിയതുമൂലം വൈദ്യുതി ഉത്പാദനത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഡാമുകളിൽ അടിഞ്ഞ മണ്ണും ചെളിയും നീക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള പൊരിങ്ങൽക്കുത്ത് ഡാമിൽ ക്രമാതീതമായി പ്രളയജലം വന്നതിനാൽ അണക്കെട്ട് കരകവിഞ്ഞൊഴുകുകയും മരക്കുറ്റികൾ വന്നടിഞ്ഞ് ഡാമിന്റെ ഷട്ടറുകൾക്ക് കേടുപാടുകൾ സംഭവിക്കുകയും ചെയ്തു. കൂടാതെ ലോവർ പെരിയാർ അണക്കെട്ടിന്റെ ഇൻടേക്ക് ഗേറ്റുകൾക്കും ട്രാഷ്റാക്ക് ചാനലിനും കേടുപാടുകൾ സംഭവിച്ചു.

(ബി) ഉണ്ട്.

(സി) മണ്ണടിഞ്ഞുകൂടിയതുമൂലം വൈദ്യുതി ഉല്പാദനം തടസ്സപ്പെട്ടിരുന്നു. മണ്ണും ചെളിയും നീക്കം ചെയ്ത് ഉല്പാദനം പുനരാരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) കേരളത്തിലെ ജലസംഭരണികളിലെ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനുവേണ്ടി ഒരു Standard Operating Procedure-ന് (SOP)-ക്ക് ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട്. SOP-യിൽ പ്രതിപാദിച്ചിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായിട്ടുവേണം കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന്റെ കീഴിലുള്ള ജലസംഭരണികളിലെ മണലും ചെളിയും മറ്റും നീക്കം ചെയ്യുവാൻ. ആദ്യഘട്ടമായി പൊരിങ്ങൽക്കുത്ത്, മാട്ടുപ്പെട്ടി, കല്ലാർകുട്ടി എന്നീ റിസർവോയറുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് SOP പ്രകാരം ഊർജ്ജ വകുപ്പിൽനിന്നും 22-9-2018-ൽ സ.ഉ.(സാധാ)നമ്പർ 177/2018/ഊ.വ. പ്രകാരം കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിലുള്ള റിസർവോയറുകളെ സംബന്ധിക്കുന്ന ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി * ചേർത്തിട്ടുണ്ട്.)

**തൊഴുക്കൽ സബ്-സ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങൾ**

284 (682) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ തൊഴുക്കൽ 110 KV സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സബ്-സ്റ്റേഷൻ പൂർത്തീകരിക്കുമ്പോൾ കെ.എസ്.ഇ.ബി.-ക്ക് എത്ര കോടി രൂപ ചെലവ് ആകുന്നുവെന്ന് വിശദീകരിക്കാമോ;

(സി) 2019 മാർച്ച് മാസത്തിന് മുൻപ് 110 KV സബ്-സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) തൊഴുക്കൽ മേഖലയിലുള്ള നെയ്യാറ്റിൻകര സബ്സ്റ്റേഷൻ നിർമ്മാണം - 60% പൂർത്തിയായി. പാറശ്ശാല - നെയ്യാറ്റിൻകര ലൈൻ നിർമ്മാണം - 60% പൂർത്തിയായി ശേഷിക്കുന്ന പണികൾ പുരോഗമിക്കുന്നു.

(ബി) ഉദ്ദേശം 20 കോടി രൂപയാണ് പ്രതീക്ഷിത ചെലവ്.

(സി) 2019 മാർച്ച് മാസത്തിന് മുൻപ് പൂർത്തിയാക്കാൻ സാധിക്കും.

## ആലപ്പാട്ട് പ്രദേശത്ത് നിരന്തരമുണ്ടാകുന്ന വൈദ്യുതി തടസ്സവും വോൾട്ടേജ് ക്ഷാമവും

285 (683) ശ്രീ. ആർ. രാമചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ആലപ്പാട്ട് പ്രദേശത്ത് നിരന്തരമുണ്ടാകുന്ന വൈദ്യുതി തടസ്സവും വോൾട്ടേജ് ക്ഷാമവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഈ പ്രദേശം രണ്ട് ഇലക്ട്രിക്കൽ സെക്ഷനുകൾക്ക് കീഴിൽ പ്രവർത്തിക്കുന്നതിനാൽ ഉപഭോക്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പ്രദേശത്തിന്റെ വൈദ്യുതി ഉപഭോഗവും ഉപഭോക്താക്കളുടെ ബാഹുല്യവും കണക്കിലെടുത്ത് ഒരു സബ്-സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) നിരന്തരമായ വൈദ്യുതി തടസ്സവും വോൾട്ടേജ് ക്ഷാമവും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സബ്-സ്റ്റേഷന്റെയും ലൈനുകളുടെയും അറ്റകുറ്റപ്പണികൾക്കും വൈദ്യുതി ലൈനുകളിൽ തട്ടി നിൽക്കുന്ന മരച്ചില്ലകൾ മുറിച്ചുമാറ്റുന്നതുമായി ബന്ധപ്പെട്ടും മുൻകൂട്ടി അറിയിച്ച് വൈദ്യുതി വിതരണം നിശ്ചിത സമയത്തേക്ക് നിർത്തിവയ്ക്കാറുണ്ട്.

(ബി)ശ്രദ്ധയിൽപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നുണ്ട്.

(സി) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ആലപ്പാട്ട് പ്രദേശത്ത് വൈദ്യുതി എത്തിക്കുന്നത് കരുനാഗപ്പള്ളി 66 കെ.വി. സബ്സ്റ്റേഷനിൽനിന്നും ഓച്ചിറ 33 കെ.വി. സബ്സ്റ്റേഷനിൽനിന്നുമാണ്. ഓച്ചിറ സബ്സ്റ്റേഷൻ 110 കെ.വി.-യിലേയ്ക്ക് ഉയർത്താനുള്ള പദ്ധതി ട്രാൻസ് ഗ്രിഡിൽ down stream work -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കരുനാഗപ്പള്ളി സബ്സ്റ്റേഷൻ 110 കെ.വി.-യിലേയ്ക്ക് ഉയർത്തുന്ന ജോലികൾ പുരോഗമിക്കുന്നു. ഈ സാഹചര്യത്തിൽ ഇപ്പോൾ ആലപ്പാട് പ്രദേശത്ത് പുതിയ സബ് സ്റ്റേഷൻ ആവശ്യമായി വരുന്നില്ല.

## പേരാവൂരിൽ കെ.എസ്.ഇ.ബി. സബ്-സ്റ്റേഷൻ

286(684) ശ്രീ. സണ്ണി ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേളകം ഇലക്ട്രിക് സബ്-സ്റ്റേഷൻ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ;

(ബി) പേരാവൂരിൽ കെ.എസ്.ഇ.ബി. സബ്-സ്റ്റേഷൻ ഓഫീസ് അനുവദിക്കുന്നതിനുള്ള നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ) 33 കെ.വി. സബ്സ്റ്റേഷൻ കേളകത്തിന്റെ നിർമ്മാണ പ്രവൃത്തി 60 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പേരാവൂർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനായിട്ടുള്ള 33 കെ.വി. കേളകം സബ്-സ്റ്റേഷന്റെ നിർമ്മാണം അതിവേഗം പുരോഗമിച്ചുവരുന്നു. പ്രസ്തുത സബ്സ്റ്റേഷൻ പൂർത്തീകരിക്കുന്നതോടെ പേരാവൂരിലെയും ചുറ്റുമുള്ള പ്രദേശങ്ങളിലെയും വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടുമെന്നതിനാൽ പേരാവൂരിൽ മറ്റൊരു സബ്സ്റ്റേഷൻ ഇപ്പോൾ ആവശ്യമില്ല.

## ചെറായി 110 KV സബ്-സ്റ്റേഷൻ

287 (685) ശ്രീ. എസ്. ശർമ്മ : താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെറായി 110 K V സബ് സ്റ്റേഷൻെറ നിർമ്മാണം പുനരാരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

7.3 കിലോമീറ്റർ 110 കെ.വി. മന്നം-ചെറായി ലൈൻ വലിക്കുന്നതിനും 110 കെ.വി. ചെറായി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുമായി 21-4-1999-ന് 7.8 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. എങ്കിലും 'Right of way issues'- മായി ബന്ധപ്പെട്ട് ധാരാളം കോടതി കേസ്സുകൾ നിലനിന്നിരുന്നതിനാൽ 110 കെ.വി. ലൈനിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞില്ല. 2012-ൽ സബ്-സ്റ്റേഷന്റെ കൺട്രോൾ റൂം ബിൽഡിംഗിന്റെ ജോലികൾ പൂർത്തിയാക്കി. പിന്നീട് ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട കേസ്സുകൾ ഒരുവിധം തീർപ്പാക്കിയതിനാൽ ഈ

പദ്ധതി പുനരാരംഭിക്കാനായി എസ്റ്റിമേറ്റ് തുക പുതുക്കി 23.681 കോടി രൂപയ്ക്ക് 5-6-2017-ൽ ഭരണാനുമതിയും 09-6-2017-ൽ സാങ്കേതിക അനുമതിയും നൽകി. 2017 ജൂലൈയിൽ തന്നെ ഈ വർക്ക് ടെൻഡർ ചെയ്തിരുന്നുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ ക്യാൻസൽ ചെയ്യേണ്ടി വന്നു. ആഗസ്റ്റ് 2017-ൽ വീണ്ടും റീ-ടെൻഡർ വിളിച്ചെങ്കിലും ആരും പങ്കെടുത്തില്ല. 27-9-2017-ലെ റീ-ടെൻഡറിൽ സിംഗിൾ ടെൻഡർ മാത്രം ലഭിച്ചതിനാൽ ക്യാൻസൽ ചെയ്യേണ്ടി വന്നു.

ഈ പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് 20-12-2017-ൽ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി യോഗം വിളിച്ചുചേർക്കുകയും പ്രസ്തുത യോഗത്തിൽ ഈ പദ്ധതി നടപ്പിലാകാത്തതിൽ ആശങ്ക പ്രകടമാക്കുകയും ചെയ്തു. തൽഫലമായി വൈപ്പിൻ എം.എൽ.എ.-യുടെ ആവശ്യപ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ഈ പദ്ധതി ജനുവരി 2018-ൽ തന്നെ ടേൺകീ ആയി ടെൻഡർ ചെയ്യാനും ഡിസംബർ 2018-നകം പൂർത്തിയാക്കാനും ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. അതിൻപ്രകാരം 110 കെ.വി. ലൈനിന്റെ നിർമ്മാണം ടെൻഡർ ചെയ്യുകയും നടപടിക്രമങ്ങൾ പൂർത്തീകരിച്ച് 9-3-2018-ന് M/s V.Tech Engineers, Nagpur-ന് വർക്ക് ഓർഡർ നൽകുകയും ചെയ്തു. അതിൻപ്രകാരം ലൈനിന്റെ ജോലികൾ നടന്നുവരുന്നു. കൂടാതെ സബ് സ്റ്റേഷൻ ഉപകരണങ്ങളുടെ ഫൗണ്ടേഷൻ, കേബിൾ ട്രഞ്ച് നിർമ്മാണം മുതലായ ജോലികളും അവാർഡ് ചെയ്തിട്ടുണ്ട്.

## കക്കയം, പെരുവണ്ണാമൂഴി, ബാണാസുരസാഗർ ഹൈഡൽ ടൂറിസം വികസനം

288 (686) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കയം,പെരുവണ്ണാമൂഴി, ബാണാസുരസാഗർ തുടങ്ങിയ പ്രദേശങ്ങളുടെ ടൂറിസം വികസനത്തിനായി ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി പ്രഖ്യാപിച്ചിരുന്ന 300 കോടി രൂപയുടെ വികസന പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ഹൈഡൽ ടൂറിസം വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ ;

(ബി) പ്രസ്തുത ടൂറിസം വികസന പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് വന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എത്രയും വേഗം പദ്ധതിയുടെ വിശദമായ ഡി.പി.ആർ. ധനവകുപ്പിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) കക്കയം, പെരുവണ്ണാമൂഴി, ബാണാസുരസാഗർ തുടങ്ങിയ പ്രദേശങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ള ടൂറിസം വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് കൺസൾട്ടന്റിനെ നിശ്ചയിക്കുന്നതിന് കേരള ഹൈഡൽ ടൂറിസം സെന്റർ ടെണ്ടർ വിളിച്ച് നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ സാങ്കേതിക ന്യൂനതകളെ തുടർന്ന് ടെണ്ടർ റദ്ദ് ചെയ്യുകയുണ്ടായി. പദ്ധതിയുടെ സാങ്കേതിക സാമ്പത്തിക വയബിലിറ്റി പരിശോധിച്ചതിനുശേഷം തുടർനടപടികൾ സ്വീകരിക്കാമെന്ന ഗവേണിംഗ് ബോഡിയുടെ തീരുമാനപ്രകാരം ഇക്കാര്യങ്ങൾ പരിശോധിക്കാൻ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടുന്നമുറയ്ക്ക് മറ്റ് നടപടികൾ സ്വീകരിക്കുന്നതാണ്.

## റെഡ് അലർട്ട് പ്രഖ്യാപിച്ച സാഹചര്യത്തിൽ കെ.എസ്.ഇ.ബി. സ്വീകരിച്ച നടപടികൾ

289 (687) <u>ശ്രീ. വി. ടി. ബൽറാം:</u>
<u>ശ്രീ. അനൂപ് ജേക്കബ്:</u>
<u>ശ്രീ. റോജി എം. ജോൺ:</u>
<u>ശ്രീ. അൻവർ സാദത്ത്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റ് 9-ന് സംസ്ഥാനത്ത് റെഡ് അലർട്ട് പ്രഖ്യാപിച്ചിരുന്നോ;

(ബി) റെഡ് അലർട്ട് പ്രഖ്യാപിച്ച സാഹചര്യത്തിൽ സംസ്ഥാനത്തെ ഡാമുകളുടെ സ്ഥിതി കെ.എസ്.ഇ.ബി. വിലയിരുത്തിയിരുന്നോ; അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) പമ്പ, കക്കി, അട്ടത്തോട് ഡാമുകൾ 2018 ആഗസ്റ്റ് മാസം എത്രാം തീയതിയാണ് തുറന്നുവിട്ടത്;

(ഡി) ഡാം തുറക്കുന്നതിന് മുമ്പ് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകിയിരുന്നോ; എങ്കിൽ ഏത് തരത്തിലുള്ള മുന്നറിയിപ്പാണ് നൽകിയത്; എന്നാണ് പ്രസ്തുത മുന്നറിയിപ്പ് നൽകിയത്;

(ഇ) പ്രസ്തുത ഡാമുകളിൽനിന്നും തുറന്നുവിട്ട വെള്ളത്തിന്റെ അളവ് 86 ദശലക്ഷം ഘനമീറ്ററായി വർദ്ധിപ്പിക്കേണ്ട സാഹചര്യം എന്തായിരുന്നു; എങ്കിൽ ഇത്രയധികം ജലം തുറന്നുവിടുമെന്ന മുന്നറിയിപ്പ് ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ്, നിയമസഭാ സാമാജികർ എന്നിവർക്ക് നൽകിയിരുന്നോ;

(എഫ്) മഴ മാത്രമല്ല, ഡാമുകളുടെ മിസ് മാനേജ്മെന്റ്കൂടിയാണ് സംസ്ഥാനത്ത് പ്രളയം രൂക്ഷമാക്കിയതെന്ന കേന്ദ്ര വാട്ടർ കമ്മീഷൻ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേലുള്ള വൈദ്യുതി ബോർഡിന്റെ അഭിപ്രായമെന്താണ്?

ഉത്തരം

(എ) ഐ.എം.ഡി. (ഇന്ത്യ മെറ്റീരിയോളജിക്കൽ ഡിപ്പാർട്ട്മെന്റ്) ആണ് മഴയും കാലാവസ്ഥയുമായി ബന്ധപ്പെട്ട അലർട്ടുകൾ പുറപ്പെടുവിക്കുന്നത്. ആഗസ്റ്റ് 9-ാം തീയതി സംസ്ഥാനത്തൊട്ടാകെ റെഡ് അലർട്ട് പ്രഖ്യാപിച്ചിരുന്നില്ല. ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചിരുന്നു. അതുപോലെ കെ.എസ്.ഇ.ബി. ലിമിറ്റഡ് ഡാമുകളിലെ ജലനിരപ്പ് ഉയരുമ്പോൾ പ്രസ്തുത ഡാമിന്റെ ഷട്ടറുകൾ ഉയർത്തുന്നതുമായി ബന്ധപ്പെട്ട് ബ്ലൂ, ഓറഞ്ച്, റെഡ് അലർട്ടുകൾ പ്രഖ്യാപിക്കുന്നു. കെ.എസ്.ഇ.ബി.-യുടെ പ്രധാനപ്പെട്ട ജലസംഭരണികളായ ഇടുക്കി, ഇടമലയാർ, കക്കി-ആനത്തോട്, പമ്പ എന്നിവയ്ക്ക് ആഗസ്റ്റ് 9-ാം തീയതി റെഡ് അലർട്ട് പ്രഖ്യാപിച്ചിരുന്നു.

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള 59 ഡാമുകളിൽ സ്പിൽവേ ഷട്ടറുകൾ പ്രധാനപ്പെട്ട 16 എണ്ണത്തിനാണുള്ളത്. ഇവ തുറക്കുന്നത് ജലവിതാനവും വൈദ്യുതോല്പാദനവും വൃഷ്ടിപ്രദേശത്തുനിന്ന് ഒഴുകിവരുന്ന വെള്ളത്തിന്റെ അളവും നിരീക്ഷിച്ചാണ്. ഇതുപ്രകാരം ചെറിയ ജലസംഭരണികളായ കല്ലാർകുട്ടി, ലോവർ പെരിയാർ, പെരിങ്ങൽകുത്ത്, കക്കയം എന്നിവ ജൂൺ മാസത്തിലും മൂഴിയാർ, പൊൻമുടി, RA head works, കല്ലാർ, ഷോളയാർ, ബാണാസുരസാഗർ എന്നീ ഡാമുകൾ ജൂലൈ മാസത്തിലും തുറന്നിരുന്നു.

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഡാമുകളുടെ വൃഷ്ടിപ്രദേശത്ത് ഈ കാലവർഷത്തിൽ പെയ്ത കനത്ത മഴയിൽ ജലവിതാനം സാധാരണ വർഷങ്ങളേക്കാൾ ജൂലൈ മാസത്തിൽ ഉയർന്നിരുന്നു. ഈ സാഹചര്യത്തിൽ 25-7-2018-ൽ ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ അവലോകനയോഗം നടത്തുകയും പ്രധാന ജലസംഭരണികൾ തുറക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ തീരുമാനിക്കുകയുമുണ്ടായി. ഇതനുസരിച്ച് ഇടുക്കി, ഇടമലയാർ, പമ്പ എന്നീ ജലസംഭരണികൾക്ക് ജലവിതാനം ഉയരുന്നതനുസരിച്ചുള്ള മൂന്നുഘട്ട ജാഗ്രതാ നിർദ്ദേശങ്ങൾ (ബ്ലൂ, ഓറഞ്ച്, റെഡ് അലർട്ട്) പുറപ്പെടുവിക്കുകയും ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ, തദ്ദേശഭരണ സ്ഥാപന മേധാവികൾ, സംസ്ഥാന ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, പോലീസ് ഡിപ്പാർട്ടുമെന്റ്, ഫയർഫോഴ്സ് എന്നിവരെ അറിയിക്കുകയും അവരുടെ നിർദ്ദേശമനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ശബരിഗിരി ജലവൈദ്യുത പദ്ധതിയുടെ ഡാമുകളായ പമ്പ കക്കി-ആനത്തോട് ഡാമുകളുടെ വൃഷ്ടിപ്രദേശത്ത് പെയ്ത ശക്തമായ മഴമൂലം ടി ഡാമുകളിലെ ജലാശയത്തിലേയ്ക്ക് ക്രമാതീതമായി നീരൊഴുക്ക് വർദ്ധിച്ചിരുന്നതിനാൽ പരമാവധി സംഭരണശേഷിയിലേയ്ക്ക് ജലനിരപ്പ് അടുത്തുകൊണ്ടിരുന്ന സാഹചര്യത്തിൽ 9-8-2018-ൽ ആനത്തോട് ഡാമിന്റേയും പമ്പ ഡാമിന്റേയും ഷട്ടറുകൾ തുറന്ന് അധികജലം ക്രമാനുഗതമായി പുറത്തേയ്ക്ക് ഒഴുക്കിവിടുകയുണ്ടായി.

(ഡി) പമ്പ, കക്കി-ആനത്തോട് റിസർവ്വോയറുകളുടെ വൃഷ്ടിപ്രദേശങ്ങളിൽ ഈ കാലവർഷത്തിൽ പെയ്ത കനത്ത മഴമൂലം ജലസംഭരണിയിലെ നീരൊഴുക്ക് വർദ്ധിച്ച് ജലവിതാനം പരമാവധി ജലനിരപ്പിലേയ്ക്ക് അടുത്തതുകാരണം ഡാമുകളുടെ സുരക്ഷയെ കരുതി അധികജലം ഡാമിന്റെ ഷട്ടറുകൾവഴി നിർബന്ധമായും ഒഴുക്കിവിടേണ്ട സാഹചര്യമുണ്ടായി.

ഈ അധികജലം തുറന്നുവിടുന്നതിന് മുമ്പായി ജലനിരപ്പ് ഉയരുന്നതിനോടനുബന്ധിച്ച് വിവിധ ഘട്ടങ്ങളിൽ ജാഗ്രത പുലർത്താനായിട്ടും പമ്പ/ത്രിവേണി തീർത്ഥാടകരേയും പൊതുജനങ്ങളേയും അറിയിക്കുന്നതിനും മറ്റ് മുൻകരുതലുകൾ എടുക്കുന്നതിനുംവേണ്ടി ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻമാരായ പത്തനംതിട്ട, കോട്ടയം, ആലപ്പുഴ ജില്ലാ കളക്ടർമാർക്കും അതത് റവന്യൂ പോലീസ് അധികാരികൾക്കും പത്തനംതിട്ട മുനിസിപ്പാലിറ്റിക്കും കത്തുകൾ നൽകുകയുണ്ടായി. റിസർവ്വോയറുകളുടെ വാട്ടർലെവൽ അനുസരിച്ച് 3 തരത്തിലുള്ള അലർട്ട് ലെവലുകൾ ഫിക്സ് ചെയ്തിട്ടുണ്ട് (Blue, Orange & Red).

| Reservoir | FRL(m) | Blue (m) | Orange (m) | Red (m) |
|---|---|---|---|---|
| കക്കി - ആനത്തോട് | 981.46 | 979.50 | 980 | 980.50 |
| പമ്പ | 986.33 | 983.5 | 985 | 986 |

മുകളിൽ പ്രതിപാദിച്ചിരിക്കുന്ന ലെവലുകളിൽ ജലവിതാനം എത്തുമ്പോൾ ജാഗ്രത, അതിജാഗ്രത, അതീവജാഗ്രത നിർദ്ദേശങ്ങൾ മേൽപ്പറഞ്ഞ അധികാരികളെ അറിയിക്കുകയാണ് ചെയ്യുന്നത്. അതനുസരിച്ച് കക്കി-ആനത്തോട് ഡാമിനെ സംബന്ധിച്ച് 29-7-2018-ൽ Blue Alert-ഉം 31-7-2018-ൽ Orange Alert-ഉം 8-8-2018-ൽ Red Alert-ഉം നൽകി. അതിനുശേഷം 9-8-2018-ൽ ബഹു. പത്തനംതിട്ട ജില്ലാ കളക്ടറുടെ അനുമതിയോടെ ആനത്തോട് ഡാമിന്റെ ഷട്ടറുകൾ ഉയർത്തി അധികജലം തുറന്നുവിട്ടു. പമ്പ ഡാമിനെ സംബന്ധിച്ച് 17-7-2018-ൽ Blue Alert-ഉം 9-8-2018-ൽ Orange Alert-ഉം, എന്നാൽ അന്നേ ദിവസംതന്നെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതിനാൽ Red Alert-ഉം നൽകി.

(ഇ) കക്കി-ആനത്തോട് ഡാമുകളിൽ 7-7-2018 വരെ സാധാരണ രീതിയിലുള്ള മഴ മാത്രമെ ലഭിച്ചിരുന്നുള്ളൂ. അന്ന് ആകെ സംഭരണശേഷിയുടെ 51.8% മാത്രമെ എത്തിയിരുന്നുള്ളൂ. എന്നാൽ അതിനുശേഷം വർദ്ധിച്ച രീതിയിലുള്ള മഴ ലഭിച്ചതിനാൽ 10-8-2018-ൽ പൂർണ്ണ സംഭരണശേഷിയിലെത്തി. 15-8-2018 മുതൽ 4 ദിവസം ഈ ഡാമുകളുടെ വൃഷ്ടിപ്രദേശത്ത് രേഖപ്പെടുത്തിയ മഴ 296mm, 294mm, 222mm, 220mm എന്നിങ്ങനെയാണ്. പൂർണ്ണ സംഭരണശേഷിയിലേയ്ക്കെത്തി ജലം പുറത്തേക്കൊഴുക്കിക്കൊണ്ടിരിക്കുന്ന സമയത്തുതന്നെയാണ് മേൽപ്പറഞ്ഞ ദിവസങ്ങളിൽ മഴ പെയ്യതും അധികജലം സംഭരണിയിലേയ്ക്കെത്തിയതും. ആയതിനാൽ അത് പൂർണ്ണമായും ഒഴുക്കിക്കളയേണ്ട സാഹചര്യമുണ്ടായി. ഡാമുകൾ തുറന്നുവിടുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് അതതു റവന്യൂ അധികാരികൾക്ക് മുന്നറിയിപ്പ് നൽകിയിരുന്നു.

(എഫ്) 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് കേന്ദ്ര വാട്ടർ കമ്മീഷൻ തയ്യാറാക്കിയ റിപ്പോർട്ടിൽ അങ്ങനെ പറഞ്ഞതായി കാണുന്നില്ല. CWC-യുടെ റിപ്പോർട്ട് പ്രകാരം കേരളത്തിലെ ഡാമുകൾ പ്രളയം വർദ്ധിപ്പിക്കുകയോ കുറയ്ക്കുകയോ ചെയ്തിട്ടില്ല. എന്നാൽ ഇടുക്കി ജലാശയം പ്രളയത്തിന്റെ മൂർദ്ധന്യാവസ്ഥ കുറയ്ക്കാൻ സഹായിച്ചിട്ടുണ്ടെന്ന് CWC-യുടെ റിപ്പോർട്ട് വ്യക്തമാക്കുന്നുണ്ട്.

**പ്രളയവും ഡാമുകൾ തുറക്കലും**

290 (688) <u>ശ്രീ. പി. സി. ജോർജ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയം ഉണ്ടായപ്പോൾ ഡാമുകൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് വൈദ്യുതി വകുപ്പ് എന്തെല്ലാം മുൻകരുതലുകൾ എടുത്തിരുന്നു; ഏതെല്ലാം വകുപ്പുകളുമായി ഇത് സംബന്ധിച്ച് മീറ്റിംഗുകൾ നടത്തിയിരുന്നു; പ്രസ്തുത മീറ്റിംഗിന്റെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കക്കി, മൂഴിയാർ, കൊച്ചുപമ്പ, ആനത്തോട്, മണിയാർ ഡാമുകളുടെ സംഭരണശേഷി എത്രയാണ്; പ്രളയകാലത്ത് സംഭരണശേഷിയിൽ കൂടുതൽ എത്ര ഘന അടി ജലം ഉയർന്നു; എത്ര ഘന അടി ജലം തുറന്നുവിട്ടു; കണക്കുകൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഡാമുകൾ തുറക്കുന്നതിന് മുമ്പ് ജനങ്ങൾക്ക് മുന്നറിയിപ്പ് ഏതൊക്കെ വിധത്തിൽ നൽകിയിരുന്നു; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഡാമുകളുടെ വൃഷ്ടിപ്രദേശത്ത് ഈ കാലവർഷത്തിൽ പെയ്ത കനത്ത മഴയിൽ ജലവിതാനം സാധാരണ വർഷങ്ങളേക്കാൾ ജൂലൈ മാസത്തിൽ ഉയർന്നിരുന്നു. ഈ സാഹചര്യത്തിൽ 25-7-2018-ൽ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ അവലോകനയോഗം നടത്തുകയും പ്രധാന ജലസംഭരണികൾ തുറക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ തീരുമാനിക്കുകയുമുണ്ടായി. ഇതനുസരിച്ച് ഇടുക്കി, ഇടമലയാർ, പമ്പ എന്നീ ജലസംഭരണികൾക്ക് ജലവിതാനം ഉയരുന്നതിനനുസരിച്ചുള്ള മൂന്നുഘട്ട മൂന്നുഘട്ട ജാഗ്രതാ നിർദ്ദേശങ്ങൾ (ബ്ലൂ, ഓറഞ്ച്, റെഡ് അലെർട്ട്) പുറപ്പെടുവിക്കുകയും ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ, തദ്ദേശഭരണ സ്ഥാപന മേധാവികൾ, സംസ്ഥാന ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, പോലീസ് ഡിപ്പാർട്ടുമെന്റ്, ഫയർഫോഴ്സ് എന്നിവരെ അറിയിക്കുകയും അവരുടെ നിർദ്ദേശമനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ കത്തിലൂടെയും ഫോണിലൂടെയും സാമൂഹ്യമാധ്യമങ്ങളിലൂടെയും നിരന്തരമായി ബന്ധപ്പെട്ട് ദുരന്ത നിവാരണ പ്രവർത്തനങ്ങളും മുന്നൊരുക്കങ്ങളും ഏകോപിപ്പിച്ചിരുന്നു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 8-8-2018-ലും 10-8-2018-ലും യോഗം ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. മീറ്റിംഗിന്റെ മിനിട്ട്സ് അനുബന്ധമായി ചേർത്തിരിക്കുന്നു *.

(ബി) കക്കി-ആനത്തോട്, മൂഴിയാർ, കൊച്ചുപമ്പ ഡാമുകളുടെ പരമാവധി സംഭരണശേഷിയും പ്രളയകാലത്ത് (14-8-2018 മുതൽ 20-8-2018 വരെ) പ്രസ്തുത ഡാമുകളിൽ ആകെ ഒഴുകിയെത്തിയ വെള്ളത്തിന്റെയും തുറന്നുവിട്ട വെള്ളത്തിന്റെയും കണക്കുകൾ താഴെപറയും പ്രകാരമാണ്.

| ഡാമിന്റെ പേര് | പരമാവധി സംഭരണശേഷി (ദശലക്ഷം) ഘനമിറ്റർ (Mcm) | ആകെ ഒഴുകി എത്തിയ വെള്ളം (Mcm) | പരമാവധി സംഭരണശേഷിക്കു ശേഷം ഷട്ടർ വഴി പുറത്തേക്ക് ഒഴുകിയ ആകെ വെള്ളം (Mcm) |
|---|---|---|---|
| കക്കി, ആനത്തോട് | 455.02 | 261.67 | 235.70 |
| മൂഴിയാർ | 1.50 | 42.965 | 42.965 |
| കൊച്ചുപമ്പ | 39.22 | 59.95 | 59.44 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മണിയാർ ഡാമിന്റെ സംഭരണശേഷി 8.80Mm3 ആണ്. പ്രളയകാലത്ത് ഉയർന്ന ജലം ഷട്ടറുകളുയർത്തി സംഭരണശേഷിക്കുള്ളിൽ നിലനിർത്തിയിരുന്നു. പരമാവധി ജലവിതാനം ഉയർന്ന 5-8-2018-ൽ 1040m3/sec ജലം ഒഴുക്കിവിട്ടിരുന്നു.

(സി) പമ്പ, കക്കി-ആനത്തോട് റിസർവ്വോയറുകളുടെ വൃഷ്ടിപ്രദേശങ്ങളിൽ ഈ കാലവർഷത്തിൽ പെയ്ത കനത്ത മഴമൂലം ജലസംഭരണിയിലെ നീരൊഴുക്ക് വർദ്ധിച്ച് ജലവിതാനം പരമാവധി ജലനിരപ്പിലേയ്ക്ക് അടുത്തതുകാരണം ഡാമുകളുടെ സുരക്ഷയെ കരുതി അധികജലം ഡാമിന്റെ ഷട്ടറുകൾവഴി നിർബന്ധമായും ഒഴുക്കിവിടേണ്ട സാഹചര്യമുണ്ടായി. ഈ അധികജലം തുറന്നുവിടുന്നതിനുമുമ്പായി ജലനിരപ്പ് ഉയരുന്നതിനോടനുബന്ധിച്ച് വിവിധ ഘട്ടങ്ങളിൽ ജാഗ്രത പുലർത്താനായിട്ടും പമ്പ/ത്രിവേണി തീർത്ഥാടകരേയും പൊതുജനങ്ങളേയും അറിയിക്കുന്നതിനും മറ്റു മുൻകരുതലുകൾ എടുക്കുന്നതിനുംവേണ്ടി ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻമാരായ പത്തനംതിട്ട, കോട്ടയം, ആലപ്പുഴ ജില്ലാ കളക്ടർമാർക്കും അതത് റവന്യൂ, പോലിസ് അധികാരികൾക്കും കത്തുകൾ നൽകുകയുണ്ടായി. റിസർവ്വോയറുകളുടെ വാട്ടർലെവൽ അനുസരിച്ച് 3 തരത്തിലുള്ള അലർട്ട് ലെവലുകൾ ഫിക്സ് ചെയ്തിട്ടുണ്ട്. (Blue, Orange & Red).

| Reservoir | FRL(m) | Blue (m) | Orange (m) | Red (m) |
|---|---|---|---|---|
| കക്കി - ആനത്തോട് | 981.46 | 979.50 | 980 | 980.50 |
| പമ്പ | 986.33 | 983.5 | 985 | 986 |

മുകളിൽ പ്രതിപാദിച്ചിരിക്കുന്ന ലെവലുകളിൽ ജലവിതാനം എത്തുമ്പോൾ ജാഗ്രത, അതിജാഗ്രത, അതീവജാഗ്രത നിർദ്ദേശങ്ങൾ മേൽപ്പറഞ്ഞ അധികാരികളെ അറിയിക്കുകയാണ് ചെയ്യുന്നത്. അതനുസരിച്ച് കക്കി-ആനത്തോട് ഡാമിനെ സംബന്ധിച്ച് 29-7-2018-ൽ Blue Alert-ഉം 31-7-2018-ൽ Orange alert-ഉം 8-8-2018-ൽ Red Alert-ഉം നൽകി. അതിനുശേഷം 9-8-2018-ൽ ബഹു. പത്തനംതിട്ട ജില്ലാ കളക്ടറുടെ നടപടിക്രമ അനുമതിയോടെ ആനത്തോട് ഡാമിന്റെ ഷട്ടറുകൾ ഉയർത്തി അധികജലം തുറന്നുവിട്ടു. പമ്പ ഡാമിനെ സംബന്ധിച്ച് 17-7-2018-ൽ Blue Alert-ഉം 09-8-2018-ൽ Orange Alert-ഉം എന്നാൽ അന്നേ ദിവസംതന്നെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതിനാൽ Red Alert-ഉം നൽകി. അതിനുശേഷം പത്തനംതിട്ട ജില്ലാ കളക്ടറുടെ നടപടിക്രമ അനുമതിയോടെ 9-8-2018-ൽ പമ്പാ ഡാമിന്റെ ഷട്ടറുകളും തുറന്നു. സംഭരണശേഷി തീരെ കുറവായ (only 1.5 MCM) മൂഴിയാർ ഡാമിന്റെ ഷട്ടറുകൾ ജൂലൈ മാസം മുതൽ തുറന്നിരിക്കുകയാണ്.

## ആലത്തൂർ മണ്ഡലത്തിലെ വൈദ്യുതി കണക്ഷൻ

291 (689) ശ്രീ. കെ. ഡി. പ്രസേനൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ വൈദ്യുതിയില്ലാത്ത വീടുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആലത്തൂർ മണ്ഡലത്തിൽ ഗാർഹിക വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി ഏതെങ്കിലും അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ആലത്തൂർ മണ്ഡലത്തിൽ വന പ്രദേശത്തിനുള്ളിൽ താമസിക്കുന്ന (പാലക്കുഴി, മേമല, പോത്തൻ തോട് പ്രദേശങ്ങൾ) 101 അപേക്ഷകൾക്ക്, വന അനുമതി ലഭിക്കാത്തതിനാൽ ഗാർഹിക വൈദ്യുതി കണക്ഷൻ നൽകാൻ സാധിച്ചിട്ടില്ല. അനുമതി ലഭ്യമായാൽ മാത്രമെ പ്രസ്തുത കണക്ഷനുകൾ നൽകാൻ കഴിയൂ.

## കാസർഗോഡ് ജില്ലയിലെ വോൾട്ടേജ് ക്ഷാമം

292 (690) ശ്രീ. എം. രാജഗോപാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വിവിധ കെ.എസ്.ഇ.ബി. സെക്ഷനുകളിൽ പലപ്രാവശ്യങ്ങളിലായി വൈദ്യുതി വിതരണത്തിൽ തടസ്സം സംജാതമാകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ജില്ലയിൽ വോൾട്ടേജ് ക്ഷാമം നേരിടുന്ന കയ്യൂർ, പിലാക്കോട് കെ.എസ്.ഇ.ബി. സെക്ഷനുകളിൽ വോൾട്ടേജ് ഇംപ്രൂവ്മെൻറിനായി കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ലൈനുകളുടെ/സബ്സ്റ്റേഷനുകളുടെ/ട്രാൻസ്ഫോർമറുകളുടെ അറ്റകുറ്റപ്പണികളുടെ ഭാഗമായി മുൻകൂർ അറിയിപ്പ് നൽകി ലൈൻ സ്വിച്ച് ഓഫ് ചെയ്യുമ്പോഴും വിവിധ പദ്ധതികളിലുൾപ്പെടുത്തി ചെയ്യുന്ന പ്രവൃത്തികൾക്കുവേണ്ടി ലൈൻ ഓഫ് ചെയ്യുമ്പോഴും പ്രകൃതി ദുരന്തങ്ങളുടെ ഭാഗമായും വൈദ്യുതി വിതരണത്തിൽ തടസ്സങ്ങളുണ്ടാകാറുണ്ട്.

(ബി) 2021-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതുമായ വൈദ്യുതി ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ആസൂത്രണംചെയ്ത് നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. വോൾട്ടേജ് നില മെച്ചപ്പെടുത്തുന്നതിന് കയ്യൂർ സെക്ഷനിൽ 14 പ്രവൃത്തികളും പീലിക്കോട് സെക്ഷനിൽ 10 പ്രവൃത്തികളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കയ്യൂർ സെക്ഷന് കീഴിലെ കണിയാംതോട് ട്രാൻസ്ഫോർമറിന്റെ ശേഷി ഉയർത്തുന്ന പ്രവൃത്തിയും, പീലിക്കോട് സെക്ഷന് കീഴിൽ കാരിയിൽ എന്ന സ്ഥലത്ത് പുതുതായി 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിയും ആരംഭിച്ചുകഴിഞ്ഞു.

**സഹകരണ സംഘങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ**

293 (691) ശ്രീ. വി. ഡി. സതീശൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിൽ സാമ്പത്തിക ക്രമക്കേടുകൾ വർദ്ധിച്ചുവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇപ്രകാരം എത്ര സഹകരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകളാണ് കണ്ടുപിടിക്കപ്പെട്ടിട്ടുള്ളത്;

(സി) സഹകരണ മേഖലയുടെ വിശ്വാസ്യതയെത്തന്നെ തകർക്കുന്ന രീതിയിലുള്ള പ്രസ്തുത ക്രമക്കേടുകളിൽ കുറ്റക്കാരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ക്രമക്കേടുകൾ കണ്ടുപിടിക്കപ്പെടുമ്പോൾ രാഷ്ട്രീയ പരിഗണനവച്ച് സംഭവം ലഘൂകരിക്കുന്നതിനും കുറ്റക്കാരെ രക്ഷിക്കുന്നതിനും നടത്തുന്ന ശ്രമങ്ങൾ ഈ മേഖലയ്ക്ക് ദോഷകരമായതിനാൽ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 161 സഹകരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

(സി) സഹകരണ മേഖലയുടെ വിശ്വാസ്യതയെത്തന്നെ തകർക്കുന്ന രീതിയിലുള്ള പ്രസ്തുത ക്രമക്കേടുകളിൽ കുറ്റക്കാരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിന് കേരള സഹകരണ നിയമം വകുപ്പ് 65, 66, 68 എന്നിവ പ്രകാരമുള്ള അന്വേഷണവും പരിശോധനയും നടത്തുകയും പ്രസ്തുത അന്വേഷണങ്ങളിലും പരിശോധനകളിലും ക്രമക്കേടുകൾ ബോധ്യപ്പെടുന്ന പക്ഷം വകുപ്പ് 68(2) പ്രകാരമുള്ള സർചാർജ്ജ് നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. ക്രിമിനൽ വകുപ്പുകളിൽ ഉൾപ്പെട്ട ക്രമക്കേടുകളിൽ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് നടപടികൾക്കായി പോലീസിന് കൈമാറുകയും ചെയ്യുന്നു. സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സഹകരണ നിയമം വകുപ്പ് 68 (എ) പ്രകാരം രൂപീകരിച്ചിട്ടുള്ള സഹകരണ വിജിലൻസ് സംവിധാനം സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ ഫലപ്രദമായി അന്വേഷണം നടത്തുകയും സഹകരണ സംഘം രജിസ്ട്രാർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നു. പ്രസ്തുത അന്വേഷണ റിപ്പോർട്ടുകളിന്മേലും സഹകരണ സംഘം രജിസ്ട്രാർ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സഹകരണ സംഘങ്ങളിൽ ക്രമക്കേടുകൾ കണ്ടുപിടിക്കപ്പെടുമ്പോൾ കുറ്റക്കാർക്കെതിരെ നിയമാനുസൃതമായ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## സഹകരണ ബാങ്കുകളിലെ ക്രമക്കേടുകൾ തടയാൻ നടപടി

294 (692) ശ്രീ. മോൻസ് ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ ബാങ്കുകളിൽ നടക്കുന്ന ക്രമക്കേടുകൾ പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) ചിട്ടിയുടെ നടത്തിപ്പിലുണ്ടാകുന്ന ക്രമക്കേടുകൾ പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ; ജീവനക്കാർ തന്നെ ചിട്ടിയിൽ ചേരുന്നതും അവർതന്നെ ചിട്ടി പിടിക്കുന്നതിനുമേലും നിയന്ത്രണം ഏർപ്പെടുത്തുമോ;

(സി) ചിട്ടികൾ പിടിക്കുന്നതിനുള്ള ഗ്യാരൻറി കൃത്യമായും പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നുണ്ടോ; ഒരു കുടുംബത്തിൽനിന്നും ഒന്നിലേറെ ചിട്ടികളിൽ ചേരുന്ന അവസ്ഥ ഒഴിവാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ഡി) സഹകരണ ബാങ്കുകളിൽ പണയ ഉരുപ്പടികളുടെ പരിശോധന കർശനമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യാജ പണയ വസ്തുക്കളുടെ പരിശോധനയ്ക്ക് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്നറിയിക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകളിൽ നടക്കുന്ന ക്രമക്കേടുകൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും കർശന നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ, താലൂക്കുതല അസിസ്റ്റന്റ് രജിസ്ട്രാർമാർ എന്നിവർ സഹകരണ ബാങ്കുകളിൽ ആകസ്മികവും വിശദവുമായ പരിശോധനകൾ നടത്തുകയും, കൂടാതെ പൊതുജനങ്ങളിൽനിന്നും സഹകാരികളിൽനിന്നും ലഭിക്കുന്ന പരാതികളിന്മേൽ പ്രാഥമിക അന്വേഷണം നടത്തുകയും ക്രമക്കേടുകൾ ബോധ്യപ്പെടുന്നപക്ഷം സഹകരണ നിയമം വകുപ്പ് 65, 66, 68 പ്രകാരമുള്ള തുടർ അന്വേഷണങ്ങളും പരിശോധനകളും നടത്തുകയും പ്രസ്തുത അന്വേഷണങ്ങളിൽ ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്ന് കണ്ടെത്തുന്ന പക്ഷം വകുപ്പ് 68 (2) പ്രകാരമുള്ള സർചാർജ്ജ് നടപടികളും വകുപ്പ് 32 പ്രകാരം ഭരണസമിതിയെ പിരിച്ചുവിടുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ക്രമക്കേടിന് കാരണക്കാരായ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്ത് അച്ചടക്ക നടപടികളും സ്വീകരിക്കുന്നുണ്ട്. കൂടാതെ ക്രിമിനൽ സ്വഭാവമുള്ള കേസ്സുകളിന്മേൽ പോലീസ് കേസ് രജിസ്റ്റർ ചെയ്യുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സഹകരണ നിയമം വകുപ്പ് 68 (എ) പ്രകാരം രൂപീകരിച്ചിട്ടുള്ള സഹകരണ വിജിലൻസ് സംവിധാനം സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ ഫലപ്രദമായി അന്വേഷണം നടത്തുകയും സഹകരണ സംഘം രജിസ്ട്രാർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നു. പ്രസ്തുത അന്വേഷണ റിപ്പോർട്ടുകളിന്മേലും സഹകരണ സംഘം രജിസ്ട്രാർ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ സംഘങ്ങളിലെ ഓഡിറ്റിൽ ഗുരുതര ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം ഓഡിറ്റ് സ്പെഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുകയും ടി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സഹകരണ നിയമപ്രകാരം ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ അംഗീകരിച്ച ഉപനിബന്ധനയ്ക്ക് വിധേയമായാണോ ചിട്ടി/എം.ഡി.എസ്. നടത്തുന്നതെന്ന് പരിശോധിക്കാറുണ്ട്. ഓരോ പുതിയ എം.ഡി.എസ്. തുടങ്ങുമ്പോഴും അസിസ്റ്റന്റ് രജിസ്ട്രാറുടെ അംഗീകാരം വാങ്ങുന്നുണ്ടോ എന്നും, സഹകരണ സംഘം രജിസ്ട്രാറുടെ 36/12 സർക്കുലറിന് വിധേയമായാണോ എം.ഡി.എസ്. നടത്തുന്നതെന്നും പരിശോധിക്കാറുണ്ട്. കൂടാതെ സർക്കാരിലേയ്ക്ക് അടയ്ക്കുവാനുള്ള 2% കമ്മീഷൻ

കൃത്യമായി അടച്ചിട്ടുണ്ടോയെന്നും പരിശോധിക്കാറുണ്ട്. നിലവിലുള്ള ചിട്ടികൾക്ക് കുടിശ്ശികയുണ്ടോയെന്നും കുടിശ്ശികയുണ്ടെങ്കിൽ കുടിശ്ശിക തീർക്കുവാനുള്ള നടപടി സ്വീകരിക്കുവാനും നിർദ്ദേശം നൽകാറുണ്ട്. ജീവനക്കാർ ചിട്ടിയിൽ ചേരാതിരിക്കുന്നതിന് കർശന നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. ജീവനക്കാർ ചിട്ടിയിൽ ചേർന്നതായി കണ്ടെത്തിയാൽ ടിയാളുടെ എം.ഡി.എസ്.-ലെ അംഗത്വം അവസാനിപ്പിക്കുന്നതിനും കർശന നിർദ്ദേശങ്ങൾ നൽകിവരുന്നു.

(സി) യൂണിറ്റ് ഇൻസ്പെക്ടർമാർ, അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)-മാർ എന്നിവരുടെ ആകസ്മിക, വിശദ പരിശോധനകൾ, ഓഡിറ്റ് എന്നീ അവസരങ്ങളിൽ എം.ഡി.എസ്. പണം നൽകുന്നതിനുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. ഒരു കുടുംബത്തിൽനിന്നും ഒന്നിലേറെ ചിട്ടികളിൽ ചേരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സാഹചര്യങ്ങളിൽ ഈ അവസ്ഥ പ്രോത്സാഹിപ്പിക്കരുതെന്ന് ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സഹകരണ സംഘങ്ങളിൽ സ്വർണ്ണപ്പണയാഭരണ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ 22/2016 സർക്കുലർ പ്രകാരം കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. ഇതിനുപുറമെ സഹകരണ സംഘം രജിസ്ട്രാറുടെ പ്രത്യേക നിർദ്ദേശ പ്രകാരം വായ്പേതര സഹകരണ സംഘങ്ങളിലെ സ്വർണ്ണപ്പണയ പരിശോധന നടത്തുകയും വായ്പാ സംഘങ്ങളുടെ സ്വർണ്ണപ്പണയ പരിശോധന നടത്തുന്നതിന് നിർദ്ദേശവും നൽകിയിട്ടുള്ളതാണ്. എന്നാൽ പണയ ഉരുപ്പടികൾ കൈകാര്യം ചെയ്യുന്നതിൽ കൃത്രിമം കാണിക്കുന്നതും സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്നതും സഹകരണ ബാങ്കുകളിൽ തുടർന്നുവരുന്നതായി ആക്ഷേപമുയർന്നിരിക്കുന്ന സാഹചര്യത്തിൽ ആയത് തടയാൻ സഹകരണ സംഘം രജിസ്ട്രാർ 13/2018 സർക്കുലർ പ്രകാരം 22/2016 സർക്കുലറിലെ നിർദ്ദശങ്ങളെ കുറച്ചുകൂടി സ്പഷ്ടീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന മുഴുവൻ സ്വർണ്ണപ്പണയ പണ്ടങ്ങളുടെയും തൂക്കത്തിലെ കൃത്യതയും പരിശുദ്ധിയും ഉറപ്പു വരുത്തുന്നതിന് സംഘം തലത്തിൽ ഒരു കമ്മിറ്റിയെ രൂപീകരിക്കുകയും സംഘത്തിൽ നടക്കുന്ന എല്ലാ സ്വർണ്ണപ്പണയ ക്രമക്കേടുകൾക്കും പൂർണ്ണ ഉത്തരവാദിത്വം ടി കമ്മിറ്റിക്കും സംഘത്തിലെ ഭരണസമിതി അംഗങ്ങളിലും നിക്ഷിപ്തമാക്കി വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്. യൂണിറ്റ് ഇൻസ്പെക്ടർമാർ, കൺകറന്റ് ഓഡിറ്റർമാർ എന്നിവർ പണയ ഉരുപ്പടികളുടെ പരിശോധന സ്വന്തം നിലയിലും അപ്രൈസറുടെ സഹായത്താലും കൃത്യമായ ഇടവേളകളിൽ നടത്തിവരുന്നു. കൂടാതെ ബാങ്ക് ഭരണസമിതിയും സ്വർണ്ണപ്പണയ ഉരുപ്പടികളുടെ ഭൗതിക പരിശോധന നടത്തി വരുന്നുണ്ട്.

## ആശ്വാസ് പദ്ധതി പ്രകാരം സഹകരണ വകുപ്പ് തീർപ്പാക്കിയ അപേക്ഷകൾ

295 (693) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലപ്പുറം ജില്ലയിൽ സഹകരണ വകുപ്പ് ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിൽ ലഭിച്ച പരാതികൾ എത്ര; അപേക്ഷകൾ എത്ര; നിവേദനങ്ങൾ എത്ര; ലഭിച്ച തീയതികൾ ഉൾപ്പെടെ വ്യക്തമാക്കുമോ;

(ബി) സഹകരണ വകുപ്പ് നടപ്പിലാക്കുന്ന ആശ്വാസ് പദ്ധതി പ്രകാരം തീർപ്പാക്കിയ അപേക്ഷകൾ എത്ര; വിശദവിവരം ലഭ്യമാക്കുമോ;

(സി) ജില്ല സഹകരണ ജോയിന്റ് രജിസ്ട്രാർ ഓഫീസിൽനിന്നും സഹകരണ വകുപ്പ് രജിസ്ട്രാർക്ക് റിപ്പോർട്ട് അയച്ചത് എത്ര ഫയലുകളിൽ; എത്ര ഫയലുകൾ നിരസിച്ചു; വ്യക്തമാക്കുമോ;

(ഡി) സർവ്വീസ് ചട്ടപ്രകാരം നടപടി സ്വീകരിക്കാത്ത ഫയലുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഇ) ജില്ലയിൽ ഇത്രയധികം ഫയലുകൾ കെട്ടികിടക്കുന്ന കാര്യത്തിൽ സഹകരണ വകുപ്പ് രജിസ്ട്രാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച ഫയൽ കോപ്പികൾ ലഭ്യമാക്കുമോ;

(എഫ്) ജില്ലയിലെ ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ; ഇതിനായി അദാലത്തുകൾ നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിൽ സഹകരണ വകുപ്പ് ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിൽ ആശ്വാസ് പദ്ധതിയുമായി ബന്ധപ്പെട്ട് അപേക്ഷകൾ/പരാതികൾ ലഭിച്ചിട്ടില്ല. മലപ്പുറം ജില്ലയിലെ ആശ്വാസ് താലൂക്കതല കമ്മിറ്റി മുമ്പാകെ സമർപ്പിച്ചതിൽ മലപ്പുറം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ ആശ്വാസ് ജില്ലാതല കമ്മിറ്റി മുമ്പാകെ ലഭിച്ച അപേക്ഷകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| അപേക്ഷ | എണ്ണം |
|---|---|
| ആശ്വാസ് 2017 | 17 |
| ആശ്വാസ് 2018 | 39 |
| ആകെ | 56 |

പരാതികൾ, നിവേദനങ്ങൾ എന്നിവ ലഭിച്ചിട്ടില്ല.

(ബി) ആശ്വാസ് പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ തീർപ്പാക്കിയ അപേക്ഷകൾ സംബന്ധിച്ച വിവരങ്ങൾ താഴെ പറയുന്നു.

**ആശ്വാസ് 2017**

| | |
|---|---|
| ആർബിട്രേഷൻ ഫയലുകൾ | -954 |
| എക്സിക്യൂഷൻ ഫയലുകൾ | - 319 |
| മറ്റുള്ളവ | - 12 |
| ആകെ | -1285 |

**ആശ്വാസ് 2018**

| | |
|---|---|
| ആർബിട്രേഷൻ ഫയലുകൾ | -2918 |
| എക്സിക്യൂഷൻ ഫയലുകൾ | - 1237 |
| ആകെ | -4155 |

(സി) മലപ്പുറം ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിൽനിന്നും ആശ്വാസ് 2017 പദ്ധതി പ്രകാരം സഹകരണ സംഘം രജിസ്ട്രാർക്ക് 17 ഫയലുകൾ അയയ്ക്കുകയും ആയതിന് സംസ്ഥാനതല കമ്മിറ്റി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) സർവ്വീസ് ചട്ടപ്രകാരം നടപടി സ്വീകരിക്കാത്ത ഫയലുകൾ അവശേഷിക്കുന്നില്ല.

(ഇ&എഫ്) മലപ്പുറം ജില്ലാ ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ ആശ്വാസ് പദ്ധതിയുമായി ബന്ധപ്പെട്ട് ഫയലുകൾ കെട്ടിക്കിടപ്പുണ്ടോ എന്നത് സംബന്ധിച്ച് പരിശോധിച്ച് കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## സഹകരണ വകുപ്പ് മുഖാന്തരം സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം

296 (694) ശ്രീ. സി. ദിവാകരൻ : താഴെക്കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സഹകരണ വകുപ്പ് മുഖാന്തരം സർക്കാർ/എയ്ഡഡ് എൽ.പി./യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകളും ഊർജ്ജക്ഷമതയുള്ള അടുപ്പും നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സഹകരണ വകുപ്പ് മുഖാന്തരം ഒരു നിയോജകമണ്ഡലത്തിൽ ഒരു യു.പി. സ്കൂൾ വീതം 140 നിയോജകമണ്ഡലങ്ങളിലായി 140 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ, ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിലെയും എം.എൽ.എ.-മാർ ലഭ്യമാക്കുന്ന ലിസ്റ്റും സന്നദ്ധരായ സംഘങ്ങളുടെ ലിസ്റ്റും തയ്യാറാക്കിയിരുന്നു. അതോടൊപ്പം സർക്കാർ സ്കൂളുകളിൽ സഹകരണ വകുപ്പിന്റെ സഹായത്തോടെ ഊർജ്ജക്ഷമതയുള്ള അടുപ്പ് നിർമ്മിച്ച് നൽകുന്ന പദ്ധതിയും ലക്ഷ്യമിട്ടിരുന്നു.

എന്നാൽ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി./യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിച്ചു നൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തരം സ്മാർട്ട് ക്ലാസ് മുറികളും ഊർജ്ജക്ഷമതയുള്ള അടുപ്പുകളും നിർമ്മിച്ചുനൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ലെന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാനപ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചു നൽകുന്നുണ്ട്. ഈ രീതി തുടരാവുന്നതാണ്.

## സഹകരണ വകുപ്പ് മുഖേന വിദ്യാലയങ്ങൾക്ക് ഊർജ്ജക്ഷമതയുള്ള അടുപ്പ്

297 (695) ശ്രീമതി പി. അയിഷാ പോറ്റി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിലെ ക്ലാസ് മുറികൾ സ്മാർട്ട് ആക്കുന്നതിനും വിദ്യാലയങ്ങൾക്ക് അനർട്ട് മുഖേന ഊർജ്ജക്ഷമതയുള്ള അടുപ്പ് നൽകുന്നതിനും സഹകരണ വകുപ്പ് ലക്ഷ്യമിട്ടിരുന്നോ;

(ബി) പ്രസ്തുത പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ലക്ഷ്യമിട്ടിരുന്നു.

(ബി) സഹകരണ വകുപ്പ് മുഖാന്തരം ഒരു നിയോജകമണ്ഡലത്തിൽ ഒരു യു.പി. സ്കൂൾ വീതം 140 നിയോജകമണ്ഡലങ്ങളിലായി 140 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ, ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിലെയും എം.എൽ.എ.-മാർ ലഭ്യമാക്കുന്ന ലിസ്റ്റും സന്നദ്ധരായ സംഘങ്ങളുടെ ലിസ്റ്റും തയ്യാറാക്കിയിരുന്നു. അതോടൊപ്പം സർക്കാർ സ്കൂളുകളിൽ സഹകരണ വകുപ്പിന്റെ സഹായത്തോടെ ഊർജ്ജക്ഷമതയുള്ള അടുപ്പ് നിർമ്മിച്ചു നൽകുന്ന പദ്ധതിയും ലക്ഷ്യമിട്ടിരുന്നു.

എന്നാൽ പൊതു വിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി./യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിച്ചു നൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തരം സ്മാർട്ട് ക്ലാസ് മുറികളും ഊർജ്ജക്ഷമതയുള്ള അടുപ്പുകളും നിർമ്മിച്ചുനൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ലെന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാനപ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചുനൽകുന്നുണ്ട്. ഈ രീതി തുടരാവുന്നതാണ്.

## സഹകരണ സ്ഥാപനങ്ങളുടെ സഹായത്തോടെയുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

298 (696) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഓരോ നിയോജകമണ്ഡലങ്ങളിലും സഹകരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സർക്കാർ എയ്ഡഡ് വിദ്യാലയങ്ങൾക്ക് സ്മാർട്ട് ക്ലാസ് റൂം, ഇന്ധന ക്ഷമതയുള്ള അടുക്കള തുടങ്ങിയവ നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ; ഇതിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് വിശദമാക്കുമോ;

(ബി) കരുനാഗപ്പള്ളി സബ് ജില്ലയിലെ ഏതെല്ലാം വിദ്യാലയങ്ങൾക്ക് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സഹായങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സഹകരണ വകുപ്പ് മുഖാന്തരം ഒരു നിയോജകമണ്ഡലത്തിൽ ഒരു യു.പി. സ്കൂൾ വീതം 140 നിയോജകമണ്ഡലങ്ങളിലായി 140 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ, ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിലെയും എം.എൽ.എ.-മാർ ലഭ്യമാക്കുന്ന ലിസ്റ്റും സന്നദ്ധരായ സംഘങ്ങളുടെ ലിസ്റ്റും തയ്യാറാക്കിയിരുന്നു.

അതോടൊപ്പം സർക്കാർ സ്കൂളുകളിൽ സഹകരണ വകുപ്പിന്റെ സഹായത്തോടെ ഊർജ്ജക്ഷമതയുള്ള അടുപ്പ് നിർമ്മിച്ചുനൽകുന്ന പദ്ധതിയും ലക്ഷ്യമിട്ടിരുന്നു.

എന്നാൽ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി./യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിച്ചു നൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തരം സ്മാർട്ട് ക്ലാസ് മുറികളും ഊർജ്ജക്ഷമതയുള്ള അടുപ്പുകളും നിർമ്മിച്ചുനൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ലെന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാനപ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചു നൽകുന്നുണ്ട്. ഈ രീതി തുടരാവുന്നതാണ്

(ബി) കരുനാഗപ്പള്ളി സബ് ജില്ലയിൽ വവ്വാക്കാവ് എൽ.പി. സ്കൂളിൽ മാത്രമാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

**കേരള ബാങ്ക്**

299 (697) ശ്രീ. വി. അബ്ദുറഹിമാൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ;

(ബി) കേരള ബാങ്ക് എന്ന് നിലവിൽവരുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) കേരള ബാങ്ക് സംസ്ഥാനത്തിന്റെ ഭാവി വികസനത്തിന് എന്തൊക്കെ പങ്ക് വഹിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽനിന്നും ദ്വിതല സമ്പ്രദായത്തിലേയ്ക്ക് പുനർ ക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് 19 വ്യവസ്ഥകളോടെ ആർ.ബി.ഐ. തത്വത്തിലുള്ള അംഗീകാരം നല്കിയിട്ടുണ്ട്. ടി വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നബാർഡ് മുഖേന അന്തിമ അനുമതിക്ക് സമീപിക്കാനാണ് ആർ.ബി.ഐ. നിർദ്ദേശിച്ചിട്ടുള്ളത്. റിസർവ് ബാങ്ക് മുന്നോട്ട് വച്ചിട്ടുള്ള നിർദ്ദേശങ്ങൾ പാലിച്ച് അന്തിമ അനുമതി ലഭ്യമാക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തുന്നതിന് 15 സബ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം പുരോഗമിച്ചുവരുന്നു.

(ബി) റിസർവ് ബാങ്കിന്റെ അന്തിമ അനുവാദം ലഭ്യമാകുന്നമുറയ്ക്ക് പുതിയ ബാങ്ക് പ്രവർത്തനമാരംഭിക്കും.

(സി) സഹകരണ മേഖലയെ ശക്തിപ്പെടുത്തി കേരളത്തിന്റെ സർവ്വതോൻമുഖമായ വികസനത്തിനുവേണ്ടി പങ്ക് വഹിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**കേരള ബാങ്ക് രൂപീകരണം**

300 (698) <u>ശ്രീ. എസ്. ശർമ്മ</u>:
<u>ശ്രീ. പി. ടി. എ. റഹീം</u>:
<u>ശ്രീ. എം. രാജഗോപാലൻ</u>:
<u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.ബി.റ്റി.-എസ്.ബി.ഐ. ലയനം ഉൾപ്പെടെയുള്ള നടപടികളിലൂടെ രാജ്യത്തെ ധനകാര്യ സ്ഥാപനങ്ങളുടെമേൽ കേന്ദ്ര സർക്കാർ കടന്നുകയറ്റം നടത്തുന്നതായി ആക്ഷേപമുയരുന്ന സാഹചര്യത്തിൽ, സംസ്ഥാന താല്പര്യം പരിരക്ഷിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള കേരള ബാങ്ക് രൂപീകരണത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) കേരള ബാങ്ക് രൂപീകരണത്തിനായി റിസർവ് ബാങ്ക് മുന്നോട്ടുവച്ചിരിക്കുന്ന നിബന്ധനകളും അവ പാലിക്കാനായി സ്വീകരിച്ചുവരുന്ന നടപടികളും അറിയിക്കാമോ;

(സി) സാമ്പത്തിക-സാങ്കേതിക അടിത്തറയുള്ള ആധുനിക ബാങ്കായി സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും ചേർന്നുള്ള നിലവിലെ സംവിധാനത്തെ പരിവർത്തനപ്പെടുത്തുന്നതിനുവേണ്ട കാര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ഡി) കേരള ബാങ്ക് രൂപീകരണം വഴി പ്രാഥമിക സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തിൽ ലക്ഷ്യമിടുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേയ്ക്ക് പുനർ ക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് 19 വ്യവസ്ഥകളോടെ ആർ.ബി.ഐ. തത്വത്തിൽ അംഗീകാരം നല്കിയിട്ടുണ്ട്. ടി വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നബാർഡ് മുഖേന അന്തിമ അനുമതിക്ക് സമീപിക്കാനാണ് ആർ.ബി.ഐ. നിർദ്ദേശിച്ചിട്ടുള്ളത്. റിസർവ് ബാങ്ക് മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങൾ പാലിച്ച് അന്തിമ അനുമതി ലഭ്യമാക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തുന്നതിന് 15 സബ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം പുരോഗമിച്ചുവരുന്നു. നിബന്ധനകൾ പാലിച്ച് സമയബന്ധിതമായി കേരള ബാങ്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ബി) കേരള ബാങ്ക് രൂപീകരണത്തിനായി റിസർവ് ബാങ്ക് മുന്നോട്ട് വച്ചിട്ടുള്ള വ്യവസ്ഥകൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്. സാങ്കേതികവിദ്യാ സംയോജനം, ആസ്തി ബാധ്യതാ സംയോജനം, മനുഷ്യ വിഭവശേഷി സംയോജനം, നിയമപരമായ സംയോജനം എന്നീ കാര്യങ്ങൾ സാധ്യമാക്കുന്നതിനായി സബ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

(സി) ആധുനിക സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന ഒരു ബാങ്കായി കേരള ബാങ്കിനെ മാറ്റുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഇതിനായി ഒരു കോമൺ സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതിന് ഏജൻസിയെ നിശ്ചയിക്കുന്ന നടപടി പുരോഗമിക്കുന്നു. ബാങ്കിന്റെ ഭരണ സംവിധാനം ആധുനിക വെല്ലുവിളികളെ നേരിടുന്നതിന് പ്രാപ്തമാകുന്ന രീതിയിൽ രൂപകല്പന ചെയ്യുന്നതാണ്. ആധുനികമായ സേവനങ്ങളും ഉല്പന്നങ്ങളും ബാങ്കിലൂടെ പ്രദാനം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങൾ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽനിന്നും ദ്വിതല സമ്പ്രദായത്തിലേയ്ക്ക് പുനഃക്രമീകരിക്കപ്പെടും. ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ചു കൊണ്ട് പ്രാഥമിക സഹകരണ ബാങ്കുകളിൽനിന്നും ഉപഭോക്താക്കൾക്ക് മറ്റ് ഇതര ബാങ്കുകളിൽനിന്നും ലഭിക്കുന്ന എല്ലാവിധ സേവനങ്ങളും വളരെ ലളിതമായ ചാർജ്ജുകൾ ഈടാക്കിയോ/ചാർജ്ജ് ഇല്ലാതെയോ വളരെ വേഗത്തിലും മെച്ചപ്പെട്ടതുമായി നല്കാൻ കഴിയും. സഹകരണ മേഖലയിൽ വിപ്ലവകരമായ നേട്ടമായിരിക്കുമിത്.

ബാങ്കിലെ പലിശ നിരക്കിൽ കുറവുണ്ടാകുന്നതുമൂലം ലോൺ ആകർഷകമാകുന്നതാണ്. കൂടുതൽ മേഖലയിൽ വായ്പ അനുവദിക്കുന്നതിന് കഴിയുന്നതാണ്. DBT/EBT തുടങ്ങിയ സേവനങ്ങൾ പ്രാഥമിക സഹകരണ ബാങ്കുകളിലൂടെ നൽകാൻ കഴിയും.

## കേരള ബാങ്ക് രൂപീകരണം

301 (699) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണത്തിനായി റിസർവ് ബാങ്ക് വ്യവസ്ഥകൾ മുന്നോട്ട് വച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേരള ബാങ്ക് രൂപീകരണം സംസ്ഥാനത്തെ സഹകരണ മേഖലയിൽ ഏതൊക്കെ തരത്തിലുള്ള വഴിത്തിരിവ് ഉണ്ടാക്കുമെന്ന് വ്യക്തമാക്കുമോ;

(സി) കേരള സഹകരണ നിയമവും ചട്ടങ്ങളും പൂർണ്ണമായും പാലിച്ചായിരിക്കുമോ ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും തമ്മിലുള്ള ലയനമെന്ന് വ്യക്തമാക്കുമോ;

(ഡി) കേരള ബാങ്കിന്റെ ഭരണസമിതിയിൽ ഏതൊക്കെ തരത്തിലുള്ള മാറ്റങ്ങൾ വരുത്തണമെന്നാണ് റിസർവ് ബാങ്ക് നിർദ്ദേശിച്ചിട്ടുള്ളത്;

(ഇ) ലയനശേഷം റിസർവ് ബാങ്കിന്റെ ഏതൊക്കെ തരത്തിലുള്ള നിയന്ത്രണങ്ങൾ കേരള ബാങ്കിൽ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സഹകരണ ബാങ്ക് രൂപീകരണത്തിനായി റിസർവ് ബാങ്ക് മുന്നോട്ടുവച്ചിട്ടുള്ള വ്യവസ്ഥകൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) ബാങ്കിംഗ് രംഗം ഉൾപ്പെടെ സമസ്ത മേഖലകളിലും സർവ്വതോൻമുഖമായ വികസനത്തിന്റെ വഴിത്തിരിവുകൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കേരള സഹകരണ സംഘം നിയമവും ചട്ടങ്ങളും പാലിച്ചായിരിക്കും ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും തമ്മിലുള്ള ലയനം.

(ഡി) ഭരണസമിതിയിൽ ചുരുങ്ങിയത് 2 പ്രൊഫഷണൽ ഡയറക്ടർമാർ ഉണ്ടാകണം, റിസർവ് ബാങ്ക് അർബൻ ബാങ്കുകൾക്ക് നിർദ്ദേശിച്ചിട്ടുള്ള മാതൃകയിൽ ലയന ശേഷം ബോർഡ് ഓഫ് മാനേജ്മെന്റ്, റിസർവ് ബാങ്കുമായി ചർച്ച നടത്തി രൂപീകരിക്കണം എന്നീ നിർദ്ദേശങ്ങളുമാണ് റിസർവ് ബാങ്ക് മുന്നോട്ടുവച്ചിട്ടുള്ളത്.

(ഇ) ലയനശേഷം ഉണ്ടാകേണ്ട നിയന്ത്രണങ്ങൾ റിസർവ് ബാങ്ക് വ്യക്തമാക്കിയിട്ടില്ല.

**കേരള ബാങ്ക് രൂപീകരണം**

302 (700) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. അനിൽ അക്കര:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. സണ്ണി ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണം സംബന്ധിച്ച് റിസർവ് ബാങ്കിൽനിന്നും അനുമതി ലഭ്യമായിട്ടുണ്ടോ;

(ബി) ഇതിനായി റിസർവ് ബാങ്ക് മുന്നോട്ട് വച്ച വ്യവസ്ഥകൾ എന്തൊക്കെയാണ്;

(സി) റിസർവ് ബാങ്ക് നിർദ്ദേശിച്ച സാമ്പത്തികപരവും നിയമപരവും, ഭരണപരവുമായ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് 2019 മാർച്ചിന് മുമ്പ് ലയന നടപടികൾ പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്;

(ഡി) ലയനശേഷം ബാങ്കിന്റെ മൂലധന പര്യാപ്തതയിലും, ആകെ സ്വത്തിലും കുറവ് വരികയാണെങ്കിൽ അത് സർക്കാർ നികത്തണമെന്ന നിർദ്ദേശം പ്രാവർത്തികമാക്കുവാൻ സർക്കാരിന് സാധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) വ്യവസ്ഥകളോടുകൂടിയ തത്വത്തിലുള്ള അനുമതി കേരളാ സഹകരണ ബാങ്കിന് റിസർവ് ബാങ്കിൽനിന്നും ലഭിച്ചിട്ടുണ്ട്.

(ബി) കേരള ബാങ്ക് രൂപീകരണത്തിനായി റിസർവ് ബാങ്ക് മുന്നോട്ട് വച്ചിട്ടുള്ള വ്യവസ്ഥകൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) റിസർവ് ബാങ്ക് നിർദ്ദേശിച്ച വ്യവസ്ഥകൾ പാലിച്ചുകൊണ്ട് 2019 മാർച്ച് മാസത്തോടെ ലയന നടപടികൾ പൂർത്തിയാക്കാൻവേണ്ടി 15 സബ്കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം പുരോഗമിച്ചുവരുന്നു.

(ഡി) സാധിക്കും. ഇതിനായി രൂപീകരിച്ചിട്ടുള്ള സബ് കമ്മിറ്റികൾ വിശദാംശങ്ങൾ തയ്യാറാക്കുന്ന ഘട്ടത്തിലാണ്.

**കേരള ബാങ്ക് രൂപീകരണത്തിനായി നിയമ നിർമ്മാണം**

303 (701) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) കേരള ബാങ്ക് രൂപീകരിക്കണമെങ്കിൽ ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കുമായി ലയിപ്പിക്കേണ്ടതുണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ട് ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്; ഇക്കാര്യത്തിൽ പുതിയ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് റിസർവ് ബാങ്ക് മുന്നോട്ടുവച്ച ഉപാധികൾ എന്തൊക്കെയാണ്;

(ഇ) ഇക്കാര്യങ്ങൾ പൂർണമായി പാലിക്കാനാകുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(എഫ്) കേരള ബാങ്ക് പ്രഖ്യാപനത്തോടെ ജില്ലാബാങ്കുകളിലേക്കുള്ള പുതിയ നിയമനങ്ങൾ മന്ദഗതിയിലാണോ; ഇത് ആയിരക്കണക്കിന് ഉദ്യോഗാർത്ഥികളുടെ ജോലി സാധ്യത ഇല്ലാതാക്കുന്ന സാഹചര്യമുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽനിന്നും ദ്വിതല സമ്പ്രദായത്തിലേയ്ക്ക് പുനഃക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് 19 വ്യവസ്ഥകളോടെ ആർ.ബി.ഐ. തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ടി വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നബാർഡ് മുഖേന അന്തിമ അനുമതിക്ക് സമീപിക്കാനാണ് ആർ.ബി.ഐ. നിർദ്ദേശിച്ചിട്ടുള്ളത്. ആയതിനുവേണ്ടി 15 സബ്കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രവർത്തനം പുരോഗമിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) ഇതുസംബന്ധിച്ച റിസർവ് ബാങ്കിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി 15 സബ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. നിയമനിർമ്മാണത്തിന്റെ ആവശ്യകത സംബന്ധിച്ച് നിയമ വിദഗ്ദ്ധരുമായി ചർച്ചകൾ നടന്നുവരുന്നു.

(ഡി) കേരള ബാങ്ക് രൂപീകരണത്തിനായി റിസർവ് ബാങ്ക് മുന്നോട്ട് വച്ചിട്ടുള്ള ഉപാധികൾ അനുബന്ധമായി * ചേർത്തിട്ടുണ്ട്.

(ഇ) ഉണ്ട്. റിസർവ് ബാങ്കിന്റെ നിർദ്ദേശങ്ങൾ പാലിച്ച് അന്തിമ അനുമതി ലഭ്യമാക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തുന്നതിന് 15 സബ് കമ്മിറ്റികൾ രൂപീകരിച്ചു പ്രവർത്തിച്ചുവരുന്നു.

(എഫ്) നിലവിലുള്ളതും വിരമിക്കൽമൂലമുണ്ടാകുന്ന ഒഴിവുകളും നിയമനാനുപാതം അനുസരിച്ച് യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശം ജില്ലാ സഹകരണ ബാങ്കുകൾക്ക് നൽകിയിട്ടുള്ളതാണ്.

**കേരള ബാങ്ക് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**

304 (702) ശ്രീ. എൽദോ എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) ഏതൊക്കെ ബാങ്കുകളെയാണ് കേരള ബാങ്കിൽ ലയിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രവാസി അക്കൗണ്ടുകൾ കേരള ബാങ്കിൽ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) കേരള ബാങ്ക് ആരംഭിക്കുന്നതിനായുള്ള അന്തിമ അനുമതിക്കുള്ള കാലതാമസം എന്താണെന്നും അനുമതി എപ്പോൾ ലഭിക്കുമെന്നും അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽനിന്നും ദ്വിതല സമ്പ്രദായത്തിലേയ്ക്ക് പുനർ ക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് 19 വ്യവസ്ഥകളോടെ ആർ.ബി.ഐ. തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. (ആർ.ബി.ഐ. ചീഫ് ജനറൽ മാനേജരുടെ 03-10-2018-ലെ DCBR.CO.RCBD.No.1007/ 19.51.007/ 2018-19 നമ്പർ കത്ത്). ടി വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നബാർഡ് മുഖേന അന്തിമ അനുമതിക്ക് സമീപിക്കാനാണ് ആർ.ബി.ഐ. നിർദ്ദേശിച്ചിട്ടുള്ളത്. ആയതിനുവേണ്ടി 15 സബ്കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രവർത്തനം പുരോഗമിച്ചുവരുന്നു.

(ബി) സംസ്ഥാന സഹകരണ ബാങ്കും 14 ജില്ലാ സഹകരണ ബാങ്കുകളും.

(സി) പ്രവാസി അക്കൗണ്ടുകൾ ഉൾപ്പെടെ മറ്റ് ദേശസാത്കൃത ബാങ്കുകൾ നൽകുന്ന എല്ലാ സേവനങ്ങളും കേരളാ ബാങ്കിനും ലഭ്യമാക്കുവാൻ ഘട്ടം ഘട്ടമായി നടപടി സ്വീകരിക്കും.

(ഡി) 19 വ്യവസ്ഥകളോടെയാണ് ആർ.ബി.ഐ. തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുള്ളത്. ടി വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നബാർഡ് മുഖേന 1-4-2019-ന് മുൻപ് അന്തിമ അനുമതിക്ക് സമീപിക്കാനാണ് ആർ.ബി.ഐ. നിർദ്ദേശിച്ചിട്ടുള്ളത്. ആയതിനുവേണ്ടി 15 സബ്കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രവർത്തനം പുരോഗമിച്ചുവരുന്നു. ഈ നടപടികൾക്ക് ശേഷം താമസംവിനാ അന്തിമ അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**കേരള ബാങ്കിന്റെ ഘടന**

305 (703) ശ്രീ. ഷാഫി പറമ്പിൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണത്തിന്റെ പുരോഗതി വിശദമാക്കാമോ;

(ബി) കേരള ബാങ്കിന്റെ ഘടനയുടെ വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽനിന്നും ദ്വിതല സമ്പ്രദായത്തിലേയ്ക്ക് പുനഃക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് 19 വ്യവസ്ഥകളോടെ ആർ.ബി.ഐ. തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ടി വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നബാർഡ് മുഖേന അന്തിമ അനുമതിക്ക് സമീപിക്കാനാണ് ആർ.ബി.ഐ. നിർദ്ദേശിച്ചിട്ടുള്ളത്. ആയതിനുവേണ്ടി 15 സബ്കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം പുരോഗമിച്ചുവരുന്നു. 14 ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും സംയോജിപ്പിച്ച് പുതിയ ബാങ്ക് രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. കേരള ബാങ്കിന്റെ ഭരണസമിതി/ മാനേജ്മെന്റ് ഘടന സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## കേരള ബാങ്കിന്റെ രൂപീകരണം

306 (704) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ രൂപീകരണത്തിലൂടെ സഹകരണ മേഖലയിൽ എന്ത് നേട്ടമാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പി.എ.സി.എസ്-ന്റെ തരളധനവും മിച്ചഫണ്ടും കേരള ബാങ്കിൽ നിക്ഷേപിക്കുമ്പോൾ ജില്ലാബാങ്ക് നൽകുന്നതിൽ 1.25 ശതമാനം പലിശ കുറവായിരിക്കും കേരള ബാങ്കിൽനിന്ന് ലഭിക്കുക എന്നത് ശരിയാണോ; പലിശനഷ്ടം ആര് പരിഹരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പി.എ.സി.എസ്-ന്റെ നിക്ഷേപകർക്ക് കേരള ബാങ്കിന്റെ എ.ടി.എം. ഉപയോഗിക്കുവാൻ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അനുവദിക്കുവാൻ സാധ്യതയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) പി.എ.സി.എസ്-ന്റെ അംഗങ്ങൾക്ക് അവരുടെ ഓഹരിമൂലധനം എത്ര വർഷം കഴിഞ്ഞാലാണ് തിരികെ നൽകേണ്ടതെന്ന് വ്യക്തമാക്കാമോ;

(ഇ) കേരള ബാങ്കിൽ പി.എ.സി.എസ്. എടുക്കുന്ന ഓഹരി മടക്കിക്കൊടുക്കുകയില്ലെന്നത് ശരിയാണോ; എങ്കിൽ ഇത് ആസ്തി-ബാധ്യത പരിമിതിയിലെ അസന്തുലിതാവസ്ഥയ്ക്ക് കാരണമാവില്ലേ എന്ന് വ്യക്തമാക്കാമോ;

(എഫ്) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളോട് ജില്ല സഹകരണ ബാങ്കിനുള്ള പരിഗണന കേരള സഹകരണ ബാങ്കിന് സംസ്ഥാനത്തെ 1624 പി.എ.സി.എസ്-നോടും ഉണ്ടാകുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഹ്രസ്വകാല വായ്പാ സഹകരണ സംഘങ്ങൾ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽനിന്നും ദ്വിതല സമ്പ്രദായത്തിലേയ്ക്ക് പുനഃക്രമീകരിക്കപ്പെട്ടു.

ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് പ്രാഥമിക സഹകരണ ബാങ്കുകളിൽനിന്നും ഉപഭോക്താക്കൾക്ക് മറ്റ് ഇതര ബാങ്കുകളിൽനിന്നും ലഭിക്കുന്ന എല്ലാവിധ സേവനങ്ങളും വളരെ ലളിതമായ ചാർജ്ജുകൾ ഈടാക്കിയോ/ചാർജ് ഇല്ലാതെയോ വളരെ വേഗത്തിലും മെച്ചപ്പെട്ടുമായി നൽകാൻ കഴിയും. സഹകരണ മേഖലയിൽ വിപ്ലവകരമായ നേട്ടമായിരിക്കും ഇത്.

ബാങ്കിലെ പലിശ നിരക്കിൽ കുറവുണ്ടാകുന്നതുമൂലം ലോൺ ആകർഷകമാകുന്നതാണ്. DBT/EBT സേവനങ്ങൾ നൽകാൻ കഴിയും. കൂടുതൽ മേഖലയിൽ വായ്പ അനുവദിക്കുന്നതിന് കഴിയുന്നതാണ്.

(ബി) പി.എ.സി.എസ്.-ന് നിലവിൽ ലഭ്യമാകുന്ന എല്ലാ സേവനങ്ങളും യാതൊരു തരത്തിലുള്ള നഷ്ടവും കൂടാതെ തുടർന്നും ലഭ്യമാക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) കേരള ബാങ്കിന്റെ എ.ടി.എം. കേരളാ ബാങ്കിന്റെ ഉപഭോക്താക്കൾ ഉപയോഗിക്കുന്ന അതേ രീതിയിൽ പി.എ.സി.എസ്.-ന്റെ ഉപഭോക്താക്കൾക്കും ഉപയോഗിക്കുവാൻ കഴിയുംവിധമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) കേരളാ സഹകരണ നിയമവും ചട്ടങ്ങളും ബൈലാ വ്യവസ്ഥകളും അനുശാസിക്കുന്ന പ്രകാരമാണ് ഓരോ പി.എ.സി.എസ്.-ഉം അംഗങ്ങൾക്ക് ഓഹരി തിരികെ നൽകുന്നത്. അല്ലാതെ പ്രത്യേക കാലപരിധിയില്ല.

(ഇ) കേരള ബാങ്കിൽ പി.എ.സി.എസ്. എടുക്കുന്ന ഓഹരി മടക്കികൊടുക്കുകയില്ലെന്ന തരത്തിൽ യാതൊരു നിയമവും നിലവിലില്ല. ചോദ്യം വ്യക്തമല്ല.

(എഫ്) കേരള ബാങ്കിന്റെ മുഖ്യ ഓഹരി ഉടമകൾ പി.എ.സി.എസ്. ആയിരിക്കും. പ്രാഥമിക സംഘങ്ങൾക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന സേവനങ്ങൾ എല്ലാം കൂടുതൽ മികവോടെ തുടർന്നും അനുവദിക്കാൻ കഴിയുന്നതാണ്.

## കേരള ബാങ്കിന്റെ രൂപീകരണം

307 (705) ശ്രീ. കെ. വി. വിജയദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ രൂപീകരണം ഏത് ഘട്ടത്തിലാണ്; വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ബാങ്കെന്നു മുതൽ പ്രവർത്തിച്ചുതുടങ്ങും; വിശദവിവരം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഹ്രസ്വകാല വായ്പാ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽനിന്നും ദ്വിതല സമ്പ്രദായത്തിലേയ്ക്ക് പുനഃക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് 19 വ്യവസ്ഥകളോടെ RBI തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നബാർഡ് മുഖേന അന്തിമ അനുമതിക്ക് സമീപിക്കാനാണ് RBI നിർദ്ദേശിച്ചിട്ടുള്ളത്. റിസർവ് ബാങ്ക് മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങൾ പാലിച്ച് അന്തിമ അനുമതി ലഭ്യമാക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തുന്നതിന് 15 സബ്കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം പുരോഗമിച്ചുവരുന്നു.

(ബി) റിസർവ് ബാങ്കിന്റെ അന്തിമ അനുവാദം ലഭ്യമാകുന്നമുറയ്ക്ക് പുതിയ ബാങ്ക് പ്രവർത്തനമാരംഭിക്കും.

## സഹകരണ ബാങ്കുകൾ പുറപ്പെടുവിക്കുന്ന വെഹിക്കിൾ റൂൾ

308 (706) ശ്രീ. എം. ഉമ്മർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ വാഹനം ഉപയോഗിക്കുന്നത് സംബന്ധിച്ച സഹകരണസംഘം രജിസ്ട്രാറുടെ 55/2003-ാം നമ്പർ സർക്കുലർ പ്രകാരമുള്ള വ്യവസ്ഥകൾ വിശദമാക്കാമോ;

(ബി) ഔദ്യോഗിക വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് സഹകരണ ബാങ്കുകൾ പുറപ്പെടുവിക്കുന്ന വെഹിക്കിൾ റൂൾ നിയമപരമാണോ എന്ന് പരിശോധിക്കാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; വിശദമാക്കാമോ;

(സി) ഇത്തരത്തിൽ വിവിധ സഹകരണ ബാങ്കുകൾ പുറപ്പെടുവിച്ച വെഹിക്കിൾ റൂൾ പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം സഹകരണ സ്ഥാപനങ്ങൾ പുറപ്പെടുവിച്ച വെഹിക്കൾ റൂളുകളാണ് റദ്ദാക്കിയതെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത സർക്കുലർ പ്രകാരം സഹകരണ ബാങ്കുകളിലെ വാഹനം ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ താഴെ പറയുന്നവയാണ്.

1. വാഹനം വാങ്ങിക്കുന്നതിന് വകുപ്പിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.
2. വാഹന ഉപയോഗം സംബന്ധിച്ച് ഉപനിബന്ധനകൾ തയ്യാറാക്കി വകുപ്പിന്റെ അനുമതി വാങ്ങേണ്ടതാണ്.

(ബി) വാഹന ഉപയോഗം സംബന്ധിച്ച് ലോഗ് ബുക്ക്, ട്രിപ്പ് ഷീറ്റ് എന്നിവയാണ് സംഘത്തിൽ സൂക്ഷിച്ചുപോരുന്നത്. ഔദ്യോഗിക വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് സഹകരണ ബാങ്കുകൾ സമർപ്പിക്കുന്ന വെഹിക്കിൾ റൂൾ ജോയിന്റ് രജിസ്ട്രാർ/സഹകരണ സംഘം രജിസ്ട്രാർ പരിശോധിച്ചാണ് അംഗീകാരം നൽകുന്നത്.

(സി) ഉണ്ട്.

(ഡി) സഹകരണ സംഘം രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർ അംഗീകരിച്ച് നൽകിയ വെഹിക്കിൾ റൂളുകൾ റദ്ദാക്കിയിട്ടില്ല.

**അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിലെ ഓഹരി ഉടമകൾ**

309 (707) <u>ശ്രീ. അനിൽ അക്കര</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്മിനിസ്ട്രേറ്ററുടെ നിയന്ത്രണത്തിലുള്ള തൃശ്ശൂർ ജില്ലയിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിലെ വോട്ടവകാശമുള്ള ഓഹരി ഉടമകളുടെ നാളിതുവരെയുള്ള പേര് വിവരം ലഭ്യമാക്കുമോ;

(ബി) അഡ്മിനിസ്ട്രേറ്റർ ഭരണം നിലവിൽ വന്നതിനുശേഷം പുതുതായി അംഗത്വം നൽകിയ വോട്ടവകാശമുള്ള ഓഹരി ഉടമകളുടെ പേരു വിവരം ലഭ്യമാക്കുമോ;

(സി) അഡ്മിനിസ്ട്രേറ്റർ ഭരണം നിലവിൽ വന്നതിനുശേഷം നീക്കം ചെയ്ത വോട്ടവകാശമുള്ള ഓഹരി ഉടമകളുടെ പേരുവിവരം ലഭ്യമാക്കുമോ?

## ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ 1-10-2014 മുതൽ ഉപയോഗിച്ചുവരുന്ന സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തി പുതിയ സോഫ്റ്റ്‌വെയറിലേയ്ക്ക് മാറുകയുണ്ടായി. എന്നാൽ ശരിയായ രീതിയിൽ മൈഗ്രേഷൻ നടപടികൾ പൂർത്തിയാക്കിയിരുന്നില്ല. 30-9-2014 വരെ ഉണ്ടായിരുന്ന ബാങ്കിന്റെ പ്രവർത്തനങ്ങൾ പഴയ സോഫ്റ്റ്‌വെയറിൽ നിലനിർത്തിയെങ്കിലും പിന്നീട് നടന്ന പരിശോധനയിൽ ഈ സോഫ്റ്റ്‌വെയർ സംവിധാനത്തിൽനിന്നും യാതൊരു കണക്കുകളും ലഭ്യമാകാത്തതിനാൽ ആയത് വീണ്ടെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. 30-9-2014-ന് മുമ്പുള്ള വിവരങ്ങൾ ലഭ്യമായെങ്കിൽ മാത്രമെ ബാങ്കിലെ വോട്ടവകാശമുള്ള ഓഹരി ഉടമകളുടെ നാളിതുവരെയുള്ള പേരുവിവരം ലഭ്യമാക്കാൻ കഴിയുകയുള്ളൂ. പ്രസ്തുത വിവരങ്ങൾ പഴയ സോഫ്റ്റ്‌വെയർ ഉപയോഗിച്ചിരുന്ന ഹാർഡ് ഡിസ്കിൽനിന്നും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ ആർബിട്രേഷൻ കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടതും തർക്കത്തിൽനിന്നും വരുന്നതുമായ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിലെ മേൽ ഓഹരി ഉടമകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി&സി) 2017 ഏപ്രിൽ 12-ന് അഡ്മിനിസ്ട്രേറ്റർ ഭരണം വന്നതിനുശേഷം പുതുതായി ആർക്കും വോട്ടവകാശമുള്ള അംഗത്വം നൽകുകയോ വോട്ടവകാശമുള്ള ഓഹരി ഉടമകളെ നീക്കംചെയ്യുകയോ ചെയ്തിട്ടില്ല.

## അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽനിന്ന് സഹകരണ സ്ഥാപനങ്ങൾക്ക് നൽകിയ വായ്പ

310 (708) ശ്രീ. അനിൽ അക്കര : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്മിനിസ്ട്രേറ്റർ ഭരണത്തിലുള്ള തൃശ്ശൂർ ജില്ലയിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽനിന്നും വ്യക്തികൾക്കല്ലാതെ സഹകരണ സ്ഥാപനങ്ങൾക്കോ മറ്റേതെങ്കിലും സ്ഥാപനങ്ങൾക്കോ വായ്പ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും നിലവിലുള്ള കുടിശ്ശികയും വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ നൽകിയ വായ്പകളിൽ അഡ്മിനിസ്ട്രേറ്റർ ഭരണം വന്നതിന് ശേഷം തിരിച്ചുപിടിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) അനധികൃതമായി പണം വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് ബാങ്കിനും മുൻ ഭരണ സമിതികൾക്കുമെതിരായി വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ പ്രതികളുടെ പേരുവിവരമുൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) ബാങ്കിൽ നടന്ന നെല്ല് സംഭരണവുമായി ബന്ധപ്പെട്ട പരാതിയിൽ VC33/16/TSR നമ്പറായി തൃശ്ശൂർ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ട്. ശ്രീ. പി. രാമചന്ദ്രൻ, ശ്രീമതി പി. സുശീല വർമ്മ എന്നിവരാണ് പ്രതി ചേർക്കപ്പെട്ടിട്ടുള്ളത്.

**മേലാർകോട് പഞ്ചായത്തിൽ അനധികൃത സഹകരണ സംഘം**

311 (709) ശ്രീ. കെ. ഡി. പ്രസേനൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ മേലാർകോട് പഞ്ചായത്തിൽ അനധികൃതമായി പ്രവർത്തിക്കുന്ന മേലാർകോട് സർവ്വീസ് സഹകരണ ബാങ്ക് എന്ന സ്ഥാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്റ്റോപ്പ് മെമ്മോ കൊടുത്തിട്ടും പ്രസ്തുത സഹകരണ സ്ഥാപനം പ്രവർത്തിച്ചുവരുന്നതായുള്ള പരാതി ലഭ്യമായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ പ്രവർത്തനം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആലത്തൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രസിഡന്റ് സമർപ്പിച്ച പരാതി ലഭിച്ചിട്ടുണ്ട്.

(സി) ആലത്തൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധിയായ ആലത്തൂർ, മേലാർകോട് എന്നീ 2 ഗ്രാമപഞ്ചായത്തുകളിൽനിന്നും മേലാർകോട് ഗ്രാമപഞ്ചായത്ത് മാത്രം പ്രവർത്തന പരിധി അനുവദിച്ചുകൊണ്ട് മേലാർകോട്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ പി. 1403 എന്ന പുതിയൊരു സംഘം രജിസ്റ്റർ ചെയ്തുകൊണ്ട് പാലക്കാട് ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിച്ച ഉത്തരവിനെതിരെയും തുടർന്ന് ആലത്തൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധി ആലത്തൂർ ഗ്രാമപഞ്ചായത്ത് മാത്രമാക്കി ബൈലാ ഭേദഗതി ചെയ്യുന്നതിന് ആവശ്യപ്പെട്ട് പാലക്കാട് ജോയിന്റ് രജിസ്ട്രാർ (ജനറൽ) നൽകിയ കത്തിനെതിരെയും 1969-ലെ കേരള സഹകരണ നിയമം 83(1)(i) പ്രകാരം ആലത്തൂർ സർവ്വീസ് സഹകരണ ബാങ്ക്, സർക്കാർ മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപ്പീൽ അപേക്ഷ പരിഗണിച്ച് ആലത്തൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധിയിൽ മേലാർകോട് സർവ്വീസ് സഹകരണ ബാങ്ക് രജിസ്റ്റർ ചെയ്ത് നൽകിയതും ആലത്തൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ ബൈലാ ഭേദഗതി ചെയ്യുന്നതിനും നിർദ്ദേശിച്ചതുമായ പാലക്കാട് ജോയിന്റ് രജിസ്ട്രാറുടെ നടപടി നിയമപരമായി നിലനിൽക്കുന്നതല്ലാത്തതിനാൽ ആലത്തൂർ സർവ്വീസ് സഹകരണ ബാങ്ക് 1969-ലെ കേരള സഹകരണ നിയമം പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ അനുവദിച്ചുകൊണ്ടും പാലക്കാട് സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ (ജനറൽ) അപ്പീലിനാധാരമായ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

മേലാർകോട് സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം വിലക്കിക്കൊണ്ട് പാലക്കാട് ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽനിന്നും 12-7-2018-ൽ ഉത്തരവ് നൽകിയിരുന്നു. ഈ ഉത്തരവിനെ ചോദ്യം ചെയ്ത് മേലാർകോട് സർവ്വീസ് സഹകരണ ബാങ്ക് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ നമ്പർ 24114/2018 സമർപ്പിക്കുകയും മേൽഉത്തരവിലെ തുടർനടപടികളിൽ സ്റ്റേ സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്.

**സഹകരണ ബാങ്കിംഗ് രംഗത്തെ പ്രതിസന്ധി**

312 (710) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. എൽദോ എബ്രഹാം:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാങ്കിംഗ് മേഖലയിൽ സഹകരണ മേഖലയുടെ പങ്ക് വിശദമാക്കുമോ;

(ബി) സഹകരണ പ്രസ്ഥാനം എന്ന ആശയം കേരളത്തിൽ പ്രബലമാകുന്നതിൽ നവോത്ഥാന നായകന്മാരുടെ പങ്ക് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സഹകരണ ബാങ്കിംഗ് മേഖലയുടെ വിജയത്തിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കേരളത്തിൽ പുതിയ സഹകരണ സംഘങ്ങൾ ബാങ്ക് എന്ന പദം ഉപയോഗിച്ച് രജിസ്റ്റർ ചെയ്യാനാകില്ല എന്ന റിസർവ് ബാങ്ക് നിർദ്ദേശം സഹകരണ ബാങ്കിംഗ് രംഗത്ത് പ്രതിസന്ധി സൃഷ്ടിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ 1949-ലെ ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിലും റിസർവ് ബാങ്ക് ലൈസൻസോടുകൂടി സഹകരണ മേഖലയിൽ ഒരു സംസ്ഥാന സഹകരണ ബാങ്ക്, 14 ജില്ലാ സഹകരണ ബാങ്കുകൾ, 60 അർബൻ സഹകരണ ബാങ്കുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു. കൂടാതെ ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന 1600-ലധികം വരുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അവയുടെ 3000-ത്തിലധികം വരുന്ന ശാഖകളും നാടിന്റെ നാനാ ഭാഗത്തും പ്രവർത്തിക്കുന്നു. വൻകിട ബാങ്കുകൾ തിരസ്കരിക്കുന്ന സാധാരണക്കാർക്കുള്ള അത്താണിയാണ് സഹകരണ ബാങ്കുകൾ. ഒരേ സമയം സാധാരണ ജനങ്ങളെ സഹായിക്കുന്നതിനും നാടിന്റെ സ്ഥായിയായ വികസന ആവശ്യങ്ങൾക്ക് പണം കണ്ടെത്തുന്നതിനും സഹകരണ ബാങ്കുകൾ വലിയ പങ്ക് വഹിക്കുന്നു.

(ബി) ഇതുസംബന്ധിച്ച് സമഗ്രമായ വിലയിരുത്തലുകൾ നടന്നിട്ടുള്ളതായി കാണുന്നില്ല. ഏഷ്യയിലെ തന്നെ ഏറ്റവും വലുതെന്നു പറയാവുന്ന ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം രൂപീകരിക്കപ്പെട്ടത് നവോത്ഥാന നായകനായ വാഗ്ഭടാനന്ദ ഗുരുദേവന്റെ നേതൃത്വത്തിലാണ്.

(സി) പ്രൈമറി തലം മുതൽ സംസ്ഥാന തലം വരെയുള്ള വിപുലമായ സഹകരണ ബാങ്കിംഗ് ശൃംഖല, പ്രൈമറി തലത്തിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളും അർബൺ ബാങ്കുകളും ജില്ലാ തലത്തിൽ ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന തലത്തിൽ സംസ്ഥാന സഹകരണ ബാങ്കും സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്കും മറ്റ് കൊമേഴ്സ്യൽ ബാങ്കുകൾ നൽകുന്ന എല്ലാ അതിനൂതന ബാങ്കിംഗ് സേവനങ്ങളും കുറ്റമറ്റ രീതിയിൽ നൽകിവരുന്നതും ലളിതമായ വായ്പാ നടപടിക്രമങ്ങളും വിജയകരമായി നടപ്പിലാക്കി വരുന്ന കുടിശ്ശിക നിവാരണ പദ്ധതികളും നിക്ഷേപങ്ങൾക്ക് നൽകുന്ന നിക്ഷേപ ഗ്യാരന്റി സ്കീമുകളും അറ്റ ലാഭ വിഭജനത്തിലൂടെ അംഗങ്ങൾക്ക് നൽകി വരുന്ന ലാഭ വിഹിതവും കടാശ്വാസ കമ്മീഷനുകൾ, റിസ്ക് ഫണ്ട് സ്കീമുകൾ എന്നിവയിലൂടെ നൽകുന്ന ആശ്വാസ

പദ്ധതികൾ, സഹകരണ മേഖലയിലെ സർക്കാർ ഓഹരി പങ്കാളിത്തം വായ്പാ നിക്ഷേപ പലിശ നിരക്കുകളിലെ സർക്കാർ ഇടപെടലുകൾ, സഹകരണ ബാങ്കുകളിലെ സർക്കാരിന്റെ വാർഷിക കണക്ക് പരിശോധനയും ഇൻസ്പെക്ഷൻ എന്നിവയിലൂടെ ആർജ്ജിച്ച ജനങ്ങളുടെ വിശ്വാസവും സർക്കാർ പദ്ധതി വിഹിതം ചെലവഴിച്ച് സഹകരണ ബാങ്കുകൾ വഴി നടപ്പിലാക്കുന്ന വിദ്യാഭ്യാസ ആരോഗ്യ സാമ്പത്തിക സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതികളും കേരളത്തിലെ സഹകരണ മേഖലയുടെ വിജയത്തിന് കാരണമാണ്.

(ഡി) കേരളത്തിൽ പുതിയ സഹകരണ സംഘങ്ങൾ ബാങ്ക് എന്ന പദം ഉപയോഗിച്ച് രജിസ്റ്റർ ചെയ്യാനാകില്ലെന്ന റിസർവ് ബാങ്ക് നിർദ്ദേശം സഹകരണ ബാങ്കിംഗ് രംഗത്ത് പുതുതായി പ്രതിസന്ധികളൊന്നും സൃഷ്ടിക്കുമെന്ന് കരുതുന്നില്ല.

## സഹകരണ സംഘങ്ങളിലെ തെരഞ്ഞെടുപ്പ്

313(711) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ/സഹകരണ സംഘങ്ങൾക്കായുള്ള തെരഞ്ഞെടുപ്പ് കമ്മീഷൻ അംഗങ്ങളായി നിയമനം നടത്തിയവരുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കമ്മീഷൻ സംസ്ഥാനത്ത് എത്ര സഹകരണ സംഘങ്ങളിൽ തെരെഞ്ഞെടുപ്പ് നടത്തി;

(സി) തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചതിനു ശേഷം തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർത്തിയാക്കാതെ എത്ര തെരഞ്ഞെടുപ്പുകൾ റദ്ദാക്കി; എത്ര തെരഞ്ഞെടുപ്പുകൾ മാറ്റി വച്ചു;

(ഡി) ഇപ്രകാരം തിരുവനന്തപുരം ജില്ലയിൽ തെരഞ്ഞെടുപ്പ് മാറ്റിവയ്ക്കപ്പെട്ടതും റദ്ദാക്കിയതുമായ സഹകരണ സംഘങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാന മുഖ്യ സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷണർമാരായി ശ്രീ. ജി. ജ്യോതിചൂഡൻ, ശ്രീമതി കുമാരി സുധ എസ്. എന്നിവർ സേവനമനുഷ്ഠിച്ചിരുന്നതും നിലവിൽ ശ്രീ. എസ്. എച്ച്. ജയകേശൻ ഈ സ്ഥാനത്ത് തുടർന്നുവരുന്നതുമാണ്. സഹകരണ തെരഞ്ഞെടുപ്പ്

കമ്മീഷണർമാരായി ശ്രീ. സി. വിജയകുമാർ, ശ്രീ. എം. വിജയകുമാർ എന്നിവർ തുടർന്നുവരുന്നു. നിലവിലെ സംസ്ഥാന മുഖ്യ സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷണർ 29-8-2017-നും സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷണർമാർ 20-3-2017-നും ചുമതലയേറ്റിട്ടുണ്ട്.

(ബി) പ്രസ്തുത കമ്മീഷൻ 22-11-2018 വരെ 7849 സംഘങ്ങളിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇവയിൽ 2018 നവംബർ, ഡിസംബർ, 2019 ജനുവരി മാസങ്ങളിൽ തെരഞ്ഞെടുപ്പ് നടക്കുന്ന സംഘങ്ങളും ഉൾപ്പെട്ടിട്ടുണ്ട്.

(സി) തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം 30 സഹകരണ സംഘങ്ങളുടെ തെരഞ്ഞെടുപ്പ് വിജ്ഞാപനം റദ്ദാക്കുകയും, 22 സഹകരണ സംഘങ്ങളുടെ തെരഞ്ഞെടുപ്പ് വിജ്ഞാപനം മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് സഹകരണ അർബൻ ബാങ്ക് ക്ലിപ്തം നമ്പർ 3193, നന്ദിയോട് ക്ഷീരോല്പാദക സഹകരണ സംഘം, പയറ്റുവിള ക്ഷീരോല്പാദക സഹകരണ സംഘം, വാമനപുരം സർവ്വീസ് സഹകരണ ബാങ്ക്, കാവല്ലൂർ പട്ടികജാതി സർവ്വീസ് സഹകരണ സംഘം എന്നീ 5 സഹകരണ സംഘങ്ങളുടെ തെരഞ്ഞെടുപ്പ് വിജ്ഞാപനം മാറ്റിവച്ചിട്ടുണ്ട്. തെരഞ്ഞെടുപ്പ് മാറ്റിവച്ചതിൽ നെടുമങ്ങാട് സഹകരണ അർബൻ ബാങ്ക് ക്ലിപ്തം നമ്പർ 3193, നന്ദിയോട് ക്ഷീരോല്പാദക സഹകരണ സംഘം, കാവല്ലൂർ പട്ടികജാതി സർവ്വീസ് സഹകരണ സംഘം എന്നീ സംഘങ്ങളിൽ സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷന്റെ വിജ്ഞാപന പ്രകാരം തെരഞ്ഞെടുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്.

തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം തിരുവനന്തപുരം ജില്ലയിൽ, വിശാഖം കൈത്തറി നെയ്ത്ത് വ്യവസായ സഹകരണ സംഘം, കൊച്ചുവേളി മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം, പാലപ്പൂര് ക്ഷീരോല്പാദക സഹകരണ സംഘം, തിരുവനന്തപുരം സിറ്റി പോലീസ് കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.920, മാരായമുട്ടം സർവ്വീസ് സഹകരണ ബാങ്ക്, തിരുവനന്തപുരം ജില്ലാ ഗാർഹിക തൊഴിലാളി ക്ഷേമ സഹകരണ സംഘം, പള്ളിച്ചൽ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് എന്നീ 7 സഹകരണ സംഘങ്ങളുടെ തെരഞ്ഞെടുപ്പ് വിജ്ഞാപനം റദ്ദാക്കിയിട്ടുണ്ട്.

## ലേബർ കോൺട്രാക്ടേഴ്സ് സഹകരണ സംഘങ്ങൾ

314 (712) ശ്രീ. കെ. ഡി. പ്രസേനൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെയും സഹകരണ സംഘത്തിന്റെയും പ്രവൃത്തികൾ ലേബർ സഹകരണ സംഘങ്ങളെ നേരിട്ട് ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നല്ല ലേബർ കോൺട്രാക്ടേഴ്സ് സഹകരണ സംഘങ്ങളുണ്ടായിട്ടും പല സഹകരണ സംഘങ്ങളും വ്യക്തികളെ കരാർ പണികൾ ഏൽപ്പിക്കുന്നത് തടയുന്നതിനായി നിയമ നിർമ്മാണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ലേബർ കോൺട്രാക്ടേഴ്സ് സഹകരണ സംഘങ്ങൾ കരാറിലേർപ്പെടുമ്പോൾ പ്രത്യേക ഇളവുകൾ എന്തെങ്കിലും നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഇല്ല, എന്നാൽ സഹകരണ വകുപ്പ് ഉൾപ്പെടെയുള്ള വകുപ്പുകളുടെയും സഹകരണ സ്ഥാപനങ്ങളുടെയും വിവിധ പ്രവൃത്തികൾ നിലവിൽ ലേബർ സഹകരണ സംഘങ്ങൾ ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്.

(ബി) ഇല്ല.

(സി) ലേബർ കോൺട്രാക്ടേഴ്സ് സഹകരണ സംഘങ്ങൾ കരാറിലേർപ്പെടുമ്പോൾ സർക്കാരിന്റെ 13-11-1997-ലെ സ.ഉ.(എം.എസ്.) നമ്പർ 135/97/സഹ, 2-5-2016-ലെ സ.ഉ.(കൈ) നമ്പർ 28/16/സഹ, 29-6-2016-ലെ സ.ഉ.(കൈ) നമ്പർ 31/16/സഹ, 9-1-2018-ലെ സ.ഉ.(കൈ) നമ്പർ 1/2018/സഹ. എന്നീ നമ്പർ ഉത്തരവുകൾ പ്രകാരമുള്ള ഇളവുകൾ ലഭ്യമാണ്.

മേൽഉത്തരവുകൾ പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് (പെർഫോർമൻസ് ഗ്യാരണ്ടി), നിരതദ്രവ്യം എന്നിവയിൽനിന്നും ടി സംഘങ്ങളെ ഒഴിവാക്കിയിട്ടുണ്ട്. ലേബർ കോൺട്രാക്ടേഴ്സ് സഹകരണ സംഘങ്ങൾ വർക്ക് ഏറ്റെടുക്കുന്നതിനുള്ള യോഗ്യത നേടുന്നതിന് മുന്നോടിയായി 10% ബാങ്ക് ഗ്യാരണ്ടി നൽകണമെന്നുള്ള വ്യവസ്ഥയിൽനിന്നും ടി സംഘങ്ങളെ ഒഴിവാക്കിയിട്ടുണ്ട്. എല്ലാത്തരം പ്രവൃത്തികളുടെയും അടങ്കൽ തുകയുടെ 25% പരിധിയില്ലാതെ ലേബർ കോൺട്രാക്ടേഴ്സ് സഹകരണ സംഘങ്ങൾക്ക് മുൻകൂർ അനുവദിക്കുന്നതിനും മേൽ സർക്കാർ ഉത്തരവുകൾ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## മലബാർ ക്രംബ് റബ്ബർ ഫാക്ടറി

315 (713) ശ്രീ. പി. ടി. എ. റഹീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ സഹകരണ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തനമാരംഭിച്ച മലബാർ ക്രംബ് റബർ ഫാക്ടറി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കുമോ;

(ബി) ക്രംബ് ഫാക്ടറിയും അനുബന്ധ സ്ഥലവും വിൽപന നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ക്രംബ് ഫാക്ടറി പ്രവർത്തനം നിലയ്ക്കുന്നതിന് ഇടയാക്കിയ കാര്യങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിൽപ്പന നടത്തുന്നതിന് അനുമതി നൽകാനിടയായ സാഹചര്യം വിശദമാക്കാമോ;

(ഡി) തൊഴിലാളികൾക്ക് നിയമപരമായ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ;

(ഇ) റബർ കർഷകരെ സഹായിക്കുന്നതിന് പ്രസ്തുത കമ്പനി സർക്കാർ ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഇപ്പോൾ പ്രവർത്തിക്കുന്നില്ല. റബ്ബർ വിലയിലെ ഏറ്റക്കുറച്ചിൽ കാരണമുണ്ടായ കടുത്ത സാമ്പത്തിക പ്രതിസന്ധിയും പ്രവർത്തന മൂലധനത്തിന്റെ അഭാവവും ഐ.സി.ഐ.സി.ഐ. ബാങ്കിന്റെ സർഫാസി ആക്ട് പ്രകാരമുള്ള ജപ്തി നടപടിയുംമൂലമാണ് പ്രസ്തുത ഫാക്ടറി പ്രവർത്തിക്കാത്തത്.

(ബി) കോഴിക്കോട് ജില്ലാ സഹകരണ റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ കീഴിൽ കുപ്പായക്കോടുള്ള മലബാർ ക്രംബ് റബ്ബർ ഫാക്ടറിയും അനുബന്ധ സ്ഥലവും പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന് വിൽപ്പന നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. പ്രസ്തുത അനുമതി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കോഴിക്കോട് ജില്ലാ റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായതിനെത്തുടർന്ന് മലബാർ ക്രംബ് ഫാക്ടറിയുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി കോഴിക്കോട് ജില്ലാ സഹകരണ റബ്ബർ മാർക്കറ്റിംഗ് സംഘം ഐ.സി.ഐ.സി.ഐ. ബാങ്കിൽനിന്നും 5 കോടി രൂപ വായ്പയെടുത്തിരുന്നു. എന്നാൽ റബ്ബർ ഉൽപ്പന്നങ്ങളുടെ വിലയിലുണ്ടായ ഏറ്റക്കുറച്ചിലുകളും പ്രവർത്തന നഷ്ടവും കാരണം ഫാക്ടറി കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാവുകയും വായ്പാ ഗഡുക്കൾ കുടിശ്ശികയാവുകയും ബാങ്ക് ജപ്തി നടപടികളുമായി മുന്നോട്ടുപോകുകയും ചെയ്തു. ടി സംഘത്തിന്റെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായാണ് സംഘത്തിന്റെ കീഴിൽ കുപ്പായക്കോട്ടുള്ള മലബാർ ക്രംബ് റബ്ബർ ഫാക്ടറിയും അനുബന്ധ സ്ഥലവും പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന് വിൽപ്പന നടത്തുന്നതിന് സർക്കാർ അനുമതി നൽകിയത്. എന്നാൽ കുപ്പായക്കോട്ടുള്ള മലബാർ ക്രംബ് ഫാക്ടറിയുടെ അടുത്ത് സ്ഥിതിചെയ്യുന്ന പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള എസ്റ്റേറ്റുകളിലെ ക്രംബ് ഉല്പാദനം പ്രസ്തുത ഫാക്ടറിയുടെ ഉല്പാദനക്ഷമതയുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവായതിനാലും ഫാക്ടറിയുടെ പ്രവർത്തനശേഷിയുടെ പൂർണ്ണമായ ഗുണം പ്ലാന്റേഷൻ കോർപ്പറേഷന് ലഭിക്കുകയില്ലെന്നും കോർപ്പറേഷന്റെ മറ്റ് എസ്റ്റേറ്റുകളെല്ലാം വളരെ ദൂരെയാണെന്നും ആയതിനാൽ ഫാക്ടറിയും സ്ഥലം ഏറ്റെടുക്കുന്നത് പ്രായോഗികമല്ലെന്ന് പ്ലാന്റേഷൻ കോർപ്പറേഷന്റെ ഭരണസമിതി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ സംഘത്തിന് പ്ലാന്റേഷൻ കോർപ്പറേഷന് സ്ഥലം വിൽക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി) തൊഴിലാളികൾക്ക് നിയമപരമായ ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച് തൊഴിലാളി പ്രതിനിധികളുമായി എഗ്രിമെന്റ് ഒപ്പുവയ്ക്കുകയും ആയത് ലേബർ ആഫീസിൽ രജിസ്റ്റർ ചെയ്തിട്ടുമുണ്ട്.

(ഇ) റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘങ്ങളുടെ അപ്പെക്സ് സ്ഥാപനമായ കേരള റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന്റെ അനുബന്ധ സ്ഥാപനമായ റബ്ബർ മാർക്ക് റബ്ബർ ഇൻഡസ്ട്രീസ് എന്ന സ്ഥാപനം മലബാർ ക്രംബ് റബ്ബർ ഫാക്ടറി ഏറ്റെടുക്കുന്നതിന് തയ്യാറാണെന്ന് ജില്ലാ സഹകരണ റബ്ബർ മാർക്കറ്റിംഗ് സംഘം തീരുമാനമെടുത്ത് സഹകരണ സംഘം രജിസ്ട്രാർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കായി 2017-2018 സാമ്പത്തിക വർഷം അനുവദിച്ച തുക

316 (714) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വിവിധ പദ്ധതികൾക്കായി 2017-2018 സാമ്പത്തിക വർഷം അനുവദിച്ച തുക ലഭിക്കാത്തതുകൊണ്ട് പ്രസ്തുത സഹകരണ സംഘങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ തുക എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഇക്കാര്യം പരിശോധിച്ച് മുൻഗണനാക്രമത്തിൽ തുക ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ബി) തൻവർഷംതന്നെ തുക ലഭ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കൺസ്യൂമർഫെഡ്

317 (715) ശ്രീ. എ. പി. അനിൽ കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിപണിയിൽ ഇടപെട്ട് വിലക്കയറ്റം നിയന്ത്രിക്കുന്നതിന് കൺസ്യൂമർഫെഡ് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) കൺസ്യൂമർഫെഡ് മുൻകൈ എടുത്ത് 2000 നീതി സ്റ്റോറുകളും 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അത് പ്രാവർത്തികമാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിപണിയിൽ ഇടപെട്ട് വിലക്കയറ്റം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി എല്ലാവർഷവും ഓണം, ക്രിസ്തുമസ്, റംസാൻ തുടങ്ങിയ ഉത്സവ കാലങ്ങളിൽ സബ്സിഡി വിൽപ്പന നടത്തി വരുന്നുണ്ട്.

2017-ൽ അരിയുടെ വില ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ കൺസോർഷ്യം രൂപീകരിച്ച് സഹകരണ സംഘങ്ങളിലൂടെ അരി വിതരണം നടത്തി വിലക്കയറ്റം നിയന്ത്രിച്ചു.

സ്കൂൾ അദ്ധ്യയന വർഷം ആരംഭിക്കുന്ന സമയത്ത് ഗുണനിലവാരമുള്ള നോട്ട്ബുക്ക്, പഠനോപകരണങ്ങൾ എന്നിവ കുറഞ്ഞ വിലയ്ക്ക് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനായി സ്റ്റുഡന്റ്സ് മാർക്കറ്റുകൾ നടത്തിവരുന്നു.

പൊതുവിപണിയിൽനിന്നും വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾ ത്രിവേണി/നീതി സ്റ്റോറുകളിലൂടെ ഉപഭോക്താക്കൾക്ക് നൽകിവരുന്നു.

(ബി) പ്രാഥമിക സഹകരണ സംഘങ്ങളുടെ ബൈലാ വ്യവസ്ഥകൾക്ക് വിധേയമായി ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷ ലഭ്യമാക്കുന്നമുറയ്ക്ക് അനുയോജ്യമായ സാമ്പത്തികസ്ഥിതിയുള്ള സംഘങ്ങൾക്ക് നീതി സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ എന്നിവ ആരംഭിക്കുന്നതിന് അനുമതി നൽകി വരുന്നു. ഇതുവരെ 194 നീതി സ്റ്റോറുകളും 214 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിച്ചിട്ടുണ്ട്. പ്രഖ്യാപന പ്രകാരമുള്ള സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കി ഈ സാമ്പത്തിക വർഷംതന്നെ ലക്ഷ്യം കൈവരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

**ഓണത്തിനായി കൺസ്യൂമർഫെഡ് സാധനങ്ങൾ വാങ്ങിയ സ്ഥാപനങ്ങൾ**

318 (716) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണത്തിന് സബ്സിഡി നിരക്കിൽ കൺസ്യൂമർഫെഡ് വഴി വിതരണം ചെയ്യാൻ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നാണ് സാധനങ്ങൾ വാങ്ങിയതെന്ന് വ്യക്തമാക്കാമോ;

(ബി) ടെണ്ടറിൽ പങ്കെടുക്കാത്ത സ്ഥാപനങ്ങളിൽനിന്ന് സാധനങ്ങൾ വാങ്ങിയിട്ടുണ്ടോ എന്നും എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിൽനിന്ന് എന്തെല്ലാം സാധനങ്ങളാണ് വാങ്ങിയതെന്നും വ്യക്തമാക്കാമോ;

(സി) കൺസ്യൂമർഫെഡ് വിതരണം ചെയ്ത സാധനങ്ങളിൽ പലതും ഗുണനിലവാരമില്ലാത്തതാണെന്ന് വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സാധനങ്ങളിലാണ് ഗുണനിലവാരമില്ലായ്മ കണ്ടെത്തിയത് ; ഈ സാധനങ്ങൾ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നാണ് വാങ്ങിയത്; വ്യക്തമാക്കാമോ;

(ഡി) 36,745 ക്വിന്റൽ അരി അധികവില നൽകിയാണ് വാങ്ങിയതെന്ന വാർത്തയിൽ വസ്തുതയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) 28.95 രൂപയ്ക്ക് 400 ലോഡ് ജയ അരി നൽകാമെന്ന് ആന്ധ്രയിലെ വിതരണക്കാർ കൺസ്യൂമർഫെഡിനെ അറിയിച്ചിരുന്നോ എന്നും ഇവരിൽനിന്ന്എത്ര അരിയാണ് വാങ്ങിയതെന്നും വ്യക്തമാക്കാമോ; ഇവരിൽനിന്ന് കുറച്ച് അരിമാത്രം വാങ്ങി ബാക്കി അഞ്ച് വിതരണക്കാരിൽ നിന്നായി 29.85 രൂപയ്ക്ക് 36745 ക്വിന്റൽ അരി വാങ്ങിയെന്ന വാർത്തയിൽ വസ്തുതയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(എഫ്) ഇ-ടെൻഡർ വഴിയാണ് കൺസ്യൂമർഫെഡിൽ സാധനങ്ങൾ വാങ്ങുന്നതെന്നിരിക്കെ ഇ-ടെൻഡറിലോ ഇ-ലേലത്തിലോ പങ്കെടുക്കാത്ത ഏജൻസിയിൽനിന്ന് 57 രൂപയ്ക്ക് ചെറുപയർ വാങ്ങിക്കൊണ്ടിരിക്കെ 64.75 രൂപ നൽകി 4228 ക്വിന്റൽ ചെറുപയർ വാങ്ങാനുള്ള സാഹചര്യവും കാരണവും വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018-ലെ ഓണത്തോടനുബന്ധിച്ച് 13 ഇനം നിത്യോപയോഗ സാധനങ്ങളാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്തിട്ടുള്ളത്. ടി സാധനങ്ങൾ വാങ്ങിയ സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു:

1. അബ്ദുൾ ലത്തീഫ് ആൻഡ് കമ്പനി
2. മരിയൻ സ്പൈസസ്
3. മഹേന്ദ്രകുമാർ അശോക് കുമാർ
4. ജോബ്സൺ ആൻഡ് കമ്പനി
5. സെന്തിൽ ട്രേഡേഴ്സ്
6. അരവന്നൂർ ട്രേഡേഴ്സ്
7. കൊട്ടൂർ എസ്.സി.ബി.
8. എ.ആർ. ട്രേഡിംഗ് കമ്പനി
9. ശ്രീ. വിഘ്നേശ്വര ട്രേഡേഴ്സ്
10. കീർത്തി അഗ്രോമിൽസ്
11. ശ്രീ ആദിശക്തി ട്രേഡേഴ്സ്

12. എസ്.എൻ. ഓയിൽ മിൽസ്
13. അഞ്ചരക്കണ്ടി എസ്.സി.ബി.
14. സാമി ഉമയാൽ ട്രേഡേഴ്സ്
15. ശ്രീലക്ഷ്മി വെങ്കടേശ്വര ഹൈജീനിക് ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ്
16. വിനായക എന്റർപ്രൈസസ്
17. ബിസ്മി ട്രേഡേഴ്സ്
18. കല്ലാർ ട്രേഡിംഗ് കമ്പനി
19. കേരള ട്രേഡേഴ്സ്
20. ഭാരത് ട്രേഡേഴ്സ്
21. അരുണാചല ഇംപെക്സ് പ്രൈവറ്റ് ലിമിറ്റഡ്
22. കേരടെക് ഓയിൽ മാനുഫാക്ചറിംഗ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ്
23. ഷാലിമാർ അസോസിയേറ്റ്സ്
24. ത്രീസ്റ്റാർ ക്രിയേഷൻസ്
25. ഹഫ്സാർ ട്രേഡിംഗ് കമ്പനി
26. ജമാൽ ട്രേഡിംഗ് കമ്പനി
27. ശ്രീ ചാമുണ്ഡേശ്വരിറൈസ് ഇൻഡസ്ട്രീസ്
28. ശ്രീ പൂർണ്ണചന്ദ്ര ആൻഡ് കമ്പനി
29. ആഷിക് ട്രേഡേഴ്സ്
30. കേരം ഓയിൽ മിൽസ്
31. ശ്രീ ഗവിസിദ്ധേശ്വർ ട്രേഡേഴ്സ്
32. ശ്രീനിവാസൻ ട്രേഡിംഗ് കമ്പനി
33. ഫ്രാൻസ്കോ അഗ്രോ ഫുഡ്സ്
34. കാട്ടൂർ എസ്.സി.ബി.
35. ശ്രീ ശരവണ ട്രേഡേഴ്സ്

36. ശ്രീ ഭാസ്കർ പൾസസ്

37. നോർത്ത് മലബാർ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റി

38. എലൈറ്റ് അഗ്രോ സ്പെഷ്യാലിറ്റീസ്

39. കേരഫെഡ്

40. കല്ലൻകുന്ന് എസ്.സി.ബി.

41. ശ്രീ ശബരിവാസൻ ട്രേഡിംഗ് കമ്പനി

42. സതീഷ് കുമാർ ആൻഡ് ബ്രദേഴ്സ്

43. എ.എൽ.എസ്. അഗ്രോ.

(ബി) കൺസ്യൂമർ ഫെഡ് നടത്തുന്ന ഇ-ടെണ്ടറും NCDEX നടത്തുന്ന ഇ-ഓക്ഷനിലും പങ്കെടുത്ത വിതരണക്കാരിൽനിന്നും മാത്രമാണ് ഓണ സബ്സിഡിക്കുള്ള സാധനങ്ങൾ വാങ്ങിയത്.

(സി) കൺസ്യൂമർഫെഡ് വിതരണം നടത്തിയ സാധനങ്ങൾ ഗുണനിലവാരം ഇല്ലാത്തതാണെന്ന് കണ്ടെത്തിയതായി വിജിലൻസ് അറിയിച്ചിട്ടില്ല.

(ഡി) 36,745 ക്വിന്റൽ അരി ഇ-ടെണ്ടറിലും ഇ-ഓക്ഷനിലും ക്വാട്ട് ചെയ്ത വിലയ്ക്കാണ് വാങ്ങിയത്.

(ഇ) 28.95 രൂപയ്ക്ക് 400 ലോഡ് ജയ അരി നൽകാമെന്ന് അന്ധ്രയിലെ വിതരണക്കാർ അറിയിച്ചിരുന്നു. ഇവരിൽനിന്നും 21122.28 ക്വിന്റൽ അരിയാണ് വാങ്ങിയിരുന്നത്. ഓണത്തിന് മുമ്പായി പ്രഖ്യാപിച്ച ലോറി സമരംമൂലം അരിയുടെ ലഭ്യതയ്ക്ക് തടസ്സം നേരിടാതിരിക്കുന്നതിനാണ് ടെണ്ടറിൽ പങ്കെടുത്ത മറ്റ് വിതരണക്കാരിൽനിന്നും അരി വാങ്ങിയത്.

(എഫ്) ചെറുപയറിന് ഇ-ടെണ്ടറിൽ ഏറ്റവും കുറഞ്ഞ വില ക്വാട്ട് ചെയ്ത സ്ഥാപനത്തിനാണ് ഓർഡർ നൽകിയത്. ഓണച്ചന്തകൾ നടത്തുന്ന സഹകരണ സംഘങ്ങൾക്ക് ഉൽപ്പന്നങ്ങൾ വിതരണം ചെയ്യേണ്ട സമയത്ത് മാത്രമാണ് ചെറുപയർ ഗോഡൗണുകളിൽ എത്തിയത്. തുടർന്ന് ഗുണനിലവാരം പരിശോധിക്കുന്ന ഏജൻസിയുടെ പരിശോധനയിൽ ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നില്ല എന്നതിനാൽ ചെറുപയർ തിരിച്ച് അയയ്ക്കേണ്ടിവന്നു. ഈ അടിയന്തര സാഹചര്യത്തിലാണ് ടെണ്ടറിലെ ഏറ്റവും കുറഞ്ഞ നിരക്കിനേക്കാൾ ഉയർന്ന വിലയ്ക്ക് ചെറുപയർ വാങ്ങേണ്ടി വന്നത്.

## കൺസ്യൂമർ ഫെഡിന്റെ സാമ്പത്തികസ്ഥിതി

319 (717) ശ്രീ. എം. രാജഗോപാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൺസ്യൂമർഫെഡിന്റെ സാമ്പത്തിക നഷ്ടം എത്ര കോടി രൂപയെന്ന് വ്യക്തമാക്കാമോ;

(ബി) കൺസ്യൂമർഫെഡ് എത്ര കോടി രൂപയുടെ ലാഭത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 657.90 കോടി രൂപ. അറ്റ നഷ്ടം.

| വർഷം | നഷ്ടം (തുക കോടിയിൽ) |
|---|---|
| 2011-2012 | 34.77 (Audited) |
| 2012-2013 | 423.29 (tentative) |
| 2013-2014 | 112.89 (tentative) |
| 2014-2015 | 57.87 (tentative) |
| 2015-2016 | 29.10 (tentative) |

(ബി) കൺസ്യൂമർഫെഡ് കഴിഞ്ഞ രണ്ട് വർഷങ്ങളിലായി ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ അറ്റനഷ്ടം നികത്തി തീർന്നിട്ടില്ല.

| വർഷം | ലാഭം (തുക കോടിയിൽ) |
|---|---|
| 2016-2017 | 61.27 (tentative) |
| 2017-2018 | 71.88 (tentative) |
| 2018-2019 (30-9-2018 വരെ) | 44 (tentative) |

## സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി സഹകരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി

320 (718) ശ്രീ. ഇ. കെ. വിജയൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി സഹകരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ;

(ബി) പദ്ധതിയുടെ ഭാഗമായി സഹകരണ വകുപ്പ് ഏറ്റെടുത്ത സ്കൂളുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നാദാപുരം നിയമസഭാ മണ്ഡലത്തിലെ 7 സ്കൂളുകൾ സ്മാർട്ട് ക്ലാസ് റൂം പദ്ധതി നടപ്പിൽവരുത്തുന്നതിനുവേണ്ടി തെരഞ്ഞെടുത്തിട്ടുണ്ട്.

എന്നാൽ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വന്തംനിലയിൽ സംസ്ഥാനത്തെ എൽ.പി./യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിച്ചു നൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തരം സ്മാർട്ട് ക്ലാസ് മുറികളും ഊർജ്ജക്ഷമതയുള്ള അടുപ്പുകളും നിർമ്മിച്ച് നൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ലെന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാനപ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചുനൽകുന്നുണ്ട്. ഈ രീതി തുടരാവുന്നതാണ്.

(ബി) നാദാപുരം നിയമസഭാ മണ്ഡലത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ഏറ്റെടുത്ത സ്കൂളുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. വെള്ളിയോട് ഗവ. യു.പി. സ്കൂൾ
2. പാറക്കടവ് ഗവ. യു.പി. സ്കൂൾ
3. ചുഴലി ഗവ. യു.പി. സ്കൂൾ
4. കണ്ണങ്കൈ ഗവ. യു.പി. സ്കൂൾ
5. നാദാപുരം ഗവ. യു.പി. സ്കൂൾ
6. കല്ലാച്ചി ഗവ. യു.പി. സ്കൂൾ
7. കുണ്ടുതോട് ഗവ. യു.പി. സ്കൂൾ.

**സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

321 (719) <u>ശ്രീ. പി. ഉണ്ണി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ ഏതെല്ലാം വിദ്യാലയങ്ങളിലാണ് സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ കാലികസ്ഥിതി വിശദീകരിക്കാമോ?

ഉത്തരം

(എ&ബി) സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ജി.എൽ.പി.എസ്., കുലുക്കിലിയാട്, ജി.ജെ. ബേസിക് സ്കൂൾ, പാലപ്പുറം എന്നീ വിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എന്നാൽ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വന്തംനിലയിൽ സംസ്ഥാനത്തെ എൽ.പി./യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിച്ചു നൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തരം സ്മാർട്ട് ക്ലാസ് മുറികളും ഊർജ്ജക്ഷമതയുള്ള അടുപ്പുകളും നിർമ്മിച്ച് നൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ലെന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാനപ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ച് നൽകുന്നുണ്ട്. ഈ രീതി തുടരാവുന്നതാണ്.

## സഹകരണ ആശുപത്രികൾക്കുള്ള ധനസഹായം

322 (720) ശ്രീ. ഷാഫി പറമ്പിൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ രജിസ്ട്രേഷനുള്ള എത്ര സഹകരണ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട് ; ജില്ലതിരിച്ചുള്ള കണക്ക് നൽകുമോ ;

(ബി) ഇതിൽ കിടത്തി ചികിത്സാ സൗകര്യമുള്ള സഹകരണ ആശുപത്രികളുടെ ജില്ലതിരിച്ചുള്ള കണക്ക് നൽകുമോ;

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകളും, ധനകാര്യ സ്ഥാപനങ്ങളും സഹകരണ ആശുപത്രികൾക്ക് ധനസഹായം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ജില്ലതിരിച്ച് അറിയിക്കാമോ; പ്രസ്തുത ധനസഹായങ്ങളുടെ തിരിച്ചടവ് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) സംസ്ഥാനത്ത് നിലവിൽ ലാഭകരമായി പ്രവർത്തിക്കുന്ന സഹകരണ ആശുപത്രികളുടെ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ രജിസ്ട്രേഷനുള്ള 110 സഹകരണ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 3 |
| 2 | കൊല്ലം | 6 |
| 3 | പത്തനംതിട്ട | 2 |
| 4 | ആലപ്പുഴ | 4 |
| 5 | കോട്ടയം | 3 |
| 6 | ഇടുക്കി | 3 |
| 7 | എറണാകുളം | 5 |
| 8 | തൃശ്ശൂർ | 13 |
| 9 | പാലക്കാട് | 8 |
| 10 | മലപ്പുറം | 20 |
| 11 | കോഴിക്കോട് | 18 |
| 12 | വയനാട് | ഇല്ല |
| 13 | കണ്ണൂർ | 19 |
| 14 | കാസർഗോഡ് | 6 |

(ബി)

| നമ്പർ | ജില്ല | എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 2 |
| 2 | കൊല്ലം | 1 |
| 3 | പത്തനംതിട്ട | 1 |
| 4 | ആലപ്പുഴ | ഇല്ല |
| 5 | കോട്ടയം | 1 |
| 6 | ഇടുക്കി | 2 |
| 7 | എറണാകുളം | 3 |
| 8 | തൃശ്ശൂർ | 5 |

| (1) | (2) | (3) |
|---|---|---|
| 9 | പാലക്കാട് | 3 |
| 10 | മലപ്പുറം | 6 |
| 11 | കോഴിക്കോട് | 8 |
| 12 | വയനാട് | ഇല്ല |
| 13 | കണ്ണൂർ | 11 |
| 14 | കാസർഗോഡ് | 2 |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകളും ധനകാര്യ സ്ഥാപനങ്ങളും സഹകരണ ആശുപത്രികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. പ്രസ്തുത ധനസഹായം ലഭിച്ച ജില്ലകളിലെ വിവരവും തിരിച്ചടവ് സംബന്ധിച്ച വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

1. കൊല്ലം

| നമ്പർ | സംഘത്തിന്റെ പേര് | ലഭിച്ച തുക | തിരിച്ചടവ് |
|---|---|---|---|
| 1 | ക്യൂ 952 കൊല്ലം ജില്ല എൻ.എസ്. സഹകരണ ആശുപത്രി സി.എസ്. | 55,01,34,840 | 7,95,55,100 |
| 2 | ക്യൂ 958 കൊല്ലം കൊട്ടാരക്കര താലൂക്ക് ആശുപത്രി സി.എസ്. | 6,19,11,000 | 75,600 |

2. പത്തനംതിട്ട

| നമ്പർ | സംഘത്തിന്റെ പേര് | ലഭിച്ച തുക | തിരിച്ചടവ് |
|---|---|---|---|
| 1 | പത്തനംതിട്ട ജില്ലാ സഹകരണ ആശുപത്രി | 85,94,000 | 30,29,179 |

3. കോട്ടയം

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | ലഭിച്ച തുക | തിരിച്ചടവ് |
|---|---|---|---|
| 1 | കടുത്തുരുത്തി സർവ്വീസ് സഹകരണ സംഘം കെ.379 | 3,16,49,000 | 4,50,000 |
| 2 | കോട്ടയം ജില്ലാ സഹകരണ ആശുപത്രി ക്ലിപ്തം നമ്പർ കെ. 764 സർക്കാർ ഓഹരി കിട്ടിയത് | 42,90,000 | 14,90,700 |

4. ആലപ്പുഴ

| നമ്പർ | സംഘത്തിന്റെ പേര് | ലഭിച്ച തുക | തിരിച്ചടവ് |
|---|---|---|---|
| 1 | എ 805 ആലപ്പുഴ ജില്ലാ സഹകരണ ആശുപത്രി | 10,88,000 | 10,00,000 |
| 2 | എ 290 ദേവികുളങ്ങര സഹകരണ ഡിസ്പെൻസറി | 15,000 | - |
| 3 | എ 324 ചിങ്ങോലി പഞ്ചായത്ത് സഹകരണ ഡിസ്പെൻസറി | 22,500 | - |

5. ഇടുക്കി

| നമ്പർ | സംഘത്തിന്റെ പേര് | ലഭിച്ച തുക | തിരിച്ചടവ് |
|---|---|---|---|
| 1 | ഐ. 609 ഹൈറേഞ്ച് സൂപ്പർ സ്പെഷ്യാലിറ്റി സഹകരണ ആശുപത്രി | 76,00,000 | 6,50,000 |
| 2 | ഇടുക്കി ജില്ലാ സഹകരണ ആശുപത്രി ഐ. 127 | 17,00,000 | 6,26,665 |

6. എറണാകുളം

| നമ്പർ | സംഘത്തിന്റെ പേര് | ലഭിച്ച തുക | തിരിച്ചടവ് |
|---|---|---|---|
| 1 | തൃക്കാക്കര മുൻസിപ്പൽ സഹകരണ ആശുപത്രി | 81,68,606 | 27,82,000 |

7. തൃശ്ശൂർ

| നമ്പർ | സംഘത്തിന്റെ പേര് | ലഭിച്ച തുക | തിരിച്ചടവ് |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ആർ. 954 ഇരിങ്ങാലക്കുട സഹകരണ ആശുപത്രി | 1,28,50,000 | 27,96,665 |
| 2 | 827. കുണ്ട്കാട് ചികിത്സാ കേന്ദ്രം | 65,00,000 | - |

| (1) | (2) | (3) | (4) |
|---|---|---|---|
| 3 | 756 പ്രിയദർശിനി സഹകരണ ആശുപത്രി | 5,00,000 | 4,50,000 |
| 4 | ആർ. 330 മണലൂർ സഹകരണ ആശുപത്രി | 16,50,000 | 4,20,000 |
| 5 | ആർ. 713 തൃശ്ശൂർ ജില്ലാ പ്രകൃതി ചികിത്സാ സഹകരണ സാനിറ്റോറിയം | 3,50,000 | 1,50,000 |

8. പാലക്കാട്

| നമ്പർ | സംഘത്തിന്റെ പേര് | ലഭിച്ച തുക | തിരിച്ചടവ് |
|---|---|---|---|
| 1 | പാലക്കാട് ജില്ലാ സഹകരണ ആശുപത്രി | 55,71,17,000 | 46,75,000 |
| 2 | ചെർപ്പുളശ്ശേരി സഹകരണ ആശുപത്രി | 3,06,15,500 | - |
| 3 | ഒറ്റപ്പാലം ഗ്രൂപ്പ് ഹോസ്പിറ്റൽ | 1,00,000 | - |
| 4 | ആലത്തൂർ ഇ.കെ. നായനാർ ഹോസ്പിറ്റൽ | 1,22,12,000 | 12,35,400 |
| 5 | മെഡിക്കൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആൻഡ് റിസർച്ച് സെന്റർ | 10,00,000 | - |
| 6 | പാലക്കാട് ജില്ലാ ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയർ സഹകരണ സംഘം | 1,00,000 | 50,000 |

9. കണ്ണൂർ

| നമ്പർ | സംഘത്തിന്റെ പേര് | ലഭിച്ച തുക | തിരിച്ചടവ് |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | കൂത്തുപറമ്പ് സഹകരണ ആശുപത്രി | 40,000 | 15,25,000 |
| 2 | പി. ആർ. കുറുപ്പ് മെമ്മോറിയൽ സഹകരണ ആശുപത്രി | 12,50,000 | 2,66,666 |

| (1) | (2) | (3) | (4) |
|---|---|---|---|
| 3 | കണ്ണൂർ സഹകരണ ആശുപത്രി | 42,80,000 | 24,20,000 |
| 4 | എ.കെ.ജി. സ്മാരക സഹകരണ ആശുപത്രി | 35,00,000 | 3,20,000 |
| 5 | കണ്ണൂർ ഡിസ്ട്രിക്ട് ആയുർവേദിക് ഹോസ്പിറ്റൽ | 6,00,000 | 4,50,000 |
| 6 | തലശ്ശേരി സഹകരണ ആശുപത്രി | 33,67,500 | 11,64,165 |
| 7 | മമ്പറം സഹകരണ ആശുപത്രി | 31,00,000 | 9,25,000 |
| 8 | പയ്യന്നൂർ സഹകരണ ആശുപത്രി | 43,50,000 | 17,45,000 |
| 9 | തളിപ്പറമ്പ് സഹകരണ ആശുപത്രി | 48,37,500 | 2,35,000 |
| 10 | പി.ആർ. രാമവർമ്മ രാജ മെമ്മോറിയൽ സഹകരണ ആശുപത്രി | 60,00,000 | 6,99,375 |

10. <u>കോഴിക്കോട്</u>

| നമ്പർ | സംഘത്തിന്റെ പേര് | ലഭിച്ച തുക | തിരിച്ചടവ് |
|---|---|---|---|
| 1 | കോഴിക്കോട് ജില്ലാ സഹകരണ ആശുപത്രി | 66,25,000 | 23,81,000 |
| 2 | ഇ.എം.എസ്. മെമ്മോറിയൽ സഹകരണ ആശുപത്രി | 15,00,000 | - |
| 3 | സിറ്റി കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ | 10,00,000 | - |
| 4 | കോഴിക്കോട് റീജിയണൽ ആയുർവേദ സഹകരണ ആശുപത്രി | 11,03,300 | 2,76,500 |

11. മലപ്പുറം

| നമ്പർ | സംഘത്തിന്റെ പേര് | ലഭിച്ച തുക | തിരിച്ചടവ് |
|---|---|---|---|
| 1 | പി.എം.എസ്.എ. മെമ്മോറിയൽ സഹകരണ ആശുപത്രി | 10,00,000 | - |
| 2 | ഇ.കെ. നായനാർ മെമ്മോറിയൽ സഹകരണ ആശുപത്രി | 28,00,000 | - |
| 3 | കോട്ടയ്ക്കൽ സഹകരണ ആശുപത്രി | 28,00,000 | 7,93,335 |
| 4 | എ.കെ.ജി. മെമ്മോറിയൽ സഹകരണ ആശുപത്രി | 32,50,000 | - |

12. കാസർഗോഡ്

| നമ്പർ | സംഘത്തിന്റെ പേര് | ലഭിച്ച തുക | തിരിച്ചടവ് |
|---|---|---|---|
| 1 | കാസർഗോഡ് ഡിസ്ട്രിക്ട് സഹകരണ ആശുപത്രി | 2,16,05,000 | 72,29,000 |
| 2 | തേജസ്വിനി സഹകരണ ആശുപത്രി | 2,76,53,100 | 9,82,925 |
| 3 | കുഞ്ഞിക്കോമൻ മെമ്മോറിയൽ സഹകരണ ആശുപത്രി | 4,75,000 | 3,26,528 |
| 4 | കാസർഗോഡ് താലൂക്ക് സഹകരണ ആശുപത്രി | 30,000 | 18,000 |
| 5 | കാസർഗോഡ് ഡിസ്ട്രിക്ട് ഹോമിയോപ്പതിക് ഹോസ്പിറ്റൽ സഹകരണ സംഘം | 7,40,000 | 3,60,000 |

(ഡി) സംസ്ഥാനത്ത് നിലവിൽ ലാഭകരമായി പ്രവർത്തിക്കുന്ന സഹകരണ ആശുപത്രികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | ആശുപത്രികളുടെ പേര്/എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | കണ്ടല സഹകരണ ആശുപത്രി (1) |
| 2. | കൊല്ലം | ക്യൂ 952 കൊല്ലം ജില്ലാ എൻ.എസ്. സഹകരണ ആശുപത്രി സി.എസ്.(1) |
| 3 | കോട്ടയം | കോട്ടയം ജില്ലാ സഹകരണ ആശുപത്രി ക്ലിപ്തം നം. കെ. 764, (1) |
| 4 | പാലക്കാട് | ചെർപ്പുളശ്ശേരി സഹകരണ ആശുപത്രി (1) |
| 5 | മലപ്പുറം | 1. പി.എം.എസ്.എ. മെമ്മോറിയൽ സഹകരണ ആശുപത്രി<br>2. ഇ.എം.എസ്. മെമ്മോറിയൽ സഹകരണ ആശുപത്രി<br>3. കോട്ടയ്ക്കൽ സഹകരണ ആശുപത്രി |
| 6 | കോഴിക്കോട് | 1. കോഴിക്കോട് ജില്ലാ സഹകരണ ആശുപത്രി<br>2. വടകര സഹകരണ ആയുർവേദ ആശുപത്രി<br>3. കൊയിലാണ്ടി സഹകരണ ആശുപത്രി<br>4. അത്തോളി സഹകരണ ആശുപത്രി |

പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, വയനാട്, കണ്ണൂർ, കാസർകോഡ് ജില്ലകളിലെ സഹകരണ ആശുപത്രികൾ ലാഭകരമായിട്ടല്ല പ്രവർത്തിക്കുന്നത്.

## ലോണുകൾക്ക് സർഫാസി ആക്ട്

323 (721) ശ്രീ. പി. സി. ജോർജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽനിന്നും എടുക്കുന്ന ലോണുകൾക്ക് സർഫാസി ആക്ട് എന്നു മുതൽ ബാധകമാക്കി; വിശദമാക്കുമോ;

(ബി) പ്രസ്തുത ആക്ട് നടപ്പിൽ വന്നശേഷം സഹകരണ ബാങ്കുകളിൽനിന്നും ലോൺ എടുത്ത എത്ര പേരുടെ സ്വത്തുവകകൾ ജപ്തി ചെയ്തു; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആക്ട് പ്രകാരം എത്ര പേരുടെ സ്വത്തുക്കൾ ജപ്തി ചെയ്യാൻ സഹകരണ ബാങ്കുകൾ നിർദ്ദേശം നൽകിയിട്ടുണ്ട്; പ്രസ്തുത ആളുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 28-1-2003-ൽ സെക്യൂരിറ്റൈസേഷൻ ആക്ട് സഹകരണ ബാങ്കുകൾക്കുകൂടി ബാധകമാക്കി കേന്ദ്ര ഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ 22-4-2003-ൽ കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസ് ഈ വിഷയം ചർച്ച ചെയ്യുകയും ഈ നിയമം സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നടപ്പിലാക്കുന്നതിന് വിശദമായ നിർദ്ദേശങ്ങൾ സഹകരണ സംഘം രജിസ്ട്രാർ നൽകേണ്ടതാണെന്ന് തീരുമാനിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 29-8-2003-ൽ സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നമ്പർ 50/2003 പ്രകാരം സഹകരണ ബാങ്കുകൾക്ക് ടി ആക്ട് ബാധകമാക്കി സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 6752 പേരുടെ സ്വത്തുവകകൾ ജപ്തി ചെയ്തു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 4972 |
| കൊല്ലം | 788 |
| പത്തനംതിട്ട | 87 |
| ആലപ്പുഴ | 48 |
| കോട്ടയം | 168 |
| ഇടുക്കി | 63 |
| എറണാകുളം | 41 |
| തൃശ്ശൂർ | 96 |
| മലപ്പുറം | 123 |
| പാലക്കാട് | 42 |
| കോഴിക്കോട് | 133 |
| വയനാട് | 117 |
| കണ്ണൂർ | 74 |
| കാസർഗോഡ് | 0 |

(സി) 5509 പേരുടെ സ്വത്തുക്കൾ ജപ്തി ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 2062 |
| കൊല്ലം | 770 |
| പത്തനംതിട്ട | 106 |
| ആലപ്പുഴ | 31 |
| കോട്ടയം | 213 |
| ഇടുക്കി | 49 |
| എറണാകുളം | 82 |
| തൃശ്ശൂർ | 130 |
| മലപ്പുറം | 810 |
| പാലക്കാട് | 72 |
| കോഴിക്കോട് | 450 |
| വയനാട് | 590 |
| കണ്ണൂർ | 89 |
| കാസർഗോഡ് | 55 |

പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്കായി സഹകരണ വകുപ്പ് പദ്ധതികൾ

324 (723) ശ്രീമതി യു. പ്രതിഭ :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവർക്കായി സഹകരണ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്;

(ബി) ഇപ്രകാരം വീട് നഷ്ടപ്പെട്ട ഒരു കുടുംബത്തിന് ഭവന നിർമ്മാണത്തിനായി എത്ര രൂപയാണ് ധനസഹായമായി നൽകാൻ ഉദ്ദേശിക്കുന്നത്;

(സി) ഗുണഭോക്താക്കളെ കണ്ടെത്തുന്നത് എപ്രകാരമാണെന്നും വീടുകളുടെ നിർമ്മാണച്ചുമതല ആരെയാണ് ഏൽപ്പിക്കാനുദ്ദേശിക്കുന്നതെന്നും അറിയിക്കാമോ;

(ഡി) പ്രസ്തുത ഭവന നിർമ്മാണ പദ്ധതിയ്ക്കായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രളയ ദുരന്തത്തിന്റെ ഫലമായി വീടും സ്വത്തുക്കളും ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിന്റെ ഭാഗമായി സംസ്ഥാന സഹകരണ വകുപ്പ് വിവിധ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. CARe Kerala (Co-operative Alliance to Rebuild Kerala) എന്ന പദ്ധതിയുടെ ഭാഗമായി CARe-Home, CARe-Loan, CARe-Grace എന്നീ മൂന്ന് ഉപപദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നത്. പ്രളയ ദുരന്തത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ച് നൽകുന്ന പദ്ധതിയാണ് CARe-Home. പ്രളയ ദുരന്ത ബാധിതർക്കുള്ള വായ്പാ പദ്ധതിയാണ് CARe-Loan. പ്രളയ ദുരന്ത ബാധിതർക്കുള്ള സേവന പദ്ധതിയാണ് CARe-Grace.

(ബി) CARe-Home പദ്ധതിയുമായി ബന്ധപ്പെട്ട് പൂർണ്ണമായും ഭവനം നഷ്ടപ്പെട്ട ദുരന്ത ബാധിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുമുള്ള ധനസഹായം ഉൾപ്പെടെ 5 ലക്ഷം രൂപയാണ് ധനസഹായമായി നൽകാൻ ഉദ്ദേശിക്കുന്നത്.

(സി) ജില്ലയിലെ റവന്യൂ അധികാരികൾ നൽകുന്ന പട്ടിക അനുസരിച്ചാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. വീടുകൾ നിർമ്മിച്ചുനൽകുന്നതിന് സ്ഥലത്തെ സാമ്പത്തിക ഭദ്രതയുള്ള സഹകരണ സംഘങ്ങളെയാണ് നിർമ്മാണ ചുമതല ഏൽപ്പിക്കുന്നത്. അതത് പ്രദേശത്തെ സാഹചര്യം, ഭൂമിയുടെ ഘടന, ലഭ്യത, ഗുണഭോക്താവിന്റെ താൽപ്പര്യം, സാമ്പത്തിക സ്ഥിതി എന്നിവയ്ക്കനുസരിച്ച് വീടിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിൽ എഞ്ചിനീയറിംഗ് വിദഗ്ദ്ധർ, എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾ എന്നിവരുടെ സേവനം ലഭ്യമാക്കി, 500 ചതുരശ്ര അടി വരെ വിസ്തൃതിയുള്ള വീടുകളുടെ നിർമ്മാണം ആരംഭിച്ച് മൂന്ന് മാസത്തിനകം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്ന് ഉൾപ്പെടെ ഒന്നാം ഘട്ടത്തിൽ 100 കോടി രൂപയാണ് പ്രസ്തുത ഭവന പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്.

**പ്രളയബാധിതർക്ക് നൽകിയ സഹായം**

325 (724) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാപ്രളയത്തിൽ വീടുകളും വീട്ടുപകരണങ്ങളും തൊഴിലും നഷ്ടപ്പെട്ടവരെ സഹായിച്ചയിനത്തിൽ എത്ര കോടി രൂപ സഹകരണ വകുപ്പും സ്ഥാപനങ്ങളും ചെലവഴിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ബി) മുഖ്യമന്ത്രിയുടെ പ്രളയദുരിതാശ്വാസനിധിയിലേയ്ക്ക് ആകെ എത്ര കോടി രൂപ സഹകരണ സ്ഥാപനങ്ങൾ സംഭാവന നൽകിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(സി) പ്രളയബാധിതരെ ദീർഘകാലാടിസ്ഥാനത്തിൽ സഹായിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മഹാപ്രളയത്തിൽ വീടുകളും വീട്ടുപകരണങ്ങളും തൊഴിലും നഷ്ടപ്പെട്ടവരെ സഹായിച്ചയിനത്തിൽ സഹകരണ വകുപ്പും സ്ഥാപനങ്ങളും ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 41,97,341 |
| കൊല്ലം | 3,31,800 |
| പത്തനംതിട്ട | 1,84,633 |
| ആലപ്പുഴ | 12,52,107 |
| കോട്ടയം | 1,05,941 |
| ഇടുക്കി | 22,46,917 |
| എറണാകുളം | 28,10,000 |
| തൃശ്ശൂർ | 1,62,60,033 |
| പാലക്കാട് | 5,73,539 |
| മലപ്പുറം | 41,01,184 |
| കോഴിക്കോട് | 39,73,234 |
| വയനാട് | 5,25,000 |
| കണ്ണൂർ | 3,81,000 |
| കാസർഗോഡ് | 1,74,641 |

(ബി) മുഖ്യമന്ത്രിയുടെ പ്രളയദുരിതാശ്വാസ നിധിയിലേക്ക് നാളിതുവരെ സഹകരണ സ്ഥാപനങ്ങൾ സംഭാവനയായി നൽകിയ തുകയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 8,51,59,556 |
| കൊല്ലം | 6,32,56,627 |
| പത്തനംതിട്ട | 96,67,500 |
| ആലപ്പുഴ | 2,94,93,580 |
| കോട്ടയം | 6,64,35,147 |
| ഇടുക്കി | 4,27,10,054 |
| എറണാകുളം | 13,09,07,791 |
| തൃശ്ശൂർ | 12,17,45,525 |
| പാലക്കാട് | 12,03,82,628 |
| മലപ്പുറം | 7,93,28,091 |
| കോഴിക്കോട് | 15,34,11,013 |
| വയനാട് | 77,90,666 |
| കണ്ണൂർ | 15,21,24,737 |
| കാസർഗോഡ് | 3,55,27,336 |

(സി) പ്രളയബാധിതരെ ദീർഘകാലാടിസ്ഥാനത്തിൽ സഹായിക്കുന്നതിനായി സഹകരണവകുപ്പിന്റെ നേതൃത്വത്തിൽ CARe Kerala (Co-operative Alliance to Rebuild Kerala) എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ്. ഇതുവഴി കെയർഹോം (CARe Home), കെയർലോൺ (CARe Loan) എന്നീ രണ്ട് പദ്ധതികൾ നടപ്പിലാക്കുന്നു. കെയർഹോം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ പ്രളയദുരന്തത്തിൽ വീട് നഷ്ടപ്പെട്ട 2000 കുടുംബങ്ങൾക്ക് പുതിയ വീട് വച്ചുനൽകുവാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ പ്രാരംഭ നടപടികളെല്ലാം പൂർത്തിയായിട്ടുണ്ട്.

പ്രകൃതിക്ഷോഭത്തിന്റെ ആഘാതമേറ്റവർക്ക് സമയബന്ധിതമായും വേഗത്തിലും ധനസഹായം ലഭ്യമാകുന്നതിന് RESURGENT KERALA LOAN SCHEME എന്ന പേരിൽ ഒരു പദ്ധതി സർക്കാർ നടപ്പിലാക്കുന്നുണ്ട്. കുടുംബശ്രീ യൂണിറ്റുകളിലൂടെ 9% പലിശ നിരക്കിലായിരിക്കും ഈ വായ്പകൾ ഗുണഭോക്താക്കളിൽ എത്തിക്കുന്നത്. പലിശ സർക്കാർ വഹിക്കും. വായ്പ നൽകുന്നതിന് കുടുംബശ്രീ യൂണിറ്റുകൾക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് പ്രാഥമിക കാർഷിക സംഘങ്ങൾ മുഖാന്തരം കെയർ ലോൺ എന്ന പേരിലുള്ള വായ്പാ പദ്ധതി സർക്കാർ മാനദണ്ഡങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

## സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾ

326 (725) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ കീഴിൽ എത്ര സ്ഥാപനങ്ങളിലെ നിയമനങ്ങൾ ഇനിയും പി.എസ്.സി.-ക്ക് നൽകുവാനുണ്ട്; വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര സ്ഥാപനങ്ങളിൽ വിശേഷാൽ ചട്ടം തയ്യാറാക്കിയിട്ടുണ്ട്; വിശേഷാൽ ചട്ടം തയ്യാറാക്കിയ സ്ഥാപനങ്ങളിൽ നിയമനങ്ങൾ പി.എസ്.സി.യ്ക്ക് നൽകുവാൻ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) വിശേഷാൽ ചട്ടം തയ്യാറാക്കാത്ത സ്ഥാപനങ്ങളിൽ നിലവിൽ ആകെ എത്ര ഒഴിവുകളുണ്ട്; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ സ്ഥാപനങ്ങളിൽ നടത്തിയ നിയമനങ്ങൾ എത്ര; വ്യക്തമാക്കുമോ?

ഉത്തരം

(എ) സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 3 സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി.-ക്ക് നൽകുവാനുണ്ട്.

(ബി) സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന സഹകരണ ബാങ്ക്, 14 ജില്ലാ സഹകരണ ബാങ്കുകൾ, കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ, കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ, കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ, കേരള സംസ്ഥാന സഹകരണ പട്ടികജാതി/പട്ടികവർഗ്ഗ വികസന ഫെഡറേഷൻ മുതലായവയിലെ സ്പെഷ്യൽ റൂൾസ് അംഗീകരിച്ചിട്ടുള്ളതും ആയത് പ്രകാരം നിയമനങ്ങൾ നടത്തിവരികയുമാണ്. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ റിക്രൂട്ട്മെന്റ് റൂൾസ് 2-7-2018-ൽ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ബാങ്കിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മാർക്കറ്റ് ഫെഡിന്റെ കരട് റിക്രൂട്ട്മെന്റ് റൂൾസ് അംഗീകാരത്തിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്.

(സി) സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ളതും നിയമന ചട്ടങ്ങൾ തയ്യാറാക്കിയിട്ടില്ലാത്തതുമായ വനിതാ ഫെഡ്, ടൂർഫെഡ്, ഹോസ്പിറ്റൽ ഫെഡ് മുതലായ സ്ഥാപനങ്ങളിൽ സ്റ്റാഫ് പാറ്റേൺ അംഗീകരിച്ചിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂർഫെഡിൽ സർക്കാരിന്റെ ഉത്തരവ് പ്രകാരം കരാറടിസ്ഥാനത്തിൽ മാനേജിംഗ് ഡയറക്ടറെ നിയമിച്ചിട്ടുണ്ട്. വനിതാ ഫെഡിൽ സർക്കാരിന്റെ 12-8-2018-ലെ സ.ഉ.(കൈ) 30/2018/സഹ. നമ്പർ ഉത്തരവ് പ്രകാരം ഒരു ക്ലാർക്ക് തസ്തിക അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

## സഹകരണ മേഖലയിൽ ആരംഭിക്കുന്ന സ്ഥാപനങ്ങൾ

327 (726) ശ്രീ. എസ്. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ കേപ്പിന് കീഴിലോ സഹകരണ വകുപ്പിന് കീഴിലോ ഏതെങ്കിലും പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ സഹകരണ മേഖലയിൽ ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങൾ ദേവികുളം നിയോജക മണ്ഡലത്തിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ കേപ്പിന്റെ കീഴിലോ സഹകരണ വകുപ്പിന്റെ കീഴിലോ ഏതെങ്കിലും പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നിലവിൽ പദ്ധതികളില്ല.

(ബി) പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നിലവിൽ അപേക്ഷകളോ പദ്ധതികളോ ഇല്ലാത്തതിനാൽ നടപടികൾ കൈക്കൊണ്ടിട്ടില്ല.

(സി) പുതിയ അപേക്ഷകൾ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കും.

## സഹകരണ വകുപ്പിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതി

328 (727) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സഹകരണ വകുപ്പിന്റെ സഹകരണത്തോടെ പാറശ്ശാല നിയോജകമണ്ഡലത്തിൽ സ്മാർട്ട് ക്ലാസ് റൂമുകളും ഊർജ്ജക്ഷമതയുള്ള അടുപ്പുകളും സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്റെ തൽസ്ഥിതി അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി പാറശ്ശാല നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള വിദ്യാലയങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ ചെറുവാരക്കോണം സർവ്വീസ് സഹകരണ ബാങ്ക് പാറശ്ശാല എൽ.എം.എസ്. ഹൈസ്കൂളിൽ 3 ക്ലാസ്റൂമുകൾ ടൈൽസ് പാകി നൽകുന്നതിന് 72,000 രൂപ ചെലവാക്കിയിട്ടുണ്ട്.

ഊർജ്ജക്ഷമതയുള്ള അടുപ്പുകൾ സ്ഥാപിക്കുന്ന പദ്ധതി ആരംഭിച്ചിട്ടില്ല.

(ബി) പാറശ്ശാല നിയോജക മണ്ഡലത്തിൽനിന്നും പാറശ്ശാല എൽ.എം.എസ്. ഹൈസ്കൂൾ ഈ പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുണ്ട്.

എന്നാൽ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി./യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിച്ചു നൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തരം സ്മാർട്ട് ക്ലാസ് മുറികളും ഊർജ്ജക്ഷമതയുള്ള അടുപ്പുകളും നിർമ്മിച്ചു നൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ല എന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാനപ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചു നൽകുന്നുണ്ട്. ഈ രീതി തുടരാവുന്നതാണ്.

## സഹകരണ ആശുപത്രിയിലെ നഴ്സുമാർക്ക് മിനിമം വേതനം

329 (728) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഴ്സുമാർക്ക് സർക്കാർ പ്രഖ്യാപിച്ച മിനിമം വേതനം സംസ്ഥാനത്തെ സഹകരണ ആശുപത്രിയിലെ നഴ്സുമാർക്ക് ബാധകമാണോ;

(ബി) എങ്കിൽ അതിനായുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; അടിയന്തരമായി മിനിമം വേതനം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സഹകരണ ആശുപത്രിയിലെ നഴ്സുമാർക്ക് നിലവിൽ 01-10-2015-ലെ സ.ഉ.(പി) നം. 125/2015/സഹ. സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള വേതനമാണ് നൽകിവരുന്നത്. സഹകരണ ആശുപത്രി ജീവനക്കാരുടെ വരാനിരിക്കുന്ന ശമ്പള പരിഷ്കരണത്തിൽ രണ്ട് ശമ്പളഘടനയും തമ്മിൽ അന്തരം ഉണ്ടോ എന്നുള്ള കാര്യവും പരിശോധിക്കാവുന്നതാണ്.

**സഹകരണ സ്ഥാപനങ്ങളിൽനിന്നും പ്രളയ ദുരിതാശ്വാസം**

330 (729) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ ദുരിതാശ്വാസത്തിന്റെയും പുനർനിർമ്മാണത്തിന്റെയും ഭാഗമായി കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിൽനിന്നും ലഭ്യമായ തുകയുടെ കണക്കുകൾ ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) സഹകരണ സ്ഥാപനങ്ങൾ പ്രളയക്കെടുതിയിൽപ്പെട്ടവർക്ക് വാസഗൃഹങ്ങൾ നിർമ്മിച്ച് നൽകുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ലഭ്യമാണ്. ലഭ്യമായ തുക ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 8,51,59,556 രൂപ |
| കൊല്ലം | 6,36,38,427 രൂപ |
| പത്തനംതിട്ട | 96,67,500 രൂപ |
| ആലപ്പുഴ | 4,07,71,000 രൂപ |
| കോട്ടയം | 6,37,33,714 രൂപ |
| ഇടുക്കി | 4,27,10,054 രൂപ |
| എറണാകുളം | 19,25,36,210 രൂപ |
| തൃശ്ശൂർ | 12,79,88,533 രൂപ |
| പാലക്കാട് | 17,13,15,686.98 രൂപ |
| മലപ്പുറം | 8,34,29,275 രൂപ |
| കോഴിക്കോട് | 15,33,98,288 രൂപ |
| വയനാട് | 77,90,666 രൂപ |
| കണ്ണൂർ | 15,21,24,737 രൂപ |
| കാസർഗോഡ് | 3,55,27,336 രൂപ |

(ബി) സഹകരണ സ്ഥാപനങ്ങൾ പ്രളയ കെടുതിയിൽപ്പെട്ടവർക്ക് ഒന്നാംഘട്ടമായി 2000 വീടുകൾ നിർമ്മിച്ചുനൽകുന്നുണ്ട്. വീടുകൾ നിർമ്മിച്ചു നൽകുന്നതിന് സാമ്പത്തികഭദ്രതയുള്ള സഹകരണ സംഘങ്ങളെയാണ് നിർമ്മാണ ചുമതല ഏൽപ്പിക്കുന്നത്. അതത് പ്രദേശത്തെ സാഹചര്യം, ഭൂമിയുടെ ഘടന, ലഭ്യത, ഗുണഭോക്താവിന്റെ താൽപ്പര്യം, സാമ്പത്തിക സ്ഥിതി എന്നിവയ്ക്കനുസരിച്ച് വീടിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിൽ എഞ്ചിനീയറിംഗ് വിദഗ്ദ്ധർ, എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾ എന്നിവരുടെ സേവനം ലഭ്യമാക്കി, വീടിന്റെ വിസ്തൃതി 500 ചതുരശ്ര അടിയിൽ കുറയാൻ പാടില്ലായെന്ന വ്യവസ്ഥയിൽ നിർമ്മാണം ആരംഭിച്ച് മൂന്ന് മാസത്തിനകം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

**പ്രളയം ടൂറിസം മേഖലയിലുണ്ടാക്കിയ ആഘാതം**

331 (730) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയം ടൂറിസം മേഖലയിലുണ്ടാക്കിയിട്ടുള്ള ആഘാതം സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(ബി) വരുംവർഷങ്ങളിൽ കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിന് വേണ്ടി സ്വീകരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പരിശോധന നടത്തിയിട്ടുണ്ട്. പ്രളയക്കെടുതിയിൽ ടൂറിസം വ്യവസായത്തിന് ആയിരം കോടിയോളം രൂപയുടെയും ഇൻഫ്രാസ്ട്രക്ചർ മേഖലയിൽ 55 കോടിയോളം രൂപയുടെയും നഷ്ടം കണക്കാക്കിയിട്ടുണ്ട്. കൂടാതെ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2018 ആഗസ്റ്റ്, സെപ്റ്റംബർ എന്നീ മാസങ്ങളിൽ യഥാക്രമം 18.46, 18.16 ശതമാനത്തിന്റെ കുറവ് സംഭവിച്ചിട്ടുണ്ട്. ആഭ്യന്തര-വിനോദ സഞ്ചാരികളുടെ എണ്ണത്തിലും ആഗസ്റ്റ്, സെപ്റ്റംബർ എന്നീ മാസങ്ങളിൽ കുറവുണ്ടായിട്ടുണ്ട്. (12.56%, 5.85%). പ്രസ്തുത കുറവിന് ആനുപാതികമായി വിനോദസഞ്ചാര മേഖലയിൽനിന്നുള്ള വരുമാനത്തിന് ഇടിവ് സംഭവിച്ചിട്ടുണ്ട്.

(ബി) പ്രളയം കേരളത്തിന്റെ ടൂറിസം മേഖലയിലുണ്ടാക്കിയ ആഘാതത്തിന്റെ പശ്ചാത്തലത്തിൽ ടൂറിസം വകുപ്പ് കൂടുതൽ ശക്തവും വിപുലവുമായ പ്രചാരണ പരിപാടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ആഭ്യന്തര-വിദേശ വിനോദ സഞ്ചാര വിപണികളിൽ കൂടുതൽ ശക്തമായ സാന്നിദ്ധ്യം അറിയിക്കുന്നതിനുവേണ്ടി അച്ചടിമാധ്യമങ്ങൾ, ദൃശ്യമാധ്യമങ്ങൾ, വിമാനത്താവളങ്ങൾ തുടങ്ങി പൊതുജന സാന്നിദ്ധ്യം കൂടുതലുള്ള സ്ഥലങ്ങൾ എന്നിവയിൽ പ്രചാരണ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചുകഴിഞ്ഞു. രാജ്യത്തും പുറത്തുമുള്ള വിവിധ നഗരങ്ങളിൽ ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കുക, പ്രധാനപ്പെട്ട വിപണന മേളകളിൽ പങ്കെടുക്കുക തുടങ്ങിയ പരമ്പരാഗത വിപണന തന്ത്രങ്ങളിൽ ഏർപ്പെടുന്നതിനുപുറമെ സമൂഹ മാധ്യമങ്ങളിലൂടെ സജീവമായ പ്രചാരണ പരിപാടികളും ആവിഷ്കരിച്ച് നടപ്പാക്കുന്നു. ടൂർ ഓപ്പറേറ്റർമാർ, വിനോദസഞ്ചാര മേഖലയിലെ എഴുത്തുകാർ, തെരഞ്ഞെടുക്കപ്പെട്ട മാധ്യമ പ്രവർത്തകരും മാധ്യമസംഘങ്ങളും തുടങ്ങി ടൂറിസം മേഖലയിൽ സ്വാധീനം ചെലുത്തുന്നവർക്കായി കേരളത്തെ പരിചയപ്പെടുത്തുവാനായി Familiarization Tour സംഘടിപ്പിക്കുന്നുണ്ട്. കേരളത്തിന്റെ വിനോദ സഞ്ചാര ഭൂപടത്തിലെ സ്ഥാനം ഉറപ്പിക്കുവാനും കൂടുതൽ മുന്നേറുവാനുമായി 'Kerala Now is The Time' എന്ന പേരിൽ ഒരു 'Multi Media Brand Campaign' ഉടൻതന്നെ വിപണികളിൽ സംഘടിപ്പിക്കുവാനുള്ള പദ്ധതി ആവിഷ്കരിച്ചുകഴിഞ്ഞു.

ഈ പ്രവർത്തനങ്ങളുടെ ഫലമായി വരുംവർഷങ്ങളിൽ കൂടുതൽ ആഭ്യന്തര-വിദേശ-വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി

332 (731) ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം കേന്ദ്രങ്ങളിലെ സഞ്ചാരികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ;അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ടൂറിസം രംഗത്തെ തൊഴിൽസാധ്യത വർദ്ധിപ്പിക്കുന്നതിന് കേരള ടൂറിസം സംരംഭകത്വഫണ്ട് രൂപീകരിച്ചിട്ടുണ്ടോ;

(ഡി) ടൂറിസം വിദ്യാഭ്യാസ കേന്ദ്രങ്ങളിൽനിന്നും പഠിച്ചിറങ്ങുന്നവരെയും പുതുതലമുറയെയും ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ബോധവത്കരണവും വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് മുഖേന നിർദ്ദേശവും നൽകിയിട്ടുണ്ട്. കൂടാതെ പ്രത്യേകം പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരെയും 150 പോലീസ് ഓഫീസർമാരെയുമാണ് കേരളത്തിന്റെ വിവിധ ജില്ലകളിലായി നിയോഗിച്ചിട്ടുള്ളത്. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പോലീസ് എയ്ഡ് പോസ്റ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പോലീസ് പട്രോളിംഗ് കൂടുതൽ വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ അപകടങ്ങളോ ജീവഹാനിയോ സംഭവിക്കാൻ സാദ്ധ്യതയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളെ ആശ്രയിച്ച് കേരളത്തിലെ ടൂറിസം മേഖല പ്രധാനമായും നീങ്ങുന്നതിനാൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും മറ്റ് ചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 178 ലൈഫ് ഗാർഡുകൾ സേവനം അനുഷ്ഠിക്കുന്നു. ഇവർക്ക് കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻരക്ഷാ ഉപകരണങ്ങളും വകുപ്പ് നൽകിയിട്ടുണ്ട്. അപകട സാദ്ധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ ബ്രോഷറുകളിലൂടെയും മറ്റ് വിനിമയ മാധ്യമങ്ങളിലൂടെയും ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ മുഖാന്തരവും ഇത്തരം സ്ഥലങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച് ടൂറിസ്റ്റുകളെ ബോധവാൻമാരാക്കുന്നു. കൂടാതെ ജലയാനങ്ങളിൽ സഞ്ചരിക്കുന്ന വിനോദസഞ്ചാരികൾക്ക് ലൈഫ് ജാക്കറ്റ് അടക്കമുള്ള സുരക്ഷാ സംവിധാനങ്ങൾ ധരിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സി.സി.ടി.വി. സംവിധാനം, നടപ്പാതകൾ, പ്രകാശ സംവിധാനം എന്നിവ ഏർപ്പെടുത്തി വരുന്നു.

വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സി.സി.ടി.വി. ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കോവളം ടൂറിസം മേഖലയിൽ ആധുനിക നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് നടപടിയായിട്ടുണ്ട്. കോവളത്ത് പോലീസ് വകുപ്പിന്റെ സഹകരണത്തോടെ ബീച്ചുകളിലും ഇടവഴികൾ, നടപ്പാതകൾ, റോഡുകൾപ്പെടെയുള്ള പ്രദേശങ്ങളെയുമാണ് സി.സി.ടി.വി. ക്യാമറകളുടെ നിരീക്ഷണത്തിലാക്കുന്നത്. പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള കാര്യം അതത് പഞ്ചായത്തുകൾ/ കോർപ്പറേഷനുകൾ/ പോലീസ് വകുപ്പ്/വനംവകുപ്പ് അധികാരികളുമായി ചേർന്ന് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. ഹൗസ് ബോട്ടുകളിലെ യാത്രാ സുരക്ഷിതത്വം കണക്കിലെടുത്ത് "ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം" എന്ന സംവിധാനം ഇപ്പോൾ കുമരകത്തിലേയും ആലപ്പുഴയിലേയും കായൽ പ്രദേശങ്ങളിലെ 700-ഓളം ഹൗസ് ബോട്ടുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇത് മറ്റ് കായൽ പ്രദേശങ്ങളിലെ ഹൗസ് ബോട്ടുകളിൽകൂടി നടപ്പിലാക്കുന്ന കാര്യം വകുപ്പിന്റെ പരിഗണനയിലുണ്ട്.

കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള പ്രാഥമിക നടപടി സ്വീകരിച്ചിട്ടുണ്ട്. ടൂറിസം മേഖലയിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കാനുള്ള അധികാരം റെഗുലേറ്ററി അതോറിറ്റിക്ക് ഉണ്ടാകും. വിനോദസഞ്ചാരികൾക്ക് ഉണ്ടാകുന്ന ദുരനുഭവങ്ങൾക്ക് ഉടനടി പരിഹാരം എത്തിക്കാനും സുസ്ഥിരവും കാര്യക്ഷമവുമായ ടൂറിസം വികസനം സാദ്ധ്യമാക്കാനും ഇതിലൂടെ ലക്ഷ്യമിടുന്നു.

(ബി) ടൂറിസം മേഖലയിലെ അനഭിലഷണീയമായ സംഗതികൾ നിയന്ത്രിച്ച് ഈ മേഖലയെ കാര്യക്ഷമവും ചൂഷണരഹിതവുമാക്കുന്നതിന് കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിന് പുതിയ ടൂറിസം നയത്തിൽ സർക്കാർ വിഭാവന ചെയ്യുന്നു.

ഈ മേഖലയിലെ എല്ലാ വിഭാഗങ്ങളെയും നിരീക്ഷിക്കാനുള്ള പരമോന്നത സംവിധാനമായ ഒരു അതോറിറ്റിയാണ് വിഭാവന ചെയ്തിട്ടുള്ളത്. വ്യത്യസ്ത ടൂറിസം മേഖലകളിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കാനുള്ള അധികാരം അതോറിറ്റിക്കുണ്ടാകും. ഇതുസംബന്ധിച്ചുള്ള കരട് പരിശോധിച്ചുവരുന്നു.

(സി) പുതിയ ടൂറിസം നയത്തിൽ വിഭാവന ചെയ്തതിൻ പ്രകാരം ടൂറിസം സംരംഭകത്വ ഫണ്ട് രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഉത്തരവാദിത്വ ടൂറിസം മിഷൻ മുഖേന പ്രാദേശികമായ തൊഴിൽ, വരുമാനം എന്നിവ വിപുലപ്പെടുത്തുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു. ടൂറിസം മേഖലകളിൽ പ്രത്യക്ഷമായും പരോക്ഷമായും ഒരു ലക്ഷത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനാണ് ലക്ഷ്യമിടുന്നത്. മാനവ വിഭവശേഷി വികസിപ്പിക്കുന്നതിനായി അമ്പതിനായിരം പേർക്ക് തൊഴിൽ പരിശീലനം നൽകാൻ നടപടി സ്വീകരിച്ചുവരുന്നു. പ്രാദേശികമായി ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി 750 റിസോഴ്സ് പേഴ്സൺസിനെ തെരഞ്ഞെടുത്ത് പരിശീലനം നൽകിവരികയാണ്. കൂടാതെ 2000 പേർക്ക് ട്രെയിനിംഗ് നൽകിയും 1000 യൂണിറ്റുകൾ പുതുതായി രൂപീകരിച്ചും 50000 തൊഴിലവസരങ്ങൾകൂടി സൃഷ്ടിക്കുവാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. പ്രാദേശിക തൊഴിൽ ലഭ്യതയുംകൂടി ടൂറിസം മേഖലയെ ഉപയോഗപ്പെടുത്തുവാൻ ഉത്തരവാദിത്വ ടൂറിസം മുഖേന 2000 പേർക്ക് വിദഗ്ദ്ധ അവിദഗ്ദ്ധ മേഖലയിൽ പരിശീലനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസ്, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് എന്നീ സ്ഥാപനങ്ങൾ വഴി ടൂറിസം ഹോസ്പിറ്റാലിറ്റി മേഖലയുമായി ബന്ധപ്പെട്ട തൊഴിൽ സംരംഭക കോഴ്സുകളും പരിശീലനവും നൽകി ഈ മേഖലയിൽ കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുന്നതിന് നടപടി കൈക്കൊണ്ടുവരുന്നു.

ടൂറിസം രംഗത്ത് നൂതന ആശയങ്ങൾ നടപ്പാക്കാനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനുമായി കേരള ടൂറിസം സംരംഭകത്വ ഫണ്ടിന് രൂപംനൽകുന്നതിന് 2017-ലെ ടൂറിസം നയത്തിൽ വിഭാവന ചെയ്തിട്ടുണ്ട്.

പുത്തൻ തലമുറ സംരംഭകരെ ഈ രംഗത്തേക്ക് ആകർഷിക്കുക വഴി പ്രത്യക്ഷമായും പരോക്ഷമായും കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ടൂറിസം മേഖലയുമായി ബന്ധപ്പെട്ട ഏതെങ്കിലും നൂതന സേവനമോ പദ്ധതിയോ നടപ്പാക്കുന്നതിനുള്ള ഉപദേശവും നിർദ്ദേശങ്ങളും മാനേജ്മെന്റ് വൈദഗ്ദ്ധ്യവും ഒപ്പം മൂലധനവും കണ്ടെത്തി നൽകുന്ന പദ്ധതിയാണിത്.

### ടൂറിസം നയം

333 (732) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ടൂറിസം നയത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത നയം നടപ്പിലാക്കുന്നതിലൂടെ ടൂറിസം രംഗത്തെന്തൊക്കെ സമഗ്ര മാറ്റങ്ങൾക്ക് സാധിക്കും എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തേക്കുള്ള വിദേശ സഞ്ചാരികളുടെ വരവിനെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) കേരളത്തിന്റെ ടൂറിസം മേഖലയെ പ്രളയം എപ്രകാരം ബാധിച്ചുവെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) പ്രളായാനന്തര ടൂറിസം മേഖലയെ തകർച്ചയിൽനിന്നും കരകയറ്റുന്നതിന് സർക്കാർ എന്തൊക്കെ സഹായങ്ങളാണ് പ്രസ്തുത മേഖലയ്ക്ക് നൽകുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ടൂറിസം നയം 2017 അംഗീകരിച്ചിട്ടുണ്ട്.

(ബി) കേരളത്തിനെ ലോകോത്തര നിലവാരത്തിലുള്ള വിനോദസഞ്ചാര കേന്ദ്രമാക്കുവാനുള്ള നടപടികളുടെ ഭാഗമായി നിലവിലെ പരിസ്ഥിതിക്ക് കോട്ടം വരാതെ ആധുനിക മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള അടിസ്ഥാന വികസന സൗകര്യങ്ങൾ നടപ്പിലാക്കുക, കേരളത്തിന്റെ പൈതൃകമൂല്യം പുനരുജ്ജീവിപ്പിക്കും വിധമുള്ള വിനോദസഞ്ചാര വികസന പദ്ധതികൾ, ഉത്തരവാദിത്ത ടൂറിസത്തിലൂന്നിയുള്ള പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുക.

1. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

2. വിനോദസഞ്ചാരികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പു വരുത്തുന്നതിനുള്ള നടപടി.

3. പാരിസ്ഥിതിക പരിഗണനകൾക്ക് മുൻതൂക്കം നൽകിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻഗണന നൽകുക.

4. പ്രാദേശിക തലത്തിലുള്ള വിനോദസഞ്ചാര വികസന പദ്ധതികൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടി.

5. യുവ സഞ്ചാരികളെ ആകർഷിക്കുന്നതിനായി സാഹസിക വിനോദ സഞ്ചാരത്തിന് പ്രത്യേക ഊന്നൽ.

6. ലോക വിനോദസഞ്ചാര ഭൂപടത്തിൽ കേരളത്തെ ആഗോള ബ്രാൻഡായി വികസിപ്പിക്കുക.

7. വിപണത്തിന് ആധുനികവും നൂതനവുമായ മാർഗ്ഗങ്ങളും നൂതന സാങ്കേതികവിദ്യയും പ്രയോജനപ്പെടുത്തുക.

8. ദേശീയതലത്തിലും അന്തർദ്ദേശീയ തലത്തിലും കേരളത്തിന്റെ വിപണി വിഹിതം ഗണ്യമായി വർദ്ധിപ്പിക്കൽ

9. ഉത്തരവാദിത്ത ടൂറിസം മിഷൻ

10. യുവസംരംഭകർക്ക് പ്രോത്സാഹനം

11. വനിതാ സംരംഭങ്ങൾക്ക് പ്രാതിനിധ്യം

12. നൂതന ടൂറിസം ഉൽപ്പന്നങ്ങൾ

13. ടൂറിസം കേന്ദ്രങ്ങളിൽ ബാല സൗഹൃദ പ്രവർത്തനങ്ങൾ

14. ടൂറിസം കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കൽ

15. ലാൻഡ് ബാങ്ക്.

(സി) പ്രകൃതി ദുരന്തങ്ങൾ, പകർച്ചവ്യാധികൾ എന്നിവ പോലുള്ള ആകസ്മിക സംഭവങ്ങളുടെ ഫലമായി ദേശീയ അന്തർദ്ദേശീയ തലങ്ങളിൽ ഉണ്ടാകുന്ന നെഗറ്റീവ് പബ്ലിസിറ്റി കേരളത്തിലേക്കുള്ള സഞ്ചാരികളുടെ വരവിനെ ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. എന്നാൽ ഇവയെ അതതു സമയത്തുതന്നെ ഉചിതമായ പ്രചാരണ പരിപാടികളിലൂടെ മറികടക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഫലമായാണ് തുടർന്നുള്ള വർഷങ്ങളിൽ കേരളത്തിലേക്കുള്ള വിനോദ സഞ്ചാരികളുടെ വരവിൽ വർദ്ധനവുണ്ടായിട്ടുള്ളത്.

(ഡി) ഉണ്ട്. പ്രളയക്കെടുതിയിൽ ടൂറിസം വ്യവസായത്തിന് ആയിരം കോടിയോളം രൂപയുടെയും ഗവൺമെന്റ് ഇൻഫ്രാസ്ട്രക്ചർ നഷ്ടം 55 കോടിയോളം രൂപയുമായി കണക്കാക്കിയിട്ടുണ്ട്. കൂടാതെ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 2018 മേയ്, ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ എന്നീ മാസങ്ങളിൽ യഥാക്രമം 7.43, 16.56, 5.08, 18.46, 18.16 ശതമാനത്തിന്റെ കുറവ് സംഭവിച്ചിട്ടുണ്ട്. ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ആഗസ്റ്റ്, സെപ്റ്റംബർ എന്നീ മാസങ്ങളിൽ മാത്രമെ കുറവുണ്ടായിട്ടുള്ളൂ (12.56%, 5.85%). പ്രസ്തുത കുറവിന് ആനുപാതികമായി വിനോദസഞ്ചാര മേഖലയിൽനിന്നുള്ള വരുമാനത്തിലും ഇടിവ് സംഭവിച്ചിട്ടുണ്ട്.

(ഇ) പ്രളയാനന്തര കേരളത്തിൽ വിനോദസഞ്ചാര മേഖലയിൽ ഉണർവ്വുണ്ടാകുന്നതിനായി പോസ്റ്റ് ഫ്ലഡ് ക്യാമ്പയിൻ (Post Flood Campaign) എന്ന വിപണന തന്ത്രം ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി ടെലിവിഷൻ, പ്രിന്റ് മീഡിയ, റേഡിയോ, സിനിമാശാലകൾ, സോഷ്യൽ മീഡിയ ക്യാമ്പയിൻ എന്നിവ നടപ്പാക്കി വരുന്നു. കൂടാതെ സ്വദേശത്തും വിദേശത്തുമായി കൂടുതൽ ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കുന്നതിലൂടെയും പ്രളയാനന്തരം ടൂറിസം രംഗത്തുണ്ടായ നെഗറ്റീവ് പബ്ലിസിറ്റിയെ മറികടക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ഇതിന്റെ ഫലമായി ടൂറിസം രംഗത്തെ സംരംഭകർക്ക് കൂടുതൽ നേട്ടം ലഭിച്ച് തുടങ്ങിയതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**വിനോദസഞ്ചാര മേഖലയുടെ സമഗ്ര വികസനം**

334 (733) ശ്രീ. പി. കെ. ബഷീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്;വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന് ഒരു സമഗ്ര ടൂറിസം നയം ഉണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ സമഗ്ര ടൂറിസം വികസനം ലക്ഷ്യമാക്കി കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിൽ പുതുതായി ഏതെല്ലാം പദ്ധതികളാണ് ടൂറിസം വകുപ്പിന് കീഴിൽ ആരംഭിച്ചിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാന ടൂറിസം നയം 2017-ൽ രൂപീകരിച്ചിട്ടുണ്ട്. ടൂറിസം മുഖേനയുള്ള വരുമാനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനും കൂടുതൽ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനും ഉതകുന്ന തരത്തിൽ അടിസ്ഥാനസൗകര്യ വികസനം, പ്രചരണം, ടൂറിസം മേഖലയിലെ സമഗ്ര പരിഷ്കരണം എന്നിവ ലക്ഷ്യമിടുന്നതാണ് സംസ്ഥാനത്തിന്റെ ടൂറിസം നയം. ടൂറിസം വികസനത്തിന്റെ ഗുണഫലം സാധാരണക്കാർക്കുകൂടി ലഭ്യമാക്കുന്നതിനായുള്ള ഇടപെടൽ ടൂറിസം നയത്തിന്റെ കാതലാണ്. ഇതിനായി താഴെപ്പറയുന്ന ലക്ഷ്യങ്ങൾക്കാണ് ഊന്നൽ നൽകുന്നത്.

- ടൂറിസ്റ്റുകളുടെ പ്രത്യേകത മനസ്സിലാക്കി കേരളത്തിന്റെ സാംസ്കാരികമായ സവിശേഷതകളെ സംരക്ഷിച്ചുകൊണ്ടുള്ള കാഴ്ചപ്പാട് ആവിഷ്കരിക്കുക
- കേരളത്തിന്റെ പുറംലോകം അറിയാത്ത തനിമകളെ പുത്തൻ ഉൽപ്പന്നങ്ങളായി അവതരിപ്പിക്കുക.
- ആരോഗ്യരംഗം, ഇക്കോടൂറിസം തുടങ്ങി കലയും സംസ്കാരവും ഇഴചേർന്ന പൈതൃക ടൂറിസവും വികസിപ്പിക്കൽ.
- വിനോദസഞ്ചാരികളെ ലക്ഷ്യമിട്ട് പാരമ്പര്യ ചികിത്സാകേന്ദ്രങ്ങളുടെ നിലവാരം ഉറപ്പാക്കുക.
- ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കൽ
- ഉത്തരവാദിത്വ ടൂറിസം പ്രോൽസാഹിപ്പിക്കുക.
- സുസ്ഥിര ടൂറിസം വികസനത്തിന് കർമ്മ പരിപാടി ആസൂത്രണം.
- ജനകീയ പങ്കാളിത്തത്തോടെ വിനോദസഞ്ചാര വ്യവസായത്തെ പ്രാദേശിക സമ്പദ്ഘടനയുടെ നട്ടെല്ലാക്കുക. അതുവഴി പ്രവാസികളടക്കമുള്ള സ്വകാര്യ വ്യക്തികളെയും സ്ഥാപനങ്ങളെയും ടൂറിസം മേഖലയിൽ മുതൽമുടക്കുന്നതിന് പ്രോത്സാഹനം നൽകൽ.
- പുതിയ ടൂറിസം ഉൽപ്പന്നങ്ങൾ അവതരിപ്പിക്കുക.
- കിഫ്ബിയുടെ സാദ്ധ്യത ടൂറിസം അടിസ്ഥാന സൗകര്യ വികസനത്തിനായി പരമാവധി പ്രയോജനപ്പെടുത്തൽ
- കേരള ടൂറിസം സംരംഭകത്വ ഫണ്ട്
- തദ്ദേശ സ്ഥാപനങ്ങളുടെ പങ്കാളിത്തം

- കേരള ടൂറിസത്തിന് ബ്രാൻഡ് അംബാസിഡർ
- മാനവശേഷി വികസനവും ടൂറിസം സാക്ഷരതയും പാഠ്യപദ്ധതിയുടെ ഭാഗമാക്കൽ.
- സുരക്ഷയും കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി എന്ന പുത്തൻ ആശയവും നടപ്പാക്കൽ
- ഓരോ ടൂറിസം കേന്ദ്രങ്ങളിലും പ്രത്യേക കർമ്മസേന രൂപീകരിക്കൽ
- ടൂറിസം വകുപ്പിൽ കാലോചിതമായ പരിഷ്കാരം
- ഹരിത പെരുമാറ്റച്ചട്ടം മുഖാന്തരം മാലിന്യ നിർമ്മാർജ്ജനം നിയന്ത്രിക്കുക.

(സി) ടൂറിസം മേഖലയിലെ അനഭിലഷണീയമായ സംഗതികൾ നിയന്ത്രിച്ച് ഈ മേഖലയെ കാര്യക്ഷമവും ചൂഷണരഹിതവുമാക്കുന്നതിന് കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിന് പുതിയ ടൂറിസം നയത്തിൽ സർക്കാർ വിഭാവന ചെയ്യുന്നു. ഇതിനായുള്ള കരട് പരിശോധിച്ചുവരുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിൽ പുതിയ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

## മൂന്നാറിലെ ടൂറിസം മേഖല

335 (734) ശ്രീ. അൻവർ സാദത്ത് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ട് വർഷത്തിലൊരിക്കൽ മാത്രം പൂക്കുന്ന നീലക്കുറിഞ്ഞിയുടെ ഇത്തവണത്തെ സീസണിൽ മൂന്നാറിൽ സന്ദർശകർ കുറവായിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സീസണിൽ എത്ര ടൂറിസ്റ്റുകളെയാണ് മൂന്നാറിൽ പ്രതീക്ഷിച്ചതെന്നും എത്രപേർ മൂന്നാർ സന്ദർശിച്ചുവെന്നും വെളിപ്പെടുത്തുമോ;

(സി) പ്രളയംമൂലം തകർന്ന മൂന്നാറിലെ ടൂറിസം മേഖലയിലുണ്ടായ നഷ്ടം വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം ആശ്വാസനടപടികളാണ് നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കുറവായിരുന്നു. 2017 വർഷത്തെ ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസത്തെ സ്ഥിതി വിവര കണക്കുകളും ഈ വർഷത്തെ പ്രസ്തുത മാസത്തിലെ സ്ഥിതി വിവര കണക്കുകളും താരതമ്യപ്പെടുത്തുമ്പോൾ ഇടുക്കി ജില്ലയിൽ എത്തിയ വിദേശ, ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്.

(ബി) നീലക്കുറിഞ്ഞി സീസണിൽ 8 ലക്ഷം വിനോദസഞ്ചാരികളെയാണ് പ്രതീക്ഷിച്ചിരുന്നത്. ടി സീസണിൽ (ആഗസ്റ്റ്-ഒക്ടോബർ വരെ) ഇരവികുളം നാഷണൽ പാർക്ക് സന്ദർശിക്കുവാൻ 145431 സഞ്ചാരികളും കൊളുക്ക് മല സന്ദർശിക്കുവാൻ 50000-ഓളം സഞ്ചാരികളും മറയൂർ, വട്ടവട പ്രദേശങ്ങൾ വഴി 30000-ഓളം വിനോദസഞ്ചാരികളും നീലക്കുറിഞ്ഞി സന്ദർശിച്ചു.

(സി) ഉണ്ട്. ഇടുക്കി വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഒരു കോടിയിലധികം രൂപയുടെ നാശനഷ്ടമാണ് ഉണ്ടായിട്ടുള്ളത്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പ്രളയത്തിൽ വിനോദസഞ്ചാര മേഖലയ്ക്കുണ്ടായ നഷ്ടം

336 (735) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയവുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര മേഖലയ്ക്കുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; പുനർനിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

കണക്കാക്കിയിട്ടുണ്ട്. പ്രളയക്കെടുതിയിൽ ടൂറിസം വ്യവസായത്തിന് ആയിരം കോടിയോളം രൂപയുടെയും ഇൻഫ്രാസ്ട്രക്ചർ മേഖലയിൽ 55 കോടിയോളം രൂപയുടെയും നഷ്ടം കണക്കാക്കിയിട്ടുണ്ട്. കൂടാതെ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2018 ആഗസ്റ്റ്, സെപ്റ്റംബർ എന്നീ മാസങ്ങളിൽ യഥാക്രമം 18.46, 18.16 ശതമാനത്തിന്റെ കുറവ് സംഭവിച്ചിട്ടുണ്ട്. ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിലും ആഗസ്റ്റ്, സെപ്റ്റംബർ എന്നീ മാസങ്ങളിൽ കുറവുണ്ടായിട്ടുണ്ട് (12.56%, 5.85%). പ്രസ്തുത കുറവിന് ആനുപാതികമായി വിനോദസഞ്ചാര മേഖലയിൽനിന്നുള്ള വരുമാനത്തിന് ഇടിവ് സംഭവിച്ചിട്ടുണ്ട്.

പുനരുജ്ജീവനത്തിന്റെ ഭാഗമായി ടൂറിസം ഡെസ്റ്റിനേഷനുകളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, പരിസ്ഥിതി സൗഹൃദപരമായി വകുപ്പിന്റെ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. പ്രളയാനന്തര കേരളത്തിൽ വിനോദ സഞ്ചാരമേഖലയിൽ ഉണർവുണ്ടാക്കുന്നതിനായി 'Post Flood Campaign' എന്ന വിപണന തന്ത്രം ആവിഷ്കരിക്കുകയുണ്ടായി. ഇതിനുപരിയായി ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലായി ട്രേഡ് മീറ്റ്, മീഡിയാ മീറ്റ് എന്നിവ സംഘടിപ്പിച്ച് പ്രളയക്കെടുതിക്കുശേഷം കേരളം ടൂറിസം രംഗത്ത് ശക്തമായ തിരിച്ചുവരവ് നടത്തി എന്ന പ്രചാരണം നടത്തുകയും ചെയ്തു.

## തീർത്ഥാടന ടൂറിസം മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ

337 (736) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീർത്ഥാടന ടൂറിസം മേഖലയിൽ ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) സ്വദേശി ദർശൻ, പ്രസാദ് പദ്ധതികളിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ തീർത്ഥാടന ടൂറിസം മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കുമോ;

(സി) പമ്പയിൽ പ്രളയമേൽപ്പിച്ച നാശനഷ്ടങ്ങൾ മറികടക്കുവാൻ കേന്ദ്ര സഹായം തേടിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ശബരിമല തീർത്ഥാടകർക്ക് വിരി വയ്ക്കുന്നതിനും വിശ്രമിക്കുന്നതിനും ഇടത്താവളം നിർമ്മിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ?

### ഉത്തരം

(എ) തീർത്ഥാടന ടൂറിസം മേഖലയിൽ ഈ സർക്കാർ പിൽഗ്രിം ഹെറിറ്റേജ് സർക്യൂട്ട് അറ്റ് കുളങ്ങര, പിൽഗ്രിം ഹെറിറ്റേജ് സർക്യൂട്ട് അറ്റ് കോലത്തുകര, അണിയൂർ എന്നീ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും അവ നടപ്പിലാക്കി വരികയും ചെയ്യുന്നു.

(ബി) സ്വദേശ് ദർശൻ സ്കീമിലും പ്രസാദ് സ്കീമിലും ഉൾപ്പെടുത്തി താഴെ പറയുന്ന പദ്ധതികൾക്ക് കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ട്. അവ നടപ്പിലാക്കി വരുന്നു.

സ്വദേശ് ദർശൻ സ്കീം

1. ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം)
2. ശ്രീ പത്മനാഭ-ആറന്മുള-ശബരിമല വികസനം
3. ശ്രീനാരായണ ഗുരു പിൽഗ്രിം ടൂറിസം സർക്യൂട്ട്.

പ്രസാദ് സ്കീം

ഗുരുവായൂർ ക്ഷേത്ര വികസനം പിൽഗ്രിം ടൂറിസം സർക്യൂട്ട്

(സി) പമ്പയിൽ പ്രളയമേൽപ്പിച്ച നാശനഷ്ടങ്ങൾ മറികടക്കുവാൻ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സഹായം തേടിക്കൊണ്ട് ടൂറിസം വകുപ്പ് പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ല.

(ഡി) ശബരിമല തീർത്ഥാടകർക്ക് വിശ്രമിക്കുന്നതിനും വിരി വയ്ക്കുന്നതിനുമായി കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മാണ പ്രവൃത്തികൾക്കുള്ള tripartite agreement 26-9-2018-ൽ ഒപ്പ് വച്ചിട്ടുണ്ട്. മലബാർ ദേവസ്വത്തിന്റെയും കൊച്ചിൻ ദേവസ്വത്തിന്റെയും തിരുവിതാംകൂർ ദേവസ്വത്തിന്റെയും കൂടൽ മാണിക്യം ദേവസ്വത്തിന്റെയും കീഴിലുള്ള ക്ഷേത്രങ്ങളിൽ Indian Oil Corporation-ന്റെ സഹകരണത്തോടെ ശബരിമല ഇടത്താവള പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഇടത്താവള നിർമ്മാണ പ്രവൃത്തികളുടെ പ്രാരംഭനടപടികൾ പൂർത്തീകരിച്ച് വരുന്നു.

**വിനോദസഞ്ചാര പദ്ധതികൾ**

338 (737) ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. ആൻസലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന വിനോദസഞ്ചാര പദ്ധതികൾ ഏതെല്ലാം; വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ള ടൂറിസം പദ്ധതികൾ ഏതെല്ലാം; വിശദമാക്കുമോ;

(സി) തീർത്ഥാടന ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാം; അവയിൽ അനുമതി ലഭിച്ചവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) കേന്ദ്രസർക്കാരിന്റെ പ്രസാദ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സംസ്ഥാനത്തെ തീർത്ഥാടന കേന്ദ്രങ്ങൾ ഏതെല്ലാം; ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന വിനോദസഞ്ചാര പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

<u>സ്വദേശ് ദർശൻ സ്കീം</u>

1. കാലടി-മലയാറ്റൂർ പിൽഗ്രിം സർക്യൂട്ട്
2. ആതിരപ്പിള്ളി നാച്ചുർ ബെയ്സ്ഡ് സർക്യൂട്ട്
3. ശ്രീനാരായണ ഗുരു പിൽഗ്രിം സർക്യൂട്ട്
4. കേരള കോസ്റ്റൽ സർക്യൂട്ട്
5. പന്തിരുകുലം പ്രോജക്ട്
6. നാലമ്പലം സർക്യൂട്ട്

ഇവ കൂടാതെ കേന്ദ്ര ടൂറിസം മന്ത്രാലയം കേരളത്തിൽ തെരഞ്ഞെടുത്ത പ്രധാന ടൂറിസം കേന്ദ്രങ്ങളുടെ വികസനം സംബന്ധിച്ച പദ്ധതികൾ

<u>പ്രസാദ് സ്കീം</u>

1. കണ്ണൂർ പിൽഗ്രിം സർക്യൂട്ട്
2. സെന്റ് തോമസ് ഇന്റർനാഷണൽ ഷ്രൈയിൻ, മലയാറ്റൂർ
3. ചേരമാൻ ജുമാ മസ്ജിദ്, കൊടുങ്ങല്ലൂർ.

(സി) തീർത്ഥാടന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ള പദ്ധതികളും അവയിൽ അനുമതി ലഭിച്ചവയുടെ വിവരവും ചുവടെ ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>സമർപ്പിച്ചിരുന്ന പദ്ധതികൾ</u>

1. ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം)
2. ശ്രീ പത്മനാഭ-ആറന്മുള-ശബരിമല വികസനം
3. കാലടി-മലയാറ്റൂർ പിൽഗ്രിം സർക്യൂട്ട്
4. ശ്രീനാരായണ ഗുരു പിൽഗ്രിം സർക്യൂട്ട്
5. പന്തിരുകുലം പ്രോജക്ട്
6. നാലമ്പലം സർക്യൂട്ട്
7. കണ്ണൂർ പിൽഗ്രിം സർക്യൂട്ട്
8. സെന്റ് തോമസ് ഇന്റർനാഷണൽ ഷ്രൈയിൻ, മലയാറ്റൂർ
9. ചേരമാൻ ജുമാ മസ്ജിദ്, കൊടുങ്ങല്ലൂർ
10. ഗുരുവായൂർ ക്ഷേത്ര പരിസര വികസനം.

<u>അനുമതി ലഭിച്ച പദ്ധതികൾ</u>

1. ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം)
2. ശ്രീ പത്മനാഭ-ആറന്മുള-ശബരിമല വികസനം
3. ഗുരുവായൂർ ക്ഷേത്ര പരിസര വികസനം.

(ഡി) കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ പ്രസാദ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെയും അനുവദിച്ച തുകകളുടെയും വിവരം ചുവടെ ചേർക്കുന്നു:

| നമ്പർ | പദ്ധതി | അനുമതി തുക (ലക്ഷം) | അനുവദിച്ച തുക (ലക്ഷം) |
|---|---|---|---|
| 1 | ഗുരുവായൂർ ക്ഷേത്ര പരിസര വികസനം | 4614.20 | 1305.84 |
| 2 | ചേരമാൻ ജുമാ മസ്ജിദ്, കൊടുങ്ങല്ലൂർ | ഇല്ല | ഇല്ല |
| 3 | സെന്റ് തോമസ് ഇന്റർനാഷണൽ ഷ്രൈയിൻ, മലയാറ്റൂർ | ഇല്ല | ഇല്ല |

## പാതിരാമണൽ ഇക്കോട്ടൂറിസം പദ്ധതി

339 (738) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെക്കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ ആലപ്പുഴ പാതിരാമണൽ കേന്ദ്രമാക്കി ഇക്കോട്ടൂറിസം സാദ്ധ്യതകൾ ആവിഷ്കരിക്കാമെന്നും ഇതിനായി Destination Development of Pathiramanal Bio Park എന്ന പദ്ധതി നടപ്പിലാക്കാനും ടൂറിസം വകുപ്പ് തീരുമാനിച്ചിരുന്നോ; എങ്കിൽ ഈ പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

തീരുമാനിച്ചിരുന്നു. ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമപഞ്ചായത്തിലെ പാതിരാമണൽ എന്ന സ്ഥലത്തെ ഇക്കോ ടൂറിസം സാദ്ധ്യതകൾ മുന്നിൽ കണ്ട് തയ്യാറാക്കിയ Destination Development of Pathiramanal Bio Park എന്ന പദ്ധതി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ ധനസഹായത്തോടെ നടപ്പിലാക്കാൻ വകുപ്പ് തീരുമാനിക്കുകയും ആയതിന് സംസ്ഥാന സർക്കാർ 50 ലക്ഷം രൂപ ഉൾപ്പെടെ 499.61 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിൻപ്രകാരം പാതിരാമണൽ ടൂറിസം പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾ വകുപ്പ് നടത്തിയിരുന്നുവെങ്കിലും പാരിസ്ഥിതിക പ്രശ്നങ്ങളും കോടതി കേസ്സുകളും കാരണം പദ്ധതി നിർവ്വഹണം തുടങ്ങുന്നതിന് സാധിക്കാതെ വന്നു. ഇക്കാരണത്താൽ പദ്ധതി നിർവ്വഹണം കേന്ദ്ര സർക്കാർ നിഷ്കർഷിച്ച രീതിയിൽ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ആയതിനാൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം പദ്ധതിക്കായി കാലാവധിക്കുള്ളിൽ ചെലവഴിച്ചത് കഴിച്ച് ബാക്കി തുക കേന്ദ്ര സർക്കാരിന് തിരിച്ച് നൽകിയിട്ടുണ്ട്.

## പ്രളയത്തിൽ തകർന്ന ടൂറിസം കേന്ദ്രങ്ങളിലേക്കുള്ള റോഡുകളുടെ നവീകരണം

340 (739) <u>ശ്രീ. കെ. ദാസൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിലേക്കുള്ള റോഡുകൾ പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ ടൂറിസം വകുപ്പുമുഖേന നടക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ നവീകരണത്തിനായി പ്രത്യേക പുനരുദ്ധാരണ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിനായി ഏതെങ്കിലും തരത്തിലുള്ള ഫണ്ട് നീക്കിവച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡുകളുടെ നവീകരണത്തിനായി മറ്റേതെങ്കിലും ധനകാര്യ ഏജൻസികൾക്ക് വകുപ്പ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) പ്രളയത്തിൽ തകർന്ന ടൂറിസം കേന്ദ്രങ്ങളിലേക്കുള്ള റോഡുകൾ പുനഃസ്ഥാപിക്കുന്ന പ്രവൃത്തികൾ നിലവിൽ ടൂറിസം വകുപ്പ് മുഖേന നടക്കുന്നില്ല.

(ബി) വിനോദസഞ്ചാര വകുപ്പ് ഇതിലേയ്ക്കായി പ്രത്യേക പുനരുദ്ധാരണ പദ്ധതി ആവിഷ്കരിക്കുകയോ ഫണ്ട് നീക്കിവയ്ക്കുകയോ ചെയ്തിട്ടില്ല.

(സി) വിനോദസഞ്ചാര വകുപ്പ് ഇതിലേയ്ക്കായി മറ്റ് ധനകാര്യ ഏജൻസികൾക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

## ക്രൂയിസ് ടൂറിസം പദ്ധതി

341 (740) ശ്രീ. സി. കൃഷ്ണൻ : താഴെക്കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കേ മലബാറിലെ ഏഴ് നദികൾ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന ക്രൂയിസ് ടൂറിസം പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

ഉത്തരം

മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ സംസ്ഥാന പദ്ധതിയിലുൾപ്പെട്ട ഭരണാനുമതി ലഭിച്ചിട്ടുള്ള 17 നിർമ്മാണ പദ്ധതികളിൽ 14 എണ്ണം കണ്ണൂർ ജില്ലയിലും 3 എണ്ണം കാസർഗോഡ് ജില്ലയിലുമാണ് വിഭാവന ചെയ്തിട്ടുള്ളത്.

പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി താഴെപ്പറയുന്ന പ്രകാരമാണ്:

കണ്ണൂർ ജില്ല

1. പറശ്ശിനിക്കടവ് ബോട്ട് ടെർമിനൽ, കണ്ണൂർ - 17 പൈലുകളുടെ നിർമ്മാണം പൂർത്തിയായി.
2. പഴയങ്ങാടി ബോട്ട് ടെർമിനൽ, കണ്ണൂർ - നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു.

3. ചാമ്പാട് ബോട്ട് ടെർമിനൽ, കണ്ണൂർ - സ്ഥലത്തിന്റെ നിയന്ത്രണാനുമതി ലഭിച്ചിട്ടില്ല. പദ്ധതി മാമ്പറത്തേക്ക് മാറ്റാൻ തീരുമാനിച്ചു.

4. പെരിങ്ങത്തൂർ ബോട്ട് ടെർമിനൽ, കണ്ണൂർ - സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചു.

5. മോന്താൽ ബോട്ട് ടെർമിനൽ, കണ്ണൂർ - സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചു.

6. ധർമ്മടം ബോട്ട് ടെർമിനൽ, കണ്ണൂർ - സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. മുൻ നിശ്ചയിച്ച സ്ഥലത്ത് പദ്ധതി പ്രായോഗികമല്ലാത്തതിനാൽ ചിറക്കുനി എന്ന സ്ഥലത്ത് നിർമ്മാണം നടത്തുന്നതിന് അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

7. കരിയാട് ബോട്ട് ടെർമിനൽ, കണ്ണൂർ- സ്ഥലത്തിന്റെ നിയന്ത്രണാനുമതി ലഭിച്ചു.

8. പാറപ്രം ബോട്ട് ടെർമിനൽ, കണ്ണൂർ - സാങ്കേതികാനുമതി ലഭിച്ചിട്ടില്ല.

9. കമ്പനിമെട്ട ബോട്ട് ടെർമിനൽ, കണ്ണൂർ - സാങ്കേതികാനുമതി ലഭിച്ചു. ചേരിക്കലിലേക്ക് മാറ്റിസ്ഥാപിക്കുന്നതിലുള്ള അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

10. കക്കടവ് ബോട്ട് ടെർമിനൽ, കണ്ണൂർ - സാങ്കേതികാനുമതി ലഭിച്ചു. കൂടാതെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

11. ന്യൂ മാഹി ബോട്ട് ടെർമിനൽ, കണ്ണൂർ - സാങ്കേതികാനുമതി ലഭിച്ചു. ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്.

12. പാത്തിക്കൽ ബോട്ട് ടെർമിനൽ, കണ്ണൂർ - സാങ്കേതികാനുമതി ലഭിച്ചു. ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്.

13. മുക്കുവച്ചേരി ബോട്ട് ടെർമിനൽ-കണ്ണൂർ- സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

14. പുന്നക്കടവ് ബോട്ട് ടെർമിനൽ, കണ്ണൂർ - സാങ്കേതികാനുമതി ലഭിച്ചു. ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>കാസർഗോഡ് ജില്ല</u>

1. കോട്ടപ്പുറം സാങ്കേതികാനുമതി ലഭ്യമായിട്ടില്ല.
2. മാവിലാക്കടപ്പുറം സാങ്കേതികാനുമതി ലഭ്യമായിട്ടില്ല.
3. മാടക്കൽ - സാങ്കേതികാനുമതി ലഭിച്ചതിൻപ്രകാരം ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## മലനാട്-നോർത്ത് മലബാർ റിവർ ക്രൂയിസ് ടൂറിസം

342 (741) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലനാട്-നോർത്ത് മലബാർ റിവർ ക്രൂയിസ് ടൂറിസത്തിന്റെ ഭാഗമായി തലശ്ശേരി നിയോജക മണ്ഡലത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ടൂറിസം വകുപ്പ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ ഭാഗമായി തലശ്ശേരി നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള ബോട്ട് ജെട്ടികൾ ഏതെല്ലാമാണെന്നും ആയതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) മലനാട്-നോർത്ത് മലബാർ റിവർ ക്രൂയിസ് ടൂറിസത്തിന്റെ ഭാഗമായി തലശ്ശേരി നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

1. മോന്താൽ ബോട്ട് ടെർമിനൽ നിർമ്മാണം - സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
2. കക്കടവ് ബോട്ട് ജെട്ടി, നടപ്പാത നിർമ്മാണം - സാങ്കേതികാനുമതി ലഭിച്ചു. ടെണ്ടർ നടപടിയാരംഭിച്ചു.
3. ന്യൂ മാഹി ബോട്ട് ടെർമിനൽ-നടപ്പാത നിർമ്മാണം-സാങ്കേതികാനുമതി ലഭിച്ചു. ടെണ്ടർ നടപടിയാരംഭിച്ചു.
4. പാത്തിക്കൽ ബോട്ട് ടെർമിനൽ നിർമ്മാണം - സാങ്കേതികാനുമതി ലഭിച്ചു. ടെണ്ടർ നടപടിയാരംഭിച്ചു.

## സ്വദേശ് ദർശൻ, മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതികൾ

343 (742) ശ്രീ. റ്റി. വി. രാജേഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ടൂറിസം മന്ത്രാലയം നടപ്പാക്കി വരുന്ന സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി എത്ര കോടി രൂപയുടെ പ്രൊപ്പോസലാണ് സർക്കാർ സമർപ്പിച്ചിട്ടുള്ളത്;

(ബി) മലനാട് മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതിക്ക് എത്ര കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്; ഏതൊക്കെ പദ്ധതികൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്; വിശദമാക്കുമോ ;

(സി) ഇപ്പോൾ മലനാട് റിവർ ക്രൂയിസ് ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേന്ദ്ര ടൂറിസം മന്ത്രാലയം നടപ്പിലാക്കി വരുന്ന സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതി പ്രൊപ്പോസലുകൾ നിലവിൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| 1. | കാലടി-മലയാറ്റൂർ പിൽഗ്രിം സർക്യൂട്ട് | -Rs.59,21,71,610 |
| 2. | ആതിരപ്പിള്ളി നാച്ചർ ബെയ്സ്ഡ് ടൂറിസം സർക്യൂട്ട് | -Rs.39,72,14,164 |
| 3. | മലനാട്-മലബാർ ക്രൂയിസ് ടൂറിസം സർക്യൂട്ട് | -Rs.83,34,50,879 |
| 4. | ശ്രീനാരായണ ഗുരു പിൽഗ്രിം സർക്യൂട്ട് | - Rs.99,90,30,553 |
| 5. | നാലമ്പലം സർക്യൂട്ട് | -Rs.100,00,00,000 |
| 6. | കേരള കോസ്റ്റൽ സർക്യൂട്ട് | -Rs.157,00,00,000 |
| 7. | കണ്ണൂർ പിൽഗ്രിം സർക്യൂട്ട് | - Rs.63,62,00,000 |
| 8. | പന്തിരുകുലം പ്രോജക്റ്റ് | - Rs.189,78,00,000 |
| | ആകെ | Rs.792,58,67,206 |

(ബി) കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ സ്കീമിലെ റൂറൽ സർക്യൂട്ടിൽ ഉൾപ്പെടുത്തി മലനാട് മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതിക്കായി 8037.38 ലക്ഷം രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. താഴെപ്പറയുന്ന ഘടകങ്ങൾക്കാണ് അനുമതി നൽകിയിട്ടുള്ളത്:

| | | | |
|---|---|---|---|
| 1. | മാൻഗ്രോവ് ക്രൂയിസ് | - | 1760.36 ലക്ഷം രൂപ |
| 2. | തെയ്യം ക്രൂയിസ് | - | 1798.36 ലക്ഷം രൂപ |
| 3. | മുത്തപ്പൻ &മലബാറി ക്രൂയിസിൻ ക്രൂയിസ് | - | 4095.53 ലക്ഷം രൂപ |

(സി) മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ സംസ്ഥാന പദ്ധതിയിലുൾപ്പെട്ട ഭരണാനുമതി ലഭിച്ചിട്ടുള്ള 17 നിർമ്മാണ പദ്ധതികളിൽ 14 എണ്ണം കണ്ണൂർ ജില്ലയിലും 3 എണ്ണം കാസർഗോഡ് ജില്ലയിലുമാണ് വിഭാവന ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി താഴെപറയുന്ന പ്രകാരമാണ്.

<u>കണ്ണൂർ ജില്ല</u>

1. പറശ്ശിനിക്കടവ് ബോട്ട് ടെർമിനൽ, കണ്ണൂർ - 17 പൈലുകളുടെ നിർമ്മാണം പൂർത്തിയായി.
2. പഴയങ്ങാടി ബോട്ട് ടെർമിനൽ, കണ്ണൂർ - നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു.
3. ചാമ്പാട് ബോട്ട് ടെർമിനൽ, കണ്ണൂർ - സ്ഥലത്തിന്റെ നിയന്ത്രണാനുമതി ലഭിച്ചിട്ടില്ല. പദ്ധതി മാമ്പറത്തേക്ക് മാറ്റാൻ തീരുമാനിച്ചു.
4. പെരിങ്ങത്തൂർ ബോട്ട് ടെർമിനൽ, കണ്ണൂർ - സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചു.
5. മോന്താൽ ബോട്ട് ടെർമിനൽ, കണ്ണൂർ - സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചു.
6. ധർമ്മടം ബോട്ട് ടെർമിനൽ, കണ്ണൂർ - സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. മുൻ നിശ്ചയിച്ച സ്ഥലത്ത് പദ്ധതി പ്രായോഗികമല്ലാത്തതിനാൽ ചിറക്കുനി എന്ന സ്ഥലത്ത് നിർമ്മാണം നടത്തുന്നതിന് അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

7. കരിയാട് ബോട്ട് ടെർമിനൽ, കണ്ണൂർ- സ്ഥലത്തിന്റെ നിയന്ത്രണാനുമതി ലഭിച്ചു.

8. പാറപ്രം ബോട്ട് ടെർമിനൽ, കണ്ണൂർ - സാങ്കേതികാനുമതി ലഭിച്ചിട്ടില്ല.

9. കമ്പനിമെട്ട ബോട്ട് ടെർമിനൽ, കണ്ണൂർ - സാങ്കേതികാനുമതി ലഭിച്ചു. ചേരിക്കലിലേക്ക് മാറ്റിസ്ഥാപിക്കുന്നതിലുള്ള അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

10. കക്കടവ് ബോട്ട് ടെർമിനൽ, കണ്ണൂർ - സാങ്കേതികാനുമതി ലഭിച്ചു. കൂടാതെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

11. ന്യൂ മാഹി ബോട്ട് ടെർമിനൽ, കണ്ണൂർ - സാങ്കേതികാനുമതി ലഭിച്ചു. ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്.

12. പാത്തിക്കൽ ബോട്ട് ടെർമിനൽ, കണ്ണൂർ - സാങ്കേതികാനുമതി ലഭിച്ചു. ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്.

13. മുക്കുവച്ചേരി ബോട്ട് ടെർമിനൽ- കണ്ണൂർ - സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

14. പുന്നക്കടവ് ബോട്ട് ടെർമിനൽ, കണ്ണൂർ - സാങ്കേതികാനുമതി ലഭിച്ചു. ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>കാസർഗോഡ് ജില്ല</u>

1. കോട്ടപ്പുറം- സാങ്കേതികാനുമതി ലഭ്യമായിട്ടില്ല.

2. മാവിലാക്കടപ്പുറം- സാങ്കേതികാനുമതി ലഭ്യമായിട്ടില്ല.

3. മാടക്കൽ - സാങ്കേതികാനുമതി ലഭിച്ചതിൻപ്രകാരം ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**മണലൂർ മണ്ഡലത്തിലെ നെഹ്റു പാർക്കിന്റെ നവീകരണം**

344 (743) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് പഞ്ചായത്തിലെ ഏനാമാവ് നെഹ്റു പാർക്കിന്റെ നവീകരണവുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പാർക്കിന്റെ സമഗ്ര വികസനത്തിനായി തൃശ്ശൂർ ഡി.ടി.പി.സി.-യുടെ നേതൃത്വത്തിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പാർക്കിൽ എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) " Setting up of Children's Park at Nehru park Enamavu" എന്ന പദ്ധതിക്കായി 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിക്കായുള്ള പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റിയിൽ പ്രസ്തുത വിഷയം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ പാർക്ക് സ്ഥാപിക്കുന്നതിന്റെ മുന്നോടിയായി അടിസ്ഥാന സൗകര്യ വികസനം ആദ്യഘട്ടമായി നിർവ്വഹിക്കേണ്ടതുണ്ടെന്നും ഇതിനായി ഒരു പദ്ധതി രൂപരേഖ തയ്യാറാക്കേണ്ടതുണ്ടെന്നും തീരുമാനിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. പരിശോധിച്ചുവരുന്നു.

(സി) പ്രവേശനകവാടം, ടിക്കറ്റ് കൗണ്ടർ, ഇരിപ്പിടങ്ങൾ, ലൈറ്റിംഗ്, ശൗചാലയം, കഫറ്റേരിയ, കളി ഉപകരണങ്ങൾ എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

**അനങ്ങൻമല ഇക്കോ ടൂറിസം പദ്ധതി**

345 (744) <u>ശ്രീ. പി. കെ. ശശി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ അനങ്ങൻമല ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് മറ്റ് വകുപ്പുകളുടെ അനുമതി ആവശ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) അനങ്ങൻമല ഇക്കോ ടൂറിസം പദ്ധതിയിൽ അമിനിറ്റി സെന്റർ നിർമ്മാണം, ടോയ്‌ലെറ്റ് നിർമ്മാണം, റീട്ടെയിനിംഗ് വാൾ നിർമ്മാണം, പാലം നിർമ്മാണം, സൗന്ദര്യവത്കരണം, ബാത്തിംഗ് ഘട്ട് നിർമ്മാണം, സീറ്റിംഗ് ഫെസിലിറ്റീസ്, ഗേറ്റ് നിർമ്മാണം, ക്യാമ്പിംഗ് ടെന്റ് നിർമ്മാണം, ചെക്ക് ഡാം നിർമ്മാണം, കാസ്റ്റ് അയൺ ലാമ്പ് പോസ്റ്റ് നിർമ്മാണം, സൈനേജ് എന്നീ ഘട്ടങ്ങളാണുള്ളത്. ബാത്തിംഗ് ഘട്ട്, ചെക്ക് ഡാം എന്നിവയുടെ നിർമ്മാണമൊഴിച്ച് ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) മറ്റ് വകുപ്പുകളുടെ അനുമതി ആവശ്യമില്ല.

## തലശ്ശേരി പൈതൃക ടൂറിസം പദ്ധതി

346 (745) ശ്രീ. എ. എൻ. ഷംസീർ : താഴെക്കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയ്ക്കായി 2018-19 വർഷത്തെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

തലശ്ശേരി പൈതൃക ടൂറിസം പദ്ധതി ഉൾപ്പെടെ മുസിരിസ് പൈതൃക പദ്ധതി, സ്പൈസ് റൂട്ട് സംരംഭം, ആലപ്പുഴ, മറ്റ് തെരഞ്ഞെടുക്കപ്പെട്ട പൈതൃക നഗരങ്ങൾക്കായുള്ള പദ്ധതികൾ എന്നിവയുമായി ബന്ധപ്പെട്ട പുരാവസ്തു ഗവേഷണം, സംരക്ഷണം, വിനോദസഞ്ചാര സൗകര്യങ്ങൾ വികസിപ്പിക്കൽ, മ്യൂസിയങ്ങളുടെ വികസനം, വിപണനം, ഭൂമി ഏറ്റെടുക്കൽ, പഠനങ്ങൾ, സെമിനാറുകൾ, ശിൽപ്പശാലകൾ തുടങ്ങിയവയ്ക്കായി 2018-19 ബഡ്ജറ്റിൽ 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

തലശ്ശേരി ഹെറിറ്റേജ് പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തികളിൽ ഉൾപ്പെടുന്ന തലശ്ശേരി പിയർ റോഡിന്റെ വികസനം, ഫുഡ് സ്ട്രീറ്റ്, സ്കൾപ്ച്ചർ പാർക്ക് എന്നിവയുടെ നിർമ്മാണം, പഴയ ഫയർ ടാങ്കിന്റെ നവീകരണവും സംരക്ഷണവും താഴങ്ങാടി ഡെവലപ്മെന്റ് ഓഫ് പെർഫോമൻസ് സെന്റർ, ഹെർമൻ ഗുണ്ടർട്ട് ബംഗ്ലാവ്, ഭാഷാ മ്യൂസിയം, ജർമ്മൻ സ്റ്റഡി സെന്റർ എന്നിവയുടെ നിർമ്മാണ പ്രവൃത്തികളും ആരംഭിച്ചിട്ടുണ്ട്.

## ബേക്കൽ എയർ സ്ട്രിപ്പ്

347 (746) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബേക്കൽ എയർ സ്ട്രിപ്പ് പരിഗണനയിലുണ്ടോ;

(ബി) ഇതിനായി എത്ര ഏക്കർ സ്ഥലം ആവശ്യമാണ്; ഇതിൽ സർക്കാർ ഭൂമി എത്ര സ്വകാര്യവ്യക്തികളിൽനിന്ന് അക്വയർ ചെയ്ത് ഏറ്റെടുക്കേണ്ട ഭൂമി എത്ര എന്നത് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ;

(സി) ഇത് ഏത് രീതിയിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പരിഗണനയിലുണ്ട്.

(ബി) ഇതിനായി 80.41 ഏക്കർ ഭൂമി ആവശ്യമാണ്. ഇതിൽ 28.76 ഏക്കർ സർക്കാർ ഭൂമിയും 51.65 ഏക്കർ സ്വകാര്യ ഭൂമിയുമാണ്.

(സി) പദ്ധതി നടപ്പാക്കുന്നതിന് മുന്നോടിയായി ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ (ഇ.റ്റി.സി.) സർവ്വേ പൂർത്തീകരിച്ചു. കൂടാതെ 20 കുടുംബങ്ങളുടെ സാമൂഹ്യ ആഘാത പഠനവും പൂർത്തിയാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ എല്ലാ പ്രായോഗിക വശങ്ങളും പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ നിയോഗിച്ച ഗതാഗത പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ സമിതി നിർദ്ദിഷ്ട എയർ സ്ട്രിപ്പിനായി ബേക്കലിൽ തെരഞ്ഞെടുത്തിരിക്കുന്ന ഭൂമി ഈ ആവശ്യത്തിന് ഉതകുന്നതാണോ എന്നത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ മഹീന്ദ്ര ഗ്രൂപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കടലുകാണി ടൂറിസം പദ്ധതി

348 (747) <u>ശ്രീ. ബി. സത്യൻ</u> : താഴെക്കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മണ്ഡലത്തിലെ പുളിമാത്ത് പഞ്ചായത്തിലെ കടലുകാണി ടൂറിസം പദ്ധതി നവീകരണം ഏതുഘട്ടത്തിലാണ്; വിശദമാക്കുമോ?

<u>ഉത്തരം</u>

കടലുകാണി പാറയിൽ ടൂറിസം വകുപ്പ് ഹാബിറ്റാറ്റ് മുഖാന്തരം നടപ്പാക്കിയ 55 ലക്ഷം രൂപയുടെ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രദേശത്തിന്റെ ടൂറിസം നവീകരണവുമായി ബന്ധപ്പെട്ട് നിലവിൽ പദ്ധതികളൊന്നും തന്നെയില്ല.

## മണിയാർ ടൂറിസം പദ്ധതി

349 (748) <u>ശ്രീ. രാജു എബ്രഹാം</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയാർ ടൂറിസം പദ്ധതിക്ക് കിഫ്ബി ഫണ്ട് ലഭ്യമാക്കുന്നതിനായി പൊതുമേഖല സ്ഥാപനമായ കെൽ തയ്യാറാക്കി നൽകിയ പ്രോജക്ട് ഇപ്പോൾ ആരുടെ പക്കലാണുള്ളത്;

(ബി) ഈ പ്രോജക്ടിന് കിഫ്ബിയുടെ അംഗീകാരം ലഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; കിഫ്ബി അനുമതി ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) മണിയാർ ടൂറിസം പദ്ധതിക്ക് കിഫ്ബി ഫണ്ട് ലഭ്യമാക്കുന്നതിനായി കേരളാ ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി തയ്യാറാക്കി നൽകിയ രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ, ടൂറിസം പദ്ധതികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റുമായി പ്രത്യേക നിക്ഷേപ പദ്ധതിയിൽ 750 കോടി രൂപ നടപ്പു സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി വിനിയോഗിക്കാമോ എന്നും ഇതുസാധ്യമല്ലെങ്കിൽ പുതിയ സാമ്പത്തിക വർഷം ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തി മണിയാർ ടൂറിസം പദ്ധതിക്ക് കിഫ്ബിയിൽനിന്നും തുക ലഭ്യമാകുമോ എന്നുമുള്ള വിഷയങ്ങളും പരിശോധിക്കുന്നതിന് ടൂറിസം ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കായംകുളം അഡ്വഞ്ചർ ടൂറിസം പദ്ധതി**

350 (749) ശ്രീമതി യു. പ്രതിഭ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം ഡിപ്പാർട്ട്മെന്റിൽനിന്നും 95 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച കായംകുളം അഡ്വഞ്ചർ ടൂറിസം പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട മേൽനോട്ടം ആർക്കാണ് എന്ന് വിശദമാക്കാമോ; ഭരണാനുമതി ലഭിച്ച് ഏകദേശം എട്ട് മാസം പിന്നിട്ടിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാത്തതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) കായംകുളം അഡ്വഞ്ചർ ടൂറിസം പദ്ധതി വിഭാവന ചെയ്തിട്ടുള്ളത് CRZ മേഖലയിലാണ്. പ്രസ്തുത സ്ഥലത്ത് നിലവിലുള്ള ഹൗസ് ബോട്ട് ടെർമിനലിൽ CRZ ക്ലിയറൻസ് ഇല്ലാത്തതിനാൽ പൊളിച്ചു മാറ്റണമെന്ന് മുനിസിപ്പാലിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ അഡ്വഞ്ചർ ടൂറിസം പദ്ധതിക്ക് CRZ ക്ലിയറൻസ് നേടാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം WAPCOS എന്ന പൊതുമേഖലാ സ്ഥാപനത്തിനും മേൽനോട്ടം ഡി.റ്റി.പി.സി.-ക്കുമാണ്. CRZ ക്ലിയറൻസും മറ്റ് ക്ലിയറൻസുകളും ലഭിക്കാത്തതിനാലാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തത്.

## നാദാപുരം മണ്ഡലത്തിലെ വാണിമേൽ ടൂറിസം പദ്ധതി

351 (750) ശ്രീ. ഇ. കെ. വിജയൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിമേൽ പഞ്ചായത്തിലെ തിരികക്കയം, ചക്കര കുണ്ട്, പാലൂർ, അടുപ്പിൽ തുടങ്ങിയ പ്രദേശങ്ങളിൽ ടൂറിസം വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ;

(ബി) ഈ പദ്ധതി സർക്കാരിലേക്ക് സമർപ്പിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഈ പ്രോജക്ട് എന്ന് സർക്കാരിലേക്ക് സമർപ്പിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ-സി) വാണിമേൽ പഞ്ചായത്തിലെ തിരികക്കയം, ചക്കരകുണ്ട്, പാലൂർ, അടുപ്പിൽ തുടങ്ങിയ പ്രദേശങ്ങളുടെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് അധികൃതർ, ആർക്കിടെക്ട് എന്നിവർ സംയുക്തമായി സ്ഥലം സന്ദർശിക്കുകയും ഇവിടെ പരിസ്ഥിതിക്ക് കോട്ടം തട്ടുന്ന വലിയ നിർമ്മാണ പ്രവർത്തനങ്ങൾ അല്ലാതെ പരിസ്ഥിതി സൗഹാർദ്ദമായി ഗ്രാമീണ ടൂറിസം വികസനത്തിന് ഊന്നൽ നൽകുന്ന ഉത്തരവാദിത്ത ടൂറിസം വികസനമാണ് അനുയോജ്യമെന്ന് മനസ്സിലാക്കിയിട്ടുള്ളതാണ്. ആയതിൻ പ്രകാരം പദ്ധതി നടപ്പിലാക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുവാൻ ആർക്കിടെക്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഡി.പി.ആർ. ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## വർക്കല മണ്ഡലത്തിലെ വിനോദസഞ്ചാര പ്രവൃത്തികൾ

352 (751) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

വർക്കല മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങളും പദ്ധതി നടപ്പിലാക്കുന്ന ഏജൻസികളുടെ വിവരവും അനുബന്ധമായി ചേർത്തിരിക്കുന്നു. *

## കഠിനംകുളം-മുതലപ്പൊഴി-പൊന്നാംതുരുത്ത് ചെറുന്നിയൂർ ടൂറിസം സർക്യൂട്ട് പദ്ധതി

353 (752) <u>ശ്രീ. ബി. സത്യൻ</u> : താഴെക്കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഠിനംകുളം - മുതലപ്പൊഴി - പൊന്നാംതുരുത്ത് ചെറുന്നിയൂർ ടൂറിസം സർക്യൂട്ട് പദ്ധതി ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

ഇത്തരത്തിൽ ഒരു ടൂറിസം സർക്യൂട്ട് ടൂറിസം വകുപ്പ് വിഭാവന ചെയ്തിട്ടില്ല. എന്നാൽ മുതലപ്പൊഴിയിൽ പെരുമാതുറ ബീച്ച് വികസനത്തിന്റെ ഭാഗമായി മൂന്ന് കോടി രൂപ ചെലവിൽ ഒരു പദ്ധതിക്ക് ഭരണാനുമതി നൽകുകയും ആയതിന്റെ നിർമ്മാണ പ്രവൃത്തികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## ഗേറ്റ്‌വേ ഓഫ് നിലമ്പൂർ പദ്ധതി

354 (753) <u>ശ്രീ. പി. വി. അൻവർ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടപുറം പാലത്തിന് സമീപമുള്ള ഗേറ്റ്‌വേ ഓഫ് നിലമ്പൂർ എന്ന നിർദ്ദിഷ്ട പദ്ധതി മുടങ്ങിക്കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള സാഹചര്യം വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ആകെ എത്ര രൂപയാണ് ചെലവഴിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നതെന്നും ഇതുവരെ എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ; നിർമ്മാണ തടസ്സങ്ങൾ ഒഴിവാക്കി പദ്ധതി എത്രയുംവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഗേറ്റ്‌വേ ഓഫ് നിലമ്പൂർ എന്ന ടൂറിസം പദ്ധതി പൂർത്തിയാക്കി മലപ്പുറം ഡി.റ്റി.പി.സി.-ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നിലവിൽ ടി പദ്ധതി കെട്ടിടങ്ങൾക്ക് ബിൽഡിംഗ് നമ്പർ, കറണ്ട് കണക്ഷൻ ഇവ ലഭിച്ചിട്ടില്ലാത്തതിനാൽ പദ്ധതി ഘടകമായ ബങ്കുകൾ ടെണ്ടർ ചെയ്യുവാൻ സാധിച്ചിട്ടില്ല.

(ബി) പദ്ധതിക്കായി 97,79,179 രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ആയത് പദ്ധതി പ്രവർത്തനത്തിനായി നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുണ്ട്.

(സി) പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി കെട്ടിടങ്ങൾക്ക് ബിൽഡിംഗ് നമ്പർ, കറണ്ട് കണക്ഷൻ ഇവ ലഭിക്കുന്നമുറയ്ക്ക് പദ്ധതി ഘടകമായ ബങ്കുകൾ ടെണ്ടർ ചെയ്യുന്നതാണ്.

**കണയങ്കോട് ടൂറിസം ഹബ്ബിന് ഭരണാനുമതി**

355 (754) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി ടൂറിസം കോറിഡോർ പദ്ധതിയിൽ ഉൾപ്പെട്ട പ്രധാന ടൂറിസം ഹബ്ബായ കണയങ്കോട് ടൂറിസം ഹബ്ബിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ഡി.പി.ആർ. സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ബാലുശ്ശേരി ടൂറിസം വികസനത്തിന്റെ പ്രധാന പദ്ധതികളിലൊന്നായ കണയങ്കോട് ടൂറിസം ഹബ്ബിന് ഭരണാനുമതി ലഭിക്കുന്നതിനായുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ബാലുശ്ശേരി ടൂറിസം കോറിഡോർ പദ്ധതിക്ക് 2015-ൽ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ടി പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥല വിനിയോഗാനുമതി ലഭിക്കാത്തതിനാലും ക്ലിയറൻസ് ആവശ്യമുള്ള പ്രവൃത്തികളായതിനാലും പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ടി പദ്ധതി ഉപേക്ഷിക്കാനും പകരം പുതിയ പദ്ധതി രൂപകൽപ്പന ചെയ്യുവാനും തുടർന്ന് നടന്നിട്ടുള്ള പദ്ധതി അവലോകന യോഗങ്ങളിൽ അഭിപ്രായമുയർന്നിരുന്നു. ആയത് പ്രകാരം കണയങ്കോട് ടൂറിസം ഹബ്ബ് പദ്ധതിക്ക് പുതിയ പദ്ധതി രൂപരേഖ സമർപ്പിക്കുവാൻ മുമ്പ് ബാലുശ്ശേരി ടൂറിസം കോറിഡോർ പദ്ധതി വിഭാവന ചെയ്ത സ്ഥാപനത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പദ്ധതി രൂപരേഖ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## അഴീക്കൽ ബീച്ചിന്റെ വികസനം

356 (755) ശ്രീ. ആർ. രാമചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ അഴീക്കൽ ബീച്ചിന്റെ വികസനവുമായി ബന്ധപ്പെട്ട് വിനോദസഞ്ചാരവകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബീച്ചിലെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ;

(സി) ഇവിടെ നിരന്തരമായുണ്ടാകുന്ന അപകടങ്ങളും മരണങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ബീച്ചിൽ കൂടുതൽ ലൈഫ് ഗാർഡുകളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) കരുനാഗപ്പള്ളി മണ്ഡലത്തിലെ അഴീക്കൽ ബീച്ചിന്റെ വികസനവുമായി ബന്ധപ്പെട്ട് ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ നടപ്പാത, മണ്ഡപം, ഗ്യാലറി, ഇരിപ്പിടങ്ങൾ എന്നീ ഘടകങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. സ്ഥലലഭ്യതയുടെ അഭാവംമൂലം ടി പദ്ധതിയിലുൾപ്പെട്ട ടൂറിസം ഫെസിലിറ്റേഷൻ സെന്റർ, ടോയ്‌ലെറ്റ് എന്നീ ഘടകങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. അഴീക്കൽ ബീച്ചിന്റെ ടൂറിസം വികസനത്തിനായി പുതിയ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

(സി) ഉണ്ട്. അഴീക്കോട് ബീച്ചിലെത്തുന്ന വിനോദസഞ്ചാരികളുടെ സുരക്ഷയ്ക്കായി വിനോദസഞ്ചാര വകുപ്പ് 2 ലൈഫ് ഗാർഡുകളെയും ഡി.റ്റി.പി.സി. ഒരു ലൈഫ് ഗാർഡിനേയും നിയോഗിച്ചിട്ടുണ്ട്.

## കുട്ടനാട് മണ്ഡലത്തിലെ വിനോദസഞ്ചാര മേഖല

357 (756) ശ്രീ. തോമസ് ചാണ്ടി : താഴെക്കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-ലെ മഹാപ്രളയത്തിൽ തകർന്നടിഞ്ഞ കുട്ടനാട് മണ്ഡലത്തിലെ വിനോദസഞ്ചാര മേഖലയെ പുനർസൃഷ്ടിക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

കുട്ടനാടുമായി ബന്ധപ്പെടുത്തി കൈനകരി, നെടുമുടി പഞ്ചായത്തുകളിലെ വിനോദസഞ്ചാര മേഖലകളിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ രൂപകല്പന സംബന്ധിച്ചുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്.

**പാലക്കാട് കോട്ടയ്ക്ക് ചുറ്റുമുള്ള പ്രദേശങ്ങളുടെ നവീകരണം**

358 (757) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് കോട്ടയ്ക്ക് ചുറ്റുമുള്ള പ്രദേശങ്ങൾ നവീകരിക്കുന്നതിനായി ടൂറിസം വകുപ്പ് പ്രഖ്യാപിച്ചിട്ടുള്ള 2016-18 കാലയളവിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇവയിൽ പൂർത്തിയാക്കപ്പെട്ട പദ്ധതികൾ ഏതെല്ലാം; പൂർത്തീകരിക്കാത്ത പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പാലക്കാട് കോട്ടയോട് ചേർന്നുള്ള വാടിക ഗാർഡനിലെ ടൂറിസം വികസനത്തിനായി ടൂറിസം വകുപ്പിന്റെ ഗ്രീൻ കാർപ്പെറ്റ് സ്കീമിൽ ഉൾപ്പെടുത്തി 19-1-2018-ൽ 70,36,897 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി ഗവൺമെന്റ് അംഗീകൃത ഏജൻസിയായ വാപ്കോസ് മുഖേനയാണ് നടത്തിവരുന്നത്. പദ്ധതിയുടെ നിർമ്മാണം പുരോഗതിയിലാണ്.

**ചുങ്കത്തറ പഞ്ചായത്തിലെ ടൂറിസം പദ്ധതി**

359 (758) <u>ശ്രീ. പി. വി. അൻവർ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചുങ്കത്തറ പഞ്ചായത്തിലെ നിർദ്ദിഷ്ട ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ നടപടികൾ ഏതു ഘട്ടം വരെയായെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫയൽ (1056/2018) നടപടികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പദ്ധതിക്കാവശ്യമായ സ്ഥലലഭ്യത, ടൂറിസം സാദ്ധ്യത തുടങ്ങിയവ സംബന്ധിച്ച് പരിശോധനകൾ ടൂറിസം ഡയറക്ടർ തലത്തിൽ നടന്നുവരുന്നു. പരിശോധന പൂർത്തിയാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ശാസ്താംപാറ ടൂറിസം പദ്ധതി**

360 (759) ശ്രീ. ഐ. ബി. സതീഷ് : താഴെക്കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിലെ ശാസ്താംപാറയിൽ ഭരണാനുമതി ലഭ്യമായ ടൂറിസം പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ; ആയതിന്റെ തുടർനടപടിയെക്കുറിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

ശാസ്താംപാറ ടൂറിസം പദ്ധതിയുടെ നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്.

**നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ ടൂറിസം വകുപ്പിന്റെ പദ്ധതികൾ**

361 (760) ശ്രീ. സി. ദിവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ ടൂറിസം വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) നെടുമങ്ങാട് മണ്ഡലത്തിൽ ടൂറിസം വകുപ്പ് മുഖാന്തരം ഒരു മോട്ടൽ നിർമ്മിക്കുന്നതിന് വാമനപുരം ഇറിഗേഷൻ പ്രോജക്ടിന്റെ ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ കത്തിന് ഇറിഗേഷൻ വകുപ്പിൽനിന്ന് ലഭിച്ച മറുപടിയുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) നിലവിൽ ടൂറിസം വകുപ്പ് മുഖേന നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

(ബി) ഇറിഗേഷൻ വകുപ്പ് (പദ്ധതി വിഭാഗം-2) ചീഫ് എഞ്ചിനീയറുടെ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കുട്ടനാട്ടിൽ കായൽ മേഖലയിലെ വിനോദസഞ്ചാര സാദ്ധ്യതകൾ

362 (761) ശ്രീ. തോമസ് ചാണ്ടി : താഴെക്കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറുകളും കായലുകളും തുരുത്തുകളും കൂടുതലായുള്ള കുട്ടനാട് മണ്ഡലത്തിൽ കായൽ മേഖലയിലെ വിനോദസഞ്ചാര വികസനത്തിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

ഉണ്ട്. ചുങ്കം തിരുമല വാർഡിൽ പോലീസ് സ്റ്റേഷന് മുൻഭാഗത്തുനിന്നും വടക്കുഭാഗത്തേയ്ക്ക് 400 മീറ്റർ കായലോരം ഭംഗിയാക്കാനും നടവഴികൾ ആധുനികരീതിയിലുള്ളതാക്കുവാനും പുരവഞ്ചികളിൽ യാത്രക്കാരെ സുഗമമായി കയറ്റിയിറക്കുവാനുമായി "Improvements to Road by the side of Pamba river to Facilitiate House Boat Parking at Chungam-Thirumala in Alappuzha Municipality" എന്ന പദ്ധതിക്ക് 18-5-2018-ൽ 97 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന ഏജൻസി മുഖേനയാണ് ഈ പ്രവൃത്തികൾ നടത്തി വരുന്നത്. കുട്ടനാടുമായി ബന്ധപ്പെടുത്തി കൈനകരി, നെടുമുടി പഞ്ചായത്തുകളിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ രൂപകൽപ്പനയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## കുട്ടനാട്ടിൽ വിനോദസഞ്ചാര മേഖലയെ ബാധിക്കുന്ന പോളശല്യം

363 (762) ശ്രീ. തോമസ് ചാണ്ടി : താഴെക്കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഹാപ്രളയത്തിനുശേഷം കുട്ടനാട് നിയോജകമണ്ഡലത്തിലെ കായലുകളിലെ പോളശല്യം വിനോദസഞ്ചാര മേഖലയെ സാരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പോളകൾ നീക്കം ചെയ്യുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

പോള നീക്കംചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിനോദ സഞ്ചാര വകുപ്പ് ഏറ്റെടുത്ത് നടത്തുന്നില്ല.

## ചങ്ങനാശ്ശേരി മനയ്ക്കച്ചിറയിലെ ടൂറിസം വികസന പദ്ധതി

364 (763) ശ്രീ. സി. എഫ്. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മനയ്ക്കച്ചിറയിൽ നടപ്പിലാക്കിയ ടൂറിസം വികസന പദ്ധതി പൂർണ്ണമാകാത്തതുമൂലം വിദേശ - ആഭ്യന്തര ടൂറിസ്റ്റുകളെ അവിടേയ്ക്ക് ആകർഷിക്കാൻ കഴിയുന്നില്ലെന്നുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണം നടക്കാത്തതിനാൽ, മുൻപ് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ കാലപ്പഴക്കം മൂലം തകർന്നു കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ കോട്ടയം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ എന്തെങ്കിലും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി&ഡി) മനയ്ക്കച്ചിറ ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ടമെന്നോണം മനയ്ക്കച്ചിറ സൗന്ദര്യവൽക്കരണം, കോമ്പൗണ്ട് വാൾ, മഴക്കൂടാരങ്ങളുടെ പുനരുദ്ധാരണം തുടങ്ങിയവ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനായി കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് എന്ന ഏജൻസിയെക്കൊണ്ട് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇറിഗേഷൻ വകുപ്പിൽനിന്ന് എൻ.ഒ.സി. ലഭ്യമാകുന്നമുറയ്ക്ക് പദ്ധതിക്ക് അംഗീകാരം നൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതാണ്.

## പെരിന്തൽമണ്ണ ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം

365 (764) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജക മണ്ഡലത്തിലെ പെരിന്തൽമണ്ണയിൽ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) ഇതുസംബന്ധിച്ച് സ്ഥലം വിട്ടുനൽകുവാൻ ടൂറിസം ഡയറക്ടർ മലപ്പുറം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ട പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) നിലവിൽ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിച്ച് വരുന്നതുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകൾ എന്തെല്ലാമാണ്; ഇതിന് അടിയന്തരമായി പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) മങ്കടയിൽ തൊഴിൽ വകുപ്പിന് കീഴിലായി പോളിടെക്നിക്കുവേണ്ടി മൂന്ന് ഏക്കർ പുറമ്പോക്കുഭൂമി ഏറ്റെടുക്കുവാനായി ജില്ലാ ഭരണകൂടം ശ്രമിച്ചുവരുന്നുണ്ട്. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഇപ്പോഴത്തെ അവസ്ഥ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, പെരിന്തൽമണ്ണ പ്രിൻസിപ്പാൾ (ഇൻ- ചാർജ്ജ്) ജില്ലാ കളക്ടറെ നേരിൽക്കണ്ട് ബോദ്ധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയിൽനിന്ന് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, പെരിന്തൽമണ്ണയ്ക്ക് ആവശ്യമായ 80 സെന്റ് ഭൂമി അനുവദിച്ചുതരാൻ കഴിയുമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഭൂമി അനുവദിക്കുന്ന മുറയ്ക്ക് ഫണ്ട് നൽകാമെന്ന് ടൂറിസം ഡയറക്ടർ മലപ്പുറം ജില്ലാ കളക്ടറെ അറിയിച്ചിട്ടുണ്ട്.

(സി) ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, പെരിന്തൽമണ്ണ, 2001-ൽ പെരിന്തൽമണ്ണ ഗവൺമെന്റ് പോളിടെക്നിക് കോളേജിന്റെ പഴയ ഹോസ്റ്റൽ കെട്ടിടത്തിൽ താല്ക്കാലികാനുമതിയോടെ പ്രവർത്തിച്ചുവരികയാണ്. ടി കെട്ടിടം പോളിടെക്നിക് കോളേജ് ഹോസ്റ്റലിനുവേണ്ടി ഒഴിഞ്ഞുകൊടുക്കുവാൻ പോളിടെക്നിക് പ്രിൻസിപ്പാൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിന്റെ വികസന പ്രവർത്തനത്തിന് കെട്ടിടം ഒഴിഞ്ഞുകൊടുക്കേണ്ടിവന്നാൽ മറ്റൊരു വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് വലിയ സാമ്പത്തിക നഷ്ടമുണ്ടാക്കും. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ആവശ്യപ്പെട്ട പ്രകാരം മങ്കടയിൽ തൊഴിൽ വകുപ്പിന് കീഴിലായി പോളിടെക്നിക്കിന് വേണ്ടി കണ്ടെത്തുന്ന മൂന്ന് ഏക്കർ പുറമ്പോക്ക് ഭൂമിയിൽനിന്നും എൺപത് സെന്റ് സ്ഥലം ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് വേണ്ടി നൽകാമെന്ന് മലപ്പുറം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

**പമ്പ-ശബരിമല റോപ് വേ നിർമ്മാണം**

366 (765) <u>ശ്രീ. രാജു എബ്രഹാം</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പയിൽനിന്നും ശബരിമലയിലേയ്ക്കുള്ള ചരക്കുനീക്കം സുഗമമാക്കുന്നതിനായി റോപ് വേ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;പ്രസ്തുത പദ്ധതിക്കായി എത്ര കോടി രൂപയാണ് ചെലവഴിക്കുവാനുദ്ദേശിക്കുന്നത്; പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ശരണപാതയിൽനിന്നും ട്രാക്ടറുകളുടെ സഞ്ചാരം ഒഴിവാക്കുവാൻ സാധിക്കുന്ന വിധത്തിൽ റോപ് വേ പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) റോപ് വേ സ്ഥാപിക്കുന്നതിനായി ദാമോദർ റോപ് വേ, 18 സ്റ്റെപ്പ്സ് എന്നീ കമ്പനികളുമായി ദേവസ്വം ബോർഡ് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(ബി) വനത്തിൽക്കൂടിയുള്ള ഫിസിക്കൽ സർവ്വേ പൂർത്തിയാക്കുന്നതിനും കേന്ദ്ര വനം മന്ത്രാലയത്തിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## ശബരിമല സംബന്ധിച്ച സുപ്രീം കോടതിവിധി

367 (766) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ യുവതീപ്രവേശനത്തിന് ഏർപ്പെടുത്തിയിരുന്ന വിലക്ക് സുപ്രീംകോടതി റദ്ദാക്കിയ സാഹചര്യത്തിൽ യുവതികൾക്കായി ശബരിമലയിൽ പ്രത്യേക സംവിധാനം ഒരുക്കുന്നതിന് ദേവസ്വം ബോർഡ് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി മണ്ഡല മകരവിളക്ക് കാലത്തേക്കായി എന്തൊക്കെ സൗകര്യങ്ങളാണ് കോടതി വിധിയുടെ അടിസ്ഥാനത്തിൽ പ്രത്യേകമായി നടപ്പിലാക്കിയതെന്ന് അറിയിക്കുമോ;

(സി) ഈ വിധിമൂലം ആചാരപരമായ കാര്യങ്ങളിൽ എന്തെങ്കിലും ലംഘനമുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ തന്ത്രി സ്വീകരിച്ചിട്ടുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) സുപ്രീം കോടതിവിധി വിശ്വാസി സമൂഹത്തിൽ ഉണ്ടാക്കിയിട്ടുള്ള പ്രതിഷേധവും ആശങ്കയും ദൂരീകരിക്കുന്നതിന് സർക്കാരിന്റെയും ദേവസ്വം ബോർഡിന്റെയും ഭാഗത്തുനിന്നും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) യുവതികൾക്ക് മതിയായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സാവകാശം ആവശ്യപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡ് ബഹുമാനപ്പെട്ട സുപ്രീം കോടതിയെ സമീപിച്ചിട്ടുണ്ട്. എന്നാൽ 2018 ആഗസ്റ്റ് മാസം നടന്ന പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പമ്പയിൽനിന്നും നിലയ്ക്കലിലേക്ക് ബേസ് ക്യാമ്പ് മാറ്റിയിട്ടുണ്ട്. നിലയ്ക്കലിൽ 9000 തീർത്ഥാടകർക്ക് വിരിവയ്ക്കുന്നതിനുള്ള വിരി ഷെഡുകൾ, 20000 വാഹനങ്ങൾക്ക് പാർക്ക് ചെയ്യുവാനുള്ള പാർക്കിംഗ് സൗകര്യം, 920 ശൗചാലയങ്ങൾ, പ്രതിദിനം 65 ലക്ഷം ലിറ്റർ ശുദ്ധജലം സംഭരിക്കുന്നതിനുള്ള സംവിധാനം, കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള 25 ആർ.ഒ. പ്ലാന്റുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. സന്നിധാനത്ത് ഭക്തർക്ക് വിരിവയ്ക്കുന്നതിനും കുടിവെള്ളത്തിനും മെഡിക്കൽ സഹായം ലഭ്യമാക്കുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പമ്പയിൽ പ്രളയത്തിൽ അടിഞ്ഞുകൂടിയ മണലും വൃക്ഷങ്ങളും നീക്കംചെയ്ത് സാധാരണ നിലയിലാക്കിയിട്ടുണ്ട്. നശിച്ചുപോയ ശൗചാലയങ്ങൾക്ക് പകരം പുതിയ ബയോ ടോയ്‌ലെറ്റുകൾ, ബയോ യൂറിനലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. മണ്ണിടിഞ്ഞുപോയ സ്ഥലങ്ങൾ മണൽ ചാക്കുകൾ അടുക്കി സംരക്ഷിച്ചിട്ടുണ്ട്. തീർത്ഥാടകർക്ക് സമാധാനപരമായി ഭയാശങ്കകളില്ലാതെ തീർത്ഥാടനം നടത്തുന്നതിനുള്ള സുരക്ഷയും ഒരുക്കിയിട്ടുണ്ട്.

(സി) ശബരിമലയിൽ പിൻതുടർന്നുവന്ന ആചാരമെന്ന നിലയിൽ 10-നും 50-നും ഇടയ്ക്കുള്ള സ്ത്രീകൾക്ക് പ്രവേശനം നിഷേധിച്ചിരുന്നത് ബഹുമാനപ്പെട്ട സുപ്രീം കോടതി 2018 സെപ്റ്റംബർ 28-ന് പുറപ്പെടുവിച്ച വിധിയോടെ അസാധുവാക്കിയിരിക്കുകയാണ്. ഇക്കാര്യത്തിൽ പ്രത്യേക നിലപാടൊന്നും തന്ത്രി ദേവസ്വം ബോർഡിനെയോ സർക്കാരിനെയോ അറിയിച്ചിട്ടില്ല.

(ഡി) വിധി നടപ്പിലാക്കുന്നതിന് സാവകാശം ആവശ്യപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡ് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ സാവകാശ ഹർജി സമർപ്പിച്ചിട്ടുണ്ട്.

**ശബരിമല അടിസ്ഥാന സൗകര്യങ്ങൾ**

368 (767) <u>ശ്രീ. സി. ദിവാകരൻ:</u>
<u>ശ്രീ. ആർ. രാമചന്ദ്രൻ:</u>
<u>ശ്രീ. ജി. എസ്. ജയലാൽ:</u>
<u>ശ്രീ. എൽദോ എബ്രഹാം</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ മണ്ഡല-മകരവിളക്ക് കാലത്തെ വർദ്ധിച്ച ജനപ്രവാഹം കണക്കിലെടുത്ത് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രളയത്തിനുശേഷം പമ്പയിലേക്കും ശബരിമലയിലേക്കുമുള്ള പാതകൾ ഗതാഗതയോഗ്യമാക്കി തീർക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പമ്പയിൽ ഉണ്ടായിരുന്ന ടോയ്‌ലെറ്റുകൾ ഉൾപ്പെടെയുള്ള ശുചിത്വ സൗകര്യങ്ങൾ പ്രളയത്തിൽ തകർന്നത് പുനഃസൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) നിലയ്ക്കൽ ബേസ് ക്യാമ്പ് ആയി മാറ്റുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ നിലയ്ക്കലിൽ ആവശ്യമായ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) നിലയ്ക്കലിലേക്ക് ആവശ്യമായ ജലം എത്തിക്കുന്നതിന് ഒരുക്കിയ ക്രമീകരണങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശബരിമല സന്നിധാനത്ത് മണ്ഡല മകരവിളക്ക് കാലത്തെ വർദ്ധിച്ചുവരുന്ന ജനപ്രവാഹം കണക്കിലെടുത്ത് വിരി, ടോയ്‌ലെറ്റ്, കുടിവെള്ളം, തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഒരേ സമയം 5000 പേർക്ക് വിരിവയ്ക്കുന്നതിനും 2500 പേർക്ക് അന്നദാനത്തിനും സൗകര്യമുണ്ട്. 540 മുറികൾ വാടകയ്ക്ക് നൽകുന്നതിന് തയ്യാറാക്കിയിട്ടുണ്ട്. 997 ടോയ്‌ലെറ്റുകളും 100 കുളിമുറികളും സജ്ജമാക്കിയിട്ടുണ്ട്. 192 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള കുടിവെള്ള ടാങ്കുകൾ സജ്ജീകരിച്ചിട്ടുണ്ട്. 284 ടാപ്പുകളും 40 ചുക്കുവെള്ള കൗണ്ടറുകളും 5 ആശുപത്രികളും സജ്ജമാക്കിയിട്ടുണ്ട്.

(ബി) പ്രളയം തകർത്ത ത്രിവേണി പാലത്തിൽ അടിഞ്ഞുകൂടിയ മണലും തടികളും മാലിന്യങ്ങളും നീക്കംചെയ്ത് പ്ലാപ്പള്ളി, നിലയ്ക്കൽ-പമ്പ റോഡ് പുനഃസ്ഥാപിച്ച് ഗാതഗതയോഗ്യമാക്കി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിനും പമ്പ ത്രിവേണിക്കും ഇടയിലുള്ള രണ്ട് സ്ഥലങ്ങളിലായി തകർന്ന റോഡ് മണ്ഡല കാലത്തിന് മുമ്പ് തന്നെ പൂർണ്ണമായി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.

(സി) പ്രളയത്തിനുമുമ്പുണ്ടായിരുന്ന 390 ടോയ്‌ലെറ്റുകളിൽ 120 എണ്ണം പൂർണ്ണമായി നാമാവശേഷമായി. ബയോ ടോയ്‌ലെറ്റായും ബയോ യൂറിനലായും 380 എണ്ണം പുനഃസ്ഥാപിച്ചിട്ടുണ്ട്.

(ഡി) പ്രളയത്തെ തുടർന്ന് നിലയ്ക്കൽ പുതിയ ബേസ് ക്യാമ്പായി തീരുമാനിച്ചിട്ടുണ്ട്. ഇതേത്തുടർന്ന് നിലയ്ക്കലിൽ ചുവടെ പറയുന്ന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

അയപ്പന്മാർക്ക് വിരിവയ്ക്കുന്നതിന് പുതിയതായി 3 റസ്റ്റിംഗ് ഷെൽട്ടറുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. കൂടാതെ 2 ഷെൽട്ടറുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. നിലവിൽ 9000 പേർക്ക് വിരിവയ്ക്കുന്നതിനുള്ള സൗകര്യമാണ് ഒരുക്കിയിരിക്കുന്നത്.

നിലയ്ക്കൽ പാർക്കിംഗ് ഗ്രൗണ്ടിൽ ആകെ 940 ടോയ്‌ലെറ്റുകൾ നിർമ്മിച്ചു.

കുടിവെള്ള വിതരണത്തിനായി 25 ആർ.ഒ. പ്ലാൻഡുകളും 300 ആർ.ഒ. കിയോസ്കുകളും സ്ഥാപിച്ചു. 20000 വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം, ഡിപ്പാർട്ടുമെന്റ് സ്റ്റാഫുകൾക്ക് താമസിക്കുവാൻ അധികമായി താൽക്കാലിക ഷെഡ്ഡുകൾ എന്നിവ നിർമ്മിച്ചു.

(ഇ) വാട്ടർ സ്റ്റോറേജ് മുൻവർഷത്തെ കപ്പാസിറ്റിയായ 50 ലക്ഷം ലിറ്ററിൽനിന്നും 65 ലക്ഷം ലിറ്ററായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിലേയ്ക്കുള്ള വെള്ളം പമ്പ, സീതത്തോട് എന്നിവിടങ്ങളിൽനിന്ന് ടാങ്കർ ലോറി വഴി എത്തിക്കുന്നുണ്ട്.

## ശബരിമല മാസ്റ്റർ പ്ലാൻ

369 (768) ശ്രീ. വി. എസ്. ശിവകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കൽ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലയ്ക്കലിൽ പ്രസ്തുത മാസ്റ്റർ പ്ലാൻ പ്രകാരമുള്ള വികസന പദ്ധതികൾ നടപ്പിലാക്കുന്നതിൽ ദേവസ്വം ബോർഡ് കാലതാമസം വരുത്തിയതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) ശബരിമല മാസ്റ്റർ പ്ലാനിനായി വിട്ടുനൽകിയ വനഭൂമി വിനിയോഗത്തിൽ വീഴ്ച വന്നതായി സുപ്രീം കോടതി നിയോഗിച്ച എംപവർ കമ്മിറ്റി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) നടപ്പിലാക്കിയ പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. *

(ബി) ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിയുടെ ലേ ഔട്ട് പ്ലാൻ പൂർത്തിയാകാത്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാലതാമസം വന്നിട്ടുണ്ട്. ലേ ഔട്ട് പ്ലാൻ പൂർത്തിയാക്കുന്നതിനുള്ള അവസാനഘട്ട പരിശോധനകൾ നടന്നുവരികയാണ്.

(സി) കണ്ടെത്തിയിട്ടുണ്ട്. റിപ്പോർട്ട് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ സമർപ്പിച്ചിരിക്കുകയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ശബരിമല മാസ്റ്റര്‍ പ്ലാന്‍

370 (769) ശ്രീ. രാജു എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങള്‍ക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ശബരിമല, ബേസ് ക്യാമ്പായ നിലയ്ക്കല്‍,എന്നിവടങ്ങിളിലെ ശബരിമല മാസ്റ്റര്‍ പ്ലാന്‍ അനുസരിച്ചുള്ള നിര്‍മ്മാണങ്ങള്‍ സംബന്ധിച്ച് പ്രാഥമിക പരിശോധന നടത്തുന്നതിന് സുപ്രീംകോടതി നിയോഗിച്ച ഉന്നതാധികാര സമിതി എന്നാണ് പ്രസ്തുത സ്ഥലങ്ങളില്‍ സന്ദര്‍ശനം നടത്തിയത്;സമിതിയുടെ കണ്ടെത്തലുകള്‍ സംബന്ധിച്ച് എന്തെങ്കിലും വിവരങ്ങള്‍ ലഭ്യമായിട്ടുണ്ടോ;

(ബി) വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിര്‍ദ്ദേശങ്ങള്‍ക്ക് വിരുദ്ധമായ ഏതെങ്കിലും നിര്‍മ്മാണങ്ങള്‍ നടന്നിട്ടുള്ളതായി കമ്മിറ്റി ചൂണ്ടിക്കാട്ടുകയോ ഏതെങ്കിലും കെട്ടിടങ്ങളുടെ നിര്‍മ്മാണമോ നിര്‍മ്മിച്ചവ ഒഴിവാക്കുകയോ ചെയ്യണമെന്ന് സമിതി നിര്‍ദ്ദേശിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശങ്ങള്‍ ലഭ്യമാക്കാമോ;

(സി) ഇതുസംബന്ധിച്ച് സര്‍ക്കാരിന്റെ നിലപാട് എന്താണ് ; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) 27-10-2018, 28-10-2018 എന്നീ തീയതികളിലാണ് സന്ദര്‍ശനം നടത്തിയത്. അനുബന്ധമായി ചേര്‍ക്കുന്നു.*

(സി) നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ മാസ്റ്റര്‍ പ്ലാന്‍ അനുസരിച്ച് നിര്‍മ്മിക്കുക എന്നുള്ള നിലപാടാണ് സര്‍ക്കാര്‍ സ്വീകരിച്ചിട്ടുള്ളത്.

## ശബരിമല മാസ്റ്റര്‍ പ്ലാനിന് വിരുദ്ധമായ നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍

371 (770) ശ്രീ. കെ. മുരളീധരന്‍:
ശ്രീ. കെ. എസ്. ശബരീനാഥന്‍:
ശ്രീ. വി. പി. സജീന്ദ്രന്‍:
ശ്രീ. ഹൈബി ഈഡന്‍ : താഴെക്കാണുന്ന ചോദ്യങ്ങള്‍ക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ശബരിമല മാസ്റ്റര്‍ പ്ലാനിന് വിരുദ്ധമായി സന്നിധാനം, പമ്പ, നിലയ്ക്കല്‍ എന്നിവിടങ്ങളില്‍ നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ;

---

* ലൈബ്രറിയില്‍ വച്ചിട്ടുണ്ട്.

(ബി) പമ്പയിൽ പ്രളയംമൂലം കേടുപാടുകൾവന്ന കെട്ടിടങ്ങൾ പുനർനിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണി നടത്തുന്നതിനും സുപ്രീം കോടതി അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) സുപ്രീം കോടതിയിൽ ടി. ശോഭീന്ദ്രൻ നൽകിയ ഹർജിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര ഉന്നതാധികാര സമിതി നൽകിയ ഇടക്കാല റിപ്പോർട്ട് പ്രകാരം, മാസ്റ്റർ പ്ലാനിന് വിരുദ്ധമായി എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് അവിടെ നടത്തിയതായി കണ്ടെത്തിയിട്ടുള്ളത്;

(ഡി) പ്രസ്തുത റിപ്പോർട്ടിന്മേൽ ദേവസം ബോർഡ് മറുപടി നൽകിയിട്ടുണ്ടോ;

(ഇ) നിയമവിരുദ്ധമായി നിർമ്മിച്ചവ പൊളിച്ചുമാറ്റണമെന്ന് കോടതി വാക്കാൽ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ അതുമൂലം തീർത്ഥാടകർക്ക് നിലയ്ക്കലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെയാകുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര എംപവേർഡ് കമ്മിറ്റി അത്തരം നിർമ്മാണ പ്രവർത്തനം നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) സുപ്രീം കോടതിയിൽനിന്നും നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

(സി) പമ്പ അന്നദാന മണ്ഡപം, ഹോട്ടൽ കോംപ്ലക്സ് എന്നിവയുടെ നിർമ്മാണം മാസ്റ്റർ പ്ലാനിലെ വ്യവസ്ഥകൾക്ക് അനുസൃതമായല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഇല്ല.

**ശബരിമല യുവതീ പ്രവേശന വിധിയിന്മേൽ ദേവസ്വം ബോർഡ് നിലപാട്**

372 (771) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. അനൂപ് ജേക്കബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല യുവതീപ്രവേശനം സംബന്ധിച്ച സുപ്രീം കോടതിവിധി

നടപ്പിലാക്കുന്നതിന്റെ ഭാഗമായി ദേവസ്വം ബോർഡ് പമ്പയിലും സന്നിധാനത്തും എന്തൊക്കെ ക്രമീകരണങ്ങളാണ് ഒരുക്കിയതെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത വിധിക്കെതിരെ റിവ്യൂ ഹർജി നൽകുമെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രസ്താവിച്ചിരുന്നോ; എങ്കിൽ പിന്നീട് പ്രസ്തുത നിലപാടിൽനിന്നും പിൻമാറാനുണ്ടായ സാഹചര്യമെന്താണ്;

(സി) മണ്ഡല-മകരവിളക്ക് കാലയളവിൽ സന്നിധാനത്തെത്തുന്ന ലക്ഷക്കണക്കിന് ഭക്തർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിൽ ബോർഡിന് വീഴ്ചയുണ്ടായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ് എന്നറിയിക്കാമോ;

(ഡി) സുപ്രീം കോടതി വിധി നടപ്പിലാക്കുന്നതിന് സാവകാശം അനുവദിക്കണമെന്ന് സുപ്രീം കോടതിയോട് ആവശ്യപ്പെടാൻ ദേവസ്വം ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ മണ്ഡലകാലം ആരംഭിച്ചശേഷം ഇത്തരമൊരു തീരുമാനം ഉണ്ടായത് മുന്നൊരുക്കങ്ങൾ നടത്തുവാൻ ബോർഡിന് കഴിയാതെ വന്ന സാഹചര്യം കൊണ്ടാണോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശബരില മണ്ഡല-മകരവിളക്ക് കാലത്തെ വർദ്ധിച്ചുവരുന്ന തീർത്ഥാടക പ്രവാഹം കണക്കിലെടുത്ത് പമ്പയിലും സന്നിധാനത്തും അടിസ്ഥാന സൗകര്യം ഒരുക്കിയിട്ടുണ്ട്. പമ്പയിൽ സ്ത്രീകൾക്ക് കുളിക്കടവിനോട് അനുബന്ധിച്ച് വസ്ത്രം മാറുന്നതിനുള്ള താൽക്കാലിക ഷെഡ് നിർമ്മിച്ച് ശൗചാലയങ്ങൾ പ്രത്യേകമായി സജ്ജീകരിച്ചിട്ടുണ്ട്. സന്നിധാനത്ത് ശുചിമുറികളും വിരി സൗകര്യവും ഒരുക്കിയിട്ടുണ്ട്.

(ബി) ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മണ്ഡല-മകരവിളക്ക് കാലയളവിൽ ഭക്തർക്കുവേണ്ടി മറ്റ് സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെ ദേവസ്വം ബോർഡ് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

(ഡി) ഉണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ സ്ത്രീകൾക്ക് കൂടുതൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പ്രളയാനന്തര നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകാൻ കാലതാമസം ഉണ്ടാകുമെന്നതിനാലുമാണ് ദേവസ്വം ബോർഡ് 19-11-2018-ൽ സാവകാശ ഹർജി ഫയൽ ചെയ്തത്.

## ശബരിമല ക്ഷേത്ര കാര്യങ്ങളിൽ രാഷ്ട്രീയ പാർട്ടികളുടെ ഇടപെടൽ

373 (T *772) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആചാരലംഘനമുണ്ടായാൽ ശബരിമല ക്ഷേത്രനട അടയ്ക്കുന്നത് സംബന്ധിച്ച് തന്ത്രി അഭിപ്രായം തേടിയതായുള്ള ബിജെ.പി. സംസ്ഥാന അദ്ധ്യക്ഷന്റെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഇതുസംബന്ധിച്ച് തന്ത്രിയിൽനിന്നും രേഖാമൂലം വിശദീകരണം ആരാഞ്ഞിട്ടുണ്ടോ;

(സി) രാഷ്ട്രീയ പാർട്ടികളുടെ ഭാരവാഹികൾ ക്ഷേത്രകാര്യങ്ങളിൽ ഇടപെടുന്നതായുള്ള വെളിപ്പെടുത്തൽ, ശബരിമല പോലുള്ള ഒരു സ്ഥലത്തിന്റെ പുണ്യതയ്ക്കും ക്രമസമാധാനത്തിനും ഭംഗമുണ്ടാക്കുന്നതായി വിലയിരുത്തുന്നുണ്ടോ;

(ഡി) ഇത്തരം വെളിപ്പെടുത്തലുകളെ ഗൗരവമായി പരിഗണിക്കുന്നതിലും യഥാസമയം നടപടി സ്വീകരിക്കുന്നതിലും അലംഭാവം ഉണ്ടായതിനാലാണ് വർഗ്ഗീയവാദികൾ ക്ഷേത്രാങ്കണത്തിന്റെ ആധിപത്യം കൈയ്യാളുന്നതും പോലീസ് സംവിധാനത്തെപ്പോലും നിഷ്പ്രഭമാക്കി സന്നിധാനത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുന്നതുമായുള്ള ആക്ഷേപം ഉണ്ടാകാനിടയായതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

### ഉത്തരം

(എ&ബി) തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ വിശദീകരണം ആരാഞ്ഞിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) വർഗ്ഗീയവാദികൾ ക്ഷേത്രാങ്കണത്തിന്റെ ആധിപത്യം കയ്യാളുന്നത് ഒഴിവാക്കുന്നതിനായി ശബരിമലയിൽ മതിയായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ശബരിമല ദർശനത്തിനുള്ള ഓൺലൈൻ ബുക്കിംഗ്

374 (773) ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. കെ. രാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ക്ഷേത്രദർശനത്തിനുള്ള ഓൺലൈൻ ബുക്കിംഗ് സംവിധാനം തുടങ്ങിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ശബരിമലയിൽ എത്തുന്ന മുഴുവൻ തീർത്ഥാടകർക്കും ദർശനം സാധ്യമാക്കുന്ന തരത്തിൽ എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തുന്നതെന്ന് അറിയിക്കുമോ ;

(സി) ഒരു ടിക്കറ്റിൽ എത്രപേർക്ക് ബുക്ക് ചെയ്യാമെന്നും ബുക്ക് ചെയ്യുന്നത് സംബന്ധിച്ച വിശദാംശങ്ങളും നൽകുമോ;

(ഡി) ബുക്കിംഗിനായി തീർത്ഥാടകർ ഏതൊക്കെ വിവരങ്ങളാണ് നൽകേണ്ടതെന്നും തീർത്ഥാടനവേളയിൽ ഏതൊക്കെ രേഖകൾ സൂക്ഷിക്കണമെന്നും അറിയിക്കുമോ;

(ഇ) മുൻവർഷങ്ങളിലേതുപോലെ ചന്ദ്രാനന്ദൻ റോഡ് വഴി സന്നിധാനം നടപ്പന്തൽവരെ എത്തുന്നതിന് സൗകര്യമൊരുക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ശബരിമല ദർശനത്തിനുവേണ്ടി ഭക്തജനങ്ങൾക്കായി ഓൺലൈൻ ബുക്കിംഗ് സംവിധാനമായ ഡിജിറ്റൽ ക്രൗഡ് മാനേജ്മെന്റ് നടപ്പിലാക്കിയിട്ടുണ്ട്. തീർത്ഥാടകർക്ക് ആവശ്യമായ രേഖകളുടെ സഹായത്തോടെ പ്രസ്തുത സംവിധാനത്തിലൂടെ തീർത്ഥാടനം മുൻകൂട്ടി ബുക്ക് ചെയ്യാവുന്നതാണ്. അങ്ങനെ ബുക്ക് ചെയ്യുന്ന ഭക്തർക്കായി നിശ്ചിത ദിവസവും സമയവും മുൻകൂട്ടി നൽകുകയും ഭക്തജനങ്ങൾക്ക് പമ്പയിൽനിന്ന് മലകയറുവാനും സുഗമമായ ദർശനത്തിനും വഴിയൊരുക്കിയിട്ടുണ്ട്.

(ബി) ശബരിമലയിൽ എത്തുന്ന ഭക്തജനങ്ങൾക്ക് സുഗമമായ ദർശനത്തിനായി ഇലവുങ്കൽ, നിലയ്ക്കൽ, പമ്പ, സന്നിധാനം തുടങ്ങിയ പ്രധാന സ്ഥലങ്ങൾ ഉൾപ്പെടെ എല്ലായിടത്തും ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) തീർത്ഥാടകർക്ക് www.sabarimalaq.com എന്ന വെബ് പോർട്ടൽ സന്ദർശിച്ച്, അവരുടെ പേര്, വയസ്സ്, ഫോട്ടോ, അഡ്രസ്സ്, ഫോട്ടോ ഐഡന്റിറ്റി കാർഡ് നമ്പർ, മൊബൈൽ നമ്പർ തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തി ബുക്ക് ചെയ്യാവുന്നതാണ്. ഇതിൽ ഒരാൾക്ക് ഒരു ടിക്കറ്റ് എന്ന രീതിയിൽ, 60 പേരെവരെ ഉൾക്കൊള്ളാവുന്ന ഗ്രൂപ്പ് ബുക്കിംഗ് നിലവിലുണ്ട്.

(ഡി) ബുക്കിംഗ് സമയത്ത് തീർത്ഥാടകരുടെ പേര്, വയസ്സ്, ഫോട്ടോ, അഡ്രസ്സ്, ഫോട്ടോ ഐഡന്റിറ്റി കാർഡ് നമ്പർ, മൊബൈൽ നമ്പർ തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തി ബുക്ക് ചെയ്യാവുന്നതാണ്. തീർത്ഥാടനവേളയിൽ ബുക്ക് ചെയ്ത കൂപ്പണും തീർത്ഥാടകർ തങ്ങളുടെ ഫോട്ടോ ഐഡന്റിറ്റി കാർഡും കൈവശം കരുതേണ്ടതാണ്. 18 വയസ്സിന് താഴെ പ്രായമുള്ളവർക്ക് ഫോട്ടോ ഐഡന്റിറ്റി കാർഡ് നിർബന്ധമില്ല.

(ഇ) ഓൺലൈൻ ബുക്ക് ചെയ്ത് ദർശനത്തിനെത്തുന്ന ഭക്തർക്ക് ചന്ദ്രാനന്ദൻ റോഡുവഴി സന്നിധാനത്തെത്തുന്നതിന് സൗകര്യമൊരുക്കിയിട്ടുണ്ട്.

## ശബരിമലയിലെ യുവതീ പ്രവേശനം

375 (774) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. അനൂപ് ജേക്കബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുലാമാസ പൂജയ്ക്കും ചിത്തിര ആട്ട വിശേഷത്തിനും ശബരിമല നട തുറന്ന വേളയിൽ മല കയറുന്നതിനുവന്ന യുവതികളിൽ ഭൂരിപക്ഷവും ആക്ടിവിസ്റ്റുകളും മാധ്യമപ്രവർത്തകരുമായിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) അവർക്ക് എന്തൊക്കെ സൗകര്യങ്ങളാണ് ബോർഡ് ഒരുക്കിയതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവർക്ക് സംരക്ഷണം ഒരുക്കുവാൻ പമ്പയിലും സന്നിധാനത്തും വിന്യസിച്ച പോലീസുകാരുടെ വേതന ഇനത്തിൽ ദേവസ്വം ബോർഡ് എത്ര തുകയാണ് സർക്കാരിന് നൽകേണ്ടതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) മലകയറാൻവന്ന യുവതികൾക്കുവേണ്ടി പ്രത്യേക സൗകര്യമൊന്നും ബോർഡ് ഒരുക്കിയിട്ടില്ല. സ്ത്രീ തീർത്ഥാടകർക്ക് ഉണ്ടായിരുന്ന സൗകര്യങ്ങൾ ഇപ്പോഴും നിലവിലുണ്ട്.

(സി) ദേവസ്വം ബോർഡ് തുകയൊന്നും നൽകേണ്ടതില്ല.

## പമ്പയിലേയും നിലയ്ക്കലേയും സംവിധാനങ്ങൾ

376 (775) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തെ തുടർന്ന് പമ്പയിലുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച് എന്തെങ്കിലും കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ;

(ബി) എത്ര കോടി രൂപയുടെ നാശനഷ്ടമാണ് സംഭവിച്ചത്;

(സി) പമ്പയിലെ വാഹന പാർക്കിംഗ് സംവിധാനം നശിച്ച സാഹചര്യത്തിൽ നിലയ്ക്കലിൽ അതിനായി എന്തൊക്കെ കൂടുതൽ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഡി) ശബരിമല യുവതീ പ്രവേശനം സംബന്ധിച്ച സുപ്രീംകോടതി വിധിയുടെ സാഹചര്യത്തിൽ നിലയ്ക്കലിൽ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ പര്യാപ്തമാണോ; ഇല്ലെങ്കിൽ ഭാവിയിൽ അവിടെ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന വികസന പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഇൻഷ്വറൻസ് ക്ലെയിമിനുവേണ്ടി കെട്ടിടങ്ങളുടെ പ്രാഥമിക കണക്കെടുപ്പ് നടത്തിയപ്പോൾ ഏകദേശം 21 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്.

(സി) നിലയ്ക്കലിൽ 20000 വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

(ഡി) ഇപ്പോൾ പരമാവധി സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഭാവിയിൽ ഭക്തജനത്തിരക്ക് അനുസരിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## നിലയ്ക്കൽ, പമ്പ എന്നിവിടങ്ങളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ

377 (776) ശ്രീ. വി. പി. സജീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലയ്ക്കൽ, പമ്പ എന്നിവിടങ്ങളിൽ പ്രളയംമൂലമുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് ടാറ്റാ ഗ്രൂപ്പ് നടപ്പിലാക്കുന്ന പുനരുദ്ധാരണ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) പമ്പയിലെ തകർന്ന മാലിന്യ പ്ലാൻഡ് നവീകരിക്കുന്നതിനും, നിലയ്ക്കലിൽ 1000 പുതിയ ശൗചാലയങ്ങൾ പണിയുന്നതിനുമുള്ള തീരുമാനം പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(സി) പമ്പയിലെ ഉപയോഗശൂന്യമായ സർക്കാരാശുപത്രിക്ക് പകരം കൈക്കൊണ്ട സംവിധാനം വ്യക്തമാക്കുമോ ;

(ഡി) വാഹനങ്ങൾ നിലയ്ക്കൽ വരെ അനുവദിക്കുന്നതിനുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അവിടെ ആവശ്യമായ പാർക്കിംഗ് സൗകര്യങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) മാലിന്യ പ്ലാൻഡ് പ്രവർത്തനസജ്ജമാക്കി ബയോ ടോയ്‌ലെറ്റുകൾ ഉൾപ്പെടെ 390 ടോയ്‌ലെറ്റുകൾ സജ്ജമാക്കിയിട്ടുണ്ട്.

(സി) ആശുപത്രിയിൽ അടിഞ്ഞുകൂടിയ മണ്ണ് മാറ്റി ആശുപത്രി പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

(ഡി) ഉണ്ട്. 20000 വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

**പമ്പാ തീരത്തെ പുനർനിർമ്മാണം**

378 (777) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. എസ്. ശിവകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന പമ്പാതീരത്തെ പുനർനിർമ്മിക്കുന്നതിൽ സർക്കാരും ദേവസ്വംബോർഡും ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഏതെല്ലാം നിർമ്മാണ പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കുവാനുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രളയം കഴിഞ്ഞ് മൂന്നുമാസം കഴിഞ്ഞിട്ടും പമ്പാതീരത്തെ പുനർനിർമ്മാണം പൂർത്തീകരിക്കാനാകാത്തത് മണ്ഡല-മകര വിളക്ക് കാലത്ത്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശബരിമല ദർശനത്തിനെത്തുന്ന ലക്ഷക്കണക്കിന് ഭക്തർക്ക് ബുദ്ധിമുട്ടുണ്ടാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഭക്തരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് അടിയന്തരമായി കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഭാഗികമായി തകർന്ന ടോയ്‌ലെറ്റുകൾ, കെട്ടിടങ്ങൾ, റോഡുകൾ, വിവിധ ഗോഡൗണുകൾ, തകർന്ന പൈപ്പ് ലൈനുകൾ, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാൻഡ് എന്നിവ പുനർനിർമ്മിച്ച് പ്രവർത്തനസജ്ജമാക്കി.

(ബി) പമ്പാ നദിയുടെ സംരക്ഷണ ഭിത്തിയും റസ്റ്റോറന്റ് ബ്ലോക്കിന്റെ പുനർനിർമ്മാണ പ്രവൃത്തികളുമാണ് ഇനി പൂർത്തീകരിക്കുവാനുള്ളത്.

(സി&ഡി) പമ്പാ തീരത്ത് കേടുപാടുകൾ സംഭവിച്ച കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലയ്ക്കൽ ബേസ് ക്യാമ്പാക്കി മാറ്റുന്ന സാഹചര്യത്തിൽ മറ്റ് സ്ഥിരമായ നിർമ്മാണ പ്രവർത്തനങ്ങളൊന്നും ഈ പ്രദേശത്ത് നടത്തേണ്ടതില്ലെന്ന് തീരുമാനമെടുത്തിട്ടുണ്ട്. നിലയ്ക്കലിൽ ആവശ്യമായ വിരി, ടോയ്‌ലെറ്റ്, കുടിവെള്ള സൗകര്യങ്ങൾ, വാഹന പാർക്കിംഗ് തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

**തൃത്തല്ലൂരിൽ ശബരിമല തീർത്ഥാടകർക്കായി ഇടത്താവളം**

379 (778) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെക്കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ തൃത്തല്ലൂരിൽ ശബരിമല തീർത്ഥാടകർക്കായി ഇടത്താവളം നിർമ്മിക്കുന്നതുമായി ബന്ധപെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ശ്രീതൃത്തല്ലൂർ ശിവ ക്ഷേത്രത്തിൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ സഹകരണത്തോടെ ശബരിമല ഇടത്താവള പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകി 5-12-2017-ൽ സർക്കാർ ഉത്തരവ് (സാധാ) 5200/17/റവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ ശബരിമല ഇടത്താവളം നിർമ്മിക്കുന്നതിനുള്ള MOU ഒപ്പ് വയ്ക്കുന്നതിന് അനുമതി നൽകിക്കൊണ്ട് 19-6-2018-ലെ സ.ഉ.(സാധാ) 2318/2018/ആർ.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇടത്താവളം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ മലബാർ ദേവസ്വം ബോർഡ് സ്വീകരിച്ചുവരുന്നു.

## ക്ഷേത്രങ്ങളുടെ വരുമാനം

380 (779) ശ്രീ. രാജു എബ്രഹാം :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ യുവതീ പ്രവേശം അനുവദിച്ച സുപ്രീംകോടതി വിധി അംഗീകരിക്കാനുള്ള സാമൂഹ്യ പക്വത നേടിയിട്ടില്ലാത്ത ചിലർ, വിധി വർഗ്ഗീയ കലാപത്തിനുള്ള സുവർണ്ണാവസരമായി കണ്ട് പലതരത്തിലുള്ള നുണപ്രചരണങ്ങൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്ഷേത്രങ്ങളുടെ വരുമാനം സർക്കാർ ഖജനാവിലേക്ക് മാറ്റുന്നുവെന്ന ദുരാരോപണത്തിന്റെ പശ്ചാത്തലത്തിൽ ഇക്കാര്യത്തിലെ നിജസ്ഥിതി വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ദേവസ്വം ബോർഡുകൾ രൂപീകരിച്ചതിന്റെ ചരിത്രം വ്യക്തമാക്കാമോ; സ്വയംഭരണ സ്ഥാപനമായ ദേവസ്വം ബോർഡുകൾ വഴി സർക്കാർ ക്ഷേത്രാരാധനയിൽ ഇടപെടുന്നു എന്ന വ്യാജാരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 1949-ലെ ഉടമ്പടിയിൽ ശബരിമല ക്ഷേത്രം സംബന്ധിച്ച് പ്രത്യേക പരാമർശമുണ്ടോ; ക്ഷേത്രത്തിന്മേൽ അക്കാലത്തിനും ഉദ്ദേശം ഒന്നര നൂറ്റാണ്ട് മുൻപ് ഭരണാധികാരം നഷ്ടപ്പെട്ട പന്തളം രാജവംശത്തിന് ഏതെങ്കിലും തരത്തിലുള്ള ഉടമസ്ഥാവകാശമോ പ്രത്യേകാവകാശമോ ഉള്ളതായി പരാമർശിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ദേവസ്വം ക്ഷേത്രങ്ങളുടെ വരുമാനം ബന്ധപ്പെട്ട ദേവസ്വങ്ങളുടെ മാത്രം അധീനതയിലാണ്.

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

## ഇരുമുടിക്കെട്ടില്ലാതെ പതിനെട്ടാം പടി കയറിയവർക്കെതിരെ നടപടി

381 (780) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. റോജി എം. ജോൺ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എസ്.എസ്. നേതാവ് വത്സൻ തില്ലങ്കേരിയും ദേവസ്വം ബോർഡ് അംഗം കെ. പി. ശങ്കരദാസും ശബരിമലയിലെ പതിനെട്ടാം പടി ഇരുമുടിക്കെട്ടില്ലാതെ കയറി ആചാരലംഘനം നടത്തിയതിനെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഇരുമുടിക്കെട്ടില്ലാതെ പതിനെട്ടാം പടി കയറുന്നതിന് നിലവിലെ ആചാരമനുസരിച്ച് ആർക്കൊക്കെയാണ് അനുമതിയുള്ളത്;

(സി) ആചാരം ലംഘിച്ച രണ്ടുപേർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ദേവസ്വം ബോർഡ് ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) മേൽശാന്തിമാർ, പരികർമ്മികൾ, തന്ത്രിമാരും പരികർമ്മികളും തിരുവാഭരണം, തങ്കഅങ്കി എന്നിവ സ്വീകരിച്ച് ആനയിക്കുന്ന ഉദ്യോഗസ്ഥരുൾപ്പെടെയുള്ളവർ, 18-ാം പടിയിൽ നില്ക്കുന്ന പോലീസുകാർ.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പബ്ലിക് റിലേഷൻസ് ഓഫീസർ നിയമനം

382 (781) ശ്രീ. പി. സി. ജോർജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-4-2018-നുശേഷം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പുതിയതായി പബ്ലിക് റിലേഷൻസ് ഓഫീസർ ആയി ആരെയാണ് നിയമിച്ചിരിക്കുന്നത്; അദ്ദേഹത്തിന്റെ യോഗ്യതകൾ/പ്രവൃത്തി പരിചയം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) 1-4-2018-നശേഷം പുതിയ പി. ആർ. ഒ. നിയമനത്തിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് പത്രമാധ്യമങ്ങളിൽ പരസ്യം കൊടുത്തിരുന്നോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പി.ആർ.ഒ. നിയമനത്തിൽ ദേവസ്വം ബോർഡ് നേരിട്ടാണോ തെരഞ്ഞെടുപ്പ് നടത്തിയത്; അതോ കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് മുഖേനയാണോ ; ഇന്റർവ്യൂവിൻെറ വിശദാംശങ്ങൾ വ്യക്താമാക്കുമോ;

(ഡി) 31-3-2018 വരെ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നാളിതുവരെ എത്ര പി.ആർ.ഒ.-മാർ ഉണ്ടായിരുന്നു അവരുടെ യോഗ്യതകൾ/പ്രവൃത്തി പരിചയങ്ങൾ എന്തൊക്കെയായിരുന്നു; വിശദമാക്കുമോ;

(ഇ) 31-3-2018 വരെ സേവനം അനുഷ്ഠിച്ച പി.ആർ.ഒ.- മാരുടെ നിയമനം ഏതു രീതിയിലാണ് നടത്തിയത് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രീ. ഡി. സുനിൽ, വലിയവിള വീട്, അരുമാനൂർ, പൂവാർ.പി.ഒ., തിരുവനന്തപുരം-നെ താത്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

<u>യോഗ്യത</u>:

ബി.എസ്.സി. (ഫിസിക്സ്), എം.എ.(ഇംഗ്ലീഷ്), പി.ജി. ഇൻ ജേർണലിസം, ബി.എഡ്.

<u>പ്രവൃത്തി പരിചയം</u>:

(സീനിയർ റിപ്പോർട്ടർ/സീനിയർ ബ്രോഡ്കാസ്റ്റ് ജേർണലിസ്റ്റ് ഇൻ കൈരളി ടി.വി.), പ്രസന്റിംഗ് ആൻഡ് ആങ്കറിംഗ് ന്യൂസ് ആൻഡ് ന്യൂസ് റിലേറ്റഡ് ഷോസ് ഇൻ കൈരളി, പീപ്പിൾ ടി.വി. ആൻഡ് കൈരളി അറേബ്യാ/ജീവൻ ടി.വി. (ലൈവ് ന്യൂസ് പ്രൊഡക്ഷൻ)/സിക്സ് മന്ത്സ് ഇന്റേൺഷിപ്പ് വിത്ത് ഇൻഡ്യാവിഷൻ, ട്രിവാൻഡ്രം ബ്യൂറോ/റിപ്പോർട്ടർ ഇൻ സിറ്റി ചാനൽ ഫോർ 2 ഇയേഴ്സ്/ആസ് റിപ്പോർട്ടർ ഇൻ എ.സി.വി. ഫോർ 1 ഇയർ/സ്പെഷ്യൽ റിപ്പോർട്ടിംഗ് സ്കൂൾ കലോത്സവം, അസോസിയേറ്റ് ഡയറക്ടർ, ഡോക്യുമെന്ററി ഫിലിംസ്/ടീച്ചിംഗ് ഫാക്കൽറ്റി ഇൻ ജേർണലിസം ഇൻസ്റ്റിറ്റ്യൂട്ട്.

(ബി) പത്രമാധ്യമങ്ങളിൽ പരസ്യം നൽകിയിരുന്നില്ല.

(സി) ദേവസ്വം ബോർഡാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(ഡി) (1) അയർകുന്നം രാമൻ നായർ

(പി.പി. രാമൻനായർ)-എസ്.എസ്.എൽ.സി.

(2) പെരിനാട് മോഹൻ

(പി. മോഹനൻപിള്ള)- ബി.എ. (സാമ്പത്തികശാസ്ത്രം)

(3) എൽ. മുരളീധരൻ

ബി.കോം, എം.എ. (സോഷ്യോളജി), പി.ജി. ഡിപ്ലോമാ ഇൻ പബ്ലിക് റിലേഷൻസ് ആൻഡ് ജേർണലിസം, ഡിപ്ലോമാ ഇൻ ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ.

(ഇ) ശ്രീ. അയർകുന്നം രാമൻനായരെ താൽക്കാലികാടിസ്ഥാനത്തിൽ പബ്ലിക് റിലേഷൻസ് ആഫീസറായി നിയമിക്കുകയും പിൽക്കാലത്ത് സർവ്വീസ് റഗുലറൈസ് ചെയ്യുകയും ചെയ്തു. മറ്റ് രണ്ട് പേരെയും അസിസ്റ്റന്റ് പബ്ലിക് റിലേഷൻസ് ആഫീസർ തസ്തികയിൽ നിയമനം ലഭിച്ച് ജോലി നോക്കി വരവെ പബ്ലിക് റിലേഷൻസ് ആഫീസർ തസ്തികയിൽ ഒഴിവുണ്ടായ മുറയ്ക്ക് പ്രൊമോട്ട് ചെയ്തു.

**കൊച്ചിൻ ദേവസ്വം ബോർഡിന്റെ അധീനതയിലുണ്ടായിരുന്ന ഭൂമി**

383 (782) ശ്രീ. വി. ഡി. സതീശൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ ദേവസ്വം ബോർഡിന്റെ അധീനതയിലുണ്ടായിരുന്ന ഭൂമി അനധികൃതമായി കയ്യേറിയത് തിരിച്ചുപിടിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ഏക്കർ സ്ഥലമാണ് കയ്യേറിയതായി കണ്ടെത്തിയിട്ടുള്ളതെന്നും അതിൽ എത്ര ഏക്കർ സ്ഥലം തിരിച്ചുപിടിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്ര ഭൂമിയിലെ കയ്യേറ്റം തടയുന്നതിനും കയ്യേറ്റ ഭൂമികൾ തിരിച്ചുപിടിക്കുന്നതിനും കർശന നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) 39.4440 ഹെക്ടർ ഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്. അതിൽ 3.4667 ഹെക്ടർ ഭൂമി തിരിച്ചുപിടിച്ചിട്ടുണ്ട്.

(സി) കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രഭൂമിയിലെ കയ്യേറ്റം തടയുന്നതിനും കയ്യേറ്റഭൂമികൾ തിരിച്ചുപിടിക്കുന്നതിനും കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഗുരുവായൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ നിയമനം**

384 (783) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വത്തിൽ ഏതൊക്കെ തസ്തികകളിൽ എത്ര പേർക്ക് സ്ഥിരം നിയമനം നൽകുന്നതിനാണ് നിലവിലുള്ള മാനേജിംഗ് കമ്മിറ്റി തീരുമാനം എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സ്ഥിരം നിയമനം നൽകുന്നവരിൽ എത്ര പേർ ദേവസ്വത്തിൽ അനുവദനീയമായ തസ്തികകളിൽ ജോലി ചെയ്യുന്നവരുണ്ട്; ഇതിൽ എത്ര പേർ നിയമന നടപടിക്രമം പാലിച്ചുകൊണ്ട് നിയമനം നേടിയിട്ടുണ്ട് എന്ന കാര്യം വ്യക്തമാക്കാമോ;

(സി) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽവരുന്നതിന് മുൻപ് ഉണ്ടായിരുന്ന നിയമന നടപടിക്രമം പാലിച്ചുകൊണ്ട് നിയമനം നേടിയവരെയും മറ്റ് തസ്തികകളിലേക്ക് അപേക്ഷിക്കാൻ കഴിയാത്ത വിധം പ്രായപരിധി കഴിഞ്ഞവരെയും മാനുഷിക പരിഗണന നൽകി സ്ഥിര നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 10 വർഷം പൂർത്തിയാക്കിയ താൽക്കാലിക ജീവനക്കാരെ അതത് തസ്തികകളിൽ പലപ്പോഴായി സ്ഥിരപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുന്നവരും 10 വർഷം സർവ്വീസ് പൂർത്തിയാക്കിയവരും മറ്റ് ജോലികൾക്ക് അപേക്ഷിക്കാനുള്ള പ്രായപരിധി കഴിഞ്ഞവരുമടക്കം എഴുപതോളം ജീവനക്കാർ ഇപ്പോഴും താൽക്കാലികാടിസ്ഥാനത്തിൽ പ്രവർത്തിയെടുത്തുവരുന്നുണ്ട്. യാതൊരു സർവ്വീസ് ആനുകൂല്യങ്ങളുമില്ലാതെ ഇത്രയുംകാലം ദേവസ്വത്തിൽ ആത്മാർത്ഥമായി സേവനമനുഷ്ഠിച്ച ഇവരെ മാനുഷിക പരിഗണനയുടെ

അടിസ്ഥാനത്തിൽ അതത് തസ്തികകളിൽ സ്ഥിരപ്പെടുത്തേണ്ടതാണെന്ന് ഭരണസമിതി വിലയിരുത്തുകയും ഇതനുസരിച്ച് 30-6-2018-ന് 10 വർഷം തികഞ്ഞ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ ഗുരുവായൂർ ദേവസ്വം കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) സ്ഥിര നിയമനം നൽകുന്നവരിൽ എല്ലാവരും 2015 റെഗുലേഷൻ പ്രകാരം ദേവസ്വത്തിൽ അനുവദനീയമായ തസ്തികകളിൽ ജോലി ചെയ്യുന്നവരാണ്. ആയതിൽ ഡെപ്യൂട്ടി സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തിക പഴയ റെഗുലേഷനിൽ ഉൾപ്പെടാത്തതും അതത് സമയത്ത് ദേവസ്വം കമ്മീഷണറുടെ താൽക്കാലിക അനുമതി വാങ്ങി നിയമനം നടത്തിയതുമാണ്. നിലവിൽ ഈ തസ്തിക 2015 റെഗുലേഷനിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ക്ലാസ്-4 ജീവനക്കാരും രണ്ടോ മൂന്നോ ക്ലാസ്-3 ജീവനക്കാരും ഒഴികെ എല്ലാവരും നിയമന നടപടിക്രമം പാലിച്ചുകൊണ്ട് നിയമനം നേടിയവരാണ്.

(സി) ഭരണസമിതി ഈ വിഷയത്തിൽ പ്രത്യേക തീരുമാനമൊന്നും എടുത്തിട്ടില്ല.

## ദേവസ്വം ബോർഡിലെ സാമ്പത്തിക സംവരണം

385 (T*784) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകളിലെ നിയമനങ്ങളിൽ മുന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് 10 ശതമാനം സാമ്പത്തിക സംവരണം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(ബി) ഇത് സംബന്ധിച്ച ചട്ടം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ ; സാമ്പത്തിക സംവരണം സംബന്ധിച്ച് ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട സംഘടനകൾ എതിർപ്പുകൾ പ്രകടിപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ് എന്ന് അറിയിക്കാമോ;

(സി) ഈ തീരുമാനം സംബന്ധിച്ച് നിയമ വകുപ്പിന്റെ ഉപദേശം തേടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ നിയമ വകുപ്പുസെക്രട്ടറി നൽകിയ ഉപദേശം എന്തെന്ന് വ്യക്തമാക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ-സി) ദേവസ്വം ബോർഡുകളിലെ നിയമനങ്ങളിൽ മുന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് 10 ശതമാനം സാമ്പത്തിക സംവരണം ഏർപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**പിന്നോക്ക പട്ടിക വിഭാഗങ്ങളിൽപ്പെട്ട ശാന്തിക്കാർ**

386 (785) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഏതൊക്കെ ക്ഷേത്രങ്ങളിലാണ് പിന്നോക്ക പട്ടികവിഭാഗങ്ങളിൽപ്പെട്ടവരെ ശാന്തിക്കാരായി നിയമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര പേരെയാണ് നാളിതുവരെയായി ഈ തസ്തികയിൽ നിയമിച്ചതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**തൃക്കാഞ്ഞിരപുരത്ത് ദേവസ്വം ബോർഡിന് കീഴിൽ കോളേജ്**

387 (T*786) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ തൃക്കാഞ്ഞിരപുരത്ത് ദേവസ്വം ബോർഡിന് കീഴിൽ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തായെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കോളേജ് ആരംഭിക്കുന്നതിനുള്ള നിലവിലെ സ്ഥിതി എന്താണെന്നും തുടർ നടപടി എന്താണെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

[നക്ഷത്രചിഹ്നമിട്ട 59-ാം നമ്പർ ചോദ്യവും നക്ഷത്രചിഹ്നമിടാത്ത 411, 436, 533, 621, 672, 722 എന്നീ നമ്പർ ചോദ്യങ്ങളും ഒഴിവാക്കിയിരിക്കുന്നു.]

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിപ്പിക്കുന്നു.

## II. മേശപ്പുറത്തുവച്ച കടലാസുകൾ

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

(i) മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 15/2017 | ജി.ഒ.(ആർറ്റി.) നമ്പർ 31/2017/ഹോം. | 6-1-2017 | അതെ |
| 2 | 78/2017 | ജി.ഒ.(ആർറ്റി.) നമ്പർ 234/2017/ ഹോം. | 31-1-2017 | അതെ |
| 3 | 555/2017 | ജി.ഒ. (പി.) നമ്പർ 24/2017/ജിഎഡി. | 22-8-2017 | അതെ |
| 4 | 26/2018 | ജി.ഒ.(ആർറ്റി.) നമ്പർ 3449/2017/ ഹോം. | 26-12-2017 | അതെ |
| 5 | 385/2018 | ജി.ഒ.(എംഎസ്.) നമ്പർ 97/2018/ ഹോം. | 1-6-2018 | അല്ല |
| 6 | 390/2018 | സ.ഉ. (അച്ചടി) നമ്പർ 1/2018/നോർക്ക | 11-6-2018 | അല്ല |
| 7 | 400/2018 | ജി.ഒ. (പി.) നമ്പർ25/2018/ഹോം. | 30-5-2018 | അല്ല |
| 8 | 403/2018 | ജി.ഒ. (പി.) നമ്പർ26/2018/ഹോം. | 6-6-2018 | അല്ല |
| 9 | 410/2018 | ജി.ഒ.(ആർറ്റി.) നമ്പർ 1228/2018/ ഹോം. | 28-4-2018 | അല്ല |
| 10 | 417/2018 | നമ്പർ 60718/എസ്എസ്എ 1/2015/ ഹോം. | 13-6-2018 | അല്ല |
| 11 | 429/2018 | ജി.ഒ. (പി.) നമ്പർ27/2018/ഹോം. | 19-6-2018 | അല്ല |
| 12 | 430/2018 | ജി.ഒ. (പി.) നമ്പർ28/2018/ഹോം. | 21-6-2018 | അല്ല |
| 13 | 436/2018 | ജി.ഒ. (പി.) നമ്പർ 16/2018/ഹോം. | 9-4-2018 | അല്ല |
| 14 | 442/2018 | ജി.ഒ.(ആർറ്റി.) നമ്പർ 1781/2018/ ഹോം. | 22-6-2018 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 15 | 444/2018 | ജി.ഒ. (പി.) നമ്പർ 29/2018/ഹോം. | 29-6-2018 | അല്ല |
| 16 | 448/2018 | ജി.ഒ. (പി.) നമ്പർ 30/2018/ഹോം. | 30-6-2018 | അല്ല |
| 17 | 463/2018 | ജി.ഒ. (പി.) നമ്പർ 41/2018/ഹോം. | 7-7-2018 | അല്ല |
| 18 | 464/2018 മുതൽ 468/2018 വരെ | ജി.ഒ.(ആർറ്റി.) നമ്പർ 1697/2018/ ഹോം. | 16-6-2018 | അല്ല |
| 19 | 469/2018 | ജി.ഒ.(ആർറ്റി.) നമ്പർ 1784/2018/ ഹോം. | 22-6-2018 | അല്ല |
| 20 | 470/2018 | ജി.ഒ.(ആർറ്റി.) നമ്പർ 1784/2018/ ഹോം. | 22-6-2018 | അല്ല |
| 21 | 482/2018 | നമ്പർ ഹോം-എം3/159/2018-ഹോം. | 3-7-2018 | അല്ല |
| 22 | 485/2018 | ജി.ഒ.(ആർറ്റി.) നമ്പർ 1964/2018/ ഹോം. | 9-7-2018 | അല്ല |
| 23 | 486/2018 | ജി.ഒ.(ആർറ്റി.) നമ്പർ 2011/2018/ ഹോം. | 13-7-2018 | അല്ല |
| 24 | 487/2018 | ജി.ഒ. (പി.) നമ്പർ 31/2018/ഹോം. | 5-7-2018 | അല്ല |
| 25 | 488/2018 | ജി.ഒ. (പി.) നമ്പർ 32/2018/ഹോം. | 5-7-2018 | അല്ല |
| 26 | 497/2018 | നമ്പർ 363/സി13/2018-I/വിജ്. | 19-7-2018 | അല്ല |
| 27 | 498/2018 | നമ്പർ 363/സി13/2018-II/വിജ്. | 19-7-2018 | അല്ല |
| 28 | 499/2018 | നമ്പർ 363/സി13/2018-III/വിജ്. | 19-7-2018 | അല്ല |
| 29 | 500/2018 | നമ്പർ 363/സി13/2018-IV/വിജ്. | 19-7-2018 | അല്ല |
| 30 | 503/2018 | ജി.ഒ. (പി.) നമ്പർ 44/2018/ഹോം. | 20-7-2018 | അല്ല |
| 31 | 504/2018 | ജി.ഒ. (പി.) നമ്പർ 45/2018/ഹോം. | 20-7-2018 | അല്ല |
| 32 | 508/2018 | ജി.ഒ.(ആർറ്റി.) നമ്പർ 2014/2018/ ഹോം. | 14-7-2018 | അല്ല |
| 33 | 509/2018 | ജി.ഒ.(ആർറ്റി.) നമ്പർ 2015/2018/ ഹോം. | 14-7-2018 | അല്ല |
| 34 | 522/2018 | നമ്പർ 60903/എസ്എസ്എ 2/2016/ ഹോം. | 28-7-2018 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 35 | 525/2018 | ജി.ഒ.(ആർറ്റി.) നമ്പർ 2088/2018/ ഹോം. | 20-7-2018 | അല്ല |
| 36 | 526/2018 | ജി.ഒ.(എംഎസ്.) നമ്പർ 117/2018/ ഹോം. | 18-7-2018 | അല്ല |
| 37 | 527/2018 | ജി.ഒ.(ആർറ്റി.) നമ്പർ 2119/2018/ ഹോം. | 24-7-2018 | അല്ല |
| 38 | 538/2018 | ജി.ഒ. (പി.) നമ്പർ 40/2018/ഹോം. | 6-7-2018 | അല്ല |
| 39 | 542/2018 | നമ്പർ32725/എസ്എസ്എ 2/2016/ഹോം. | 4-8-2018 | അല്ല |
| 40 | 561/2018 | ജി.ഒ. (പി.) നമ്പർ46/2018/ഹോം. | 23-7-2018 | അല്ല |
| 41 | 562/2018 | ജി.ഒ. (പി.) നമ്പർ 47/2018/ഹോം. | 23-7-2018 | അല്ല |
| 42 | 563/2018 | ജി.ഒ.(ആർറ്റി.) നമ്പർ 2281/2018/ ഹോം. | 4-8-2018 | അല്ല |
| 43 | 586/2018 | ജി.ഒ. (പി.) നമ്പർ 54/2018/ഹോം. | 4-8-2018 | അല്ല |
| 44 | 593/2018 | ജി.ഒ.(ആർറ്റി.) നമ്പർ 2347/2018/ ഹോം. | 10-8-2018 | അല്ല |
| 45 | 600/2018 | ജി.ഒ.(എംഎസ്.) നമ്പർ191/2018/ ജിഎഡി. | 24-8-2018 | അല്ല |
| 46 | 615/2018 | ജി.ഒ.(എംഎസ്.) നമ്പർ 126/2018/ ഹോം. | 7-8-2018 | അല്ല |
| 47 | 616/2018 | ജി.ഒ.(എംഎസ്.) നമ്പർ 131/2018/ ഹോം. | 16-8-2018 | അല്ല |
| 48 | 617/2018 | ജി.ഒ.(എംഎസ്.) നമ്പർ 132/2018/ ഹോം. | 16-8-2018 | അല്ല |
| 49 | 641/2018 | സ.ഉ. (കൈ.) നമ്പർ 04/2018/ നോർക്ക | 4-9-2018 | അല്ല |
| 50 | 655/2018 | നമ്പർസി1/255/2018/വിജ്. | 14-9-2018 | അല്ല |
| 51 | 658/2018 | ജി.ഒ. (പി.)നമ്പർ 62/2018/ഹോം. | 18-9-2018 | അല്ല |
| 52 | 660/2018 | ജി.ഒ. (പി.) നമ്പർ 63/2018/ഹോം. | 22-9-2018 | അല്ല |
| 53 | 663/2018 | ജി.ഒ.(ആർറ്റി.) നമ്പർ 2633/2018/ ഹോം. | 14-9-2018 | അല്ല |
| 54 | 664/2018 | ജി.ഒ.(പി.) നമ്പർ 61/2018/ഹോം. | 14-9-2018 | അല്ല |
| 55 | 675/2018 | നമ്പർ എസ്എസ്എ 3/182/2018/ഹോം. | 26-9-2018 | അല്ല |
| 56 | 687/2018 മുതൽ 693/2018 വരെ | ജി.ഒ.(ആർറ്റി.) നമ്പർ 67/2018/ഹോം. | 6-1-2018 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 57 | 694/2018 | ജി.ഒ.(ആർറ്റി.) നമ്പർ 2705/2018/ ഹോം. | 18-9-2018 | അല്ല |
| 58 | 697/2018 | ജി.ഒ.(എംഎസ്.) നമ്പർ 156/2018/ ഹോം. | 6-10-2018 | അല്ല |
| 59 | 717/2018 | ജി.ഒ. (പി.) നമ്പർ 69/2018/ഹോം. | 16-10-2018 | അല്ല |
| 60 | 718/2018 | ജി.ഒ.(ആർറ്റി.) നമ്പർ 2954/2018/ ഹോം. | 14-10-2018 | അല്ല |
| 61 | 721/2018 | ജി.ഒ. (പി.) നമ്പർ 65/2018/ഹോം. | 13-10-2018 | അല്ല |
| 62 | 722/2018 | ജി.ഒ. (പി.) നമ്പർ 66/2018/ഹോം. | 15-10-2018 | അല്ല |
| 63 | 723/2018 | ജി.ഒ. (പി.) നമ്പർ 67/2018/ഹോം. | 16-10-2018 | അല്ല |
| 64 | 724/2018 | ജി.ഒ. (പി.) നമ്പർ 68/2018/ഹോം. | 16-10-2018 | അല്ല |
| 65 | 729/2018 | ജി.ഒ.(ആർറ്റി.) നമ്പർ 2955/2018/ ഹോം. | 14-10-2018 | അല്ല |
| 66 | 741/2018 | ജി.ഒ.(ആർറ്റി.) നമ്പർ 3050/2018/ ഹോം. | 23-10-2018 | അല്ല |
| 67 | 775/2018 | ജി.ഒ.(എംഎസ്.)നമ്പർ176/2018/ ഹോം. | 3-11-2018 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| (1) | (2) | (3) | (4) |
| 1 | 576/2016 | ജി.ഒ.(ആർ.റ്റി) നമ്പർ2630/2016/ഹോം. | 25-8-2016 |
| 2 | 286/2018 | ജി.ഒ.(ആർറ്റി.) നമ്പർ361/2018/ഹോം. | 2-2-2018 |
| 3 | 316/2018 | ജി.ഒ.(ആർറ്റി.)നമ്പർ 1476/2018/ഹോം.. | 23-5-2018 |
| 4 | 334/2018 | നമ്പർ 133/സി3/2018-I/വിജ് | 23-5-2018 |
| 5 | 335/2018 | നമ്പർ 133/സി3/2018-II /വിജ് | 23-5-2018 |
| 6 | 336/2018 | നമ്പർ 133/സി3/2018-III/വിജ് | 23-5-2018 |

| (1) | (2) | (3) | (4) |
|---|---|---|---|
| 7 | 337/2018 | നമ്പർ 133/സി3/2018-IV/വിജ് | 23-5-2018 |
| 8 | 338/2018 | ജി.ഒ.(ആർറ്റി.)നമ്പർ1357/2018/ഹോം.. | 10-5-2018 |
| 9 | 340/2018 | ജി.ഒ.(പി.) നമ്പർ 10/2018/പി&എആർ ഡി. | 29-5-2018 |
| 10 | 341/2018 | ജി.ഒ.(പി.) നമ്പർ 24/2018/ഹോം. | 27-5-2018 |
| 11 | 343/2018 | നമ്പർ ഹോം-എസ്എസ്എ 4/112/2018 - ഹോം | 30-5-2018 |
| 12 | 344/2018 | ജി.ഒ.(എംഎസ്.) നമ്പർ 92/2018/ഹോം | 28-5-2018 |
| 13 | 346/2018 | നമ്പർ ഹോം-എസ്എസ്എ 1/138/2018- ഹോം | 31-5-2018 |
| 14 | 347/2018 | നമ്പർ ഹോം-എസ്എസ്എ 1/141/2018- ഹോം | 31-5-2018 |
| 15 | 353/2018 | നമ്പർ 61646/എസ്എസ്എ 2/2015/ ആഭ്യന്തരം | 1-6-2018 |
| 16 | 357/2018 | ജി.ഒ.(എംഎസ്.) നമ്പർ 77/2018/ഹോം. | 28-4-2018 |
| 17 | 386/2018 | ജി.ഒ.(ആർറ്റി.) നമ്പർ 1486/2018/ഹോം. | 24-5-2018 |

(ii) വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 815/2017 | ജി.ഒ.(പി.) നമ്പർ 34/2017/ ഐഎൻഡി | 28-11-2017 | അതെ |
| 2 | 816/2017 | ജി.ഒ.(പി.) നമ്പർ 35/2017/ ഐഎൻഡി | 28-11-2017 | അതെ |
| 3 | 817/2017 | ജി.ഒ.(പി.) നമ്പർ 36/2017/ ഐഎൻഡി | 28-11-2017 | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 4 | 818/2017 | ജി.ഒ.(പി.) നമ്പർ 37/2017/ ഐഎൻഡി | 28-11-2017 | അതെ |
| 5 | 819/2017 | ജി.ഒ.(പി.) നമ്പർ 38/2017/ ഐഎൻഡി | 28-11-2017 | അതെ |
| 6 | 820/2017 | ജി.ഒ.(പി.) നമ്പർ 39/2017/ ഐഎൻഡി | 28-11-2017 | അതെ |
| 7 | 821/2017 | ജി.ഒ.(പി.) നമ്പർ 40/2017/ ഐഎൻഡി | 28-11-2017 | അതെ |
| 8 | 822/2017 | ജി.ഒ.(പി.) നമ്പർ 41/2017/ ഐഎൻഡി | 28-11-2017 | അതെ |
| 9 | 823/2017 | ജി.ഒ.(പി.) നമ്പർ 42/2017/ ഐഎൻഡി | 28-11-2017 | അതെ |
| 10 | 824/2017 | ജി.ഒ.(പി.) നമ്പർ 43/2017/ ഐഎൻഡി | 28-11-2017 | അതെ |
| 11 | 825/2017 | ജി.ഒ.(പി.) നമ്പർ 44/2017/ ഐഎൻഡി | 28-11-2017 | അതെ |
| 12 | 826/2017 | ജി.ഒ.(പി.) നമ്പർ 45/2017/ ഐഎൻഡി | 28-11-2017 | അതെ |
| 13 | 827/2017 | ജി.ഒ.(പി.) നമ്പർ 46/2017/ ഐഎൻഡി | 28-11-2017 | അതെ |
| 14 | 828/2017 | ജി.ഒ.(പി.) നമ്പർ 47/2017/ ഐഎൻഡി | 28-11-2017 | അതെ |
| 15 | 829/2017 | ജി.ഒ.(പി.) നമ്പർ 48/2017/ ഐഎൻഡി | 28-11-2017 | അതെ |
| 16 | 830/2017 | ജി.ഒ.(പി.) നമ്പർ 49/2017/ ഐഎൻഡി | 28-11-2017 | അതെ |
| 17 | 831/2017 | ജി.ഒ.(പി.) നമ്പർ 50/2017/ ഐഎൻഡി | 28-11-2017 | അതെ |
| 18 | 832/2017 | ജി.ഒ.(പി.) നമ്പർ 51/2017/ ഐഎൻഡി | 28-11-2017 | അതെ |
| 19 | 833/2017 | ജി.ഒ.(പി.) നമ്പർ 52/2017/ ഐഎൻഡി | 28-11-2017 | അതെ |
| 20 | 834/2017 | ജി.ഒ.(പി.) നമ്പർ 53/2017/ ഐഎൻഡി | 28-11-2017 | അതെ |
| 21 | 835/2017 | ജി.ഒ.(പി.) നമ്പർ 54/2017/ഐഎൻഡി | 28-11-2017 | അതെ |
| 22 | 836/2017 | ജി.ഒ.(പി.) നമ്പർ 55/2017/ ഐഎൻഡി | 28-11-2017 | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 23 | 837/2017 | ജി.ഒ.(പി.) നമ്പർ 56/2017/ ഐഎൻഡി | 28-11-2017 | അതെ |
| 24 | 838/2017 | ജി.ഒ.(പി.) നമ്പർ 57/2017/ ഐഎൻഡി | 28-11-2017 | അതെ |
| 25 | 839/2017 | ജി.ഒ.(പി.) നമ്പർ 58/2017/ഐഎൻഡി | 28-11-2017 | അതെ |
| 26 | 840/2017 | ജി.ഒ.(പി.) നമ്പർ 59/2017/ ഐഎൻഡി | 28-11-2017 | അതെ |
| 27 | 841/2017 | ജി.ഒ.(പി.) നമ്പർ 60/2017/ ഐഎൻഡി | 28-11-2017 | അതെ |
| 28 | 842/2017 | ജി.ഒ.(പി.) നമ്പർ 61/2017/ ഐഎൻഡി | 28-11-2017 | അതെ |
| 29 | 843/2017 | ജി.ഒ.(പി.) നമ്പർ 62/2017/ ഐഎൻഡി | 28-11-2017 | അതെ |
| 30 | 844/2017 | ജി.ഒ.(പി.) നമ്പർ 63/2017/ ഐഎൻഡി | 28-11-2017 | അതെ |
| 31 | 845/2017 | ജി.ഒ.(പി.) നമ്പർ 64/2017/ ഐഎൻഡി | 28-11-2017 | അതെ |
| 32 | 846/2017 | ജി.ഒ.(പി.) നമ്പർ 65/2017/ ഐഎൻഡി | 28-11-2017 | അതെ |
| 33 | 847/2017 | ജി.ഒ.(പി.) നമ്പർ 66/2017/ ഐഎൻഡി | 28-11-2017 | അതെ |
| 34 | 848/2017 | ജി.ഒ.(പി.) നമ്പർ 67/2017/ ഐഎൻഡി | 28-11-2017 | അതെ |
| 35 | 849/2017 | ജി.ഒ.(പി.) നമ്പർ 68/2017/ ഐഎൻഡി | 28-11-2017 | അതെ |
| 36 | 850/2017 | ജി.ഒ.(പി.) നമ്പർ 69/2017/ ഐഎൻഡി | 28-11-2017 | അതെ |
| 37 | 851/2017 | ജി.ഒ.(പി.) നമ്പർ 70/2017/ ഐഎൻഡി | 28-11-2017 | അതെ |
| 38 | 852/2017 | ജി.ഒ.(പി.) നമ്പർ 71/2017/ ഐഎൻഡി | 28-11-2017 | അതെ |
| 39 | 853/2017 | ജി.ഒ.(പി.) നമ്പർ 72/2017/ ഐഎൻഡി | 28-11-2017 | അതെ |
| 40 | 70/2018 | ജി.ഒ.(പി.) നമ്പർ 8/2018/ ഐഡി. | 3-2-2018 | അതെ |
| 41 | 256/2018 | ജി.ഒ.(പി.) നമ്പർ 3/2018/എസ്& വൈഎ | 16-4-2018 | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 42 | 257/2018 | ജി.ഒ.(പി.) നമ്പർ 4/2018/എസ്& വൈഎ | 17-4-2018 | അതെ |
| 43 | 326/2018 | ജി.ഒ.(പി.) നമ്പർ 13/2018/ ഐഡി. | 22-5-2018 | അതെ |
| 44 | 502/2018 | ജി.ഒ.(പി.) നമ്പർ 16/2018/ ഐഡി. | 10-7-2018 | അല്ല |
| 45 | 622/2018 | ജി.ഒ.(പി.) നമ്പർ 17/2018/ ഐഡി. | 4-9-2018 | അല്ല |
| 46 | 698/2018 | ജി.ഒ.(പി.) നമ്പർ 19/2018/ ഐഡി. | 6-10-2018 | അല്ല |

(iii) റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 679/2017 | ജി.ഒ.(പി.) നമ്പർ 69/2017/ ആർഡി | 30-10-2017 | അതെ |
| 2 | 319/2018 | ജി.ഒ.(പി.) നമ്പർ 25/2018/ ആർഡി | 19-5-2018 | അല്ല |
| 3 | 354/2018 | ജി.ഒ.(പി.) നമ്പർ 27/2018/ ആർഡി | 31-5-2018 | അല്ല |
| 4 | 355/2018 | ജി.ഒ.(പി.) നമ്പർ 30/2018/ ആർഡി | 1-6-2018 | അല്ല |
| 5 | 383/2018 | ജി.ഒ.(പി.) നമ്പർ 32/2018/ ആർഡി | 5-6-2018 | അല്ല |
| 6 | 389/2018 | ജി.ഒ.(പി.) നമ്പർ 33/2018/ ആർഡി | 12-6-2018 | അല്ല |
| 7 | 406/2018 | ജി.ഒ.(പി.) നമ്പർ 34/2018/ ആർഡി | 13-6-2018 | അല്ല |
| 8 | 407/2018 | ജി.ഒ.(പി.) നമ്പർ 35/2018/ ആർഡി | 13-6-2018 | അല്ല |
| 9 | 411/2018 | ജി.ഒ.(പി.) നമ്പർ 36/2018/ ആർഡി | 18-6-2018 | അല്ല |
| 10 | 427/2018 | ജി.ഒ.(പി.) നമ്പർ 37/2018/ ആർഡി | 20-6-2018 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 11 | 441/2018 | ജി.ഒ.(എംഎസ്.) നമ്പർ 5/2018/ ഹൗസിംഗ് | 24-6-2018 | അല്ല |
| 12 | 443/2018 | ജി.ഒ.(പി.) നമ്പർ 38/2018/ ആർഡി | 23-6-2018 | അല്ല |
| 13 | 445/2018 | ജി.ഒ.(പി.) നമ്പർ 28/2018/ ആർഡി | 31-5-2018 | അല്ല |
| 14 | 446/2018 | ജി.ഒ.(പി.) നമ്പർ 29/2018/ ആർഡി | 31-5-2018 | അല്ല |
| 15 | 483/2018 | ജി.ഒ.(പി.) നമ്പർ 40/2018/ ആർഡി | 13-7-2018 | അല്ല |
| 16 | 484/2018 | ജി.ഒ.(പി.) നമ്പർ 41/2018/ ആർഡി | 16-7-2018 | അല്ല |
| 17 | 505/2018 | ജി.ഒ.(പി.) നമ്പർ 43/2018/ ആർഡി | 18-7-2018 | അല്ല |
| 18 | 506/2018 | ജി.ഒ.(പി.) നമ്പർ 44/2018/ ആർഡി | 18-7-2018 | അല്ല |
| 19 | 507/2018 | ജി.ഒ.(പി.) നമ്പർ 45/2018/ ആർഡി | 18-7-2018 | അല്ല |
| 20 | 537/2018 | ജി.ഒ.(പി.) നമ്പർ 46/2018/ ആർഡി | 28-7-2018 | അല്ല |
| 21 | 546/2018 | ജി.ഒ.(പി.) നമ്പർ 49/2018/ ആർഡി | 30-7-2018 | അല്ല |
| 22 | 550/2018 | ജി.ഒ.(പി.) നമ്പർ 51/2018/ ആർഡി | 8-8-2018 | അല്ല |
| 23 | 571/2018 | ജി.ഒ.(പി.) നമ്പർ 47/2018/ ആർഡി | 26-7-2018 | അല്ല |
| 24 | 573/2018 | ജി.ഒ.(പി.) നമ്പർ 53/2018/ ആർഡി | 13-8-2018 | അല്ല |
| 25 | 590/2018 | ജി.ഒ.(പി.) നമ്പർ 52/2018/ ആർഡി | 8-8-2018 | അല്ല |
| 26 | 612/2018 | ജി.ഒ.(പി.) നമ്പർ 55/2018/ ആർഡി | 1-9-2018 | അല്ല |
| 27 | 618/2018 | ജി.ഒ.(പി.) നമ്പർ 56/2018/ ആർഡി | 3-9-2018 | അല്ല |
| 28 | 657/2018 | ജി.ഒ.(പി.) നമ്പർ 58/2018/ ആർഡി | 18-9-2018 | അല്ല |
| 29 | 677/2018 | ജി.ഒ.(പി.) നമ്പർ 59/2018/ ആർഡി | 27-9-2018 | അല്ല |
| 30 | 685/2018 | ജി.ഒ.(പി.) നമ്പർ 62/2018/ ആർഡി | 29-9-2018 | അല്ല |
| 31 | 726/2018 | ജി.ഒ.(പി.) നമ്പർ 64/2018/ ആർഡി | 20-10-2018 | അല്ല |
| 32 | 727/2018 | ജി.ഒ.(പി.) നമ്പർ 66/2018/ ആർഡി | 22-10-2018 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 33 | 728/2018 | ജി.ഒ.(പി.) നമ്പർ 61/2018/ ആർഡി | 29-9-2018 | അല്ല |
| 34 | 740/2018 | ജി.ഒ.(പി.) നമ്പർ 65/2018/ ആർഡി | 20-10-2018 | അല്ല |
| 35 | 750/2018 | ജി.ഒ.(പി.) നമ്പർ 67/2018/ ആർഡി | 26-10-2018 | അല്ല |
| 36 | 753/2018 | ജി.ഒ.(പി.) നമ്പർ 68/2018/ ആർഡി | 29-10-2018 | അല്ല |

(iv) ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 760/2016 | ജി.ഒ.(പി.) നമ്പർ 65/2016/ ട്രാൻ. | 15-12-2016 | അതെ |
| 2 | 761/2016 | ജി.ഒ.(പി.) നമ്പർ 66/2016/ ട്രാൻ. | 15-12-2016 | അതെ |
| 3 | 451/2018 | ജി.ഒ.(പി.) നമ്പർ 21/2018/ ട്രാൻ. | 6-7-2018 | അല്ല |
| 4 | 452/2018 | ജി.ഒ.(പി.) നമ്പർ 22/2018/ ട്രാൻ. | 6-7-2018 | അല്ല |
| 5 | 471/2018 | ജി.ഒ.(പി.) നമ്പർ 23/2018/ ട്രാൻ. | 8-7-2018 | അല്ല |
| 6 | 472/2018 | ജി.ഒ.(പി.) നമ്പർ 24/2018/ ട്രാൻസ്. | 13-7-2018 | അല്ല |
| 7 | 548/2018 | ജി.ഒ.(പി.) നമ്പർ 27/2018/ ട്രാൻ. | 2-8-2018 | അല്ല |
| 8 | 565/2018 | ജി.ഒ.(പി.) നമ്പർ 28/2018/ ട്രാൻ. | 13-8-2018 | അല്ല |
| 9 | 631/2018 | ജി.ഒ.(പി.) നമ്പർ. 29/2018/ ട്രാൻ. | 13-9-2018 | അല്ല |
| 10 | 713/2018 | ജി.ഒ.(പി.) നമ്പർ 31/2018/ ട്രാൻ. | 12-10-2018 | അല്ല |
| 11 | 714/2018 | ജി.ഒ.(പി.) നമ്പർ 32/2018/ ട്രാൻ. | 12-10-2018 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 339/2018 | ജി.ഒ.(പി.) നമ്പർ 18/2018/ ട്രാൻസ്. | 29-5-2018 |
| 2 | 379/2018 | ജി.ഒ.(പി.) നമ്പർ 19/2018/ട്രാൻ. | 4-6-2018 |
| 3 | 398/2018 | ജി.ഒ.(പി.) നമ്പർ 20/2018/ട്രാൻ. | 13-6-2018 |

(v) തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 51/2018 | ജി.ഒ.(പി.) നമ്പർ 2/2018/ സിഎഡി. | 19-1-2018 | അതെ |
| 2 | 496/2018 | ജി.ഒ. (എംഎസ്.) നമ്പർ 22/2018/ എഫ്& പിഡി | 19-7-2018 | അല്ല |
| 3 | 598/2018 | ജി.ഒ. (പി.) നമ്പർ 31/2018/ എഫ്& പിഡി | 26-8-2018 | അല്ല |

(vi) ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 255/2018 | ജി.ഒ.(പി.) നമ്പർ 66/2018/ റ്റിഡി. | 28-4-2018 | അല്ല |
| 2 | 412/2018 | ജി.ഒ.(പി.) നമ്പർ 90/2018/ ഫിൻ. | 14-6-2018 | അല്ല |
| 3 | 413/2018 | ജി.ഒ.(പി.) നമ്പർ 91/2018/ ഫിൻ. | 14-6-2018 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 4 | 414/2018 | ജി.ഒ.(പി.) നമ്പർ 92/2018/ ഫിൻ. | 16-6-2018 | അല്ല |
| 5 | 415/2018 | ജി.ഒ.(പി.) നമ്പർ 93/2018/ ഫിൻ. | 16-6-2018 | അല്ല |
| 6 | 431/2018 | ജി.ഒ.(പി.) നമ്പർ 95/2018/ ഫിൻ. | 22-6-2018 | അല്ല |
| 7 | 460/2018 | ജി.ഒ.(പി.) നമ്പർ 102/2018/ ഫിൻ. | 3-7-2018 | അല്ല |
| 8 | 473/2018 | ജി.ഒ.(പി.) നമ്പർ 96/2018/ ടാക്സസ്. | 11-7-2018 | അല്ല |
| 9 | 474/2018 | ജി.ഒ.(പി.) നമ്പർ 97/2018/ ടാക്സസ്. | 11-7-2018 | അല്ല |
| 10 | 475/2018 | ജി.ഒ.(പി.) നമ്പർ 98/2018/ ടാക്സസ്. | 11-7-2018 | അല്ല |
| 11 | 476/2018 | ജി.ഒ.(പി.) നമ്പർ 99/2018/ ടാക്സസ്. | 11-7-2018 | അല്ല |
| 12 | 477/2018 | ജി.ഒ.(പി.) നമ്പർ 100/2018/ ടാക്സസ്. | 11-7-2018 | അല്ല |
| 13 | 478/2018 | ജി.ഒ.(പി.) നമ്പർ 101/2018/ ടാക്സസ്. | 11-7-2018 | അല്ല |
| 14 | 479/2018 | ജി.ഒ.(പി.) നമ്പർ 102/2018/ ടാക്സസ്. | 11-7-2018 | അല്ല |
| 15 | 480/2018 | ജി.ഒ.(പി.) നമ്പർ 103/2018/ ടാക്സസ്. | 11-7-2018 | അല്ല |
| 16 | 481/2018 | ജി.ഒ.(പി.) നമ്പർ 104/2018/ ടാക്സസ്. | 13-7-2018 | അല്ല |
| 17 | 512/2018 | ജി.ഒ.(പി.) നമ്പർ 109/2018/ ടാക്സസ്. | 27-7-2018 | അല്ല |
| 18 | 513/2018 | ജി.ഒ.(പി.) നമ്പർ 110/2018/ ടാക്സസ്. | 27-7-2018 | അല്ല |
| 19 | 514/2018 | ജി.ഒ.(പി.) നമ്പർ 111/2018/ ടാക്സസ്. | 27-7-2018 | അല്ല |
| 20 | 515/2018 | ജി.ഒ.(പി.) നമ്പർ 112/2018 ടാക്സസ്. | 27-7-2018 | അല്ല |
| 21 | 516/2018 | ജി.ഒ.(പി.) നമ്പർ 113/2018/ ടാക്സസ്. | 27-7-2018 | അല്ല |
| 22 | 517/2018 | ജി.ഒ.(പി.) നമ്പർ 114/2018/ ടാക്സസ്. | 27-7-2018 | അല്ല |
| 23 | 518/2018 | ജി.ഒ.(പി.) നമ്പർ 115/2018/ ടാക്സസ്. | 27-7-2018 | അല്ല |
| 24 | 519/2018 | ജി.ഒ.(പി.) നമ്പർ 116/2018/ ടാക്സസ്. | 27-7-2018 | അല്ല |
| 25 | 520/2018 | ജി.ഒ.(പി.) നമ്പർ 117/2018/ ടാക്സസ്. | 27-7-2018 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 26 | 521/2018 | ജി.ഒ.(പി.) നമ്പർ 118/2018/ ടാക്സസ്. | 27-7-2018 | അല്ല |
| 27 | 530/2018 | ജി.ഒ.(പി.) നമ്പർ. 114/2018/ ഫിൻ. | 25-7-2018 | അല്ല |
| 28 | 533/2018 | ജി.ഒ.(പി.) നമ്പർ 122/2018/ ടാക്സസ്. | 31-7-2018 | അല്ല |
| 29 | 553/2018 | ജി.ഒ.(പി.) നമ്പർ 123/2018/ടാക്സസ്. | 10-8-2018 | അല്ല |
| 30 | 554/2018 | ജി.ഒ.(പി.) നമ്പർ 124/2018/ടാക്സസ്. | 10-8-2018 | അല്ല |
| 31 | 555/2018 | ജി.ഒ.(പി.) നമ്പർ 125/2018/ ടാക്സസ്. | 10-8-2018 | അല്ല |
| 32 | 556/2018 | ജി.ഒ.(പി.) നമ്പർ 126/2018/ ടാക്സസ്. | 10-8-2018 | അല്ല |
| 33 | 557/2018 | ജി.ഒ.(പി.) നമ്പർ 127/2018/ ടാക്സസ്. | 10-8-2018 | അല്ല |
| 34 | 558/2018 | ജി.ഒ.(പി.) നമ്പർ 128/2018/ ടാക്സസ്. | 10-8-2018 | അല്ല |
| 35 | 559/2018 | ജി.ഒ.(പി.) നമ്പർ 129/2018/ ടാക്സസ്. | 10-8-2018 | അല്ല |
| 36 | 560/2018 | ജി.ഒ.(പി.) നമ്പർ 130/2018/ ടാക്സസ്. | 10-8-2018 | അല്ല |
| 37 | 583/2018 | ജി.ഒ.(പി.) നമ്പർ 135/2018/ ടാക്സസ്. | 18-8-2018 | അല്ല |
| 38 | 584/2018 | ജി.ഒ.(പി.) നമ്പർ 136/2018/ ടാക്സസ്. | 18-8-2018 | അല്ല |
| 39 | 585/2018 | ജി.ഒ.(പി.) നമ്പർ 137/2018/ ടാക്സസ്. | 18-8-2018 | അല്ല |
| 40 | 594/2018 | ജി.ഒ.(പി.) നമ്പർ 138/2018/ ടാക്സസ്. | 29-8-2018 | അല്ല |
| 41 | 595/2018 | ജി.ഒ.(പി.) നമ്പർ 139/2018/ ടാക്സസ്. | 29-8-2018 | അല്ല |
| 42 | 596/2018 | ജി.ഒ.(പി.) നമ്പർ 142/2018/ റ്റിഡി. | 30-8-2018 | അല്ല |
| 43 | 597/2018 | ജി.ഒ.(പി.) നമ്പർ 143/2018/ റ്റിഡി. | 30-8-2018 | അല്ല |
| 44 | 662/2018 | ജി.ഒ.(പി.) നമ്പർ 149/2018/ ടാക്സസ്. | 19-9.2018 | അല്ല |
| 45 | 678/2018 | ജി.ഒ.(പി.) നമ്പർ 154/2018/ ടാക്സസ്. | 28-9-2018 | അല്ല |
| 46 | 679/2018 | ജി.ഒ.(പി.) നമ്പർ 155/2018/ ടാക്സസ്. | 28-9-2018 | അല്ല |
| 47 | 680/2018 | ജി.ഒ.(പി.) നമ്പർ 156/2018/ ടാക്സസ്. | 28-9-2018 | അല്ല |
| 48 | 681/2018 | ജി.ഒ.(പി.) നമ്പർ 157/2018/ ടാക്സസ്. | 28-9-2018 | അല്ല |
| 49 | 757/2018 | ജി.ഒ.(പി.) നമ്പർ 177/2018 ടാക്സസ്. | 3-11-2018 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 342/2018 | ജി.ഒ.(പി.) നമ്പർ 75/2018/ടാക്സസ്. | 30-5-2018 |
| 2 | 345/2018 | ജി.ഒ.(പി.) നമ്പർ 76/2018/ടാക്സസ്. | 31-5-2018 |
| 3 | 384/2018 | ജി.ഒ.(പി.) നമ്പർ 14/2018/ഐ.ഡി. | 4-6-2018 |

(vii) പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 401/2018 | ജി.ഒ.(പി.) നമ്പർ 6/2018/ നിയമം. | 13-6-2018 | അല്ല |
| 2 | 495/2018 | സ.ഉ. (കൈയെഴുത്ത്) നമ്പർ 28/2018/ സാം.കാ.വ. | 17-7-2018 | അല്ല |
| 3 | 534/2018 | ജി.ഒ. (എംഎസ്.)നമ്പർ 110/2018/ നിയമം. | 31-7-2018 | അല്ല |
| 4 | - | സ.ഉ. (അച്ചടിച്ചത്) നമ്പർ 10/2018/ നിയമം. | 14-8-2018 | അല്ല |
| | - | ജി. ഒ. (പി) നമ്പർ 11/2018/ നിയമം. | 14-8-2018 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 367/2018 | ജി.ഒ.(പി.) നമ്പർ 5/2018/നിയമം | 5-6-2018 |

(viii) ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 370/2018 | ജി.ഒ.(പി.) നമ്പർ 82/2018/എച്ച് & എഫ്ഡബ്ല്യൂഡി. | 5-6-2018 | അല്ല |
| 2 | 371/2018 | ജി.ഒ.(പി.) നമ്പർ 83/2018/എച്ച് & എഫ്ഡബ്ല്യൂഡി. | 5-6-2018 | അല്ല |
| 3 | 377/2018 | ജി.ഒ.(പി.)നമ്പർ 79/2018/എച്ച്&എഫ്ഡബ്ല്യൂ ഡി. | 2-6-2018 | അല്ല |
| 4 | 428/2018 | ജി.ഒ.(പി.) നമ്പർ. 84/2018/എച്ച്& എഫ്ഡബ്ല്യൂഡി. | 6-6-2018 | അല്ല |
| 5 | 432/2018 | ജി.ഒ.(പി.) നമ്പർ 13/2018/ആയുഷ്. | 26-6-2018 | അല്ല |
| 6 | 449/2018 | ജി.ഒ.(പി.) നമ്പർ 14/2018/ആയുഷ്. | 6-7-2018 | അല്ല |
| 7 | 579/2018 | ജി.ഒ.(പി.) നമ്പർ 11/2018/ എസ്ജെഡി. | 8-8-2018 | അല്ല |
| 8 | 626/2018 | ജി.ഒ.(പി.) നമ്പർ 12/2018/ എസ്ജെഡി. | 7-9-2018 | അല്ല |
| 9 | 656/2018 | ജി.ഒ.(പി.) നമ്പർ 18/2018/ആയുഷ്. | 18-9-2018 | അല്ല |
| 10 | 684/2018 | ജി.ഒ.(പി.) നമ്പർ 13/2018/ എസ്ജെഡി. | 29-9-2018 | അല്ല |
| 11 | 730/2018 | ജി.ഒ.(പി.) നമ്പർ 15/2018/ എസ്ജെഡി. | 16-10-2018 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 253/2018 | ജി.ഒ. (പി.) നമ്പർ 44/2018/എച്ച്&എഫ്ഡബ്ല്യൂഡി. | 20-4-2018 |
| 2 | 298/2018 | ജി.ഒ. (പി.) നമ്പർ 58/2018/ എച്ച്&എഫ്ഡബ്ല്യൂഡി. | 5-5-2018 |

(ix) പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 320/2018 | ജി.ഒ.(പി.) നമ്പർ 74/2018/ റ്റിഡി. | 23-5-2018 | അല്ല |
| 2 | 450/2018 | ജി.ഒ.(പി.) നമ്പർ 93/2018/ റ്റിഡി. | 25-6-2018 | അല്ല |
| 3 | 528/2018 | ജി.ഒ.(പി.) നമ്പർ 119/2018/ റ്റിഡി. | 30-7-2018 | അല്ല |
| 4 | 529/2018 | ജി.ഒ.(പി.) നമ്പർ 120/2018/ റ്റിഡി. | 30-7-2018 | അല്ല |
| 5 | 532/2018 | ജി.ഒ.(പി.) നമ്പർ 121/2018/നി.വ.. | 31-7-2018 | അല്ല |
| 6 | 581/2018 | ജി.ഒ.(പി.) നമ്പർ 133/2018/ റ്റിഡി. | 16-8-2018 | അല്ല |
| 7 | 672/2018 | ജി.ഒ.(പി.) നമ്പർ 150/2018/ റ്റിഡി. | 24-9-2018 | അല്ല |
| 8 | 673/2018 | ജി.ഒ.(പി.) നമ്പർ 152/2018/ റ്റിഡി. | 25-9-2018 | അല്ല |
| 9 | 674/2018 | ജി.ഒ.(പി.) നമ്പർ 153/2018/ റ്റിഡി. | 27-9-2018 | അല്ല |
| 10 | 702/2018 | ജി.ഒ.(പി.) നമ്പർ 160/2018/ റ്റിഡി. | 8-10-2018 | അല്ല |
| 11 | 720/2018 | ജി.ഒ.(പി.) നമ്പർ 163/2018/ റ്റിഡി. | 15-10-2018 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 12 | 725/2018 | ജി.ഒ.(പി.) നമ്പർ 165/2018/ റ്റിഡി. | 17-10-2018 | അല്ല |
| 13 | 744/2018 | ജി.ഒ.(പി.) നമ്പർ 167/2018/ റ്റിഡി. | 24-10-2018 | അല്ല |
| 14 | 745/2018 | ജി.ഒ.(പി.) നമ്പർ 168/2018/ റ്റിഡി. | 24-10-2018 | അല്ല |
| 15 | 746/2018 | ജി.ഒ.(പി.) നമ്പർ 169/2018/ റ്റിഡി. | 24-10-2018 | അല്ല |
| 16 | 747/2018 | ജി.ഒ.(പി.) നമ്പർ 170/2018/ റ്റിഡി. | 24-10-2018 | അല്ല |

(x) തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 368/2018 | ജി.ഒ.(പി.) നമ്പർ 80/2018/റ്റിഡി. | 5-6-2018 | അല്ല |
| 2 | 374/2018 | ജി.ഒ.(പി.) നമ്പർ 81/2018/റ്റിഡി. | 6-6-2018 | അല്ല |
| 3 | 375/2018 | ജി.ഒ.(പി.) നമ്പർ 82/2018/റ്റിഡി. | 6-6-2018 | അല്ല |
| 4 | 376/2018 | ജി.ഒ.(പി.) നമ്പർ 83/2018/റ്റിഡി. | 6-6-2018 | അല്ല |
| 5 | 378/2018 | ജി.ഒ.(പി.) നമ്പർ 84/2018/റ്റിഡി. | 6-6-2018 | അല്ല |
| 6 | 399/2018 | ജി.ഒ.(പി.) നമ്പർ 49/2018/ എൽബിആർ. | 2-6-2018 | അല്ല |
| 7 | 404/2018 | ജി.ഒ.(പി.) നമ്പർ 50/2018/ എൽബിആർ. | 4-6-2018 | അല്ല |
| 8 | 409/2018 | ജി.ഒ.(പി.) നമ്പർ 53/2018/ എൽബിആർ. | 14-6-2018 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 9 | 416/2018 | സ.ഉ. (അച്ചടി) നമ്പർ 52/2018/ തൊഴിൽ. | 8-6-2018 | അല്ല |
| 10 | 425/2018 | ജി.ഒ.(എംഎസ്.) നമ്പർ 39/2018/ എൽബിആർ. | 20-6-2018 | അല്ല |
| 11 | 426/2018 | ജി.ഒ.(പി.) നമ്പർ 54/2018/ എൽബിആർ. | 15-6-2018 | അല്ല |
| 12 | 437/2018 | ജി.ഒ.(പി.) നമ്പർ 55/2018/ എൽബിആർ. | 19-6-2018 | അല്ല |
| 13 | 438/2018 | ജി.ഒ.(പി.) നമ്പർ 55/2018/ എൽബിആർ. | 19-6-2018 | അല്ല |
| 14 | 536/2018 | ജി.ഒ.(പി.) നമ്പർ 58/2018/ എൽബിആർ. | 27-7-2018 | അല്ല |
| 15 | 543/2018 | ജി.ഒ.(പി.) നമ്പർ 64/2018/ എൽബിആർ. | 3-8-2018 | അല്ല |
| 16 | 564/2018 | ജി.ഒ.(എംഎസ്.) നമ്പർ 45/2018/ എൽബിആർ. | 29-6-2018 | അല്ല |
| 17 | 566/2018 | ജി.ഒ.(പി.) നമ്പർ 62/2018/എൽബിആർ. | 2-8-2018 | അല്ല |
| 18 | 567/2018 | സ.ഉ. (അച്ചടി) നമ്പർ 63/2018/ തൊഴിൽ. | 3-8-2018 | അല്ല |
| 19 | 568/2018 | ജി.ഒ.(പി.) നമ്പർ. 66/2018/ എൽബിആർ. | 3-8-2018 | അല്ല |
| 20 | 569/2018 | ജി.ഒ.(പി.) നമ്പർ 131/2018/ റ്റിഡി. | 13-8-2018 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 21 | 570/2018 | ജി.ഒ.(പി.) നമ്പർ 132/2018/ റ്റിഡി. | 13-8-2018 | അല്ല |
| 22 | 574/2018 | ജി.ഒ.(പി.) നമ്പർ 61/2018/ എൽബിആർ. | 2-8-2018 | അല്ല |
| 23 | 575/2018 | ജി.ഒ.(പി.) നമ്പർ 67/2018/ എൽബിആർ. | 9-8-2018 | അല്ല |
| 24 | 580/2018 | ജി.ഒ.(പി.) നമ്പർ 134/2018/ റ്റിഡി. | 17-8-2018 | അല്ല |
| 25 | 621/2018 | ജി.ഒ.(പി.) നമ്പർ 74/2018/ എൽബിആർ. | 3-9-2018 | അല്ല |
| 26 | 624/2018 | ജി.ഒ.(പി.) നമ്പർ 72/2018/ എൽബിആർ. | 2-9-2018 | അല്ല |
| 27 | 628/2018 | ജി.ഒ.(പി.) നമ്പർ 80/2018/ എൽബിആർ. | 10-9-2018 | അല്ല |
| 28 | 629/2018 | ജി.ഒ.(പി.) നമ്പർ 145/2018/ റ്റിഡി. | 12-9-2018 | അല്ല |
| 29 | 630/2018 | ജി.ഒ.(പി.) നമ്പർ 146/2018/ റ്റിഡി. | 13-9-2018 | അല്ല |
| 30 | 638/2018 | ജി.ഒ.(എംഎസ്.) നമ്പർ 56/2018/ എൽബിആർ. | 6-9-2018 | അല്ല |
| 31 | 640/2018 | ജി.ഒ.(പി.) നമ്പർ 71/2018/ എൽബിആർ. | 31-8-2018 | അല്ല |
| 32 | 642/2018 | ജി.ഒ.(പി.) നമ്പർ 78/2018/ എൽബിആർ. | 9-9-2018 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 33 | 643/2018 | സ.ഉ. (അച്ചടി) നമ്പർ 79/2018/ തൊഴിൽ. | 9-9-2018 | അല്ല |
| 34 | 644/2018 | ജി.ഒ.(പി.) നമ്പർ 81/2018/ എൽബിആർ. | 10-9-2018 | അല്ല |
| 35 | 645/2018 | സ.ഉ. (അച്ചടി) നമ്പർ 82/2018/ തൊഴിൽ. | 10-9-2018 | അല്ല |
| 36 | 648/2018 | സ.ഉ. (അച്ചടി) നമ്പർ 73/2018/ തൊഴിൽ. | 2-9-2018 | അല്ല |
| 37 | 649/2018 | ജി.ഒ.(പി.) നമ്പർ 75/2018/ എൽബിആർ. | 6-9-2018 | അല്ല |
| 38 | 650/2018 | ജി.ഒ.(പി.) നമ്പർ 83/2018/ എൽബിആർ. | 12-9-2018 | അല്ല |
| 39 | 651/2018 | ജി.ഒ.(പി.) നമ്പർ 76/2018/ എൽബിആർ. | 6-9-2018 | അല്ല |
| 40 | 652/2018 | ജി.ഒ.(എംഎസ്.) നമ്പർ 57/2018/ എൽബിആർ. | 12-9-2018 | അല്ല |
| 41 | 671/2018 | സ.ഉ. (അച്ചടി) നമ്പർ 84/2018/ തൊഴിൽ. | 24-9-2018 | അല്ല |
| 42 | 738/2018 | ജി.ഒ.(പി.) നമ്പർ 86/2018/ എൽബിആർ. | 8-10-2018 | അല്ല |
| 43 | 764/2018 | ജി.ഒ.(പി.) നമ്പർ 92/2018/ എൽബിആർ. | 29-10-2018 | അല്ല |
| 44 | 774/2018 | ജി.ഒ.(എംഎസ്.) നമ്പർ 77/2018/ റ്റിഡി. | 7-11-2018 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 296/2018 | ജി.ഒ.(പി.) നമ്പർ 38/2018/എൽബിആർ. | 29-4-2018 |
| 2 | 333/2018 | ജി.ഒ.(പി.) നമ്പർ 43/2018/എൽബിആർ. | 22-5-2018 |
| 3 | 350/2018 | ജി.ഒ.(പി.) നമ്പർ 77/2018/റ്റിഡി.. | 1-6-2018 |
| 4 | 351/2018 | ജി.ഒ.(പി.) നമ്പർ 78/2018/റ്റിഡി. | 1-6-2018 |
| 5 | 352/2018 | ജി.ഒ.(പി.) നമ്പർ 79/2018/റ്റിഡി. | 1-6-2018 |
| 6 | 364/2018 | ജി.ഒ.(എം.എസ്) നമ്പർ 30/2018/ എൽബിആർ. | 25-5-2018 |
| 7 | 369/2018 | ജി.ഒ.(എം.എസ്) നമ്പർ 32/2018/ എൽബിആർ. | 2-6-2018 |
| 8 | 373/2018 | സ.ഉ. (അച്ചടി) നമ്പർ 48/2018/തൊഴിൽ | 31-5-2018 |

(xi) ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166(i) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ. ഒ.നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 356/2018 | ജി.ഒ.(പി.) നമ്പർ 5/2018/ എഫ്&സിഎസ്ഡി. | 16-5-2018 | അതെ |
| 2 | 418/2018 | ജി.ഒ.(എംഎസ്.) നമ്പർ 21/2018/സിഎഡി. | 6-6-2018 | അല്ല |
| 3 | 599/2018 | ജി.ഒ.(പി.) നമ്പർ 9/2018/ എഫ്&സിഎസ്ഡി. | 14-8-2018 | അല്ല |
| 4 | 659/2018 | ജി.ഒ.(പി.) നമ്പർ 10/2018/സിഎഡി. | 18-9-2018 | അല്ല |
| 5 | 682/2018 | ജി.ഒ.(പി.) നമ്പർ 11/2018/സിഎഡി. | 26-9-2018 | അല്ല |
| 6 | 683/2018 | ജി.ഒ.(പി.) നമ്പർ 12/2018/സിഎഡി. | 26-9-2018 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 348/2018 | ജി.ഒ. (പി.) നമ്പർ 6/2018/ സിഎഡി. | 30-5-2018 |

(xii) സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 605/2017 | ജി.ഒ.(പി.) നമ്പർ 52/2017/കോ-ഓപ്. | 20-9-2017 | അതെ |
| 2 | 363/2018 | ജി.ഒ.(പി.) നമ്പർ 65/2018/കോ-ഓപ്. | 19-5-2018 | അല്ല |
| 3 | 402/2018 | ജി.ഒ.(പി.) നമ്പർ 67/2018/കോ-ഓപ്. | 5-6-2018 | അല്ല |
| 4 | 405/2018 | ജി.ഒ.(പി.) നമ്പർ 69/2018/കോ-ഓപ്. | 5-6-2018 | അല്ല |
| 5 | 424/2018 | ജി.ഒ.(പി.) നം. 68/2018/കോ-ഓപ്. | 5-6-2018 | അല്ല |
| 6 | 434/2018 | ജി.ഒ.(പി.) നമ്പർ 72/2018/കോ-ഓപ്. | 18-6-2018 | അല്ല |
| 7 | 489/2018 | ജി.ഒ.(പി.) നമ്പർ 74/2018/കോ-ഓപ്. | 25-6-2018 | അല്ല |
| 8 | 490/2018 | ജി.ഒ.(പി.) നമ്പർ. 75/2018/കോ-ഓപ്. | 25-6-2018 | അല്ല |
| 9 | 491/2018 | ജി.ഒ.(പി.) നമ്പർ 76/2018/കോ-ഓപ്. | 25-6-2018 | അല്ല |
| 10 | 492/2018 | ജി.ഒ.(പി.) നമ്പർ 77/2018/കോ-ഓപ്. | 25-6-2018 | അല്ല |
| 11 | 493/2018 | ജി.ഒ.(പി.) നമ്പർ. 79/2018/കോ-ഓപ്. | 28-6-2018 | അല്ല |
| 12 | 494/2018 | ജി.ഒ.(പി.) നമ്പർ 80/2018/കോ-ഓപ്. | 4-7-2018 | അല്ല |
| 13 | 501/2018 | ജി.ഒ.(പി.) നമ്പർ 82/2018/കോ-ഓപ്. | 9-7-2018 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 14 | 549/2018 | ജി.ഒ.(പി.) നമ്പർ. 90/2018/കോ-ഓപ്. | 3-8-2018 | അല്ല |
| 15 | 576/2018 | ജി.ഒ.(പി.) നമ്പർ 84/2018/കോ-ഓപ്. | 16-7-2018 | അല്ല |
| 16 | 577/2018 | ജി.ഒ.(പി.) നമ്പർ 87/2018/കോ-ഓപ്. | 27-7-2018 | അല്ല |
| 17 | 578/2018 | ജി.ഒ.(പി.) നമ്പർ 88/2018/കോ-ഓപ്. | 27-7-2018 | അല്ല |
| 18 | 601/2018 | ജി.ഒ.(പി.) നമ്പർ 81/2018/കോ-ഓപ്. | 7-7-2018 | അല്ല |
| 19 | 602/2018 | ജി.ഒ.(പി.) നമ്പർ 91/2018/കോ-ഓപ്. | 7-8-2018 | അല്ല |
| 20 | 603/2018 | ജി.ഒ.(പി.) നമ്പർ 92/2018/കോ-ഓപ്. | 7-8-2018 | അല്ല |
| 21 | 604/2018 | ജി.ഒ.(പി.) നമ്പർ 93/2018/കോ-ഓപ്. | 7-8-2018 | അല്ല |
| 22 | 605/2018 | ജി.ഒ.(പി.) നമ്പർ 94/2018/കോ-ഓപ്. | 8-8-2018 | അല്ല |
| 23 | 606/2018 | ജി.ഒ.(പി.) നമ്പർ 95/2018/കോ-ഓപ്. | 8-8-2018 | അല്ല |
| 24 | 607/2018 | ജി.ഒ.(പി.) നമ്പർ 96/2018/കോ-ഓപ്. | 9-8-2018 | അല്ല |
| 25 | 608/2018 | ജി.ഒ.(പി.) നമ്പർ 99/2018/കോ-ഓപ്. | 14-8-2018 | അല്ല |
| 26 | 609/2018 | ജി.ഒ.(പി.) നമ്പർ 103/2018/കോ-ഓപ്. | 26-8-2018 | അല്ല |
| 27 | 610/2018 | ജി.ഒ.(പി.) നമ്പർ. 104/2018/കോ-ഓപ്. | 26-8-2018 | അല്ല |
| 28 | 611/2018 | ജി.ഒ.(പി.) നമ്പർ 105/2018/കോ-ഓപ്. | 26-8-2018 | അല്ല |
| 29 | 619/2018 | ജി.ഒ.(പി.) നമ്പർ 97/2018/കോ-ഓപ്. | 9-8-2018 | അല്ല |
| 30 | 620/2018 | ജി.ഒ.(പി.) നമ്പർ 98/2018/കോ-ഓപ്. | 9-8-2018 | അല്ല |
| 31 | 632/2018 | ജി.ഒ.(പി.) നമ്പർ 78/2018/കോ-ഓപ്. | 26-6-2018 | അല്ല |
| 32 | 633/2018 | ജി.ഒ.(പി.) നമ്പർ 106/2018/കോ-ഓപ്. | 3-9-2018 | അല്ല |
| 33 | 634/2018 | ജി.ഒ.(പി.) നമ്പർ 107/2018/കോ-ഓപ്. | 3-9-2018 | അല്ല |
| 34 | 635/2018 | ജി.ഒ.(പി.) നമ്പർ 108/2018/കോ-ഓപ്. | 3-9-2018 | അല്ല |
| 35 | 636/2018 | ജി.ഒ.(പി.) നമ്പർ 109/2018/കോ-ഓപ്. | 4-9-2018 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 36 | 637/2018 | ജി.ഒ.(പി.) നമ്പർ 110/2018/കോ-ഓപ്. | 4-9-2018 | അല്ല |
| 37 | 646/2018 | ജി.ഒ.(പി.) നമ്പർ 83/2018/കോ-ഓപ്. | 10-7-2018 | അല്ല |
| 38 | 647/2018 | ജി.ഒ.(പി.) നമ്പർ 86/2018/കോ-ഓപ്. | 19-7-2018 | അല്ല |
| 39 | 653/2018 | ജി.ഒ.(പി.) നമ്പർ 114/2018/കോ-ഓപ്. | 18-9-2018 | അല്ല |
| 40 | 654/2018 | ജി.ഒ.(പി.) നമ്പർ 115/2018/കോ-ഓപ്. | 19-9-2018 | അല്ല |
| 41 | 661/2018 | ജി.ഒ.(പി.) നമ്പർ 118/2018/കോ-ഓപ്. | 22-9-2018 | അല്ല |
| 42 | 665/2018 | ജി.ഒ.(പി.) നമ്പർ 112/2018/കോ-ഓപ്. | 13-9-2018 | അല്ല |
| 43 | 666/2018 | ജി.ഒ.(പി.) നമ്പർ 111/2018/കോ-ഓപ്. | 13-9-2018 | അല്ല |
| 44 | 667/2018 | ജി.ഒ.(പി.) നമ്പർ 119/2018/കോ-ഓപ്. | 24-9-2018 | അല്ല |
| 45 | 668/2018 | ജി.ഒ.(പി.) നമ്പർ 120/2018/കോ-ഓപ്. | 24-9-2018 | അല്ല |
| 46 | 695/2018 | ജി.ഒ.(പി.) നമ്പർ 116/2018/കോ-ഓപ്. | 22-9-2018 | അല്ല |
| 47 | 696/2018 | ജി.ഒ.(പി.) നമ്പർ 117/2018/കോ-ഓപ്. | 22-9-2018 | അല്ല |
| 48 | 699/2018 | ജി.ഒ.(പി.) നമ്പർ 127/2018/കോ-ഓപ്. | 9-10-2018 | അല്ല |
| 49 | 705/2018 | ജി.ഒ.(പി.) നമ്പർ. 113/2018/കോ-ഓപ്. | 14-9-2018 | അല്ല |
| 50 | 706/2018 | ജി.ഒ.(പി.) നമ്പർ. 122/2018/കോ-ഓപ്. | 25-9-2018 | അല്ല |
| 51 | 707/2018 | ജി.ഒ.(പി.) നമ്പർ 128/2018/കോ-ഓപ്. | 10-10-2018 | അല്ല |
| 52 | 715/2018 | ജി.ഒ.(പി.) നമ്പർ 125/2018/കോ-ഓപ്. | 5-10-2018 | അല്ല |
| 53 | 731/2018 | ജി.ഒ.(പി.) നമ്പർ 131/2018/കോ-ഓപ്. | 17-10-2018 | അല്ല |
| 54 | 737/2018 | ജി.ഒ.(പി.) നമ്പർ 126/2018/കോ-ഓപ്. | 8-10-2018 | അല്ല |
| 55 | 739/2018 | ജി.ഒ.(പി.) നമ്പർ 121/2018/കോ-ഓപ്. | 25-9-2018 | അല്ല |
| 56 | 742/2018 | ജി.ഒ.(പി.) നമ്പർ 134/2018/കോ-ഓപ്. | 23-10-2018 | അല്ല |
| 57 | 743/2018 | ജി.ഒ.(പി.) നമ്പർ 137/2018/കോ-ഓപ്. | 25-10-2018 | അല്ല |
| 58 | 748/2018 | ജി.ഒ.(പി.) നമ്പർ 129/2018/കോ-ഓപ്. | 12-10-2018 | അല്ല |
| 59 | 752/2018 | ജി.ഒ.(പി.) നമ്പർ 135/2018/കോ-ഓപ്. | 23-10-2018 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 242/2018 | ജി.ഒ.(പി.) നമ്പർ 37/2017/കോ-ഓപ്. | 2-4-2018 |
| 2 | 268/2018 | ജി.ഒ.(പി.) നമ്പർ 42/2018/കോ-ഓപ്. | 17-4-2018 |
| 3 | 274/2018 | ജി.ഒ.(പി.) നമ്പർ 43/2018/കോ-ഓപ്. | 20-4-2018 |
| 4 | 328/2018 | ജി.ഒ.(പി.) നമ്പർ 53/2018/കോ-ഓപ്. | 5-5-2018 |
| 5 | 329/2018 | ജി.ഒ.(പി.) നമ്പർ 54/2018/കോ-ഓപ്. | 8-5-2018 |
| 6 | 330/2018 | ജി.ഒ.(പി.) നമ്പർ 55/2018/കോ-ഓപ്. | 10-5-2018 |
| 7 | 331/2018 | ജി.ഒ.(പി.) നമ്പർ 56/2018/കോ-ഓപ്. | 10-5-2018 |
| 8 | 332/2018 | ജി.ഒ.(പി.) നമ്പർ 57/2018/കോ-ഓപ്. | 10-5-2018 |
| 9 | 359/2018 | ജി.ഒ.(പി.) നമ്പർ 46/2018/കോ-ഓപ്. | 23-4-2018 |
| 10 | 360/2018 | ജി.ഒ.(പി.) നമ്പർ 59/2018/കോ-ഓപ്. | 11-5-2018 |
| 11 | 361/2018 | ജി.ഒ.(പി.) നമ്പർ 62/2018/കോ-ഓപ്. | 11-5-2018 |
| 12 | 362/2018 | ജി.ഒ.(പി.) നമ്പർ 63/2018/കോ-ഓപ്. | 11-5-2018 |
| 13 | 387/2018 | ജി.ഒ.(പി.) നമ്പർ 66/2018/കോ-ഓപ്. | 19-5-2018 |

(xiii) തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 372/2018 | ജി.ഒ.(പി.) നമ്പർ 37/2018/ എൽഎസ്ജിഡി. | 4-5-2018 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 2 | 408/2018 | ജി.ഒ.(പി.) നമ്പർ 42/2018/ എൽഎസ്ജിഡി. | 10-6-2018 | അല്ല |
| 3 | 419/2018 | ജി.ഒ.(പി.) നമ്പർ. 46/2018/ എൽഎസ്ജിഡി. | 18-6-2018 | അല്ല |
| 4 | 420/2018 | സ.ഉ. (അച്ചടി) നമ്പർ 43/2018/തസ്വഭവ | 1-6-2018 | അല്ല |
| 5 | 421/2018 | സ.ഉ. (അച്ചടി) നമ്പർ 44/2018/തസ്വഭവ | 1-6-2018 | അല്ല |
| 6 | 440/2018 | ജി.ഒ.(പി.) നമ്പർ 49/2018/ എൽഎസ്ജിഡി. | 25-6-2018 | അല്ല |
| 7 | 447/2018 | ജി.ഒ.(പി.) നമ്പർ 50/2018/ എൽഎസ്ജിഡി. | 28-6-2018 | അല്ല |
| 8 | 453/2018 | ജി.ഒ.(പി.) നമ്പർ 51/2018/ എൽഎസ്ജിഡി. | 2-7-2018 | അല്ല |
| 9 | 454/2018 | ജി.ഒ.(പി.) നമ്പർ 53/2018/ എൽഎസ്ജിഡി. | 3-7-2018 | അല്ല |
| 10 | 455/2018 | ജി.ഒ.(പി.) നമ്പർ 54/2018/ എൽഎസ്ജിഡി. | 3-7-2018 | അല്ല |
| 11 | 461/2018 | ജി.ഒ.(പി.) നമ്പർ 52/2018/ എൽഎസ്ജിഡി. | 3-7-2018 | അല്ല |
| 12 | 462/2018 | സ.ഉ. (അച്ചടി) നമ്പർ 55/2018/ തസ്വഭവ. | 6-7-2018 | അല്ല |
| 13 | 523/2018 | ജി.ഒ.(പി.) നമ്പർ 59/2018/ എൽഎസ്ജിഡി. | 25-7-2018 | അല്ല |
| 14 | 524/2018 | ജി.ഒ.(പി.) നമ്പർ 60/2018/ എൽഎസ്ജിഡി. | 25-7-2018 | അല്ല |
| 15 | 539/2018 | ജി.ഒ.(പി.) നമ്പർ 61/2018/ എൽഎസ്ജിഡി. | 28-7-2018 | അല്ല |
| 16 | 551/2018 | ജി.ഒ.(പി.) നമ്പർ 62/2018/ എൽഎസ്ജിഡി. | 31-7-2018 | അല്ല |
| 17 | 552/2018 | ജി.ഒ.(പി.) നമ്പർ 63/2018/ എൽഎസ്ജിഡി. | 31-7-2018 | അല്ല |
| 18 | 591/2018 | സ.ഉ. (അച്ചടി) നമ്പർ 64/2018/ തസ്വഭവ | 6-8-2018 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 19 | 686/2018 | ജി.ഒ.(പി.) നമ്പർ 68/2018/ എൽഎസ്ജിഡി. | 24-9-2018 | അല്ല |
| 20 | 703/2018 | ജി.ഒ.(പി.) നമ്പർ 70/2018/ എൽഎസ്ജിഡി. | 30-9-2018 | അല്ല |
| 21 | 704/2018 | ജി.ഒ.(പി.) നമ്പർ 69/2018/ എൽഎസ്ജിഡി. | 27-9-2018 | അല്ല |
| 22 | 709/2018 | ജി.ഒ.(പി.) നമ്പർ 71/2018/ എൽഎസ്ജിഡി. | 8-10-2018 | അല്ല |
| 23 | 769/2018 | ജി.ഒ.(പി.) നമ്പർ 77/2018/ എൽഎസ്ജിഡി. | 30-10-2018 | അല്ല |
| 24 | 770/2018 | ജി.ഒ.(പി.) നമ്പർ 78/2018/ എൽഎസ്ജിഡി. | 30-10-2018 | അല്ല |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 324/2018 | സ.ഉ.(അച്ചടി) നമ്പർ 39/2018/ തസ്വഭവ. | 16-5-2018 |
| 2 | 325/2018 | സ.ഉ.(അച്ചടി) നമ്പർ 40/2018/ തസ്വഭവ. | 22-5-2018 |

(xiv) മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 36/2018 | ജി.ഒ.(പി.) നമ്പർ 1/2018/ എഫ് &പിഡി. | 9-1-2018 | അതെ |
| 2 | 587/2018 | ജി.ഒ.(പി.) നമ്പർ 16/2018/ എഫ് &പിഡി. | 16-8-2018 | അല്ല |
| 3 | 588/2018 | ജി.ഒ.(പി.) നമ്പർ 17/2018/ എഫ് &പിഡി. | 16-8-2018 | അല്ല |
| 4 | 623/2018 | ജി.ഒ.(പി.) നമ്പർ 18/2018/എഫ് &പിഡി. | 1-9-2018 | അല്ല |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 382/2018 | ജി.ഒ.(പി.) നമ്പർ 11/2018/ എഫ്&പിഡി. | 7-6-2018 |

(xv) വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 510/2018 | സ. ഉ. (അച്ചടി.) നമ്പർ 8/2018/ വനം. | 25-7-2018 | അല്ല |
| 2 | 511/2018 | സ. ഉ. (അച്ചടി.) നമ്പർ 9/2018/ വനം. | 25-7-2018 | അല്ല |
| 3 | 669/2018 | ജി.ഒ.(പി.) നമ്പർ 5/2018/ എഫ് &ഡബ്ല്യൂഎൽഡി. | 4-7-2018 | അല്ല |

(xvi) വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 439/2018 | ജി.ഒ.(പി.) നമ്പർ 3/2018/പവർ | 25-6-2018 | അല്ല |
| 2 | 676/2018 | ജി.ഒ.(പി.) നമ്പർ 4/2018/പവർ | 5-9-2018 | അല്ല |
| 3 | - | നമ്പർ 2114/എഡിഎൽ/ കെസ്ഇആർസി/ 2014 | 12-6-2018 | അല്ല |

(xvii) നിയമസഭാ സെക്രട്ടറി (ശ്രീ. വി. കെ. ബാബുപ്രകാശ്): സർ, നിയമസഭ പാസ്സാക്കിയ ബില്ലുകളിൽ ഗവർണറുടെ അംഗീകാരം ലഭിച്ച താഴെപ്പറയുന്ന ആക്ടുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | ആക്ടിന്റെ | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1 | 2018 | 15 | ദി കേരള ഹൈക്കോർട്ട് (അമെന്റ്മെന്റ്) ആക്ട്, 2018 |
| 2 | 2018 | 16 | ദി കേരള ഇറിഗേഷൻ ആൻഡ് വാട്ടർ കൺസർവേഷൻ (അമെന്റ്മെന്റ്) ആക്ട്, 2018 |
| 3 | 2018 | 17 | 2018-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ആക്ട്. |
| 4 | 2018 | 18 | 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ആക്ട്. |
| 5 | 2018 | 19 | ദി കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ (അമെന്റ്മെന്റ്) ആക്ട്, 2018. |
| 6 | 2018 | 20 | ദി കേരള യൂണിവേഴ്സിറ്റി (അമെന്റ്മെന്റ്) ആക്ട്, 2018. |
| 7 | 2018 | 21 | ദി ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി ഓഫ് സാൻസ്ക്രിറ്റ് (അമെന്റ്മെന്റ്) ആക്ട്, 2018. |
| 8 | 2018 | 22 | 2018-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ആക്ട്. |
| 9 | 2018 | 23 | 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ട്. |
| 10 | 2018 | 24 | 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട്. |
| 11 | 2018 | 25 | ദി അബ്കാരി (അമെന്റ്മെന്റ്) ആക്ട്, 2018. |
| 12 | 2018 | 26 | ദി ട്രാവൻകൂർ -കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് (അമെന്റ്മെന്റ്) ആക്ട്, 2018. |
| 13 | 2018 | 27 | 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ആക്ട്. |
| 14 | 2018 | 28 | 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ആക്ട്. |
| 15 | 2018 | 29 | 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ട്. |

## III. റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ
പതിനാലാമത് റിപ്പോർട്ട്

ശ്രീ. എ. എം. ആരിഫ്: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

## IV. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു: *

## V. നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: നിരാകരണ പ്രമേയങ്ങളും ഭേദഗതികളും അവതരിപ്പിച്ചില്ല; ചർച്ചയില്ല.

---

* അനുബന്ധമായി ചേർക്കുന്നു.

2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ ...

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

(ii) 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: നിരാകരണ പ്രമേയങ്ങളും ഭേദഗതികളും അവതരിപ്പിച്ചില്ല; ചർച്ചയില്ല.

2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ...

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ... ഓർഡർ.. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 നവംബർ മാസം 30-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 9.21-ന് പിരിഞ്ഞു.)

## അനുബന്ധം I

1 (* 33) ചോദ്യത്തിനുള്ള (ബി) ഉത്തരത്തിന്റെ അനുബന്ധം

ശബരിമല തീർത്ഥാടനം നടത്തുന്നതിന് വ്രതം അനുഷ്ഠിക്കുന്നതിന്റെ ഭാഗമായി വ്യക്തി തന്റെ കുടുംബബന്ധങ്ങളിൽനിന്ന് മോചിതനാവുകയും ഋതുമതികളായ സ്ത്രീകളോട് ബന്ധമില്ലാതെ ആത്മീയാന്വേഷി ആയിരിക്കുകയും വേണമെന്നും വീട്ടിലാരെങ്കിലും വ്രതം എടുക്കുകയാണെങ്കിൽ സ്ത്രീകൾക്ക് ആർത്തവാശുദ്ധി വരുമ്പോൾ അവർ വീടുവിട്ടു പോകണമെന്നും സ്ത്രീകൾക്ക് 41 ദിവസത്തെ വ്രതം പൂർത്തിയാക്കാൻ ശാരീരിക പ്രത്യേകതകൾമൂലം കഴിയില്ലെന്നുമാണ് തന്ത്രിയുടെ വാദം. ആർത്തവസമയങ്ങളിൽ സ്ത്രീകൾ ക്ഷേത്രങ്ങളിൽ പോകുകയോ മതപരമായ ചടങ്ങുകളിൽ പങ്കെടുക്കുകയോ ചെയ്യാറില്ലെന്നത് അടിസ്ഥാന താന്ത്രിക ഗ്രന്ഥമായ തന്ത്രസമുച്ചയത്തിൽ പറയുന്നുണ്ടെന്നും ഇത്തരത്തിൽ വിലക്കേർപ്പെടുത്തിയതുകൊണ്ടാണ് 10-നും 50-നും ഇടയിൽ പ്രായമുള്ള സ്ത്രീകൾക്ക് പ്രവേശനം അനുവദിക്കാത്തതെന്നും വാദമുയർത്തുന്നു. സ്ത്രീകളെ ശബരിമല പ്രവേശനത്തിൽ നിന്നും വിലക്കിയത് അവരുടെ ശാരീരികവും ജൈവശാസ്ത്രപരവുമായ പ്രതിഭാസമായ ആർത്തവം മുൻനിർത്തിയാണെന്ന് കോടതി വ്യക്തമാക്കി. നൈഷ്ഠിക ബ്രഹ്മചാരിയായ ദേവന്റെ ബ്രഹ്മചര്യത്തെയും നിഷ്ഠയെയും യുവതികളായ സ്ത്രീകൾ വ്യതിചലിപ്പിക്കരുതെന്ന വാദം കേട്ട കോടതി സ്ത്രീകളിലെ ആർത്തവ പ്രതിഭാസത്തെ അശുദ്ധമാണെന്ന് പറഞ്ഞുകൊണ്ട് അവരെ മതപരമായ ചടങ്ങുകളിൽനിന്നും തടയുകയാണ് മിക്കവാറും പുരാതന മതങ്ങൾ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കി.

ശബരിമല ക്ഷേത്രത്തെയും വിശ്വാസികളെയും ഒരു പ്രത്യേക മതവിഭാഗമായി കാണാനാവില്ലെന്നും എല്ലാതരം ഹിന്ദുക്കളും ക്രിസ്ത്യാനികളും മുസ്ലീംങ്ങളും തുടങ്ങി എല്ലാ മതങ്ങളിലുമുള്ളവരും വ്യക്തികളും മതത്തിന്റെ വ്യത്യാസമില്ലാതെ തങ്ങളുടെ

മതങ്ങളിൽനിന്നും മാറാതെ തീർത്ഥാടകരായി അവിടെ സന്ദർശിക്കുന്നു എന്നും കോടതി നിരീക്ഷിച്ചു. ഇതുസംബന്ധിച്ച് സമാനമായ മുൻ സുപ്രീംകോടതി വിധികളെ അടിസ്ഥാനപ്പെടുത്തി വിശകലനം ചെയ്താൽ ശബരിമലയിൽ മാത്രമല്ല, ആയിരത്തിലധികം വിവിധ അയ്യപ്പ ക്ഷേത്രങ്ങളിലായി അയ്യപ്പനെ ആരാധിച്ചു പോരുന്ന ഒരുപാട് വിഭാഗങ്ങളുണ്ട്. ആയതിനാൽ ഇവർ ഒരു വ്യത്യസ്ത മതവിഭാഗമായി പരിഗണിക്കപ്പെടുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ 10-നും 50-നും ഇടയിൽ പ്രായമുള്ള സ്ത്രീകൾ പ്രവേശിക്കുന്നത് തടയുന്നത് ആചാരങ്ങൾക്കും കീഴ്‌വഴക്കങ്ങൾക്കുമനുസൃതമാണെന്ന് പറയുന്നത് 1965-ലെ നിയമത്തിലെ 3-ാം വകുപ്പ് പ്രകാരം നിയമവിരുദ്ധമാണെന്ന് കോടതി അഭിപ്രായപ്പെട്ടു.

10-നും 50-നും വയസ്സിന് മദ്ധ്യേ പ്രായമുള്ള സ്ത്രീകൾക്ക് ശബരിമല ഒഴിച്ചുള്ള മറ്റ് അയ്യപ്പക്ഷേത്രങ്ങളിൽ ആരാധന നടത്താവുന്നതാണെന്ന വാദം അവർക്കിഷ്ടമുള്ള ക്ഷേത്രത്തിൽ ആരാധന നടത്താനുള്ള അവകാശം പ്രദാനം ചെയ്യുന്ന മൗലികാവകാശം നിഷേധിക്കുന്നതിന് തുല്യമാണ്. ഇക്കാരണത്താലും തന്ത്രിമാരും മറ്റ് ചിലരും പറയുന്ന മതാചാര പ്രകാരമുള്ള നിരോധനത്തിനുള്ള അവകാശം ശരിയല്ലാത്തതും സ്ത്രീകളുടെ ജീവശാസ്ത്രപരമായ ഘടകമായ ആർത്തവത്തിന്റെ പേരിൽ അവരെ പൂർണ്ണമായും വിലക്കുന്നത് മൗലികാവകാശത്തിന് വിരുദ്ധവുമാണെന്ന് കോടതി കണ്ടെത്തി. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ 10-നും 50-നും ഇടയിൽ പ്രായമുള്ള സ്ത്രീകളെ വിലക്കുന്ന ആചാരമോ കീഴ്‌വഴക്കമോ ഭരണഘടനയുടെയും 1965-ലെ നിയമത്തിന്റെയും ലംഘനമാണെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിച്ചു.

## അനുബന്ധം II

### 1) <u>കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട ശാസ്ത്രീയ അപഗ്രഥനം സംബന്ധിച്ച ശ്രീ. സി. കെ. ശശീന്ദ്രൻ എം.എൽ.എ.-യുടെ ശ്രദ്ധ ക്ഷണിക്കലിന് മുഖ്യമന്ത്രി, ശ്രീ. പിണറായി വിജയൻ മേശപ്പുറത്തുവച്ച മറുപടി</u>

കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന വെള്ളപ്പൊക്കം, വരൾച്ച തുടങ്ങിയ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് വളരെയധികം ശാസ്ത്രീയ പഠനങ്ങൾ നടന്നുവരികയാണ്. പ്രകൃതിയുടെയും പ്രകൃതിവിഭവങ്ങളുടെയും സംരക്ഷണത്തിനുള്ള പ്രാധാന്യം വളരെ വലുതാണെന്ന അവബോധം എല്ലാവരിലും വളർത്തേണ്ടതുണ്ട്. ഇതിനായി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതും സംരക്ഷണം ഉറപ്പുവരുത്തുന്ന വിവിധ പദ്ധതികൾ നടപ്പാക്കേണ്ടതും അനിവാര്യമാണ്.

തണ്ണീർത്തടങ്ങൾ, കണ്ടൽക്കാടുകൾ എന്നിവയുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിലൂടെ വെള്ളപ്പൊക്കം, വരൾച്ച തുടങ്ങിയ പ്രകൃതിക്ഷോഭങ്ങളുടെ ആഘാതം കുറയ്ക്കാൻ കഴിയും.

കാർഷികമേഖലയിൽ കാലാവസ്ഥാ വ്യതിയാനം അതിജീവിക്കുന്നതിന് ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ മണ്ണ്, ജലം എന്നീ വിഭവങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുക, പരമ്പരാഗത വിളയിനങ്ങളെ പ്രോത്സാഹിപ്പിക്കുക, കാർഷിക വനവൽക്കരണം പ്രോത്സാഹിപ്പിക്കുക തുടങ്ങിയ നടപടികളും ആവശ്യമാണ്.

കാലാവസ്ഥാ വ്യതിയാനം കാരണം കാർഷികവിളകൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മൂപ്പുകുറഞ്ഞ നെൽവിത്തിനങ്ങൾ ഉപയോഗിക്കുന്നതിനും വരൾച്ചയെ ചെറുത്തുനിൽക്കാൻ ശേഷിയുള്ള വിത്തിനങ്ങൾ വികസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. മഴവെള്ളം സംഭരിക്കുന്നതിനുള്ള ജലസംഭരണികൾ, മഴക്കുഴികൾ എന്നിവ നിർമ്മിക്കുക, മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പാക്കുക, നാശോന്മുഖമായ തണ്ണീർത്തടങ്ങളെ പുനരുജ്ജീവിപ്പിക്കുക എന്നിവയാണ് മറ്റ് പദ്ധതികൾ.

പ്രളയാനന്തര പുനർനിർമ്മാണത്തിൽ വീടുകളെല്ലാം ദുരന്തപ്രതിരോധ ശേഷിയുള്ളവയാണെന്ന് ഉറപ്പാക്കുന്നതാണ്. ഇതിനായുള്ള രൂപകൽപ്പന തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ സ്ട്രക്ചറൽ എഞ്ചിനീയർമാർ ഉൾപ്പെടുന്ന സാങ്കേതിക സമിതി അംഗീകരിച്ച് ലഭ്യമാക്കിയിട്ടുണ്ട്. പരിസ്ഥിതിലോല പ്രദേശങ്ങളിലെ ഭവനനിർമ്മാണങ്ങൾ പൂർണ്ണമായും ക്ലൈമറ്റ് പ്രൂഫ്/ഡിസാസ്റ്റർ പ്രൂഫ് ആക്കുന്നതിനുള്ള ഗവേഷണ പ്രോജക്ടുകൾ കാലാവസ്ഥാ വ്യതിയാന പഠനകേന്ദ്രത്തിൽ നടന്നുവരുന്നു.

2) <u>പ്രളയാനന്തര പുനർനിർമ്മാണവും നഷ്ടപരിഹാരവും സംബന്ധിച്ച് ശ്രീ. റോജി എം. ജോൺ, എം. എൽ. എ.-യുടെ ശ്രദ്ധ ക്ഷണിക്കലിന് മുഖ്യമന്ത്രി, ശ്രീ. പിണറായി വിജയൻ മേശപ്പുറത്തുവച്ച മറുപടി</u>

കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടെ കേരള സംസ്ഥാനം നേരിട്ട ഏറ്റവും രൂക്ഷമായ പ്രളയക്കെടുതിയിൽ ദേശീയ-അന്തർദേശീയ പ്രശംസ പിടിച്ചുപറ്റിയ ഐക്യത്തോടെയുള്ള രക്ഷാപ്രവർത്തനമാണ് നാം നടത്തിയത്. കാലതാമസം കൂടാതെ പ്രളയ ബാധിതർക്ക് ആശ്വാസമേകാനും നവകേരള നിർമ്മിതിക്കാവശ്യമായ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാനും കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനത്തുടനീളം 5645 ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കാനും പരാതികൾക്കിടയില്ലാതെ ക്യാമ്പുകൾ നടത്താനും കഴിഞ്ഞു. പ്രളയബാധിതരായ കുടുംബങ്ങൾക്ക് അവശ്യസാധനങ്ങളടങ്ങുന്ന കിറ്റുകൾ നൽകുകയും മുഴുവൻ തോട്ടം തൊഴിലാളികൾക്കും സൗജന്യറേഷൻ നൽകുകയും ചെയ്തിട്ടുണ്ട്.

പ്രളയബാധിത പ്രദേശങ്ങളിലെ 46 ലക്ഷം മുൻഗണനേതര കുടുംബങ്ങൾക്കും ഡിസംബർ വരെ സൗജന്യമായി 5 കിലോ അരി വീതം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 500 രൂപ വിലവരുന്ന കിറ്റുകൾ ക്യാമ്പുകളിലുള്ളവർ വീടുകളിലേയ്ക്ക് പോകുന്ന വേളയിലും എസ്.സി./എസ്.ടി., അഗതികൾ, വിധവകൾ, ഭിന്നശേഷിക്കാർ, റേഷൻ മുൻഗണനാ പട്ടികയിൽപ്പെടുന്നവർ, തൊഴിലുറപ്പ് തൊഴിലാളികൾ ഉൾപ്പെടെയുള്ള ഏഴ് വിഭാഗങ്ങളിൽപ്പെടുന്ന 326048 കുടുംബങ്ങൾക്കും ഡിസംബർ 31 വരെ നൽകുന്നുണ്ട്.

പ്രളയക്കെടുതിയിൽ രേഖകൾ നഷ്ടപ്പെട്ടവർക്ക് പുതിയ രേഖകൾ നൽകുന്നതിന് അദാലത്തുകൾ സംഘടിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്തു. 680000 കുടുംബങ്ങൾക്ക് 10,000 രൂപ വീതം അടിയന്തര ധനസഹായം നൽകി. 3,800 രൂപ കേന്ദ്ര വിഹിതവും 6,200 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമാണ് ഈ തുക നൽകുന്നത്. ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി പഞ്ചായത്ത് വാർഡ് ഒന്നിന് 25,000 രൂപയും മുനിസിപ്പാലിറ്റി-കോർപ്പറേഷൻ വാർഡ് ഒന്നിന് 50,000 രൂപയും അനുവദിച്ചു. മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തി.

ജീവനോപാധികൾ നഷ്ടപ്പെട്ടവർക്ക് റിസർജന്റ് കേരള ലോൺ സ്കീം രൂപീകരിച്ച് ഒരു ലക്ഷം രൂപ വരെ വായ്പ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുകയും കുടുംബശ്രീയെ ചുമതലപ്പെടുത്തുകയും ചെയ്തു. 28-11-2018 വരെ 39770 കുടുംബങ്ങൾക്ക് 337.75 കോടി രൂപ വായ്പയായി നൽകിയിട്ടുണ്ട്. വായ്പയുടെ പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകാനും തീരുമാനിച്ചിട്ടുണ്ട്.

തകർന്നുപോയ വീടുകളുടെ പുനർനിർമ്മാണത്തിന് പരമാവധി നാലുലക്ഷം രൂപ വരെ ധനസഹായം അനുവദിച്ചു. ഈ തുകയിൽ ശരാശരി ഒരു ലക്ഷം രൂപ കേന്ദ്ര വിഹിതവും മൂന്നുലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമാണ് നൽകുന്നത്.

പ്രളയത്തെത്തുടർന്ന് മരണപ്പെട്ടവരുടെ ആശ്രിതരായ 389 കുടുംബങ്ങൾക്ക് 4 ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്.

കാർഷിക മേഖലയിൽ കൃഷിനാശത്തിന് 18,545 കോടി രൂപയുടെ നഷ്ടം കണക്കാക്കുന്നു. 2,17,955 അപേക്ഷകർക്ക് ഇതിനകം ധനസഹായം നൽകിയിട്ടുണ്ട്. 175 കോടി രൂപയുടെ നഷ്ടമാണ് മൃഗസംരക്ഷണ-ക്ഷീരവികസന മേഖലയിലുണ്ടായതായി കണക്കാക്കുന്നത്. ക്ഷീരവികസന മേഖലയിൽ 22 കോടി രൂപയുടെ പുനരധിവാസ പദ്ധതികൾക്ക് സർക്കാർ അംഗീകാരം നൽകി.

പ്രളയക്കെടുതിയിൽ 3500-ൽപ്പരം ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് 632 കോടി രൂപയുടെ നാശനഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്. 12 വൻകിട വ്യവസായ യൂണിറ്റുകൾക്ക് 289 കോടി രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്. വ്യവസായ-വ്യാപാര സ്ഥാപനങ്ങളിലെ സ്ഥലം, കെട്ടിടം, പ്ലാന്റ് & മെഷിനറി, ഉല്പന്നങ്ങൾ, അസംസ്കൃത വസ്തുക്കൾ എന്നിവയെല്ലാം പൂർണ്ണമായോ ഭാഗികമായോ നശിച്ചുപോയിട്ടുണ്ട്.

ചെറുകിട വ്യവസായ മേഖലയിൽ 17400-ൽപ്പരം തൊഴിലാളികൾക്ക് നേരിട്ട് തൊഴിൽ നഷ്ടമുണ്ടായതായി കണക്കാക്കപ്പെടുന്നു. ചെറുകിട വ്യവസായ യൂണിറ്റുകളെ പുനരുദ്ധരിക്കുന്നതിനായി 2019-20 പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്. ചെറുകിട-ഇടത്തരം സംരംഭങ്ങൾ വീണ്ടെടുക്കുന്നതിനായി പുതുതായി ബാങ്കുകൾ വഴി വായ്പ ലഭ്യമാക്കാനും നിലവിലുള്ള വായ്പകൾ പുനർക്രമീകരിക്കാനും കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയോട് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്; അതുപ്രകാരം ബാങ്കുകൾക്ക് 16-10-2018-ന് കേന്ദ്രം നിർദ്ദേശം നൽകിയിട്ടുണ്ട്. ഇൻഷ്വറൻസ് അദാലത്ത് സംഘടിപ്പിക്കുന്നതിന് ഇൻഷ്വറൻസ് കമ്പനികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രളയബാധിത മേഖലയിലെ കുടുംബങ്ങൾക്ക് ഗാർഹിക ഉപകരണങ്ങൾ 50 ശതമാനം സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നതിന് നിർമ്മാണ കമ്പനികളുമായി കൂടിയാലോചിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രളയബാധിതരെ സഹായിക്കാനായി വിവിധ ആനുകൂല്യങ്ങൾക്കായി സംസ്ഥാന ദുരന്തനിവാരണ നിധിയിൽനിന്ന് 586.04 കോടി രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 688.48 കോടി രൂപയും ഇതിനകം ചെലവഴിച്ചു. ഇതിനുപുറമെ, വിവിധ വകുപ്പുകളും രാജ്യത്തിനകത്തും പുറത്തുമുള്ള സന്നദ്ധ സംഘടനകളും സ്ഥാപനങ്ങളും വ്യക്തികളും നിരവധി സാധനസാമഗ്രികളും ഭക്ഷ്യവസ്തുക്കളും വിതരണം ചെയ്തിട്ടുണ്ട്.

ഖാദി, കൈത്തറി മേഖലകളിലും വലിയ തോതിലുള്ള നഷ്ടമുണ്ടായിട്ടുണ്ട്. പ്രളയം തകർത്തെറിഞ്ഞ സമസ്തമേഖലകളിലും മനുഷ്യസാദ്ധ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ സർക്കാർ യുദ്ധകാലാടിസ്ഥാനത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. മന്ത്രിസഭയുടെ മേൽനോട്ടത്തിൽ സമഗ്രമായ കേരളത്തിന്റെ പുനർനിർമ്മാണ പദ്ധതി (RKI) തയ്യാറാക്കിയിട്ടുണ്ട്.

## അനുബന്ധം III

1) മണൽ വാരൽ സംബന്ധിച്ച് ശ്രീ. വി. കെ. സി. മമ്മത് കോയ എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി, ശ്രീ. പിണറായി വിജയൻ മേശപ്പുറത്തുവച്ച മറുപടി

മഹാപ്രളയത്തെത്തുടർന്ന് കോഴിക്കോട് ജില്ലയിലെ പുഴകൾ ഉൾപ്പെടെ മിക്ക പുഴകളിലും വൻതോതിൽ മണൽ അടിഞ്ഞുകൂടിയിട്ടുണ്ട്.

കുറ്റ്യാടി, ചാലിയാർ, കടലുണ്ടി പുഴകളിൽ മുമ്പ് നടന്ന സാൻഡ് ഓഡിറ്റിംഗ് റിപ്പോർട്ടിൽ ഖനനത്തിനാവശ്യമായ മണൽ ലഭ്യമല്ലെന്ന് കണ്ടെത്തിയതിനാൽ മണൽ ഖനനത്തിന് അനുമതി നൽകിയിരുന്നില്ല. ഇത് ഈ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടവും നിർമ്മാണ മേഖലയിൽ പ്രതിസന്ധിയുമുണ്ടാക്കിയിരുന്നു.

4-10-2018-ന് ചേർന്ന സംസ്ഥാന ഉന്നതതല സമിതിയോഗം പ്രളയം ബാധിച്ച പ്രദേശങ്ങളിലെ നദികളിൽ സാൻഡ് ഡെപ്പോസിറ്റിന്റെ അളവിൽ മാറ്റം വന്നിട്ടുള്ള സാഹചര്യം കണക്കിലെടുത്ത് രണ്ടുമാസത്തിനുള്ളിൽ സാൻഡ് ഓഡിറ്റിംഗ് നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് & ഡിസാസ്റ്റർ മാനേജ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സാൻഡ് ഓഡിറ്റിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മണൽലഭ്യതയുള്ള കടവുകളിൽ പാരിസ്ഥിതികാനുമതി യഥാസമയം ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് പൂർത്തിയാകുന്നതോടെ ഈ മേഖലയിലെ പ്രതിസന്ധിക്ക് പരിഹാരമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

പ്രളയത്തെത്തുടർന്ന് നദിയോടടുത്ത പ്രദേശങ്ങളിൽ വലിയ തോതിൽ അടിഞ്ഞുകൂടിയ മണൽ, റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് അവിടെ നിന്ന് നീക്കം ചെയ്യുന്നതിനും ശേഖരിച്ച് സൂക്ഷിക്കുന്നതിനും പ്രളയബാധിതർക്ക് വീട് നിർമ്മാണം, റോഡ് പുനർനിർമ്മാണം തുടങ്ങിയ ആവശ്യങ്ങൾക്ക് സർക്കാർ നിരക്കിലുള്ള തുക ഈടാക്കി ഈ മണൽ വിൽപ്പന നടത്തുന്നതിനും ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

അനധികൃത മണൽവാരൽ തടയുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## 2) നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നിയന്ത്രണങ്ങൾ സംബന്ധിച്ച് ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി, ശ്രീ. പിണറായി വിജയൻ മേശപ്പുറത്തുവച്ച മറുപടി

സംസ്ഥാനം കണ്ട ഏറ്റവും വലിയ പ്രളയത്തിൽ നിരവധിയാളുകളുടെ വീടുകൾ പൂർണ്ണമായും തകർന്നുപോയിട്ടുണ്ട്. ചില കുടുംബങ്ങൾക്ക് വീടും ഭൂമിയും നഷ്ടപ്പെട്ടിട്ടുണ്ട്. പുഴ പുറമ്പോക്കിലും മറ്റും താമസിച്ചിരുന്ന ചിലർക്ക് അവരുടെ വീട് പുനർനിർമ്മിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം എന്നിവ ബാധിക്കുമെന്ന് വ്യക്തമായ സ്ഥലങ്ങളിൽ വീടുകൾ പുനർനിർമ്മിക്കാൻ കഴിയില്ല.

മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവ നേരിട്ട എല്ലാ സ്ഥലങ്ങളും പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയെ

ചുമതലപ്പെടുത്തിയിട്ടുണ്ട്. ഫ്ലഡ് പ്ലെയിൻ മാപ്പിംഗ് നടത്താൻ CWRDM, KFRI, M.G University, KSRSEC എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ വീട് നഷ്ടപ്പെട്ടവരെയും പരിസ്ഥിതിദുർബല പ്രദേശങ്ങളിൽ താമസിച്ചിരുന്നവരെയും പുനരധിവസിപ്പിക്കാൻ സമഗ്രവും ശാസ്ത്രീയവും ഗുണഭോക്താക്കളുടെ പങ്കാളിത്തവും ഉറപ്പാക്കിയുള്ള സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്.

പ്രകൃതിദുരന്തങ്ങളിൽ തകർന്ന വീടിന്റെ പുനർനിർമ്മാണം ദുരന്ത ബാധിതരുടെ നേതൃത്വത്തിലും പൂർണ്ണ പങ്കാളിത്തത്തിലുമാകണമെന്ന രാജ്യാന്തര തലത്തിലുള്ള അംഗീകൃതമാതൃക പിന്തുടർന്ന് വീട് നഷ്ടപ്പെട്ടവരുടെ യോഗങ്ങൾ ബ്ലോക്കുതലത്തിൽ വിളിച്ചുചേർക്കാനും ഭവനനിർമ്മാണ സങ്കേതങ്ങൾ വിശദീകരിച്ചുനൽകാനും നടപടിയെടുത്തുവരുന്നു.

വീട് നഷ്ടപ്പെട്ടവർക്ക് നിരന്തര മാർഗ്ഗനിർദ്ദേശം നൽകുന്ന രീതിയിൽ 'സുരക്ഷിതക്കൂടൊരുക്കും കേരളം' എന്ന പേരിൽ ബ്ലോക്കുതലത്തിലും നഗരസഭാതലത്തിലും ഭവനനിർമ്മാണ സഹായകേന്ദ്രങ്ങൾ ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരു സാങ്കേതിക സ്ഥാപനം (എഞ്ചിനീയറിംഗ് കോളേജ്/പോളിടെക്നിക്) ഈ ഭവനനിർമ്മാണ സഹായകേന്ദ്രങ്ങൾക്ക് പിന്തുണാസംവിധാനമൊരുക്കുന്നതിനായി കണ്ടെത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

നേരത്തേയുണ്ടായിരുന്ന താമസസ്ഥലത്തിന്റെ അടുത്തുതന്നെ സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി ലഭ്യമാണെങ്കിൽ അവിടെയാണ് പുനരധിവാസം നടത്തേണ്ടത്. ഇത്തരത്തിൽ ഭൂമി ലഭ്യമല്ലെങ്കിൽ പ്രാദേശികമായി ഭൂമി ലഭിക്കാൻ തയ്യാറുള്ളവരുമായി ബന്ധപ്പെട്ട് അതിനുള്ള നടപടിക്രമങ്ങൾ ഏകോപിപ്പിക്കാനും കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സർക്കാർ മേൽനോട്ടത്തിൽ നിർമ്മിക്കുന്ന വീടുകളെല്ലാം ദുരന്തപ്രതിരോധ ശേഷിയുള്ളവയാണെന്ന് ഉറപ്പാക്കുന്നതാണ്. ഇതിനായുള്ള രൂപകൽപ്പന സാങ്കേതിക സമിതി അംഗീകരിച്ച് ലഭ്യമാക്കിയിട്ടുണ്ട്. ലൈഫ് മിഷൻ തയ്യാറാക്കിയ 13 മാതൃകാ പ്ലാനുകളിൽ ഏതെങ്കിലുമൊന്ന് ഗുണഭോക്താവിന് തെരഞ്ഞെടുക്കാവുന്നതാണ്. സർക്കാർ അംഗീകാരം നേടിയ എംപാനൽ ഏജൻസികൾ വഴിയാണ് നിർമ്മാണങ്ങൾ ഏറ്റെടുക്കുന്നത്. ഇതോടൊപ്പം കേന്ദ്രസർക്കാരിന്റെ നഗരകാര്യമന്ത്രാലയത്തിന്റെ കീഴിലുള്ള ബിൽഡിംഗ് മെറ്റീരിയൽസ് ടെക്നോളജി പ്രൊമോഷൻ സെന്റർ പ്രീ-ഫാബ്രിക്കേറ്റഡ് വീടുകളും അംഗീകൃത സ്ഥാപനങ്ങൾ വഴി ഏറ്റെടുക്കാനുദ്ദേശിക്കുന്നത്. നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും പ്രീ-ഫാബ്രിക്കേറ്റഡ് സാമഗ്രികൾ നിർമ്മാണ സ്ഥലത്തേയ്ക്ക് എത്തിക്കേണ്ട സാഹചര്യവും വിലയിരുത്തി ഗുണഭോക്താവിന്റെ താൽപ്പര്യപ്രകാരം യുക്തമായ സാങ്കേതികവിദ്യ തെരഞ്ഞെടുക്കാനുള്ള മാർഗ്ഗ നിർദ്ദേശം ഭവനനിർമ്മാണ സഹായകേന്ദ്രങ്ങൾ നൽകുന്നതാണ്. സ്വന്തമായി ഭൂമിയില്ലാതെ പുറമ്പോക്കിൽ താമസിച്ചിരുന്ന വീട് നഷ്ടപ്പെട്ടവർക്കും, സർക്കാർ കണ്ടെത്തുന്ന ഭൂമിയിൽ വീടോ ഫ്ലാറ്റോ നിർമ്മിച്ചുനൽകാനാണ് ഉദ്ദേശിക്കുന്നത്.

3) ദുരിതാശ്വാസ ധനസഹായം സംബന്ധിച്ച് ശ്രീ. കെ. ആൻസലൻ എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി, ശ്രീ. ഇ. ചന്ദ്രശേഖരൻ മേശപ്പുറത്തുവച്ച മറുപടി

കേരളം നേരിട്ട ഏറ്റവും വലിയ പ്രകൃതിദുരന്തമാണ് ആഗസ്റ്റ് മാസത്തിലുണ്ടായത്. വെള്ളപ്പൊക്കത്തിലും ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലുംപെട്ട് ലക്ഷക്കണക്കിന് ജനങ്ങളുടെ ജീവിതം അതീവ ദുരിതത്തിലായി. സംസ്ഥാനത്താകെ 16000-ത്തോളം വീടുകൾ പൂർണ്ണമായി വാസയോഗ്യമല്ലാതായിത്തീരുകയും 2 ലക്ഷത്തോളം വീടുകൾ ഭാഗികമായി വാസയോഗ്യമല്ലാതായിത്തീരുകയും 435-ഓളം ആളുകൾ മരണപ്പെടുകയും ചെയ്തു. കൃഷിയിടങ്ങൾ ധാരാളമായി നശിച്ചു. വളർത്തുമൃഗങ്ങളും വാഹനങ്ങളും ജീവനോപാധികളും നഷ്ടപ്പെടുകയും വ്യാപാര സ്ഥാപനങ്ങൾക്കും വിദ്യാലയങ്ങൾക്കും ആശുപത്രികൾക്കും റോഡുകൾക്കും പാലങ്ങൾക്കും സാരമായ കേടുപാടുകൾ സംഭവിക്കുകയും ചെയ്തു.

16-8-2018-ലെ സ.ഉ.(കൈ)നമ്പർ 13/2018/ഡി.എം.ഡി. ഉത്തരവുപ്രകാരം ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞവരാണോ അല്ലയോയെന്ന പരിഗണനയില്ലാതെ തന്നെ 48 മണിക്കൂറിലധികം വെള്ളം കെട്ടിനിന്ന വീടുകളിലെ എല്ലാ കുടുംബങ്ങൾക്കും 10,000 രൂപ (സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നും 3,800 രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 6,200 രൂപയും) അടിയന്തര ദുരിതാശ്വാസം അനുവദിച്ചു.

2018 ആഗസ്റ്റിലുണ്ടായ വെള്ളപ്പൊക്കത്തിൽ നെയ്യാറ്റിൻകര മണ്ഡലത്തിലെ നെയ്യാറ്റിൻകര, തിരുപുറം, കുളത്തൂർ, ചെങ്കൽ എന്നീ വില്ലേജുകളെ പ്രളയബാധിത പ്രദേശമായി 3-10-2018-ലെ സ.ഉ.(പി)നമ്പർ 6/2018/ഡി.എം.ഡി. ഉത്തവുപ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ 2 ദിവസത്തിൽക്കൂടുതൽ വെള്ളം കെട്ടിനിന്ന വീടുകളിലെ കുടുംബങ്ങൾക്ക് 10,000 രൂപയുടെ ദുരിതാശ്വാസ സഹായം വിതരണം ചെയ്തിട്ടുണ്ട്. ധനസഹായം ആവശ്യപ്പെട്ട് നെയ്യാറ്റിൻകര തഹസീൽദാർക്ക് ലഭിച്ച അപ്പീൽ അപേക്ഷയിന്മേൽ അന്വേഷണം നടത്തി അർഹരായവർക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഇതിൽ അനർഹർ ഉൾപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്.

അനർഹരായ ആരെങ്കിലും ധനസഹായം വാങ്ങിയിട്ടുണ്ടെന്ന് ശ്രദ്ധയിൽ പ്പെടുകയാണെങ്കിലോ പരാതി ലഭിക്കുകയാണെങ്കിലോ ആയത് പരിശോധിച്ച് അനർഹരാണെന്ന് കണ്ടെത്തിയാൽ കൈപ്പറ്റിയ ധനസഹായം തിരിച്ചു പിടിക്കുന്നതാണ്.

4) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ ആന്റ് ഷോപ്പിംഗ് കോംപ്ലക്സ് സംബന്ധിച്ച് ശ്രീമതി വീണാ ജോർജ്ജ്, എം.എൽ.എ.-യുടെ സബ്മിഷന് ഗതാഗത വകുപ്പുമന്ത്രി, ശ്രീ. എ. കെ. ശശീന്ദ്രൻ മേശപ്പുറത്തുവച്ച മറുപടി

കെ.എസ്.ആർ.ടി.സി. ഭരണസമിതി 28-8-2008-ൽ ചേർന്ന 343-ാമത് മീറ്റിംഗിൽ പത്തനംതിട്ടയിൽ ഒരു ബസ് ടെർമിനലും വാണിജ്യസമുച്ചയവും നിർമ്മിക്കാൻ M/s C-Earth (P) Ltd., Cochin-നെ ആർക്കിടെക്ചറൽ കൺസൾട്ടന്റായി തെരഞ്ഞെടുക്കുകയുണ്ടായി. ഭരണസമിതിയുടെ 28-12-2012-ൽ ചേർന്ന 370-ാമത് മീറ്റിംഗിൽ അജണ്ട ഇനം 97/12 അനുസരിച്ച് M/s C-Earth സമർപ്പിച്ച റിവൈസ്ഡ് പ്ലാൻ അംഗീകരിക്കുവാൻ തീരുമാനിക്കുകയും പലിശരഹിത നിക്ഷേപ പദ്ധതി പ്രകാരം കെ.എസ്.ആർ.ടി.സി. തന്നെ നേരിട്ട് പത്തനംതിട്ടയിൽ 63108 സ്ക്വയർ മീറ്റർ ഏരിയ കണക്കാക്കി ജി +2 നിലകളിൽ പ്രോജക്ട് തുക ഏകദേശം 8.27 കോടി രൂപയായി നിശ്ചയിച്ചുകൊണ്ട് പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുവാനും തീരുമാനിച്ചു.

സർക്കാർ ഉത്തരവ് ജി.ഒ. (ആർ.ടി.) നമ്പർ 106/2013/ട്രാൻ. തീയതി 1-3-2013 പ്രകാരം ടെർമിനൽ കെട്ടിടത്തിന്റെ പ്രാഥമിക ചെലവിനത്തിൽ പ്രത്യേക പാക്കേജിൽനിന്നും 2 കോടി രൂപ അനുവദിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുൻ എം.എൽ.എ. ശ്രീ. കെ. ശിവദാസൻ നായർ അദ്ദേഹത്തിന്റെ MLA, LAC, ADS ഫണ്ടിൽനിന്നും 2 കോടി രൂപ കെട്ടിടത്തിന്റെ ഒരു ഭാഗത്തിന്റെ നിർമ്മാണത്തിനായി അനുവദിക്കുകയും അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം രണ്ട് നിലകളിലായി 702.75 ചതുരശ്ര മീറ്റർ വിസ്തീർണ്ണം വരുന്ന കെട്ടിടഭാഗം ബസ് സ്റ്റേഷന്റെ ആവശ്യത്തിലേയ്ക്ക് നിജപ്പെടുത്തി പ്രത്യേകമായി കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിന്റെ ഭരണാനുമതിക്ക് സമർപ്പിക്കുകയും 18-8-2014-ലെ ജി.ഒ. (ആർ.ടി.)നമ്പർ 351/14/ഗതാ. എന്ന ഉത്തരവിലൂടെ ഭരണാനുമതി ലഭിക്കുകയും ചെയ്തു. തദനുസരണം 23-2-2015-ൽ ചേർന്ന 383-ാമത് ഭരണസമിതി യോഗതീരുമാനം അജണ്ട നം. 19/2015 പ്രകാരം എസ്റ്റിമേറ്റ് തുകയേക്കാൾ 8.50% ഉയർന്ന തുകയായ 2 കോടി 17 ലക്ഷം രൂപയ്ക്ക് ടെണ്ടർ സമർപ്പിച്ച ശ്രീ. അനസ് ബാബു, ക്രസന്റ് കൺസ്ട്രക്ഷന് പ്രസ്തുത പ്രവൃത്തി നൽകുകയും ചെയ്തു. അധികംവരുന്ന 17 ലക്ഷം രൂപ എം.എൽ.എ.-യുടെ ഫണ്ടിൽനിന്നും 5-1-2016-ലെ സ.ഉ. (സാധാ.)നമ്പർ 7/2016/ഗതാ. ഉത്തരവുപ്രകാരം അനുവദിക്കുകയുണ്ടായി.

അതിൻപ്രകാരം ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് പ്രോജക്ടിന്റെ ബാക്കി ഭാഗത്തിന്റെ എസ്റ്റിമേറ്റ് MLA, LAC, ADS ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടഭാഗത്തെ ഒഴിവാക്കിക്കൊണ്ട് റിവൈസ് ചെയ്യുകയുണ്ടായി. ആകെ 6 കോടി രൂപയ്ക്ക് എസ്റ്റിമേറ്റ് സാങ്കേതികമായി അംഗീകരിക്കപ്പെടുകയും 16-9-2014-ൽ ഇ-ടെണ്ടർ ക്ഷണിക്കുകയും എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 8.95% അധികം രേഖപ്പെടുത്തിയ ശ്രീ. അനസ് ബാബു, M/s. ക്രസന്റ് കൺസ്ട്രക്ഷൻ മുന്നോട്ടുവച്ച തുക അനുയോജ്യമാണെന്ന് കണ്ടെത്തിയതിനെത്തുടർന്ന് പ്രസ്തുത ജോലി ടി കമ്പനിക്ക് നൽകുകയും ചെയ്തു. ടി കമ്പനി 15-10-2015-ൽ ജോലികൾ ആരംഭിച്ചു. എന്നാൽ ബിൽ പേമെന്റിൽ കാലതാമസമുണ്ടായതിനാൽ പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിനും കാലതാമസമുണ്ടായി. ഇപ്പോൾ രണ്ട് കെട്ടിടങ്ങളുടെയും സ്ട്രക്ച്ചറൽ വർക്കുകൾ പൂർത്തീകരിച്ച് കഴിയുകയും ഫിനിഷിംഗ് വർക്കുകൾ കരാറുകാരൻ തുടങ്ങുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് മൂന്ന് പാർട്ട് ബില്ലുകളിലായി കരാറുകാരന് 2,77,01,122 രൂപ നൽകിയിട്ടുണ്ട്. നാലാമത്തെ പാർട്ട് ബില്ല് തയ്യാറാക്കിവരുന്നു. എം.എൽ.എ.-യുടെ ഫണ്ടുപയോഗിച്ച് ജോലി ചെയ്യുന്ന പ്രവൃത്തിക്ക് രണ്ട് പാർട്ട് ബില്ലുകളിലായി കരാറുകാരന് 1,67,22,438 രൂപ നൽകിയിട്ടുണ്ട്.

പ്രസ്തുത കെട്ടിടത്തിൽ നിർമ്മാണ പ്രവൃത്തിയോടനുബന്ധിച്ച് ചെയ്യേണ്ട വൈദ്യുതീകരണ പ്രവൃത്തിക്കായി ഇ-ടെണ്ടർ ക്ഷണിച്ച് സൗഭാഗ്യ എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിന് സെലക്ഷൻ നോട്ടീസ് നൽകി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. അതുപോലെ ഫയർ ഫൈറ്റിംഗിന്റെ പ്രവൃത്തിക്കായി ഇ-ടെണ്ടർ ക്ഷണിച്ച് സെലക്ഷൻ നോട്ടീസ് നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

മുകളിൽ പറഞ്ഞിരിക്കുന്ന പണികൾ കൂടാതെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണിയും പൂർത്തീകരിച്ചശേഷം മാത്രമേ നിയമാനുസൃതമായ ബിൽഡിംഗ് പെർമിറ്റ് ലഭിക്കുകയുള്ളൂ. ഈ പണികൾ പൂർത്തീകരിക്കാൻ പലിശരഹിത നിക്ഷേപം വഴിയുള്ള തുക ഇനിയും കണ്ടെത്തേണ്ടതുണ്ട്. തുക കിട്ടുന്നമുറയ്ക്ക് പ്രവൃത്തികൾ പൂർത്തീകരിച്ച് സമുച്ചയം പ്രവർത്തനസജ്ജമാക്കുന്നതാണ്.

### 5) ഹോസ്റ്റൽ നിർമ്മാണം സംബന്ധിച്ച് ശ്രീ. സജി. ചെറിയാൻ, എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി, ശ്രീമതി കെ. കെ. ശൈലജ ടീച്ചർ മേശപ്പുറത്തുവച്ച മറുപടി.

ആർ.സി.സി.-യിൽ എത്തുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും നിലവിൽ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ചുരുങ്ങിയ ദിവസങ്ങൾ മാത്രം കൊണ്ട് ചികിത്സ പൂർത്തിയാക്കുന്ന രോഗികളുടെ കൂട്ടിരിപ്പുകാർക്ക് ആർ.സി.സി.-യിലെ വെയിറ്റിംഗ് ഏരിയയിൽ വിശ്രമിക്കുവാനും

സബ്സിഡി നിരക്കിൽ ഭക്ഷണം നൽകാനുമുള്ള ക്രമീകരണം ഏർപ്പെടുത്താനുള്ള നടപടി ആരംഭിച്ചിട്ടുള്ളതും ആയത് ഒരു മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതുമാണ്. ഇതിനുപുറമെ, ആർ.സി.സി.-യിൽ പുതുതായി നിർമ്മിക്കുന്ന 14 നില കെട്ടിടത്തിന്റെ പണി പൂർത്തിയാകുമ്പോൾ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം ഇപ്പോൾ ഉള്ളതിന്റെ ഇരട്ടിയാകും. കൂടാതെ പുലയനാർകോട്ടയിൽ സർക്കാർ അനുവദിച്ച സ്ഥലത്ത് വരും വർഷങ്ങളിൽ മറ്റുള്ള ചികിത്സാ സൗകര്യങ്ങൾക്കുപുറമെ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും പരിമിതമായ രീതിയിൽ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്ന കാര്യവും ആലോചിക്കുന്നുണ്ട്.

### 6) ആശുപത്രി സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ സംബന്ധിച്ച് ശ്രീമതി ഇ. എസ്. ബിജിമോൾ എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി, ശ്രീമതി കെ. കെ. ശൈലജ ടീച്ചർ മേശപ്പുറത്തുവച്ച മറുപടി.

ഇടുക്കി ജില്ലയുടെ ഭൂമിശാസ്ത്രപരമായ കിടപ്പും വിസ്തൃതിയും വ്യത്യസ്തമായ ജനവാസമുള്ള പ്രദേശങ്ങളും വിശാലമായ തോട്ടം മേഖലയുടെ പ്രത്യേകതയും കണക്കിലെടുത്ത് ഇവിടത്തെ ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിന് ആരോഗ്യ വകുപ്പ് പ്രത്യേക പരിഗണനയാണ് നൽകിവരുന്നത്. ഇടുക്കി മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. നെടുങ്കണ്ടത്ത് ജില്ലാ ആശുപത്രി സ്ഥാപിക്കുന്നതിന് KIIFB പദ്ധതിയിൽ ഉൾപ്പെടുത്തി 149 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലുംപെട്ട ഓരോ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ ഇതിനോടകം നടപടി സ്വീകരിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ആദ്യഘട്ടത്തിൽ 170 പി.എച്ച്.സി.-കളെയും രണ്ടാംഘട്ടത്തിൽ 503 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. തോട്ടം മേഖലയിലെ എസ്റ്റേറ്റ് ആശുപത്രികൾ പൂട്ടിപ്പോയതും പകരം സംവിധാനങ്ങൾ ഇല്ലാതെ വന്നതും ജില്ലയിലെ സർക്കാർ ആശുപത്രികൾ പൂർണ്ണതോതിൽ സജ്ജമാകാതെ വന്നതുംകൂടി പരിഗണിച്ച് പീരുമേട് താലൂക്കാശുപത്രിയെ നവകേരള മിഷന്റെ ഭാഗമായ ആർദ്രം മിഷനിൽ ഉൾപ്പെടുത്തി നിശ്ചിതമാനദണ്ഡങ്ങളോടെ വികസിപ്പിക്കുന്നതിനും സ്പെഷ്യാലിറ്റി സംവിധാനങ്ങൾ ഉൾപ്പെടെ ഏർപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ആരോഗ്യരംഗത്ത് നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാനായി ആരോഗ്യമേഖലയെ പുനഃസംഘടിപ്പിക്കുവാനും പ്രാഥമിക ചികിത്സാരംഗത്ത് മുൻഗണന നൽകുക ഉൾപ്പെടെ കേരളീയ ആരോഗ്യരംഗത്തെ എല്ലാ തലത്തിലും രോഗീസൗഹൃദമാക്കുന്നതിനും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ

ഉറപ്പുവരുത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. നമ്മുടെ സർക്കാർ ആശുപത്രികളിലെ ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമാക്കുകയെന്നതാണ് ആർദ്രം മിഷന്റെ ഒരു പ്രധാന ഉദ്ദേശ്യം. രാവിലെ 9 മണി മുതൽ വൈകിട്ട് 6 മണിവരെ ഡോക്ടറുടെയും നഴ്സ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നിവരുടെയും സേവനം കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ഉറപ്പാക്കുന്നതാണ്. ഘട്ടംഘട്ടമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയും ഒരു താലൂക്കിൽനിന്ന് ഒരു താലൂക്കാശുപത്രിയും ഒരു ജില്ലയിൽനിന്ന് ഒരു ജില്ലാ ആശുപത്രിയും എന്ന അടിസ്ഥാനത്തിൽ വിവിധ ആശുപത്രികളെ തെരഞ്ഞെടുത്ത് അവിടെ അധിക തസ്തികകൾ സൃഷ്ടിച്ചും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയും നിശ്ചിത മാനദണ്ഡങ്ങളോടെ ചികത്സാ സൗകര്യങ്ങൾ ക്രമീകരിക്കാൻ ഉദ്ദേശിക്കുന്നു. ക്രമേണ കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർ കുടുംബഡോക്ടർ എന്ന സങ്കല്പത്തിലേയ്ക്ക് മാറി വരുമെന്നതാണ് ഇതിന്റെ മറ്റൊരു സവിശേഷത.

പീരുമേട് താലൂക്കാശുപത്രിയിൽ അസിസ്റ്റന്റ് ഡയറക്ടർ, ജൂനിയർ കൺസൾട്ടന്റ് ഒഫ്ത്താൽമോളജി, ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ), ദന്തൽ ഹൈജീനിസ്റ്റ്, ഫാർമസിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ് എന്നിവയിൽ ഓരോ തസ്തിക വീതവും 3 സ്റ്റാഫ് നഴ്സ്, 2 ലാബ് ടെക്നീഷ്യൻ തസ്തികകളും സൃഷ്ടിച്ചുനൽകി ഇവിടത്തെ അടിസ്ഥാന സൗകര്യവികസന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരികയാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുടെ പട്ടികയിൽ പി.എച്ച്.സി. പെരുവന്താനത്തെ ഉൾപ്പെടുത്തി ഒരു ഡോക്ടർ, 2 സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ചുനൽകി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുടെ പട്ടികയിൽ കുമളി, കൊക്കയാർ, അയ്യപ്പൻകോവിൽ, ഏലപ്പാറ എന്നീ പി.എച്ച്.സി.-കൾ ഉൾപ്പെട്ടിട്ടുണ്ട്. ഈ സ്ഥാപനത്തിൽ പ്രാഥമിക വികസനത്തിനായി 14 ലക്ഷം രൂപ വീതം അനുവദിക്കുന്നുണ്ട്. ഇവിടത്തെ അടിസ്ഥാന സൗകര്യ വികസനവും അധിക തസ്തിക സൃഷ്ടിക്കലും ഉൾപ്പെടെയുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ഏലപ്പാറ പി.എച്ച്.സി.-ക്ക് പുതിയ കെട്ടിടം പണിയുന്നതിന് എൻ.എച്ച്.എം. വക ആദ്യഘട്ടത്തിലേയ്ക്ക് 85 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ പദ്ധതിയിലുൾപ്പെടാത്ത മറ്റ് ആശുപത്രികളായ ഉപ്പുതറ, വണ്ടിപ്പെരിയാർ, പുറ്റടി എന്നീ സി.എച്ച്.സി.-കളും ചക്കുപള്ളം പി.എച്ച്.സി.-യും ഘട്ടംഘട്ടമായി അടിസ്ഥാന സൗകര്യങ്ങളുടെയും സേവനത്തിന്റെയും കാര്യത്തിൽ മുന്നിലെത്തുമ്പോൾ ഇപ്പോഴുള്ള അസൗകര്യങ്ങളും കുറവുകളും പരിഹരിക്കുവാൻ ആർദ്രം പദ്ധതിയിലൂടെ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

7) <u>ദളിത് ക്രൈസ്തവർക്കുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച് ശ്രീ. കോവൂർ കുഞ്ഞുമോൻ, എം.എൽ.എ.-യുടെ സബ്മിഷന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി, ശ്രീ. എ. കെ. ബാലൻ മേശപ്പുറത്തുവച്ച മറുപടി</u>

പട്ടികജാതിയിൽനിന്ന് ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തവരെ കേരള സംസ്ഥാനത്തെയും കേന്ദ്രത്തിലെയും മറ്റ് പിന്നോക്ക വിഭാഗ (OBC) ലിസ്റ്റിൽ Scheduled Caste converted to Christianity എന്ന പേരിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവരുടെ സമുദായ സർട്ടിഫിക്കറ്റിൽ പരിവർത്തനത്തിന് മുമ്പുള്ള ജാതിയുടെ പേരുകൂടി ഉൾപ്പെടുത്തണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെട്ടിട്ടുള്ളത്.

16-4-2012-ലെ 59/2012 SCSTTDD നമ്പർ ഉത്തരവുപ്രകാരം വിദ്യാഭ്യാസ ആനുകൂല്യത്തിനായി ഒ.ഇ.സി. എന്നും വിദ്യാഭ്യാസ സംവരണത്തിനായി ഒ.ഇ.സി./ഒ.ബി.സി. എന്നും മറ്റാവശ്യങ്ങൾക്ക് ഒ.ബി.സി. എന്നും സമുദായ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തുവാൻ വ്യവസ്ഥയുണ്ട്.

പട്ടികജാതിയിൽനിന്ന് ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തവർക്ക് പൊതുവായ സംവരണ ക്വാട്ട മാത്രമേ നിലവിലുള്ളൂ. മതപരിവർത്തനം നടത്തിയ പട്ടികജാതിക്കാർക്കും ജാതി തിരിച്ചുള്ള സംവരണ ആനുകൂല്യമില്ല. പ്രത്യേകം ക്വാട്ടകളില്ലാത്തതിനാൽ ജാതി സൂചിപ്പിച്ചിട്ടുള്ള സർട്ടിഫിക്കറ്റില്ലാത്തതിനാൽ സംവരണം നഷ്ടപ്പെടുന്ന സ്ഥിതിയും നിലവിലില്ല.

സബ്മിഷനിൽ ആവശ്യപ്പെട്ടപ്രകാരം പരിവർത്തനത്തിന് മുമ്പുള്ള കാലത്തെ ജാതികൂടി സമുദായ സാക്ഷ്യപത്രത്തിൽ ചേർക്കണമെന്ന കാര്യം സർക്കാർ പരിശോധനയിലാണ്. 2012-ലെ സർക്കാർ ഉത്തരവുപ്രകാരം ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെട്ട സമുദായങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റുകൾ നൽകുമ്പോൾ അപേക്ഷകന്റെ ആവശ്യത്തിനനുസൃതമായി വിദ്യാഭ്യാസ (സാമ്പത്തിക) ആനുകൂല്യത്തിനുള്ള സർട്ടിഫിക്കറ്റിൽ ഒ.ഇ.സി. എന്ന് രേഖപ്പെടുത്തിയും വിദ്യാഭ്യാസ സംവരണത്തിനുള്ള സർട്ടിഫിക്കറ്റിൽ ഒ.ഇ.സി./ഒ.ബി.സി. എന്ന് രേഖപ്പെടുത്തിയും മറ്റാവശ്യങ്ങൾക്ക് ഒ.ബി.സി. എന്ന് രേഖപ്പെടുത്തിയും സർട്ടിഫിക്കറ്റുകൾ നൽകുന്നതുപോലെ റവന്യൂ മാനുവലിലും സമാനമായ നിബന്ധന ചേർക്കാമോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

8) സ്റ്റേഡിയം നിർമ്മാണം സംബന്ധിച്ച് ശ്രീ. വി. അബ്ദുറഹിമാൻ എം.എൽ.എ.-യുടെ സബ്മിഷന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനിയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി, ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ മേശപ്പുറത്തുവച്ച മറുപടി.

മലപ്പുറം ജില്ലയിലെ നിറമരുതൂർ വില്ലേജിൽ സർവ്വേ നമ്പർ 334/2-ൽ ഉൾപ്പെട്ട ഫിഷറീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തിന്റെ കിഴക്കരിക് ചേർന്ന് തീരദേശ റോഡ് കടന്നുപോകുന്നുണ്ട്. റോഡിന് കിഴക്കുഭാഗത്ത് മത്സ്യഭവനും മത്സ്യഫെഡിന്റെ മണ്ണെണ്ണ ബങ്കും പ്രവർത്തിച്ചുവരുന്നു. ഇവയോട് ചേർന്ന് ഫിഷറീസ് വകുപ്പിന്റെ എക്സ്റ്റൻഷൻ-കം-ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചുവരുന്നു. ട്രെയിനിംഗ് സെന്ററിനോടനു ബന്ധിച്ച് ഹോസ്റ്റൽ സൗകര്യവും മറ്റും ഏർപ്പെടുത്തേണ്ടതുണ്ട്. ഇതിനായി സമീപപ്രദേശത്ത് ഫിഷറീസ് വകുപ്പിന് വേറെ ഭൂമിയില്ല. എന്നിരുന്നാലും മത്സ്യത്തൊഴിലാളികളുടെ മക്കളുടെ കായിക പ്രവർത്തനങ്ങൾക്ക് പ്രയോജനകരമാകുന്ന തരത്തിൽ ഒരു മിനി സ്റ്റേഡിയം പ്രസ്തുത സ്ഥലത്ത് നടപ്പിലാക്കുന്ന കാര്യം ഫിഷറീസ് വകുപ്പിന്റെ പരിഗണനയിലാണ്.

9) എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് സംവരണം സംബന്ധിച്ച് ശ്രീ. ടി. വി. രാജേഷ്, എം.എൽ.എ.-യുടെ സബ്മിഷന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി, പ്രൊഫ. സി. രവീന്ദ്രനാഥ് മേശപ്പുറത്തുവച്ച മറുപടി

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായ എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേനയല്ല നടത്തുന്നത്. 1958-ലെ കേരള വിദ്യാഭ്യാസ ആക്ടിലെ 11-ാം വകുപ്പുപ്രകാരം എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനാധികാരം അതത് മാനേജരിൽ നിക്ഷിപ്തമാണ്. 1959-ലെ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 14 (എ), ചട്ടം 1 പ്രകാരം നിശ്ചിതയോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ മാനേജർക്ക് എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക തസ്തികകളിൽ നിയമിക്കാവുന്നതാണ്. സമാനരീതിയിലാണ് എയ്ഡഡ് സ്കൂളുകളിൽ അനദ്ധ്യാപകരെയും നിയമിക്കുന്നത്. ഇപ്രകാരം നിയമനാധികാരിയായ മാനേജർ നടത്തുന്ന നിയമനങ്ങൾ ചട്ടപ്രകാരമാണെങ്കിൽ, അത് വിദ്യാഭ്യാസ ആഫീസർമാർ അംഗീകരിക്കേണ്ടതാണ്. കേരള വിദ്യാഭ്യാസ നിയമത്തിലെ ചട്ടങ്ങൾ അനുസരിച്ചാണ് എയ്ഡഡ് സ്കൂളുകളിൽ നിയമനം നടത്തുന്നത്.

# അനുബന്ധം IV

## ചട്ടം 300 അനുസരിച്ച് മുഖ്യമന്ത്രി നടത്തിയ പ്രസ്താവന

### പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ

ഈ നൂറ്റാണ്ടിൽ കേരളംകണ്ട ഏറ്റവും വലിയ കാലവർഷക്കെടുതിയാണ് 2018 ആഗസ്റ്റ് മാസത്തിലുണ്ടായത്. നമ്മുടെ നാട്ടിൽ വികസിച്ചുവന്ന നവോത്ഥാന പാരമ്പര്യവും മതനിരപേക്ഷ സംസ്കാരവും സൃഷ്ടിച്ച കൂട്ടായ്മയുടെ അടിത്തറയിൽ നിന്നുകൊണ്ട് ആ ദുരന്തത്തെ അതിജീവിക്കാൻ നമുക്കായി.

സർക്കാർ സംവിധാനങ്ങളും ബഹുജനങ്ങളും എണ്ണയിട്ട യന്ത്രം കണക്കെ രക്ഷാപ്രവർത്തനത്തിൽ മുഴുകി. ലോകത്തെമ്പാടുമുള്ള ജനതയുടെ പ്രത്യേകിച്ചും മലയാളികളുടെ നാടിനോടുള്ള അഗാധമായ സ്നേഹവും ഈ ദുരന്ത ഘട്ടത്തിൽ നമ്മുടെ അതിജീവനത്തിന് കരുത്തായിത്തീർന്നു.

### നമ്മുടെ നഷ്ടങ്ങൾ

വന്നുചേർന്നിട്ടുള്ള നഷ്ടങ്ങൾ പലതും നികത്താനാവാത്തതാണെന്ന് വിസ്മരിക്കേണ്ടതില്ല. നമ്മോടൊപ്പം ഇനിയും കഴിയേണ്ടിയിരുന്ന 435 സഹോദരങ്ങളുടെ ജീവനാണ് ഈ ദുരന്തം തട്ടിപ്പറിച്ചത്. പകലന്തിയോളം അദ്ധ്വാനിച്ച് ഒരുക്കൂട്ടിയ സമ്പാദ്യങ്ങൾ നഷ്ടപ്പെടുന്നത് കണ്ണീരോടെ നോക്കിനിൽക്കേണ്ടിവന്നവരുടെ മാനസികവ്യഥയും നഷ്ടങ്ങളും ഈ ദുരന്തത്തിന്റെ ബാക്കിപത്രങ്ങളായിരുന്നു.

ഐക്യരാഷ്ട്രസഭയുടെ ഏജൻസികൾ ആധുനികമായ മാനദണ്ഡങ്ങൾ അനുസരിച്ച് ശാസ്ത്രീയമായി തിട്ടപ്പെടുത്തിയപ്പോൾ 26,718 കോടി രൂപയുടെ നഷ്ടവും പുനർനിർമ്മാണത്തിന് 31,000 കോടി രൂപ ആവശ്യമാണെന്നുമാണ് കണക്കാക്കിയിട്ടുള്ളത്. തലമുറകളായി ആഘാതം സൃഷ്ടിക്കുന്ന പാരിസ്ഥിതിക നഷ്ടത്തിന്റെ നികത്താനാവാത്ത കണക്ക് വേറെയുമുണ്ട്.

### അതിജീവനത്തിന്റെ പാഠങ്ങൾ

ദുരന്തത്തിൽ തകർന്ന ജനതയല്ല, ഒറ്റക്കെട്ടായി നിന്ന് ദുരന്തങ്ങളെ അതിജീവിച്ച ജനതയാണ് നാമെന്ന് ലോകം മുമ്പാകെ അഭിമാനപൂർവ്വം കാണിച്ചുകൊടുക്കാൻ കഴിയുന്ന പ്രവർത്തനമാണ് നാം ആവിഷ്കരിക്കുന്നത്. അതിന് കേരളത്തിലെ ജനതയുടെ ഐക്യം അടിസ്ഥാനമാണെന്ന് തിരിച്ചറിഞ്ഞ് മുന്നോട്ടുപോകാനുള്ള ഇടപെടലായിരിക്കും ഇത്.

ഇത്തരത്തിലൊരു സമഗ്ര സമീപനം സ്വീകരിക്കുമ്പോൾ തന്നെ ആദ്യഘട്ടത്തിൽ ആസ്തികളുടെ പ്രയോഗക്ഷമത ഉറപ്പുവരുത്താൻ ആവശ്യമായ അറ്റകുറ്റപ്പണികളും അതിനായുള്ള നിക്ഷേപവും നടത്തേണ്ടതുണ്ട്. ദുരന്തത്തിന്റെ ശേഷിപ്പായി നമ്മുടെ പൊതു ആസ്തികളെല്ലാം വല്ലാതെ കേടുപാടുകൾ നേരിട്ടതാണ്. ഈ പശ്ചാത്തലത്തിൽ ഇത്തരം അറ്റകുറ്റപ്പണികൾക്ക് നല്ലൊരു തുക ചെലവഴിക്കേണ്ട സാഹചര്യമുണ്ട്. കഴിയുന്നത്ര പെട്ടെന്നുതന്നെ ദുർവ്യയങ്ങൾ ഒഴിവാക്കി ഈ ഘട്ടത്തിലേറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ പൂർത്തയാക്കുന്നതിനാണ് ഇപ്പോൾ ഊന്നൽ നൽകിയിരിക്കുന്നത്.

ശാസ്ത്രീയമായ പഠനങ്ങളുടെയും പ്രവാസികളുൾപ്പെടെ പുതിയ നിർമ്മാണ സാങ്കേതികവിദ്യകളിൽ അറിവും പരിചയവും അനുഭവവുമുള്ളവരുടെയെല്ലാം അഭിപ്രായങ്ങൾകൂടി പരിഗണിച്ചായിരിക്കും പുനർനിർമ്മാണം നടത്തുക. ഈ നിർമ്മാണത്തിലാവട്ടെ ഭാവിയിലെ വെല്ലുവിളികൾ നേരിടുകയും വരുംതലമുറകളുടെ പ്രതീക്ഷകൾ നിറവേറ്റുകയും ചെയ്യുന്ന തരത്തിലുള്ള കേരളത്തിന്റെ പുനർനിർമ്മാണം ഉറപ്പാക്കുകയാണ് രണ്ടാം ഘട്ടം. ഇതിനുള്ള അടിസ്ഥാന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ തന്നെ രണ്ട് മൂന്ന് മാസങ്ങളെങ്കിലും വേണ്ടിവരും. അതിനാലാണ് ജനജീവിതത്തിൽ സ്തംഭനമുണ്ടാകുന്നത് ഒഴിവാക്കാൻ അടിയന്തരമായ അറ്റകുറ്റപ്പണികൾ നാം ചെയ്യേണ്ടിവരുന്നത്. ഇത്തരം പ്രവർത്തനങ്ങൾ നമ്മുടെ വിഭവപരിമിതികൾ കൂടി കണക്കിലെടുത്ത് കൃത്യമായ മുൻഗണനാക്രമം നിശ്ചയിച്ചുകൊണ്ടുവേണം നടപ്പിലാക്കാൻ. ഇതും വലിയ വെല്ലുവിളിയായിട്ടാണ് നമ്മുടെ മുന്നിലുള്ളത്.

## പുനർനിർമ്മാണം എങ്ങനെ?

പുനർനിർമ്മാണത്തിനായുള്ള മുന്നൊരുക്കം ഇതോടൊപ്പംതന്നെ നടപ്പിലാക്കുന്നതിനുള്ള ഇടപെടലും നടത്തും. പുനർനിർമ്മാണം എന്നത് കാലവർഷക്കെടുതിക്ക് മുമ്പുണ്ടായിരുന്ന അവസ്ഥ പുന:സ്ഥാപിക്കുകയല്ല. പാരിസ്ഥിതികമായ സവിശേഷതകളും ജനങ്ങളുടെ ജീവനോപാധികളും നമ്മുടെ കാർഷിക സംസ്കൃതി സംരക്ഷിച്ചുകൊണ്ടുള്ള ഒരു കാഴ്ചപ്പാട് വികസിച്ചു വരേണ്ടതുണ്ട്.

അതിനായി ലോകത്തെമ്പാടുമുള്ള അനുഭവങ്ങളെ ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുപോകാനുള്ള ഇടപെടലാണ് നടത്താനുദ്ദേശിക്കുന്നത്. ഇങ്ങനെ അറിവുകൾ സ്വീകരിക്കുമ്പോൾ അത് നമ്മുടെ നാടിന്റെ സവിശേഷതകൾക്കൊപ്പിച്ച് രൂപപ്പെടുത്തുകയെന്ന ശ്രമകരമായ ഉത്തരവാദിത്വവും ഏറ്റെടുക്കും.

<u>പ്രളയദുരന്തം-വിഭവ ലഭ്യത, ചെലവുകൾ</u>

പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ 27-11-2018 വരെ ലഭ്യമായ തുക (ഇതുവരെ സാലറി ചലഞ്ച് മുഖേന സമാഹരിച്ച തുകയും ഇതിൽപ്പെടും) 2683.18 കോടി രൂപയാണ്. ഇതുവരെ ചെലവായ തുകയാവട്ടെ 688.48 കോടി രൂപയും. ഇതിനുപുറമെ വീടുകളുടെ നാശനഷ്ടത്തിന് സി.എം.ഡി.ആർ.എഫ്.-ൽ നിന്നും 1357.78 കോടി രൂപയും ചെലവ് പ്രതീക്ഷിക്കുന്നു.

ലോകബാങ്കിന്റെയും ഐക്യരാഷ്ട്ര സംഘടനയുടെ കീഴിലുള്ള ഏജൻസികളുടെയും സൂചികപ്രകാരം നാശനഷ്ടങ്ങൾ പരിഹരിക്കാൻ 31,000 കോടി രൂപ മുതൽമുടക്കേണ്ടതുണ്ട്.

ദേശീയ ദുരന്തനിവാരണ നിയമപ്രകാരം രൂപീകരിച്ച സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ 987.73 കോടി രൂപയാണ് ലഭ്യമായിട്ടുള്ളത്. ഇതിൽ 586.04 കോടി രൂപ നാളിതുവരെ ചെലവായിട്ടുണ്ട്. നിലവിൽ 706.74 കോടി രൂപകൂടി ലഭ്യമായാലേ നാളിതുവരെയുള്ള ബാധ്യത തീർക്കാനാവുകയുള്ളൂ. ഇതിൽ കേന്ദ്രസർക്കാരിനുതന്നെ റേഷൻ ഇനങ്ങളിലും രക്ഷാ പ്രവർത്തനത്തിനായി വിമാനങ്ങൾ ഉപയോഗിച്ചതിനുമായി 290.74 കോടി രൂപ നൽകേണ്ടതുണ്ടെന്നതാണ് നിലവിലുള്ള സ്ഥിതി.

എസ്.ഡി.ആർ.എഫ്.-ലുള്ള തുക മുഴുവൻ വിനിയോഗിച്ചാലും ബാധ്യതപ്പെട്ട തുക മുഴുവൻ കൊടുത്തുതീർക്കാൻ നിലവിലുള്ള ഫണ്ട് പര്യാപ്തമല്ല.

<u>കേരള പുനർനിർമ്മാണ പദ്ധതി (RKI)</u>

നമ്മുടെ പുനർനിർമ്മാണം എങ്ങനെ നടത്താമെന്നത് സംബന്ധിച്ച ഒരു കാഴ്ചപ്പാട് സർക്കാർ മുന്നോട്ടുവച്ചിട്ടുണ്ട്. ആസൂത്രണത്തിലും നിർമ്മാണത്തിലും വേഗതയും കാര്യക്ഷമതയും ഉൾക്കൊണ്ടുള്ളതാണത്. കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative) എന്ന പേരിലാണ് അതറിയപ്പെടുന്നത്.

ദുരന്തത്തെ അതിജീവിക്കാൻ പറ്റുന്നവിധം ആസ്തികളെയും ജീവിതോപാധികളെയും സംരക്ഷിക്കാൻ കഴിയുന്ന വിധമുള്ള ഒന്നായാണ് ഇത് വിഭാവനം ചെയ്തിട്ടുള്ളത്. അതോടൊപ്പം ദുരന്തബാധിതരെ സാധാരണ ജീവിതത്തിലേക്ക് വേഗം മടക്കിക്കൊണ്ടുവരാനാവുക എന്ന സുപ്രധാനമായ കാഴ്ചപ്പാടും ഇത് മുന്നോട്ടുവയ്ക്കുന്നു. സമൂഹത്തിലെ ഏറ്റവും പിന്നോക്കംകിടക്കുന്ന ജനവിഭാഗങ്ങളുടെ പ്രശ്നങ്ങളെ പ്രത്യേകമായി കണ്ടുകൊണ്ടുള്ള പുനർനിർമ്മാണമാണ് ലക്ഷ്യംവയ്ക്കുന്നത്.

## പ്രകൃതിക്കനുയോജ്യമായ നിർമ്മാണങ്ങൾ

പ്രളയംപോലുള്ള പ്രകൃതിദുരന്തങ്ങളിൽ തകർന്നുപോകാത്ത നിർമ്മാണങ്ങളാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ഭൂമിശാസ്ത്രപരവും പാരിസ്ഥിതികവുമായ സവിശേഷതകളെ ഉൾക്കൊണ്ടുകൊണ്ടുള്ള നിർമ്മാണമാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

റോഡുകളെ ഉയർത്തിക്കൊണ്ടും നീരൊഴുക്കിനുള്ള ശേഷി മെച്ചപ്പെടുത്തിക്കൊണ്ടും മാത്രമേ ഇത് നടപ്പിലാക്കാനാവൂ. മണ്ണിടിച്ചിൽ സാദ്ധ്യതയുള്ള സ്ഥലങ്ങളുടെ സംരക്ഷണം എന്നതും പ്രധാനമായി കണ്ടുകൊണ്ടുള്ള ഇടപെടലാണിത്. സ്വാഭാവിക പ്രകൃതിയെ സംരക്ഷിച്ചുകൊണ്ടും മനുഷ്യവാസ കേന്ദ്രങ്ങളെ നിലനിർത്തുകയും ചെയ്തുകൊണ്ടുള്ള സമീപനമായിരിക്കും ഇതിലുണ്ടാവുക. പ്രാദേശിക-കാലാവസ്ഥാ സവിശേഷതകളുമായി പൊരുത്തപ്പെടുന്ന മെച്ചപ്പെട്ട നൂതന സാങ്കേതികവിദ്യകൾ ഉപയോഗിക്കുക എന്നതും പ്രധാനമാണ്. നാടിന് ചേർന്ന സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മാണം പൂർത്തീകരിക്കപ്പെടുമ്പോൾ ഇതിലൂടെ നിർമ്മാണം ഏറെക്കാലം നിലനിർത്താൻ മാത്രമല്ല, പാരിസ്ഥിതികമായ തകർച്ചയെ ലഘൂകരിക്കാനും സാദ്ധ്യമാകും. അങ്ങനെ നാം ചെലവിടുന്ന പണം നാടിന്റെ വികസനത്തിന് ഉപയോഗിക്കാൻ കഴിയും.

മണ്ണിന്റെ ഘടനാപരമായ സവിശേഷതകളും ഭൗമരൂപ-ജലശേഖര പഠനങ്ങൾ ഉൾപ്പെടെയുള്ള മെച്ചപ്പെട്ട സാങ്കേതിക സംവിധാനങ്ങളും ഉൾക്കൊണ്ടായിരിക്കും പുനർനിർമ്മാണ പദ്ധതി തയ്യാറാക്കുക. പദ്ധതികളുടെ ദീർഘകാല നിലനിൽപ്പിനും ദുരന്തങ്ങളെ അതിജീവിക്കാനുള്ള ശേഷിയും ഇതുവഴി ഉറപ്പുവരുത്താനാവും. അതിനുതകുന്നവിധത്തിലുള്ള മാറ്റങ്ങൾ പദ്ധതി രൂപകല്പനകളിൽ വരുത്തുന്നതിന് ശ്രദ്ധിക്കുന്നതാണ്. ഇതിനായി ഓർഗാനിക് ആർക്കിടെക്ചർ (ജൈവിക വാസ്തുവിദ്യ) മാതൃകകളും പരമാവധി ഉപയോഗപ്പെടുത്തുന്ന രീതിയായിരിക്കും അവലംബിക്കുക.

## നൂതനവും ആധുനികവുമായ സാങ്കേതികവിദ്യകൾ

പാരിസ്ഥിതിക സംരക്ഷണത്തെ പ്രധാനമായി കണ്ടുകൊണ്ട് വിഭവ ഉപയോഗത്തിൽ മിതത്വം പുലർത്തും. കാര്യക്ഷമതയുള്ള സാങ്കേതിക വിദ്യകളിലേയ്ക്കും നിർവ്വഹണ രീതികളിലേയ്ക്കും മാറുന്നതിനുള്ള അവസരമായി ഈ സാഹചര്യത്തെ പ്രയോജനപ്പെടുത്തുന്ന സമീപനമുണ്ടാകും.

ചില നിർമ്മാണവസ്തുക്കൾക്ക് ആവശ്യമായ പ്രാഥമിക ചെലവ് ഉയർന്നതാകാം. എന്നാൽ തേയ്മാനമില്ലാതെ നിലനിൽക്കുക വഴി ദീർഘകാലാടിസ്ഥാനത്തിൽ അത് കൂടുതൽ ലാഭകരമായിരിക്കും. അതിലൂടെ നിർമ്മാണങ്ങളുടെ ദീർഘകാല നിലനിൽപ്പ് ഉറപ്പുവരുത്താൻ കഴിയും. കൂടുതലായി ചെലവഴിക്കപ്പെടുന്ന തുക അതുകൊണ്ടുതന്നെ അധികമായിത്തീരുകയില്ല.

ആധുനികവും നൂതനവുമായ സാങ്കേതികവിദ്യകളുടെ ഉപയോഗം ഈ പദ്ധതിയുടെ ഏറ്റവും പ്രധാനമായ സവിശേഷതയായിരിക്കും. അതിലൂടെ ഏറ്റെടുക്കപ്പെടുന്ന പദ്ധതികൾ ഏറ്റവും നവീനമായ രീതിയിൽ നടപ്പാക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താൻ കഴിയും. ഉപഭോക്തൃവിഭവ ഉപയോഗത്തിൽ സ്മാർട്ട് ടെക്നോളജികളുടെ ഉപയോഗം കൊണ്ടുവരുന്നതുവഴി ദുരന്ത സാദ്ധ്യതയുടെ ശാസ്ത്രീയ പ്രവചന സംവിധാനങ്ങൾ രൂപപ്പെടുത്താൻ പറ്റുന്ന സ്ഥിതിയുണ്ടാകും. അതിലൂടെ ദുരന്തങ്ങളെ മുൻകൂട്ടി അറിയുന്നതിനും ദുരന്തസമയത്ത് പെട്ടെന്ന് ഒഴിപ്പിക്കൽ മാർഗ്ഗങ്ങൾ കൊണ്ടുവരുന്നതിനും സഹായകമാവും.

ദുരിതാശ്വാസ പ്രവർത്തനത്തിന് സഹായകരമായ സംവിധാനങ്ങളെയും ഇതുവഴി വികസിപ്പിക്കാനാവും. ഭാവിയിൽ ദുരന്തനിവാരണത്തിൽ ഇടപെടുന്നതിനുള്ള സംസ്ഥാനത്തിന്റെ ശേഷി വർദ്ധിപ്പിക്കാനും ദുരന്തത്തിന്റെ ആഘാതം ഏറ്റവും കുറച്ചുകൊണ്ടുവരുന്നതിനും ഇത്തരം സമീപനം സഹായകമായിരിക്കും.

ഭാവികാല ദുരന്ത പരിപാലനത്തിന് സുസ്ഥിരമായ സംവിധാനങ്ങൾ രൂപപ്പെടുത്താൻ കഴിയുക എന്നതും പ്രധാനമാണ്. അതിനായി കാലാവസ്ഥ, മഴ ലഭ്യത, മണ്ണുഘടന തുടങ്ങി വിവിധ ഘടകങ്ങളുടെ വിപുലമായ ശേഖരം തയ്യാറാക്കപ്പെടേണ്ടതുണ്ട്. നിലവിലുള്ള ഡാറ്റ അനലറ്റിക്സ് സിസ്റ്റങ്ങൾ പോലുള്ള ആധുനിക വിവരസംവേദന സാങ്കേതികവിദ്യാ സംവിധാനങ്ങളെയും ഇതിനായി ഉപയോഗപ്പെടുത്താൻ കഴിയും. ഇതിനെയൊക്കെ ഏറ്റവും ഫലപ്രദമായി ഉപയോഗിക്കുന്ന ദുരന്ത പരിപാലന-നിരീക്ഷണ സംവിധാനങ്ങളാണ് രൂപപ്പെടുത്താൻ ഉദ്ദേശിക്കുന്നത്.

## നീതിപൂർവ്വ പുനരധിവാസ നടപടികൾ

പുനരധിവാസത്തിനായുള്ള നടപടികളെല്ലാം തയ്യാറാക്കപ്പെടുന്നത് ദുരന്തബാധിത ജനങ്ങളെയും ദുരന്തബാധിത കുടുംബങ്ങളെയും കണക്കിലെടുത്തു കൊണ്ടാവണം. അവർക്ക് നേരിട്ട ആഘാതവും അവരുടെ സാമൂഹിക സാമ്പത്തിക നിലവാരവും ഇതിൽ പരിഗണിക്കണം. ഇതുകൂടി ഉൾക്കൊണ്ടുകൊണ്ടാണ് പുനരധിവാസത്തിനുള്ള പ്രവർത്തന പദ്ധതിയും സമയക്രമവും നിശ്ചയിക്കപ്പെടുന്നത്.

## കാര്യക്ഷമത ഉറപ്പാക്കൽ

പദ്ധതികൾ കാര്യക്ഷമമായി ദീർഘകാലം പ്രവർത്തിക്കണമെങ്കിൽ അവയുടെ നടത്തിപ്പിന് ചുമതലപ്പെട്ട ഏജൻസികളുടെ സാങ്കേതികവും നിർവ്വഹണപരവുമായ ശേഷി വളരെ പ്രധാനമാണ്. അതിനാൽ Rebuild Kerala Initiative-ന്റെ കീഴിൽ, ബന്ധപ്പെട്ട സർക്കാർ ഏജൻസികളുടെയും വകുപ്പുകളുടെയും ശേഷി വികസനത്തിനുള്ള നടപടികളുണ്ടാകും. സാങ്കേതിക സ്ഥാപനങ്ങളുടെ സഹായവും ആഗോളതല മികവുറ്റ സങ്കേതങ്ങളുടെ മാതൃകകളും ഇതിനായി ഉപയോഗപ്പെടുത്തും.

## ആസ്തി പരിപാലന ചട്ടക്കൂടുകളുടെ രൂപീകരണം

പൊതുമുതൽ ഉപയോഗിച്ച് നിർമ്മിക്കപ്പെടുന്ന ആസ്തികളുടെ നിലനിൽപ്പ് ഉറപ്പാക്കാനാകുന്ന പൊതു ആസ്തി പരിപാലന സംവിധാനങ്ങൾ ഉണ്ടാവുക എന്നത് പ്രധാനമാണ്. റോഡുകളുടെ പരിപാലനവും അതിനായി നീക്കിവയ്ക്കാനാകുന്ന ധനവിഭവ പരിമിതിയും നാം നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നമാണ്. ഇത് മറികടക്കുന്നതിന് മറ്റ് പല രാജ്യങ്ങളിലും വിജയകരമായി നടപ്പാക്കപ്പെട്ടിട്ടുള്ള മാതൃകകൾ നമുക്ക് സ്വീകരിക്കാനാവണം. അതിനായി പ്രാദേശിക സമൂഹത്തിന്റെ പങ്കാളിത്തവും ചുമതലയും ഉറപ്പാക്കുന്നതിനുള്ള സാദ്ധ്യതയും പരിശോധിക്കുന്നതാണ്.

## പ്രക്രിയകളുടെയും നടപടികളുടെയും ലഘൂകരണം

വളരെ വിപുലമായ പുനർനിർമ്മാണ പ്രവർത്തനമാണ് നമുക്ക് ഏറ്റെടുക്കാനുള്ളത്. അതുകൊണ്ടുതന്നെ പെട്ടെന്നുള്ള തീരുമാനങ്ങളെടുക്കാനും അത് നടപ്പിലാക്കാനും കഴിയേണ്ടതുണ്ട്. അതിനായി ചുവപ്പുനാടകളിൽ നിന്ന് വിമുക്തമായ രീതിയിൽ ഇതിനെ മുന്നോട്ടുകൊണ്ടുപോകും. അതോടൊപ്പം തന്നെ പ്രവർത്തനത്തിലെ സുതാര്യതയും സമ്പത്തിന്റെ ഉപയോഗത്തിലുള്ള കൃത്യതയും ഉറപ്പാക്കാൻ കഴിയണം.

## പ്രവർത്തന പരിപാടി

പ്രളയബാധിത പ്രദേശങ്ങളുടെ പുനരുദ്ധാരണ-പുനർനിർമ്മാണ ആവശ്യങ്ങൾ പൊതുവായി താഴെപ്പറയുന്ന വിഭാഗങ്ങളിൽപ്പെടുന്നു.

a) തദ്ദേശഭരണ സ്ഥാപനങ്ങളുടെ റോഡുകളുടെ പുനർനിർമ്മാണം

b) വീടുകളുടെ പുനർനിർമ്മാണം

c) ഉപജീവനോപാധികളുടെ വീണ്ടെടുപ്പ്

d) PWD റോഡുകളുടെയും പാലങ്ങളുടെയും അറ്റകുറ്റപ്പണിയും പുനർനിർമ്മാണവും

e) പൊതുകെട്ടിടങ്ങളുടെ വലിയ അറ്റകുറ്റപ്പണികളും പുനർ നിർമ്മാണവും. ഇവയെല്ലാം ഏറെ പ്രധാനപ്പെട്ട ദൗത്യമായി കേരള പുനർനിർമ്മാണ പദ്ധതിയുടെ മുമ്പിൽ വരുന്നതാണ്.

## പരിസ്ഥിതി സൗഹൃദപരമായ ഇടപെടൽ

ഗണ്യമായ തോതിൽ പരിസ്ഥിതി സംരക്ഷണ പ്രകൃതി സൗഹൃദ ഇടപെടലുകൾ ആവശ്യമായ വികസന പദ്ധതികളും ഇതിന്റെ ഭാഗമായി ഉയർന്നുവരുന്നുണ്ട്. അവയെ പ്രത്യേകമായി കണ്ടുകൊണ്ട് ഇടപെടാനാവണം.

വിവിധ പ്രദേശങ്ങളിൽ ആ മേഖലയിലെ പാരിസ്ഥിതിക പ്രശ്നങ്ങളെക്കൂടി കണക്കിലെടുത്തുകൊണ്ടാവണം ഇത് നടപ്പിലാക്കേണ്ടത്. ചില പ്രദേശങ്ങളുടെയും മേഖലകളെയും ഈ സവിശേഷതയോടെ കാണാനാവണം.

i. കുട്ടനാട് പ്രദേശം;

ii. പുഴയോരങ്ങളുടെയും പാരിസ്ഥിതിക ദുർബലമേഖലകളുടെയും സംരക്ഷണം;

iii. രൂക്ഷമായ കടലാക്രമണത്തിനും മനുഷ്യവാസ കേന്ദ്രങ്ങളുടെ നഷ്ടത്തിനും സാദ്ധ്യതയുള്ള തീരപ്രദേശങ്ങളുടെ സംരക്ഷണം;

iv. കനാലുകളുടെ നീരൊഴുക്കുശേഷി ഉയർത്തലും പ്രളയസാദ്ധ്യത കുറയ്ക്കലും ഉൾപ്പെടെ ജലശേഖരങ്ങളുടെ സംരക്ഷണത്തിനും പരിപോഷണത്തിനും സുസ്ഥിര ഉപയോഗത്തിനുമുള്ള പ്രവർത്തനങ്ങൾ;

v. മണ്ണിടിച്ചിൽ സാദ്ധ്യത ഒഴിവാക്കുന്നതിനും മണ്ണിടിച്ചിൽ ഉണ്ടായ ഇടങ്ങളുടെ വീണ്ടെടുപ്പിനുമുള്ള നടപടികൾ, വയനാട്ടിലെയും ഇടുക്കിയിലെയും മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും സാദ്ധ്യതയുള്ള പ്രദേശങ്ങളുടെ പരിസ്ഥിതി സൗഹൃദ-സുസ്ഥിര വികസനവും ദുരന്ത സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ നിന്ന് ആളുകളെ മാറ്റിപ്പാർപ്പിക്കുന്നതും ഉൾപ്പെടെയുള്ള നടപടികൾ.

<u>തന്ത്രപ്രധാനമായ വലിയ വികസന പദ്ധതികൾ</u>

ഇതോടൊപ്പം തന്ത്രപ്രധാനമായ ചില വികസന പദ്ധതികളും ഇതിന്റെ ഭാഗമായി മുന്നോട്ടുവയ്ക്കുന്നുണ്ട്. അവ താഴെപ്പറയുന്നവയാണ്.

i. മുഖ്യ വ്യവസായ വാണിജ്യ കേന്ദ്ര സ്ഥാനമെന്ന നിലയ്ക്ക് കൊച്ചിയുടെ സമഗ്ര വികസനം;

ii. പ്രധാന മെട്രോ നഗരങ്ങളായ തിരുവനന്തപുരത്തിന്റെയും കോഴിക്കോടിന്റെയും സമഗ്ര പശ്ചാത്തല സൗകര്യ വികസനത്തിനുള്ള പദ്ധതി;

iii. പതിനാല് ജില്ലകളിലും ഭാവികേരളത്തെ അടയാളപ്പെടുത്തുന്ന തരത്തിലുള്ള മാതൃകാ പദ്ധതികൾ;

iv. പാർശ്വവത്ക്കരിക്കപ്പെട്ട ആദിവാസി, തീരദേശത്തെ മത്സ്യ ത്തൊഴിലാളി മേഖലകളുടെ സമഗ്ര പുനരധിവാസ വികസന പദ്ധതികൾ;

ഇവയ്ക്കോരോന്നിനും നിർവ്വഹണത്തിലും ധനവിഭവ ആവശ്യത്തിലും വ്യത്യസ്തമായ സമീപനങ്ങളാണ് ആവശ്യമായുള്ളത്. അവ ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടിവരും.

RKI ആസൂത്രണവും പദ്ധതി രൂപീകരണവും

മേൽപ്പറഞ്ഞ കാഴ്ചപ്പാടിനനുസൃതമായ രീതിയിൽ പദ്ധതി ആവിഷ്കരിക്കുന്നതിനാവശ്യമായ ചർച്ചകൾ നടത്തേണ്ടിവരും. അതിലൂടെ നൂതനമായ ആശയങ്ങളെ സ്വാംശീകരിക്കുക എന്നതും പ്രധാനമായിത്തീരും. ഇത്തരത്തിൽ കൃത്യമായ പരിശോധന നടത്തിയാകും RKI-ൽ ഉൾപ്പെടുത്തേണ്ട പദ്ധതികൾ തെരഞ്ഞെടുക്കുന്നത്.

നവകേരള നിർമ്മിതിക്കുള്ള യുവജനങ്ങളുടെ താത്പര്യം ഉപയോഗപ്പെടുത്തുക എന്നതും പ്രധാനമായി കാണേണ്ടതുണ്ട്. ഇവരുടെ നൂതനാശയങ്ങളും വിവിധ മേഖലകളിലെ വിപുലമായ അനുഭവസമ്പത്തിൽ നിന്നുളവാകുന്ന പരിജ്ഞാനവും ഉപയോഗപ്പെടുത്താൻ കഴിയണം. ഇത്തരം പ്രവർത്തനങ്ങളിൽ ഭാഗഭാക്കാവുന്നവരിൽ വളരെ ക്രിയാത്മകമായ ആശയങ്ങളുള്ളവരുണ്ടാകും. അതോടൊപ്പം ഭാഗികമോ പൂർണ്ണമോ ആയി വികസിപ്പിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ കൈവശമുള്ളവരുമുണ്ടാകും. ഇത്തരം വ്യക്തികളേയും സ്ഥാപനങ്ങളേയും ഉൾക്കൊണ്ട് മുന്നോട്ടുപോകുക എന്നത് പ്രധാനമാണ്. വിവിധ മേഖലകളിൽ നിന്ന് മുന്നോട്ടുവയ്ക്കപ്പെടുന്ന ആശയങ്ങളെ കൂട്ടിയിണക്കി സമഗ്രമായി ഉപയോഗപ്പെടുത്തുന്നുവെന്നതുകൂടിയാണ് Rebuild Kerala Initiative-ന്റെ മറ്റൊരു സവിശേഷത. മേൽപ്പറഞ്ഞ ലക്ഷ്യത്തോടെ, നൂതന വികസനാശയങ്ങളുടെ സമാഹരണത്തിനും വികസനത്തിനുമായി താഴെപ്പറയുന്ന പ്രവർത്തന പദ്ധതിയാണ് Rebuild Kerala Initiative മുന്നോട്ട് വയ്ക്കുന്നത്.

വികസന സെമിനാറുകൾ

ഈ പദ്ധതി നടപ്പിലാക്കുന്നതിന് ആശയങ്ങൾ സ്വീകരിക്കുക എന്ന സമീപനവും മുന്നോട്ടുവയ്ക്കുന്നുണ്ട്. മേഖലാ, പ്രാദേശിക തലങ്ങളിലായി അച്ചടി-ദൃശ്യ മാധ്യമങ്ങളുമായി ചേർന്ന് വികസന സെമിനാറുകൾ ഇതിന്റെ ഭാഗമായി നടത്തുന്നതാണ്. ദുരിതബാധിത ജില്ലകളിലെ എം.എൽ.എ.-മാരുടെയും എം.പി.-മാരുടെയും നേതൃത്വത്തിൽ മെച്ചപ്പെട്ട പുനർനിർമ്മാണ ആശയങ്ങളുടെ രൂപീകരണത്തിനായി അർത്ഥപൂർണ്ണമായ സംവാദങ്ങൾ നടത്തും. ഇങ്ങനെ രൂപീകരിക്കപ്പെടുന്ന ആശയങ്ങൾ ബന്ധപ്പെട്ട മേഖലയിലെ വിദഗ്ദ്ധരുടെ സഹായത്തോടെ വിശദമായി പരിശോധിച്ച് പ്രോജക്ട് ആശയങ്ങളായി മാറ്റും. ഈ നടപടി Rebuild Kerala Initiative സെക്രട്ടേറിയേറ്റ് നിർവ്വഹിക്കും. തുടർന്ന് അവ പ്രയോഗിക്കുന്നതിനുള്ള പദ്ധതികളായി ഇത് വികസിപ്പിക്കപ്പെടും.

## ആശയ രൂപീകരണം

സവിശേഷ മേഖലകളുമായി ബന്ധപ്പെട്ടും പുനർനിർമ്മാണ ആശയങ്ങളെ ക്കുറിച്ചും പ്രത്യേകമായ ഹാക്കത്തോണുകൾ (സാങ്കേതികവിദ്യ അടിസ്ഥാന പ്പെടുത്തിയ ആശയങ്ങൾ ആവിഷ്കരിക്കുന്നതിനും പങ്കുവയ്ക്കുന്നതിനുമുള്ള സംവിധാനം) സംഘടിപ്പിക്കുന്നതാണ്. ഇവ പ്രധാനമായും സംസ്ഥാനത്തിനു പുറത്തു വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വിദഗ്ധരായ കേരളീയരിൽ നിന്നുള്ള വികസനനിർദ്ദേശങ്ങളുടെ സമാഹരണം ലക്ഷ്യമാക്കിയുള്ളതാണ്.

ആശയവിനിമയം: തങ്ങളുടെ പ്രദേശത്തെ പുനർനിർമ്മാണ പ്രവർത്തനങ്ങളെ ക്കുറിച്ചുള്ള നൂതന ആശയങ്ങൾ രൂപീകരിക്കാനും സംവദിക്കാനുമായി സ്കൂൾ/കോളേജ് തലങ്ങളിൽ അനുയോജ്യമായ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതും ഇതിന്റെ ഭാഗമായി പ്രോത്സാഹിപ്പിക്കും.

തദ്ദേശഭരണ സ്ഥാപനങ്ങൾ കണ്ടെത്തുന്ന പദ്ധതികൾ: ഒന്നിലേറെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഉൾപ്പെടുന്നതും പ്രസ്തുത മേഖലയുടെ പൊതു ആവശ്യമായതുമായ പദ്ധതികൾ ആവിഷ്കരിക്കും. രണ്ടോ മൂന്നോ മുഖ്യ അടിസ്ഥാന സൗകര്യവികസന പദ്ധതികൾ ജില്ലാ പഞ്ചായത്തുകളുടെയും മുനിസിപ്പൽ കോർപ്പറേഷനുകളുടെയും നേതൃത്വത്തിൽ രൂപീകരിക്കുന്നതാണ്.

## സർക്കാർ വകുപ്പുകൾ കണ്ടെത്തുന്ന പദ്ധതികൾ

ജല അതോറിറ്റി, ജലസേചന വകുപ്പ്, പൊതുമരാമത്തു വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികളും ഇതിന്റെ ഭാഗമായി ആവിഷ്കരിക്കും. സംസ്ഥാനത്തിന്റെ ഭാവിവികസനത്തിന് പൊതുവേ ഗുണകരമായ മാറ്റം ഉണ്ടാക്കുന്നതായിരിക്കും അവ. മാത്രമല്ല, ദുരന്തസാദ്ധ്യതയുള്ള പ്രദേശങ്ങൾക്ക് സഹായസംവിധാനം ഒരുക്കുന്നതുമായ പദ്ധതികളും അതിലുൾപ്പെടും. അവരുടെ വാർഷിക പദ്ധതി ബഡ്ജറ്റിനുപരിയായി ഇത്തരം കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിനും നിർദ്ദേശിക്കാവുന്നതാണ്.

## മുഖ്യ പശ്ചാത്തല സൗകര്യ വികസന പദ്ധതികൾ

മുഖ്യമായ പശ്ചാത്തല സൗകര്യവികസന പദ്ധതികൾ എന്നത് പ്രധാനമായും പദ്ധതി കൂട്ടാളിയാൽ (അതൊരു സ്പോൺസറോ, കമ്പനിയോ, പ്രാദേശിക കൂട്ടായ്മകളോ ആകാം) നയിക്കപ്പെടുന്നതായിരിക്കും. മാത്രമല്ല, ഇവ മാതൃകാ പദ്ധതികളോ വ്യക്തമായി നിർവചിക്കാവുന്ന പരിധികളോടുകൂടിയ വലിയ പ്രോജക്ടുകളോ ആയിരിക്കും. ഇതിന്റെ ചെലവുകൾ സ്വയംപര്യാപ്തമായ രീതിയിലോ ചെറിയൊരു ഭാഗം ഗ്യാപ്പ് ഫണ്ടിംഗ് സർക്കാരിൽനിന്നും ലഭ്യമാക്കി ലാഭകരമായി പ്രവർത്തിക്കാനാകുന്നതോ ആയിരിക്കും.

• ആശയരൂപീകരണ ഹാക്കത്തോണുകളുടെ നടത്തിപ്പ്, നവീനാശയ കൈമാറ്റങ്ങൾക്കുള്ള വേദി, പ്രോജക്ട് നിർദ്ദേശങ്ങൾ സമർപ്പിക്കൽ, എന്നിവ ഓൺലൈനിലൂടെ കൈകാര്യം ചെയ്യുന്ന രീതിയായിരിക്കും ഉണ്ടാവുക. പദ്ധതി പരിശോധനകളും അംഗീകാരങ്ങളും ഇതിലൂടെ തന്നെ നടപ്പിലാക്കാനാവും. ഈ സംവിധാനം താമസംവിനാ തയ്യാറാക്കി പ്രവർത്തനക്ഷമമാക്കും.

• നിർവ്വഹണത്തിനായി നിർദ്ദേശിക്കപ്പെടുന്ന പദ്ധതികളുടെ ഗുണഭോക്തൃ സ്വീകാര്യത അറിയുന്നതിനായുള്ള ഇ-പോളിംഗ് സംവിധാനം ഏർപ്പെടുത്തും. മേൽപ്പറഞ്ഞ ഓൺലൈൻ സംവിധാനത്തിന്റെ ഭാഗമായിരിക്കുമിത്. Rebuild Kerala Initiative-ലെ എല്ലാ പദ്ധതികളും ഉപദേശക സമിതിയുടേയും മന്ത്രിതല സമിതിയുടേയും അംഗീകാരത്തിനു സമർപ്പിക്കുന്നതായിരിക്കും. ഇതിന് മുമ്പായി ഒന്നോ രണ്ടോ ആഴ്ച പദ്ധതി കൂട്ടാളികളുടെ അഭിപ്രായങ്ങൾക്കായി പ്രസ്തുത ഓൺലൈൻ സംവിധാനത്തിൽ അപ്‌ലോഡ് ചെയ്യും.

പോർട്ടൽ വഴി ലഭ്യമാക്കുന്ന വിവിധ നിർദ്ദേശങ്ങൾക്ക് ഇത്തരത്തിൽ ബന്ധപ്പെട്ടവരുടെ സ്വീകാര്യതകൂടി കണ്ടെത്തിയായിരിക്കും പരിഗണിക്കുക. പദ്ധതി തെരഞ്ഞെടുപ്പിന്റെ നീതിയുക്തതയും കരുത്തും വർദ്ധിപ്പിക്കുന്നതിന് ഇത് സഹായകമാവും.

<u>ക്രൗഡ് ഫണ്ടിംഗ്</u>

31,000 കോടി രൂപ പുനർനിർമ്മാണത്തിന് ആവശ്യമുണ്ടെന്നാണ് യു.എൻ. ഏജൻസികളുടെ കണക്കുകളിലൂടെ വ്യക്തമാകുന്നത്. ഈ പണം സ്വരൂപിക്കുക എന്നത് എളുപ്പമുള്ള കാര്യമല്ല. അതിനുവേണ്ടി വിവിധതരത്തിലുള്ള വിഭവസമാഹരണ രീതികൾ ആവിഷ്കരിക്കേണ്ടിവരും.

വിഭവസമാഹരണത്തിന്റെ മാർഗ്ഗങ്ങളിൽ ഒന്നാണ് ക്രൗഡ് ഫണ്ടിംഗ്. ഒരു പ്രത്യേക ആവശ്യം കണ്ടെത്തുകയും അതിനാവശ്യമായ ഫണ്ടിംഗ് പ്രത്യേക വ്യക്തികളോ സ്ഥാപനങ്ങളോ ഗ്രൂപ്പുകളോ നിർവ്വഹിക്കുന്ന രീതിയാണ് ക്രൗഡ് ഫണ്ടിംഗ് കൊണ്ട് പൊതുവിൽ വിഭാവനം ചെയ്യുന്നത്. ക്രൗഡ് ഫണ്ടിംഗ് പ്ലാറ്റ് ഫോം നിയതമായ പദ്ധതികൾക്കാവശ്യമായ ധനസമാഹരണം ചെറിയ തുക മുതൽ വലിയ സംഭാവന വരെ സമാഹരിക്കുന്ന രീതിയിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. വ്യക്തിഗത ഭവനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അങ്കണവാടികൾ എന്നിവയുടെ പുനർനിർമ്മാണത്തിനും മൃഗസംരക്ഷണ മേഖലയിലുണ്ടായ നഷ്ടം നികത്തുന്നതിനാവശ്യമായ പദ്ധതികളുടെ വിശദാംശങ്ങളും ഇപ്പോൾത്തന്നെ പോർട്ടലിൽ ലഭ്യമാണ്. ആരോഗ്യമേഖലയിലുണ്ടായിട്ടുള്ള നാശനഷ്ടം പരിഹരിക്കാൻ ആവശ്യമായ പദ്ധതികൾ തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട്. വിവിധ മേഖലകളിലെ ഇത്തരം ഇടപെടലുകളുടെ സാദ്ധ്യത ഇതിലുണ്ടാകുന്നതാണ്.

ഈ പദ്ധതി തയ്യാറാക്കുന്നത് സർക്കാർ വകുപ്പുകളും ഏജൻസികളുമാണ്. പോർട്ടലിൽ ലഭ്യമാക്കിയ പദ്ധതികളിലേയ്ക്ക് വ്യക്തികൾ, സ്ഥാപനങ്ങൾ, കമ്പനികൾ എന്നിവയ്ക്ക് ലോകമെമ്പാടും നിന്ന് സംഭാവനകൾ നൽകാൻ കഴിയും. ഇത്തരത്തിൽ ഏതെങ്കിലുമൊരു പ്രോജക്ടിന് പൂർണ്ണമായോ, ഭാഗികമായോ ധനസഹായം ലഭ്യമാക്കിയ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പദ്ധതി നടത്തിപ്പിന്റെ പുരോഗതി പോർട്ടലിൽക്കൂടി നിരീക്ഷിക്കാനും വിലയിരുത്താനും സൗകര്യമൊരുക്കിയിട്ടുണ്ട്. പോർട്ടൽ വീക്ഷിക്കുന്ന ഏതൊരാൾക്കും വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അറിയാനും അവർക്ക് താൽപ്പര്യമുള്ള മേഖലകളിൽ പുനർനിർമ്മാണം നടത്താനുമുള്ള ജില്ല, പഞ്ചായത്ത് എന്നിവ തെരഞ്ഞെടുക്കാൻ സാധിക്കും. അതിലൊന്നോ, ഒന്നിലേറെയോ പദ്ധതികളിൽ നിക്ഷേപിക്കാനും ഏതെങ്കിലും പദ്ധതിയിൽ ഭാഗികമായി ധനസഹായം ലഭ്യമാക്കാനും അവസരമുണ്ടാകും. തികഞ്ഞ സുതാര്യതയും വിശ്വസനീയതയും ഉറപ്പാക്കി കേരളത്തിന്റെ പുനർനിർമ്മാണത്തിൽ പങ്കുവഹിക്കാൻ താൽപ്പര്യമുള്ള ഏതൊരാളെയും അണിനിരത്താനുതകുന്ന തരത്തിലാണ് ക്രൗഡ് ഫണ്ടിംഗ് പോർട്ടൽ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ നൽകുന്ന സംഭാവനകൾക്ക് 80G വകുപ്പ് പ്രകാരമുള്ള ആദായനികുതി ഇളവ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിനകത്തും പുറത്തുമുള്ള വ്യക്തികൾ അസോസിയേഷനുകൾ, ബിസിനസ്സ് സ്ഥാപനങ്ങൾ മുതലായവയ്ക്ക് ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ്, നെറ്റ്ബാങ്കിംഗ് തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ വിവിധ പദ്ധതികൾക്കായി സംഭാവന നൽകാവുന്നതാണ്. ഇതിലേയ്ക്ക് കൂടുതൽ സഹായങ്ങൾ എത്തിക്കുന്നതിനുള്ള ഇടപെടലാണുണ്ടാകേണ്ടത്.

## സ്ഥാപനതല ക്രമീകരണങ്ങൾ

രണ്ടോ മൂന്നോ വർഷക്കാലയളവിലേയ്ക്ക് വിവിധ സർക്കാർ വകുപ്പുകളേയും ഏജൻസികളേയും ഒന്നിച്ച് ചേർക്കുന്ന മൾട്ടിസെക്ടർ പ്രവർത്തനമായിരിക്കും കേരള പുനർനിർമ്മാണ പദ്ധതി (RKI)-യിലൂടെ നടപ്പാക്കുക. ഇതിനനുയോജ്യമായ സ്ഥാപനതല ക്രമീകരണങ്ങൾ അതുകൊണ്ടുതന്നെ പ്രധാനമാണ്. നേരിട്ട ദുരന്തത്തിന്റെ വൈപുല്യം, ആവശ്യമായ ആസൂത്രണം, നിർവ്വഹണത്തിന്റെ സങ്കീർണ്ണതകൾ, ധനവിഭവ പരിപാലനം, നൽകേണ്ട സേവനങ്ങൾ തുടങ്ങിയവയ്ക്കായി പൂർണ്ണ സമർപ്പിതമായ സംവിധാനം ആവശ്യമാണ്. Rebuild Kerala Initiative -ന്റെ നടത്തിപ്പിനുള്ള സ്ഥാപനതല ക്രമീകരണത്തിന്റെ രൂപരേഖ താഴെ കൊടുക്കുന്നു.

## മന്ത്രിസഭ

മന്ത്രിസഭയുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിരീക്ഷണത്തിലുമാണ്, കേരള പുനർനിർമ്മാണ പദ്ധതി (RKI) നടപ്പാക്കപ്പെടുക. Rebuild Kerala Initiative-ന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആവശ്യമുള്ള സമയത്ത് ഫലപ്രദമായ തീരുമാനങ്ങൾ ലഭ്യമാക്കുന്നതിനും മന്ത്രിസഭ ഇടയ്ക്കിടെ പ്രത്യേക യോഗങ്ങൾ ചേരുന്നതായിരിക്കും. റൂൾസ് ഓഫ് ബിസിനസ് ഓഫ് ഗവൺമെന്റ് നിർദ്ദേശിക്കുന്നതു പോലെ, ചീഫ് സെക്രട്ടറിയായിരിക്കും മന്ത്രിസഭായോഗത്തിന്റെ സെക്രട്ടറി.

## ഉപദേശക സമിതി

മുഖ്യമന്ത്രി ചെയർമാനും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, മുഖ്യമന്ത്രി നാമനിർദ്ദേശം നൽകുന്ന മന്ത്രിമാർ, സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ, ഭരണ പരിചയസമ്പന്നരായ പ്രമുഖ വ്യക്തികൾ, ഒരു യുവ സംരംഭകൻ, വിവിധ വിഷയമേഖലകളിലെ അഭിജ്ഞരായ വ്യക്തികൾ തുടങ്ങിയവരൊക്കെ അടങ്ങുന്ന ഉപദേശക സമിതിയാണ് കേരള പുനർനിർമ്മാണ പദ്ധതിക്കുവേണ്ടി രൂപീകരിച്ചിട്ടുള്ളത്. ചീഫ് സെക്രട്ടറിയാണ് ഉപദേശക സമിതിയുടെ മെമ്പർ സെക്രട്ടറി.

പദ്ധതി നിർദ്ദേശങ്ങൾക്കുമേലും തങ്ങൾക്കുമുന്നിൽ സമർപ്പിക്കപ്പെടുന്ന മറ്റിനങ്ങളിലും ഉപദേശവും മാർഗ്ഗനിർദ്ദേശവും നൽകുകയാണ് ഉപദേശക സമിതിയുടെ മുഖ്യചുമതല. Rebuild Kerala Initiative-ന്റെ കീഴിൽ ഏറ്റെടുക്കപ്പെടുന്ന എല്ലാ പ്രോജക്ടുകളുടെയും വിശദാംശങ്ങൾ ഉപദേശക സമിതിയുടെ നിർദ്ദേശങ്ങൾക്കായി സമർപ്പിക്കുന്നതാണ്.

## ഉന്നതതല അധികാര സമിതി

ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും വിവിധ വകുപ്പുസെക്രട്ടറിമാർ അംഗങ്ങളുമായുള്ള ഉന്നതതല അധികാര സമിതി (High Level Empowered Committee)-യാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് ഉണ്ടാവുക. സർക്കാർ അതതു സമയത്ത് അഭിജ്ഞ വ്യക്തികളെ ഉന്നതതല അധികാര സമിതിയുടെ (HLEC) ഉപദേശകരായി നിയമിക്കും. ഉപദേശകർ തീരുമാനങ്ങളെടുക്കുന്നതിനുള്ള സമിതിയിലെ എക്സ്-ഒഫിഷ്യോ അംഗങ്ങളായിരിക്കും.

RKI-യുടെ കീഴിൽ വരുന്ന പദ്ധതികളുടെ കാര്യത്തിൽ, മന്ത്രിസഭ അംഗീകരിച്ച പ്രോജക്ട് രൂപരേഖകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതി വിശദാംശരേഖകൾക്ക് ഭരണാനുമതിക്ക് നൽകാനുള്ള അംഗീകാരം നൽകേണ്ടത് High Level Empowered Committee ആയിരിക്കും. ഉപദേശക സമിതിയുടേയും മന്ത്രിസഭയുടേയും അംഗീകാരത്തിനായി RKI നിർവ്വഹണസമിതി മുന്നോട്ടുവയ്ക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ പരിശോധിച്ച്

അംഗീകരിക്കുക, RKI-യുടെ ലക്ഷ്യങ്ങൾക്കും പദ്ധതിയുടെ പൊതുവായ പുരോഗതിക്കും അനുഗുണമെന്നുകാണുന്ന പദ്ധതി ആശയങ്ങൾ നേരിട്ടുതയ്യാറാക്കി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുക, മന്ത്രിസഭ അംഗീകരിച്ച പ്രോജക്ട് രൂപരേഖകളുടെ അടിസ്ഥാനത്തിൽ RKI- നിർവ്വഹണ സമിതി (Rebuild Kerala Initiative-Implementation Committee) തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതി വിശദാംശ രേഖകൾക്ക് അംഗീകാരം നൽകുക, Rebuild Kerala Initiative-ന്റെ ഭാഗമായി മന്ത്രിസഭ അംഗീകരിക്കുന്ന വിവിധ പാക്കേജുകളുടെയും പ്രോഗ്രാമുകളടേയും നിർവ്വഹണ നിരീക്ഷണം, RKI-യുടെ സുഗമമായ നടത്തിപ്പ് ഉറപ്പാക്കുന്നതിന് മറ്റു സർക്കാർ വകുപ്പുകളുമായുള്ള പ്രവർത്തന ഏകോപനം, Rebuild Kerala Initiative-ന്റെ നടത്തിപ്പിനാവശ്യമായ ധനവിഭവ സമാഹരണത്തിൽ സർക്കാരിന് ഉപദേശം നൽകൽ ഇവയൊക്കെയാണ് ഉന്നതതല അധികാര സമിതിയുടെ (High Level Empowered Committee) ചുമതലകൾ.

എന്നാൽ മന്ത്രിസഭ അംഗീകരിച്ച പ്രോജക്ട് രൂപരേഖയിൽനിന്നും ഗണ്യമായ വ്യതിയാനം പദ്ധതിയുടെ വിശദാംശരേഖയിൽ വരുന്നുവെങ്കിൽ അതിന് മന്ത്രിസഭയുടെ അംഗീകാരത്തോടുകൂടി മാത്രമേ High Level Empowered Committee ഭരണാനുമതി അംഗീകാരം നൽകേണ്ടതുള്ളൂ.

## Rebuild Kerala Initiative നിർവ്വഹണ സമിതി

കേരള പുനർനിർമ്മാണ പദ്ധതിയുടെ നടത്തിപ്പുചുമതല Rebuild Kerala Initiative-ന്റെ നിർവ്വഹണ സമിതിക്കാണ്. കേരള പുനർ നിർമ്മാണ പദ്ധതി (RKI)-യുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (CEO) ആയി സർക്കാർ നിയമിക്കുന്ന മുതിർന്ന ഗവൺമെന്റ് സെക്രട്ടറിയുടെ നേതൃത്വത്തിലാണ് Rebuild Kerala Initiative-ന്റെ നിർവ്വഹണ സമിതിയുടെ പ്രവർത്തനങ്ങൾ നടക്കുക. Rebuild Kerala Initiative-ന്റെ നിർവ്വഹണ സമിതിയുടെ മെമ്പർ സെക്രട്ടറി, Rebuild Kerala Initiative-ന്റെ CEO ആയിരിക്കും.

Rebuild Kerala Initiative-ന്റെ കീഴിൽ നടപ്പാക്കേണ്ട പദ്ധതികളുടെ പ്രോജക്ട് രൂപരേഖകൾ തയ്യാറാക്കി High Level Empowered Committee-യുടെ പരിശോധനയ്ക്കു സമർപ്പിക്കുകയും തുടർന്ന് High Level Empowered Committee-യുടെ ശിപാർശയോടെ മന്ത്രിസഭയുടെ അംഗീകാരത്തിന് സമർപ്പിക്കുകയും ചെയ്യേണ്ടതും മന്ത്രിസഭ അംഗീകരിച്ച പ്രോജക്ട് രൂപരേഖകളുടെ അടിസ്ഥാനത്തിൽ പദ്ധതി വിശദാംശരേഖകൾ തയ്യാറാക്കേണ്ടതും Rebuild Kerala Initiative-Implementation Committee-യാണ്. Rebuild Kerala Initiative-ന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ ഭരണചുമതലയും മന്ത്രിസഭ അംഗീകരിച്ചു നൽകുന്ന പദ്ധതി പാക്കേജുകളുടെ നിർവഹണത്തിനുള്ള പൂർണ്ണ ഉത്തരവാദിത്വവും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (CEO)-ക്ക് ആയിരിക്കും.

Rebuild Kerala Initiative സെക്രട്ടേറിയറ്റ്

കേരള പുനർനിർമ്മാണ പദ്ധതി (RKI)-ക്ക് ഒരു സെക്രട്ടേറിയറ്റ് പ്രവർത്തിക്കുന്നതായിരിക്കും. Rebuild Kerala Initiative-ന്റെ രേഖകളെല്ലാം ഓൺലൈനായാണ് കൈകാര്യം ചെയ്യാൻ ലക്ഷ്യമിടുന്നത്. കേരള പുനർനിർമ്മാണ പദ്ധതി (RKI)യുടെ തീരുമാനങ്ങൾക്കായി നടക്കുന്ന പ്രത്യേക മന്ത്രി സഭായോഗങ്ങളുടെ സെക്രട്ടേറിയറ്റായി Rebuild Kerala Initiative സെക്രട്ടേറിയറ്റ് പ്രവർത്തിക്കും.

വകുപ്പുതല സമിതികൾ

കേരള പുനർനിർമ്മാണ പദ്ധതിയിലെ പ്രോജക്ടുകളുടെ നിർവ്വഹണം സുഗമമാക്കുന്നതിലേയ്ക്കായി വിവിധ വകുപ്പുതല സമിതികൾ പ്രവർത്തിക്കും. പൊതുമരാമത്ത് വകുപ്പ് (റോഡുകൾ), പൊതുമരാമത്ത് വകുപ്പ് (കെട്ടിടങ്ങൾ), ജലവിഭവ വകുപ്പ് (ജലവിതരണം), ജലവിഭവ വകുപ്പ് (ജലസേചനം), തൊഴിലും നൈപുണ്യവും വകുപ്പ്, കൃഷി വകുപ്പ് എന്നിവയായിരിക്കും അവ. ഓരോ വകുപ്പുതല സമിതിയിലും ചെയർപേഴ്സണായി ബന്ധപ്പെട്ട വകുപ്പുസെക്രട്ടറിയുണ്ടാകും.

ജില്ലാതല സമിതികൾ

ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ കേരള പുനർനിർമ്മാണ പദ്ധതികളുടെ നിർവ്വഹണം സുഗമമായി നടപ്പാക്കാൻ ഒരു സമിതി പ്രവർത്തിക്കും.

ഉപസംഹാരം

കാലവർഷക്കെടുതി കേരളത്തിനേൽപ്പിച്ച ആഘാതങ്ങൾ പരിഹരിക്കുകയെന്നത് മാത്രമല്ല പുനർനിർമ്മാണത്തിലൂടെ ലക്ഷ്യംവയ്ക്കുന്നത്. പുതിയ കാലത്തിന്റെ ആവശ്യങ്ങളും നമ്മുടെ പാരിസ്ഥിതികമായ സവിശേഷതകളെ ഉൾക്കൊണ്ടുകൊണ്ടും കേരളത്തെ രൂപപ്പെടുത്താനുള്ള ഇടപെടൽകൂടിയാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. അതിനായി ശാസ്ത്ര സാങ്കേതികരംഗത്ത് ലോകമാർജ്ജിച്ച അറിവുകളെ മുഴുവനും സ്വാംശീകരിച്ച് നമ്മുടെ നാടിനുഉതകുന്ന ഒരു വികസന സമീപനമുണ്ടാക്കുക എന്നതും ഇതിന്റെ ലക്ഷ്യമാണ്.

ചുവപ്പുനാടകളിൽനിന്ന് വികസന പ്രവർത്തനങ്ങളെ മോചിപ്പിച്ചെടുക്കുന്നതിനുള്ള ഇടപെടലിന്റെ ഭാഗം കൂടിയാണിത്. ലോകം മുഴുവൻ ചർച്ച ചെയ്യപ്പെട്ട കേരള മോഡൽ മുന്നോട്ടുവച്ച സംസ്ഥാനമാണ് നമ്മുടേത്. പുനർനിർമ്മാണത്തിന്റെ കാര്യത്തിൽ ഒരു പുതിയ കേരള മോഡൽ സൃഷ്ടിക്കാനുള്ള ഇടപെടലാണ് കേരള പുനർനിർമ്മാണ പദ്ധതി.

കാലവർഷക്കെടുതിയെ കേരളം അതിജീവിച്ചത് ഒറ്റക്കെട്ടായാണ്. പുനർനിർമ്മാണത്തിലും അത്തരമൊരു കൂട്ടായ്മതന്നെ ഉണ്ടെങ്കിലേ വിജയകരമായി ഇത് പൂർത്തീകരിക്കാനാവൂ. കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ജീവിതവുമായി ബന്ധപ്പെട്ടതും കേരളത്തിന്റെ ഭാവിക്ക് സഹായകവുമായ ഈ പദ്ധതിയെ ഒറ്റക്കെട്ടായി പിന്തുണയ്ക്കാൻ കഴിയേണ്ടതുണ്ട്.

31,000 കോടി രൂപയോളം പുനർനിർമ്മാണത്തിന് അനിവാര്യമായി വരുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇത് ലഭ്യമാക്കുന്നതിന് വിവിധ തരത്തിലുള്ള സഹായങ്ങൾ നേടിയെടുക്കുകയെന്നത് പ്രധാനമാണ്. അതിനാവശ്യമായ ഇടപെടലിലൂടെ മാത്രമേ പ്രളയത്തിൽ തകർന്ന കേരളത്തെ കൂടുതൽ കരുത്തോടെ വളർത്തിയെടുക്കാനാവൂ. അതിനായി ജനങ്ങളുടെയാകെ സഹായമുണ്ടാകേണ്ടതുണ്ട്. നിയമസഭയിലെ മുഴുവൻ അംഗങ്ങളുടെയും പിന്തുണ ഇക്കാര്യത്തിലുണ്ടാകുമെന്നാണ് സർക്കാരിന്റെ പ്രതീക്ഷ.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.